
# പഴയനിയമത്തിലെ സ്ത്രീകൾ



ഡോ. മൈക്കിൾ കാരിമറ്റം



# പഴയനിയമത്തിലെ സ്ത്രീകൾ

## ഡോ. മൈക്കിൾ കാരിമറ്റം

സ്ത്രീകളെക്കുറിച്ച് അത്രനല്ല ഒരു ചിത്രമല്ല ബൈബിൾ അവതരിപ്പിക്കുന്നത് എന്ന ഒരു ധാരണ വ്യാപകമായിട്ടുണ്ട്. ഈ പൊതുധാരണയെ സാധൂകരിക്കുന്ന അനേകം വിവരണങ്ങളും പ്രസ്താവനകളും ബൈബിളിൽ കാണാൻ കഴിയും. ഒരു സ്ത്രീയാണ് പാപം തുടങ്ങിയത്. അവൾ നിമിത്തം നാം എല്ലാവരും മരിക്കുന്നു (പ്രഭാ 25:24) എന്ന കാഴ്ചപ്പാട് പഴയനിയമത്തിൽ മാത്രമല്ല പുതിയനിയമത്തിലും പ്രതിഫലിക്കുന്നുണ്ട്. ഉദാ: തിമോ 2:9-15. എന്നാൽ സ്ത്രീകളെക്കുറിച്ചു ബൈബിൾ നല്കുന്ന വിവരണങ്ങൾ, മുൻവിധികൾ കൂടാതെ, വിശദമായി അപഗ്രഥിച്ചാൽ തികച്ചും വ്യത്യസ്തമായൊരു ചിത്രം തെളിഞ്ഞുവരുന്നത് കാണാൻ കഴിയും. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും, പുരുഷന്റെ തുല്യതയുള്ള, ഇണയും തുണയുമായി സൃഷ്ടിക്കപ്പെട്ട ആദ്യസ്ത്രീമുതൽ സൂര്യനെ ഉടയാടയും ചന്ദ്രനെ പാദപീഠവുമാക്കി, പന്ത്രണ്ടു നക്ഷത്രകിരീടമണിഞ്ഞു നിൽക്കുന്ന വെളിപാടിലെ സ്ത്രീവരെ എത്രയെത്ര മിഴിവാർന്ന ചിത്രങ്ങൾ!

പുസ്തകം രണ്ടുഭാഗമായി തിരിച്ചിരിക്കുന്നു. 'സ്ത്രീ ബൈബിളിൽ' എന്ന ആദ്യഭാഗത്ത് സ്ത്രീകളെയും സ്ത്രീത്വത്തെയും കുറിച്ച് ബൈബിൾ നൽകുന്ന പൊതുവായപഠനങ്ങൾ വിശകലനം ചെയ്യുന്നു. രണ്ടാം ഭാഗത്ത് പഴയനിയമത്തിലെ പ്രധാനപ്പെട്ട 37 സ്ത്രീകഥാപാത്രങ്ങളെ പഠനവിഷയമാക്കുന്നു.

**atma books**
Parayanchery, Kozhikode - 673 016
Ph: +0495 4022600
+91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

ISBN: 978-81-19443-09-3

₹ 340

also available at :amazon.in & atmabooks.com

Scripture

# പഴയനിയമത്തിലെ സ്ത്രീകൾ

# ഡോ. മൈക്കിൾ കാരിമറ്റം

പതിനഞ്ചു വർഷക്കാലം തലശ്ശേരി അതിരൂപതയിൽ ബൈബിൾ അപ്പോസ്റ്റോലേറ്റിന്റെ ഡയറക്ടറായും നാലുവർഷം മുരിങ്ങൂർ ഡിവൈൻ ബൈബിൾ കോളജിന്റെ പ്രിൻസിപ്പലായും പ്രവർത്തിച്ച ഡോ. മൈക്കിൾ കാരിമറ്റം 2002 മുതൽ തൃശ്ശൂർ മേരിമാതാ മേജർ സെമിനാരിയിൽ അദ്ധ്യാപകനായി 20 വർഷം സേവനം അനുഷ്ഠിച്ചതിനുശേഷം ഇപ്പോൾ രൂപതയുടെ വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുന്നു.

മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ ബൈബിൾ വ്യാഖ്യാനമായ ആൽഫാ ബൈബിൾ വ്യാഖ്യാനത്തിന്റെ ചീഫ് എഡിറ്റർ കൂടിയാണ് അദ്ദേഹം.

**ഞങ്ങൾ പ്രസാധനം ചെയ്ത ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ**

1. അങ്ങയുടെ ചിറകിൻ കീഴിൽ
2. വെളിപാടുപുസ്തകം ഒരു വ്യാഖ്യാനം
3. കുരിശിന്റെ സുവിശേഷം
4. ആത്മാക്കളുടെ ലോകം
5. പുതിയനിയമത്തിലെ സ്ത്രീകൾ
6. കഴുതകൾ സംസാരിക്കുമ്പോൾ
7. നസ്രത്തിൽനിന്നൊരു പ്രവാചകൻ
8. കാണാപ്പുറം
9. പരാജിതരുടെ സുവിശേഷം
10. വിശ്വാസത്തിന്റെ വേരുകൾ
11. 101 വാഗ്ദാനങ്ങൾ
12. ഗുരുമൊഴികൾ
13. പാതയിൽ പ്രകാശം
14. പ്രത്യാശയിൽ സന്തോഷം
15. ദൈവം, ദൈവപുത്രൻ, ദൈവമാതാവ്
16. മോശയെപ്പോലൊരു പ്രവാചകൻ
17. ഇപ്പോഴെങ്കിലും
18. സഹായകൻ
19. തിരുനാളുകൾ
20. അബ്ബാ - യേശു പഠിപ്പിച്ച പ്രാർത്ഥന
21. കാൽവരിക്കപ്പുറം
22. World of Spirits
23. Prophet Like Moses
24. Change the Track
25. Abba - The Prayer Jesus Taught
26. Social Justice in the Bible

# പഴയനിയമത്തിലെ സ്ത്രീകൾ

**ഡോ. മൈക്കിൾ കാരിമറ്റം**

atmabooks@gmail.com

Malayalam
Pazhayaniyamathile Streekal
(Scripture)
Author: Dr. Michael Karimattam
Copyright: Author

Layout: Sheeja M
Cover Design: Sreejith George

First Published: July 2023
ISBN:

Printed, Published & Distributed by

pavan atma
book with a soul

Pavanatma Publishers Pvt. Ltd.
Parayanchery, Kuthiravattam (P.O.)
Kozhikode - 673 016
Ph: +91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

# താളുകളിൽ


പ്രസ്താവന 07

ആമുഖം 09


## ഭാഗം - 1

## സ്ത്രീ ബൈബിളിൽ


1. ദൈവത്തിന്റെ മുഖം 15
2. അനുഗ്രഹം 20
3. ഇണയും തുണയും 26
4. പ്രലോഭനം 31
5. രക്ഷകന്റെ മാതാവ് 36
6. ഭാര്യ 40
7. ജീവിക്കുന്നവരുടെ മാതാവ് - ഹവ്വാ 45
8. ഇസ്രായേൽ കന്യക 50
9. തിരുസഭാമാതാവ് 54


## ഭാഗം - 2

## പഴയനിയമത്തിലെ സ്ത്രീകൾ


10. അസഹിഷ്ണുവായ മാതാവ് - *സാറാ* 61
11. വഴങ്ങാത്ത അടിമ - *ഹാഗാർ* 69
12. ഉപ്പുത്തൂണും മദ്യലഹരിയും - *ലോത്തിന്റെ ഭാര്യയും പുത്രിമാരും* 74
13. ഇരട്ടകളുടെ മാതാവ് - *റബേക്ക* 78
14. വന്ധ്യയായ ഇഷ്ടപത്നി - *റാഹേൽ* 83
15. കണ്ണുമങ്ങിയ ഭാഗ്യവതി - *ലെയാ* 88
16. ഗോത്രങ്ങൾക്കപ്പുറത്ത് ഒരുവൾ - *ദീനാ* 91
17. വേശ്യയുടെ വേഷമിട്ട മരുമകൾ - *താമാർ* 95
18. ആസക്തിയുടെ അഗ്നി - *പൊത്തിഫറിന്റെ ഭാര്യ* 99

19. ജീവന്റെ കാവൽക്കാർ-*ഷിഫ്റാ, പുവാ, യോക്കെബെദ്* 103
20. പാർശ്വവൽക്കരിക്കപ്പെടുന്ന വനിതാനേതൃത്വം - *മിരിയാം* 107
21. നേതാവിനെ നയിച്ച ഇടയസ്ത്രീ - *സിപ്പോറാ* 112
22. കുടുംബത്തെ രക്ഷിച്ച വേശ്യ - *റാഹാബ്* 117
23. കരുണ പകരുന്ന മാതൃത്വം - *ദെബോറാ* 122
24. സേനാധിപനെ വധിച്ച വീട്ടമ്മ - *ജായേൽ* 126
25. അവിവേകത്തിന്റെ ബലിയാട് - *ജെഫ്തായുടെ മകൾ* 132
26. കരുത്തന്റെ അമ്മ - *മനോവായുടെ ഭാര്യ* 137
27. കരുത്തനെ വീഴ്ത്തിയ കാമിനി - *ദലീലാ* 142
28. പതറാത്ത മാതൃത്വം - *നവോമി* 147
29. മാതൃഭക്തിയുടെ മാതൃക - *റൂത്ത്* 150
30. മകനെ ദൈവത്തിനു പ്രതിഷ്ഠിച്ച മാതാവ് - *ഹന്നാ* 154
31. രാഷ്ട്രീയ ചതുരംഗക്കരു - *മിഖാൽ* 158
32. പാതാളത്തിൽനിന്നൊരു ദൂത് - *എൻദോറിലെ മന്ത്രവാദിനി* 162
33. ഭോഷന്റെ ഭാര്യ, വിവേകവതി - *അബിഗായിൽ* 166
34. സൗന്ദര്യം ഒരുക്കിയ കെണി - *ബത്ഷേബാ* 171
35. ശവം കാത്ത മാതാവ് - *റിസ്പാ* 175
36. മാരകമായ മോഹം - *അബിഷാഗ്* 180
37. മഹാജ്ഞാനിയെതേടിവന്ന സുഗന്ധറാണി - *ഷേബാരാജ്ഞി* 184
38. ശാപഗ്രസ്ഥമായ അധികാരം - *ജെസബെൽ* 188
39. വംശനാശത്തിനുദ്യമിച്ച രാജമാതാവ് - *അത്താലിയാ* 193
40. ഭക്തന്റെ ഭാര്യ - *നിനെവേയിലെ അന്ന* 199
41. പിശാചു പ്രേമിച്ച ദുഃഖപുത്രി - *എക്ബത്താനായിലെ സാറാ* 203
42. രാജ്യത്തെ രക്ഷിച്ച വിധവ - *യൂദിത്ത്* 209
43. നട്ടെല്ലു നഷ്ടപ്പെടാത്ത സ്ത്രീത്വം - *വാഷ്തി* 216
44. സ്വജനത്തെ രക്ഷിച്ച കണ്ണീരിന്റെ പുത്രി - *എസ്തേർ* 220
45. പാപത്തേക്കാൾ മരണം - *സൂസന്ന* 225
46. രക്തസാക്ഷികളുടെ മാതാവ് 229

# പ്രസ്താവന

"ബൈബിളിലെ സ്ത്രീകൾ" എന്നപേരിൽ ഒരു ലേഖന പരമ്പര 2004-2010 വർഷങ്ങളിൽ, "അമ്മ" മാസികയിലൂടെ പ്രസിദ്ധീകരിക്കുകയുണ്ടായി. ആ പരമ്പരയുടെ ആദ്യഭാഗം "ഹവ്വായുടെ പുത്രിമാർ" എന്നപേരിൽ "തിയോ ബുക്സ്, കൊച്ചി" രണ്ടുതവണ പ്രസിദ്ധീകരിച്ചിരുന്നു. കുറച്ചുനാളായി പുസ്തകത്തിന്റെ കോപ്പികൾ ലഭ്യമല്ലാത്തതിനാൽ പലരുടെയും അഭ്യർത്ഥന മാനിച്ച്, ചില തിരുത്തലുകളോടെ വീണ്ടും പ്രസിദ്ധീകരിക്കുകയാണ്. ഇതിന്റെ പ്രസിദ്ധീകരണ-വിതരണ ചുമതല ഏറ്റെടുത്ത "പാവനാത്മ പബ്ലിക്കേഷൻസ്" ഡയറക്ടർ ജിനോയ് OFM Cap അച്ചനെയും സഹപ്രവർത്തകരെയും നന്ദിയോടെ അനുസ്മരിക്കുന്നു.

# ആമുഖം

**സ്ത്രീ**കളെക്കുറിച്ച് അത്ര  നല്ല ഒരു ചിത്രമല്ല ബൈബിൾ അവതരിപ്പിക്കുന്നത് എന്ന ഒരു ധാരണ വ്യാപകമായിട്ടുണ്ട്. ഗോത്രത്തലവന്മാരുടെ ഭരണത്തിൻകീഴിൽ കഴിഞ്ഞിരുന്ന ഒരു സമൂഹത്തിൽ (Patriarchal Society) സ്ത്രീകൾക്കു രണ്ടാം സ്ഥാനമേ ലഭിക്കൂ എന്നതു പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുകയാണ്. ബൈബിൾ എഴുതിയതും വ്യാഖ്യാനിക്കുന്നതും പുരുഷന്മാരാണ്. അപ്പോൾ പുരുഷമാഹാത്മ്യത്തിനു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു രചനയും വ്യാഖ്യാനവും മാത്രമേ പ്രതീക്ഷിക്കാൻ കഴിയൂ എന്ന ചിന്താഗതിയും സമൂഹത്തിൽ പൊതുവെ നിലനില്ക്കുന്നു. ഈ ചിന്താഗതിയെ സ്ഥിരീകരിക്കുന്ന അനേകം ഉദാഹരണങ്ങൾ ബൈബിളിൽനിന്നുതന്നെ എടുത്തുകാട്ടാനാവും. ചിലതു മാത്രം ഉദ്ധരിക്കട്ടെ.

"ഒരു സ്ത്രീയാണ് പാപം തുടങ്ങിയത്; അവൾ നിമിത്തം നാമെല്ലാവരും മരിക്കുന്നു" (പ്രഭാ 25:24). "ആയിരത്തിൽ ഒരുവനെ ഞാൻ പുരുഷനായി കണ്ടു. എന്നാൽ, ഒരുവളെയും ഞാൻ സ്ത്രീയായി കണ്ടില്ല" (സഭാ 7:28). "വിശുദ്ധരുടെ എല്ലാ സഭകളിലും പതിവുള്ളതുപോലെ സമ്മേളനങ്ങളിൽ സ്ത്രീകൾ മൗനമായിരിക്കണം. സംസാരിക്കാൻ അവൾക്ക് അനുവാദമില്ല" (1 കോറി 14:34). "സ്ത്രീ ശിരോവസ്ത്രം ധരിക്കുന്നില്ലെങ്കിൽ മുടി മുറിച്ചുകളയട്ടെ" (1 കൊറി 11:6). "പഠിപ്പിക്കാനോ പുരുഷന്റെ മേൽ അധികാരം നടത്താനോ സ്ത്രീയെ  ഞാൻ അനുവദിക്കുന്നില്ല" (1 തിമോ 2:12). സ്ത്രീയെ തരം താഴ്ത്തിക്കെട്ടുന്ന ഇതുപോലുള്ള വാക്യങ്ങൾ പഴയനിയമത്തിലും പുതിയ നിയമത്തിലും ഇനിയും പലതും ഉദ്ധരിക്കാൻ കഴിയും.

ഒറ്റപ്പെട്ട വാക്യങ്ങളും ഉപദേശങ്ങളും മാത്രമല്ല, പല സ്ത്രീകളുടെയും ജീവിതവും പ്രവൃത്തികളും ദുർമാതൃകാപരവും

സ്ത്രീവർഗത്തോടുള്ള വിവേചനത്തിന് ന്യായീകരണം നല്കുന്നതുമായി തോന്നാം. സാത്താന്റെ പ്രലോഭനത്തിനു വഴങ്ങിയ ആദ്യ സ്ത്രീ മുതൽ തുടങ്ങുന്നു ഈ ആരോപണം. സ്ത്രീ മൂലമാണ് മരണം ലോകത്തിലേക്കു കടന്നുവന്നത്; മനുഷ്യൻ അനുഭവിക്കുന്ന സകല തിന്മകളുടെയും മൂലകാരണം സ്ത്രീയാണ്, മനുഷ്യനെ പാപത്തിലേക്കും നാശത്തിലേക്കും നയിക്കുന്നത് സ്ത്രീയാണ് എന്നിങ്ങനെ സ്ത്രീക്കെതിരായ ആരോപണങ്ങൾ അനവധിയുണ്ട്.

ആദാമിനെ വഴിതെറ്റിച്ച ഹവ്വായും, സ്വന്തം പിതാവിൽ നിന്നു മക്കൾക്കു ജന്മം നല്കിയ ലോത്തിന്റെ പുത്രിമാരും (ഉൽപ 19:30-38), മൂത്തമകനെയും അവന്റെ അമ്മ ഹാഗാറിനെയും പുറത്താക്കാൻ അബ്രാഹത്തെ നിർബ്ബന്ധിക്കുന്ന അസൂയാലുവായ സാറായും (ഉൽപ 21:9-10), അമ്മായിയപ്പനിൽ നിന്ന് സന്താനത്തെ സമ്പാദിച്ച താമാറും (ഉൽപ 38) വേശ്യയായ റാഹാബും (ജോഷ്വാ 2:1), പടകുടീരത്തിൽ ഉറങ്ങിക്കിടന്ന പടനായകന്റെ തല വെട്ടിയെടുത്ത യൂദിത്തും, വിശുദ്ധരുടെ രക്തം കുടിച്ച് ഉന്മത്തയായ വേശ്യയും (വെളി 17:2) എല്ലാം ബൈബിളിലെ സ്ത്രീ വിരോധത്തിനു തെളിവുകളായി നിരത്താറുണ്ട്. യഥാർത്ഥത്തിൽ സ്ത്രീകളെ പുരുഷന്മാരെക്കാൾ താഴ്ന്നവരും അപകടകാരികളും ആയിട്ടാണോ ബൈബിൾ ചിത്രീകരിക്കുന്നത് എന്നചോദ്യം ന്യായമായും ഉയരുന്നു. അതെയെന്നു കരുതുന്നവർ ധാരാളമുണ്ട്, പുരുഷന്മാരുടെ ഇടയിൽ മാത്രമല്ല, സ്ത്രീകളുടെ ഇടയിലും.

തന്നെ നിയമം അറിയാത്ത വിജാതിയനോ മൃഗമോ സ്ത്രീയോ ആയി സൃഷ് ടിക്കാത്തതിനു പ്രഭാതം തോറും ദൈവത്തെ സ്തുതിക്കുന്ന ഫരിസേയന്റെ മനോഭാവം വച്ചുപുലർത്തുന്നവർ ഇന്നും വിരളമല്ല. ആധുനികസമൂഹത്തിൽപ്പോലും സ്ത്രീകൾക്കെതിരേ നിലനില്ക്കുന്ന വിവേചനാമനോഭാവത്തെ ന്യായീകരിക്കാനും നിലനിർത്താനും ഈ രീതിയിലുള്ള ബൈബിൾ വ്യാഖ്യാനവും സഹായിക്കും. ഇതിനെതിരേ സ്ത്രീകൾ പ്രതികരിക്കുന്നതു പലപ്പോഴും അക്രമാസക്തമായ രീതിയിലായിപ്പോകുന്നു. സ്ത്രീയുടെ മഹത്വം സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്നവർ ബൈബിളിനെ പുരുഷന്റെ സൃഷ്ടിയും പുരുഷമേധാവിത്വത്തിന്റെ ഉപകരണവുമായിക്കണ്ട് നിരാകരിക്കാനും പലപ്പോഴും പ്രേരിതരാകുന്നു.

സ്ത്രീവിമോചനമെന്നാൽ പുരുഷനോടുള്ള തുല്യ തയാണെന്ന ധാരണ വളർന്നുവരുമ്പോൾ പുരുഷമൂല്യങ്ങൾ സ്വാംശീകരിച്ച് പുരുഷന്റെ മേഖലകളിൽ കടന്നുകയറി ആധി പത്യം സ്ഥാപിക്കാനുള്ള ശ്രമം ഉടലെടുക്കുന്നു. ബോക്സിംഗ് റിംഗിൽ ഒരു പുരുഷനെ ആദ്യറൗണ്ടിൽത്തന്നെ ഇടിച്ചു വീഴ്ത്തി -നോക്ക് ഔട്ട് ആക്കിയ അമേരിക്കൻ വനിത സ്ത്രീത്വത്തിന്റെ മാതൃകയും സ്ത്രീമാഹാത്മ്യത്തിന്റെ സംരക്ഷകയുമായി ചിത്രീ കരിക്കപ്പെടാൻ ഈ മനോഭാവം ഇടയാക്കുന്നു.

എന്നാൽ, ബൈബിളിന്റെ സ്ത്രീ വിരോധം ഒരു യാഥാർത്ഥ്യമാണോ? കടൽ പോലെ വിശാലമായ ബൈബി ളിൽനിന്ന് ചില വാചകങ്ങളും സംഭവങ്ങളും തിരഞ്ഞെടുത്ത് നിരത്തിവച്ച്, ഇതാണ് ബൈബിളിലെ സ്ത്രീ എന്നു പറയുമ്പോൾ ഇതു മാത്രമാണോ എന്നും ചോദിക്കണം. ദൈവത്തിന്റെ ഛായയും സാദൃശ്യവും പുരുഷന്റേതു മാത്രമല്ല, സ്ത്രീയു ടേതുംകൂടെയാണെന്നു പറഞ്ഞുതുടങ്ങുന്ന ബൈബിൾ (ഉൽപ 1:26-27) സൂര്യനെ ഉടയാടയാക്കി, ചന്ദ്രനെ പാദപീഠമാക്കി, നക്ഷത്രകിരീടം ചൂടിയ ഒരു സ്ത്രീയുടെ ചിത്രം (വെളി 12:1) അവതരിപ്പിച്ചുകൊണ്ടാണ് സമാപിക്കുന്നത് എന്ന വസ്തുത മറക്കാനാവില്ല. ഇവയ്ക്കുമധ്യേ സ്ത്രീത്വത്തിന്റെ മഹത്വത്തെക്കു റിച്ച് എത്രയെത്ര കീർത്തനങ്ങൾ, എത്രയെത്ര ഉദാത്ത മാതൃക കൾ!

ദൈവജനത്തെ സൂചിപ്പിക്കാൻ ബൈബിൾ ഉപയോഗി ക്കുന്ന ഏറ്റം പ്രധാനപ്പെട്ട പ്രതീകം സ്ത്രീയുടേതാണ്. സീയോൻ കന്യകയും ജറുസലെം പുത്രിയും മക്കളെ ഓർത്തു വിലപിക്കുന്ന മാതാവും എത്രയോ തവണ പ്രവാചകഗ്രന്ഥങ്ങളിലും സങ്കീർത്ത നങ്ങളിലും വിലാപങ്ങളിലും പ്രത്യക്ഷപ്പെടുന്നു. ജനത്തിന്റെ സകല നന്മകളും തിന്മകളും ആ സ്ത്രീയിലും ആരോപിക്കപ്പെടുന്നു. അവൾ കന്യകയാണ്, കർത്താവിന്റെ വിശ്വസ്തയായ വധുവാണ്. ഇസ്രായേൽ ജനത്തിന്റെ അമ്മയാണ്, അവിശ്വസ്തയാണ്, വേശ്യ യാണ്. ജനത്തിന്റെ സകല പ്രലോഭനങ്ങളും പാപങ്ങളും വിഹ്വ ലതകളും അവൾ ഏറ്റെടുക്കുന്നു. മാത്രമല്ല, ജനത്തിന്റെ മുഴുവൻ പ്രതീകമായി നില്ക്കുന്നതിനും ഉപരി, ദൈവത്തിന്റെ ഏറ്റം ആദ്യത്തേതും മഹത്തമവുമായ സൃഷ്ടിയും സ്ത്രീ രൂപത്തി ലാണ് ബൈബിൾ പരാമർശവിഷയമാക്കുക. ജ്ഞാനം എന്ന

അത്ഭുതപ്രതിഭാസത്തെ ക്കുറിച്ചുള്ള വിവരണങ്ങൾ (സുഭാ 4:1-9;8:1-9,6; പ്രഭാ:4:11-19; 6:18-31; 14:20-15,10;24:1-34; ജ്ഞാനം 6-9) സ്ത്രീത്വത്തെക്കുറിച്ച് ബൈബിളിന്റെ കാഴ്ചപ്പാടിലേക്ക് വെളിച്ചം വീശുന്നവയാണ്.

വിശ്വാസത്തിന്റെയും വിശ്വസ്തതയുടെയും പ്രാർത്ഥനയുടെയും നിസ്വാർ ത്ഥസ്നേഹത്തിന്റെയും ധീരതയുടെയും ഉജ്ജ്വല മാതൃകകളായി എത്രയോ സ്ത്രീകളെ ബൈബിൾ അവതരിപ്പിക്കുന്നു. അമ്മായിയമ്മയെ ശുശ്രൂഷിക്കാനായി നാടും വീടും വിട്ട് പുറപ്പെട്ട റൂത്തും, ഉള്ളുരുകി കരഞ്ഞുപ്രാർത്ഥിച്ചു വാങ്ങിയ മകനെ ദൈവശുശ്രൂഷയ്ക്കായി വിട്ടുകൊടുത്ത ഹന്നായും, ഒരു ജനത്തിന്റെ മുഴുവൻ രക്ഷകയായ എസ്തേറും, ഏഴുമക്കളെ വിശ്വാസം സംരക്ഷിക്കാനായി വീരചരമത്തിനു പ്രേരിപ്പിച്ചശേഷം രക്തസാക്ഷിയായ അമ്മയും (2 മക്ക. 7), ചാരിത്ര്യശുദ്ധി കാത്തുസൂക്ഷിക്കാനായി മരണം വരിക്കാൻ സന്നദ്ധയായ സൂസന്നയും പഴയനിയമത്തിലെ ചില ഉദാഹരണങ്ങൾ മാത്രമാണ്. പുതിയ നിയമവും സ്ത്രീകൾക്ക് നല്കുന്ന സ്ഥാനം ഏറ്റം മഹത്തായ തത്രേ. സ്ത്രീകളോടുള്ള യേശുവിന്റെ സമീപനം, അവർക്കു നല്കു ന്ന ആദരവും സംരക്ഷണവും സ്ത്രീത്വത്തെ സംബന്ധിച്ച പുതിയ ഉൾകാഴ്ചകൾ നല്കും. പരിശുദ്ധ കന്യകാമറിയത്തിൽ സ്ത്രീത്വം അതിന്റെ യഥാർത്ഥ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു.

ബൈബിൾ സ്ത്രീ വിരോധികളുടെ സൃഷ്ടിയും പുരുഷ മേധാവിത്വത്തിന്റെ ഉപകരണവുമാണെന്ന് എഴുതിത്തള്ളുന്നതിനു മുമ്പേ വിശദമായ ഒരു പഠനം ആവശ്യമാണ്. ഇപ്രകാരം ഒരു പഠനമാണ് ഈ പുസ്തകത്തിൽ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. പുസ്തകം രണ്ടുഭാഗമായി തിരിച്ചിരിക്കുന്നു. “സ്ത്രീ ബൈബിളിൽ” എന്ന ആദ്യഭാഗത്ത് സ്ത്രീകളെയും സ്ത്രീത്വത്തെയും കുറിച്ച് ബൈബിൾ നല്കുന്ന പൊതുവായ പഠനങ്ങൾ വിശകലനം ചെയ്യുന്നു. രണ്ടാം ഭാഗത്ത് പഴയനിയമത്തിലെ പ്രധാനപ്പെട്ട 37 സ്ത്രീകഥാപാത്രങ്ങൾ പഠനവിഷയമാകുന്നു. അതിലൂടെ ദൈവത്തിന്റെ ഏറ്റം മനോഹര സൃഷ്ടിയായ മനുഷ്യനെയും സ്രഷ്ടാവായ ദൈവത്തെയുംകുറിച്ച് അല്പം കൂടെ വ്യക്തമായ ഒരു ചിത്രം ലഭ്യമാകുന്നതോടൊപ്പം സ്ത്രീയുടെ തനതാത്മകതയും മഹത്വവും മനസിലാക്കാനും അംഗീകരിക്കാനും ഈ പഠനം സഹായകമാകും എന്നു പ്രതീക്ഷിക്കുന്നു.

## ഭാഗം – 1

# സ്ത്രീ ബൈബിളിൽ

# 1

## ദൈവത്തിന്റെ മുഖം

*"**ദൈ**വം വീണ്ടും അരുളിച്ചെയ്തു: 'നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം. അവർക്ക് കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും നാല്ക്കാലികളുടെയും ഭൂമി മുഴുവന്റെയും ഭൂമിയിൽ ഇഴയുന്ന സർവ്വജീവികളുടെയും മേൽ ആധിപത്യം ഉണ്ടായിരിക്കട്ടെ.' അങ്ങനെ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ ഛായയിൽ അവിടുന്ന് അവനെ സൃഷ്ടിച്ചു. സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു: 'സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ. കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും ഭൂമിയിൽ ചരിക്കുന്ന സകല ജീവികളുടെയുംമേൽ നിങ്ങൾക്ക് ആധിപത്യം ഉണ്ടായിരിക്കട്ടെ."* (ഉൽപ 1:26–28).

മനുഷ്യൻ ആരാണ്? എവിടെനിന്നു വരുന്നു? എങ്ങോട്ടു പോകുന്നു? എന്നിങ്ങനെയുള്ള അടിസ്ഥാനപരമായ ചോദ്യങ്ങൾക്ക് ഏറ്റം കുറഞ്ഞ വാക്കുകളിൽ വ്യക്തമായ ഉത്തരം നല്കുന്ന ബൈബിൾ വാക്യങ്ങളാണ് മേലുദ്ധരിച്ചത്. മനുഷ്യമഹത്വത്തെക്കുറിച്ചുള്ള ഒരു മഹാപ്രഖ്യാപനമാണത്. ദൈവത്തിന്റെ മുഖം വഹിക്കുന്നു എന്നതാണ് മനുഷ്യമഹത്വത്തിന്റെ നിദാനം. വ്യക്തമായ ഒരു പദ്ധതിയോടെ ദൈവം നടത്തിയ സൃഷ്ടികർമ്മത്തിന്റെ മകുടമാണ് മനുഷ്യൻ.

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണ് മനുഷ്യൻ എന്നു പറയുമ്പോൾ എന്താണ് ബൈബിൾ അർത്ഥമാക്കുക? എന്തിലാണ് ഈ സാദൃശ്യം അടങ്ങിയിരിക്കുന്നത്? എന്താണതിന്റെ ലക്ഷ്യം?

പ്രതിമ, പ്രതിരൂപം എന്നൊക്കെ അർത്ഥമുള്ള 'സേലെം' എന്ന ഹീബ്രു വാക്കാണ് 'ഛായ' എന്നു വിവർത്തനം ചെയ്യുന്നത്. അദൃശ്യനായ ദൈവത്തിന്റെ ദൃശ്യമായ പ്രതിരൂപമാണ് മനുഷ്യൻ. വിദൂരസ്ഥനായ രാജാവിന്റെ പ്രതിമ പട്ടണമധ്യത്തിൽ പ്രതിഷ്ഠിക്കുന്നതിനു സമാനമായൊരു പ്രവൃത്തിയാണിത്. പ്രതിമ രാജാവല്ല, രാജാവിനെ അനുസ്മരിപ്പിക്കുന്ന അടയാളമാണ്. ദൃശ്യപ്രപഞ്ചത്തിൽ ദൈവം തന്റെ സാന്നിധ്യം ഏറ്റം കൂടുതൽ പ്രകടമാക്കുന്നത് തന്റെതന്നെ മുഖമുദ്ര പതിച്ചിരുന്ന മനുഷ്യരിലൂടെയാണ്. പ്രതിമയെ ആദരിക്കുന്നവർ രാജാവിനെ ആദരിക്കുന്നു; നിന്ദിക്കുന്നവർ രാജാവിനെ നിന്ദിക്കുന്നു. ഇതുതന്നെ മനുഷ്യന്റെ കാര്യത്തിലും.

ദൈവം ആത്മാവാണ്. ദൈവത്തിന്റെ പ്രതിഛായയും ആത്മീയമത്രേ. ഭൗതിക വസ്തുക്കളിൽ നിന്ന് ആത്മീയതലത്തിലേക്കുയർന്ന് ദൈവവുമായി സംഭാഷണത്തിൽ ഏർപ്പെടാൻ മനുഷ്യനെ പ്രാപ്തനാക്കുന്നതാണ് ഈ പ്രതിഛായ. ദൈവത്തിന്റെ സഹപ്രവർത്തകസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടിരിക്കുന്ന മനുഷ്യൻ മറ്റൊന്നിന്റെയും അടിമയാകരുത്, അധിപനായിരിക്കണം. ദൈവവുമായി ഒരു 'ഞാൻ - നീ' ബന്ധം സ്ഥാപിക്കാൻ കഴിവുള്ളവനായിട്ടാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

ദൈവത്തിന്റെ പ്രതിഛായ സ്ത്രീയും പുരുഷനുമായ മനുഷ്യനിൽ പതിഞ്ഞിരിക്കുന്നു എന്ന പ്രഖ്യാപനമാണ് നമ്മുടെ പഠനവിഷയത്തിന് ഏറ്റം പ്രസക്തം. ദൈവത്തെയും മനുഷ്യനെയും സംബന്ധിച്ച അത്യഗാധമായ ഒരുൾക്കാഴ്ച്ച ഇവിടെ ലഭ്യമാകുന്നു. ഏകദൈവവിശ്വാസം അടിസ്ഥാനശിലയായി സ്വീകരിച്ചിരിക്കുന്ന യഹൂദ - ക്രൈസ്തവ - ഇസ്ലാമിക മതങ്ങളിൽ ദൈവത്തെ പുരുഷനായി കാണാനുള്ള ഒരു പ്രവണതയുണ്ട്. ബൈബിളിൽ പ്രകടമാകുന്ന ദൈവചിത്രത്തിലും പൊതുവേ പുരുഷത്വം ആരോപിക്കപ്പെടാറുണ്ട്. ഈ ധാരണയ്ക്കും പ്രയോഗത്തിനും തുടക്കത്തിലേ ഒരു തിരുത്തൽപോലെയാണ് മനുഷ്യസൃഷ്ടിയെക്കുറിച്ചുള്ള വിവരണം.

"ദൈവത്തിന്റെ ഛായയിൽ സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു." ദൈവം പുരുഷൻ മാത്രമല്ല, സ്ത്രീയുമാണ്. പിതാവു മാത്രമല്ല, മാതാവുമാണ്. പുരുഷനും സ്ത്രീയും ഒരുപോലെ ദൈവത്തിന്റെ മുഖഛായ വഹിക്കുന്നു. ദൈവവുമായി

സംഭാഷണത്തിലേർപ്പെടുന്നു; ദൈവികസ്വഭാവം പ്രപഞ്ചത്തിൽ പ്രകടമാക്കുന്നു.

ബൈബിളിൽ വെളിപ്പെടുന്ന ദൈവത്തിന്റെ ചിത്രത്തിൽ പിതൃത്വത്തോടൊപ്പം മാതൃത്വവും ഉൾച്ചേർന്നിരിക്കുന്നു എന്നത് പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ പോകുന്ന ഒരു യാഥാർത്ഥ്യമാണ്. ദൈവത്തെ 'അപ്പാ' എന്നു വിളിക്കുന്നതുപോലെ അത്ര സ്വഭാവികമായി 'അമ്മേ' എന്നു വിളിക്കാൻ പലർക്കും സാധിക്കുന്നില്ല. നൂറ്റാണ്ടുകളായി പരിചയിച്ചുപോന്ന സംസാരരീതിയും ജീവിതശൈലിയും പ്രപഞ്ചവീക്ഷണവും എല്ലാം ഇതിനു കാരണമായിട്ടുണ്ട്. എന്നാൽ, ബൈബിൾ, പഴയനിയമവും പുതിയ നിയമവും ഒരുപോലെ, ദൈവത്തിലെ സ്ത്രൈണഭാവവും മാതൃത്വവും എടുത്തുകാട്ടുന്നുണ്ട്.

പാലൂട്ടുകയും എളിയിൽ എടുത്തുകൊണ്ടു നടക്കുകയും മടിയിൽ ഇരുത്തി ലാളിക്കുകയും "അമ്മയെപ്പോലെ ആശ്വസിപ്പിക്കുകയും" (ഏശ 66. 12-13) ചെയ്യുന്ന ദൈവത്തിന്റെ ചിത്രത്തിൽ തെളിയുന്നത് സ്ത്രീത്വത്തിന്റെ മഹത്വമാണ്. പഴയനിയമത്തിൽ നിറഞ്ഞുനില്ക്കുന്ന ദൈവത്തിന്റെ ഒരു സവിശേഷതയാണ് കാരുണ്യം. 'റഹമ' എന്ന മൂലപദം 'റെഹെം' എന്ന ധാതുവിൽ  നിന്നു വരുന്നു. ഈ ഹീബ്രുവാക്കിന്റെ അർത്ഥം 'ഗർഭപാത്രം' എന്നത്രേ. ദൈവത്തിനു മനുഷ്യനോടുള്ള കരുണാർദ്രമായ സ്നേഹത്തെക്കുറിച്ച് പ്രതിപാദിക്കാൻ വിശുദ്ധ ഗ്രന്ഥകാരൻ കണ്ടെത്തിയ ഏറ്റം അർത്ഥവത്തായ പദമാണ് 'റഹമ'. ഇവിടെ തെളിയുന്നത് ഒരു പുതുജീവനെ സ്വന്തം ശരീരത്തിൽ സ്വീകരിച്ച്, സ്വന്തം മജ്ജയും മാംസവും, രക്തവും നല്കി വളർത്തുന്ന അമ്മയുടെ ചിത്രമാണ്.

പഴയ നിയമത്തിൽ പലതവണ ഉപയോഗിച്ചിട്ടുള്ള ഒരു പ്രതീകമാണ് തള്ളപ്പക്ഷി. പ്രാപ്പിടിയനും പരുന്തും ആകാശത്തു പ്രത്യക്ഷപ്പെടുമ്പോൾ തള്ളക്കോഴി ഒരു പ്രത്യേക സ്വരം പുറപ്പെടുവിക്കും. തനിക്കുചുറ്റും പാഞ്ഞെത്തുന്ന കുഞ്ഞുങ്ങൾക്കു മുകളിൽ ചിറകുവിരിച്ചിരിക്കുന്ന തള്ളയെ കൊല്ലാതെ കുഞ്ഞിനെ തൊടാൻ ഒരു ഹിംസ്ര ജീവിക്കും സാധിക്കില്ല. ഈ പ്രതീകമാണ് ബൈബിൾ ദൈവത്തിന്റെ സംരക്ഷണത്തെ സൂചിപ്പിക്കാൻ 'ചിറകിൻ കീഴിൽ' ചിത്രത്തിലൂടെ ഉപയോഗിക്കുന്നത്

(സങ്കീ 57:1, 61:4, ഏശ 31:5). ഇതേ പ്രതീകം യേശുവും ഉപയോഗിക്കുകയുണ്ടായി (ലൂക്കാ 13:35).

യേശുവിന്റെ വചനങ്ങളിലും പ്രവർത്തനശൈലിയിലും വ്യക്തമായ ഒരു മാതൃഭാവം ഉൾക്കൊള്ളുന്നുണ്ട്. അധ്വാനിച്ചും ഭാരം വഹിച്ചും തളരുന്നവർക്ക് ആശ്വാസവുമായി എത്തുന്ന (മത്താ 11:23) അമ്മയുടെ ഭാവമാണ് യേശുവിൽ തെളിയുന്നത്. മുറിവേറ്റവരെ വച്ചുകെട്ടിയും കറപറ്റിയവരെ കഴുകിയും തറപറ്റിയവരെ വാരിപ്പുണർന്നും ആശ്വാസവും ശക്തിയും പകരുന്ന യേശു ദൈവത്തിന്റെ സ്ത്രൈണഭാവത്തിന്റെ പ്രത്യക്ഷീകരണമാകുന്നു. "വാങ്ങി ഭക്ഷിക്കുവിൻ ഇതെന്റെ ശരീരമാകുന്നു" എന്നു പറഞ്ഞ് ശിഷ്യന്മാർക്ക് സ്വയം പങ്കുവയ്ക്കുന്ന യേശുവിൽ വ്യക്തമാകുന്നത് മക്കൾക്ക് സ്വയം ആഹാരമായിമാറുന്ന മാതാവിന്റെ ചിത്രംതന്നെയല്ലേ? രാത്രി മുഴുവൻ ശ്രമിച്ചിട്ടും ഒന്നും കിട്ടാതെ ഒഴിഞ്ഞവലയുമായി നിരാശയിലാണ്ടുപോകുന്നവരെ, കടൽത്തീരത്ത് കനലിൽ ചുട്ടെടുത്ത അപ്പവും മീനുംകൊണ്ട് പ്രഭാതഭക്ഷണമൊരുക്കി കാത്തിരിക്കുന്ന ക്രിസ്തുവിലും തെളിയുന്ന ചിത്രം മറ്റാരുടേതുമല്ല.

ദൈവത്തിന്റെ മുഖം പിതാവിന്റേതും മാതാവിന്റേതുമാണ്; സഹോദരന്റേതും സഹോദരിയുടേതുമാണ്. സ്ത്രീയുടെ മുഖത്ത് പ്രതിഫലിക്കുന്നത് ദൈവത്തിന്റെ മുഖംതന്നെ. "അവരെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചു". സ്ത്രീ മാത്രമോ പുരുഷൻ മാത്രമോ ദൈവത്തിന്റെ സമ്പൂർണ്ണ പ്രതിഛായ ആകുന്നില്ല. ഇവിടെ ദൈവത്തെ സംബന്ധിച്ച് മറ്റൊരു ഉൾക്കാഴ്ച ലഭ്യമാകുന്നു. ദൈവം ബന്ധമാണ്, വ്യക്തികൾ തമ്മിലുള്ള സ്നേഹബന്ധം. പുതിയ നിയമത്തിൽ പൂർണ്ണമാകുന്ന പരിശുദ്ധത്രിത്വത്തെക്കുറിച്ചുള്ള വെളിപാടിന്റെ തുടക്കം മനുഷ്യസൃഷ്ടിയിൽ കാണാം. പൂർണ്ണമായും സ്വയം ദാനം ചെയ്യുകയും ഈ ദാനം സ്വീകരിച്ച് തിരിച്ച് പൂർണ്ണമായി നല്കുകയും ചെയ്യുന്ന വ്യക്തികൾ തമ്മിലുള്ള സ്നേഹപ്രവാഹമാണ് ദൈവം. ആ സ്നേഹം തന്നെയാണ് സ്ത്രീ പുരുഷന്മാരിൽ പ്രതിഫലിക്കുന്ന ദൈവികഛായ.

ഇവിടെ ഇരുവരും തുല്യരാണ്, തുല്യമഹത്വമുള്ള പങ്കാളികൾ. തങ്ങളുടേതായ വ്യക്തിരിക്തത കാത്തു സൂക്ഷിച്ചുകൊണ്ടുതന്നെയാവണം സ്ത്രീയും പുരുഷനും ദൈവത്തിന്റെ പ്രതി

ഛായ പ്രകടമാക്കേണ്ടത്; പ്രതിനിധികളായി വർത്തിക്കേണ്ടത്. സ്വന്തം പ്രത്യേകതകളെ നിഷേധിച്ചുകൊണ്ട് പുരുഷമൂല്യങ്ങൾ സ്വന്തമാക്കാൻ ശ്രമിക്കുമ്പോൾ സ്ത്രീയിലെ ദൈവികപ്രതിഛായയ്ക്കു മങ്ങലേല്ക്കുന്നു. സ്ത്രൈണഭാവങ്ങളുടെയും മൂല്യങ്ങളുടെയും നിഷേധം ഫലത്തിൽ ദൈവനിഷേധം തന്നെയായിത്തീരുന്നു.

സ്ത്രീയും പുരുഷനും ഒരുപോലെ ദൈവത്തിന്റെ പ്രതിനിധികളാണ്; മുഖം വഹിക്കുന്നവരാണ്. ഈ തിരിച്ചറിവ് പുരുഷന്മാർക്കും സ്ത്രീകൾക്കും ഉണ്ടാകണം. സ്ത്രീ ആയിരിക്കുന്നതിൽ അഭിമാനവും സന്തോഷവും കൃതജ്ഞതയും കണ്ടെത്താൻ കഴിയണം. സ്ത്രീകൾതന്നെ ഈ ആത്മാവബോധത്തിലേക്കും ആത്മാഭിമാനത്തിലേക്കും ഉണർന്നെങ്കിലേ സമൂഹം അത് അംഗീകരിക്കാൻ തയ്യാറാകൂ. കാരുണ്യവും ആർദ്രതയും വാത്സല്യവും ക്ഷമിക്കുന്ന സ്നേഹവും അപരന് സ്വയം ആഹാരമായിത്തീരുന്ന ആത്മദാനവും എല്ലാം നല്കുന്ന ആത്മത്യാഗവും ദൈവത്തിന്റെ മുഖഭാവങ്ങളാണ്; സ്ത്രീയിൽ പ്രതിഫലിക്കുന്ന ദൈവവികഭാവം. ബലഹീനങ്ങൾ എന്നെഴുതിത്തള്ളുന്ന ഈ മൂല്യങ്ങളല്ലേ സമൂഹത്തെ നിലനിറുത്തുന്നത്? ജീവനെ പരിരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നത്?

# 2

## അനുഗ്രഹം

*"അവിടുന്ന് സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു; സന്താനപുഷ്ടിയുള്ള വരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കു വിൻ"* (ഉൽപ 1,28).

സ്ത്രീയായി പിറക്കുന്നത് ശാപമായി കരുതുന്ന ഒരു സമൂ ഹമാണ് ഇന്നും നമുക്ക് ചുറ്റിലുമുള്ളത്. സ്ത്രീയുടെ ജീവിതം തുടക്കം മുതൽ ഒടുക്കംവരെ ക്ലേശപൂരിതമായിരിക്കുന്നു; അഥവാ സമൂഹം അത് ക്ലേശപൂർണമാക്കുന്നു. ജനിക്കുന്ന കുഞ്ഞ് ആണാ യിരിക്കണം എന്ന ആഗ്രഹമാണ് മിക്ക മാതാപിതാക്കൾക്കുമു ള്ളത്. പ്രതീക്ഷയ്ക്ക് വിപരീതമായി ആദ്യത്തേതുതന്നെ പെണ്ണാ യിരിക്കുമ്പോൾ എല്ലാവരും അസംതൃപ്തരാകുന്നു. പെൺകു ഞ്ഞിനെ പ്രസവിച്ചതിന്റെ മാത്രം പേരിൽ നിന്ദനവും പീഡനവും ഏറ്റുവാങ്ങേണ്ടിവരുന്ന സ്ത്രീകൾ വിരളമല്ല. പരിത്യക്തതയുടെ കയ്പ്പുനീരു കുടിച്ചുകൊണ്ടു തുടരുന്ന പെൺകുഞ്ഞിന്റെ ജീവിതം തുടരുന്നതും ഏറെ ക്ലേശങ്ങൾക്കും ദുഃഖങ്ങൾക്കും അവഹേള നങ്ങൾക്കും നടുവിലൂടെയാണ്. ആൺകുഞ്ഞിന് ആദ്യമേ പൊന്നും വയമ്പും അരച്ചുകൊടുക്കുന്നവർ പെൺകുഞ്ഞിന് കഞ്ഞിവെള്ളം നല്കാനാണ് കല്പിക്കുക. ഏറ്റം നല്ല ഭക്ഷണവും പരിചരണവും ശുശ്രൂഷകളും ആൺകുഞ്ഞിനായി മാറ്റിവയ്ക്ക പ്പെടുന്നു. പെൺകുഞ്ഞിനെ ജീവിക്കാൻ അനുവദിക്കുന്നു എന്നു മാത്രം. ദാരിദ്ര്യവും വറുതിയും അനുഭവപ്പെടുമ്പോൾ അവഗണി ക്കപ്പെടുന്നത് പെൺകുഞ്ഞുതന്നെ.

ബാലാരിഷ്ടതകൾ പിന്നിട്ട് കൗമാരപ്രായത്തിലെത്തു മ്പോൾ തുടങ്ങും മറ്റുതരത്തിലുള്ള പീഡനങ്ങൾ. ഇനി അങ്ങോട്ട്,

അവളുടെ ശരീരം വിറ്റു കശാക്കാനുള്ള ശ്രമമായി. സ്വർണക്കട ക്കാരും, വസ്ത്രവ്യാപാരികളും എന്നല്ല കള്ളിനും, കഞ്ചാവിനും പോലും പരസ്യമാകാൻ സ്ത്രീസൗന്ദര്യം തന്നെ വേണം. സ്ത്രീകൾക്കെതിരേ നടക്കുന്ന ഭീകരമായ ക്രൂരതകളുടെ ഞെട്ടി പ്പിക്കുന്ന വെളിപ്പെടുത്തലുകളാണ് ദിനപത്രങ്ങളും മറ്റു വാർത്താ മാധ്യമങ്ങളും ഓരോ ദിവസവും കൊണ്ടുവരുന്നത്. പെൺവാണി ഭത്തിന്റെ മനംമടുപ്പിക്കുന്ന കഥകൾ, ശിശു-കൗമാര ലൈംഗിക കൊലപാതകങ്ങൾ, തെളിവുനശിപ്പിക്കാൻ ചുട്ടുചാരമാക്കാൻ മടി ക്കാത്ത പൈശാചികത, എല്ലാം അനുദിന സംഭവങ്ങളായി ത്തീർന്നിരിക്കുന്നു. സ്ത്രീകൾ തന്നെ സ്ത്രീകളെ വില്പനച്ചര ക്കാക്കി ലാഭം കൊയ്യുന്നത് ഒരു ബീഭത്സയാഥാർത്ഥ്യമായി നില്ക്കുന്നു.

ഒരു പെൺകുഞ്ഞു ജനിക്കുമ്പോൾ തുടങ്ങുന്നു മാതാപി താക്കന്മാരുടെ ആകുലതകളും ഉത്കണ്ഠകളും. അവളെ വിവാഹം കഴിപ്പിച്ചു കൊടുക്കുക എന്നതു പരമപ്രധാനമായ കർത്തവ്യമായി അവർ കാണുന്നു. കാളച്ചന്തയിലെന്നതുപോലെ വില വിവരപ്പ ട്ടികയുമായി നില്ക്കുന്ന കല്യാണകമ്പോളത്തിൽ തങ്ങളുടെ മകൾക്ക് അനുയോജ്യനായ വരനെ വിലയ്ക്കുവാങ്ങാൻ വേണ്ടി മാതാപിതാക്കൾ നേരിടേണ്ടിവരുന്ന ത്യാഗങ്ങൾ, നൊമ്പരങ്ങൾ, ഇല്ലാത്ത പണം ഉണ്ടാക്കാനായി ഏറ്റെടുക്കേണ്ടിവരുന്ന കടബാ ധ്യതകൾ, മാനസിക സംഘർഷങ്ങൾ ഇവയൊക്കെ അനുദിനം ഏറിവരുന്നത് മിക്ക പെൺകുട്ടികളുടെയും മാതാപിതാക്കന്മാരുടെ അനുഭവമായിത്തീർന്നിരിക്കുന്നു.

സ്ത്രീധനമായി കിട്ടിയ തുക മുഴുവൻ വിവാഹച്ചെലവി നെന്നു പറഞ്ഞ് ധൂർത്തടിക്കുകയും വീണ്ടും ആവശ്യപ്പെടുന്ന തുക കിട്ടാതെ വരുമ്പോൾ വെറുംകയ്യോടെ, ചിലപ്പോഴൊക്കെ പരുക്കേറ്റ ശരീരവും തകർന്ന മനസുമായി, പിതൃഗൃഹത്തിലേക്ക് തിരിച്ചയയ്ക്കുകയും ചെയ്യാൻ മടിക്കാത്ത ഭർത്താക്കന്മാരും ഭർതൃ കുടുംബാംഗങ്ങളും ഒരു സാധാരണ സംഭവമായിത്തീർന്നിരിക്കു ന്നു. ശാരീരികവും അതിലേറെ മാനസികവുമായ പീഡനത്തിന്റെ കാഠിന്യം സഹിക്കാനാവാതെ, വീണ്ടും പിതൃഗൃഹത്തിലേക്ക് മടങ്ങിവന്ന് സ്വന്തക്കാർക്ക് ഭാരവും നാട്ടുകാരുടെ പരിഹാസപാ ത്രവുമായി ജീവിക്കാൻ കഴിയാതെ മരണത്തിൽ മോചനം തേടുന്ന സ്ത്രീകളുടെ എണ്ണവും പെരുകിക്കൊണ്ടിരിക്കുന്നു. ഇതി

നുപുറമേ ദുരൂഹമായ സാഹചര്യങ്ങളിൽ സംഭവിക്കുന്ന സ്ത്രീകളുടെ മരണം അനുദിനമെന്നോണം റിപ്പോർട്ട് ചെയ്യപ്പെടുന്നു.

എന്തേ നമ്മുടെ സമൂഹം സ്ത്രീകളോട് ഇത്ര ക്രൂരമായി പെരുമാറുന്നു എന്ന ചോദ്യം ഉത്തരം തേടി അന്തരീക്ഷത്തിൽ മുഴങ്ങുന്നു. സ്ത്രീ ജന്മം ഒരു ശാപമായി കരുതപ്പെടാൻ കളമൊരുക്കുന്ന സാഹചര്യങ്ങളിൽ ചിലതുമാത്രമാണ് ഇവിടെ ചുരുക്കമായി ചിത്രീകരിക്കാൻ ശ്രമിച്ചത്. ഈ സാഹചര്യങ്ങൾ നിലനില്ക്കുന്നതിനാൽ ഒരു പെൺകുഞ്ഞിനെ ഭൂമിയിലേക്കു കൊണ്ടുവരാൻ മടിക്കുന്ന മാതാപിതാക്കളുടെ എണ്ണം പെരുകുന്നു എന്നത് പെൺഭ്രൂണഹത്യയുടെ നിരക്കിൽനിന്നു തെളിയുന്നു. തുടക്കം മുതൽ ഒടുക്കംവരെ അതികഠിനമായ പരീക്ഷണങ്ങളെയും പീഡനങ്ങളെയും അതിജീവിക്കുന്നതാണ് സ്ത്രീജന്മം. ഭൂരിപക്ഷം ആളുകളുടെ കണ്ണിലും സ്ത്രീജന്മം ഒരു ശാപംതന്നെ. ചുരുങ്ങിയത് ഒരു വലിയ നഷ്ടം. ഇതു ദൈവഹിതമാണോ? ഇതാണോ ദൈവിക പദ്ധതി?

ബൈബിൾ തികച്ചും വ്യത്യസ്തമായ ഒരു ചിത്രമാണ് വരച്ചുകാട്ടുന്നത്: ആരംഭത്തിൽ ഉദ്ധരിച്ച ബൈബിൾ വാക്യം തന്നെ തെളിവ്. സ്ത്രീയും പുരുഷനുമായി സൃഷ്ടിക്കപ്പെട്ട മനുഷ്യനിലാണ് ദൈവം തന്റെ മുഖഛായ പതിച്ചത്. സ്ത്രീയും പുരുഷനുമായ മനുഷ്യനെയാണ് ദൈവം അനുഗ്രഹിച്ചത്. ആ അനുഗ്രഹമാകട്ടെ സന്താനപുഷ്ടിയും. മക്കൾക്കു ജന്മം നല്കി, അവരെ ദൈവിക ഛായയിൽ വളർത്തി, അങ്ങനെ ദൈവികപ്രതിഛായകൾകൊണ്ട് ഈ ഭൂമി നിറയ്ക്കണം. ഭൂമിയിലെങ്ങും ദൈവത്തിന്റെ സ്നേഹവും കനിവും കാരുണ്യവും വാത്സല്യവും ഈ മക്കളിലൂടെ പ്രതിഫലിക്കണം. പരസ്പരം സ്നേഹിക്കുന്ന, സ്വയം മറന്നു ദാനം ചെയ്യുന്ന, പരസ്പരം സ്വീകരിക്കുന്ന മനുഷ്യവ്യക്തികളിലൂടെ ദൈവത്തിന്റെ വിശുദ്ധിയും മഹത്വവും ഈ ഭൂമിയിൽ പ്രശോഭിക്കണം. അതിനുവേണ്ടിയാണ് ദൈവം പുരുഷനെയും സ്ത്രീയെയും സൃഷ്ടിച്ചത്, അനുഗ്രഹിച്ചത്. സ്ത്രീ ശാപമല്ല, അനുഗ്രഹമാണ് എന്ന് ബൈബിൾ തുടക്കം മുതലേ വ്യക്തമാക്കുന്നു.

ദൈവം സകല ജീവജാലങ്ങൾക്കും നല്കുന്ന ഏറ്റവും പ്രഥമവും പ്രധാനവുമായ അനുഗ്രഹമാണ് സന്താനപുഷ്ടി. ദൈവത്തിന്റെ ഏറ്റം വലിയ ദാനമാണ് ജീവൻ. ആ ജീവൻ നില

നില്ക്കണം, വികസിക്കണം, പെരുകിവർദ്ധിക്കണം - അതാണ് ദൈവികപദ്ധതി. ദൈവത്തിന്റെ സൃഷ്ടികർമ്മത്തിന്റെ തുടർച്ച യാണിത്. മറ്റുജീവികളെല്ലാം നൈസർഗികമായ വാസനയാൽ പ്രജനനപ്രക്രിയ നടത്തുമ്പോൾ ദൈവത്തിന്റെ മുഖം വഹിക്കുന്ന മനുഷ്യൻ അത് വിവേകപൂർണമായ തീരുമാനത്തിന്റെ ഫലമായി നിർവ്വഹിക്കുന്നു. മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടി ച്ചതിന്റെ മുഖ്യലക്ഷ്യംതന്നെ ഈ അനുഗ്രഹവും അതിന്റെ പൂർത്തീകരണവുമായിരുന്നു (ഉൽപ 5:2).

ജീവന്റെ കണിക സ്വന്തം ശരീരത്തിൽ സ്വീകരിച്ച്, സ്വന്തം രക്തവും മാംസവും മജ്ജയും നല്കി, തന്റെ ഉള്ളിൽ വളർത്തി, ഭൂമിയിലേക്കു കൊണ്ടുവരാൻ സ്ത്രീക്കുമാത്രമേ കഴിയൂ. അതു തന്നെയാണ് സ്ത്രീയുടെ ഏറ്റവും വലിയ മഹത്വം. അതുതന്നെ യാണ് ദൈവത്തിന്റെ അനുഗ്രഹം. മക്കളുടെ എണ്ണത്തിന് ആനു പാതികമായി അമ്മയുടെ മഹത്വം വർദ്ധിക്കുന്നു; ഭർത്താവിന്റെ (പിതാവിന്റെ) സന്തോഷവും. "നിന്റെ ഭാര്യ നിന്റെ ഭവനത്തിൽ ഫലസമൃദ്ധമായ മുന്തിരിപോലെയായിരിക്കും. നിന്റെ മക്കൾ മേശ യ്ക്കുചുറ്റും സൈത്തുമുളകൾ പോലെയും" (സങ്കീ 128:3). മനു ഷ്യവർഗത്തിനു മുഴുവൻ അനുഗ്രഹമാണു മാതൃത്വം.

സന്താനങ്ങൾ ദൈവത്തിന്റെ ദാനമാണ്, ദൈവാനുഗ്രഹ ത്താൽ മാത്രമാണ് സന്താനങ്ങളെ ലഭിക്കുന്നത്. നേരേമറിച്ച് വന്ധ്യത്വം അനുഗ്രഹത്തിന്റെ അഭാവമായി പരിഗണിക്കപ്പെടുന്നു; അതിനാൽത്തന്നെ വന്ധ്യകളായ സ്ത്രീകൾ അവജ്ഞയ്ക്കും അവഹേളനത്തിനും പാത്രമായിത്തീരുന്നതിന്റെ ചിത്രങ്ങളും ബൈബിൾ വരച്ചുകാട്ടുന്നുണ്ട്. സാറായും (ഉൽപ 16,4) റബേ ക്കായും (ഉൽപ 25:21); റാഹേലും (ഉല്പ 30:1) ഹന്നായും (1 സാമു 1:6) എലിസബത്തും (ലൂക്കാ 1:25) ഒക്കെ ഇപ്രകാരം നിന്ദനം ഏറ്റവരാണ്. എന്നാൽ, ദൈവം അവരെ അനുഗ്രഹിച്ചു; പ്രതീക്ഷയ്ക്ക് ഒരു സാധ്യതയും ഇല്ലാതിരുന്നിട്ടും മാതൃത്വത്താൽ അവർ അനുഗൃഹീതരായി. "അവളെ ഞാൻ അനുഗ്രഹിക്കും; അവൾ ജനതകളുടെ മാതാവാകും." (ഉൽപ 17:16). അബ്രാഹ ത്തിനു ദൈവം നല്കിയ അനുഗ്രഹം (ഉൽപ 12:2) പൂർത്തിയാ കുന്നത് സാറായിലൂടെയാണ്. "കർത്താവ് തന്റെ വാഗ്ദാനമനു സരിച്ച് സാറായെ അനുഗ്രഹിച്ചു. വൃദ്ധനായ അബ്രാഹത്തിൽ നിന്ന് സാറാ ഗർഭം ധരിച്ച്, ദൈവം പറഞ്ഞ സമയത്തുതന്നെ

പുത്രനെ പ്രസവിച്ചു". (ഉൽപ 21:1-2), ദൈവം നല്കുന്ന അനുഗ്രഹത്തിന്റെ വ്യക്തമായ ഉദാഹരണമാണിത്.

സന്താനഭാഗ്യം ബൈബിളിൽ മാത്രമല്ല, ഇന്നും പൊതുവെ ദൈവാനുഗ്രഹമായിത്തന്നെ പരിഗണിക്കപ്പെടുന്നു. പ്രതിവർഷം ആറുകോടിയിലധികം കുഞ്ഞുങ്ങൾ മാതൃഗർഭത്തിൽ വച്ചു കൊല്ലപ്പെടുന്നു എന്ന് കണക്കുകൾ നിരത്തി മാധ്യമങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. എന്നാൽ, അതേസമയം ഒരു കുഞ്ഞിനുവേണ്ടി ദാഹിക്കുകയും നിരന്തരം പ്രാർത്ഥിക്കുകയും അനേകം ചികിത്സാവിധികൾക്കു വിധേയരാവുകയും ചെയ്യുന്ന വന്ധ്യരായ ദമ്പതികളുടെ എണ്ണവും വർദ്ധിച്ചുവരുന്നു. മക്കളില്ലാത്ത ദമ്പതികൾക്കുവേണ്ടി നടത്തപ്പെടുന്ന ധ്യാനങ്ങളിൽ കണ്ണീരോടെ പങ്കെടുക്കുന്നവർ നിരവധിയാണ്.

സ്ത്രീ ദൈവത്തിന്റെ അനുഗ്രഹം പേറുന്നവാളാണ്; അവളിലൂടെയാണ് മനുഷ്യവർഗ്ഗം നിലനില്ക്കുന്നതും വളർന്നു പുഷ്ടിപ്പെടുന്നതും. സ്ത്രീയില്ലെങ്കിൽ പുരുഷനുമില്ല, മനുഷ്യവർഗ്ഗം ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമാകും. തന്റെ മുഖം വഹിക്കുന്ന സൃഷ്ടിയായ മനുഷ്യൻ ഭൂമിയിൽ സന്തോഷമായി നിലനില്ക്കണം എന്നതുതന്നെയാണ് ദൈവത്തിന്റെ ആഗ്രഹവും പദ്ധതിയും, അതിനുവേണ്ടിയാണ് തന്റെ അനുഗ്രഹം അവരുടെമേൽ ചൊരിഞ്ഞത്. സ്ത്രീയുടെ മാതൃത്വത്തിൽ ഈ അനുഗ്രഹം ഫലമണിയുന്നു.

മാതൃത്വം ശാരീരികം മാത്രമല്ല. ശാരീരികമായി കുഞ്ഞുങ്ങൾക്കു ജന്മം നല്കാത്തവർക്കും മാതാക്കളാകാം. അതേസമയം ഒരു കുഞ്ഞിനെ പ്രസവിച്ചു എന്നതുകൊണ്ടുമാത്രം മാതൃത്വം പൂർണ്ണമാകുന്നില്ല. ദൈവത്തിന്റെ അനുഗ്രഹം സാക്ഷാത്കരിക്കപ്പെടുന്നുമില്ല. "ദൈവവചനം ശ്രവിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരരും" (ലൂക്കാ 8:21) എന്ന യേശുവചനം ഇവിടെ ശ്രദ്ധേയമത്രേ. ഇപ്രകാരം ഒരു മാതൃത്വമാണ് യഥാർത്ഥ അനുഗ്രഹം. ലോകം മുഴുവൻ ആദരിക്കുന്ന മദർ തെരേസായിൽ ഈ അനുഗ്രഹം സ്പഷ്ടമാകുന്നു. മാത്രമല്ല, ദൈവം നല്കുന്ന മക്കളെ സന്തോഷത്തോടെ സ്വീകരിച്ച് ദൈവത്തിന്റെ സ്നേഹവും അലിവും ആർദ്രതയും അനുഭവവേദ്യമാക്കി അവരെ ദൈവമക്കളായി വളർത്തുന്ന ഓരോ മാതാവും അനുഗ്രഹമാണ്. ദൈവ

ത്തിന്റെ മാതൃത്വം അനാഥരും അഗതികളും മുറിവേറ്റവരും നിരാശരുമായ സകലർക്കും ലഭ്യമാക്കുന്ന ഓരോ വ്യക്തിയും ഈ മാതൃത്വത്തിൽ പങ്കുചേരുന്നു. അനുഗ്രഹമായി മാറുന്നു.

സ്ത്രീയിലൂടെ ദൈവം നല്കുന്ന അനുഗ്രഹം മാതൃത്വത്തിൽ മാത്രം ഒതുങ്ങുന്നില്ല. അവിടുത്തെ പദ്ധതിക്കു കൂടുതൽ വ്യാപകമായ മാനങ്ങളുണ്ട്.

# 3

## ഇണയും തുണയും

*"**ദൈ**വമായ കർത്താവ് അരുളിചെയ്തു: മനുഷ്യൻ ഏകനായി രിക്കുന്നത് നന്നല്ല; അവൻ ചേർന്ന ഇണയെ ഞാൻ നല്കും"* (ഉൽപ 2,18).

പ്രപഞ്ചസൃഷ്ടിയെക്കുറിച്ച് രണ്ടു വ്യത്യസ്ത വിവരണങ്ങൾ ഉൽപത്തി പുസ്തകത്തിന്റെ ആദ്യ അധ്യായങ്ങൾ അവതരിപ്പിക്കുന്നുണ്ട്. പഞ്ചഗ്രന്ഥത്തിന്റെ ഉത്ഭവത്തെക്കുറിച്ച് ഇന്നു പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള പണ്ഡിത അഭിപ്രായമനുസരിച്ച് ഈ രണ്ടു വിവരണങ്ങൾ രണ്ട് വ്യത്യസ്ത പാരമ്പര്യങ്ങളിൽ പെടുന്നു. പ്രവാസകാലത്തും അതിനുശേഷവും രൂപകൊണ്ട പുരോഹിതപാരമ്പര്യത്തിന്റെ (Priestly tradition P) ഭാഗമാണ് ആദ്യ വിവവരണം (ഉൽപ 1,1-2,4). രണ്ടാമത്തെ വിവരണമാകട്ടെ (ഉൽപ 2,5-25) ദാവീദിന്റെയും സോളമന്റെയും ഭരണകാലത്ത് ബി.സി. പത്താം നൂറ്റാണ്ടിൽ രൂപം പ്രാപിച്ച യാഹ്‌വേ പാരമ്പര്യത്തിന്റെ (Jahwist tradition J) ഭാഗമാണ്. രണ്ടു വിവരണങ്ങളുടെയും ശൈലിയിലും വീക്ഷണങ്ങളിലും വ്യത്യാസങ്ങളുണ്ട്. രണ്ടും പരസ്പര പൂരകങ്ങളായി നിലകൊള്ളുകയും ചെയ്യുന്നു.

ദൈവത്തിന്റെ മുഖം വഹിക്കുന്ന പ്രതിനിധികളായി സ്ത്രീയും പുരുഷനും സൃഷ്ടിക്കപ്പെട്ടു എന്ന് പുരോഹിതപാരമ്പര്യം പഠിപ്പിക്കുന്നു. സ്ത്രീയും പുരുഷനുമായി സൃഷ്ടിക്കപ്പെട്ടതിന്റെ മുഖ്യലക്ഷ്യം സന്താനപുഷ്ടിയുള്ളവരായി പെരുകി, ഭൂമി ദൈവിക പ്രതിഛായ കൊണ്ട് നിറക്കുക എന്നതായിരുന്നു. എന്നാൽ രണ്ടാമത്തെ വിവരണം സ്ത്രീപുരുഷസൃഷ്ടിയെയും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെയുംകുറിച്ച് വേറൊരു കാഴ്ചപ്പാടാണ് അവതരിപ്പിക്കുന്നത്. രണ്ടുംകൂടിചേർത്ത് വായിക്കുമ്പോഴേ മനുഷ്യന്റെ മഹത്വവും മനുഷ്യസൃഷ്ടിയുടെ ലക്ഷ്യവും വ്യക്തമാകൂ.

ആഴമേറിയ വിശ്വാസസത്യങ്ങൾ ലളിതമായ കഥാരൂപത്തിൽ അവതരിപ്പിക്കുക യാഹ്‌വേ പാരമ്പര്യത്തിന്റെ ഒരു സവിശേഷതയാണ്. പൂഴിയിൽ നിന്നും മെനഞ്ഞെടുത്ത രൂപത്തിലേക്ക് ദൈവം ജീവന്റെ ശ്വാസം നിശ്വസിക്കുമ്പോൾ അത് മനുഷ്യനായിത്തീരുന്നു. മണ്ണും വിണ്ണും ചേർന്നതാണ് മനുഷ്യൻ; ദൈവത്തിന്റെ ശ്വാസം ഉള്ളിൽ വഹിക്കുന്ന കളിമൺകൂടാരമാണവൻ. ഒരേസമയം മർത്യനും അമർത്യനും; നശ്വരനും അനശ്വരനും. മനുഷ്യന്റെ ഈ ദ്വന്ദ്വഭാവത്തെ സൂചിപ്പിക്കുന്നതാണ് സൃഷ്ടിയുടെ ഈ വിവരണം.

മണ്ണിൽ നിന്ന് മെനഞ്ഞെടുക്കപ്പെട്ട മനുഷ്യന്റെ ഏകാന്തതയിലേക്കാണ് വി.ഗ്രന്ഥകാരൻ തുടർന്ന് ശ്രദ്ധപതിക്കുന്നത്. "അവനു ചേർന്ന ഇണയെ ഞാൻ നല്കും" എന്ന ദൈവത്തിന്റെ സ്വഗതം മനുഷ്യനെ സംബന്ധിച്ച ദൈവികപദ്ധതിയിലേക്കു വിരൽ ചൂണ്ടുന്നു. ഇവിടെ പ്രത്യുല്പാദനമല്ല, സഖിത്വമാണ് മുഖ്യചിന്താവിഷയം. ഒറ്റയാനായി കഴിയേണ്ടവനല്ല മനുഷ്യൻ. കൂട്ടായ്മയിലൂടെ മാത്രമേ മനുഷ്യത്വം പൂർണ്ണമാകുന്നുള്ളു.

ഭൂമിയിലെ മൃഗങ്ങളും പക്ഷികളും ഇഴജന്തുക്കളുമെല്ലാം ജോഡികളായി സൃഷ്ടിക്കപ്പെട്ടു. എല്ലാറ്റിനെയും ദൈവം മനുഷ്യന്റെ പരിപാലനയ്ക്ക് ഏല്പിച്ചു; മനുഷ്യൻ അവയ്ക്കെല്ലാം പേരുനല്കി അവയുടെ ചുമതല ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ തനിക്കു ചേർന്ന ഒരിണയെ അവയിലൊന്നും മനുഷ്യനു കണ്ടെത്താനായില്ല എന്ന പ്രസ്താവന സ്ത്രീയുടെ മഹത്വത്തിലേക്ക്, പ്രത്യേക സ്ഥാനത്തിലേക്ക് വിരൽ ചൂണ്ടുന്നു. "ചേർന്ന ഇണ" മനുഷ്യന്റെ തന്നെ സ്വഭാവത്തിൽ പങ്കുചേരുന്ന ഇണയായിരിക്കണം. അവിടെ ഉടമസ്ഥാവകാശമോ ആധിപത്യഭാവമോ അല്ല, ഞാൻ - നീ എന്ന പരസ്പര തുല്ല്യതയുടെയും ഐക്യത്തിന്റെയും ബന്ധമാണ് ഉണ്ടാകേണ്ടത്. മറ്റു സൃഷ്ടവസ്തുക്കളുമായി മനുഷ്യന് ഇപ്രകാരം ഒരുബന്ധം സ്ഥാപിക്കാൻ കഴിഞ്ഞില്ല എന്നത് അവയ്ക്കെല്ലാംമേലുള്ള മനുഷ്യന്റെ ഔന്നത്യത്തെക്കുറിച്ചു സൂചന നല്കുന്നു.

സ്ത്രീയുടെ സൃഷ്ടി വളരെ വിശദമായിത്തന്നെ വിവരിക്കുന്നുണ്ട്. "ദൈവമായ കർത്താവ് മനുഷ്യനെ ഗാഢനിദ്രയിലാഴ്ത്തി. ഉറങ്ങിക്കിടന്ന അവന്റെ വാരിയെല്ലുകളിൽ ഒന്ന് എടുത്തതിനുശേഷം അവിടം മാസംകൊണ്ടുമൂടി. മനുഷ്യനിൽ നിന്നെ

ടുത്ത വാരിയെല്ലുകൊണ്ട് അവിടുന്ന് ഒരു സ്ത്രീക്ക് രൂപം കൊടുത്തു അവനെ അവന്റെ മുമ്പിൽ കൊണ്ടുവന്നു" (ഉൽപ 2,21-22).

മറ്റെല്ലാ സൃഷ്ടികളിൽ നിന്നും വ്യത്യസ്തയാണ് സ്ത്രീ. മനുഷ്യനും മറ്റെല്ലാ ജീവജാലങ്ങളും മണ്ണിൽ നിന്നു സൃഷ്ടിക്കപ്പെട്ടതായി വിവരിക്കുന്ന വി.ഗ്രന്ഥകാരൻ സ്ത്രീയുടെ സൃഷ്ടികർമ്മം മറ്റൊരുവിധത്തിലാണ് അവതരിപ്പിക്കുന്നത്. ഗാഢമായ നിദ്രയെക്കുറിച്ചുള്ള പരാമർശം സൃഷ്ടികർമ്മത്തിന്റെയും സ്ത്രീത്വത്തിന്റെയും രഹസ്യാത്മകതയിലേക്കു ശ്രദ്ധതിരിക്കുന്നു. പ്രപഞ്ചത്തിന്റെ മുഴുവനും അധിപനായിട്ടും ഇണയും തുണയുംമില്ലാതെ ഏകാന്തതയിൽ കഴിഞ്ഞ മനുഷ്യന്റെ ജീവിതത്തിലേക്ക് ദൈവം കൊണ്ടുവരുന്ന ഇണ നിദ്രയുടെ നിഗൂഢതയിലാണ് രൂപപ്പെടുന്നത്. സ്ത്രീയുടെ സൃഷ്ടിക്കുമുമ്പുള്ള ഏകാന്ത ദുഃഖത്തിനും അവളുടെ ആഗമനത്തോടെയുണ്ടാകുന്ന വലിയ ആഹ്ലാദത്തിനും ഇടയിൽ ഗാഢമായ ഒരു നിദ്രയുണ്ട്. ജീവൻ സമൃദ്ധമായി നല്കുന്ന ദൈവസ്നേഹത്തിന്റെ ആഴമേറിയ നീർക്കയമുണ്ട്.

വാരിയെല്ലിന്റെ കഥ മറ്റു ചിലതുകൂടെ ഉൾക്കൊള്ളുന്നു. പുരുഷനും സ്ത്രീയും ഒരേ ശരീരത്തിൽ നിന്നു തന്നെയാണ് രൂപം കൊണ്ടത്; അവർ ഇരുവരും ഒരേ ശരീരത്തിന്റെ ഭാഗമാണ്. സ്ത്രീ പുരുഷ ബന്ധത്തെക്കുറിച്ച് വിശുദ്ധ ഗ്രന്ഥകാരൻ തന്നെ ഈ സത്യം വ്യക്തമാക്കുന്നുമുണ്ട്: "അവർ ഒറ്റ ശരീരമായിത്തീരും" (ഉൽപ 2,24). അഭേദ്യമായ ബന്ധത്തെപ്പോലെ തന്നെ തുല്ല്യതയെയും സൂചിപ്പിക്കുന്ന പ്രതീകമാണ് വാരിയെല്ല്. പുരുഷന്റെ അടിമയോ അധിപയോ അല്ല, സഹകാരിണിയും സഖിയുമാണ് സ്ത്രീ. ഇരുവരും തുല്ല്യ മഹത്യമുള്ള വ്യക്തികളാണ്. അവരുടെ കൂട്ടായ്മയും പങ്കാളിത്തവുമാണ് മനുഷ്യത്വത്തെ അതിന്റെ പൂർണ്ണതയിലേക്കു നയിക്കുന്നത്.

ഏകനായിരിക്കുന്നതു നന്നല്ല എന്ന ദൈവത്തിന്റെ സ്വാഗതം മനുഷ്യസ്വഭാവത്തെ സംബന്ധിച്ച ദൈവിക പദ്ധതി വെളിപ്പെടുത്തുന്നു. ദൈവം ഒരു കൂട്ടായ്മ ആയിരിക്കുന്നതുപോലെ മനുഷ്യനും ഒരു കൂട്ടായ്മയാകണം. ഒരു സ്ത്രീയും ഒരു പുരുഷനും തമ്മിൽ അഭേദ്യം ബന്ധപ്പെട്ട് ഒന്നായിത്തീരുന്ന കൂട്ടായ്മയാണ് മനുഷ്യനെ സംബന്ധിച്ച് ദൈവത്തിന്റെ സ്വപ്നം. ഇത്

മനസിലാക്കിയ മനുഷ്യൻ പറുദീസായിൽ വച്ച് ആദ്യത്തെ പ്രേമ ഗാനം ഉദീരണം ചെയ്തു: “ഒടുവിൽ ഇതാ എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും. നര നിൽ നിന്ന് എടുക്കപ്പെട്ടതിനാൽ അവൾ നാരിയെന്ന് വിളിക്ക പ്പെടും” (ഉൽപ 2,23).

പുരുഷനും സ്ത്രീയും തമ്മിലുള്ള ഗാഢമായ ഐക്യവും അഭേദ്യമായ ബന്ധവുമാണ് ഈ വിവരണത്തിന്റെ കേന്ദ്രമായി നില്ക്കുന്നത്. ഇതു ദൈവിക പദ്ധതിയാണ്. സ്ത്രീയും പുരു ഷനും പരസ്പരം ഇണയും തുണയുമായി, താങ്ങും തണലുമാ യി കഴിയണം. ഈ ഐക്യം സ്നേഹത്തിലും പരസ്പരം ബഹു മാനത്തിലും അംഗീകാരത്തിലും അധിഷ്ഠിതമായിരിക്കണം. “എന്റെ അസ്ഥി, എന്റെ മാംസം” എന്ന വിശേഷണങ്ങളും “നാരി” എന്നപേരും പുരുഷൻ സ്ത്രീയുംമേൽ ആധിപത്യം സ്ഥാപിക്കു ന്നതിനെയല്ല, സ്ത്രീയെ തന്റെ തന്നെ ഭാഗമായി അംഗീകരിക്കു കയും സ്വീകരിക്കുകയും ചെയ്യുന്നതിന്റെ അടയാളമാണ്. സ്ത്രീയ ല്ലാതെ പുരുഷനും പുരുഷനില്ലാതെ സ്ത്രീയും പൂർണ്ണരാകു ന്നില്ല. അതേസമയം ഒരാൾ മറ്റെയാളെ സ്വന്തമാക്കുകയോ ഒരാൾ മറ്റെയാളിന്റെമേൽ ആധിപത്യം സ്ഥാപിക്കുകയോ ചെയ്യുന്നില്ല. സ്വതന്ത്രവും സന്തോഷപൂർണ്ണവുമായി പരസ്പരം നടത്തുന്ന ആത്മസമർപ്പണവും സ്വീകരണവുമാണ് ഇതുവഴി സൂചിപ്പിക്കു ന്നത്.

ബൈബിളിന്റെ കാഴ്ചപ്പാടിൽ വിവാഹബന്ധത്തിന്റെ സുപ്ര ധാനമായ ഒരു ഘടകമാണ് ഈ പാരസ്പര്യം. സന്താനോല്പാ ദനം പോലെത്തന്നെ പ്രധാനപ്പെട്ടതാണ് ദമ്പതികൾ തമ്മിലുള്ള ഈ കൂട്ടായ്മ. അതു ദൈവികനിശ്ചയമാണ്; അതിനാൽത്തന്നെ വിശുദ്ധവും. ഈ വിവരണത്തിൽ പുരുഷനുവേണ്ടി സത്രീ സൃഷ്ടിക്കപ്പെട്ടു എന്ന തോന്നൽ ശരിയല്ല. പുരുഷനുവേണ്ടി സ്ത്രീ എന്നതുപോലെ സ്ത്രീക്കുവേണ്ടി പുരുഷനും എന്നും പറയാവുന്നതാണ്. ഇനി അവർ രണ്ടല്ല, ഒന്നാണ്. മാതാപിതാ ക്കന്മാരിൽ നിന്നു വേറിട്ട് അവർ ഇരുവരും ഒരു കുടുംബമായി ത്തീരുന്നു. പരസ്പരം സ്നേഹിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നവർ; അപരന്റെ സന്നിധിയിൽ ഒന്നും മറച്ചുവയ്ക്കാനി ല്ലാത്ത സ്വാതന്ത്ര്യം അനുഭവിക്കുന്നവർ. ഈ സ്വാതന്ത്ര്യവും അതിൽ നിന്നുളവാക്കുന്ന സന്തോഷവും ദൈവദാനമാണ്; ദൈവിക സ്വഭാവത്തിന്റെ തന്നെ പ്രതിഫലനമാണ്.

ദാവീദിന്റെയും സോളമന്റെയും കാലത്ത് രൂപംകൊണ്ട ഈ വിവരണം ശ്രദ്ധേയമായ ഒരുൾക്കാഴ്ച നല്കുന്നുണ്ട്. തനിക്ക് ഇഷ്ടമുള്ള സ്ത്രീകളെയൊക്കെ സ്വന്തമാക്കിയവനാണ് ദാവീദ് (2 സാമു 11-12) സോളമനാകട്ടെ എഴുനൂറു ഭാര്യമാരും മുന്നൂറു ഉപനാരികളും ഉണ്ടായിരുന്നു (1 രാജാ 11,3). രാജാക്കന്മാരുടെ ഈ ചെയ്തികൾക്കും അത് ജനസമൂഹത്തിൽ ചെലുത്തുന്ന സ്വാധീനത്തിനും എതിരേയുള്ള അതിശക്തമായ ഒരു വിമർശനവും ഈ വിവരണത്തിലുണ്ട്. പുരുഷന്റെ ഭാഗമാണ് സ്ത്രീ. ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിൽ മാത്രമുണ്ടാകേണ്ട അഭേദ്യബന്ധമാണ് വിവാഹം. അതിനു വിപരീതമായ ബഹുഭാര്യാത്വം ദൈവികപദ്ധതിയുടെ ലംഘനമാണ്; അത് ആരുംചെയ്താലും ശിക്ഷാർഹമായ കുറ്റമാണ്.

സ്ത്രീയെ ഉപകരണമാക്കുന്ന സകല പ്രവണതകൾക്കും എതിരായുള്ള ശക്തമായ താക്കീതും ഈ വിവരണത്തിലുണ്ട്. തന്റെ തന്നെ ഭാഗമായ സ്ത്രീയെ ഒരു ഉപഭോഗ വസ്തുവായി പുരുഷൻ കാണാൻ പാടില്ല. അത് ഏതെങ്കിലും ഉല്പന്നങ്ങളുടെ പരസ്യത്തിനോ, ലൈംഗികാസക്തിയുടെ പൂർത്തീകരണത്തിനോ എന്തുമാവട്ടെ, സ്ത്രീയെ ഉപകരണമാക്കി മാറ്റുന്ന സംസ്കാരം ദൈവിക പദ്ധതിക്കു വിരുദ്ധമാണ്; ദൈവം സ്ത്രീക്കു നല്കുന്ന മഹത്വത്തിന്റെ നിഷേധവും സ്ഥാനത്തിന്റെ ദുരുപയോഗവുമാണ്.

ഉപകരണമാക്കുന്നതു മാത്രമല്ല, അടിമയാക്കുന്നതും ദൈവിക പദ്ധതിയുടെ നിഷേധമത്രെ. പുരുഷന്റെ തുല്യ പങ്കാളിയാണ് സ്ത്രീ. കുടുംബജീവിതം ധന്യവും സന്തോഷപ്രദമാകാൻ ഈ തുല്യപങ്കാളിത്തം നിലനിന്നേ മതിയാകൂ. കഴിവിലും കടമകളിലും ഇരുവരും തമ്മിൽ വ്യത്യാസമുണ്ട്. ആ വ്യത്യാസങ്ങൾ അംഗീകരിച്ചുകൊണ്ടുതന്നെ തുല്ല്യമഹത്വവും പങ്കാളിത്തവും നിലനിർത്തണം . പുരുഷൻ ചെയ്യുന്ന ജോലികൾ ചെയ്യുന്നതുകൊണ്ടു മാത്രം സ്ത്രീക്ക് തുല്ല്യത ലഭ്യമാവില്ല. ഓരോരുത്തരും താന്താങ്ങളുടെയും മറ്റുള്ളവരുടെയും പ്രത്യേകതകൾ അംഗീകരിച്ചും ആദരിച്ചുംവേണം തുല്യതനിലനിർത്താൻ. ഇവിടെ അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടമോ അധികാരം സ്ഥാപിക്കാനുള്ള ശ്രമമോ അല്ല, സ്നേഹത്തിൽ നിന്നുരുത്തിരിയുന്ന അംഗീകാരവും ആദരവുമാണ് ആവശ്യം.

# 4

## പ്രലോഭനം

***"ആ** വൃക്ഷത്തിന്റെ പഴം ആസ്വാദ്യവും കണ്ണിന് കൗതുകക രവും അറിവേകാൻ കഴിയുമെന്നതിനാൽ അഭികാമ്യവും ആണെ ന്നുകണ്ട് അവൾ അതു പറിച്ചുതിന്നു. ഭർത്താവിനും കൊടുത്തു. അവനും തിന്നു"* (ഉൽപത്തി 3,6).

ഇണയും തുണയുമായി സൃഷ്ടിക്കപ്പെട്ടവൾ എങ്ങനെ ഭാര്യയും അടിമയുമായിത്തീർന്നു എന്ന് ബൈബിൾ തന്നെ കഥാ രൂപത്തിൽ തുടർന്നു വിവരിക്കുന്നുണ്ട്. ഉൽപത്തി മൂന്നാം അധ്യാ യത്തിലാണ് ഈ വ്യതിയാനത്തിന്റെ കാരണങ്ങൾ അനാവരണം ചെയ്യുന്നത്. ഇതും കഥാരൂപത്തിലുള്ള അവതരണമായ യാഹ്‌വേ (J) പാരമ്പര്യത്തിന്റെ ഭാഗംതന്നെ.

സൃഷ്ടിയുടെ വിവരണത്തിൽ മനുഷ്യൻ ആയിരുന്നു ശ്രദ്ധാകേന്ദ്രം-ആദാം എന്നാണ് മനുഷ്യനെ വിശേഷിപ്പിച്ചത്. മണ്ണ് എന്നർത്ഥമുള്ള 'ആദമാ' എന്ന ഹീബ്രുവാക്കിൽ നിന്നാണ് ആദാം എന്ന വാക്കിന്റെ നിഷ്പത്തി. മണ്ണിൽ നിന്ന് എടുക്കപ്പെ ട്ടവൻ, മണ്ണോടുചേരേണ്ടവൻ, മർത്യൻ എന്നൊക്കെയാണ് അർത്ഥം. 'പുരുഷൻ' എന്നു സൂചിപ്പിക്കാൻ 'ഇഷ്' എന്ന ഹീബ്രു വാക്കാണ് ഉപയോഗിച്ചത്. അതിന്റെ സ്ത്രീലിംഗമായ 'ഇഷാ' സ്ത്രീയെ സൂചിപ്പിച്ചു. 'നരൻ' എന്നും 'നാരി' എന്നും ഈ പദ ങ്ങൾ വിവർത്തനം ചെയ്യുന്നു. എന്നാൽ, മൂന്നാം അധ്യായത്തി ലേക്കു വരുമ്പോൾ ആദാം ആദ്യ പുരുഷന്റെ പേരായിത്തീരുന്നു. തന്നെയുമല്ല, പുരുഷൻ പിന്നണിയിലേക്കു മാറുകയും സ്ത്രീ മുഖ്യകഥാപാത്രമാവുകയും ചെയ്യുന്നു.

മനുഷ്യൻ അനുഭവിക്കുന്ന സകല തിന്മകളുടെയും കാരണം പാപവും പാപത്തിനു കാരണം സ്ത്രീയും ആണെന്ന ഒരു ചിന്താ ഗതി പൊതുവേ നിലനില്ക്കുന്നുണ്ട്. ഉൽപത്തി മൂന്നാം അദ്ധ്യാ

യത്തിലെ വിവരണത്തിൽ സ്ത്രീക്ക് മുഖ്യപങ്ക് നല്കപ്പെട്ടിരിക്കുന്നതിനാൽ പുരുഷനെ പാപത്തിലേക്കു നയിച്ചത് സ്ത്രീയാണെന്നും മാനവ ചരിത്രത്തിലുടനീളം സ്ത്രീ പ്രലോഭനകാരിയായി, അഥവാ പുരുഷന് പ്രലോഭനമായി നിലകൊള്ളുന്നു എന്നും ഒരു ധാരണയുമുണ്ട്. അതിനാൽ ചർച്ചാവിഷയമായ ബൈബിൾഭാഗം ഉൽപത്തി 3,1-7 സവിശേഷ ശ്രദ്ധയർഹിക്കുന്നു.

സർപ്പം എന്ന പുതിയൊരു കഥാപാത്രത്തെ അവതരിപ്പിച്ചുകൊണ്ടാണ് മൂന്നാം അദ്ധ്യായം ആരംഭിക്കുന്നത്. "പുരുഷനും അവന്റെ ഭാര്യയും നഗ്നരായിരുന്നു. എങ്കിലും അവർക്കു ലജ്ജ തോന്നിയില്ല" (ഉൽപ 2,25) എന്ന പ്രസ്താവനയ്ക്കുശേഷം തികച്ചും പുതിയൊരു തുടക്കമാണ് 3,1 ൽ കാണുന്നത്. ദൈവം സൃഷ്ടിച്ച ഒരു വന്യജീവിയായിട്ടാണ് സർപ്പത്തെ അവതരിപ്പിക്കുന്നതെങ്കിലും കൗശലമേറിയ ആ സൃഷ്ടിക്കു പിന്നിൽ മറ്റേതോ ദുഷ്ടശക്തി മറഞ്ഞുനില്ക്കുന്നു എന്ന സൂചനയാണ് വി. ഗ്രന്ഥകാരൻ നല്കുന്നത്. ദൈവം കല്പന നല്കിയിരുന്നത് പുരുഷനാണ്; സർപ്പം ചോദ്യവുമായി സമീപിക്കുന്നത് സ്ത്രീയെയും. അജ്ഞാതശക്തിയുടെ ചോദ്യശരങ്ങൾ ഏറ്റുവാങ്ങിയ സ്ത്രീ പ്രലോഭനത്തിന്റെ ചുഴിയിൽപ്പെടുമ്പോൾ "എന്റെ അസ്ഥിയുടെ അസ്ഥിയും മാംസത്തിന്റെ മാംസവും" എന്ന പ്രണയഗാനമുതിർത്ത പുരുഷൻ എവിടെപ്പോയി എന്ന് ബൈബിൾ പറയുന്നില്ല. തോട്ടം സൂക്ഷിക്കാനും കല്പന പാലിക്കാനും വിളിക്കപ്പെട്ട പുരുഷൻ ഇവിടെ നിഷ്ക്രിയൻ എന്നു മാത്രമല്ല ദൈവവിരുദ്ധ ശക്തിക്ക് വിധേയനുമായി പ്രത്യക്ഷപ്പെടുന്നു. 'അവനും തിന്നു' എന്ന ഒറ്റവാക്കിൽ പുരുഷന്റെ പ്രതികരണം ഒതുക്കിയിരിക്കുന്നു.

സർപ്പവും സ്ത്രീയും തമ്മിലുള്ള സംവാദവും അതിന്റെ പരിണതഫലങ്ങളുമാണ് ഉൽപത്തി 3,1-7 ൽ വിവരിക്കുന്നത്. സകല തിന്മകളുടെയും തുടക്കമായിട്ടാണ് ഈ വാക്യങ്ങൾ പൊതുവേ വിശദീകരിക്കപ്പെടുന്നതെങ്കിലും അതിലും ഉപരിയായ ചില മാനങ്ങൾ ഈ വാക്യങ്ങൾക്കുണ്ട്. എന്തേ സർപ്പവും സ്ത്രീയും ഇവിടെ മുഖ്യകഥാപാത്രങ്ങളാകുന്നു എന്ന ചോദ്യത്തിന് ആദ്യമേ ഉത്തരം കണ്ടെത്തേണ്ടതുണ്ട്.

ജീവന്റെ ദൈവമായി, അഥവാ ഫലപുഷ്ടിയുടെ നാഥനും പ്രതീകവുമായി സർപ്പത്തെ ആരാധിച്ചിരുന്ന കാനാൻകാരുമായുള്ള ഒരു വിവാദത്തിലൂടെ സർപ്പാരാധനയുടെ മൗഢ്യം

എടുത്തുകാട്ടുകയാവാം സർപ്പത്തെ മുഖ്യകഥാപാത്രമാക്കുന്നതിന്റെ ഒരു കാരണം. മെസൊപ്പൊട്ടേമിയായിൽ പ്രചാരത്തിലിരുന്ന ഗിൽഗാമെഷ് ഇതിഹാസത്തിലെ, ജീവന്റെ സസ്യം മോഷ്ടിച്ച് മനുഷ്യന് അമർത്യത അസാധ്യമാക്കിയ സർപ്പത്തെക്കുറിച്ചുള്ള പരാമർശവും ഈ വിവരണത്തിനു പിന്നിലുണ്ടാകാം. സർപ്പം നല്കുന്നത് ജീവനല്ല, മരണമാണെന്നും സർപ്പത്തെ ശ്രവിക്കുന്നതും വിശ്വസിക്കുന്നതും മരണത്തിലേക്കു നയിക്കുമെന്നും പഠിപ്പിച്ചുകൊണ്ട് കാനാൻദേശത്തു നിലവിലിരുന്ന സർപ്പാരാധനയ്ക്കും വിഗ്രഹാരാധനയ്ക്കും എതിരേ താക്കീതു നല്കുകയും ഈ വിവരണത്തിന്റെ ലക്ഷ്യമാകാം. കൗശലക്കാരനായ സർപ്പം തിന്മയുടെ ശക്തിയായ സാത്താന്റെ പ്രതീകമായിട്ടാണ് നിലകൊള്ളുന്നത്.

പ്രലോഭനത്തിൽ സ്ത്രീയുടെ പങ്കാളിത്തമാണ് കൂടുതൽ ശ്രദ്ധേയം. നിയമം നല്കപ്പെട്ടത് പുരുഷനായിരിക്കേ, എന്തേ സ്ത്രീയിലൂടെ പ്രലോഭനം ആരംഭിക്കുന്നു? എളുപ്പത്തിൽ സ്വാധീനിക്കപ്പെടുന്നത് സ്ത്രീ ആയതിനാലാവാം എന്ന വിശദീകരണം തൃപ്തികരമല്ല. സ്ത്രീ പ്രലോഭകനെ ചെറുക്കുകയും ദൈവത്തെയും ദൈവം നല്കിയ കല്പനയെയും സാധൂകരിക്കാൻ ശ്രമിക്കുകയും ചെയ്തു. പുരുഷനാകട്ടെ, യാതൊരു ചെറുത്തുനില്പും കൂടാതെ, കിട്ടിയ പഴം ഉടനെ തിന്നു. അപ്പോൾ ആർക്കാണ് കൂടുതൽ കുറ്റം? എന്നാൽ, ഇതല്ല വിവരണത്തിന്റെ ശ്രദ്ധാകേന്ദ്രം.

സ്ത്രീയുടെ ചില സവിശേഷതകൾക്ക് ഊന്നൽ നല്കുന്നതാണ് വിവരണം. കാനാൻകാരും അവരുടെ മത വിശ്വാസങ്ങളും ആചാരങ്ങളുമായുള്ള ഒരു സംവാദവും ഇസ്രായേലിന്റെ ചരിത്രപരമായ ചില അനുഭവങ്ങളും 'സ്ത്രീ' എന്ന കഥാപാത്രത്തിനു പിന്നിലുണ്ട്. ഫലപുഷ്ടിക്കുവേണ്ടിയുള്ള ആരാധനാവിധികൾക്കു പ്രാമുഖ്യം നല്കിയിരുന്ന കാനാൻകാരുടെ ഇടയിൽ സ്ത്രീകളും പുരോഹിത ശുശ്രൂഷ ചെയ്തിരുന്നു. ഉത്സവാഘോഷങ്ങളിലും ബലിയർപ്പണങ്ങളിലും അവർക്ക് പ്രമുഖസ്ഥാനം നല്കപ്പെട്ടിരുന്നു. അരുടെ ആഘോഷങ്ങളിൽ ലൈംഗികവൃത്തി ഒരു ഘടകവുമായിരുന്നു. ഇപ്രകാരം 'പുരോഹിത ശുശ്രൂഷ' നടത്തിയിരുന്ന സ്ത്രീകൾ ദേവദാസികളായി അറിയപ്പെട്ടു. രതിദേവതയെ പ്രീതിപ്പെടുത്തിയാൽ മണ്ണിനും മൃഗങ്ങൾക്കും മനു

ഷ്യർക്കും സന്താനപുഷ്ടിയുണ്ടാകും എന്ന വിശ്വാസം ഉത്സവാഘോഷങ്ങളെ ലൈംഗികകേളികളാക്കി രൂപപ്പെടുത്തി.

ഇപ്രകാരമുള്ള ഉത്സവാഘോഷങ്ങളിലേക്ക് ഇസ്രായേൽ പുരുഷന്മാർ ആകൃഷ്ടരാവുകയും കാനാൻകാരുടെ വിശ്വാസങ്ങളിലും ആചാരങ്ങളിലും പങ്കുചേർന്ന് തങ്ങളുടെ വിശ്വാസത്തിൽ നിന്ന് അകന്നുപോകാൻ ഇടയാവുകയും ചെയ്തു. സംഖ്യ 25,1-5 ഉദാഹരണമാണ്. മതവിശ്വാസത്തിലും ഭക്താനുഷ്ഠാനങ്ങളിലും സ്ത്രീകൾക്കുള്ള താത്പര്യവും അവർ മക്കളിൽ ചെലുത്തുന്ന സ്വാധീനവും പരിഗണിച്ചുകൊണ്ടാവണം സർപ്പം ആദ്യമേ സ്ത്രീയുമായി സംഭാഷണത്തിൽ ഏർപ്പെട്ടു എന്ന് വി.ഗ്രന്ഥകാരൻ പറയുന്നത്. കാനാനിൽ വാസമുറപ്പിച്ച ഇസ്രായേൽക്കാരുടെ അനുഭവമാണ് ആദിപാപത്തിന്റെ കഥയെഴുതാൻ പ്രചോദനമായി നിന്നത് എന്നു കരുതാൻ മതിയായ ന്യായമുണ്ട്. ഇത് ആദിപാപത്തിന്റെ കഥമാത്രമല്ല, ആദിമുതലേയുള്ള പാപത്തിന്റെ കഥയുമാണെന്നും ഓർക്കണം. ഏതെങ്കിലും ഒരു പ്രത്യേക പാപത്തിന്റെ മാത്രമല്ല, സകല പാപങ്ങളുടെയും യഥാർത്ഥ ചിത്രമാണ് ഈ കഥയിലൂടെ വരച്ചുകാട്ടുന്നത്.

തന്റെ ജീവിതത്തിലേക്ക് സ്ത്രീ കടന്നുവരുന്നതുവരെ ആദം മൃഗങ്ങളുടെകൂടെ ആയിരുന്നു. സ്ത്രീയുടെ വരവോടെ അവന്റെ ജീവിതത്തിൽ വ്യതിയാനമുണ്ടായി. അവന് ഒരു തുണയും ഇണയുമുണ്ടായി; അഥവാ അവൻ മനുഷ്യനായി. സർപ്പത്തിന്റെ ചോദ്യവും അതിനു സ്ത്രീ നല്കുന്ന മറുപടിയും ഒരു അന്വേഷണപരതയുടെ, അഥവാ ജിജ്ഞാസയുടെ ചിത്രം വെളിപ്പെടുത്തുന്നു. താൻ ആയിരിക്കുന്ന അവസ്ഥയിൽ നിന്ന് വ്യത്യസ്തമായ ഒന്നിനെക്കുറിച്ചു ചിന്തിക്കാനും സ്വപ്നം കാണാനും തുടങ്ങുന്നിടത്തേ വ്യതിയാനമുണ്ടാകൂ. ഈ അന്വേഷണതത്പരത സ്ത്രീയാണ് തുടങ്ങിവച്ചതെന്ന് ബൈബിൾ സമർത്ഥിക്കുന്നു. കഥാരൂപത്തിൽ അവതരിപ്പിക്കുന്ന ഈ സത്യം ആഴമേറിയ ഉൾക്കാഴ്ചകൾ നല്കുന്നുണ്ട്.

സർപ്പവുമായുള്ള സംഭാഷണവും തുടർന്നുണ്ടായ പ്രവർത്തനവും മനുഷ്യനെ അന്വേഷണത്തിന്റെ പാതയിലേക്കു നയിച്ചു. ശൈശവത്തിന്റെ നിഷ്കളങ്കതയിലും അജ്ഞതയിലും നിന്ന് അറിവിന്റെ അപകടം നിറഞ്ഞ വഴിയിലൂടെ മനുഷ്യജീവിതം പ്രയാണം ആരംഭിച്ചു. നഷ്ടങ്ങളുടെ മാത്രമല്ല അനേകം

നേട്ടങ്ങളുടെയും വിജയങ്ങളുടെയും ചരിത്രവും ഈ വഴിയിൽ രചിക്കപ്പെട്ടു. ഒരു വിധത്തിൽ പറഞ്ഞാൽ രക്ഷാചരിത്രത്തിനു തുടക്കം കുറിക്കുന്നതും ആ ചരിത്രത്തിന്റെ ദിശ നിർണയിക്കുന്നതും സ്ത്രീയുടെ പ്രവർത്തനമാണ്. ആ ചരിത്രമാണ് ദൈവത്തിന്റെതന്നെ മനുഷ്യാവതാരത്തിലേക്കും മനുഷ്യന്റെ ദൈവിക ജീവിതത്തിലുള്ള പങ്കുചേരലിലേക്കും നയിക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് വി. അഗസ്തീനോസ് ആദ്യപാപത്തെ 'ഭാഗ്യപ്പെട്ട കുറ്റം' എന്നു വിശേഷിപ്പിക്കുന്നത്.

പാപത്തിന്റെ ചിത്രമാണ് ഈ വാക്യങ്ങളിൽ അനാവരണം ചെയ്യപ്പെടുന്നത് എന്നു നാം കണ്ടു. ദൈവകല്പനയെ ചോദ്യം ചെയ്യുകയും തെറ്റിദ്ധരിക്കുകയും ധിക്കരിക്കുകയും ചെയ്യുന്ന വിവിധ ഘട്ടങ്ങൾ ഇവിടെ അനാവരണം ചെയ്യുന്നുണ്ട്. പഞ്ചേന്ദ്രിയങ്ങളിലൂടെ കടന്നുവരുന്ന ചിത്രങ്ങൾ ആശയങ്ങളായി, സ്വപ്നങ്ങളായി, സാധ്യതകളായി പ്രത്യക്ഷപ്പെടുന്നു. പ്രലോഭനത്തിന്റെ ചുഴിയിൽപ്പെട്ട മനസാണ് തീരുമാനമെടുക്കുന്നത്. ഈ പ്രക്രിയയിലുടനീളം സ്ത്രീ തനിച്ചാണ്. പുരുഷനെക്കുറിച്ച് ഒരു വാക്കുപോലും പറയുന്നില്ല. കുറ്റകരമായ അനാസ്ഥയെന്നോ ഉപേക്ഷയെന്നോ ഇതിനെ വിശേഷിപ്പിക്കാമോ? ദൈവത്തിന്റെ വാക്കു കേൾക്കേണ്ടവൻ, സ്ത്രീയുടെ വാക്കുകേട്ടനുസരിച്ചു. സ്ത്രീയാകട്ടെ ദൈവത്തെക്കാൾ കൂടുതൽ സർപ്പത്തെ വിശ്വസിച്ചു. ആരാണിവിടെ തെറ്റുകാർ? ദൈവത്തിന്റെ ഹിതം അനുസരിച്ചു ജീവിക്കേണ്ടവൻ ദൈവത്തിന്റെ സ്ഥാനത്തു സ്ത്രീയെ പ്രതിഷ്ഠിച്ചു. അതല്ലേ യഥാർത്ഥ പ്രലോഭനം? ഇവിടെ തെറ്റിൽ നിന്നും കുറ്റത്തിൽനിന്നും ഇരുവർക്കും ഒഴിഞ്ഞുമാറാനാവില്ല; ഒരാൾ മറ്റേയാളെക്കാൾ ഒട്ടും മെച്ചമോ മോശമോ അല്ല. ഇരുവരും പരസ്പരം പ്രലോഭനമായിത്തീരുന്നു, ദൈവത്തിന്റെ സ്ഥാനത്ത് സർപ്പത്തെയോ മറ്റാരെയെങ്കിലുമോ പ്രതിഷ്ഠിക്കുമ്പോൾ.

പ്രലോഭനത്തിലൂടെ അന്വേഷണത്തിന്റെ വഴിയിൽ പ്രവേശിച്ച സ്ത്രീ പുരുഷനെയും അതേ വഴിക്കു നയിച്ചു. ഇരുവരും ചേർന്നു രൂപപ്പെടുത്തിയതാണ് മനുഷ്യന്റെ ചരിത്രം. അതു പരാജയത്തിന്റെയും മരണത്തിന്റെയും മാത്രമല്ല, വിജയത്തിന്റെയും പ്രതീക്ഷയുടെയും ചരിത്രവുമാണ്. കാരണം ചരിത്രത്തിൽ ദൈവം സഹയാത്രികനായി; ചരിത്രത്തിന്റെ ലക്ഷ്യവും നായകനുമായി. അവിടെയും സ്ത്രീക്ക് പ്രധാനപങ്കുണ്ട്.

# 5

## രക്ഷകന്റെ മാതാവ്

***"നീ****യും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും"* (ഉല്പ 3,15).

അരുതെന്നു ദൈവം വിലക്കിയ അറിവിന്റെ കനി ഭക്ഷിച്ച വരുടെ കണ്ണു തുറന്നു. പ്രലോഭകൻ പറഞ്ഞത് അർദ്ധസത്യമാണെന്ന് അവർ തിരിച്ചറിഞ്ഞു. തുറന്ന കണ്ണുകൾ കണ്ടത് തങ്ങളുടെ ദൈവതുല്യതയല്ല, നഗ്നതയാണ്. തങ്ങൾ നഗ്നരാണെന്ന അവബോധം അവർക്കു ലജ്ജയ്ക്കും ഭയത്തിനും കാരണമായി. നിഷ്കളങ്കശൈശവത്തിന്റെ പറുദീസ അവർക്കു നഷ്ടപ്പെട്ടു. അത്തിയിലകളാൽ നഗ്നത മറയ്ക്കാൻ ശ്രമിച്ചു പരാജയപ്പെട്ടവർ ദൈവത്തിൽനിന്ന് ഒളിക്കാൻ ശ്രമിച്ചു. ഒളിച്ചോട്ടത്തിൽ സ്ത്രീയും പുരുഷനും പങ്കാളികളായി. എന്നാൽ, ദൈവം പിടിച്ചു നിർത്തി ചോദ്യം ചെയ്തപ്പോൾ ഇരുവരുടെയും തനിനിറം വ്യക്തമായി. യാഹ്വിസ്റ്റ് ഗ്രന്ഥകാരൻ തന്റെ വിവരണം തുടരുന്നത് ഒരു വിചാരണയുടെയും വിധിയുടെയും രൂപത്തിലാണ്.

ഒളിച്ചോട്ടത്തിന്റെ കാരണമായി തന്റെ നഗ്നതയെക്കുറിച്ചു പറഞ്ഞ പുരുഷനെ ദൈവം വീണ്ടും ചോദ്യം ചെയ്തു. "ആരാണു പറഞ്ഞത് നീ നഗ്നനാണെന്ന്? ഞാൻ വിലക്കിയ പഴം നീ തിന്നോ?" ചോദ്യത്തിന് നേരിട്ടുള്ള മറുപടിയല്ല പുരുഷൻ നല്കുന്നത്. "നീ എനിക്കു കൂട്ടിനുതന്ന സ്ത്രീ അതു തന്നു; ഞാൻ തിന്നു". അരുതാത്തതു ചെയ്ത് പിടിക്കപ്പെട്ടപ്പോൾ പതറുന്ന പുരുഷൻ കുറ്റം സ്ത്രീയുടെമേൽ കെട്ടിവച്ച് ഒഴിഞ്ഞുമാറാൻ ശ്രമിക്കുകയായി. ആദ്യം കണ്ടപ്പോൾ എല്ലാം മറന്നുപാടിയ ഗാനം അവൻ ഇപ്പോൾ മറന്നു, അഥവാ തിരുത്തി. 'എന്റെ അസ്ഥിയുടെ അസ്ഥിയും മാംസത്തിന്റെ മാംസവവും, ഇപ്പോൾ 'നീ എനിക്കു

കൂട്ടിനുതന്ന സ്ത്രീ' ആയി. സ്ത്രീയെ ആദ്യം കണ്ടപ്പോഴോ പഴം തിന്നാൻ അവൾ ക്ഷണിച്ചപ്പോഴോ ഇല്ലാതിരുന്ന അവബോധം, 'നീ കൂട്ടിനു തന്നവൾ' എന്ന തിരിച്ചറിവ്, പെട്ടെന്നുണ്ടാവുകയാണ്. ചെയ്ത തെറ്റിന്റെ ഉത്തരവാദിത്വം സ്ത്രീയിലും ആത്യന്തികമായി ദൈവത്തിൽത്തന്നെയും ആരോപിക്കുന്ന പുരുഷൻ വീണ്ടും തന്റെ ഏകാന്തതയുടെ നീർക്കയത്തിൽ മുങ്ങുകയായി. ബന്ധം വിഛേദിക്കുകയും സഖിയെ തള്ളിപ്പറയുകയും ചെയ്യുന്നത് പുരുഷനാണ്. 'നമ്മൾ ഒന്ന്' എന്ന ഭാവം ഉപേക്ഷിച്ച് തന്റെ മേൽ ദൈവം കെട്ടിയേൽപ്പിച്ച ഭാരമെന്നോണം സ്ത്രീയെ അന്യയും പ്രലോഭനകാരണവുമായി കാണുന്നു പുരുഷൻ. ഈ നിലപാടിൽ മോചനത്തിനു സാധ്യതയില്ല. പാപം അംഗീകരിച്ച് ഉത്തരവാദിത്വം ഏറ്റെടുക്കാത്തിടത്ത് പാപമോചനവും രക്ഷയും അസാധ്യമാകുന്നു. എന്നാൽ, സ്ത്രീയുടെ നിലപാടു വ്യത്യസ്തമാണ്.

"നീ എന്താണ് ഈ ചെയ്തത്?" എന്ന ചോദ്യത്തിന് ആത്മാർത്ഥമായ അനുതാപത്തോടെ അവൾ ഏറ്റുപറഞ്ഞു: "സർപ്പം എന്നെ വഞ്ചിച്ചു; ഞാൻ പഴം തിന്നു". ഈ ഏറ്റു പറച്ചിലിൽനിന്നാണ് രക്ഷയുടെ പുതിയ ചരിത്രത്തിനു തുടക്കം കുറിക്കുന്നത്. വഞ്ചിതയായ സ്ത്രീയുടെ പക്ഷംചേരുകയാണ് ദൈവം. ഈ പക്ഷംചേരൽ സർപ്പത്തിന്റെമേൽ പ്രഖ്യാപിക്കുന്ന ശിക്ഷാവിധിയിൽനിന്നു വ്യക്തമാകുന്നു.

സത്യം മറച്ചും വളച്ചൊടിച്ചും നുണയായ വാഗ്ദാനങ്ങൾ നല്കിയും സ്ത്രീയെ പ്രലോഭനത്തിൽ വീഴ്ത്തിയ തിന്മയുടെ ശക്തിയുമായി സന്ധിയില്ലാ സമരം പ്രഖ്യാപിക്കുന്നത് ദൈവം തന്നെയാണ്. "നീയും സ്ത്രീയും തമ്മിൽ ഞാൻ ശത്രുത ഉളവാക്കും". ഇനി അങ്ങോട്ട് പ്രലോഭനമോ പ്രലോഭകന്റെ ഉപകരണമോ ആയിട്ടല്ല, പ്രലോഭകന്റെ നിത്യശത്രുവായിട്ടാണ് സ്ത്രീ പ്രത്യക്ഷപ്പെടുക. മനുഷ്യവർഗത്തെ മുഴുവൻ 'സ്ത്രീയുടെ സന്തതി' എന്നാണ് വിശേഷിപ്പിക്കുന്നത്. പ്രലോഭനത്തിൽ വീണുപോയ സ്ത്രീതന്നെ പ്രലോഭകന്റെ അന്ത്യം കുറിക്കാൻ കാരണമാകും.

സ്ത്രീയുടെയും പുരുഷന്റെയുംമേൽ ശിക്ഷാവിധി പ്രഖ്യാപിക്കുന്നതിനുമുമ്പേ ദൈവം നല്കുന്ന ഒരു വലിയ വാഗ്ദാനമുണ്ട്. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും. പാപ

ത്തിനും തിന്മയ്ക്കും എതിരേയുള്ള സമരത്തിൽ മനുഷ്യൻ തനിച്ചായിരിക്കുകയില്ല. ദൈവം പ്രഖ്യാപിച്ച ഈ യുദ്ധത്തിൽ ദൈവം തന്നെ കൂട്ടിനുണ്ടാകും. ആത്യന്തികമായ വിജയം മനുഷ്യൻ കൈവരിക്കാൻ ദൈവം ഇടയാക്കും. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും എന്ന വാഗ്ദാനം മനുഷ്യവർഗത്തിനുമുഴുവൻ ലഭിക്കാനിരുന്ന വിമോചനത്തെയാണ് സൂചിപ്പിക്കുന്നത്. അതേസമയം രക്ഷകനെക്കുറിച്ചുള്ള ആദ്യത്തെ പ്രവചനവുമാണിത്.

തിന്മയുടെ ആധിപത്യത്തിൽനിന്ന് മനുഷ്യവർഗത്തെ മോചിപ്പിക്കുന്ന രക്ഷകൻ സ്ത്രീയുടെ സന്താനമാണെന്ന കാര്യം പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. "അവൻ നിന്റെ തല തകർക്കും" എന്ന വാക്യശകലം ബൈബിൾ മൂലഭാഷയിൽനിന്ന് ലത്തീനിലേക്ക് വിവർത്തനം ചെയ്ത വി.ജെറോം "അവൾ നിന്റെ തല തകർക്കും'' എന്നാക്കി. വിവർത്തനം ശരിയല്ലെങ്കിലും വ്യാഖ്യാനം അർത്ഥവത്താണ്. ഈ വ്യാഖ്യാനത്തിന്റെ ഒരു ചിത്രീകരണമാണ് സർപ്പത്തിന്റെ തലയിൽ ചവിട്ടിനില്ക്കുന്ന സ്ത്രീയുടെ ചിത്രം. ചർച്ചാവിഷയമായ പ്രവചനത്തിന്റെ പൂർത്തീകരണത്തിലേക്ക് അതു വിരൽചൂണ്ടുന്നു.

സർപ്പവും സ്ത്രീയും തമ്മിലുള്ള ശത്രുത ചരിത്രത്തിലുടനീളം നിലനില്ക്കുന്നുണ്ട്. ഇതിന്റെ ഒരു ചിത്രീകരണം വെളിപാട് 12-ാം അധ്യായത്തിൽ കാണാം. സൂര്യനെ ഉടയാടയാക്കി, ചന്ദ്രനെ പാദപീഠമാക്കി, നക്ഷത്രകിരീടമണിഞ്ഞ ഗർഭിണി ഈ സ്ത്രീയുടെ പ്രതീകമാണ്. സർപ്പത്തിന്റെ തല തകർക്കാൻ പോകുന്ന സന്തതിയുടെ മാതാവാണവൾ. അവൾ പ്രസവിക്കുന്ന ശിശുവിനെ വിഴുങ്ങാൻ വാപിളർന്നു നില്ക്കുന്ന ഉഗ്രസർപ്പം പറുദീസായിലെ പുരാതനസർപ്പംതന്നെ. ശിശുവിനെ വിഴുങ്ങാൻ കഴിയാതെ വന്നപ്പോൾ സർപ്പം സ്ത്രീയെ പീഡിപ്പിക്കുകയായി. മരുഭൂമിയിൽ സംരക്ഷിക്കപ്പെടുന്ന സ്ത്രീയും സർപ്പവും തമ്മിലുള്ള ശത്രുത യുഗാന്തത്തോളം തുടരും എന്നാണ് വെളിപാടുഗ്രന്ഥകാരൻ പറഞ്ഞുവയ്ക്കുന്നത്.

വെളിപാടിലെ സ്ത്രീ രക്ഷകന്റെ മാതാവാണ്. അവൾ ഒരേ സമയം ദൈവജനവും, ദൈവജനത്തിന്റെ പ്രതീകവും പ്രതിനിധിയും യേശുവിന്റെ അമ്മയുമായ പ. കന്യകാമറിയവുമാണ്. ഉൽപ്പത്തി 3:15ലെ വാഗ്ദാനം ഈ സ്ത്രീയിലും അവളുടെ സന്ത

തിയായ യേശുക്രിസ്തുവിലും പൂർത്തിയാകുന്നു. ബൈബിളിന്റെ സമഗ്രമായ കാഴ്ചപ്പാടിൽ സ്ത്രീ പാപഹേതുവോ പ്രലോഭനമോ അല്ല, രക്ഷയിലേക്കു നയിക്കുന്ന മാർഗവും രക്ഷകനെ പ്രദാനം ചെയ്യുന്ന മാതാവുമാണ്.

ആദ്യസ്ത്രീ സർപ്പത്തിന്റെ വഞ്ചനയിൽ കുടുങ്ങിയെങ്കിൽ രണ്ടാമത്തെ സ്ത്രീ, അഥവാ പുതിയ ഹവ്വാ, സാത്താന്റെ കെണിയിൽപ്പെടാതെ കാത്തുസൂക്ഷിക്കപ്പെട്ടു. ആദ്യസ്ത്രീയുമായുള്ള ഈ ബന്ധവും വ്യത്യാസവും എടുത്തുകാട്ടാൻ വേണ്ടിയാവണം യേശു രണ്ടുതവണ തന്റെ അമ്മയെ 'സ്ത്രീയേ' എന്നു പരസ്യമായി അഭിസംബോധന ചെയ്തത് (യോഹ 2,4; 19.26).

രക്ഷകനെ സംബന്ധിച്ച വാഗ്ദാനം ഇസ്രായേലും സഭയും ഉൾക്കൊള്ളുന്ന ദൈവജനത്തിലും, അതിലുപരി യേശുവിന്റെ മാതാവായ പരിശുദ്ധ കന്യകാമറിയത്തിലും പൂർത്തിയായി. എന്നാൽ, രക്ഷകന്റെ അമ്മയാവുക എന്ന വാഗ്ദാനത്തിനുമപ്പുറം ചില ശിക്ഷാവിധികളും ദൈവം സ്ത്രീയുടെമേൽ ഉച്ചരിച്ചതായി ബൈബിൾ തുടർന്നു രേഖപ്പെടുത്തുന്നുണ്ട്. സമകാലിക സമൂഹത്തിലെ സ്ത്രീയുടെ അവസ്ഥയ്ക്കു വി.ഗ്രന്ഥകാരൻ നല്കുന്ന വിശദീകരണവും വ്യാഖ്യാനവുമാണത്. അതിലേക്കാണ് അടുത്തതായി നാം ശ്രദ്ധ തിരിക്കുന്നത്.

# 6

## ഭാര്യ

***അ**വിടുന്ന് സ്ത്രീയോടു പറഞ്ഞു. "നിന്റെ ഗർഭാരിഷ്ടതകൾ ഞാൻ വർദ്ധിപ്പിക്കും. നീ വേദനയോടെ കുഞ്ഞുങ്ങളെ പ്രസവിക്കും. എങ്കിലും നിനക്കു ഭർത്താവിനോട് അഭിലാഷമുണ്ടായിരിക്കും. അവൻ നിന്നെ ഭരിക്കുകയും ചെയ്യും"* (ഉൽപ 3,16).

ഭൂമിയിലെ സകല തിന്മകളുടെയും മൂലകാരണം പാപമാണെന്ന അടിസ്ഥാന വിശ്വാസത്തിന്റെ വിശദീകരണമാണ് ഉൽപ 3,15-19 വാക്യങ്ങളിൽ അവതരിപ്പിക്കുന്നത്. സർപ്പം, സ്ത്രീ, പുരുഷൻ എന്നീ മൂന്നു കഥാപാത്രങ്ങളും ദൈവതിരുമുമ്പിൽ നിന്ന് ശിക്ഷാവിധി ഏറ്റുവാങ്ങുന്നതായി വി.ഗ്രന്ഥകാരൻ ചിത്രീകരിക്കുന്നു. മണ്ണുതിന്നുകയും മനുഷ്യനുമായി നിരന്തരം ശത്രുതയിൽ കഴിയുകയും അവസാനം മനുഷ്യനാൽത്തന്നെ നശിപ്പിക്കപ്പെടുകയുമാണ് സർപ്പത്തിനു ലഭിക്കുന്ന ശിക്ഷ. ഗർഭാരിഷ്ടത, പ്രസവക്ലേശം, പുരഷനോടുള്ള അഭിലാഷം, പുരുഷനാൽ ഭരിക്കപ്പെടുക എന്നിവയാണ് സ്ത്രീക്കു ലഭിക്കുന്ന ശിക്ഷാവിധി. ശത്രുവായി മാറിയ ഭൂമിയിൽ കഠിനാധ്വാനം ചെയ്ത് ഉപജീവനമാർഗം തേടാനും അവസാനം മരിച്ച് മണ്ണടിയാനുമുള്ള വിധിയാണ് പുരുഷനു ലഭിക്കുന്നത്.

ഇവയെല്ലാം ഒരു ശിക്ഷാവിധി എന്നതിലുപരി ഇന്നു ദൃശ്യമാകുന്ന സകല തിന്മകളുടെയും മൂലകാരണത്തെക്കുറിച്ച് വീണ്ടും കഥാരൂപത്തിലുള്ള ഒരു വിശദീകരണമായിട്ടാണ് വി.ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. സ്ത്രീയുടെമേൽ പ്രഖ്യാപിക്കപ്പെടുന്ന വിധി നാലു ഘടകങ്ങൾ ഉൾക്കൊള്ളുന്നു. അവളുടെ അന്തഃസത്തയെയും ദൈവനിശ്ചിതമായ ജീവിതലക്ഷ്യത്തെയും സംബന്ധിക്കുന്നതാണ് ഈ നാലു ഘടകങ്ങളും. ആദ്യത്തെ രണ്ടു ഘടകങ്ങൾ മക്കളോടും മൂന്നും നാലും ഘടകങ്ങൾ ഇണയും തുണ

യുമായ പുരുഷനോടും ബന്ധപ്പെട്ടിരിക്കുന്നു. കുഞ്ഞുങ്ങൾക്ക് ജന്മം നല്കുക എന്ന ഏറ്റം പ്രധാനപ്പെട്ട കർത്തവ്യം എന്തേ ക്ലേശപൂർണവും വേദനാജനകവുമായിത്തീർന്നിരിക്കുന്നു? ഇതെല്ലാമായിട്ടും എന്തേ പുരുഷനിൽ നിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിച്ച് അകന്നുപോകാതെ അവന്റെ ആധിപത്യത്തിൽ കീഴിൽത്തന്നെ കഴിയുന്നു? എന്ന ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് ഇവിടെ നല്കുന്നത്. മേൽ വിവരിച്ച നാലു ഘടകങ്ങൾ സ്ത്രീ അനുഭവിക്കുന്ന സകല തിന്മകളുടെയും പ്രതീകങ്ങളും ഉദാഹരണങ്ങളുമായി നില കൊള്ളുന്നു. അതേസമയം സ്ത്രീയുടെ മഹത്ത്വവും ജീവിതലക്ഷ്യവും പ്രകടമാക്കുന്ന ഘടകങ്ങളാണ് ഇവ നാലും.

കുഞ്ഞുങ്ങൾക്കു ജന്മം നല്കി, ദൈവിക പ്രതിഛായകൾകൊണ്ട് ഈ ഭൂമി നിറയ്ക്കുക എന്ന ദിവ്യമായ ദൗത്യമാണ് സ്ത്രീ - പുരുഷന്മാർക്ക് ദൈവം നല്കിയത് എന്ന് നാം കണ്ടു കഴിഞ്ഞു. സന്താനോല്പാദനം എന്ന അനുഗ്രഹം എന്തേ ക്ലേശപൂർണമായിരിക്കുന്നു എന്ന് ഇവിടെ വിശദീകരിക്കുന്നു. അതോടൊപ്പം എന്തു വേദനയും ത്യാഗവും ക്ലേശവും സഹിച്ച് കുഞ്ഞുങ്ങളെ ഈ ഭൂമിയിലേക്കു കൊണ്ടുവരുക എന്ന മഹത്തായ ദൗത്യമാണ് സ്ത്രീ നിർവഹിക്കുന്നത് എന്ന് പരോക്ഷമായി അംഗീകരിക്കുകയും ചെയ്യുന്നു. ഈ അംഗീകാരം കാണാതെ പോകുന്നതല്ലേ ഗർഭാരിഷ്ടതയും പ്രസവക്ലേശവും ഒരു ശാപവും ശിക്ഷയുമായി മാത്രം കാണാൻ കാരണം?

വേദനയും ത്യാഗവും വഴി സഫലമാകുന്ന മാതൃത്വത്തിലാണ് സ്ത്രീയുടെ മഹത്ത്വം ദൃശ്യമാവുക, ത്യാഗത്തിലൂടെ പ്രകടമാകുന്ന സ്നേഹത്തിൽ വ്യക്തിയുടെ മഹത്ത്വം തെളിയുന്നതുപോലെ. തന്റെ ഏകജാതനെ നല്കാൻ മാത്രം ലോകത്തെ സ്നേഹിച്ചപ്പോഴാണല്ലോ പിതാവിന്റെ മഹത്ത്വം ഏറ്റം കൂടുതൽ ദൃശ്യമായത്. സ്നേഹിതനുവേണ്ടി ജീവൻ ബലികഴിച്ച അത്യുദാത്തമായ സ്നേഹം കാൽവരിയിൽ പ്രകടമായപ്പോൾ കുരിശ് ദൈവമഹത്ത്വത്തിന്റെ ഏറ്റം വലിയ പ്രതീകമായി. അതുപോലെ ഒരു പുതുജീവനെ സ്വശരീരത്തിൽ സ്വീകരിച്ച്, സ്വന്തം രക്തവും മജ്ജയും മാംസവും നല്കി വളർത്തിവലുതാക്കി വേദനയോടെ ഈ ഭൂമിയിലേക്കു കൊണ്ടുവരുന്നത് ഏറ്റം മഹനീയമായ ദൗത്യമാണ് - സ്ത്രീക്കുമാത്രം നിറവേറ്റാൻ സാധ്യമായ ദൗത്യം. ത്യാഗവും സഹനവും സ്നേഹത്തിന്റെ ആഴം പ്രകടമാക്കുന്നു; മഹത്ത്വത്തിന്റെ മാറ്റുകൂട്ടുന്നു.

ഗർഭാരിഷ്ടതയും പ്രസവക്ലേശവും ഒരു പ്രതീകവും കൂടിയാണ് – പുതുജീവൻ ഉരുവാകുന്നതിനുവേണ്ടി സഹിക്കുന്ന ക്ലേശങ്ങളുടെ പ്രതീകം. വേദനയും ത്യാഗവും കൂടാതെ നന്മയായതൊന്നും സംഭവിക്കുന്നില്ല. വളർച്ചയുണ്ടാകുന്നുമില്ല. നിലത്തു വീണഴിയാത്ത ഗോതമ്പുമണി അതേപടി ഇരിക്കുന്നു, ആർക്കും ഒരു ഗുണവും ചെയ്യാതെ. അതിനാൽ സഹനത്തെക്കുറിച്ചുള്ള കാഴ്ച്ചപ്പാടുതന്നെ മാറേണ്ടതുണ്ട്. വേദനയും സഹനവും അനുഗ്രഹത്തിന്റെ തന്നെ ഭാഗമായി കാണാൻ കഴിയണം. ഇതു സാധിക്കാത്തതിനാലല്ലേ അനേകർ ക്ലേശപൂർണമായ മാതൃത്വം വേണ്ടാ എന്നു വയ്ക്കുന്നത്? അധ്വാനിക്കാതെ സമ്പാദിക്കാനും ക്ലേശിക്കാതെ ആസ്വദിക്കാനുമുള്ള പ്രവണതയ്ക്കെതിരേയുള്ള ഒരു താക്കീതായും ചർച്ചാവിഷയമായ ദൈവവചനത്തെ കാണാവുന്നതാണ്.

പുരുഷന്റെ ആധിപത്യവും സ്ത്രീയുടെ അഭിലാഷവുമാണ് ശിക്ഷാവിധിയുടെ രണ്ടാംഭാഗത്ത് പ്രസ്താവിക്കുന്നത്. നിനക്ക് അവനോട് അഭിലാഷമുണ്ടായിരിക്കും എന്ന പ്രഖ്യാപനം ഒരു ശിക്ഷയോ അതോ അനുഗ്രഹമോ? പുരുഷന് ഇണയും തുണയുമാവാൻ സൃഷ്ടിക്കപ്പെട്ടവൾ എന്തു ത്യാഗവും സഹിച്ച് തന്റെ ദൗത്യത്തിൽ വിശ്വസ്തത പാലിക്കും എന്ന ഒരു പ്രഖ്യാപനമല്ലേ ഇത്? 'നീ എനിക്കു കൂട്ടിനുതന്നവൾ' എന്ന വിശേഷണത്തിലൂടെ പുരുഷൻ സ്ത്രീയെ പരോക്ഷമായി തള്ളിപ്പറഞ്ഞപ്പോഴും തന്റെ തെറ്റിന്റെ ഉത്തരവാദിത്വം അവളുടെമേൽ കെട്ടിവച്ചപ്പോഴും പുരുഷനെ തള്ളിപ്പറയുകയോ പുരുഷന്റെമേൽ പഴിചാരുകയോ ചെയ്യാത്തവളാണ് സ്ത്രീ. എല്ലാ ബന്ധങ്ങളും തകർന്ന്, മനുഷ്യജീവന്റെ പിൻതുടർച്ചതന്നെ അസാധ്യം എന്ന് തോന്നിയപ്പോഴും പതറാതെ ഉറച്ചുനിന്ന സത്രീ, മറ്റാരിലും പഴിചാരാതെ സ്വന്തം തെറ്റിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നു. ഈ വിശ്വസ്തതയും ഉറച്ചുനില്പുമല്ലേ സമൂഹത്തെ നിലനിർത്തുന്നത്? വിട്ടെറിഞ്ഞ് പോകാൻ പുരുഷന് എളുപ്പമാണ്; എന്നാൽ, പിടിച്ചു നിർത്തുന്നത് സ്ത്രീയത്രേ. തനിക്കുചുറ്റും ഒരു ലോകം മുഴുവനും തകർന്നുവീഴുമ്പോഴും വീഴാതെ പിടിച്ചുനില്ക്കുന്ന സ്ത്രീ കുടുംബത്തിന്റെയും മാനവസമൂഹത്തിന്റെയും നിലനില്പ്പിന് ഉത്തരവാദിയാകുന്നു; ശിഷ്യസമൂഹം പേടിച്ചോടിയപ്പോൾ കുരിശിൻ ചുവട്ടിൽ പതറാതെ നിന്ന മാതാവിനെപ്പോലെ.

പുരുഷനോടുള്ള അഭിലാഷം കുടുംബത്തിന്റെ നിലനില്പിനും മക്കളുടെ വളർച്ചയ്ക്കും അനിവാര്യമായ ശക്തിയാണ്. അതിനെ ഇണചേരാനുള്ള ആസക്തിയായി തെറ്റിദ്ധരിക്കുന്നത് അപകടകരമാണ്; അഭിലാഷത്തെ ബലഹീനതയായി കരുതി ചൂഷണം ചെയ്യുന്നത് അപലപനീയവും. ആഴത്തിൽ സ്നേഹിക്കാനുള്ള കഴിവിനെയാണ് ഇവിടെ അഭിലാഷമായി ചിത്രീകരിക്കുന്നത്. സ്വാർത്ഥം തേടാതെ, കണക്കു കൂട്ടാതെ, പ്രതിഫലം പ്രതീക്ഷിക്കാതെ, സ്വയം അടിയറവയ്ക്കുന്ന ത്യാഗോജ്ജ്വലമായ സ്നേഹം - അതും സ്ത്രീയുടെ സ്വഭാവ സവിശേഷതയായി ഇവിടെ ചിത്രീകരിക്കപ്പെടുന്നു.

സ്വതന്ത്രമായി സ്വയം അടിയറവയ്ക്കുന്നവളെ അടിമയാക്കാനുള്ള പുരുഷന്റെ പ്രവണതയാണ് 'ഭരിക്കും' എന്ന പ്രഖ്യാപനത്തിലൂടെ വെളിവാകുന്നത്. ഇത് ദൈവകല്പനയല്ല, സ്ത്രീയെ അടിമയാക്കാൻ പുരുഷനു നല്കുന്ന അനുവാദവുമല്ല; മറിച്ച് വി.ഗ്രന്ഥകാരന്റെ സമകാലിക സമൂഹത്തിൽ നിലനിന്ന സ്ത്രീ - പുരുഷ ബന്ധത്തിന്റെയും ആ ബന്ധത്തിലെ അസമത്വത്തിന്റെയും അസന്തുലിതാവസ്ഥയുടെയും ചിത്രീകരണമാണ്. ചുരുക്കം ചില അപവാദങ്ങളൊഴിച്ചാൽ മിക്കവാറും എല്ലാ ജനസമൂഹങ്ങളിലും ഇന്നും നിലനില്ക്കുന്ന പുരുഷ മേധാവിത്വത്തിന്റെ ചിത്രമാണ് ഇവിടെ തെളിയുന്നത്. പാപത്തിന്റെ ഫലമായി മനുഷ്യസമൂഹത്തിലേക്കു കടന്നുവന്ന ഒരു തിന്മയായും ഈ മേധാവിത്വവും ആധിപത്യവും ചിത്രീകരിക്കപ്പെടുന്നു.

എന്നും നിലനില്ക്കേണ്ട ഒരു മനോഭാവവും സംവിധാനവുമല്ല ഇത്. ആധിപത്യത്തിന്റെ ഭാഷ പാപിയുടെ ഭാഷയാണ്. പാപത്തിൽ നിന്നും മുക്തി ലഭിക്കുമ്പോൾ ആധിപത്യത്തിന്റെ സ്ഥാനത്ത് സഹകരണവും സ്നേഹത്താൽ പ്രചോദിതമായ സേവനവും കടന്നുവരും. "എന്നാൽ, നിങ്ങൾ അങ്ങനെ ആയിരിക്കരുത്" (ലൂക്ക 22:26) എന്നു പറഞ്ഞുകൊണ്ട് യേശു അന്ത്യ അത്താഴവേളയിൽ ശിഷ്യന്മാർക്കു നല്കിയ ഉപദേശം മാർഗദർശനം നല്കുന്നു. ഭരിക്കും എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രു വാക്കിന് കീഴടക്കുകയെന്നു മാത്രമല്ല, നയിക്കുക എന്നും അർത്ഥമുണ്ട്. സ്ത്രീയെ കീഴടക്കി ഭരിക്കുന്നതിനു പകരം സംരക്ഷിച്ച് നയിക്കാൻ പുരുഷൻ തയ്യാറാകണം.

പുരുഷനിൽനിന്നു സ്വാതന്ത്ര്യം പ്രഖ്യാപിച്ചുകൊണ്ട്,

വീണ്ടും പുരുഷ മൂല്യങ്ങൾ സ്വാംശീകരിച്ച്, പുരുഷനെക്കാൾ ഹീനമായ മേധാവിയാകുന്നതിലൂടെ സ്ത്രീസമത്വവും സ്വാതന്ത്ര്യവും നേടിയെടുക്കാനാവില്ല. ഇന്നു മുളച്ചുവരുന്ന പല സ്ത്രീവിമോചന പ്രസ്ഥാനങ്ങളും വാസ്തവത്തിൽ പുരുഷമൂല്യങ്ങളെ അന്ധമായി അനുകരിച്ച് വീണ്ടും കീഴടക്കലിന്റെയും ആധിപത്യത്തിന്റെയും ശൈലി സ്വീകരിക്കുന്നതായി കാണാം. സ്നേഹത്തെ ദൗർബല്യമായും ത്യാഗത്തെ നഷ്ടമായും സഹനത്തെ ശാപമായും കാണുന്നതുകൊണ്ടല്ലേ ഇത് സംഭവിക്കുക? സ്ത്രീ തന്റെ സ്വത്വം കണ്ടെത്തുകയും സ്ത്രീ പുരഷബന്ധം മാത്സര്യത്തിനും പരസ്പരം കീഴടക്കലിനും പകരം ത്യാഗനിർഭരമായ സ്നേഹത്തിൽ വേരൂന്നുകയും ചെയ്യുമ്പോൾ മാത്രമേ സ്ത്രീയും പുരുഷനും യഥാർത്ഥത്തിൽ സ്വതന്ത്രരാകൂ! ഭരിക്കുന്നവൻ ഭർത്താവ്, ഭരിക്കപ്പെടേണ്ടവൾ ഭാര്യ എന്ന നിലപാട് വെടിഞ്ഞ് പരസ്പരം ഇണയും തുണയും തുല്യപങ്കാളികളും, മനുഷ്യസമൂഹത്തെ നിലനിർത്തുകയും പടുത്തുയർത്തുകയും ചെയ്യുന്ന സഹപ്രവർത്തകരുമായി വർത്തിക്കുമ്പോൾ ഇരുവരും മഹത്ത്വമുള്ളവരാകും. അതാണ് ഉൽപ്പത്തി പുസ്തകത്തിന്റെ ആദ്യതാളുകൾ വരച്ചുകാട്ടുന്ന ദൈവികപദ്ധതി.

ആദിവിശുദ്ധി നഷ്ടപ്പെട്ട്, പറുദീസായിൽനിന്നു ബഹിഷ്കൃതരായ മനുഷ്യരിൽനിന്ന് ദൈവം തന്റെ അനുഗ്രഹം പിൻവലിച്ചില്ല. ക്ലേശങ്ങൾക്കും ദുരിതങ്ങൾക്കും കുറ്റാരോപണങ്ങൾക്കും തള്ളിപ്പറച്ചിലിനും മധ്യേ മനുഷ്യജീവിതം തുടരുന്നു. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കാനുള്ള ആദ്യ ദൗത്യം പറുദീസായ്ക്ക് പുറത്ത് മനുഷ്യൻ നിറവേറ്റുന്നത് മക്കളിലൂടെയാണ്, സ്ത്രീയുടെ സന്തതികളിലൂടെ.

# 7

## ജീവിക്കുന്നവരുടെ മാതാവ് - ഹവ്വാ

*"ആദാം ഭാര്യയെ ഹവ്വാ എന്നു വിളിച്ചു. കാരണം അവൾ ജീവനുള്ളവരുടെയെല്ലാം മാതാവാണ്" (ഉൽപ 3,20).*

അരുതാത്തത് ചെയ്ത് ദൈവകൃപ നഷ്ടപ്പെടുത്തിയ ആദിമനുഷ്യൻ ശിക്ഷാവിധി ഏറ്റുവാങ്ങി. ദൈവവചനത്തിനു പകരം സ്ത്രീയുടെ വാക്കുകേട്ട പുരുഷനും ദൈവത്തെക്കാൾ അധികം സർപ്പത്തെ വിശ്വസിച്ച സ്ത്രീയും തങ്ങളുടെ ആദ്യവിശുദ്ധി നഷ്ടപ്പെടുത്തി. അവർക്കു ലഭിച്ച വിധി മരണശിക്ഷയാണ്, മണ്ണിനോടു മല്ലടിക്കാനും അവസാനം മണ്ണിലേക്കുതന്നെ മടങ്ങാനുമുള്ള മാറ്റമില്ലാത്ത വിധി. മനുഷ്യന്റെ ചക്രവാളത്തിൽ മരണത്തിന്റെ കരിനിഴൽ പടർന്നു. അവനു മുമ്പിൽ പറുദീസായുടെ വാതിൽ അടഞ്ഞു. ക്ലേശപൂർണമായ ജീവിതത്തിലേക്ക് കടന്നുവരുന്ന മനുഷ്യൻ ഭാര്യയെ ഹവ്വാ എന്നുവിളിച്ചു.

സ്ത്രീയെ ആദ്യമായി കണ്ടപ്പോൾ ഉരുവിട്ട കാവ്യത്തിൽ നിന്നും വ്യത്യസ്തമാണിത്. തന്റെതന്നെ ഭാഗമായി, അസ്ഥിയും മാംസവുമായി സ്ത്രീയെ കണ്ട പുരുഷൻ അവളെ നാരി എന്നു വിളിച്ചു. 'ഇഷാ' എന്നാണ് ഹീബ്രുമൂലം. 'ഇഷ്' എന്ന വാക്കിന്റെ സ്ത്രീലിംഗമാണിത്. ഇരുവരും ഒന്നാണ്. ഒന്നിന്റെ തന്നെ രണ്ടു ഭാഗങ്ങളും പരസ്പരം പൂരകങ്ങളും ആണെന്ന സത്യമാണ് ആദ്യവചനങ്ങളിൽ പ്രതിഫലിച്ചത്. അതുവർത്തമാനകാലത്തിൽ ഊന്നി നിന്ന പ്രഖ്യാപനമായിരുന്നു. അതോടൊപ്പം ഒരു അവകാശവാദവുമായിരുന്നു. നീ എന്റേതാണ്, ഞാൻ നിന്റേതും എന്ന മനോഭാവം പരസ്പരബന്ധത്തിന് ഊന്നൽ നല്കി. എന്നാൽ, എല്ലാം തകർന്നടിയുന്ന നിമിഷത്തിൽ, മരണം മുന്നിൽ പത്തി വിടർത്തുമ്പോൾ, മനുഷ്യന്റെ ചിന്ത വർത്തമാനകാലത്തിനപ്പുറത്ത് ഭാവിയിലേക്ക് തിരിയുന്നു.

സ്ത്രീയെ ‘ഹവ്വാ’ എന്നുവിളിക്കുന്ന പുരുഷൻ മരണത്തിനെതിരേ പ്രതിഷേധവും ജീവനിലുള്ള പ്രത്യാശയും പ്രകടമാക്കുന്നു. ജീവിക്കുക എന്നർത്ഥമുള്ള ‘ഹയാ’ എന്ന ഹീബ്രു ധാതുവുമായി ബന്ധപ്പെടുത്തിയാണ് വി.ഗ്രന്ഥകാരൻ ഹവ്വാ എന്ന പേരിനെ വ്യാഖ്യാനിക്കുന്നത്. “കാരണം അവൾ ജീവനുള്ളവരുടെയെല്ലാം മാതാവാണ്”. ദൈവകല്പനയുടെ ലംഘനത്തിലൂടെ മനുഷ്യന്റെ മരണത്തിനു കാരണക്കാരിയായവളെ പുരുഷൻ ഇപ്പോൾ ജീവന്റെ ഉറവിടമായി കാണുകയാണ്. അവളിൽ നിന്നാണ് സകലജീവികളും ഉത്ഭവിക്കുന്നത്. സ്ത്രീ വരുത്തിവച്ചതുമരണത്തിനുമപ്പുറം ജീവനാണെന്ന ഒരു തിരിച്ചറിവും ഈ നാമകരണത്തിലുണ്ട്.

ഹവ്വാ എന്ന പേരിലൂടെ പുരുഷൻ സ്ത്രീയുടെ മേലുള്ള അവകാശവാദം വെടിഞ്ഞ് ഇരുവരും ഒരുമിച്ച് ഭാവിയെ നേരിടാൻ എടുക്കുന്ന തീരുമാനം പ്രഖ്യാപിക്കുന്നു. മരണത്തിനു കീഴടങ്ങാൻ വിസമ്മതിച്ചും മരണത്തെത്തന്നെ വെല്ലുവിളിച്ചുകൊണ്ടുമാണ് ഈ പ്രഖ്യാപനം നടത്തുന്നത്. ഒരു മനുഷ്യൻ മരിച്ച് മണ്ണോട് ചേരുമ്പോൾ മറ്റൊരു മനുഷ്യൻ അവന്റെ സ്ഥാനത്ത് ഉയർന്നു വരും, ജീവനുള്ളവനായി. അങ്ങനെ ജീവന്റെ ശൃംഖല മരണത്തെ അതിജീവിക്കും. സ്ത്രീയിലൂടെയാണ് ഇതു സംഭവിക്കുന്നത്. അവളാണ് ജീവനുള്ളവരുടെയെല്ലാം മാതാവ്. അവളിലൂടെയാണ് മരണത്തെ കീഴടക്കുന്ന ജീവൻ തലമുറകളായി കൈമാറപ്പെടുന്നത്. സൃഷ്ടിയുടെ അവസരത്തിൽ ദൈവം നല്കിയ “സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ” (ഉൽപ 1:28) എന്ന ആദ്യ അനുഗ്രഹത്തെ അനുസ്മരിപ്പിക്കുന്നതാണ് ഹവ്വാ എന്നപേര്. ഇണയും തുണയുമായി നല്കപ്പെട്ടവൾ ഇനി ജീവൻ നിലനിറുത്തുന്നവളാകും. ഇരുവരുടെയും ശ്രദ്ധ തങ്ങളിലോ പരസ്പരമോ ഒതുങ്ങാതെ ഭാവിയിലേക്ക് തിരിയുന്നു.

പുരുഷൻ സ്ത്രീക്കു നല്കുന്ന ‘ഹവ്വാ’ എന്ന പേര് ദൈവം മോശയ്ക്കു വെളിപ്പെടുത്തിയ ‘യാഹ്‌വേ’ എന്നപേരുമായി ബന്ധപ്പെട്ടിരിക്കുന്നു. രണ്ടിന്റെയും മൂലം ‘ഹയാ’ എന്ന ക്രിയാപദം തന്നെ. ജീവിക്കുന്ന, തന്നിൽത്തന്നെ ജീവനുള്ളവനും ജീവന്റെ ഉറവിടവുമായ ‘യാഹ്‌വേ’യിൽ നിന്നാണ് ഹവ്വായുടെ ഉത്ഭവം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ജീവിക്കുന്ന സകലരുടെയും

മാതാവാകാനുള്ള കൃപ ലഭിച്ച സ്ത്രീ ഹവ്വാ ആയത് യാഹ്വേയുടെ കരുണയാലാണ്. മരണം കല്പിച്ചവൻ തന്നെ ജീവന്റെ ഉറവിടമാകുന്നു. മരണത്തിനു വിധിക്കപ്പെട്ടവരിൽ നിന്ന് ജീവൻ നിർഗ്ഗളിക്കാൻ ജീവന്റെ നാഥനായ യാഹ്‌വേ ഇടവരുത്തുന്നു.

ദൈവം മരണശിക്ഷ വിധിച്ച ഉടനെ പുരുഷൻ തന്റെ ഭാര്യയെ ഹവ്വാ എന്നുവിളിക്കുന്നത് ഒരു പ്രതിഷേധത്തിന്റെയും ദൈവകല്പനയോടുള്ള വെല്ലുവിളിയുടെയും അടയാളമായി കാണുന്നവരുണ്ട്. എന്നാൽ, പ്രതിഷേധവും നിഷേധവുമല്ല, പ്രത്യാശയാണ് ഈ പേരിലൂടെ പ്രകടമാകുന്നത്. മരണശിക്ഷയ്ക്ക് ഒരിക്കൽ മാറ്റമുണ്ടാകുമെന്നും അമർത്യത മനുഷ്യന് കൈവരുമെന്നും ഉള്ള പ്രത്യാശ; അതുവരെ ജീവൻ കൈമാറിനില്കുന്നവളാണ് ഹവ്വാ. അവളാണ് പ്രത്യാശയുടെ ദീപം അണയാതെ കാത്തുസൂക്ഷിക്കുന്നത്.

ദൈവത്തിൽനിന്നു ജീവൻ സ്വീകരിച്ച് തലമുറകൾക്ക് കൈമാറുന്നവളാണ് ഹവ്വാ. കായേന്റെ ജനനത്തിൽ ആഹ്ലാദിച്ച ഹവ്വാ പാടുന്ന ഒരു സ്തോത്രഗീതമുണ്ട്: “കർത്താവ് കടാക്ഷിച്ച് എനിക്ക് ഒരു പുത്രനെ നല്കിയിരിക്കുന്നു” (ഉൽപ 4,1). സ്ത്രീ-പുരുഷ സംയോഗത്തിലൂടെയാണ് സന്താനങ്ങൾ ജനിക്കുന്നത് എന്ന ജീവശാസ്ത്രപരമായ സത്യം അംഗീകരിച്ചുകൊണ്ടുതന്നെ വി. ഗ്രന്ഥകാരൻ എടുത്തുകാട്ടുന്ന ദൈവശാസ്ത്രപരമായ ഒരു സത്യമാണ് ഹവ്വായുടെ സ്തോത്രഗീതത്തിൽ പ്രതിഫലിക്കുന്നത്. സന്താനങ്ങൾ ദൈവത്തിന്റെ സമ്മാനമാണ്. ജീവൻ ദൈവത്തിന്റെ ദാനമാണ്; തന്റെ സൃഷ്ടികൾ ഒന്നും നശിച്ചുപോകാതെ ജീവൻ പ്രാപിച്ച് നിലനിൽക്കണം എന്നതാണ് ദൈവത്തിന്റെ ആഗ്രഹവും പദ്ധതിയും. ആ പദ്ധതിയുടെ പൂർത്തീകരണം നടക്കുന്നത് ഹവ്വായിലൂടെയാണ്.

ജീവിക്കുന്നവരുടെയെല്ലാം മാതാവായ ഹവ്വാ സ്ത്രീത്വത്തിന്റെതന്നെ പ്രതീകവും പ്രതിനിധിയുമാണ്. അതോടൊപ്പം നിത്യജീവനിലേക്കുള്ള മനുഷ്യന്റെ പുനർ ജനനത്തിനു സഹകാരിയായ സഭയുടെയും പ. കന്യാമറിയത്തിന്റെയും മുന്നോടിയും പ്രതീകവും കൂടിയാണവൾ. ‘ഇതാ നിന്റെ അമ്മ’ എന്ന് കുരിശിൻചുവട്ടിൽനിന്ന മറിയത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് യോഹന്നാനോടു പറഞ്ഞപ്പോൾ യേശു ഈ സത്യം വെളിപ്പെടുത്തുകയായിരുന്നു. ഹവ്വായിൽ തുടങ്ങിയ ജീവന്റെ പ്രക്രിയ പുതിയ

ഹവ്വാ ആയ മറിയത്തിലാണ് പൂർത്തിയാകുന്നത്. നിത്യജീവനിലേക്കു മക്കളെ ജനിപ്പിക്കുന്ന രക്ഷാകരപ്രവൃത്തി ദൈവം സഭയിലൂടെ തുടരുന്നു. അങ്ങനെ മറിയവും സഭയും ഒരുപോലെ ഹവ്വായുടെ സ്ഥാനത്തുനില്ക്കുന്നു.

മനുഷ്യസമൂഹത്തിൽ പ്രത്യാശ കെട്ടുപോകാതെ കാത്തു സൂക്ഷിക്കുന്നവാളാണ്, സൂക്ഷിക്കേണ്ടവളാണ് ഹവ്വാ. അത് ഓരോ സ്ത്രീയുടെയും ദൗത്യവുമാണ്. ഭാവിയെ പ്രത്യാശയോടെ, ശുഭാപ്തി വിശ്വാസത്തോടെ നേരിടാൻ കഴിയുന്നവൾ അമ്മയാണ്, വഴിവിളക്കാണ്. വഴിവിളക്കു കരിന്തിരി കത്താൻ, എണ്ണയില്ലാതെ അണഞ്ഞുപോകാൻ ഇടവരരുത്. എല്ലാവരും തളരുമ്പോഴും തളരാത്തവളാണ് ഹവ്വാ; അവളാണ് അമ്മ.

ജീവന്റെ നിലനില്പ്പിനും വളർച്ചയ്ക്കും ആവശ്യമായ ശുശ്രൂഷയുടെ സകലതലങ്ങളെയും സ്പർശിക്കുന്നതാണ് ഹവ്വാ എന്ന പേര്. പ്രസവിച്ചതുകൊണ്ടു മാത്രം ആരും ഈ അർത്ഥത്തിൽ  അമ്മയാകുന്നില്ല. മുലയൂട്ടി വളർത്തുകയും മുറിവുവച്ചുകെട്ടി ശുശ്രൂഷിക്കുകയും മാറോടു ചേർത്ത് ആശ്വസിപ്പിക്കുകയും ചെയ്യുക എല്ലാം അമ്മയുടെ വിവിധ ഭാവങ്ങൾ തന്നെ. പുരുഷൻ തന്റെ ഭാര്യയെ ഹവ്വാ എന്നു വിളിക്കുമ്പോൾ ജീവന്റെ സംരക്ഷണത്തിലുള്ള അദ്വീതിയമായ അവളുടെ പങ്ക് അംഗീകരിക്കുകയും ഏറ്റുപറയുകയുമാണ് ചെയ്യുക. സ്ത്രീജന്മം ധന്യമാകുന്നത്, സ്ത്രീ അനുഗ്രഹമാകുന്നത്, നാരി ഹവ്വയാകുന്നത്, ഇതിലൂടെയാണ്.

അനുരഞ്ജനത്തിന്റെ പദമാണ് ഹവ്വാ. “നീ എനിക്കു  കൂട്ടിനുതന്ന സ്ത്രീ” എന്നു വിശേഷിപ്പിച്ചുകൊണ്ടു പ്രകടമാക്കിയ അകൽച്ചയും തിരസ്കരണവും ഇവിടെ തിരുത്തിക്കുറിക്കുന്നു. പരസ്പരം എതിർക്കുകയും മത്സരിക്കുകയും കീഴടക്കാൻ ശ്രമിക്കുകയും തിരസ്കരിക്കുകയുമല്ല, ദുരന്തത്തിലും ഒരുമിച്ചുനിന്ന്, മരണത്തെപ്പോലും കീഴടക്കാൻ ശ്രമിക്കുകയാണ് പരുഷൻ സ്ത്രീയുടെ സഹായത്തോടെ. താൻപോരിമ കൈവെടിഞ്ഞ്, ‘നീ എന്റേത്’ എന്ന കീഴടക്കി സ്വന്തമാക്കുന്ന ഭാവം ഉപേക്ഷിച്ച്, നാം ഒരുമിച്ച് ഭാവിയെ നേരിടണം, മരണം നിഴൽപരത്തിയ ചക്രവാളത്തിൽ ജീവന്റെ പ്രകാശം പ്രസരിപ്പിക്കണം എന്ന തീരുമാനമാണ് ഹവ്വാ എന്നപേരു നല്കുന്നതിലൂടെ പുരുഷൻ പ്രകടമാക്കുന്നത്.

ബൈബിൾ വിവരിക്കുന്ന രക്ഷാചരിത്രത്തിൽ ഇനിയങ്ങോട്ട് പുരുഷനും സ്ത്രീയും ആദം എന്നും ഹവ്വാ എന്നും അറിയപ്പടും. പുരുഷനെ മൊത്തമായും ആദിപുരുഷനെ പ്രത്യേകമായും സൂചിപ്പിക്കുന്ന പദമാണ് ആദാം. മണ്ണിനോടുള്ള മനുഷ്യന്റെ ബന്ധമാണ് ആ പേരിന് പിന്നിലുള്ളത്. മണ്ണ് എന്നർത്ഥമുള്ള 'ആദമാ' എന്ന വാക്കിൽ നിന്നാണ് ആദാം എന്ന പേരിന്റെ ഉത്ഭവം. ജീവിക്കുക എന്നർത്ഥമുള്ള 'ഹയാ' എന്ന ധാതുവിൽ നിന്നുത്ഭവിക്കുന്നതും ജീവന്റെ നാഥനായ 'യാഹ്‌വേ'യോടു ബന്ധപ്പെട്ടതുമാണ് ഹവ്വാ എന്ന പേര്. മനുഷ്യന്റെ രണ്ടു ഭാവങ്ങളെ ദ്യോതിപ്പിക്കാൻ ഈ രണ്ടു പേരുകൾ സഹായിക്കുന്നു. മണ്ണിൽനിന്നു വന്ന് മണ്ണിലേക്കു മടങ്ങുന്ന ആദാമും ജീവനിലേക്കു നയിക്കുന്ന ഹവ്വായും - മർത്യതയും അമർത്യതയും ചേർന്ന അത്ഭുതസൃഷ്ടിയായ മനുഷ്യൻ, അതാണ് ആദാമും ഹവ്വായും.

സ്ത്രീത്വത്തെ സംബന്ധിച്ച് ബൈബിളിന്റെ ആദ്യതാളുകളിൽ അവതരിപ്പിക്കുന്ന ഉദാത്തവും മനോഹരവുമായ ചിത്രം അപഗ്രഥിച്ചുകഴിഞ്ഞു. അടുത്തതായി ബൈബിളിലെ ചില പ്രതീകങ്ങളാണ് പഠനവിഷയമാക്കുന്നത്.

# 8

## ഇസ്രായേൽ കന്യക

**സ്ത്രീ**യെ സംബന്ധിച്ചു ബൈബിളിന്റെ അടിസ്ഥാനപരമായ കാഴ്ചപ്പാടു മനസ്സിലാക്കാനാണ് ഇതുവരെ ശ്രമിച്ചത്. അതിനായി ഉത്പത്തി പുസ്തകത്തിന്റെ ആദ്യ അധ്യായങ്ങളിലെ പരാമർശ നങ്ങൾ വിശദമായി വിശകലനം ചെയ്തു. മനുഷ്യന്റെ ഉത്ഭവം, സ്വഭാവം, ലക്ഷ്യം, ദൈവത്തോടും പ്രപഞ്ചത്തോടുമുള്ള മനുഷ്യന്റെ ബന്ധം, മനുഷ്യൻ അനുഭവിക്കുന്ന തിന്മകളുടെ കാരണം, അതിൽനിന്നു ലഭ്യമായ മോചനം എന്നിങ്ങനെയുള്ള ഏറ്റവും അടി സ്ഥാന സത്യങ്ങളാണ് 'ആദിചരിത്രം' എന്നു വിശേഷിപ്പിക്കപ്പെ ടുന്ന ഈ അധ്യായങ്ങളിൽ അവതരിപ്പിക്കപ്പെടുന്നത്. ബൈബി ളിൽ പ്രത്യക്ഷപ്പെടുന്ന സ്ത്രീകഥാപാത്രങ്ങളെക്കുറിച്ചു പ്രതിപാ ദിക്കുന്നതിനുമുമ്പ് ബൈബിളിന്റെ ഇതരഭാഗങ്ങൾ അവതരിപ്പിക്കുന്ന ചില പൊതുകാഴ്ചപ്പാടുകൾകൂടി പരിശോധിക്കേണ്ടതുണ്ട്. അതിനു സഹായകമായ ഒന്നാണ് 'ഇസ്രായേൽകന്യക' എന്ന പ്രതീകം.

ഇസ്രായേൽജനത്തെ മൊത്തമായി സൂചിപ്പിക്കാൻ അനേ കംതവണ ബൈബിളിൽ ഉപയോഗിച്ചിട്ടുള്ള ഒരു പ്രതീകമാണ് ഇസ്രായേൽകന്യക. സീയോൻകന്യക, സീയോൻപുത്രി, എന്റെ ജനത്തിന്റെ പുത്രി എന്നിങ്ങനെ പല പേരുകളിലും ഈ പ്രതീകം പ്രത്യക്ഷപ്പെടുന്നുണ്ട്.

ഒരു ജനത്തെ മുഴുവൻ സൂചിപ്പിക്കാൻ സ്ത്രീയുടെ, അതു കന്യകയോ മാതാവോ ആകട്ടെ, പ്രതീകം ഉപയോഗിക്കുന്നത് ബൈബിളിൽ മാത്രമല്ല, മിക്കവാറും എല്ലാ ജനതകളുടെ ഇട യിലും സാധാരണമാണ്. ഭാരതാംബിക, മാതൃഭൂമി തുടങ്ങിയ പ്രയോഗങ്ങൾ നമുക്കു സുപരിചിതങ്ങളാണല്ലോ. ജനത്തെ ഒന്ന ടങ്കം പ്രതിനിധാനം ചെയ്യുന്നത് സ്ത്രീയാണ്, പ്രത്യേകിച്ച് അമ്മ എന്ന അവളുടെ ഭാവത്തിൽ. എന്നാൽ, ഇസ്രായേൽകന്യക എന്ന പ്രയോഗത്തിന് കൂടുതൽ ആഴമേറിയ അർത്ഥമുണ്ട്.

ഈജിപ്തിൽ അടിമകളായി കഴിഞ്ഞിരുന്ന ഒരുകൂട്ടം ആളുകളെ ദൈവം പ്രത്യകമായി തിരഞ്ഞെടുത്ത്, അത്ഭുതകരമായി മോചിപ്പിച്ച്, കടൽകടത്തി, മരുഭൂമിയിലൂടെ നയിച്ച് സീനായ്മലയുടെ അടിവാരത്തിലെത്തിച്ചു. അവിടെവച്ച് ദൈവം അവരുമായി ഒരു ഉടമ്പടി ചെയ്തു. അങ്ങനെ മേൽവിലാസം ഇല്ലാതിരുന്ന ഒരുപറ്റം അടിമകളെ ദൈവം ഒരു ജനമാക്കി; സ്വന്തം ജനം, ദൈവജനം എന്ന് അവരെ വിളിച്ചു. ഉടമ്പടിയിൽ ദൈവത്തിന്റെ പങ്കാളിയായ ഈ ജനം ഒറ്റ വ്യക്തിയായി പരിഗണിക്കപ്പെട്ടു. 'നീ' എന്ന് ദൈവം അവരെ വിളിച്ചു. "നീ എന്റെ ജനമായിരിക്കും" (പുറ 19,5).

ഈ ജനത്തെ ആദ്യമാദ്യം 'പുത്രൻ' എന്നാണ് ദൈവം വിളിച്ചത്. കർത്താവ് പറയുന്നു. "ഇസ്രായേൽ എന്റെ പുത്രനാണ്, എന്റെ ആദ്യ ജാതൻ" (പുറ 4,23). എന്നാൽ, പ്രവാചകന്മാരുടെ കാലമായപ്പോഴേക്കും ഇസ്രായേലിനെ ദൈവം സ്നേഹിച്ച വധുവായി ചിത്രീകരിച്ചു തുടങ്ങി. "ഇസ്രായേൽകന്യക" എന്ന പ്രയോഗം ആമോസിൽ കാണാമെങ്കിലും (ആമോ 5,2) തൊട്ടു പിന്നാലെ വന്ന ഹോസിയാപ്രവാചകനാണ് ഈ പ്രതീകം ശരിക്കും വിശദീകരിച്ചതും ഏറ്റം കൂടുതൽ ഉപയോഗിച്ചതും.

വ്യക്തിപരമായ തിക്താനുഭവത്തിലൂടെ ദൈവസ്നേഹത്തിന്റെ ആഴമറിഞ്ഞ പ്രവാചകനാണ് ഹോസിയ. താൻ ഗാഢമായി പ്രേമിച്ച് വിവാഹം/ചെയ്ത ഭാര്യ അവിശ്വസ്തയായി അകന്നുപോയപ്പോൾ പ്രവാചകന്റെ ലോലഹൃദയത്തിൽ ആഴമേറിയ മുറിവേറ്റു. എന്നാൽ, 'പുകഞ്ഞ കൊള്ളി പുറത്ത്' എന്നു കരുതി അവളെ ഉപേക്ഷിക്കാതെ, അസ്തമിക്കാത്ത, ഒരിക്കലും കുറയാത്ത സ്നേഹവുമായി അന്വേഷിച്ചു ചെല്ലുകയും എവിടെയോ അടിമയായിത്തീർന്നിരുന്ന അവളെ പണം കൊടുത്തു മോചിപ്പിക്കുകയും ചെയ്തു (ഹോസി 3,1-5). തന്റെ സ്വകാര്യജീവിതത്തിലെ ഈ അനുഭവം ദൈവസ്നേഹത്തിന്റെ ആഴങ്ങളിലേക്ക് എത്തിനോക്കാൻ ഹോസിയായെ സഹായിച്ചു. ഈ അറിവും അനുഭവവും അദ്ദേഹത്തെ ദൈവസ്നേഹത്തിന്റെ പ്രവാചകനാക്കി മാറ്റി.

അവിശ്വസ്തയായിത്തീർന്ന തന്റെ ഭാര്യയെ ഇസ്രായേൽജനത്തിന്റെ മുഴുവൻ പ്രതീകമായി ഹോസിയാ കണ്ടു. അത് രക്ഷാചരിത്രത്തിലെ വലിയൊരു ഉൾക്കാഴ്ചയും ഒപ്പം വെളിപ്പെടുത്തലുമായിരുന്നു. സീനായ് മലയിൽ വച്ചു ദൈവം ഇസ്രായേൽജനവുമായി ചെയ്തത് ഒരു വിവാഹ ഉടമ്പടിയായിരുന്നു എന്നു പ്രവാ

ചകൻ തിരിച്ചറിഞ്ഞു. ഈ ഉടമ്പടിയിലൂടെ ജനം ദൈവത്തിന്റെ സ്വന്തമായി, വിവാഹത്തിലൂടെ സ്ത്രീപുരുഷന്മാർ പരസ്പരം സ്വന്തമാകുന്നതുപോലെ, ഒന്നാകുന്നതുപോലെ. ഈ ബന്ധത്തിൽ മൂന്നാമതൊരാൾ കടന്നുവരാൻ പാടില്ല.

എന്നാൽ, ഇസ്രായേൽജനം യാഹ്‌വേക്കുപകരം ബാലിനെയും മറ്റു പല ദൈവങ്ങളെയും ആരാധിച്ചു. അത് ഉടമ്പടിയോടുള്ള അവിശ്വസ്തത ആയിരുന്നു. അതിനാൽ ഈ ലംഘനത്തെ വേശ്യാവൃത്തിയായിട്ടാണ് പ്രവാചകൻ വിശദീകരിച്ചത്. അങ്ങനെ വിഗ്രഹാരാധന = വേശ്യാവൃത്തി എന്ന സമവാചകം രൂപംകൊണ്ടു. സ്വന്തം തിക്താനുഭവം ഇവിടെ പ്രവാചകനു വഴികാട്ടിയായി. വേശ്യയായിത്തീർന്നവളെ താൻ ഉപേക്ഷിക്കാതെ അന്വേഷിച്ചു കണ്ടെത്തുകയും വീണ്ടും ഭാര്യയായി സ്വീകരിക്കുകയും ചെയ്തതുപോലെ, ദൈവം ഇസ്രായേലിനെ ഉപേക്ഷിക്കുകയില്ല; ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുമെങ്കിലും വീണ്ടും സ്വന്തം ജനമായി സ്വീകരിക്കും എന്നു ഹോസിയാ മനസ്സിലാക്കി. അതോടെ ദൈവവും ഇസ്രായേലും തമ്മിലുള്ള ഉടമ്പടിബന്ധത്തെ വിവാഹ ഉടമ്പടിയായി ചിത്രീകരിക്കുന്ന പാരമ്പര്യം രൂപംകൊണ്ടു. ഇനി അങ്ങോട്ടുള്ള പ്രവാചകന്മാരെല്ലാം തന്നെ ഈ പ്രതീകം ധാരാളമായി ഉപയോഗിക്കുന്നതു കാണാം.

ഇസ്രായേൽജനത്തിന്റെ രാഷ്ട്രീയവും മതപരവുമായ സിരാകേന്ദ്രമായിരുന്നു ദാവീദ് കീഴടക്കി തലസ്ഥാന നഗരിയാക്കി മാറ്റിയ ജറുസലെം. സോളമൻ അവിടെ ദേവാലയം നിർമിച്ചതോടെ ജറുസലെംനഗരം എല്ലാവിധത്തിലും ഇസ്രായേൽ ജനത്തിന്റെ കേന്ദ്രം മാത്രമല്ല, പ്രതീകവുമായി. ജറുസലെമിനെ കന്യകയെന്നും മാതാവെന്നും വിശേഷിപ്പിക്കാൻ തുടങ്ങി. പര്യായമായി സീയോൻ കന്യക, സീയോൻ പുത്രി എന്നീ പ്രയോഗങ്ങളും നിലവിൽ വന്നു. ജറുസെലം – (സീയോൻ) ഇസ്രായേൽജനത്തിന്റെ പ്രതീകവും അതേസമയം മാതാവുമായി പരിഗണിക്കപ്പെട്ടു. ഒപ്പം ദൈവം സ്വന്തമായി തിരഞ്ഞെടുത്ത വധുവും.

ജനത്തിന്റെ സകല പുണ്യവും പാപവും ഇസ്രായേൽകന്യകയിൽ ചുമത്തപ്പെട്ടു. ദൈവത്തിന്റെ പ്രത്യേക സ്നേഹത്തിനും തിരഞ്ഞെടുപ്പിനും പാത്രമാവുകയും ഉടമ്പടിയോടു വിശ്വസ്തത പാലിക്കുകയും ചെയ്ത ജനം വിശ്വസ്തകന്യകയാണ്. എന്നാൽ, ജനം അനീതിയും വിഗ്രഹാരാധനയും വഴി ഉടമ്പടി ലംഘിച്ചപ്പോൾ

അവൾ വേശ്യയായി. ദൈവത്തിന്റെ വധുവും ദൈവജനത്തിന്റെ മാതാവുമായ ഇസ്രായേൽ കന്യക ജനത്തിന്റെ പാപവും അതിനുള്ള ശിക്ഷയും ഏറ്റുവാങ്ങണം. "ഇസ്രായേൽകന്യക വീണുപോയി. അവൾ ഇനി എഴുന്നേൽക്കയില്ല. അവൾ സ്വദേശത്തു പരിത്യക്തയായി കിടക്കുന്നു" (ആമോ 5,2) എന്ന ആമോസിന്റെ വിലാപഗാനം പ്രതീകാത്മകമായ ഉപയോഗത്തിന്റെ ഉദാഹരണമാണ്. "വിശ്വസ്തനഗരം വേശ്യയായിത്തീർന്നതെങ്ങനെ?" (ഏശ 1,21) എന്ന ചോദ്യം ഈ പ്രതീകത്തിന്റെ മറ്റൊരു വശം വെളിപ്പെടുത്തുന്നു. ഇസ്രായേൽ ജനത്തിനുവേണ്ടി ദൈവം ചെയ്ത വലിയ കാര്യങ്ങളും ഇസ്രായേലിന്റെ കൃതഘ്നതയും ഏറ്റം വ്യക്തമായി ചിത്രീകരിക്കുന്ന ഒരു പ്രതീകമാണ് എസെക്കിയേൽ 16-ാം അധ്യായത്തിൽ വിശദമായി വർണിക്കുന്നത്. ശിക്ഷ മുഴുവൻ ഏറ്റുവാങ്ങി ദുഃഖസാഗരത്തിൽ മുങ്ങുന്ന മാതാവായി സീയോൻകന്യകയെ 'വിലാപങ്ങൾ' ചിത്രീകരിക്കുന്നു. "കർത്താവ് യൂദായുടെ കന്യകയായ പുത്രിയെ മുന്തിരിച്ചക്കിൽ എന്നപോലെ ചവിട്ടി ഞെരിച്ചു" (വിലാ 1,15). "കന്യകയായ സീയോൻപുത്രീ, നിന്നെ ആശ്വസിപ്പിക്കാൻ ഞാൻ നിന്നെ എന്തിനോട് താരതമ്യപ്പെടുത്തും? നിന്റെ നാശം സമുദ്രംപോലെ വിശാലമാണ്" (വിലാ 2,13).

ജനത്തിന്റെ വിശ്വസ്തതയും വീഴ്ചയും സന്തോഷവും ദുഃഖവും എല്ലാം പ്രകടമാക്കാൻ പ്രവാചകന്മാരും ഗായകരും കണ്ടെത്തുന്ന പ്രതീകം സ്ത്രീയുടേതാണ് എന്നതു ശ്രദ്ധേയമത്രേ. ദൈവത്തിന്റെ മുമ്പിൽ നില്ക്കുന്ന മനുഷ്യന്റെ മുഴുവൻ പ്രതീകമാണ് സ്ത്രീ; സമൂഹം എന്തോ അതാണ് സ്ത്രീ; അവൾ വിശുദ്ധയാണ്, പാപിയുമാണ്. വിശ്വസ്തകന്യകയാണ്, വേശ്യയുമാണ്. മാതാവാണ്, സ്വൈരിണിയുമാണ്. ഇതൊന്നും സ്ത്രീയുടെ മാത്രം പ്രത്യേകതയല്ല. സ്ത്രീയും പുരുഷനും ഉൾക്കൊള്ളുന്ന മനുഷ്യസമൂഹത്തിന്റെയും ദൈവജനത്തിന്റെയും മുഴുവൻ സവിശേഷതയാണ്. അതേസമയം ദൈവവുമായുള്ള മനുഷ്യാത്മാവിന്റെയും മാനവസമൂഹത്തിന്റെയും ബന്ധം വെളിപ്പെടുത്താനും വിശദീകരിക്കാനും വിശുദ്ധഗ്രന്ഥം ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന പ്രതീകം സ്ത്രീയുടേതത്രേ. ഇതു പഴയ നിയമത്തിന്റെ മാത്രം പ്രത്യേകതയല്ല; പുതിയ നിയമത്തിലും ഇതേ പ്രതീകമാണ് ഉപയോഗിച്ചിരിക്കുന്നത്. അതിലേക്കാണ് അടുത്തതായി ശ്രദ്ധതിരിക്കുന്നത്.

# 9

## തിരുസഭാമാതാവ്

**ജ**നത്തെ ഒന്നടങ്കം ഒറ്റവ്യക്തിയായി കാണുന്ന സംഘാതവ്യ ക്തിത്വം (Corporate Personality) എന്ന കാഴ്ചപ്പാടനുസരിച്ച് ഇസ്രാ യേൽജനത്തെ പഴയനിയമം 'സീയോൻകന്യക' എന്നു വിളിച്ചു; അതേ സമയം അവളെ ഇസ്രായേൽജനത്തിന്റെ മാതാവായും ചിത്രീകരിച്ചു. സീനായ് ഉടമ്പടി വഴി ദൈവത്തിന്റെ സ്വന്തമായി ത്തീർന്ന ജനം പലപ്പോഴും ആ ഉടമ്പടി ലംഘിച്ച് അവിശ്വ സ്തയും വേശ്യയും ആയിത്തീർന്നു. എന്നാൽ, ദൈവം തന്നെ അവരുടെ അവിശ്വസ്തതയുടെ മുറിവുണക്കുമെന്നും മലിനയാ യിത്തീർന്ന അവളെ കഴുകി ശുദ്ധീകരിച്ച് തിരിച്ചെടുക്കുമെന്നും എന്നേക്കും വിശ്വസ്തയായിരിക്കാൻ കഴിവു നല്കുമെന്നും പ്രവാ ചകന്മാരിലൂടെ വാഗ്ദാനം ചെയ്തിരുന്നു.

സീനായ് ഉടമ്പടിയെ വിവാഹോടമ്പടിയായി വ്യാഖ്യാനിച്ച ഹോസിയാ പ്രവാചകൻ തന്നെയാണ് ഈ വാഗ്ദാനത്തിന്റെയും മുഖ്യ വക്താവ്. "ഞാൻ അവളെ വശീകരിച്ച് വിജനപ്രദേശ ത്തേക്കു കൊണ്ടുപോകും. അവളോടു ഞാൻ ഹൃദ്യമായി സംസാ രിക്കും.... അന്നു നീ എന്നെ പ്രിയതമൻ എന്നു വിളിക്കും... എന്നേക്കുമായി നിന്നെ ഞാൻ പരിഗ്രഹിക്കും. നീതിയിലും സത്യ ത്തിലും സ്നേഹത്തിലും കാരുണ്യത്തിലും നിന്നെ ഞാൻ സ്വീക രിക്കും. വിശ്വസ്തതയിൽ നിന്നെ ഞാൻ സ്വന്തമാക്കും; കർത്താ വിനെ നീ അറിയും" (ഹോസി. 21:14-20).

ഭാവിയിൽ പൂർത്തിയാകാനിരുന്ന ഈ വാഗ്ദാനം തുടർന്നു വന്ന പ്രവാചകന്മാർ ആവർത്തിച്ചു. പുതിയ ഉടമ്പടിയെക്കുറിച്ചു പ്രവചിച്ച ജറെമിയാ ശാശ്വതവും അഭംഗുരവുമായ ജനത്തിന്റെ വിശ്വസ്തത സ്വപ്നം കണ്ടു. "....ഞാൻ ഒരു പുതിയ ഉടമ്പടി ചെയ്യുന്ന ദിവസം ഇതാവരുന്നു.... ഞാൻ എന്റെ നിയമം അവ

രുടെ ഉള്ളിൽ നിക്ഷേപിക്കും; അവരുടെ ഹൃദയത്തിൽ എഴുതും... അവരുടെ അകൃത്യത്തിനു ഞാൻ മാപ്പു നല്കും. അവരുടെ പാപം എന്റെ മനസ്സിൽ വയ്ക്കുകയില്ല" (ജറെ.31:1-34). കഴുകി ശുദ്ധീക രിക്കുന്ന ദൈവസ്നേഹത്തെയും അവിടുത്തെ വിശ്വസ്തതയെ യുംകുറിച്ച് എസെക്കിയേൽ കൂടുതൽ വാചാലനായി. "ഞാൻ നങ്ങളുടെമേൽ ശുദ്ധജലം തളിക്കും. എല്ലാ മാലിന്യങ്ങളിലും നിന്ന് നിങ്ങൾ ശുദ്ധീകരിക്കപ്പെടും... ഒരു പുതിയഹൃദയം ഞാൻ നിങ്ങൾക്കു നല്കും... എന്റെ ആത്മാവിനെ നിങ്ങളിൽ നിവേശി പ്പിക്കും. നിങ്ങളെ എന്റെ കല്പനകൾ കാക്കുന്നവരും നിയമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധയുള്ളവരും ആക്കും" (എസെ.36:25-27).

ഇപ്രകാരമുള്ള വാഗ്ദാനങ്ങൾ യേശുവിൽ പൂർത്തിയായി. അവന്റെ രക്തത്തിൽ ഉറപ്പിക്കപ്പെട്ട പുതിയ ഉടമ്പടി (ലൂക്ക 22:20) വിശുദ്ധീകരിക്കപ്പെട്ട ദൈവജനത്തിന്റെ പുതിയ തുടക്കമായി. ജാതിയുടെയും വർഗ്ഗത്തിന്റെയും മതിലുകൾ തകർത്ത് എല്ലാ ജനതകളെയും ഉൾക്കൊള്ളുംവിധം (മത്താ 8:11, അപ്പ. 10:34-35. ഗലാ 3:26-28) വിശാലമായ പുതിയ ദൈവജനത്തിന് തുടക്കം കുറിച്ചത് യേശുവിന്റെ ബലിയിലൂടെ പൂർത്തിയായ പുതിയ ഉട മ്പടിയാണ്.

പുതിയ ഉടമ്പടിയിലൂടെ ദൈവത്തിന്റെ സ്വന്തം ജനമായി ത്തീർന്നവരെയാണ് 'യേശുവിന്റെ സഭ' എന്ന് പുതിയനിയമം വിശേഷിപ്പിക്കുന്നത്. ഇസ്രായേൽജനത്തെ എന്നപോലെ ഈ പുതിയ ദൈവജനത്തെയും ഒറ്റവ്യക്തിയായി വീക്ഷിക്കുന്ന കാഴ്ച പ്പാട് പുതിയ നിയമത്തിൽ കാണാം. വി.പൗലോസിന്റെ ചില ലേഖനങ്ങളിലും വെളിപാടു പുസ്തകത്തിലുമാണ് ഈ കാഴ്ച പ്പാട് അധികപങ്കും പ്രകടമാകുന്നത്.

ഹോസിയാ പ്രവാചകന്റെ ചുവടുപിടിച്ച് വി.പൗലോസും യേശുവിന്റെ ഉടമ്പടിയെ ഒരു വിവാഹോടമ്പടിയായി ചിത്രീക രിച്ചു. ഭാര്യാ-ഭർത്താക്കന്മാർ തമ്മിൽ നിലനിൽക്കുന്ന, സ്നേഹ ത്തിലും വിശ്വസ്തതയിലും വിധേയത്വത്തിലും അധിഷ്ഠിതമായ ബന്ധത്തെ വിശദീകരിക്കാൻ അപ്പസ്തോലൻ കണ്ടെത്തിയ ഏറ്റം മനോഹരമായ ഉദാഹരണവും മാതൃകയുമാണ് ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധം. എഫേ 5:22-33 ൽ ഈ വിഷയം വിശദമായി ചർച്ചചെയ്തിരിക്കുന്നു. സഭയെ ഒരേസമയം ക്രിസ്തു വിന്റെ ശരീരവും മണവാട്ടിയുമായി അപ്പസ്തോലൻ ചിത്രീകരി

ക്കുന്നു. സഭയെ സകലമാലിന്യങ്ങളിൽനിന്നും കഴുകി വിശുദ്ധീകരിച്ച് കറയോ ചുളിവോ കുറവുകളോ ഇല്ലാത്ത മഹത്ത്വപൂർണയായി, തന്റെ നിർമലവധുവായി, ക്രിസ്തു സ്വീകരിച്ചിരിക്കുന്നുവെന്ന് അപ്പോസ്തോലൻ പഠിപ്പിക്കുന്നു.

സ്വന്തം ജീവൻ കുരിശിൽ ബലിയായി അർപ്പിച്ചുകൊണ്ടാണ് ക്രിസ്തുസഭയുടെ വിശുദ്ധീകരണം സാധിച്ചത്. എസെക്കിയേൽ പ്രവാചകൻ സ്വപ്നം കണ്ട ശുദ്ധീകരിക്കുന്ന ജലം യേശുവിന്റെ രക്തവും, അവന്റെ മരണവും ഉത്ഥാനവുംവഴി നല്കപ്പെട്ട പരിശുദ്ധാത്മാവും ആണെന്ന് പുതിയനിയമത്തിൽ വെളിപ്പെട്ടു. "ജലംകൊണ്ട് കഴുകി, വചനത്താൽ വെൺമയുള്ളതാക്കി" (എഫേ 5:26) എന്നുപറയുമ്പോൾ ദൈവവചനത്തിൽ വിശ്വസിച്ച, മാമ്മോദീസവഴി ദൈവജനമായിത്തീരുന്ന വ്യക്തികളിൽ ദൈവാത്മാവു നടത്തുന്ന വിശുദ്ധീകരണ പ്രവൃത്തിയിലേക്കാണ് അപ്പസ്തോലൻ വിരൽ ചൂണ്ടുന്നത്. കഴുകി ശുദ്ധീകരിക്കുന്നതും നിർമലയായി കാത്തുസൂക്ഷിക്കുന്നതും ക്രിസ്തു തന്നെയാണ്.

ദൈവജനത്തിന്റെ ഭാഗമായിത്തീരുന്ന ഒറ്റപ്പെട്ട വ്യക്തികൾ പാപംമൂലം അവിശ്വസ്തരായിത്തീരാമെങ്കിലും ദൈവജനം ഒന്നടങ്കം ഒരിക്കലും അവിശ്വസ്തരാകില്ല, അകന്നുപോകില്ല എന്ന് ദൈവവചനം ഉറപ്പുനല്കുന്നു. സഭയെ ക്രിസ്തുവിന്റെ വധുവായി ചിത്രീകരിക്കുമ്പോൾ എടുത്തുകാട്ടുന്ന ഏറ്റം പ്രധാനപ്പെട്ട സവിശേഷതയാണ് അചഞ്ചലമായ വിശ്വസ്തത. ക്രിസ്തുവിന്റെ സ്നേഹവും അതിന്റെ പരമപ്രകടനമായ ബലിയുമാണ് ഈ വിശ്വസ്തതയ്ക്ക് അടിത്തറയും ഉറപ്പുമായി നിൽക്കുന്നത്. സഭയോടുള്ള ക്രിസ്തുവിന്റെ സ്നേഹത്തിന് ഒരിക്കലും കുറവുവരികയില്ല; ക്രിസ്തുവിനോടുള്ള സഭയുടെ സ്നേഹവും വിശ്വസ്തതയും വിധേയത്വവും അതുപോലെ തന്നെ ശാശ്വതമായിരിക്കും. സ്നേഹത്തിലും വിശ്വസ്തതയിലും അടിയുറച്ച ദൈവ-മനുഷ്യ ബന്ധത്തെ ദൃശ്യമായി അവതരിപ്പിക്കാൻ ഇതിനെക്കാൾ വലിയൊരു ഉദാഹരണം വിശുദ്ധഗ്രന്ഥം കാണുന്നില്ല. ദൈവത്തിനുമുമ്പിൽ, എല്ലാം സ്വീകരിക്കാൻ, എന്നും വിശ്വസ്തരും വിധേയത്വവുമുള്ളവരായിരിക്കാൻ സന്നദ്ധമായി നില്ക്കുന്ന മനുഷ്യനെ ഒരു സ്ത്രീയുടെ, വധുവിന്റെ പ്രതീകത്തിലൂടെയാണ് പുതിയനിയമവും ചിത്രീകരിക്കുന്നത്. ഈ ബന്ധം തന്നെയാണ് മനുഷ്യസമൂഹത്തിൽ പ്രതിഫലിക്കേണ്ടതും എന്നും നിലനിൽക്കേണ്ടതും എന്ന് അപ്പസ്തോലൻ പഠിപ്പിക്കുന്നു.

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സ്ത്രീയും പുരുഷനുമായി മനുഷ്യനെ സൃഷ്ടിച്ചു എന്ന ബൈബിളിന്റെ ആദ്യപാഠം തന്നെയാണ് ഇവിടെ ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെ വിശദീകരിക്കുമ്പോഴും പഠിപ്പിക്കുന്നത്. ഭാര്യയെ സഭയോടും ഭർത്താവിനെ ക്രിസ്തുവിനോടും ഉപമിക്കുന്നതിലൂടെ സ്ത്രീ-പുരുഷബന്ധത്തിൽ ഉച്ചനീചത്വങ്ങൾക്ക് വഴി തുറക്കുകയും അംഗീകാരം നല്കുകയും ആണെന്നു തോന്നാം. എന്നാൽ, യേശുവും സഭയും തമ്മിലുള്ള ബന്ധവും യേശു സഭയ്ക്കുവേണ്ടി ചെയ്ത ആത്മത്യാഗവും ആഴത്തിൽ ഗ്രഹിക്കുമ്പോൾ ഉച്ചനീചത്വമല്ല, അതിരുകളില്ലാത്ത പരസ്പര സ്നേഹത്തിന്റെയും ദാനത്തിന്റെയും പാഠമാണ് ഇവിടെ നല്കപ്പെടുന്നത് എന്ന് കാണാൻ കഴിയും.

ക്രിസ്തുവിന്റെ വധു എന്ന ചിത്രം വെളിപാടുപുസ്തകത്തിൽ കൂടുതൽ മിഴിവുറ്റതാകുന്നു. സൂര്യനെ ഉടയാടയും ചന്ദ്രനെ പാദപീഠവുമാക്കി, നക്ഷത്രകിരീടമണിഞ്ഞ സ്ത്രീ (വെളി 12:1-2) ദൈവജനത്തിന്റെതന്നെ പ്രതീകമാണ്. രക്ഷകന്റെ വരവിന് വഴിയൊരുക്കുകയും കാത്തിരിക്കുകയും ചെയ്യുന്ന ജനമാണ് ഗർഭിണിയായ സ്ത്രീ. പ്രസവവേദനയാൽ നിലവിളിക്കുന്ന അവൾ ജനത്തിന്റെ മുഴുവൻ ദുഃഖവും വേദനയും ആകാംക്ഷയും ഉത്കണ്ഠയും ഏറ്റുവാങ്ങുന്നവളാണ്. പഴയനിയമത്തിലെ ദൈവജനത്തിന്റെ, അഥവാ ഇസ്രായേൽകന്യകയുടെ ചിത്രം ഇവിടെ ദൃശ്യമാകുന്നു.

സകലജനപദങ്ങളെയും ഭരിക്കാനുള്ള ശിശുവിന്റെ മാതാവായ അവൾ സർപ്പത്തിന്റെ പീഡനങ്ങൾക്ക് ഇരയാവുകയും മരുഭൂമിയിൽ സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു എന്ന് പ്രതീകങ്ങളിലൂടെ പ്രതിപാദിക്കുമ്പോൾ (വെളി 12,5-6.13-18) രക്ഷകന്റെ വരവിനുശേഷമുള്ള ദൈവജനത്തിന്റെ അവസ്ഥ പ്രകടമാകുന്നു. ഒരേസമയം പീഡിതയും മഹത്ത്വപൂർണയുമാണ് അവൾ. സാത്താന്റെ നിരന്തരമായ ആക്രമണങ്ങളെ ചെറുത്തുനിൽക്കാൻ രക്ഷകൻ തന്നെ അവളെ ശക്തിപ്പെടുത്തുന്നു. സത്യത്തിനും നീതിക്കുംവേണ്ടി, ക്രിസ്തുവിനും അവന്റെ രാജ്യത്തിനും ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്കുംവേണ്ടി നിരന്തരം പോരാടുകയും ത്യാഗങ്ങൾ സഹിക്കുകയും ചെയ്യുന്ന സഭയെ ചിത്രീകരിക്കാൻ വെളിപാടു ഗ്രന്ഥകാരനും ഒരു സ്ത്രീയുടെ ചിത്രമാണ് ഉപയോഗിക്കുന്നത് എന്നത് ശ്രദ്ധേയം തന്നെ.

രക്ഷാചരിത്രത്തിന്റെ പൂർത്തീകരണത്തെ വിവാഹവിരുന്നിനോടാണ് ബൈബിൾ, പ്രത്യേകിച്ചും പുതിയനിയമം ഉപമിക്കുന്നത് (മത്താ 22:1-14, 25:1-13). ക്രിസ്തുവും സഭയും തമ്മിലുള്ള വിവാഹമായി ചരിത്രത്തിന്റെ പൂർത്തീകരണത്തെ ചിത്രീകരിക്കുന്നു. "കുഞ്ഞാടിന്റെ വിവാഹം സമീപിച്ചിരിക്കുന്നു. അവിടുത്തെ മണവാട്ടി അണിഞ്ഞൊരുങ്ങിക്കഴിഞ്ഞു. ശോഭയേറിയതും നിർമലവുമായ മൃദുലവസ്ത്രം ധരിക്കാനുള്ള അനുഗ്രഹം അവൾക്കു നല്കപ്പെട്ടിരിക്കുന്നു. ആ വസ്ത്രം വിശുദ്ധരുടെ സൽപ്രവൃത്തികളാണ്" (വെളി 19:7-8). പാപം മൂലം അകന്നുപോയ മനുഷ്യനെ വീണ്ടും തന്നിലേക്കും പരസ്പരവും അടുപ്പിക്കാനുള്ള ദൈവത്തിന്റെ ശ്രമം പൂർണ്ണമാക്കുന്ന നിർമലമുഹൂർത്തമാണിത്, രക്ഷാകരപ്രവൃത്തിയുടെ പൂർത്തീകരണം. പൂർണമായ ഈ ഐക്യത്തെ സൂചിപ്പിക്കാൻ ബൈബിൾ ഉപയോഗിക്കുന്ന ഏറ്റം ഹൃദ്യവും മനോഹരവുമായ ചിത്രമാണ് വിവാഹത്തിന്റെ ചിത്രം. ഉത്തമഗീതത്തിൽ വിഭാവനം ചെയ്ത ഈ ഒന്നാകൽ പൂർത്തിയാവുകതന്നെ ചെയ്യും-വെളിപാടുഗ്രന്ഥകാരൻ ആവർത്തിച്ചു പറയുന്നു.

പൂർണമായും ശുദ്ധീകരിക്കപ്പെട്ട ദൈവജനത്തെ ചിത്രീകരിക്കാൻ മണവാട്ടിയുടെ ചിത്രംതന്നെയാണ് അവസാനമായും ബൈബിൾ ഉപയോഗിക്കുന്നത്. "വിശുദ്ധനഗരമായ പുതിയ ജറുസലെം ഭർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടിയെപ്പോലെ, സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്നത് ഞാൻ കണ്ടു" (വെളി 21,2). എല്ലാ മിഴികളിൽനിന്നും കണ്ണീർ തുടച്ചുമാറ്റുന്ന ദൈവം (വെളി 21,4) എല്ലാ ദുഃഖങ്ങൾക്കും അറുതി വരുത്തും.

ദൈവരാജ്യത്തിന്റെ ഉദാത്തമായ മൂല്യങ്ങളും മനുഷ്യമഹത്ത്വത്തിന്റെ ഔന്നത്യവും ആഴങ്ങളും വെളിവാക്കാൻ ക്രിസ്തുവിന്റെ വധുവും തിരുസ്സഭാമാതാവുമായി ദൈവജനത്തെ ചിത്രീകരിക്കുമ്പോൾ സ്ത്രീത്വത്തിന് ബൈബിൾ നല്കുന്ന പ്രാധാന്യം എത്രയെന്നു വ്യക്തമാകുന്നു. ദൈവത്തിന്റെ അതിരുകളില്ലാത്ത സ്നേഹത്തിന് മാതൃകയും പര്യായവുമാണ് സത്രീ. ഒരിക്കലും അകന്നുപോകാത്ത വിശ്വസ്തതയും കുറയാത്ത കാരുണ്യവും എല്ലാ കുറ്റവും ക്ഷമിക്കുന്ന, എല്ലാ കറകളും കഴുകി ശുദ്ധീകരിക്കുന്ന, ആർദ്രമായ അനുകമ്പയും പ്രതിഫലിപ്പിക്കുന്ന മാതാവാണവൾ-തിരുസഭാമാതാവ്.

## ഭാഗം – 2

# പഴയനിയമത്തിലെ സ്ത്രീകൾ

# 10

## 10. അസഹിഷ്ണുവായ മാതാവ്
## –സാറാ

**സ്ത്രീ**കളെക്കുറിച്ച് ബൈബിൾ പൊതുവിൽ അവതരിപ്പിക്കുന്ന ചിത്രം അപഗ്രഥിക്കാനാണ് നാം ഇതുവരെ ശ്രമിച്ചത്. ആദിമാതാവായ ഹവ്വാ മാത്രമാണ് ഒരു വ്യക്തിയെന്ന നിലയിൽ പഠനവിഷയമായത്, അതും സ്ത്രീത്വത്തിന്റെ സവിശേഷതകൾ കണ്ടെത്താൻ സഹായിക്കുന്നിടത്തോളം മാത്രം. ഹവ്വാ ഒരു ഒറ്റപ്പെട്ട വ്യക്തി എന്നതിനെക്കാൾ സ്ത്രീത്വത്തിന്റെ മുഴുവൻ പ്രതീകവും ആദിരൂപവുമാണ്. പുരുഷന്റെ സഖിയും മനുഷ്യന്റെ മാതാവും എന്ന രണ്ടു സവിശേഷതകളാണ് ഹവ്വായിൽ നാം കണ്ടത്. മനുഷ്യന്റെ മണ്ണിനോടുള്ള ബന്ധവും മർത്യതയും സൂചിപ്പിക്കാൻ 'ആദം' എന്ന പദം ഉപയോഗിക്കുന്ന ബൈബിൾ ദൈവത്തോടുള്ള ബന്ധവും അമർത്യതയും സൂചിപ്പിക്കാൻ 'ഹവ്വാ' എന്ന പേരാണ് ഉപയോഗിക്കുന്നത് എന്നും നാം കണ്ടു.

ദൈവകല്പനയെ വിമർശനദൃഷ്ട്യാ വീക്ഷിക്കുകയും അതിന്റെ സ്വഭാവവും സാധുതയും പരീക്ഷണവിധേയമാക്കുകയും ചെയ്ത ഹവ്വാ മനുഷ്യനെ അന്വേഷണത്തിന്റെയുംഅനുസരണക്കേടിന്റെയും വഴിയിലേക്ക് ഇറക്കിവിട്ടു. മരണം മുദ്രകുത്തിയ മനുഷ്യജീവിതത്തെ തലമുറകളുടെ തുടർച്ചയിലൂടെ അതിജീവനത്തിലേക്കു നയിക്കുന്നതും ജീവിക്കുന്നവരുടെ അമ്മയായ ഹവ്വായത്രേ. മാതൃത്വത്തിലൂടെ ധന്യമാകുന്ന സ്ത്രീത്വത്തിന്റെ പ്രതീകമാണ് ഹവ്വാ. ഹവ്വായുടെ പിൻമുറക്കാരായ അനേകം സ്ത്രീകളെ ബൈബിൾ അണിനിരത്തുന്നുണ്ട്. പലർക്കും പേരില്ല. പേരുള്ളവരിൽത്തന്നെ പലരുടെയും ജീവിതത്തെക്കുറിച്ച് ബൈബിൾ അധികമൊന്നും പറയുന്നില്ല. പറയുന്നതെല്ലാം

പ്രഥമവീക്ഷണത്തിലെങ്കിലും എപ്പോഴും നല്ലതുമല്ല. ബൈബിൾ അവതരിപ്പിക്കുന്ന സ്ത്രീകഥാപാത്രങ്ങളെ ഒന്നൊന്നായി ചരിത്രക്രമത്തിൽ വിശകലനം ചെയ്യാനാണ് നാം അടുത്തതായി ശ്രമിക്കുന്നത്.

ഹവ്വായ്ക്കുശേഷം ബൈബിൾ പേരെടുത്തു പറയുന്ന ആദ്യ സ്ത്രീയാണ് സാറാ. 'വിശ്വാസികളുടെ പിതാവ്' എന്നു വിശേഷിപ്പിക്കുന്ന അബ്രാഹത്തിന്റെ ഭാര്യയും സഹധർമ്മിണിയും ഉടമ്പടിയുടെ പുത്രനായ ഇസഹാക്കിന്റെ മാതാവുമായി അബ്രാഹത്തിന്റെ ജീവിതത്തിൽ സാറാ നിറഞ്ഞുനില്ക്കുന്നു. തേരായുടെ മകനായ അബ്രാഹമിന്റെ ഭാര്യ (ഉൽപ 11,28)യായി പ്രത്യക്ഷപ്പെടുന്നതുമുതൽ ഹെബ്രോണിൽ മക്പേലാ ഗുഹയിൽ സംസ്കരിക്കപ്പെടുന്നതുവരെ (ഉൽപ 23,19)യുള്ള അവളുടെ സംഭവബഹുലമായ ചരിത്രം അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും ചരിത്രവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. ആകെ 56 തവണ അവളുടെ പേര് ബൈബിളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. അതിനോട് ഏകദേശം അടുത്തുവരുന്നത് എസ്തേറിന്റെ പേരാണ് - 51 തവണ, റാഹേൽ (44), റബേക്കാ (31), ലെയാ (29) എന്നിവർ പ്രാധാന്യത്തിൽ സാറായുടെ പിന്നാലെ വരുന്നു.

'സാറായി' എന്നായിരുന്നു അവളുടെ പേര്. ഉടമ്പടിയുടെ ഭാഗമായി അബ്രാമിന്റെ പേര് 'അബ്രാഹം' എന്നു മാറ്റിയപ്പോൾ സാറായി എന്നതു സാറാ എന്നാക്കി. ഭരിക്കുക, നയിക്കുക എന്നർത്ഥമുള്ള സറർ എന്ന ക്രിയാധാതുവിൽ നിന്നു രൂപംകൊണ്ട 'സാർ' എന്ന വാക്കിന്റെ സ്ത്രീലിംഗമാണ് 'സാറാ'. രാജകുമാരി, പ്രഭ്വി എന്നൊക്കെ അർത്ഥം. സാറായി എന്ന പേരിന്റെയും ഉത്ഭവവും അർത്ഥവും ഇതുതന്നെ. ഒരേ പേരിന്റെ രണ്ടു വ്യത്യസ്ത രൂപങ്ങളാണ് സാറായും സാറായിയും. അബ്രാഹവുമായി ദൈവം ചെയ്ത ഉടമ്പടിയിൽ സാറായും പങ്കുചേരുന്നു. വാഗ്ദാനത്തിന് അവളും അവകാശിനിയാണ് എന്ന് ഈ പേരുമാറ്റത്തിലൂടെ സൂചിപ്പിക്കുന്നു.

ഭർത്താവിനോടുള്ള വിശ്വസ്തതയുടെ മാതൃകയായിട്ടാണ് സാറാ ബൈബിളിൽ പ്രത്യക്ഷപ്പെടുന്നത്. ഭർത്താവിന്റെ യാത്രകളിൽ അവൾ എപ്പോഴും അദ്ദേഹത്തെ അനുഗമിച്ചു. ആ പോക്ക് അപകടത്തിലേക്കാണ് എന്ന് അറിഞ്ഞപ്പോഴും അവൾ ചോദ്യം ചെയ്തില്ല. ഭർത്താവു പറഞ്ഞതെല്ലാം വിശ്വസിച്ചു; അനുസരിച്ചു.

വാർദ്ധകൃത്തിൽ ലഭിച്ച ഏകമകനെയും കൂട്ടി, കത്തിയും തീയു മായി ഭർത്താവ് ഇറങ്ങിത്തിരിക്കുന്നതുകണ്ടപ്പോൾ ഉള്ളുപിട ഞ്ഞെങ്കിലും എങ്ങോട്ടുപോകുന്നെന്നോ എപ്പോൾ മടങ്ങിവരു മെന്നോ അവൾ ചോദിച്ചില്ല; അഥവാ ബൈബിൾ അതു രേഖ പ്പെടുത്തിയിട്ടില്ല. അബ്രാഹത്തിന്റെ ഭാര്യയായി അവൾ ജീവിച്ചു. ഭർത്താവ് ആവശ്യപ്പെട്ടപ്പോൾ സഹോദരിയായി അഭിനയിച്ചു. എല്ലാം ഭർത്താവിനെ സഹായിക്കാൻ, സംരക്ഷിക്കാൻ, ഭർത്താ വിന്റെ ജീവൻ രക്ഷിക്കാൻ. ഈ വിശ്വസ്തതയും അനുസരണ വുമാണ് വിശ്വാസികളിൽനിന്ന് വി. പത്രോസ് ആവശ്യപ്പെടുന്നത് (1 പത്രോ 3,6).

അബ്രാഹത്തെ വിശ്വാസികളുടെ പിതാവായി അവതരി പ്പിക്കുന്ന ബൈബിൾ സാറായെ വിശ്വാസികളുടെ മാതാവായി വിശേഷിപ്പിക്കുന്നു (ഏശ 51,2). അബ്രാഹത്തിന്റേതെന്നപോലെ സാറായുടെയും വിശ്വാസം പരീക്ഷണവിധേയമായി. പതറിയെ ങ്കിലും അവൾ വീഴാതെ പിടിച്ചുനിന്നു. “തന്നോടു വാഗ്ദാനം ചെയ്തവൻ വിശ്വസ്തനാണെന്നു വിചാരിച്ചതുകൊണ്ട് പ്രായം കവിഞ്ഞിട്ടും സാറാ വിശ്വാസം മൂലം ഗർഭാധാരണത്തിനുവേണ്ട ശക്തിപ്രാപിച്ചു” (ഹെബ്രാ 11,11).

സാറായുടെ സൗന്ദര്യം ബൈബിൾ പ്രത്യേകം എടുത്തുപറ യുന്നുണ്ട്. തങ്ങളുടെ പൂർവ്വമാതാവ് അതീവസുന്ദരിയായിരുന്നു വെന്നത് ഇസ്രായേൽക്കാർക്ക് അഭിമാനകരമായിതിനാലാവാം ഇത്. അതേസമയം ഭാര്യയുടെ സൗന്ദര്യം ഭർത്താവിന്റെ ജീവൻ അപകടത്തിലാക്കും എന്ന അനുഭവജ്ഞാനവും ഇതിനു പിന്നി ലുണ്ടാകാം, പിന്നീട് ഊറിയായ്ക്കു സംഭവിച്ചതുപോലെ (2 സാമു 11). ഭൂമിയിൽ അധർമ്മം പെരുകുകയും അക്രമങ്ങൾ സകല അതി രുകളും കടക്കുകയും ചെയ്തിതിന്റെ വിവരണത്തിനുപിന്നിലും (ഉൽപ 6,1) ഇതേ ചിത്രം ദൃശ്യമാണ്. മനുഷ്യപുത്രിമാർ അഴകു ള്ളവരാണെന്നുകണ്ട് ദൈവപുത്രന്മാർ തങ്ങൾക്കിഷ്ടമുള്ളവരെ ഭാര്യമാരായി സ്വീകരിക്കുന്ന, കുടുംബബന്ധങ്ങളെയും സമൂഹ ത്തിന്റെ നിലനിൽപ്പിനെത്തന്നെയും അപകടത്തിലാക്കുന്ന, ആസ ക്തിയുടെ ബലിയാടായിത്തീരുന്നു സുന്ദരിയായ സ്ത്രീ. അപക ടത്തിൽ പെട്ടെങ്കിലും അവിടെയും ദൈവത്തിന്റെ സംരക്ഷണം അവൾക്ക് അനുഭവിക്കാൻ കഴിഞ്ഞു എന്ന് ബൈബിൾ പ്രത്യേകം രേഖപ്പെടുത്തുന്നുണ്ട്. അന്തസ്സും അഭിമാനവും ജീവൻപോലും

നഷ്ടപ്പെടാവുന്ന സാഹചര്യത്തിലേക്കു തള്ളിവിടപ്പെടുന്ന സ്ത്രീയുടെ നിസ്സഹായതയും ഈ ചിത്രത്തിനു പിന്നിൽ കാണാം. ഇവിടെ പ്രതിക്കൂട്ടിൽ നിൽക്കുന്നത് സ്ത്രീയല്ല, പുരുഷനാണ്, നട്ടെല്ലു നഷ്ടപ്പെട്ട ഭീരുവായ ഭർത്താവും കാമാസക്തനായ രാജാവും.

ബൈബിളിലെ വിവരണങ്ങളിൽ അധികപങ്കും സാറായുടെ വിധേയത്വത്തിനാണ് ഊന്നൽ നല്കുന്നത്. അവൾ എന്തെങ്കിലും ചെയ്യുന്നു എന്നതിനെക്കാൾ അവൾ പലതിലേക്കും നയിക്കപ്പെടുന്നു; ചോദ്യം ചെയ്യാതെ അവൾ അനുസരിക്കുന്നു. ഹാരാനിൽ നിന്നു പുറപ്പെടാൻ അബ്രാഹമിനോടു കർത്താവു കൽപ്പിച്ചു. "അബ്രാം ഭാര്യ സാറായെയും ......കൂടെ കൊണ്ടുപോയി" (ഉൽപ 12,5). എന്നും ഒരു നിഴൽപോലെ അബ്രാഹത്തെ അനുഗമിക്കുക മാത്രമാണ് സാറാ ചെയ്യുന്നത്. ഈജിപ്തിലേക്കു പോകുമ്പോഴും ഇതുതന്നെ സംഭവിക്കുന്നു. സ്വന്തമായി ഒരു അഭിപ്രായമോ തീരുമാനമോ അവൾക്ക് ഉള്ളതായി തോന്നില്ല.; ആരും അഭിപ്രായം ചോദിക്കുന്നുമില്ല. പിതൃകേന്ദ്രീകൃതമായ ഒരു വ്യവസ്ഥയുടെ പ്രതിഫലനമാണ് ഇതിലെല്ലാം ദൃശ്യമാകുന്നത്. പക്ഷേ, ബൈബിളിലെ സാറായുടെ ചിത്രത്തിന് ഇതിൽ നിന്നു വ്യത്യസ്തമായ ഒരു മറുവശവുമുണ്ട്.

അതീവസുന്ദരിയും അബ്രാഹത്തിന്റെ ഭാര്യയും കുടുംബത്തിലെ സ്വാമിനിയുമാണ് സാറ. പക്ഷേ, അവൾ വന്ധ്യയാണ്. ഗോത്രാടിസ്ഥാനത്തിലുള്ള ജീവിതത്തിന് ഒരു സ്ത്രീയുടെ വിലയും പ്രാധാന്യവും നിർണയിക്കുന്നത് അമ്മയാകാനുള്ള അവളുടെ കഴിവാണ്. അംഗസംഖ്യ കുടുംബത്തിന്റെയും ഗോത്രത്തിന്റെയും മുഖ്യശക്തിയായി പരിഗണിക്കപ്പെട്ടിരുന്ന ഒരു കാലത്ത് വന്ധ്യത്വം വലിയ കുറവും ശാപവുമായി കരുതപ്പെട്ടിരുന്നു. വ്യക്തിയുടേയും സമൂഹത്തിന്റേയും ജീവിതത്തിൽ ദൈവം പ്രത്യേകമാംവിധം ഇടപെടുന്നതിനെ എടുത്തുകാട്ടാൻ ബൈബിൾ അനേകം തവണ ഉപയോഗിക്കുന്ന ഒരു പ്രമേയവുമാണ് വന്ധ്യത്വം. അതിന്റെ തുടക്കവും സാറായിൽ കാണാം. സാറായുടെയും അബ്രാഹത്തിന്റേയും വിശ്വാസം നേരിട്ട വലിയ പരീക്ഷണമായിരുന്നു ഇത്. ഈ പരീക്ഷണത്തിൽ സാറാ ഭാഗികമായി പരാജയപ്പെട്ടു.

വാഗ്ദാനത്തിന്റെ പൂർത്തീകരണത്തിനു കുറുക്കുവഴി കണ്ടു

പിടിച്ച സാറാ അന്ന് മധ്യപൗരസ്ത്യദേശത്തു നിലവിലിരുന്ന ഒരു നിയമം അനുസരിച്ചാണ് തന്റെ ദാസി ഹാഗാറിനെ ഒരു കുഞ്ഞിന്റെ അമ്മയാകാൻ അബ്രാഹത്തിനു വിട്ടുകൊടുത്തത്. ബി.സി. 18-ാം നൂറ്റാണ്ടിൽ ബാബിലോൺ ഭരിച്ച ഹമ്മുരബിയുടെ നിയമസംഹിതയിലെ 146-ാം നിയമം ഇപ്രകാരമായിരുന്നു. "ദേശത്തെ ഒരു പൗരൻ ഒരു ദേവദാസിയെ വിവാഹം ചെയ്യുകയും അവൾ തന്റെ ദാസിയെ ഭർത്താവിനു നല്കുകയും അവൾക്കു മക്കൾ ജനിക്കുകയും, പിന്നീട് ആ ദാസി തനിക്കു മക്കൾ ഉണ്ടായി എന്നതിന്റെ പേരിൽ യജമാനത്തിയോടു തുല്യത അവകാശപ്പെടുകയും ചെയ്താൽ യജമാനത്തി അവളെ വില്ക്കാൻ പാടില്ല; അവളെ അടിമയായി അടയാളപ്പെടുത്തി മറ്റ് അടിമകളെപ്പോലെ പരിഗണിക്കണം". ഹാഗാറുമായുള്ള ഇടപെടലുകളിൽ ഈ നിയമത്തിന്റെ സ്വാധീനം കാണാം. ഇവിടെയാണ് സാറാ സ്വന്തമായി തീരുമാനങ്ങളെടുത്തു നടപ്പിലാക്കുന്നത്.

തന്റെ വന്ധ്യത്വത്തെ ദാസിയുടെ ഫലപുഷ്ടിയിലൂടെ പരിഹരിക്കാൻ ശ്രമിക്കുന്ന സാറാ മാനുഷികമായി ചിന്തിച്ചാൽ സുക്ഷ്മബുദ്ധിയുള്ളവളും വിവേകവതിയുമാണ്. ദൈവത്തിന്റെ വാഗ്ദാനം പൂർത്തിയാകണം, ഭർത്താവിന് ഒരു അവകാശിയെ നല്കണം എന്ന ഏകചിന്തയാണ് അവളെ ഇതിനു പ്രേരിപ്പിക്കുന്നത്. ദാസിയിൽനിന്നു ജനിച്ചാലും നിയമപ്രകാരം ആ കുഞ്ഞ് തന്റെ തന്നെ സന്തതിയായിരിക്കും എന്ന നിയമവും ഇതിനു പിൻബലമായിട്ടുണ്ട്. എന്നാൽ, ഗർഭിണിയായ ഹാഗാർ, തന്റെ നിലമറന്ന് ധിക്കാരവും അവജ്ഞയും കാട്ടിയപ്പോൾ അവളെ നിലയ്ക്കുനിർത്താൻ ശ്രമിച്ചതും നിയമാനുസൃതമായ പ്രവൃത്തി തന്നെ. ഇസഹാക്കിന്റെ ജനനത്തിനുശേഷം ഹാഗാറിനെയും ഇസ്മായേലിനെയും പറഞ്ഞയയ്ക്കാൻ അബ്രാഹത്തെ നിർബന്ധിക്കുന്നത് വാഗ്ദാനത്തിന്റെ പുത്രനായ ഇസഹാക്ക് അവഗണിക്കപ്പെടാതിരിക്കാൻ വേണ്ടിയാണ്. ഇസഹാക്കിന്റെ ജനനത്തിൽ സന്തോഷിച്ച് സാറാ പാടുന്ന കീർത്തനത്തിന്റെ അവസാനത്തെ ഈരടി പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

"അദ്ദേഹത്തിന്റെ വയസ്സുകാലത്ത് ഞാൻ അദ്ദേഹത്തിന് ഒരു മകനെ നല്കിയിരിക്കുന്നു" (ഉൽപ 21,7)

ഈ സംഭവപരമ്പരയിൽ ഉടനീളം അബ്രാഹം സാറായെ അനുസരിക്കുകയും ദൈവം അതിന് അബ്രാഹത്തെ പ്രേരിപ്പി

ക്കുകയും ചെയ്യുന്നതായും ബൈബിൾ രേഖപ്പെടുത്തുന്നുണ്ട്.

ഹാഗാറിനെയും മകനെയും വീട്ടിൽനിന്ന് ഇറക്കിവിടുന്നത് തികച്ചും ക്രൂരമായി തോന്നാം. തന്റെ മകനു സംരക്ഷണം നല്കാൻ, അവനു യാതൊരു കേടും കുറവും സംഭവിക്കാതിരിക്കാൻ മാത്രം ശ്രദ്ധിക്കുന്ന അസഹിഷ്ണുവായ ഒരു അമ്മയായി സാറാ ഇവിടെ പ്രത്യക്ഷപ്പെടുന്നു. ഇതിനെ യാതൊരു തരത്തിലും കുറ്റപ്പെടുത്തുന്നതല്ല ബൈബിളിലെ വിവരണം. നേരെ മറിച്ച്, ദൈവത്തിന്റെ പദ്ധതിപ്രകാരമാണ് സാറാ ഇതു ചെയ്യുന്നത് എന്ന് എടുത്തുപറയുന്നുണ്ട്. "....സാറാ പറയുന്നതുപോലെ ചെയ്യുക. കാരണം ഇസഹാക്കിലൂടെയാണ് നിന്റെ സന്തതികൾ അറിയപ്പെടുക" (ഉൽപ 21,12).

അസഹിഷ്ണുത അതിൽത്തന്നെ തെറ്റാകണം എന്നില്ല. ദൈവത്തിന്റെതന്നെ ഒരു വിശേഷണമാണിത്. "ഞാനല്ലാതെ വേറെ ദേവന്മാർ നിനക്കുണ്ടാവരുത്... എന്തെന്നാൽ, ഞാൻ നിന്റെ ദൈവമായ കർത്താവ്, അസഹിഷ്ണുവായ ദൈവമാണ്" (പുറ 20, 4-5). കുഞ്ഞിന്റെ ജീവൻ സംരക്ഷിക്കാൻ, തിന്മയോടു കൂട്ടുചേരാതിരിക്കാൻ, സത്യത്തിനും നീതിക്കുംവേണ്ടിനിലകൊള്ളാൻ പ്രേരിപ്പിക്കുന്ന ഒരു ഗുണമാണത്. തന്നെ ഏൽപ്പിച്ചിരിക്കുന്ന ദൗത്യം പൂർണമായും ഒരു വിട്ടുവീഴ്ചയും കൂടാതെ നിർവഹിക്കാൻ ശ്രമിച്ച അമ്മയാണ് സാറാ.

വലിയ പ്രാധാന്യത്തോടെ ബൈബിൾ അവതരിപ്പിക്കുന്ന ഒന്നാണ് സാറായുടെ ചിരി (ഉൽപ 18:9-15). തൊണ്ണൂറുവയസ്സായ താൻ നൂറു തികഞ്ഞ ഭർത്താവിൽനിന്നു ഗർഭം ധരിച്ചു പുത്രനെ പ്രസവിക്കും എന്ന് വഴിപോക്കർ പറഞ്ഞപ്പോൾ അതു താൻ കേട്ട ഏറ്റവും വലിയ തമാശയായി സാറായ്ക്കു തോന്നിയതിൽ അസ്വാഭാവികതയില്ല. അവൾ ചിരിച്ചില്ലെങ്കിലേ അത്ഭുതമുള്ളു. പക്ഷേ ഇപ്രകാരമൊരു വാക്കുകേട്ട് അബ്രാഹം കമിഴ്ന്നുവീണ് ചിരിച്ചു മണ്ണുകപ്പിയിട്ടും (ഉൽപ 17,17) പ്രതികരിക്കാത്ത ദൈവം എന്തേ സാറാ ചിരിച്ചപ്പോൾ ചോദ്യം ചെയ്യുന്നു? വാസ്തവത്തിൽ സാറായെ ചോദ്യം ചെയ്യുകയോ, ശാസിക്കുകയോ കുറ്റപ്പെടുത്തുകയോ അല്ല, താൻ പറഞ്ഞ വാക്കു സ്ഥിരീകരിക്കുക മാത്രമാണ് ദൈവം ചെയ്തത്. 'ചിരിച്ചു-ചിരിച്ചില്ല-ചിരിച്ചു' എന്ന വാക്കുകളിൽ ഉടനെ ഉണ്ടാകാൻ പോകുന്ന വലിയ സന്തോഷത്തിന്റെ മുന്നറിയിപ്പും ഇസഹാക്ക് എന്ന പേരിന്റെ വ്യാഖ്യാനവും

കാണാം. 'അവൻ ചിരിച്ചു' എന്നാണ് ഇസഹാക്ക് എന്ന പേരിന്റെ അർത്ഥം.

സമൂഹം അടിച്ചേല്പിച്ച അപകർഷതാബോധവും തന്നിൽത്തന്നെ ഉറഞ്ഞുകിടന്ന ഭയവും ആണ് 'ഞാൻ ചിരിച്ചില്ല' എന്ന നുണപറയാൻ സാറായെ പ്രേരിപ്പിച്ചത്. അതറിയാവുന്ന ദൈവം അവളെ ശാസിക്കുന്നില്ല. ശിഷിക്കുന്നുമില്ല; ചിരിക്കാൻ പ്രോത്സാഹിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്. അതു പിന്നീട് അവൾ മനസ്സിലാക്കുകയും ചെയ്തു (ഉൽപ 21:5-6).

നാലു വ്യത്യസ്ത ലിഖിത പാരമ്പര്യങ്ങൾ സംയോജിപ്പിച്ചു രൂപപ്പെട്ടതാണ് പഞ്ചഗ്രന്ഥം. ഉൽപത്തിപുസ്തകത്തിനു പിന്നിലും ഈ പാരമ്പര്യങ്ങൾകാണാം. അതിനാലാണ് ഒരേ സംഭവത്തിന്റെ ആവർത്തനം എന്നു തോന്നാവുന്ന വ്യത്യസ്ത വിവരണങ്ങൾ കാണുന്നത്. സാറാ രണ്ടുതവണ അപകടത്തിൽപ്പെടുന്നതും (ഉൽപ 12,10-12; 20,1-18) ഹാഗാർ രണ്ടുതവണ പുറന്തള്ളപ്പെടുന്നതും (ഉൽപ 16,1-16; 21,9-21) ഉദാഹരണങ്ങളാണ്. ദൈവം തന്റെ വാഗ്ദാനം പൂർത്തിയാക്കുകതന്നെ ചെയ്യും എന്ന് ഊന്നിപ്പറയാൻ ഈ ആവർത്തനങ്ങൾ സഹായിക്കുന്നു.

സ്വന്തമായി ഒരു നാട് എന്നത് അബ്രാഹത്തിനു ദൈവം നല്കിയ ഒരു വാഗ്ദാനമായിരുന്നു. സാറായിൽ നിന്നു പുത്രനെ നല്കി, സന്തതികളെ സംബന്ധിച്ച വാഗ്ദാനം പൂർത്തിയാക്കിയ ദൈവം സാറായുടെ മരണത്തിലാണ് നാടിനെ സംബന്ധിച്ച വാഗ്ദാനം പൂർത്തായാക്കിയത്. സാറായെ സംസ്കരിക്കാൻ, അമിത വിലകൊടുത്താണെങ്കിലും, ഹെബ്രോണിലെ മാക്പേലായിൽ ഒരു ഗുഹയും പരിസരവും വാങ്ങുന്നതോടെ അബ്രാഹത്തിനു വാഗ്ദത്തഭൂമി അവകാശമായി കിട്ടി-അതിനുള്ള അച്ചാരമാണ് ഈ ശവപ്പറമ്പ് (ഉൽപ 23,1-20).

പൂർവ്വമാതാവായ സാറായുടെ ശരീരം വിലയം പ്രാപിച്ച പറമ്പിൽ തുടങ്ങുന്നു ഇസ്രായേൽജനത്തിനു വാഗ്ദത്തഭൂമിയിലുള്ള അവകാശം. അതാണ് അമ്മ. സ്വന്തം ശരീരം മക്കൾക്കായി ദാനം ചെയ്യുന്നവൾ-ആ ശരീരമാണല്ലോ തലമുറകാളായി തുടരുന്നതും വളരുന്നതും. തന്നിൽ വീഴുന്ന വിത്തു സ്വീകരിച്ച് വെള്ളവും വളവും നല്കി വളർത്തുന്ന ഭൂമിപോലെ തന്നിൽ ജനിക്കുന്ന മക്കളെ വളർത്തി വലുതാക്കുന്ന അമ്മയുടെ പ്രതീകമാണ് പൂർവ്വമാതാവായ സാറാ. അവൾ വിശ്വസ്തയാണ്, കരു

ണയും ക്ഷമയുമുള്ളവളാണ്. താൻ അവഗണിക്കപ്പെടുകയും അപകീർത്തിക്ക് ഇരയാവുകയും ചെയ്തപ്പോഴും അവൾ പതറാതെ നിന്നു. ഭർത്താവിന്റെ ജീവൻ രക്ഷിക്കാൻ സ്വന്തം ജീവൻ തന്നെയും അപകടത്തിലാക്കാൻ അവൾ മടിച്ചില്ല. ഭർത്താവിന്റെ ഭീരുത്വവും ഭയവും ചാഞ്ചല്യവും അവൾ മനസ്സിലാക്കി, അംഗീകരിച്ചു; പ്രതിഷേധിക്കാതെ. എന്നാൽ സ്വന്തം മകന്റെ ഭാവി അപകടത്തിലായപ്പോൾ അവളിലെ മാതൃത്വത്തിന്റെ മറ്റൊരു ഭാവം പ്രകടമായി-ഒരു മനുഷ്യ വ്യക്തിയുടെ മാത്രമല്ല, ദൈവം ഉടമ്പടിയിലൂടെ നല്കിയ വാഗ്ദാനത്തിന്റെ ഭാവിയാണ് അപകടത്തിലാവുന്നത് എന്ന് അവൾ തിരിച്ചറിഞ്ഞു. ഈ തിരിച്ചറിവ് അവളെ അസഹിഷ്ണുവാക്കി, കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ഒതുക്കുന്ന തള്ളപ്പക്ഷിയെപ്പോലെ, കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന പെൺകരടിയെപ്പോലെ. ഈ അസഹിഷ്ണുത ജീവന്റെ നിലനിൽപ്പിന് ആവശ്യമല്ലേ? ജീവന്റെ നാഥൻ തന്നെ മാതൃഹൃദയത്തിൽ നിക്ഷേപിച്ചതല്ലേ ഈ ഗുണം?

എന്റേതിനെ സംരക്ഷിക്കാനുള്ള ശ്രമത്തിൽ അന്യരോടുള്ള നിലപാട് എന്തായിരിക്കണം? സാറായുടെ കഥ ഇവിടെ പൂർത്തിയാകുന്നില്ല. ഹാഗാറുമായുള്ള ബന്ധത്തിൽ മറ്റു ചില ഭാവങ്ങൾ പ്രകടമാകുന്നു. ആ രണ്ടു മാതാക്കൾ തമ്മിലുള്ള സംഘർഷവും സംഘട്ടനവും ഇന്നും നിലനിൽക്കുന്നു, രണ്ട് ജനതകളിലൂടെ.

# 11

## വഴങ്ങാത്ത അടിമ –ഹാഗാർ

സന്തതിപരമ്പരയെ സംബന്ധിച്ച് അബ്രാഹത്തിനു ദൈവം നൽകിയ വാഗ്ദാനത്തിന്റെ പൂർത്തീകരണത്തിനുവേണ്ടി സാറാ ആസൂത്രണം ചെയ്ത മാനുഷികപദ്ധതിയുടെ ഭാഗമായിട്ടാണ് ഹാഗാർ ബൈബിളിൽ പ്രത്യക്ഷപ്പെടുന്നത്. ഉൽപത്തി 16,21 അധ്യായങ്ങളിൽ ഹാഗാറിനെക്കുറിച്ചുള്ള പരാമർശങ്ങൾ അധികപങ്കും രേഖപ്പെടുത്തിയിരിക്കുന്നു. നിയമത്തിൽ അധിഷ്ഠിതമായ പഴയ ഉടമ്പടിയുടെയും കൃപയിൽ വേരൂന്നിയ പുതിയ ഉടമ്പടിയുടെയും പ്രതീകങ്ങളായി ഹാഗാറിനെയും സാറായെയും അവരുടെ പുത്രന്മാരെയുംകുറിച്ച് ഗലാത്തിയ ലേഖനത്തിൽ വി. പൗലോസ് പ്രതിപാദിക്കുന്നുണ്ട് (ഗലാ 4,21-31).

ഈജിപ്തുകാരിയായ അടിമയായിട്ടാണ് ഹാഗാർ ഈ വിവരണങ്ങളിലെല്ലാം കാണപ്പെടുന്നത്. എങ്ങനെ അവൾ അടിമയായി എന്നു ബൈബിൾ പറയുന്നില്ല. ഒരുപക്ഷേ, അറിയാതെ ചെയ്ത കുറ്റത്തിനു പരിഹാരമായി ഫറവോ അബ്രാഹത്തിനും സാറായ്ക്കും നല്കിയ സമ്മാനങ്ങളുടെ (ഉൽപ 12:17-20) ഭാഗമായിരുന്നിരിക്കാം അവൾ. സ്വന്തമായ ആഗ്രഹങ്ങളും പ്രതീക്ഷകളും പദ്ധതികളും തീരുമാനങ്ങളും കാത്തുസൂക്ഷിക്കാൻ അടിമയ്ക്ക് അവകാശമില്ല. ഉടമയുടെ തീരുമാനങ്ങൾ നടപ്പിലാക്കുക മാത്രമേ അടിമയ്ക്കു ചെയ്യാനാവൂ. അടിമയുടെമേൽ പരിധികളില്ലാത്ത, സമ്പൂർണമായ അവകാശം ഉടമയ്ക്കുണ്ട്. അടിമ വിവാഹം ചെയ്യുകയും മക്കൾ ജനിക്കുകയും ചെയ്താൽ അയാളും ജീവിതപങ്കാളിയും മക്കളും ഉടമയുടേതായിരിക്കും.

ഇതിനുപുറമേ അടിമയെ സംബന്ധിച്ച് ഒരു പ്രത്യേകനിയമം ബി.സി. 2-ാം സഹസ്രാബ്ദത്തിന്റെ ആദ്യപകുതിയിൽ മധ്യപൗരസ്ത്യദേശത്തു നിലവിലിരുന്നു. അബ്രാഹത്തിന്റെ സമകാലികനായ ബാബിലോൺ ചക്രവർത്തി ഹമ്മുരബിയുടെ നിയമസംഹിതയിലെ 146-ാം നിയമം ഇപ്രകാരം അനുശാസിക്കുന്നു: "വന്ധ്യയായ ഭാര്യ തന്റെ ദാസിയെ ഭർത്താവിന് ഉപനാരിയായി നൽകുകയും അവൾക്ക് സന്തതി ഉണ്ടാവുകയും ചെയ്താൽ ആ സന്തതി യജമാനത്തിയുടേതായി പരിഗണിക്കപ്പെടും. എന്നാൽ, ഗർഭിണിയായ ദാസി തന്റെ നിലമറന്ന് യജമാനത്തിയെ നിന്ദിക്കുകയോ, ധിക്കരിക്കുകയോ ചെയ്താൽ അവളെ, വീണ്ടും തന്റെ ദാസിയായിത്തന്നെ നിലയ്ക്കുനിർത്താൻ യജമാനത്തിക്ക് അവകാശമുണ്ടായിരിക്കും. എന്നാൽ, അവളെ പറഞ്ഞയയ്ക്കാൻ അവകാശമുണ്ടായിരിക്കുകയില്ല".

ഈ നിയമം അനുസരിച്ചാണ് വന്ധ്യയായ സാറാ ഹാഗാറിനെ ഉപകരണമാക്കി ഒരു കുഞ്ഞിനെ സമ്പാദിക്കാൻ ശ്രമിച്ചത്. എന്നാൽ, താൻ ഗർഭിണിയായി എന്നറിഞ്ഞ ഹാഗാറിന്റെ പെരുമാറ്റം സാറായ്ക്കിഷ്ടമായില്ല. വന്ധ്യയും വൃദ്ധയുമായ ഭാര്യ, അവൾക്ക് അവകാശമുണ്ട്, അധികാരവും. പക്ഷേ, സന്താനഭാഗ്യമില്ല. യുവതിയും ഗർഭിണിയുമായ അടിമ, അവൾക്ക് അവകാശങ്ങളില്ല, അധികാരവും. പക്ഷേ, വാഗ്ദാനങ്ങളുടെ അവകാശിയെ താൻ ഉദരത്തിൽ വഹിക്കുന്നു എന്ന അവബോധമുണ്ട്. രണ്ടു സ്ത്രീകൾ തമ്മിൽ നിലനിന്ന വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും വിധേയത്വത്തിന്റെയും ബന്ധങ്ങൾ തകർന്നു. തൽസ്ഥാനത്ത് അസൂയയും മത്സരവും വിദ്വേഷവും വളർന്നു. അത് ഇരുവരുടേയും ജീവിതങ്ങൾ ക്ലേശപൂർണമാക്കി, അബ്രാഹത്തിന്റേയും.

തന്നെ നിന്ദിച്ച ദാസിയോട് അബ്രാഹത്തിന്റെ അറിവോടും സമ്മതത്തോടും കൂടെത്തന്നെ, സാറാ ക്രൂരമായി പെരുമാറി. പീഡനം സഹിക്കവയ്യാതെ ഹാഗാർ ഒളിച്ചോടി. ഏതോ സാഹചര്യത്തിൽ അടിമയാക്കപ്പെട്ടെങ്കിലും ആത്മാഭിമാനം പൂർണമായും നഷ്ടപ്പെട്ടിട്ടില്ലാത്ത, അഥവാ നഷ്ടപ്പെടുത്താൻ ആഗ്രഹിക്കാത്ത, വഴങ്ങാൻ വിസമ്മതിക്കുന്ന അടിമയായി ഹാഗാർ പ്രത്യക്ഷപ്പെടുന്നു. അവഹേളനത്തേക്കാൾ മരണം തിരഞ്ഞെടുക്കാൻ അവൾ തയ്യാറാകുന്നു. അവളുടെ ഒളിച്ചോട്ടത്തെ വി. ഗ്രന്ഥ

കാരൻ കുറ്റപ്പെടുത്തുകയോ, ന്യായീകരിക്കുകയോ ചെയ്യുന്നില്ല. ഈ പ്രവൃത്തിയെക്കുറിച്ചുള്ള തീരുമാനം അനുവാചകർക്കു വിട്ടിരിക്കുകയാണ്. എന്നാൽ, മരുഭൂമിയിൽ അലയുന്ന അടിമയെ ദൈവം കൈവെടിയുന്നില്ല. അവൾക്കും അവളുടെ ഗർഭസ്ഥശിശുവിനും അവിടുന്നു സംരക്ഷണം നൽകുന്നു. കർത്താവിന്റെ ദൂതൻ അവളോടു ചോദിക്കുന്ന ചോദ്യം: "സാറായുടെ ദാസിയായ ഹാഗാറേ, നീ എവിടെനിന്നു വരുന്നു? എങ്ങോട്ടു പോകുന്നു?" (ഉൽപ 16:7) അവളെ മാത്രമല്ല, അനുവാചകരെയും അഗാധമായ ഒരു ആത്മശോധനയ്ക്കു പ്രേരിപ്പിക്കുന്നതാണ്. 'നീ ആരാണ്? എവിടെയാണ് നിന്റെ ഉറവിടം? എന്താണ് നിന്റെ ലക്ഷ്യം?' ഏറ്റം അടിസ്ഥാനപരമായ ചോദ്യങ്ങളാണിവ. 'സാറായിയുടെ ദാസി' എന്നതാണ് അവളുടെ സ്വത്വം. അത് അവളും അംഗീകരിക്കുന്നുണ്ട്. "എന്റെ യജമാനത്തിയായ സാറായിൽ നിന്ന് ഓടിപ്പോവുകയാണ്" (ഉൽപ 16:8). യജമാനത്തിയുടെ അടുത്തേക്ക് മടങ്ങിപ്പോകാൻ നിർദ്ദേശിക്കുന്ന ദൈവം അടിമത്തത്തെ അംഗീകരിക്കുകയും സാറായുടെ ക്രൂരതയെ ന്യായീകരിക്കുകയും ആണെന്നുതോന്നാം. എന്നാൽ, തുടർന്നു നൽകുന്ന വാഗ്ദാനവും ഉണ്ടാകുന്ന സംഭവവികാസങ്ങളും മറ്റൊരു നിഗമനത്തിലേക്കാണ് നയിക്കുന്നത്.

ഗർഭിണിയായ ഹാഗാറിന് സംരക്ഷണം ആവശ്യമുണ്ട്. അത് സാറായുടെ അടുക്കൽ അവൾക്കു ലഭിക്കും. അതിനായി അവൾ അനുസരണയുള്ളവളായിരിക്കണം. നാട്ടിൽ നിലനിൽക്കുന്ന നിയമസംവിധാനങ്ങളും ആചാരമര്യാദകളും പൊടുന്നനെ തകിടം മറിച്ചുകൊണ്ടല്ല ദൈവം രക്ഷ നൽകുന്നത്. ബാഹ്യസംവിധാനങ്ങൾ നിലനിൽക്കെത്തന്നെ ആന്തരികസ്വാതന്ത്ര്യം കാത്തുസൂക്ഷിക്കാൻ വ്യക്തികൾക്കു സാധിക്കും. അതിനായി ദൈവം കരുത്തുനൽകും. സന്തതിയെ സംബന്ധിച്ച് അബ്രാഹത്തിനു നൽകിയതിനു സമാനമായ ഒരു വാഗ്ദാനമാണ് ഹാഗാറിനു തുടർന്നു നല്കുന്നത്. "എണ്ണിയാൽ തീരാത്തവണ്ണം നിന്റെ സന്തതിയെ ഞാൻ വർദ്ധിപ്പിക്കും" (ഉൽപ 16:10). ഇപ്രകാരം ഒരു വാഗ്ദാനം പൂർവ്വമാതാക്കളിൽ മറ്റാർക്കും നല്കുന്നില്ല എന്നതും ശ്രദ്ധേയമത്രേ. ദൈവത്തിന്റെ പ്രത്യേക കരുതലും സംരക്ഷണവും ഹാഗാറിനും അവളിൽനിന്നു ജനിക്കുന്ന ശിശുവിനും ദൈവം വാഗ്ദാനം ചെയ്യുന്നു.

അതോടൊപ്പം ആ സന്തതിയുടെ സ്വഭാവത്തെയും ഭാവിയെയും സംബന്ധിച്ച് ചില സൂചനകളും നൽകുന്നുണ്ട്: "അവൻ കാട്ടുകഴുതയ്ക്കൊത്ത ഒരു മനുഷ്യനായിരിക്കും. അവന്റെ കൈ എല്ലാവർക്കും എതിരായും എല്ലാവരുടെയും കൈ അവനെതിരായും ഉയരും. അവൻ തന്റെ സഹോദരങ്ങൾക്കെതിരായി വർത്തിക്കുകയും ചെയ്യും" (ഉൽപ 16:12). 'ദൈവം കേട്ടു' എന്നർത്ഥമുള്ള 'ഇസ്മായേൽ' എന്ന പേര് ദൈവംതന്നെയാണ് നിർദേശിച്ചത്. ഹാഗാർ പ്രസവിച്ച ശിശുവിന് അബ്രാഹം ആ പേര് നൽകുന്നതിലൂടെ അവനെ തന്റെ പുത്രനായി അബ്രാഹം അംഗീകരിക്കുകയും ദൈവഹിതത്തിനു സ്വയം വിധേയനാവുകയും ചെയ്യുന്നു. പിൽക്കാലത്ത് ഇസ്രായേൽക്കാരും അവരുടെ അയൽവാസികളായ ഇസ്മായേല്യരും തമ്മിൽ നിലവിലിരുന്നതും ഇന്നും നിലവിലിരിക്കുന്നതുമായ ശത്രുതയുടെ ഒരു വിശദീകരണവും ഈ പ്രവചനത്തിൽ കാണാം.

തനിക്കു ദർശനം നൽകിയ ദൈവത്തെ 'ഏൽറോയ്' എന്നു വിളിച്ചുകൊണ്ട് ദൈവത്തിനു തന്നോടുള്ള സ്നേഹവും കരുണയും ഹാഗാർ ഏറ്റുപറഞ്ഞു. അവിടുത്തെ കല്പനയനുസരിച്ച് മടങ്ങിപ്പോയ അവൾ വിധേയത്വത്തോടെ ജീവിച്ചു. പക്ഷേ, ഇസഹാക്കിന്റെ ജനനത്തിനുശേഷം അവൾ പുറന്തള്ളപ്പെടുകയാണ്. ഒരേ സംഭവത്തിന്റെ രണ്ടു വ്യത്യസ്ത പാരമ്പര്യങ്ങളിൽ നിന്നുള്ള രണ്ടു വിവരണങ്ങളായി ബൈബിൾ വ്യാഖ്യാതാക്കൾ ഇതിനെ കാണാറുണ്ട്. രണ്ടാംതവണ ഹാഗാർ ഒളിച്ചോടുകയല്ല. അവളെ അവളുടേതായ ഒരു കുറ്റവും ഇല്ലാതെ ബഹിഷ്കരിക്കുകയാണ്. മനുഷ്യരക്ഷയെ സംബന്ധിച്ച ദൈവിക പദ്ധതി വാഗ്ദാനത്തിന്റെ പുത്രനായ ഇസഹാക്കിലൂടെയാണ് പൂർത്തിയാവുക. അതിനാൽ ഹാഗാറും മകനും പുറന്തള്ളപ്പെട്ടതും തന്റെ പദ്ധതികളുടെ ഭാഗമാണെന്ന് വ്യാഖ്യാനിച്ചുകൊണ്ട് ദൈവം അബ്രാഹത്തെ ആശ്വസിപ്പിച്ചു (ഉൽപ 21,12). അതേസമയം ദൈവം ഹാഗാറിനെയും മകനെയും ഉപേക്ഷിക്കുന്നില്ല. നിലവിളി കേൾക്കുന്ന ദൈവം അവരെയും കാത്തുപരിപാലിക്കുന്നു. "അവനെയും വലിയൊരു ജനതായാക്കും" എന്ന വാഗ്ദാനം ആവർത്തിക്കുകയും ചെയ്യുന്നു (ഉൽപ 21:18). യാക്കോബിന്റെ 12 മക്കളെ അനുസ്മരിപ്പിക്കുംവിധം ഇസ്മായേലിനു ജനിച്ച 12 മക്കളെയും കുറിച്ച് പ്രതിപാദിച്ചുകൊണ്ട് (ഉൽപ 25:12-18) ഈ വാഗ്ദാനം പൂർത്തിയായി എന്ന് വി. ഗ്രന്ഥകാരൻ സമർത്ഥിക്കുന്നുണ്ട്.

സഹോദരങ്ങളിൽനിന്ന് ഒറ്റപ്പെട്ട് അവർക്കെതിരായി ജീവിക്കും എന്നു പറഞ്ഞെങ്കിലും അബ്രാഹം മരിച്ചപ്പോൾ ഇസ്മായേൽ ഇസഹാക്കിനോടു ചേർന്ന് പിതാവിനെ സംസ്ക്കരിച്ചു എന്ന പ്രസ്താവന (ഉൽപ 25:9) രണ്ടു ജനതകൾ തമ്മിൽ നിലനിൽക്കണം എന്ന് ദൈവം ആഗ്രഹിക്കുന്ന ഐക്യത്തിലേക്ക് വിരൽ ചൂണ്ടുന്നു.

ധിക്കാരിയും നന്ദികെട്ടവളും അഹങ്കാരിയുമായി പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും മാതൃത്വത്തിന്റെ മഹനീയമായൊരു മാതൃകയാണ് ഹാഗാർ. തന്റേതായ കുറ്റംകൊണ്ടല്ല അവൾ അടിമയായിത്തീർന്നത്. പക്ഷേ, തനിക്കു ലഭിച്ച അപ്രതീക്ഷിതമായ ഭാഗ്യത്തിൽ അവൾ മതിമറന്നു, തന്നെ പിടിച്ചുയർത്തിയ കരം നിന്ദയോടെ തട്ടിനീക്കാൻ ശ്രമിച്ചു. അതേസമയം, ലഭിച്ച ശിക്ഷണം സന്തോഷത്തോടെ സ്വീകരിക്കുകയും വിധേയത്വം അഭ്യസിക്കുകയും ചെയ്തു. ഒരുപക്ഷേ, അമ്മയുടെ സ്വഭാവസവിശേഷതകളാകാം മകനിലും പ്രതിഫലിക്കുന്നത്. ഓരോ വ്യക്തിയെ സംബന്ധിച്ചും ദൈവത്തിനു പ്രത്യേകമായ പദ്ധതിയുണ്ട്. അതെല്ലാം നന്മയ്ക്കുള്ള പദ്ധതിതന്നെയാണ്. മറ്റൊരാൾക്കു ലഭിച്ച കൃപകൾ എനിക്കു ലഭിച്ചില്ല എന്നുവിചാരിച്ച് നിരാശയിലും അസൂയയിലും പെട്ടുപോകാതെ, തന്നെ സംബന്ധിച്ച ദൈവഹിതം എന്തെന്നും തനിക്കു ലഭിച്ചിരിക്കുന്ന കൃപ എന്തെന്നും ഗ്രഹിച്ച്. അതനുസരിച്ചു ജീവിക്കാൻ ഹാഗാറിന്റെ അനുഭവം ഓരോ വ്യക്തിക്കും പ്രചോദനം നൽകുന്നു.

# 12

## ഉപ്പുത്തൂണും മദ്യലഹരിയും –ലോത്തിന്റെ ഭാര്യയും പുത്രിമാരും

**ഒ**ട്ടും അഭിമാനകരമോ അനുകരണാർഹമോ അല്ലാത്ത, അപലപനീയവും അരോചകവും എന്നു വിശേഷിപ്പിക്കാവുന്ന, മൂന്നു കഥാപാത്രങ്ങളാണ് ലോത്തിന്റെ ഭാര്യയും പുത്രിമാരും. താൻ വിട്ടുപോന്ന കത്തിയെരിയുന്ന നഗരത്തിലേക്ക് കർത്താവിന്റെ കല്പനയ്ക്കു വിരുദ്ധമായി തിരിഞ്ഞുനോക്കിയ ഭാര്യ ഉപ്പുതൂണായി മാറി (ഉൽപ 19,26). മദ്യലഹരിയിലാഴ്ത്തിയ പിതാവിൽനിന്നു ഗർഭം ധരിച്ച രണ്ടുപുത്രിമാർ (ഉൽപ 19:30) സഭ്യതയുടെതന്നെ അതിരുകൾ ലംഘിക്കുന്നതായി തോന്നാം. ബൈബിൾ ദൈവവചനമാണെങ്കിൽ ഇത്തരം കഥകൾ എന്തിനു രേഖപ്പെടുത്തിയിരിക്കുന്നുവെന്ന് ചോദിക്കുന്നവരുണ്ട്. ദൈവികപദ്ധതിയെയും ധാർമികതയെയും സംബന്ധിച്ച ഉൾക്കാഴ്ച നല്കാൻ അപര്യാപ്തവും സ്ത്രീവംശത്തിനുതന്നെ അപമാനകരവുമാകയാൽ ഈ വിവരണം ബൈബിളിൽനിന്ന് എടുത്തുകളയേണ്ടതാണെന്ന് വാദിക്കുന്നവരുമുണ്ട്. എന്നാൽ, ആഴമേറിയ ചില ഉൾക്കാഴ്ചകൾ നല്കുന്നതാണ് ഈ വിവരണങ്ങൾ എന്ന് അടുത്ത് പരിശോധിക്കുമ്പോൾ മനസ്സിലാകും.

വിശുദ്ധന്മാരുടെ ജീവചരിത്രമോ വീരപുരുഷന്മാരുടെ ഇതിഹാസങ്ങളോ വിവരിക്കുന്ന ഗ്രന്ഥമല്ല ബൈബിൾ, പാപിയായ മനുഷ്യന് ദൈവം നല്കുന്ന രക്ഷയാണ് ബൈബിളിന്റെ ഇതിവൃത്തം. പാപിയായ മനുഷ്യന്റെ ജീവിതയാഥാർത്ഥ്യങ്ങൾ അവിടെ പച്ചയായി ചിത്രീകരിക്കുന്നുണ്ട്. പാപത്തിന്റെ പശ്ചാത്തലത്തിലാണ് കർത്താവിന്റെ കരുണ്യം കൂടുതൽ പ്രകടമാകുക. അതിനാൽ അനുകരണാർഹമായ മാതൃകകൾ മാത്രമല്ല, അരു

താത്തതു ചെയ്തവരുടെ ചെയ്തികളും ബൈബിളിൽ വിവരിക്കുന്നു. പൊതുവായ ഈ നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ പഠനവിഷയമായ സ്ത്രീകളെക്കുറിച്ചുള്ള വിവരണം കൂടുതൽ ശ്രദ്ധേയമാകുന്നു.

മൂന്നു സ്ത്രീകൾക്കും പേരുകൾ നല്കിയിട്ടില്ല എന്നതു തന്നെ പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ലോത്തുമായി ബന്ധപ്പെട്ടതാണ് അവരുടെ ജീവിതം; ആ ബന്ധത്തിൽ മാത്രമാണ് അവർ പരാമർശവിഷയമാകുന്നത്. മുഖ്യകഥാപാത്രമായ ലോത്തിന്റെ ജീവിതത്തിലെ താളപ്പിഴകളിലും പരാജയങ്ങളിലും വീഴ്ചകളിലും അവരും പങ്കുചേരുന്നു എന്നുമാത്രം. വാസ്തവത്തിൽ ഈ മൂന്നു സ്ത്രീകളുടെ ജീവിതത്തിലൂടെ പ്രതിഫലിക്കുന്നത് ലോത്തിന്റെ വ്യക്തിത്വത്തിൽ വീണ പുഴുക്കുത്തുകളാണ്.

ദൈവത്തിൽനിന്നു പടിപടിയായി സാവധാനം അകന്ന് അവസാനം നാശത്തിന്റെ പടുകുഴിയിൽ പതിച്ച ഒരു ഹതഭാഗ്യനാണ് ബൈബിളിലെ ലോത്ത്. ദൈവത്തിന്റെ വിളികേട്ട് ഇറങ്ങിത്തിരിച്ച അബ്രാഹത്തിന്റെ കൂടെ എല്ലാം ഉപേക്ഷിച്ച് പുറപ്പെട്ടതാണ് സഹോദരപുത്രനായ ലോത്ത്. സമ്പത്തു വർദ്ധിച്ചപ്പോൾ കലഹം ഒഴിവാക്കാനായി പരസ്പരം വേർപിരിയുന്നതാണ് നല്ലത് എന്ന് അബ്രാഹം മുന്നോട്ടുവച്ച നിർദ്ദേശം സന്തോഷത്തോടെ സ്വീകരിച്ച്, ദേശത്തെ ഏറ്റവും നല്ല ഭാഗം തിരഞ്ഞെടുക്കുന്നതോടെ ആരംഭിക്കുന്നു ലോത്തിന്റെ പതനം (ഉൽപ 13,1 -11). സഹോദരന് എന്തു സംഭവിക്കുന്നു എന്ന് അയാൾ ചിന്തിച്ചില്ല. ആടുമാടുകൾക്ക് മേച്ചിൽസ്ഥലം തികയാഞ്ഞതിലാണ് ലോത്ത് നല്ല മേച്ചിൽപ്പുറം തിരഞ്ഞെടുത്ത് വേർപിരിഞ്ഞത്. എന്നാൽ, അയാളെ നാം അടുത്തതായി കാണുന്നത് അധർമ്മത്തിന്റെ വിളനിലമായ സോദോം നഗരത്തിൽ വാസമുറപ്പിക്കുന്നതായിട്ടാണ്.

തടവിലായ സഹോദരനെ രക്ഷിക്കാൻവേണ്ടി അബ്രാഹം സ്വന്തം ജീവൻ അപകടപ്പെടുത്തി യുദ്ധത്തിന് ഇറങ്ങിത്തിരിക്കുമ്പോഴും ലോത്തിന്റെ ഭാഗത്തുനിന്ന് ഭാവാത്മകമായ ഒരു പ്രതികരണവും വി. ഗ്രന്ഥകാരൻ രേഖപ്പെടുത്തുന്നില്ല. നശിപ്പിക്കപ്പെടാൻ പോകുന്ന നഗരങ്ങൾക്കുവേണ്ടി അബ്രാഹം മാധ്യസ്ഥ്യം വഹിച്ച്, ദൈവത്തോടു വാദിച്ചു. എന്നാൽ, ലോത്തിനു സ്വന്തം കുടുംബത്തെപ്പോലും രക്ഷിക്കാൻ കഴിയുന്നില്ല. വഴിപോക്കരായിവന്ന ദൈവദൂതന്മാർക്ക് തന്റെ വീട്ടിൽ അഭയം നല്കി എന്ന

ഒരു നല്ല കാര്യം അയാൾ ചെയ്യുന്നുണ്ട്. എന്നാൽ, വീടുവളഞ്ഞ നഗരവാസികൾക്കു തന്റെ പുത്രിമാരെ വിട്ടുകൊടുക്കാൻ അയാൾക്ക് ഒരു മടിയുമില്ല. അബ്രാഹത്തിന്റെ മാധ്യസ്ഥ്യം സ്വീകരിച്ചതിനാലാണ് ലോത്തിന്റെയും കുടുംബാംഗങ്ങളുടെയും ജീവൻ രക്ഷിക്കാൻ ദൈവം അനുവദിക്കുന്നത്.

എന്നാൽ, നാശത്തിന് ഉഴിഞ്ഞിട്ടിരിക്കുന്ന നഗരത്തിൽ നിന്ന് ഇറങ്ങിപ്പോരാൻ അവർ നാലുപേരും മടിച്ചുനില്ക്കുകയാണ്. ദൂതന്മാർ ബലമായി അവരെ വലിച്ച് പട്ടണത്തിനു പുറത്താക്കിയശേഷം തിരിഞ്ഞുനോക്കാതെ മലയിലേക്ക് ഓടി രക്ഷപ്പെടാൻ പറയുമ്പോഴും മുടന്തൻന്യായങ്ങൾ ഉന്നയിച്ചു മറ്റൊരു നഗരത്തിന്റെ സുഖസൗകര്യങ്ങളിലേക്ക് ചേക്കേറാനാണ് ലോത്ത് ശ്രമിക്കുന്നത്. അതിനു ദൈവം സമ്മതം നല്കിയെങ്കിലും അവസാനം അവിടെയും വാസമുറപ്പിക്കാതെ മലമുകളിലെ ഗുഹയുടെ ഏകാന്തതയിൽ, മദ്യലഹരിയിലാണ്ട്, ഉന്മാദാവസ്ഥയിൽ സ്വന്തം പുത്രിമാരിൽനിന്നു മക്കളെ ജനിപ്പിക്കുന്ന അവസ്ഥയിലെത്തുന്നു ലോത്തിന്റെ പതനം. ദൈവത്തിൽനിന്നു സാവകാശം അകലുന്ന മനുഷ്യന് എവിടംവരെ എത്താം എന്നതിന്റെ ഉദാഹരണമാണ് ലോത്തിന്റെ കുടുംബചരിത്രം. എന്നാൽ, അതു മാത്രമല്ല:

ലോത്തിന്റെ ഭാര്യ എന്തിനുവേണ്ടിയാണ് തിരിഞ്ഞുനോക്കിയത് എന്ന് വി. ഗ്രന്ഥകാരൻ പറയുന്നില്ല. എന്നാൽ, ബൈബിളിന്റെ പൊതുവായ കാഴ്ചപ്പാടിൽ, തിരിഞ്ഞുനോക്കുന്നത് വിട്ടുപേക്ഷിക്കാനുള്ള വൈമനസ്യത്തെയും തിരിച്ചുപോകാനുള്ള താത്പര്യത്തെയുമാണ് സൂചിപ്പിക്കുക. ദൂതന്മാർ ബലമായി പിടിച്ചു പുറത്താക്കിയെങ്കിലും അങ്ങോട്ടുതന്നെ മടങ്ങാനുള്ള ആഗ്രഹത്തിന്റെ സൂചനയാണ് ഈ തിരിഞ്ഞുനോട്ടം. നിഷേധാത്മകമായ ഒരു പാഠം ഇതിൽനിന്നു ലഭിക്കുന്നു. തിന്മയെ വിട്ടുപേക്ഷിച്ചവർ തിരിച്ചുപോയാൽ സമൂലനാശമായിരിക്കും ഫലം.

ലോത്തിന്റെ പുത്രിമാരുടെ പ്രവൃത്തിയിൽനിന്ന് എന്തു പാഠമാണ് ലഭിക്കുക? തലമുറകളുടെ പിൻതുടർച്ചയിലൂടെ ജീവൻ നിലനില്ക്കുന്നു എന്ന ചിന്താഗതിയാണ്, പുനരുത്ഥാനത്തെക്കുറിച്ചുള്ള വിശ്വാസം ഉടലെടുക്കുന്നതുവരെ നിലനിന്നത്. അതിനാൽ തങ്ങളുടെ പിതാവിന്റെ സന്തതിപരമ്പര അറ്റുപോകാതിരിക്കാൻ തങ്ങളാൽ കഴിയുന്നതു പുത്രിമാർ ചെയ്തു. അവർക്കുതന്നെ അരോചകവും പിതാവിനു തികച്ചും അസ്വീകാര്യവും

ആയിരുന്നിട്ടും. അതുകൊണ്ടാണല്ലോ പിതാവിനെ വീഞ്ഞുകുടിപ്പിച്ച് ഉന്മത്തനാക്കിയതിനുശേഷം അവനിൽനിന്നു ഗർഭം ധരിക്കാൻ അവർ തീരുമാനിച്ചത്.

മദ്യലഹരി മനുഷ്യനെ ഹീനമായി അധഃപതിപ്പിക്കും എന്ന ഒരു പാഠം ഇവിടെയുണ്ട്. പുത്രിമാരുടെ പ്രവർത്തനത്തെക്കുറിച്ച് ധാർമികമായ ഒരു വിലയിരുത്തലും ബൈബിളിലില്ല. അത് അനുവാചകർക്ക് വിട്ടുകൊടുത്തിരിക്കുകയാണ്. എന്നാൽ, പുത്രിമാർ ഇരുവരും ഗർഭം ധരിക്കുകയും ഓരോ പുത്രന്മാരെ പ്രസവിക്കുകയും ചെയ്തു എന്ന് വി. ഗ്രന്ഥകാരൻ എടുത്തുപറയുന്നു. അതിനെക്കാൾ ശ്രദ്ധേയമാണ് പുത്രന്മാർക്ക് നല്കുന്ന പേരുകൾ. എന്റെ പിതാവിൽനിന്നു ജനിച്ചവൻ എന്നാണ് മൊവാബ് എന്ന പേരിന്റെ അർത്ഥം. എന്റെ ജനത്തിന്റെ പുത്രൻ എന്നാണ് രണ്ടാമന്റെ പേരായ ബെൻ അമ്മിയുടെ അർത്ഥം. മൊവാബ്യരുടെയും അമ്മോന്യരുടെയും പൂർവ്വപിതാക്കന്മാരായിരുന്നു അവർ എന്നു തുടർന്നു വിവരിക്കുന്നു.

ഇസ്രായേലിന്റെ ശത്രുക്കളായിട്ടാണ് മൊവാബ്യരും അമ്മോന്യരും പൊതുവെ അറിയപ്പെടുന്നത്. അതിനാൽ തങ്ങളുടെ ശത്രുക്കളെ പരിഹസിക്കുന്നതിനായി അവരുടെ ഉത്ഭവത്തെക്കുറിച്ച് ഇസ്രായേൽക്കാർ കെട്ടിച്ചമച്ച ഒരു കഥയായി ഇതിനെ ചില വ്യാഖ്യാതാക്കൾ കരുതാറുണ്ട്. പക്ഷേ, അതിനെക്കാൾ പ്രാധാന്യമുള്ള മറ്റൊരു കാര്യമുണ്ട്.

ബൊവാസിന്റെ ഭാര്യയും ദാവീദിന്റെ മുത്തശ്ശിയുമായ റൂത്ത് ഒരു മൊവാബ്യ സ്ത്രീയായിരുന്നു. രക്ഷകനായ യേശുക്രിസ്തുവിന്റെ സിരകളിലൂടെ ഒഴുകിയ രക്തത്തിൽ മൊവാബ്യരക്തവും കലർന്നിരുന്നു- അതു ലോത്തിന്റെയും ആദ്യപുത്രിയുടെയും രക്തവുമായിരുന്നു. പ്രത്യക്ഷത്തിൽ അരോചകവും ഗർഹണീയവുമായ ഒരു പ്രവൃത്തിയിൽനിന്ന് അന്തിമമായി നന്മ പുറപ്പെടുവിക്കാൻ ദൈവത്തിനു കഴിഞ്ഞു. ലോത്തിന്റെ പുത്രിമാരുടെ ചെയ്തിയെ ന്യായീകരിക്കാനോ അനുകരിക്കാനോ കഴിയില്ലെങ്കിലും അവരെ കുറ്റം വിധിക്കുന്നതിനു മുമ്പേ അവരെ നയിച്ച ചേതോവികാരവും അതിന്റെ ആത്യന്തികമായ ഫലവും പരിഗണിക്കണം. അതുകൊണ്ടായിരിക്കും വിധിക്കരുത്, നിങ്ങളും വിധിക്കപ്പെടുകയില്ല എന്ന് യേശു പഠിപ്പിച്ചത്.

# 13

## ഇരട്ടകളുടെ മാതാവ് –റബേക്ക

**ബൈബി**ളിൽ പ്രതിപാദിക്കപ്പെടുന്ന ധീരവനിതകളിൽ ഏറ്റം മുൻപന്തിയിൽ നിൽക്കുന്ന ഒരാളാണ് പൂർവ്വമാതാവായ റബേക്ക. അബ്രാഹത്തിന്റെ സഹോദരനായ നാഹോറിന്റെ പുത്രൻ ബത്തുവേലാണ് റബേക്കയുടെ പിതാവ്; ലാബാൻ സഹോദരൻ. ഇസഹാക്കിന്റെ ഭാര്യയും ഏസാവ്, യാക്കോബ് എന്നീ ഇരട്ട സഹോദരന്മാരുടെ മാതാവുമാണ് അവൾ. പിതാവ്, സഹോദരൻ, ഭർത്താവ്, പുത്രന്മാർ എന്നിവരുമായുള്ള ബന്ധത്തിലൂടെ മാത്രമല്ല അവൾ അറിയപ്പെടുന്നത്, സ്വന്തമായ പദ്ധതികളുടെയും ഉറച്ച തീരുമാനങ്ങളുടെയും ധീരമായ പ്രവർത്തനങ്ങളുടെയും ഉടമയുമാണ് റബേക്ക. ഉൽപ്പത്തി 24–27 അധ്യായങ്ങളിൽ അവളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. പുതിയ നിയമത്തിൽ ഒരിക്കൽ മാത്രമേ റബേക്ക പരാമർശവിഷയമാകുന്നുള്ളൂ - റോമ 9,10–12.

ഇരട്ടകളിൽ രണ്ടാമത്തവനെ കൂടുതൽ സ്നേഹിക്കുകയും മൂത്തവന് ലഭിക്കേണ്ട അനുഗ്രഹവും അവകാശങ്ങളും നുണയും വഞ്ചനയുംവഴി ഇളയവനു നേടിക്കൊടുക്കുകയും ചെയ്ത റബേക്കായുടെ പ്രവൃത്തിയാണ് കൂടുതലായി അറിയപ്പെടുന്നത്. വഞ്ചനയിലൂടെ അനുഗ്രഹം സമ്പാദിക്കാൻ മകനെ പ്രേരിപ്പിച്ച മാതാവിന് പിന്നീട് എന്തു സംഭവിച്ചു എന്ന് ബൈബിൾ പറയുന്നില്ല. അവളുടെ ശവകുടീരത്തെക്കുറിച്ചുള്ള ഒരു പരാമർശം (ഉൽപത്തി 49:31) മാത്രമാണ് നാം പിന്നീട് കാണുന്നത്. അബ്രാഹത്തിന്റെയും സാറായുടെയും, ഭർത്താവായ ഇസഹാക്കിന്റെയും കൂടെ അവളും മക്പേലായിലെ ഗുഹയിൽ സംസ്കരിക്കപ്പെട്ടു. എന്നാൽ,

നുണയും വഞ്ചനയും മാത്രമല്ല, പൂർവ്വമാതാവായ റബേക്കായുടെ ഗുണങ്ങൾ. തന്നെയുമല്ല, വഞ്ചനയിലൂടെ അനുഗ്രഹം ഒരു മകന് നേടിക്കൊടുക്കാൻ പ്രേരിപ്പിച്ച ശക്തിയെന്തെന്നും അന്വേഷിക്കേണ്ടതുണ്ട്.

വൃദ്ധനായ അബ്രാഹം ഭാര്യ സാറായുടെ മരണത്തിനു ശേഷം പുത്രൻ ഇസഹാക്കിന് തന്റെ ബന്ധു ജനങ്ങളിൽനിന്ന് ഒരു വധുവിനെ കണ്ടെത്താനായി കാര്യസ്ഥനെ പറഞ്ഞയച്ചു. ദൈവത്തിന്റെ പ്രത്യേകപരിപാലനയാൽ അയാൾ കണ്ടെത്തിയ വധുവാണ് റബേക്ക. അവൾ കന്യകയും അഴകുള്ളവളും ആയിരുന്നു. തന്നെയുമല്ല, സാഹചര്യത്തിനൊത്ത് വിവേകപൂർവ്വമായും ധീരതയോടെയും പ്രവർത്തിക്കാൻ അവൾക്കുള്ള കഴിവും വി. ഗ്രന്ഥം എടുത്തുകാട്ടുന്നുണ്ട്. തന്നോട് കുടിക്കാൻ വെള്ളം ചോദിച്ച വഴിപോക്കൻ ആരെന്നോ, അയാളുടെ ലക്ഷ്യം എന്തെന്നോ അറിയാതെയും അന്വേഷിക്കാതെയും അയാൾക്കു മാത്രമല്ല, ഒട്ടകങ്ങൾക്കും വെള്ളം കോരിക്കൊടുക്കാൻ തയ്യാറാകുമ്പോൾ റബേക്കായുടെ ഔദാര്യവും ആതിഥ്യമര്യാദയും അതോടൊപ്പം ധീരതയും പ്രകടമാകുന്നു (ഉൽപ 24,15-20).

സാഹചര്യങ്ങൾക്കനുസരിച്ച് ഉചിതമായ തീരുമാനമെടുക്കാനുള്ള റബേക്കായുടെ കഴിവ് അനേകം തവണ തെളിയിക്കപ്പെടുന്നുണ്ട്. തന്റെ ചാർച്ചക്കാരന്റെ കാര്യസ്ഥനാണെന്നു മനസ്സിലാക്കിയപ്പോൾ വഴിപോക്കൻ നല്കിയ സമ്മാനങ്ങൾ സ്വീകരിക്കാൻ അവൾ മടിച്ചില്ലെന്നു മാത്രമല്ല, തന്റെ വീട്ടിലേക്ക് ക്ഷണിക്കാനും ആതിഥ്യം നല്കാനും തയ്യാറാകുന്നത് ബൈബിളിലെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം അസാധാരണമായ വിവേകത്തിന്റെയും ധീരതയുടെയും അടയാളങ്ങളാണ്. വിവാഹനിശ്ചയത്തിന് സമ്മതിക്കുക മാത്രമല്ല, ഒട്ടും വൈകാതെ പിതൃഭവനത്തെയും ബന്ധുക്കളെയും വിട്ട് അജ്ഞാതമായ ഒരു ദേശത്തേക്ക് അപരിചിതനായ ഒരു വ്യക്തിയുടെ കൂടെ ഇറങ്ങിത്തിരിക്കുന്ന റബേക്ക വിശ്വാസത്തിലും ധീരതയിലും അബ്രാഹത്തോടൊപ്പമെത്തുന്നു. നീ ഈ മനുഷ്യനോടുകൂടെ പോകുന്നുവോ എന്ന ചോദ്യത്തിന് യാതൊരു മടിയും കൂടാതെ അവൾ ഒറ്റ വാക്കിൽ ഉത്തരം പറഞ്ഞു: ഞാൻ പോകുന്നു (ഉൽപ 24:58).

മാതാവിന്റെ നിര്യാണത്തിൽ ദുഃഖാർത്തനായിരുന്ന ഇസഹാക്ക് റബേക്കായുടെ സാന്നിദ്ധ്യത്തിൽനിന്നു ആശ്വാസം

കണ്ടെത്തി (ഉൽപ 24,67). ഭർത്താവിന് ഇണയും തുണയുമായി രിക്കാനും അയാളെ ആദരിക്കാനും സ്നേഹിക്കാനും ആശ്വാസം പകരാനും കഴിയുന്ന റബേക്ക ബൈബിളിന്റെ കാഴ്ചപ്പാടിലുള്ള ഉത്തമയായ ഭാര്യയാണ്.

ദീർഘകാലത്തെ അവളുടെ വന്ധ്യത്വം ബൈബിളിലെ ഒരു പൊതുപ്രമേയമാണ്. സാറായും റാഹേലും എലിസബത്തും ഒക്കെ ഉദാഹരണങ്ങളാണ്. ജനിക്കാൻ പോകുന്ന ശിശു ദൈവ ത്തിന്റെ പ്രത്യേക പരിപാലനയുടെ ഫലമാണെന്ന് ഈ പ്രമേയ ത്തിലൂടെ സൂചിപ്പിക്കുന്നു. ഇരുപതു വർഷം ദീർഘിച്ച വന്ധ്യത്വം അവസാനിക്കുന്നത് ഇസഹാക്കിന്റെ പ്രാർത്ഥനയിലൂടെയാണെ ന്നത് പ്രത്യേക ശ്രദ്ധയർഹിക്കുന്നു (ഉൽപ 25,21). വന്ധ്യത്വം അനുഭവിക്കുന്ന ദമ്പതികൾക്ക് ഇന്നും ഒരു പ്രചോദനവും മാതൃ കയുമാണ് ഈ പ്രാർത്ഥന.

ഗർഭിണിയായ അവളുടെ ഉദരത്തിൽ രണ്ടു ശിശുക്കൾ മല്ലി ട്ടത് ആ സഹോദരങ്ങൾ തമ്മിൽ വരാനിരുന്ന ശത്രുതയുടെയും സംഘട്ടനത്തിന്റെയും സൂചനയും മുന്നോടിയുമായിരുന്നു. ആ സംഘട്ടനത്തിനു മാതാവായ റബേക്ക ഉത്തരവാദിയല്ല. ദുഃഖാർത്തയായ അവളുടെ നിലവിളിക്ക് ദൈവം നല്കിയ ഉത്ത രമാണ് ഏറ്റം ശ്രദ്ധേയം: "രണ്ടു വംശങ്ങളാണ് നിന്റെ ഉദരത്തി ലുള്ളത്. നിന്നിൽനിന്ന് പിറക്കുന്നവർ രണ്ടു ജനതകളായി പിരിയും. ഒന്നു മറ്റേതിനെക്കാൾ ശക്തമായിരിക്കും. മൂത്തവൻ ഇളയവന് ദാസ്യവൃത്തി ചെയ്യും" (ഉൽപ 25, 22-23). ഈ വ ചനമാണ് ദൈവത്തിന്റെ നിഗൂഢമായ പദ്ധതികളുടെ ഉദാഹര ണമായി വി. പൗലോസ് എടുത്തുകാട്ടുന്നത്. ഇസ്രായേൽജനവും അയൽക്കാരായ എദോമ്യരും തമ്മിൽ നിലനിന്ന ശത്രുതയു ടെയും പോരാട്ടങ്ങളുടെയും ഒരു വിശദീകരണം ഈ അരുളപ്പാ ടിൽ കാണാം. എന്തുകൊണ്ട് ഇളയവനെ മൂത്തവനെക്കാൾ കൂടു തൽ പരിഗണിക്കുന്നു എന്നതിന് ഒരു ഉത്തരമേയുള്ളൂ: ഇളയവ രിലൂടെയും എളിയവരിലൂടെയും തന്റെ രക്ഷാകരപ്രവൃത്തി പൂർത്തിയാക്കുക എന്നത് ദൈവഹിതമാണ്.

ആ തിരുഹിതം നടപ്പിലാക്കാൻ സഹകരിക്കുക മാത്രമാണ് റബേക്ക തുടർന്നു ചെയ്തത്. നായാട്ടുകാരനായ ഏസാവ് കൊണ്ടുവരുന്ന കാട്ടിറച്ചിയോടുള്ള ഇഷ്ടമായിരുന്നു ഇസഹാക്ക് മൂത്തവനെ കൂടുതൽ സ്നേഹിക്കുവാൻ കാരണം (ഉൽപ 25:28).

റബേക്ക യാക്കോബിനെ കൂടുതൽ ഇഷ്ടപ്പെടുന്നതിന് പ്രത്യേക ന്യായീകരണമൊന്നും ബൈബിൾ നല്കുന്നില്ല. എന്നാൽ, രണ്ടു മക്കളുടെയും പ്രവത്തനശൈലിയിൽനിന്ന് ഇരുവരുടെയും സ്വാഭാവസവിശേഷതകളും യോഗ്യതകളും വ്യക്തമാകുന്നുണ്ട്. ഒരു പാത്രം പയറുപായസത്തിനുവേണ്ടി കടിഞ്ഞൂലവകാശം വിറ്റ ഏസാവ് അവകാശവും അതിനടിസ്ഥാനമായി നിൽക്കുന്ന പിതാവിന്റെ അനുഗ്രഹവും അർഹിക്കുന്നില്ല എന്ന് വി. ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു. നേരെമറിച്ച്, സൂക്ഷ്മബുദ്ധിയായ യാക്കാബ് അനുഗ്രഹവും അവകാശവും അങ്ങേയറ്റം വിലമതിക്കുന്നുണ്ട്. എന്നാലും മാതാവിന്റെ സമയോചിതവും സാഹസികവുമായ ഇടപെടലിലൂടെയാണ് അനുഗ്രഹം യാക്കോബിനു ലഭിച്ചത്.

കാട്ടിറച്ചി തിന്ന് തൃപ്തനായി ഏസാവിനെ അനുഗ്രഹിക്കാൻ ഒരുങ്ങിയ ഇസഹാക്കിനെ ആട്ടിറച്ചികൊടുത്തും യാക്കോബിന്റെ ദേഹത്ത് ആട്ടിൻതൊലി ഒട്ടിച്ചും കബളിപ്പിച്ചത് ഇന്നത്തെ നമ്മുടെ ധാർമികമായ കാഴ്ചപ്പാടിൽ ഒട്ടും ന്യായീകരിക്കാൻ സാധിക്കുകയില്ല. വഞ്ചന തിരിച്ചറിഞ്ഞാൽ അനുഗ്രഹത്തിനുപകരം ശാപം കിട്ടിയേക്കുമോ എന്ന് യാക്കോബ് ന്യായമായും ഭയപ്പെടുന്നുണ്ട്. ആ ശാപം എന്റെ മേലായിരിക്കട്ടെ (ഉൽപ 27:13) എന്ന റബേക്കയുടെ വാക്കുകൾക്ക് ഏറെ ആഴവും വ്യാപ്തിയുമുണ്ട്. യാക്കോബിന് അനുഗ്രഹം ലഭിക്കുക എന്നത് ദൈവികപദ്ധതിയാണെന്ന് പണ്ടേ വെളിപ്പെട്ടിരുന്നു. അത് നഷ്ടപ്പെട്ടുപോകുന്ന സാഹചര്യമുണ്ടായപ്പോൾ ശാപംപോലും ഏറ്റെടുക്കാൻ തയ്യാറായിക്കൊണ്ട് റബേക്ക നടത്തുന്ന ഇടപെടലിലെ സാഹസികതയും വിവേകവും കൗശലവുമാണ് വി. ഗ്രന്ഥകാരൻ എടുത്തുകാട്ടുന്നത്. ജനത്തിനുവേണ്ടി രക്ഷയുടെ പുസ്തകത്തിൽനിന്നു തിരസ്കൃതനാകാൻ തയ്യാറായ മോശയുടെയും (പുറ 32:32), സഹോദരങ്ങളുടെ രക്ഷയ്ക്കുവേണ്ടി ശപിക്കപ്പെട്ടനും ക്രിസ്തുവിൽനിന്നു വിഛേദിക്കപ്പെട്ടവനുമാകാൻ (റോമ 9,3) ആഗ്രഹിച്ച പൗലോസിന്റെയും മനോഭാവവും ധീരതയുമാണ് ഇവിടെ റബേക്കായും പ്രകടമാക്കുന്നത്.

വഞ്ചിതനായ ഏസാവ് സഹോദരനെ വധിക്കാൻ തീരുമാനിച്ചിരിക്കുന്നു എന്നറിഞ്ഞ റബേക്ക ഇഷ്ടപുത്രനായ യാക്കോബിനെ വിദൂരത്തേക്ക് പറഞ്ഞയയ്ക്കാൻ തയ്യാറായി. ഒളിച്ചോട്ടത്തിന് വഴിയൊരുക്കുന്നതും ഉപദേശങ്ങൾ നല്കി ധൈര്യപ്പെ

ടുത്തി അയയ്ക്കുന്നതും അമ്മതന്നെ. എന്തെങ്കിലും സ്വാർത്ഥ താത്പര്യമല്ല റബേക്കായെ ഇതിനെല്ലാം പ്രേരിപ്പിച്ചത് എന്ന് ഇതിൽനിന്നും വ്യക്തം. ഹാരാനിലേക്കു പോയ യാക്കോബ് മടങ്ങിവരുന്നതു കാണാൻ റബേക്ക ജീവിച്ചിരുന്നോ എന്ന് വി. ഗ്രന്ഥകാരൻ പറയുന്നില്ല. യാക്കോബിന്റെ പലായനത്തോടെ ഈ പൂർവ്വമാതാവ് രംഗത്തുനിന്നും അപ്രത്യക്ഷയാകുന്നു, സ്വന്തം ഭാഗം അഭിനയിച്ചുതീർത്ത കഥാപാത്രത്തെപ്പോലെ.

ദൈവഹിതമെന്ന് വ്യക്തമായി മനസ്സിലാക്കിയതു നിർവ്വഹിക്കാൻ ഏറെ ത്യാഗങ്ങൾക്കും സാഹസങ്ങൾക്കും സന്നദ്ധയായ ഒരു ധീരവനിതയാണ് റബേക്ക. അവളുടെ പ്രവൃത്തികളെ ഇന്നത്തെ ധാർമിക മാനദണ്ഡമനുസരിച്ച് വിധിക്കാനാവില്ല; അവളുടെ ചെയ്തികളെ അതേപടി അനുകരിക്കാനും കഴിയില്ല. പ്രവൃത്തിക്കു പിന്നിലുള്ള മനോഭാവമാണ് അനുകരണാർഹമായ മാതൃക. അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം സാറായുടെയും ഹാഗാറിന്റെയും റബേക്കായുടെയും ദൈവവുമാണ്. പിതാക്കന്മാരിലൂടെയെന്നപോലെ മാതാക്കളിലൂടെയും അവിടുന്ന് പ്രവർത്തിക്കുന്നു, സ്വയം വെളിപ്പെടുത്തുന്നു; തിരുഹിതം നിറവേറ്റുന്നു.

# 14

## വന്ധ്യയായ ഇഷ്ടപത്നി –റാഹേൽ

റബേക്കയുടെ സഹോദരൻ ലാബാന്റെ രണ്ടുപുത്രിമാരിൽ ഇളയവളും യാക്കോബ് പ്രേമിച്ച് വിവാഹം കഴിച്ചവളുമായ ഗോത്രമാതാവാണ് റാഹേൽ. ഇസ്രായേലിലെ മൂന്നു പ്രധാന ഗോത്രങ്ങൾ– എഫ്രായിം, മനാസ്സെ, ബെഞ്ചമിൻ– അവളുടെ സന്തതികളായി അറിയപ്പെടുന്നു. ഉൽപ്പത്തി 29–35 അധ്യായങ്ങളിലാണ് റാഹേലിനെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത്. അതിനുപുറമെ, ഉൽപത്തി 46–ാം അധ്യായത്തിൽ യാക്കോബിന്റെ മക്കളുടെ പട്ടിക അവതരിപ്പിക്കുമ്പോൾ റാഹേൽ മൂന്നുതവണ പരാമർശവിഷയമാകുന്നുണ്ട്. ഉൽപത്തി 48:7 ൽ റാഹേലിന്റെ മരണത്തെക്കുറിച്ച് യാക്കോബ് അനുസ്മരിക്കുന്നു. 1 സാമു 10:2 ൽ റാഹേലിന്റെ ശവകുടീരത്തെക്കുറിച്ച് ഒരു സൂചനയുണ്ട്. റൂത്ത് 4:11 അനുഗ്രഹത്തിന്റെ മാതൃകയായി റാഹേലിനെ എടുത്തുകാട്ടുന്നു. അവസാനമായി ജറെമിയ 31:15–ൽ നഷ്ടപ്പെട്ടുപോയ മക്കളെച്ചൊല്ലിയുള്ള റാഹേലിന്റെ വിലാപം പരാമർശവിഷയമാകുന്നു. ഹേറോദേസ് നടത്തിയ ശിശുവധത്തിൽ പൂർത്തീകരിക്കപ്പെട്ട ഒരു പ്രവചനമായി ഈ വാക്യം വി. മത്തായി 2:16–18 ഉദ്ധരിക്കുന്നുണ്ട്. 'പെണ്ണാട്' എന്നത്രേ റാഹേൽ എന്ന പേരിന്റെ അർത്ഥം.

അഗാധമായ പ്രേമത്തിന്റെ കഥയായിട്ടാണ് യാക്കോബും റാഹേലും തമ്മിലുള്ള ബന്ധത്തെ ബൈബിൾ അവതരിപ്പിക്കുന്നത്. സഹോദരൻ ഏസാവിനെ ഭയന്ന്, പ്രാണരക്ഷാർത്ഥം പലായനം ചെയ്ത ഒരു അഭയാർത്ഥിയായി യാക്കോബ് ഹാരാനിൽ എത്തിച്ചേർന്നു. അവിടെ കിണറ്റിൻകരയിൽവച്ചു കണ്ടുമുട്ടിയ സുന്ദരിയായ റാഹേലിൽ അനുരക്തനായ യാക്കോബ് അവൾക്കു

വേണ്ടി എന്തു ത്യാഗത്തിനും സാഹസത്തിനും സന്നദ്ധനായി. കിണറു മൂടിയിരുന്ന ഭാരമേറിയ കല്ല് ഒറ്റയ്ക്ക് ഉരുട്ടിമാറ്റി റാഹേലിന്റെ ആടുകൾക്ക് വെള്ളം കൊടുക്കുന്ന യാക്കോബ് അവളുടെ സാമീപ്യത്തിൽ അസാധാരണ ശക്തിമാനായി പ്രത്യക്ഷപ്പെടുന്നു. അവളെ ചുംബിച്ചതിനുശേഷം ഉറക്കെ കരയുന്നത് സന്തോഷത്തിന്റെയും ആശ്വാസത്തിന്റെയും ആനന്ദനിർവൃതിയുടെയും ഒക്കെ അടയാളമായിരിക്കാം. ഒരു പുരുഷൻ ഒരു സ്ത്രീയെ ചുംബിക്കുന്നതായി ബൈബിളിൽ ഇവിടെ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ എന്നതും ശ്രദ്ധേയമത്രേ. വിശുദ്ധമായ സ്ത്രീ-പുരുഷ സ്നേഹത്തിന്റെ മാതൃകയായിട്ടാണ് യാക്കോബും റാഹേലും തമ്മിലുള്ള ബന്ധത്തെ ബൈബിൾ അവതരിപ്പിച്ചിരിക്കുന്നത്.

ഉറക്കെ കരഞ്ഞുകൊണ്ട് ആരംഭിച്ച ബന്ധം കണ്ണീരിൽ കുതിർന്നാണ് തുടർന്നത്, കണ്ണീരിൽതത്തന്നെയാണ് കലാശിച്ചതും. രണ്ടാമത്തെ പുത്രന്റെ ജനനത്തോടെ മരിച്ച റാഹേൽ തന്നെ കണ്ണീരിൽ ആഴ്ത്തിക്കൊണ്ടാണ് വിടപറഞ്ഞതെന്ന് തന്റെ ജീവിതാന്ത്യത്തിൽ യാക്കോബ് അനുസ്മരിക്കുന്നു (ഉൽപ 48:7). നഷ്ടപ്പെട്ട മക്കളെയോർത്ത് വിലപിക്കുന്ന ഗോത്രമാതാവായിട്ടാണ് ജറെമിയായും മത്തായിയും റാഹേലിനെ അവതരിപ്പിച്ചിരിക്കുന്നത്. ഈ കണ്ണീരിന്റെയും വിലാപത്തിന്റെയും മധ്യേ ചുരുളഴിയുന്നത് പ്രേമത്തിന്റെ പൊലിയാത്ത കഥയാണ്. ഗാഢമായ സ്നേഹവും തീവ്രമായ അഭിലാഷങ്ങളും, നന്ദിയും നിർവൃതിയും അതോടൊപ്പം കഠിനമായ അസൂയയും മത്സരവും, വഞ്ചനയും ചതിയും എല്ലാം ഈ കഥയിൽ ഉൾച്ചേർന്നിരിക്കുന്നു.

അതീവസുന്ദരിയായിട്ടാണ് ഇടയകന്യകയായ റാഹേൽ പ്രത്യക്ഷപ്പെടുന്നത്. അവളെ ഭാര്യയായി കിട്ടാൻവേണ്ടി ഏഴു വർഷം അടിമവേലചെയ്യാൻ യാക്കോബ് തയ്യാറായി. അവളോടുള്ള ഗാഢമായ പ്രേമംമൂലം ഈ ഏഴുവർഷങ്ങൾ ഏതാനും ദിവസങ്ങൾ മാത്രമായേ അയാൾക്കു തോന്നിയുള്ളൂ (ഉൽപ. 29:20). സൗന്ദര്യവും തീരുമാനങ്ങൾ എടുക്കാനുള്ള തന്റേടവും വിവേകവും റാഹേലിനുണ്ടായിരുന്നു, ഭർത്താവിന്റെ അതിരുകളില്ലാത്ത സ്നേഹവും. പക്ഷേ, വന്ധ്യത്വം ഒരു ശാപംപോലെ അവളെ പിന്തുടർന്നു. എല്ലാം തികഞ്ഞവൾ എന്നു കരുതുമ്പോഴും ഈ കുറവ് മറ്റെല്ലാ ദാനങ്ങളെയും കഴിവുകളെയും നിഷ്പ്രഭമാക്കുന്നു. ജീവിതത്തിന് സുരക്ഷിതത്വവും സാമ്പത്തികഭദ്രതയും സമൂഹത്തിൽ

സ്ഥാനവും എല്ലാം ഉറപ്പുവരുത്തിയിരുന്നത് സന്താനങ്ങളാണ്. മക്കളില്ലാതിരിക്കുക എറ്റം വലിയ നഷ്ടമായി കരുതപ്പെട്ടിരുന്നു. ഭർത്താവിനു മക്കളെ കൊടുക്കാൻ കഴിയാത്ത സ്ത്രീ, മറ്റെന്തൊക്കെ ഗുണങ്ങളുണ്ടായാലും അഭിശപ്തയായി പരിഗണിക്കപ്പെട്ടിരുന്നു. സാറാ, റബേക്ക, സാമുവേലിന്റെ അമ്മയായ ഹന്ന, സ്നാപകന്റെ മാതാവായ എലിസബത്ത് എന്നിങ്ങനെ അനേകം സ്ത്രീകളുടെ കഥകളിലൂടെ ബൈബിൾ ഈ മനോഭാവത്തിന് സാക്ഷ്യംവഹിക്കുന്നു.

ഭർത്താവിന്റെ ഇഷ്ടപത്നിയായ റാഹേൽ വന്ധ്യയായി തുടർന്നപ്പോൾ അത്രതന്നെ സ്നേഹം ലഭിക്കാതിരുന്ന ജ്യേഷ്ഠസഹോദരി ലെയാ ആറു പുത്രന്മാരുടെയും ഒരു പുത്രിയുടെയും അമ്മയായി. സഹോദരിക്കു ലഭിച്ച കൃപയിൽ അസൂയാലുവായ റാഹേൽ തന്റെ ദാസിയായ ബിൽഹായിലൂടെ മാതൃത്വം സമ്പാദിക്കാൻ ശ്രമിച്ചു. അവൾക്കു ജനിച്ച രണ്ടു പുത്രന്മാർക്ക് പേരു നല്കിക്കൊണ്ട് അവരെ തന്റെ പുത്രന്മാരായി പരിഗണിച്ചു. എന്നാലും സ്വന്തമായി മക്കൾ ഉണ്ടാകണം എന്ന ആഗ്രഹം അവളിൽ ജ്വലിച്ചുനിന്നു. എനിക്ക് മക്കളെ തരുക, അല്ലെങ്കിൽ ഞാൻ മരിക്കും (ഉൽപ 30:2) എന്ന അവളുടെ വിലാപം സന്താനലബ്ധിക്കുവേണ്ടിയുള്ള അത്യുൽക്കടമായ ആഗ്രഹം പ്രകടമാക്കുന്നു. മക്കൾ ദൈവത്തിന്റെ ദാനമാണെന്ന സത്യം യാക്കോബ് അനുസ്മരിപ്പിക്കുമ്പോൾ ദൈവം തന്നെ വിസ്മരിച്ചിരിക്കുന്നു എന്ന നിരാശാജനകമായ അവബോധമാണ് അവളിൽ ഉണരുന്നത്.

എന്നാൽ, ദൈവം ആരെയും വിസ്മരിക്കുന്നില്ല, ഉപേക്ഷിക്കുന്നുമില്ല. അവഗണിക്കപ്പെട്ട ലെയായും ദാസിമാരും അമ്മമാരായിത്തീർന്നതിനുശേഷം റാഹേലിനും മക്കളുണ്ടായി. ദൈവം റാഹേലിനെ അനുസ്മരിച്ചു" (ഉൽപ 30:22) എന്ന ആമുഖത്തോടെയാണ് അവളുടെ ആദ്യപുത്രന്റെ ജനനത്തെ ബൈബിൾ വിവരിക്കുന്നത്. അസൂയയും വിദ്വേഷവും, ശത്രുതയും മാത്സര്യവും വെടിഞ്ഞ്, വിനയപൂർവ്വം ദൈവത്തിൽ ആശ്രയിക്കാനും സഹോദരിയെ സ്നേഹിക്കാനും മാനിക്കാനും അഭ്യസിച്ചുകഴിഞ്ഞപ്പോഴാണ് അവൾക്കു സന്താനഭാഗ്യം ലഭിച്ചത്.

തീവ്രമായി ആഗ്രഹിച്ചും തീക്ഷ്ണമായി പ്രാർത്ഥിച്ചും ലഭിച്ച സന്താന പുഷ്ടിതന്നെ റാഹേലിന്റെ മരണത്തിന് കാരണമായി എന്നത് ഒരു വിരോധാഭാസമായി തോന്നാം. രണ്ടാമത്തെ പുത്രന്റെ ജനനത്തോടെ അവൾ മരിച്ചു. ദുഃഖപുത്രൻ

എന്ന അർത്ഥത്തിൽ ബെനോനി എന്ന് അവൾ വിളിച്ച മകന് 'അനുഗ്രഹപുത്രൻ' (എന്റെ വലതുകൈയുടെ പുത്രൻ എന്നു വാച്യാർത്ഥം) എന്ന് അർത്ഥമുള്ള ബെഞ്ചമിൻ എന്ന് യാക്കോബ് പേരിട്ടു (ഉൽപ 35,18). ഒരേസമയം ദുഃഖവും സന്തോഷവും, അനുഗ്രഹവും ശാപവും അവൾക്ക് ലഭിച്ചതായി തോന്നും. റാഹേലിന്റെ മരണം യാക്കോബിനെ തീരാദുഃഖത്തിലാഴ്ത്തി. അവളുടെ മരണം മാത്രമല്ല, അവൾക്കു ജനിച്ച മക്കളും യാക്കോബിനു ദുഃഖകാരണമായി.

താൻ ഏറ്റവും അധികം സ്നേഹിച്ച ഭാര്യയുടെ മകനായിരുന്നതിനാൽ ജോസഫിനെ മറ്റു മക്കളെക്കാൾ ഉപരിയായി യാക്കോബ് സ്നേഹിച്ചത് കുടുംബകലഹത്തിന് കാരണമായി. സഹോദരങ്ങൾ തമ്മിൽ അസൂയയും ശത്രുതയും പെരുകി. അത് കോപവും പകയുമായി വളർന്ന് കൊലപാതകത്തിന്റെ വക്കുവരെ എത്തി. തന്റെ മകൻ കൊല്ലപ്പെട്ടു എന്നു കരുതി ദുഃഖാർത്തനായിട്ടാണ് യാക്കോബ് തന്റെ വാർദ്ധക്യം ചെലവഴിച്ചത് (ഉൽപ 37,35).

ശവകുടീരത്തിലും റാഹേലിനു സ്വസ്ഥത ലഭിച്ചില്ല. അവളുടെ മൂത്ത മകനായ ജോസഫിന്റെ രണ്ടുമക്കൾ ഇസ്രായേലിലെ പ്രമുഖ ഗോത്രങ്ങളായി ഉയർന്നു. പക്ഷേ, അവരെല്ലാം അസീറിയായുടെ അടിമകളായി നാടുകടത്തപ്പെട്ടു. അങ്ങനെ മടങ്ങിവരാൻ കഴിയാത്തവണ്ണം അകന്നുപോയ മക്കളെ ഓർത്തു ശവകുടീരത്തിൽ കിടന്നു വിലപിക്കുന്ന ഗോത്രമാതാവിന്റെ ചിത്രമാണ് ജറെമിയാ (31,15) വരച്ചു കാട്ടുന്നത്. ആ ചിത്രമാണ് പുതിയ നിയമത്തിലും നിലനിൽക്കുന്നത് (മത്താ 2,18).

ലാബാനിൽനിന്ന് ഒളിച്ചോടാൻ തീരുമാനിച്ച യാക്കോബിനു ഭാര്യമാർ പിന്തുണ പ്രഖ്യാപിച്ചു. ഒളിച്ചോടുമ്പോൾ പിതാവിന്റെ കുലവിഗ്രഹങ്ങളെ റാഹേൽ മോഷ്ടിച്ചുകൊണ്ടുപോയി. അതറിയാതെ യാക്കോബ് ഉച്ചരിച്ച ശാപവാക്കുകളാണോ (ഉൽപ 31,32) അവളുടെ മരണത്തിനു കാരണമായതെന്ന് ബൈബിൾ പറയുന്നില്ല. കുലവിഗ്രഹങ്ങൾ മോഷ്ടിച്ചുകൊണ്ടു പോന്നത് അവയുടെ സംരക്ഷണം തങ്ങൾക്ക് ലഭിക്കും എന്ന് പ്രതീക്ഷിച്ചാവാം; തങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന സ്ത്രീധനത്തുകയ്ക്കു പകരമായി എടുത്തതുമാകാം. പിടിക്കപ്പെടാതിരിക്കാൻ വേണ്ടി നുണപറയുന്ന റാഹേൽ വഞ്ചനയും നുണയും ആയുധമാക്കി

യിരുന്ന യാക്കോബിനു ചേരുന്ന ഭാര്യതന്നെ! സത്യദൈവത്തെ അവൾ ഇനിയും അറിഞ്ഞിരുന്നില്ല. ബെഥേലിനു സമീപത്തു വച്ചാണ് ആ വിഗ്രഹങ്ങൾ ഉപേക്ഷിച്ച് കർത്താവിലേക്ക് തിരിയുന്നത് (ഉൽപ. 35,4).

പ്രത്യക്ഷത്തിൽ അനുഗ്രഹങ്ങളായി തോന്നുന്നതെല്ലാം യഥാർത്ഥത്തിൽ അനുഗ്രഹമാകണമെന്നില്ല; നഷ്ടവും കുറവുമായി പ്രത്യക്ഷപ്പെടുന്നത് അങ്ങനെയാകണമെന്നുമില്ല. റാഹേലിനു സൗന്ദര്യമുണ്ടായിരുന്നു; ഭർത്താവിന്റെ സ്നേഹം അവൾക്ക് കുടുംബത്തിൽ സമുന്നതമായ സ്ഥാനം നല്കി. എന്നാൽ, വന്ധ്യത്വം അവൾക്ക് ദുഃഖകാരണമായി. മക്കളെ ലഭിച്ചത് അനുഗ്രഹമായി തോന്നിയെങ്കിലും അതുതന്നെ അവളുടെ മരണത്തിനും ഒരിക്കലും തോരാത്ത കണ്ണീരിനും കാരണമായി. അഗ്രാഹ്യമായ രഹസ്യങ്ങളും അനിവാര്യമായ ദുരന്തങ്ങളും നിറഞ്ഞതാണ് മനുഷ്യജീവിതം. അതിൽനിന്ന് ആരും ഒഴിവാക്കപ്പെടുന്നില്ല.

റാഹേലിന്റെ ജീവിതത്തിലെ സുപ്രധാനമായ ചില വശങ്ങളാണ് നമ്മൾ കണ്ടത്. സപത്നിയും സഹോദരിയുമായ ലെയായുമായുള്ള ബന്ധത്തിൽ അവളുടെ ജീവിതത്തിന്റെ മറ്റു ചില വശങ്ങൾ പ്രത്യക്ഷമാകുന്നു.

# 15

## കണ്ണുമങ്ങിയ ഭാഗ്യവതി
## –ലെയാ

**ലാ**ബാന്റെ ആദ്യജാതയും റാഹേലിന്റെ ജ്യേഷ്ഠസഹോദരിയുമാണ് ലെയാ. 'കാട്ടുപശു' എന്നും 'മാൻ പേട' എന്നും പേരിന് അർത്ഥമുണ്ട്. അവളുടെ കണ്ണുകൾ മങ്ങിയതായിരുന്നു എന്ന വിശേഷണത്തോടെയാണ് വി. ഗ്രന്ഥകാരൻ ലെയായെ അവതരിപ്പിക്കുന്നത്. തിളക്കമില്ലാത്ത കണ്ണുകൾ സൗന്ദര്യത്തിന്റെ അഭാവത്തെ മാത്രമല്ല, ഉള്ളിൽ ഒതുക്കുന്ന വിഷാദത്തെയും ദുഃഖത്തെയും സൂചിപ്പിക്കുന്നതും ആവാം. വിഷാദത്തിനും ദുഃഖത്തിനും ഏറെ കാരണങ്ങൾ അവൾക്കുണ്ടായിരുന്നു.

ആരെയും ആകർഷിക്കാൻ പോന്ന സൗന്ദര്യവും ബുദ്ധികൂർമതയും ധൈര്യവും എല്ലാം തികഞ്ഞ ഇളയ സഹോദരിയുടെ പിന്നിൽ മൂത്തവൾ നിഷ്പ്രഭയായി. റാഹേലിനുവേണ്ടി ഏഴുവർഷം കഠിനാദ്ധ്വാനം ചെയ്ത യാക്കോബിന്റെ മണവറയിലേക്ക് ഒരു വഞ്ചനയിലൂടെ അവൾ നയിക്കപ്പെട്ടു. താൻ വഞ്ചിതനായെന്ന് പ്രഭാതത്തിൽ തിരിച്ചറിഞ്ഞ ഭർത്താവ് അവളെ വെറുത്തു. അത് പരസ്യമായി പറയുകയും ചെയ്തു. മകൾക്ക് ഒരു വരനെ കണ്ടെത്തുക എന്ന തന്റെ കടമ തീർക്കാൻവേണ്ടി ലാബാൻ ഒരുക്കിയ കെണിയിലാണ് ലെയായും യാക്കോബും വീണത്.

പിതാവും ഭർത്താവും സഹോദരിയും തന്നെ അവഗണിക്കുകയും അവഹേളിക്കുകയും ചെയ്യുന്നതായി അവൾക്ക് അനുഭവപ്പെട്ടു. യഥാർത്ഥത്തിൽ യാക്കോബിന്റെ ന്യായമായ ഭാര്യയായിരുന്നു ലെയാ. പക്ഷേ, തനിക്ക് അർഹമായ സ്ഥാനമോ അവകാശമോ അവൾക്കു കുടുംബത്തിൽ ലഭിച്ചില്ല. ഉള്ളിൽ നീറിപ്പുകഞ്ഞുകൊണ്ടിരുന്ന ദുഃഖവും അമർഷവും ഒരഗ്നിപർവതം

പോലെ ഒരിക്കൽ പൊട്ടിത്തെറിച്ചു; ലെയാ കയർത്തുപറഞ്ഞു: "എന്റെ ഭർത്താവിനെ കയ്യടക്കിവച്ചിരിക്കുന്നതുപോരേ? എന്റെ മകന്റെ ദുദായിപ്പഴവും നിനക്കു വേണോ?" (ഉൽപ 30:15). അനുജത്തിയുടെമേൽ ചൊരിഞ്ഞ ഈ ശകാരവർഷത്തിൽ ലെയായുടെ ആന്തരീകാവസ്ഥ പ്രകടമാകുന്നു. എന്നാലും ദൈവം അവളെ പ്രത്യേകം പരിഗണിച്ചു, അനുഗ്രഹിച്ചു.

സന്താനപുഷ്ടിയാണ് ഒരു സ്ത്രീയുടെ ഏറ്റം വലിയ അനുഗ്രഹവും ഭാഗ്യവുമായി കരുതപ്പെട്ടിരുന്നത്. യാക്കോബിന്റെ ഇഷ്ടപത്നിയായ റാഹേൽ വന്ധ്യയായി തുടർന്നപ്പോൾ ലെയാ ആറു പുത്രന്മാരുടെയും ഒരു പുത്രിയുടെയും അമ്മയായി. തന്റെ ദാസിയിലൂടെ മറ്റു രണ്ടു പുത്രന്മാരുടെയും മാതൃത്വം ലഭിച്ചു. ഓരോ കുഞ്ഞു ജനിക്കുമ്പോഴും അവൾ ദൈവത്തെ സ്തുതിക്കും. കുഞ്ഞിനു നല്കുന്ന പേരിലൂടെ താൻ അനുഭവിക്കുന്ന അരക്ഷിതത്വവും അപകർഷതാബോധവും വെളിവാക്കുകയും പ്രാർത്ഥന ദൈവസന്നിധിയിൽ എത്തിക്കുകയും ചെയ്യും.

"അവൻ എന്റെ കഷ്ടതകൾ കണ്ടു" എന്നാണ് ആദ്യജാതനു നല്കിയ റൂബെൻ എന്ന പേരിന്റെ അർത്ഥം. "ഇനി എന്റെ ഭർത്താവ് എന്നെ സ്നേഹിക്കും" എന്ന് അവൾ പ്രത്യാശിച്ചു. ലേവി എന്ന പേര് മൂന്നാമനു നല്കിയപ്പോൾ അവളുടെ പ്രതീക്ഷ ഭർത്താവ് തന്നോട് കൂടുതൽ അടുക്കും എന്നായിരുന്നു (ഉൽപ 29,32-35). 'ചേർന്നുനിൽക്കുന്നവൻ' എന്നാണ് ലേവി എന്ന പേരിന് അർത്ഥം. മകൻ വയലിൽനിന്നുകൊണ്ടുവന്ന ദുദായിപ്പഴം റാഹേലിനു കൊടുത്ത് ഒരു രാത്രി ഭർത്താവിന്റെകൂടെ കഴിയാൻ അനുവാദം വാങ്ങുന്ന ലെയാ (ഉൽപ 30:15-16) അനുഭവിക്കേണ്ടിവന്ന അവഗണനയും നിന്ദനവും കടന്നുപോന്ന വേദനയുടെ വഴികളും ഊഹിക്കാവുന്നതേയുള്ളൂ. ആറാമത്തെ പുത്രൻ ജനിച്ചുകഴിയുമ്പോൾ അവളുടെ പ്രതീക്ഷ 'ഇനി ഭർത്താവ് എന്നോടൊത്തു വസിക്കും' (ഉൽപ 30:20) എന്നത്രേ.

ഏഴുമക്കളുടെ അമ്മയാവുക മാത്രമല്ല ലെയായ്ക്കു ദൈവം നല്കിയ അനുഗ്രഹം; ഇസ്രായേലിലെ ഏറ്റം പ്രധാനപ്പെട്ട രണ്ടു ഗോത്രങ്ങൾ അവളുടെ മക്കളായിരുന്നു, പുരോഹിത ഗോത്രമായ ലേവിയും രാജഗോത്രമായ യൂദായും. അബ്രാഹത്തിനു ദൈവം നല്കിയ രക്ഷകനെ സംബന്ധിച്ച വാഗ്ദാനവും അവളുടെ മക്കളിലൂടെയാണ് പൂർത്തിയായത്. മനുഷ്യൻ കാണുന്നതുപോലെയല്ല ദൈവം കാണുന്നത്; മനുഷ്യൻ വിധിക്കുന്നതുപോലെയല്ല ദൈവം

വിധിക്കുന്നത്. ആകാരഭംഗിയും, കുടുംബത്തിലും സമൂഹത്തിലും സ്വാധീനവും ഭർത്താവിന്റെ സ്നേഹവും എല്ലാം ലഭിച്ച റാഹേലിനെക്കാൾ ഇവയൊന്നും കിട്ടാതിരുന്ന ലെയായാണ് യഥാർത്ഥത്തിൽ അനുഗൃഹീതയായത്. അവളിലൂടെയാണ് ദൈവം തന്റെ രക്ഷാകരപദ്ധതി പൂർത്തിയാക്കിയത്. 'ലെയാ അവഗണിക്കപ്പെടുന്നതായി കർത്താവുകണ്ടു' (ഉൽപ 29:31) എന്ന ആമുഖത്തോടെ മക്കളുടെ ജനനം വിവരിക്കുമ്പോൾ വി. ഗ്രന്ഥകാരൻ ഈ സത്യം എടുത്തു കാട്ടുന്നു. നിലവിളികേൾക്കുന്ന ദൈവം അനാഥർക്ക് പിതാവും അഗതികൾക്ക് ആശ്രയവുമാണ്.

പിതാവിനെയും സഹോദരനെയും വഞ്ചിച്ച് അനുഗ്രഹം കരസ്ഥമാക്കിയ യാക്കോബ് തന്റെ വഞ്ചനയ്ക്കും പ്രായശ്ചിത്തം അനുഷ്ഠിച്ചു. സ്നേഹിച്ച സ്ത്രീക്കു പകരം മറ്റൊരുവളെ വിവാഹം ചെയ്യാനും അതിനുവേണ്ടി ഏഴുവർഷം കഠിനവേല ചെയ്യാനും നിർബന്ധിതനായതിലൂടെ വഞ്ചകന് വഞ്ചനയിലൂടെ പ്രതിഫലം ലഭിച്ചു. നിരപരാധിയായ ലെയാ അതിന് ഉപകരണമാക്കപ്പെട്ടു. എന്നാൽ, ആത്യന്തികമായി ലെയാതന്നെ അനുഗൃഹീതയായി.

സുന്ദരിയായ ഇഷ്ടപത്നി രണ്ടാമത്തെ കുഞ്ഞിന്റെ ജനനത്തോടെ മരണമടഞ്ഞു. അവളെ വഴിവക്കിൽ സംസ്കരിക്കേണ്ടിവന്നു യോക്കോബിന്. എന്നാൽ, ലെയാ മക്പേലായിലെ ഗുഹയിൽ പിതാക്കന്മാരോടൊത്ത് ശയിക്കുന്നു. അവളുടെ സന്തതിപരമ്പരയിൽനിന്നാണ് ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തത്. ജീവിതകാലംമുഴുവൻ അവഗണനയുടെയും അപകർഷതാബോധത്തിന്റെയും ഭാരം പേറിയെങ്കിലും അവൾ ലോകജനതകൾക്കു മുഴുവൻ കൃപയുടെ നീർച്ചാലായി. ഇളയവനായ യാക്കോബ് ഇളയവളായ റാഹേലിനെ സ്നേഹിച്ചു, തിരഞ്ഞെടുത്തു. പക്ഷേ, ദൈവം തന്റെ പദ്ധതിയുടെ പൂർത്തീകരണത്തിനായി തിരഞ്ഞെടുത്തത് തിളക്കമില്ലാത്ത കണ്ണുകളോടുകൂടിയ മൂത്തവളെയാണ്.

ദൈവത്തിന്റെ മാനദണ്ഡങ്ങൾ മനുഷ്യന്റേതിൽനിന്നു വ്യത്യസ്തമത്രേ. മൂത്തതോ ഇളയതോ എന്നതല്ല പ്രധാനം. ദൈവം തനിക്ക് ഇഷ്ടമുള്ളവരെ ഇഷ്ടമുള്ള പദ്ധതികൾക്കായി തിരഞ്ഞെടുക്കുന്നു; ആരെയും ഉപേക്ഷിക്കുന്നില്ല, അവഗണിക്കുന്നുമില്ല. എന്നാൽ, മനുഷ്യർ അവഗണിക്കുന്നവർക്ക് അവിടുന്ന് മുൻഗണന നല്കുന്നു എന്ന പാഠമാണ് ലെയായുടെ ജീവിതത്തിൽനിന്ന് ലഭിക്കുക.

# 16

## ഗോത്രങ്ങൾക്കപ്പുറത്ത് ഒരുവൾ
## – ദീനാ

**യാ**ക്കോബിന്റെ ഏകപുത്രിയാണ് ദീനാ, ലെയായിൽ ജനിച്ച ഏഴാമത്തെ സന്താനം. തനിക്ക് ഓരോ പുത്രൻ ജനിക്കുമ്പോഴും ലെയാ സന്തോഷത്തോടെ ആ ശിശുവിന് പേരിടും, പേരിന്റെ അർത്ഥം തന്റെ സന്തോഷവുമായി ബന്ധപ്പെടുത്തി വിശദീകരിക്കുകയും ചെയ്യും. എന്നാൽ, പുത്രിക്കു പേരിടുമ്പോൾ ഇങ്ങനെ ഒരു സന്തോഷമോ വിശദീകരണമോ രേഖപ്പെടുത്തിയിട്ടില്ല (ഉൽപ 30,21). 'വിധിക്കുക' എന്ന് അർത്ഥമുള്ള 'ദീൻ' എന്ന ഹീബ്രു വാക്കിൽനിന്നാണ് 'ദീന' എന്ന പേരിന്റെ ഉത്ഭവം. വിധി, വ്യവഹാരം എന്നൊക്കെ പേരിനെ വിവർത്തനം ചെയ്യാം. എന്നാൽ, പേരും വ്യക്തിയുടെ ജീവിതവും തമ്മിലുള്ള ബന്ധം വി. ഗ്രന്ഥകാരൻ വിശദീകരിക്കുന്നില്ല.

വളരെക്കുറച്ചു കാര്യങ്ങൾ മാത്രമേ വി. ഗ്രന്ഥം ദീനായെക്കുറിച്ചു രേഖപ്പെടുത്തിയിട്ടുള്ളൂ. തദ്ദേശവാസികളായ സ്ത്രീകളെ സന്ദർശിക്കാൻ പോയ ദീനായെ നാട്ടുപ്രമാണിയുടെ മകൻ ഷെക്കെം പിടിച്ചുകൊണ്ടുപോയി അപമാനിച്ചു. പിന്നീട് അവളിൽ അനുരക്തനായ അയാൾ അവളെ ഭാര്യയായികിട്ടാൻവേണ്ടി യാക്കോബും മക്കളും മുന്നോട്ടു വച്ച നിബന്ധനകളെല്ലാം സ്വീകരിക്കാൻ തയ്യാറായി. എന്നാൽ, ലെയായുടെ പുത്രന്മാരും ദീനായുടെ സഹോദരന്മാരുമായ ശിമയോനും ലേവിയും വഞ്ചനാപരമായിട്ടാണ് പെരുമാറിയത്. പട്ടണത്തിലെ പുരുഷന്മാരെല്ലാം യാക്കോബുമായുള്ള ഉടമ്പടിയുടെ ഭാഗമായി പരിഛേദനം സ്വീകരിച്ചു. വേദന മൂർദ്ധന്യത്തിലെത്തിയ മൂന്നാം ദിവസം ദീനായുടെ രണ്ടുസഹോദരന്മാർ പട്ടണത്തിൽ പ്രവേശിച്ച് പുരുഷന്മാരെയെല്ലാം കൊന്നൊടുക്കി, ദീനായെ മോചിപ്പിച്ചു. യാക്കോബിന്റെ

മറ്റുമക്കൾ പട്ടണം കൊള്ളയടിച്ചു, സ്ത്രീകളെയും കുഞ്ഞുങ്ങളെയും അടിമകളാക്കി. വഞ്ചനയുടെയും അക്രമത്തിന്റെയും കൊലപാതകത്തിന്റെയും ഈ കഥ മാത്രമാണ് ദീനായെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത്.

യാക്കോബിന്റെ പന്ത്രണ്ടുപുത്രന്മാർ ഗോത്രപിതാക്കന്മാരായി അറിയപ്പെടുകയും അവരുടെ പേര് ചരിത്രത്തിൽ നിലനിൽക്കുകയും ചെയ്തപ്പോൾ ഏകപുത്രിക്ക് എന്തു സംഭവിച്ചു എന്ന് വി. ഗ്രന്ഥം പറയുന്നില്ല. അവളുടെ പേരിൽ ഒരു ഗോത്രവുമില്ല, ഒരു ഗോത്രത്തിലും അവൾക്ക് പങ്കുമില്ല. പ്രസവിച്ച അമ്മപോലും അവളുടെ ജനനത്തിൽ സന്തോഷിക്കുന്നതായി കാണുന്നില്ല. പീഡനത്തിനും വഞ്ചനയ്ക്കും അവഹേളനത്തിനും മാത്രം പാത്രമായ ഒരുവളായി ദീനാ പ്രത്യക്ഷപ്പെടുന്നു. നാടുവാഴിയുടെ വീട്ടിൽനിന്നു മോചിപ്പിച്ചുകൊണ്ടു വന്നിട്ട് സഹോദരന്മാർ അവൾക്കുവേണ്ടി എന്തു ചെയ്തു? അവൾ വിവാഹിതയായോ? അവൾക്കു മക്കളുണ്ടായോ? ബൈബിൾ ഇതിനെക്കുറിച്ചെല്ലാം പരിപൂർണ്ണ നിശ്ശബ്ദത പാലിക്കുന്നു. വളരെ കാലത്തിനുശേഷം റബ്ബിമാർ അവളുടെ വിവാഹത്തെയും അവൾക്കു ജനിച്ച മക്കളെയും കുറിച്ചൊക്കെ പറയുന്ന കഥകൾക്കു വിശ്വസനീയത കുറവാണ്. എന്തിനുവേണ്ടിയാണ് ബൈബിൾ ഒരധ്യായം മുഴുവൻ (ഉൽപ 34) അവമാനിതയായ ദീനായുമായി ബന്ധപ്പെട്ട വിവരണത്തിനായി മാറ്റിവച്ചിരിക്കുന്നത് എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്തേണ്ടതുണ്ട്.

"യാക്കോബിനു ലെയായിലുണ്ടായ മകൾ ദീനാ ആ നാട്ടിലുള്ള സ്ത്രീകളെ സന്ദർശിക്കാൻപോയി" (ഉൽപ 34:1). ബൈബിൾ രേഖപ്പെടുത്തിയിട്ടുള്ള ദീനായുടെ ഏക ചെയ്തിയാണിത്. ബാക്കിയെല്ലാം അവളോടോ അവളെപ്രതിയോ ചെയ്യപ്പെട്ടവയാണ്. എന്താണ് ദീനായുടെ ഈ പ്രവൃത്തിയുടെ പ്രത്യേകത?

ആ നാട്ടിലുള്ള സ്ത്രീകളെ സന്ദർശിക്കാൻ പോയി എന്ന ഏക പ്രവൃത്തിയിൽനിന്നാണ് ബാക്കിയെല്ലാം ആരംഭിക്കുന്നത്. നാടുവാഴിയുടെ പ്രേമവും ബലാത്സംഗവും തുടർന്നുള്ള വഞ്ചനയും കൊള്ള യും കൊള്ളിവയ്പ്പും എല്ലാം ഈ ഒരു പ്രവൃത്തിയുടെ പരിണിതഫലങ്ങളാണ്. നാട്ടിലുള്ള അയൽക്കാരെ സന്ദർശിക്കുന്നത് അതിൽത്തന്നെ ഒരു തെറ്റായി കരുതാനാവില്ല. എന്നാൽ, വെറുമൊരു സുഹൃദ്സന്ദർശനത്തിലുപരി ആഴമുണ്ട് ദീനയുടെ പ്രവൃത്തിക്ക്.

ഗോത്രത്തിന്റെയും കുലത്തിന്റെയും പരിധികൾക്ക് പുറത്തേക്കു കടക്കുകയാണ് ദീനാ ഈ സന്ദർശനത്തിലൂടെ ചെയ്യുന്നത്. ഇതര ജനതകളുമായി സമ്പർക്കമരുത് എന്ന് ഇസ്രായേൽക്കാർക്കു നിയമമുണ്ട്. തദ്ദേശവാസികളുമായുള്ള ചങ്ങാത്തം വലിയവിനകൾക്കു കാരണമാകും എന്ന് പില്ക്കാലാനുഭവങ്ങളിൽനിന്നും പഠിച്ച ജനം ആ അപകടത്തിന്റെ ആരംഭം ഗോത്രങ്ങളുടെ തുടക്കത്തിൽത്തന്നെ കാണുകയാണ്, ദീനായുടെ അനുഭവത്തിൽ.

സ്ത്രീകൾവഴിയാണ് ഇസ്രായേൽ ജനം വിഗ്രഹാരാധനയിലേക്കും അതുവഴി ഉടമ്പടി ലംഘനത്തിലേക്കും നയിക്കപ്പെട്ടത്. കാനാൻ ദേശത്ത് വാസമുറപ്പിച്ച ഇസ്രായേൽക്കാർ തദ്ദേശവാസികളുടെ ഉത്സവങ്ങളിൽ പങ്കെടുക്കാനും അതുവഴി വ്യഭിചാരത്തിലേക്കും കർത്താവിനോടുള്ള അവിശ്വസ്തതയിലേക്കും വഴുതിവീഴാനും ഇടയായി. കാനാൻകാരി സ്ത്രീകളുമായുള്ള ബന്ധമാണ് ഇതിനെല്ലാം വഴിയൊരുക്കിയത്. ഈ അനുഭവത്തിന്റെ വെളിച്ചത്തിലാണ് വി. ഗ്രന്ഥകാരൻ ദീനായുടെ കഥ പറയുന്നത്.

ആ നാട്ടിലുള്ള സ്ത്രീകളെ സന്ദർശിക്കാൻ പോയ ദീനാ അതിരുകൾക്കപ്പുറത്തേക്കു പോകുന്നവളാണ്. തന്റെ ജനത്തിന്റെ സങ്കുചിതമായ ചട്ടക്കൂടുകൾക്കപ്പുറത്ത്, വിശാലമായ ലോകത്തിലേക്ക് ഇറങ്ങിത്തിരിക്കുന്ന അവൾ, ആദിമാതാവിന്റെ മറ്റൊരു പകർപ്പാണ്. പറുദീസായിൽവച്ച് കർത്താവിന്റെ നിയമത്തെ സർപ്പത്തിന്റെ വാക്കനുസരിച്ച് പരീക്ഷണവിധേയമാക്കിയ ഹവ്വായുടെ മകൾ മറ്റൊരു പരീക്ഷണത്തിനു മുതിർന്നു- ഇതരജനതകളുമായുള്ള സൗഹൃദത്തിന്. നിഷ്കളങ്കതയുടെ ശൈശവത്തിൽനിന്ന് അന്വേഷണത്തിന്റെ പാതയിലേക്ക് ഇറങ്ങിയ ആദ്യമാതാവ് മനുഷ്യവർഗത്തെ മുഴുവൻ പാപത്തിന്റെ ആധിപത്യത്തിലേക്ക് നയിച്ചു, ഒപ്പം ക്ലേശപൂർണമായ അധ്വാനത്തിലൂടെ കൊയ്യുന്ന നേട്ടങ്ങളിലേക്കും. അതുപോലെ ഗോത്രത്തിനു പുറത്തേക്കുള്ള ദീനായുടെ കാൽവയ്പ് പുതിയ മേഖലകൾ തേടിയുള്ള പുറപ്പാടാണ്. അന്വേഷണകുതുകിയാണവൾ; ഇതര ജനതകളുമായി ബന്ധങ്ങൾ വളർത്തി തന്റെതന്നെ ജീവിതത്തിന്റെ ചക്രവാളങ്ങൾ വികസിപ്പിക്കാൻ ശ്രമിക്കുന്നവൾ.

ഈ അന്വേഷണപാതയിൽ സംതൃപ്തമല്ല വി. ഗ്രന്ഥം. ദീനായുടെ അന്വേഷണം അവളെ കൊണ്ടെത്തിച്ചതു വലിയ നാശത്തിലേക്കാണ്. അവളെ ഭാര്യയായി കിട്ടാൻവേണ്ടി ഷെക്കെമും

പിതാവും വച്ചുനീട്ടുന്ന ഉടമ്പടിനിബന്ധനകൾ ശ്രദ്ധേയമത്രേ. “ഞങ്ങളുമായി വിവാഹബന്ധത്തിലേർപ്പെടുക. നിങ്ങളുടെ പെൺകുട്ടികളെ ഞങ്ങൾക്ക് തരിക. ഞങ്ങളുടെ പെൺകുട്ടികളെ നിങ്ങളും സ്വീകരിക്കുക” (ഉൽപ 34:9). പരസ്പരവിവാഹത്തിലൂടെ ഒരു ജനമായിത്തീരുക. അതാണ് ഈ ഉടമ്പടിയുടെ ആത്യന്തിക ലക്ഷ്യം. അതുതന്നെയാണ് ദീനായുടെ പ്രവൃത്തിയിൽ ഒളിഞ്ഞിരിക്കുന്ന അപകടം. ലോകജനതകൾക്കു മധ്യേ തനതായ ഒരു വ്യക്തിത്വം കാത്തു സൂക്ഷിച്ച് ദൈവമായ കർത്താവിനു സാക്ഷികളാകാൻ തിരഞ്ഞെടുക്കപ്പെട്ട ജനമാണ് ഇസ്രായേൽ. അവർ മറ്റു ജനതകളുമായി ഇടപഴകി തങ്ങളുടെ തനിമ നഷ്ടപ്പെടുത്തിയാൽ ദൈവത്തിന്റെ രക്ഷാകരപദ്ധതിതന്നെ പരാജയപ്പെടും. മറ്റു ജനതകളെപ്പോലെയാകാനുള്ള പ്രലോഭനം എന്നും ഇസ്രായേലിൽ ശക്തമായിരുന്നു. അതിനെതിരെയുള്ള ഒരു താക്കീതായിട്ടാണ് ദീനായുടെ കഥ അവതരിപ്പിച്ചിരിക്കുന്നത്.

ദുരന്തപര്യവസായിയായ ഒരു സംഭവപരമ്പരയ്ക്കു തുടക്കം കുറിച്ചിട്ട് ദീനാ രംഗത്തുനിന്നു അപ്രത്യക്ഷയാകുന്നു. തങ്ങളുടെ സഹോദരിയെ ഒരു വേശ്യയെപ്പോലെ പരിഗണിച്ചതിൽ രോഷാകുലരായ സഹോദരന്മാർ അവൾക്കുവേണ്ടി എന്തുചെയ്തു എന്ന് നമുക്കറിയില്ല. അവളുടെ ജീവനും ഭാവിയുമല്ല, തങ്ങളുടെ അഭിമാനമാണ് അവർക്കു വലുത്. അതു സംരക്ഷിക്കാൻ വേണ്ടി ഏതു വഞ്ചനയ്ക്കും അക്രമത്തിനും അവർ മടിക്കുന്നില്ല. എന്നാൽ, അവരുടെ അക്രമത്തെ പിതാവായ യാക്കോബ് അംഗീകരിക്കുന്നില്ല. പക്ഷേ, മക്കളെ ശകാരിക്കുന്നത് അവരുടെ പ്രവൃത്തിയുടെ അധാർമികതയുടെ പേരിലല്ല, അതുവഴി തനിക്ക് ഉണ്ടാകാവുന്ന അപകടത്തിന്റെ പേരിലാണ് (ഉൽപ 34:31).

വഞ്ചനയും അക്രമവും ആർക്കും ഗുണം ചെയ്യില്ല എന്നതാണ് ശിമയോന്റെയും ലേവിയുടെയും അനുഭവം. മരണക്കിടക്കയിൽവച്ച് യാക്കോബ് അവരുടെ അക്രമം അനുസ്മരിച്ചു, അതിനെ അപലപിക്കുകയും ചെയ്തു (ഉൽപ 49, 5-7). വാഗ്ദത്തഭൂമിയിൽ അവരുടെ ഗോത്രത്തിനു നിലനില്പുണ്ടായില്ല. യൂദായുടെ തെക്കു നെഗെബിൽ വാസമുറപ്പിച്ച ശിമയോൻ ഗോത്രം സാവകാശം യൂദാഗോത്രത്തിൽ ലയിച്ച് അപ്രത്യക്ഷമായി. ലേവീഗോത്രത്തിനു സ്വന്തമായി ഒരു സ്ഥലം കിട്ടിയതുമില്ല. നിഷിദ്ധമേഖലയിൽ പരീക്ഷണത്തിനിറങ്ങിയ ദീനാ ചരിത്രത്തിൽനിന്നുതന്നെ അപ്രത്യക്ഷയായി-അവകാശികളെ അവശേഷിപ്പിക്കാതെ.

# 17

## വേശ്യയുടെ വേഷമിട്ട മരുമകൾ –താമാർ

**'ഈ**ന്തപ്പന' എന്നാണ് താമാർ എന്ന പേരിന്റെ അർത്ഥം. മധ്യ പൗരസ്ത്യ ദേശത്ത് ജീവന്റെ പ്രതീകമാണ് ഈന്തപ്പന. മനുഷ്യന് ആവശ്യമായതെല്ലാം നല്കുന്ന വൃക്ഷമായി ഈന്തപ്പന പരിഗണിക്കപ്പെടുന്നു, കേരത്തിന്റെ നാട്ടിൽ കേരവൃക്ഷം പോലെ. ജീവന്റെ വൃക്ഷമെന്നുപോലും ഈന്തപ്പന വിശേഷിപ്പിക്കപ്പെടാറുണ്ട്, കല്പകവൃക്ഷം പോലെ. സമൃദ്ധമായി ജീവൻ നൽകുന്നവൾ, ജീവന്റെ ഉറവിടം എന്നൊക്കെ വിശേഷിപ്പിക്കാവുന്നതാണ് താമാർ എന്ന പേര്. മാതൃത്വത്തിന്റെ പ്രതീകമാണ് അവൾ. എന്നാൽ, പേരു സൂചിപ്പിക്കുന്നതിന് കടകവിരുദ്ധമായ അനുഭവങ്ങളിലൂടെ കടന്നുപോയ ഒരു വ്യക്തിയാണ് ബൈബിളിലെ താമാർ. അതേസമയം അസാധാരണമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയാണവൾ; അനിതരസാധാരണമായ കുശാഗ്രബുദ്ധിയും ധീരതയും സാഹസികതയും അവൾ പ്രകടമാക്കുകയും ചെയ്യുന്നു.

ഉൽപ്പത്തി 38-ാം അദ്ധ്യായത്തിൽ മുഴുവൻ നിറഞ്ഞുനിൽക്കുന്നത് താമാറിന്റെ വ്യക്തിത്വമാണ്. ഗോത്രപിതാവായ യൂദായുടെ മരുമകളാണ് താമാർ. വിവരണത്തിന്റെ തുടക്കം മുതൽ ഒടുക്കംവരെ ഇരുവരും തമ്മിൽ ഒരു താരതമ്യം ദൃശ്യമാണ്. ഗോത്രപിതാവിന്റെ ആധിപത്യവും പുരുഷമേധാവിത്വവും നിർലജ്ജമായ അധികാരപ്രയോഗവും ഒരുവശത്ത്. അനീതിക്കും അവഗണനയ്ക്കും അവഹേളനത്തിനും ഇരയായിട്ടും മനം തളരാതെ പിടിച്ചുനിൽക്കുകയും സ്വജീവൻ കയ്യിലെടുത്തുകൊണ്ട് വംശത്തിന്റെ നിലനില്പിനായി പുതിയ തന്ത്രങ്ങൾ

മെനയുകയും ചെയ്യുന്ന സ്ത്രീയുടെ സാഹസികത മറുവശത്ത്. "എന്നെക്കാൾ നീതിയുള്ളവളാണ് അവൾ" (ഉൽപ്പ 38, 26) എന്ന് ഗോത്രപിതാവുതന്നെ സമ്മതിക്കുന്നതിലേക്കാണ് വിവരണം നയിക്കുന്നത്.

യാക്കോബിന് ലെയായിൽ ജനിച്ച നാലാമത്തെ മകനായ യൂദാ ഒരു കാനാൻകാരിയെ വിവാഹം ചെയ്തു. അവളിൽ നിന്ന് ഏർ, ഓനാൻ, ഷേലാ എന്നീ മൂന്നു പുത്രന്മാർ ജനിച്ചു. മൂത്ത മകനായ ഏറിന് യൂദാതന്നെ നല്കിയ ഭാര്യയാണ് കാനാൻകാരിയായ താമാർ. മക്കളില്ലാതെ ഏർ മരിച്ചതിനാൽ സഹോദരനായ ഓനാൻ ഇസ്രായേലിന്റെ നിയമപ്രകാരം അവളെ പരിഗ്രഹിച്ചു. സന്താനമില്ലാതെ ഓനാനും മരിച്ചപ്പോൾ മൂന്നാമത്തെ മകനായ ഷേലായെ അവൾക്കു ഭർത്താവായി നല്കാൻ യൂദാ വിസമ്മതിച്ചു, കാരണം അവനും മരിച്ചേക്കും എന്ന് അയാൾ ഭയപ്പെട്ടു. ജീവന്റെ വൃക്ഷമാകേണ്ട താമാർ മരണത്തിന്റെ പടുകുഴിയായി മുദ്രകുത്തപ്പെട്ടു. രണ്ടു ഭർത്താക്കൻമാരുടെ മരണത്തിനു കാരണക്കാരിയും മക്കളില്ലാത്ത വിധവയും എന്ന അപകീർത്തിയും പേറി സ്വന്തം പിതൃഗൃഹത്തിൽ ഏകാന്തവാസത്തിന് അവൾ വിധിക്കപ്പെട്ടു.

ഭർത്താക്കന്മാരുടെ മരണത്തിനു കാരണം താമാർ ആയിരുന്നില്ല എന്ന് വി. ഗ്രന്ഥകാരൻതന്നെ വ്യക്തമാക്കുന്നുണ്ട്. "ഏർ കർത്താവിന്റെ മുമ്പിൽ ദുഷിച്ചവനായിരുന്നു. കർത്താവ് അവനെ മരണത്തിന് ഇരയാക്കി" (ഉൽപ്പത്തി 38,7). ഓനാൻ സന്താനത്തെ ഉല്പാദിപ്പിച്ച് സഹോദരന്റെ പേര് നിലനിർത്താൻ വിസമ്മതിച്ചത് "കർത്താവിന് അനിഷ്ടമായതിനാൽ അവനെയും അവിടുന്ന് മരണത്തിന് ഇരയാക്കി" (ഉൽപ്പത്തി 38,10). തങ്ങളുടെതന്നെ ദുഷ്ടതയും പാപവുമാണ് ഇരു സഹോദരൻമാരുടെയും മരണത്തിന് കാരണമായത്. ഇസ്രായേലിൽ നിലവിലിരുന്ന നിയമപ്രകാരം മൂന്നാമത്തെ മകനെ താമാറിന് ഭർത്താവായി ലഭിക്കേണ്ടിയിരുന്നു. എന്നാൽ, മുടന്തൻ ന്യായങ്ങൾ പറഞ്ഞ് താമാറിനെ പിതൃഗൃഹത്തിലേക്ക് തിരിച്ചയയ്ക്കുകയാണ് യൂദാ ചെയ്തത്.

ഇസ്രായേൽ നിയമപ്രകാരമുള്ള ആനുകൂല്യം അവൾക്കു നല്കിയില്ല; എന്നാൽ, സ്വന്തം ജനത്തിന്റെ ആചാരങ്ങളനുസരിച്ച് ജീവിക്കാൻ അവളെ അനുവദിച്ചതുമില്ല. സംരക്ഷണം

നല്കാതെ ഒരു വീട്ടുതടങ്കലിലെന്നപോലെ ജീവിക്കാൻ അവളെ നിർബന്ധിക്കുന്നതായിരുന്നു യൂദായുടെ ഈ പ്രവൃത്തി. ഭർത്താക്കന്മാർ നഷ്ടപ്പെട്ടു; ഇനിയൊരു വിവാഹസാധ്യതയില്ല; മക്കളുമില്ല. ഇങ്ങനെ പ്രതീക്ഷയറ്റ ഹതഭാഗ്യയാണ് താമാർ. പുരുഷന്മാർ രൂപംകൊടുത്ത നിയമങ്ങളുടെ ബലിയാടാണവൾ. എന്നാൽ, അനീതിയുടെ അഗ്നിയിൽ നിരുപാധികം സ്വയം ആഹൂതിചെയ്യാൻ അവൾ സമ്മതിച്ചില്ല. തന്റെയും കുടുംബത്തിന്റെയും നിലനില്പിനുവേണ്ടി പുതിയ തന്ത്രങ്ങളുമായി അവൾ കാത്തിരുന്നു.

ഭാര്യയുടെ മരണത്തെ തുടർന്നുള്ള വിലാപത്തിന്റെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ആടുകളുടെ രോമം കത്രിക്കുന്ന ഉത്സവത്തിൽ പങ്കെടുക്കാനായി യൂദാ തിമ്നായിലേക്ക് പോകുന്നുണ്ട് എന്നറിവുകിട്ടിയ താമാർ തന്റെ പദ്ധതിയുടെ പൂർത്തീകരണത്തിന് അവസരം കണ്ടെത്തി. വിധവയുടെ വിലാപവസ്ത്രങ്ങൾ മാറ്റി, വേശ്യയുടെ വേഷമണിഞ്ഞ്, മൂടുപടംകൊണ്ട് മുഖം മറച്ച്, നഗരകവാടത്തിൽ അവൾ കാത്തിരുന്നു. ആശ്വാസം തേടിയെത്തിയ യൂദാ മുദ്രമോതിരവും വളയും വടിയും പണയംവച്ച് താമാറിനെ പ്രാപിച്ചു. അതു തന്റെ പുത്രഭാര്യയാണെന്നറിഞ്ഞതുമില്ല. പണയം തിരിച്ചെടുക്കാനായി ആട്ടിൻകുട്ടിയെയും കൊണ്ടുവന്ന സേവകന് വേശ്യചമഞ്ഞ താമാറിനെ കണ്ടെത്താൻ കഴിഞ്ഞില്ല. അവൾ അതിനകം സ്വന്തം പിതൃഭവനത്തിലെത്തി വിധവയുടെ വേഷം വീണ്ടും അണിഞ്ഞുകഴിഞ്ഞിരുന്നു.

"അവൾ അവനിൽനിന്ന് ഗർഭം ധരിച്ചു" (ഉൽപ്പത്തി 38,19) എന്ന് വിശുദ്ധ ഗ്രന്ഥകാരൻ എടുത്തുപറയുന്നുണ്ട്. തന്റെ മരുമകൾ വേശ്യാവൃത്തിയിൽ ഏർപ്പെട്ട് ഗർഭിണിയായി എന്നറിഞ്ഞ യൂദാ ക്രോധത്താൽ ജ്വലിച്ചു, ഉടനടി ശിക്ഷ വിധിച്ചു; "അവളെ പുറത്തിറക്കി ചുട്ടുകളയുക!" (ഉൽപ്പത്തി 38,25). യാതൊരു സങ്കോചവും വീണ്ടുവിചാരവും കൂടാതെ വേശ്യയെ സമീപിക്കുകയും തന്റെ വിലപ്പെട്ട ഉപകരണങ്ങൾ പണയം വയ്ക്കുകയും ചെയ്ത ഗോത്രപിതാവാണ് ക്രൂരമായ ഈ കല്പന പുറപ്പെടുവിക്കുന്നത് എന്ന തിരിച്ചറിവ് സമൂഹത്തിൽ നിലവിലിരുന്ന സ്ത്രീ പുരുഷവിവേചനത്തിന്റെ ആഴവും കാഠിന്യവും വ്യക്തമാക്കുന്നു. അധികാരവും ശക്തിയും ഉണ്ടെങ്കിലും സ്ത്രീയുടെ

കൗശലത്തിനും കുശാഗ്രബുദ്ധിക്കും മുന്നിൽ പുരുഷൻ അടിയറ പറയുന്നതിന്റെ ചിത്രമാണ് തുടർന്ന് വിവരിക്കുന്നത്.

താൻ പണയം വാങ്ങിയ മുദ്രമോതിരവും വളയും വടിയും ദൂതൻ വശം കൊടുത്തയച്ചുകൊണ്ട് താമാർ പറഞ്ഞു: "ഇവയുടെ ഉടമസ്ഥനിൽ നിന്നാണ് ഞാൻ ഗർഭിണിയായത്" (ഉൽപ്പത്തി 38,25). തന്റെ കുറ്റവും മരുമകളുടെ നീതിയും ഏറ്റുപറയാൻ യൂദാ മടിക്കുന്നില്ല. ദൈവമാണ് ഈ പ്രക്രിയയിൽ ഉടനീളം താമാറിനെ നയിച്ചത് എന്നു വി. ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു. അവൾക്കു ഗർഭധാരണശേഷി നൽകിയതും ഇരട്ടക്കുട്ടികളുടെ അമ്മയാവാൻ അനുവദിച്ചതും ദൈവംതന്നെയാണ്. അവളുടെ ആദ്യജാതൻ പേരെസ് യൂദാഗോത്രം നിലനിർത്തി. ആ ഗോത്രത്തിൽനിന്നാണ് ഇസ്രായേലിന്റെ രാജാവായ ദാവീദും ലോകരക്ഷകനായ മിശിഹായും ജനിച്ചത്. യേശുവിന്റെ വംശാവലിയിൽ വി. മത്തായി പേരെടുത്തു പറയുന്ന നാലു സ്ത്രീകളിൽ ആദ്യത്തേതാണ് താമാർ.

വേശ്യയുടെ വേഷമിട്ട്, അമ്മായിയപ്പനിൽനിന്ന് മക്കളെ സമ്പാദിച്ച താമാറിന്റെ പ്രവൃത്തി നമുക്ക് അരോചകവും കുറ്റകരവുമായി തോന്നാം. ഇന്ന് തീർച്ചയായും അനുവദനീയമായ ഒരു പ്രവൃത്തിയല്ല ഇത്. എന്നാൽ, നാലായിരത്തോളം വർഷങ്ങൾക്ക് മുമ്പ് നിലവിലിരുന്ന ജീവിതവീക്ഷണങ്ങളും നിയമങ്ങളും ആചാരങ്ങളും പരിഗണിച്ചുകൊണ്ടുവേണം താമാറിനെ വിധിക്കാൻ. വി. ഗ്രന്ഥം താമാറിനെതിരെ വിധി പ്രസ്താവിക്കുന്നില്ല എന്നു മാത്രമല്ല, കഥയിലെ മറ്റെല്ലാ കഥാപാത്രങ്ങളെയുംകാൾ നീതിനിഷ്ഠയായി അവളെ പരിഗണിക്കുകയും ചെയ്യുന്നു. "അവൾ എന്നെക്കാൾ നീതിയുള്ളവളാണ്" എന്ന യൂദായുടെ പ്രഖ്യാപനം വി. ഗ്രന്ഥകാരന്റെ തന്നെ വിലയിരുത്തലാണ്.

ഏതു പ്രതിസന്ധിയിലും മനം തളരാതെ, ഏതു പരാജയത്തിലും നിരാശരാകാതെ, ദൈവത്തിൽ ആശ്രയിച്ചുകൊണ്ട്, ലഭ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ച് ജീവന്റെ നിലനില്പിനും സംരക്ഷണത്തിനും വേണ്ടി ഏതു സാഹസത്തിനും മുതിരാൻ പ്രേരിപ്പിക്കുന്ന കഥാപാത്രമാണ് താമാർ. എന്തെങ്കിലും സ്വാർത്ഥതാത്പര്യമല്ല, ഗോത്രത്തിന്റെ നിലനില്പാണ് അവൾ ലക്ഷ്യം വച്ചത്. അതിനാൽത്തന്നെ അവൾ അനുഗൃഹീതയായി; ജീവന്റെ വൃക്ഷം എന്നപേരിന് അർഹയുമായി.

# 18

## ആസക്തിയുടെ അഗ്നി
## –പൊത്തിഫറിന്റെ ഭാര്യ

**ഇ**തുവരെ കണ്ടതിൽനിന്ന് തികച്ചും വ്യത്യസ്തമായ ഒരു കഥാപാത്രമാണ് പൊത്തിഫറിന്റെ ഭാര്യ. അവളുടെ പേരെന്തെന്ന് ബൈബിൾ പറയുന്നില്ല. ഈജിപ്ത് രാജാവായ ഫറവോയുടെ കാവൽപ്പടനായകന്റെ ഭാര്യയാണവൾ. കാര്യസ്ഥനായ ജോസഫിന്റെ സൗന്ദര്യത്തിൽ ആകൃഷ്ടയായ അവൾ അവനെ വശീകരിക്കാൻ നടത്തിയ സകല ശ്രമങ്ങളും പരാജയപ്പെട്ടപ്പോൾ കാമം ക്രോധത്തിനു വഴിമാറി; കാമുകനെ കാരാഗൃഹത്തിലടയ്ക്കാൻ ഭർത്താവിനെ പ്രേരിപ്പിച്ചു. കാമാർത്തയായ ഒരു സ്ത്രീയുടെ വശീകരണ ശ്രമങ്ങളും അതിനു വശംവദനാകാതെ ഒഴിഞ്ഞുമാറുന്ന പുരുഷന്റെ നീതിനിഷ്ഠയും കർതൃഭക്തിയുമാണ് ഈ വിവരണത്തിലെ മുഖ്യപ്രമേയങ്ങൾ. വഴിവിട്ട സ്ത്രീ പുരുഷബന്ധത്തെക്കുറിച്ചുള്ള സാധാരണ വിവരണങ്ങളിൽ കാണുന്നതിന് വിപരീതമാണ് ഇവിടത്തെ സംഭവങ്ങൾ. വശീകരണത്തിനും തുടർന്ന് ബലപ്രയോഗത്തിനും മുതിരുന്ന സ്ത്രീ ഒര സാധാരണ വ്യക്തിത്വമായി ഇവിടെ പ്രത്യക്ഷപ്പെടുന്നു. ഉൽപ്പത്തി 39-ാം അധ്യായത്തിൽ നിറഞ്ഞുനിൽക്കുന്നത് ഈ വിവരണമാണ്.

അസൂയയും വെറുപ്പും വിദ്വേഷവും പെരുകിയ സഹോദരന്മാർ തരംകിട്ടിയപ്പോൾ ജോസഫിനെ വധിക്കാൻ ശ്രമിച്ചു. പിന്നീട് അതിനെക്കാൾ ലാഭകരമായികണ്ട് അവനെ മിദിയാൻകാർക്ക് അടിമയായി വിറ്റു. ഈജിപ്തിലെ അടിമച്ചന്തയിൽ നിന്ന് ഫറവോയുടെ സേവകനായ പൊത്തിഫർ അവനെ വിലയ്ക്കുവാങ്ങി. ബുദ്ധിമാനും സമർത്ഥനും വിശ്വസ്തനുമായ ജോസഫിനെ സാവകാശം

തന്റെ സകല സമ്പത്തിന്റെയും മേൽനോട്ടക്കാരനായി നിയമിച്ചു. ജോസഫിന്റെ സൗന്ദര്യം പൊത്തിഫറിന്റെ ഭാര്യയിൽ അഭിലാഷം ഉളവാക്കി. അനേകം തവണ ശ്രമിച്ചിട്ടും വഴങ്ങാതിരുന്ന ജോസഫിനെ മുറിക്കകത്തുവച്ച് തനിച്ചുകിട്ടിയപ്പോൾ ബലപ്രയോഗത്തിന് അവൾ മുതിർന്നു. കടന്നുപിടിച്ച പുറങ്കുപ്പായം അവളുടെ കയ്യിൽ വിട്ടിട്ട് ജോസഫ് ഓടിയകന്നു.

തന്റെ നിരന്തരമായ പ്രേമാഭ്യർത്ഥനയും ശ്രമങ്ങളും നിഷ്കരുണം തിരസ്കരിക്കുകയും അവസാനശ്രമത്തിൽ തന്നെ അവഹേളിച്ചുകൊണ്ട് ഓടിപ്പോവുകയും ചെയ്ത ജോസഫിനെ തിരേ ക്രുദ്ധയായ അവൾ ഭർത്താവിനോട് അവനെക്കുറിച്ച് നുണകൾ പറഞ്ഞു. "അങ്ങു കൊണ്ടുവന്ന ഹെബ്രായ വേലക്കാരൻ അപമാനിക്കാനായി എന്നെ സമീപിച്ചു. എന്നാൽ, ഞാൻ ഉച്ചത്തിൽ നിലവിളിച്ചപ്പോൾ അവൻ പുറങ്കുപ്പായം ഉപേക്ഷിച്ചിട്ട് വീട്ടിൽനിന്ന് ഓടി പുറത്തുകടന്നു" (ഉൽപ്പ. 39, 17-18). അടയാളമായി ജോസഫിന്റെ പുറങ്കുപ്പായം കണ്ടപ്പോൾ ക്രുദ്ധനായ പൊത്തിഫർ ജോസഫിനെ തടവറയിലടച്ചു.

ഖുർആനിലെ ഒരധ്യായം മുഴുവൻ ജോസഫിനെക്കുറിച്ചാണ്. അതിൽ ഈ സംഭവം വളരെ വിശദമായി വിവരിക്കുന്നുണ്ട്. ജോസഫിനോടുള്ള ആസക്തിമൂലം വിഷാദഗ്രസ്ഥയായ സ്വാമിനിയുടെ വിഷാദകാരണം ആരാഞ്ഞ തോഴിമാർക്കു വിരുന്നു നല്കിയ അവൾ പൊടുന്നനെ വിരുന്നുശാലയിലേക്ക് ജോസഫിനെ വിളിച്ചു വരുത്തി. പഴം മുറിച്ചുകൊണ്ടിരുന്ന തോഴിമാർ അയാളുടെ സൗന്ദര്യത്തിൽ മതിമറന്ന് അറിയാതെ കൈമുറിച്ചു. അപ്പോൾ അവർക്കു സ്വാമിനിയുടെ വിഷാദകാരണം വ്യക്തമായി. ഇസ്ലാമിക പാരമ്പര്യത്തിൽ "സുലേഖ" എന്നാണ് ഈ സ്ത്രീ അറിയപ്പെടുന്നത്, അവളുടെ ഭർത്താവ് അസീസ് എന്നും.

ഈ സംഭവത്തിലുടനീളം വി. ഗ്രന്ഥകാരൻ എടുത്തുപറയുന്ന ഒരു കാര്യമുണ്ട്. "കർത്താവ് ജോസഫിന്റെ കൂടെ ഉണ്ടായിരുന്നു." അസൂയാലുക്കളായ സഹോദരന്മാരുടെ കയ്യിൽനിന്ന് ജോസഫിനെ രക്ഷിച്ചതും ഈജിപ്തിലെ അടിമച്ചന്തയിലും പൊത്തിഫറിന്റെ ഭവനത്തിലും പിന്നീട് കാരാഗൃഹത്തിലും എല്ലാം എത്തിച്ചതും കർത്താവിന്റെ പദ്ധതിയുടെ ഭാഗമായിരുന്നു. അവസാനം ഫറവോയുടെ സ്വപ്നം വ്യാഖ്യാനിക്കാനും അതുവഴി ഈജിപ്തിന്റെ മുഴുവൻ അധിപനാകാനും അവസരം നല്കിയത്, ക്ഷാമകാലത്ത് ദേശം മുഴുവന്റെയും, തന്നെ അടിമ

യായി വിറ്റ സഹോദരങ്ങളുടെയും പോലും, രക്ഷകനും ആകുന്നതിനും വേണ്ടി ആയിരുന്നു. ആ വലിയ പദ്ധതിയിലെ ഒരു ചെറിയ കണ്ണിയാണ് ഇവിടെ പഠനവിഷയമായ സ്ത്രീ.

തന്റെ യജമാനനായ പൊത്തിഫറിനോടും ദൈവമായ കർത്താവിനോടുമുള്ള ജോസഫിന്റെ വിശ്വസ്തതയ്ക്കാണ് വി. ഗ്രന്ഥകാരൻ ഊന്നൽ നല്കുന്നത്. വിശ്വസ്തതയ്ക്കു മിഴിവു നൽകുന്ന ഇരുണ്ട പശ്ചാത്തലം മാത്രമാണ് യജമാന ഭാര്യയുടെ ആസക്തി. തന്നെ പൂർണ്ണമായും വിശ്വസിക്കുകയും സകല സമ്പത്തിന്റെയും മേൽനോട്ടം ഏൽപ്പിക്കുകയും ചെയ്തിരിക്കുന്ന യജമാനനെ വഞ്ചിക്കാൻ ജോസഫ് ഒരുക്കമായിരുന്നില്ല. തന്നെയുമല്ല, അവൾ ആവശ്യപ്പെടുന്ന പ്രവൃത്തി ദൈവത്തിനെതിരെയുള്ള കഠിനമായ പാപമായും അവൻ കണ്ടു. “ഞാൻ എങ്ങനെയാണ് ഇത്ര നീചമായി പ്രവർത്തിച്ച് ദൈവത്തിനെതിരെ പാപം ചെയ്യുക?” (ഉൽപ്പത്തി 39, 9). ഏതു നഷ്ടം സഹിച്ചും യജമാനനോടും ദൈവത്തോടും വിശ്വസ്തനായിരിക്കാൻ തീരുമാനിച്ച ജോസഫിനെ ദൈവം ഉയർത്തി. പ്രലോഭനങ്ങൾക്ക് വശംവദരാകാതെ, ജീവൻപോലും നഷ്ടപ്പെടുത്താൻ സന്നദ്ധരാകുന്നവരെയാണ് ദൈവം അനുഗ്രഹിക്കുകയും വലിയ ദൗത്യങ്ങൾ ഏല്പിക്കുകയും ചെയ്യുക എന്ന ഒരു ഗുണപാഠവും വിവരണത്തിലുണ്ട്. എന്നാൽ, അതു മാത്രമല്ല.

സർവ്വസമ്പത്തും ജീവിത സൗകര്യങ്ങളും സ്ഥാനമാനങ്ങളും ഉണ്ടായിട്ടും ഉള്ളിന്റെ ഉള്ളിൽ ഏകാന്തത അനുഭവിക്കുന്ന, അസംതൃപ്തയായ ഒരു സ്ത്രീയാണ് പൊത്തിഫറിന്റെ ഭാര്യ. ഔദ്യോഗിക കാര്യങ്ങൾക്കായി മിക്കപ്പോഴും വീട്ടിൽനിന്നകലെയായിരുന്ന ഭർത്താവിൽനിന്ന് അവൾ ആഗ്രഹിച്ചതൊന്നും ലഭിച്ചില്ല. സ്നേഹവും അംഗീകാരവും സാമീപ്യവും ഒന്നുമില്ലാതെ, സമ്പന്നമായ വീട്ടിൽ, വേലക്കാരുടെ ശുശ്രൂഷയും സ്വീകരിച്ച് നിഷ്ക്രിയത്വത്തിൽ, ഏകാന്തതയുടെ തടവറയിൽ കഴിയുന്ന സ്ത്രീ ഭർത്താവിൽനിന്ന് ലഭിക്കാതിരുന്നത് കാര്യസ്ഥനിൽനിന്ന് പ്രതീക്ഷിച്ചു. ഇതിൽ എന്തെങ്കിലും വലിയ അപാകതയുള്ളതായി അവൾ കരുതിയില്ല. അപ്രകാരം ഒരു സംസ്കാരത്തിലാണ് അവൾ വളർന്നുവന്നത്.

സ്വന്തം ഉള്ളിൽ തളംകെട്ടിയ ഏകാന്തതയിൽനിന്നു മോചനം തേടിയ അവൾ സുന്ദരനും സൽസ്വഭാവിയുമായ ജോസഫിൽ തന്റെ സ്വപ്നങ്ങളുടെ സാക്ഷാത്കാരം ദർശിച്ചു.

ആദ്യമേ തോന്നിയ അടുപ്പം ആകർഷണമായി. പിന്നെപ്പിന്നെ അഭിലാഷമായി, ആസക്തിയായി- പ്രലോഭനത്തിന്റെ ചുഴി യിൽപ്പെട്ട ആദ്യസ്ത്രീയെപ്പോലെ ആയി അവൾ. ഒരുപക്ഷേ, ആസക്തികളുടെയെല്ലാം തുടക്കവും വളർച്ചയും ഇങ്ങനെതന്നെ ആയിരിക്കുമല്ലോ? ആസക്തി കാമാഗ്നിയായി കത്തിജ്വലിച്ച പ്പോൾ അവൾ ബാക്കിയെല്ലാം മറന്നു-പരിസരം മറന്നു, ഭർത്താ വിനെ മറന്നു, ഭാര്യയെന്നുള്ള ഉത്തരവാദിത്വം മറന്നു, അടിമ യിൽനിന്ന് പാലിക്കേണ്ട അകലവും മറന്നു. ആസക്തിയുടെ അഗ്നിയിൽ എല്ലാം എരിഞ്ഞൊടുങ്ങി.

പൊത്തിഫറിന്റെ ഭാര്യ എന്നും ഒരു താക്കീതായി നില കൊള്ളുന്നു, സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ. വീടു വിട്ട് വിദേശത്ത് ജോലിചെയ്യുന്ന ഭർത്താക്കന്മാരുടെ ഭാര്യമാർ ഇന്ന് ഏറെയുണ്ട്, പ്രത്യേകിച്ച് നമ്മുടെ കൊച്ചുകേരളത്തിൽ. ബൈബിൾ അവതരിപ്പിക്കുന്ന ഈ സ്ത്രീയുടേതിനു സമാന മായ അവസ്ഥയിൽ എത്തിപ്പെടുന്നവർ അത്ര ചുരുക്കമൊന്നുമാ വില്ല.

സ്ത്രീപീഡനത്തിന്റെ കഥകൾ നാൾക്കുനാൾ പെരുകി വരുന്നു. എന്നാൽ, മറിച്ചുള്ള സംഭവങ്ങളും വിരളമല്ല, അത്രതന്നെ മാധ്യമപ്രാധാന്യമുള്ള വാർത്തകളായി പ്രത്യക്ഷപ്പെടുന്നില്ലെ ങ്കിലും. വർഷങ്ങളോളം വിദേശത്ത് കഠിനാധ്വാനം ചെയ്ത് സമ്പാ ദിച്ച തുകയെല്ലാം ഭാര്യയുടെ പേരിൽ അയച്ചുകൊടുത്തും നിക്ഷേ പിച്ചും കഴിഞ്ഞിട്ട് വലിയ പ്രതീക്ഷയോടെ മടങ്ങിവരുന്ന ഭർത്താ ക്കന്മാരിൽ ചിലർക്കെങ്കിലും തന്റെ ഭാര്യ മറ്റൊരാളുടെകൂടെ വാസമാക്കിയിരിക്കുന്ന ദുരന്താനുഭവങ്ങൾ ഉണ്ടാകാറുണ്ട്. അത്ര തന്നെ പരസ്യമായിട്ടല്ലെങ്കിലും വഴിവിട്ട പ്രേമബന്ധങ്ങളും അവി ശ്വസ്തതകളും പെരുകി വരുന്നതായും കാണാം. ഇവിടെ പൊത്തിഫറിന്റെ ഭാര്യയും ജോസഫും അവതരിപ്പിക്കുന്ന വ്യത്യ സ്ത പാഠങ്ങളും അതിലൂടെ വി. ഗ്രന്ഥം നല്കുന്ന താക്കീതു കളും ശ്രദ്ധയർഹിക്കുന്നു. അത് അവഗണിക്കുന്നത് വലിയ ഭവി ഷ്യത്തുകൾക്കു കാരണമാകും. ദാമ്പത്യത്തിലെ അവിശ്വസ്തത കുടുംബത്തിന്റെയും അതുവഴി സമൂഹത്തിന്റെയും അടിത്തറ തകർക്കും. ജീവിത പങ്കാളിയോടു കാട്ടുന്ന അവിശ്വസ്തത കർത്താവിനോടുള്ള അവിശ്വസ്തത തന്നെയാണ്.

# 19

## ജീവന്റെ കാവൽക്കാർ –ഷിഫ്റാ, പുവാ, യോക്കെബെദ്

**പു**റപ്പാടുപുസ്തകത്തിന്റെ തുടക്കത്തിൽ പ്രത്യക്ഷപ്പെടുന്ന നാലു സ്ത്രീകളാണ് ഇവിടെ പഠനവിഷയമാകുന്നത്. ഷിഫ്റാ, പുവാ എന്നീ രണ്ടു സൂതികർമ്മിണികൾ; മോശയുടെ മാതാവായ യോക്കെബെദ്, അവരോടൊപ്പം, പേരുപറയാത്ത മറ്റൊരു സ്ത്രീ–ഫറവോയുടെ മകൾ. ഈ നാലുപേരും ഒരു കാര്യത്തിൽ തുല്യരാണ്. നാലുപേരും ജീവന്റെ കാവൽക്കാരായി നില കൊള്ളുന്നു; ജീവന്റെ സംരക്ഷണത്തിനായി സ്വന്തം ജീവൻ കൈകളിലെടുക്കാൻ തയ്യാറാവുകയും ചെയ്യുന്നു.

സംഖ്യയിലും ശക്തിയിലും വർദ്ധിച്ചുവരുന്ന ഇസ്രായേൽക്കാരെ ഭയന്ന ഈജിപ്തു രാജാവ് അവരെ കഠിനാദ്ധ്വാനം കൊണ്ടും ക്രൂരമായ അടിമത്തംകൊണ്ടും ഒതുക്കാൻ ശ്രമിച്ചു പരാജയപ്പെട്ടപ്പോൾ അറ്റ കൈ പ്രയോഗിക്കാൻ തീരുമാനിച്ചു, ശിശുവധത്തിലൂടെ വംശനാശം. ഇസ്രായേൽക്കാർക്കു ജനിക്കുന്ന ആൺകുഞ്ഞുങ്ങളെയെല്ലാം കൊന്നുകളയാനുള്ള തീരുമാനം നടപ്പിലാക്കാൻ ഫറവോ നിയമിച്ചത് സൂതി കർമ്മിണികളായ ഷിഫ്റായെയും പുവായെയും ആണ്. ഷിഫ്റാ എന്നതിനു പകരം 'സഫീറാ' എന്നും ഈ പേര് അറിയപ്പെടാറുണ്ട്. 'സുന്ദരി' എന്നാണ് വാച്യാർത്ഥം. 'പുവ' എന്ന പേരിന് ബാലിക എന്നും യുവതി എന്നും അർത്ഥമുണ്ട്. പില്ക്കാല യഹൂദ പാരമ്പര്യം ഈ രണ്ടുപേരുകളും മിരിയാമിന്റെ പര്യായമായി കാണുകയും മൂന്നുപേരെയും ഒരാളായി കരുതി അവതരിപ്പിക്കുകയും ചെയ്തിരുന്നു. മാതൃഗർഭത്തിന്റെ സുരക്ഷിതത്വത്തിൽ വളരുന്ന

കുരുന്നു ജീവനെ ബാഹ്യലോകത്തേക്കു കൈപിടിച്ചു നടത്തി കാത്തുപാലിക്കാൻ വേണ്ടി വിളിക്കപ്പെട്ടവരാണ് സൂതികർമ്മിണികൾ. അവരെയാണ് ഫറവോ ആരാച്ചാരുടെ ജോലി ഏല്പിക്കുന്നത്. ജീവന്റെ കാവല്ക്കാരെ മരണത്തിന്റെ ഉപകരണങ്ങളാക്കുക.

അതിക്രൂരമായ ഈ തീരുമാനത്തിന് കൂട്ടുനില്ക്കാൻ, പക്ഷേ, അവർ സമ്മതിച്ചില്ല. രാജകല്പന ലംഘിച്ചാൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ നന്നായി അറിഞ്ഞുകൊണ്ടുതന്നെ അവർ കൗശലപൂർവ്വം ചെറുത്തുനിന്നു. ഇസ്രായേൽക്കാർക്കു ജനിക്കുന്ന ആൺകുഞ്ഞുങ്ങളെ അവർ ജീവിക്കാൻ അനുവദിച്ചു. തങ്ങളെ ചോദ്യം ചെയ്ത ഫറവോയ്ക്ക് അവർ നല്കിയ ഉത്തരം തൃപ്തികരമായിരുന്നോ എന്നറിയില്ല. എന്നാൽ, ഒരു കാര്യം വി. ഗ്രന്ഥകാരൻ പ്രത്യേകം എടുത്തുപറയുന്നു: ആ സ്ത്രീകൾ ദൈവഭയമുള്ളവരായിരുന്നു.

"ആ സൂതികർമ്മിണികൾ ദൈവഭയമുള്ളവരായിരുന്നതിനാൽ രാജാവുപറഞ്ഞതുപോലെ ചെയ്തില്ല. അവർ ആൺകുട്ടികളെ ജീവിക്കാൻ അനുവദിച്ചു" (പുറ 1,17). "ദൈവഭയമുള്ളവരായിരുന്നതിനാൽ അവിടുന്ന് അവർക്ക് സന്താനപരമ്പരകളെ പ്രദാനം ചെയ്തു "(പുറ 1,21). അധാർമ്മികമായ ഒരു രാജകല്പനയ്ക്കെതിരേ ചെറുത്തു നിൽക്കുന്ന സ്ത്രീ ശക്തിയുടെ രംഗപ്രവേശനം ഇവിടെ നാം കാണുന്നു. ജീവൻ ദൈവത്തിന്റെ ദാനമാണ്. അതിനെ നശിപ്പിക്കാൻ ആർക്കും അവകാശമില്ല, രാജാവിനുപോലും. രാജാവിനെക്കാൾ അധികമായി ജീവന്റെ നാഥനായ ദൈവത്തെ അവർ ഭയപ്പെട്ടു. അനുസരിച്ചു. അങ്ങനെ ജീവന്റെ സംരക്ഷണത്തിനുവേണ്ടിയുള്ള പോരാട്ടം ആരംഭിക്കുകയായി. രാജകല്പനയെ ധിക്കരിച്ചവരെ ദൈവം സംരക്ഷിച്ചു; അവർ നല്കിയ വിശദീകരണത്തിന്റെ സാധുത അന്വേഷിക്കാൻ രാജാവു തുനിഞ്ഞില്ല. ദൈവം സന്തതിപരമ്പരയെ നല്കി അവരെ അനുഗ്രഹിച്ചു.

സ്വന്തം കുഞ്ഞിനെ വധിക്കാൻ വിസമ്മതിച്ച് മൂന്നു മാസം രഹസ്യമായി സൂക്ഷിക്കുകയും അവസാനം മനസ്സില്ലാമനസ്സോടെ അവനെ ഞാങ്ങണച്ചെടികൾക്കിടയിൽ ഒളിപ്പിച്ചുവയ്ക്കുകയും ചെയ്ത യോക്കെബെദും ജീവനുവേണ്ടി പോരാടുന്ന സ്ത്രീകളുടെ മുന്നണിയിൽ നില്ക്കുന്നു (പുറ 2,1-3).

അവൾക്കും രാജകല്പനയെക്കാൾ വലുത് ദൈവകല്പനയാണ്. തന്നെ ദൈവം എല്പിച്ച കുരുന്നു ജീവനു സംരക്ഷണം നൽകാൻ വേണ്ടി സ്വന്തം ജീവൻതന്നെ അപകടപ്പെടുത്താൻ അവളും തയ്യാറായി. ദൈവം അവൾക്കും സംരക്ഷണം നൽകി. നഷ്ടപ്പെട്ടുപോയി എന്നു കരുതിയ സ്വന്തംമകനെ പാലൂട്ടി വളർത്താൻ അനുവാദം മാത്രമല്ല, അതിനുവേണ്ടി കൂലിയും അവൾക്കുലഭിച്ചു. ജീവൻ സംരക്ഷിക്കാനായി സാഹസത്തിനു മുതിരുന്നവർക്ക് ദൈവം തന്നെ തുണയാകുന്നു. നൈൽ നദിയിൽ മുങ്ങി അവസാനിക്കേണ്ടിയിരുന്ന പുത്രനെ കാത്തു സൂക്ഷിച്ച യോക്കെബെദ് മാനവവിമോചനത്തിന്റെ വീരഗാഥയിൽ ഒരു മുന്നണി പോരാളിയാകാൻ ദൈവം ഇടയാക്കി. വിമോചക നേതാവായ മോശയുടെ മാതാവായി അവൾ ആദരിക്കപ്പെടുന്നു.

ഈ മൂവരെക്കാളും വലിയ സാഹസത്തിനാണ് ഫറവോയുടെ മകൾ മുതിർന്നത്. തന്റെ പിതാവ് വധശിക്ഷ വിധിച്ച ശിശുവിനെ സ്വന്തം മകനെപ്പോലെ രാജകൊട്ടാരത്തിൽത്തന്നെ വളർത്താൻ തീരുമാനിച്ച അവളുടെ ധീരതയും സാഹസികതയും തികച്ചും അത്ഭുതാവഹമത്രേ. എന്തു ത്യാഗം സഹിച്ചും അപകടത്തെ നേരിട്ടും ജീവനു സംരക്ഷണം നൽകുക എന്നതാണ് ഈ നാലു കഥാപാത്രങ്ങളിലും തെളിയുന്ന സ്വഭാവസവിശേഷത. മാതൃത്വത്തിലൂടെ ഫലമണിയുന്ന സ്ത്രീത്വത്തിന്റെ ഉത്തമ മാതൃകകളായി അവർ പ്രശോഭിക്കുന്നു.

തങ്ങളുടെ ഉള്ളിൽ വേരൂന്നിയ കുരുന്നു ജീവനെ വളരാൻ അനുവദിക്കണമോ, അതു പിഴുതുകളയണമോ എന്നു തീരുമാനിക്കാനുള്ള അവകാശം സ്ത്രീസ്വാതന്ത്ര്യത്തിന്റെ അടയാളമായി കരുതുന്നവർക്ക് ഈ നാലു സ്ത്രീകൾ വലിയൊരു പ്രകാശഗോപുരമായി നിലകൊള്ളുന്നു, ഒപ്പം തീവ്രമായ ഒരു താക്കീതായും. ജനപ്പെരുപ്പമാണ് ലോകം നേരിടുന്ന ഏറ്റം വലിയ ഭീഷണി എന്ന പെരും നുണ ആയിരം മാദ്ധ്യമങ്ങളിലൂടെ ആവർത്തിച്ച്, ഗർഭഛിദ്രത്തിനു ജനത്തെ പ്രേരിപ്പിക്കുകയും നിർബന്ധിക്കുകയും അതു തെറ്റല്ലെന്നു സ്ഥാപിക്കുകയും തങ്ങളുടെ അവകാശമാണെന്നു വാദിക്കുകയും ചെയ്യുന്നവർക്ക് ഈ സ്ത്രീകൾ നൽകുന്ന പാഠം വളരെ വ്യക്തമാണ്. അവർ ദൈവഭയമുള്ളവരായിരുന്നതിനാൽ ജീവന്റെ കാവല്ക്കാരായി നില

കൊണ്ടു. ദൈവത്തിൽ വിശ്വസിക്കുന്ന ആർക്കും നിഷകളങ്ക ജീവനെ നശിപ്പിക്കാനാവില്ല, അത് ഏതു കാരണത്തിന്റെ പേരി ലായാലും.

സ്ത്രീകളുടെ അവകാശങ്ങൾക്കും സ്വാതന്ത്ര്യത്തിനും മഹത്വത്തിനും വേണ്ടി നിലകൊള്ളുകയും പോരാടുകയും ചെയ്യുന്നവർ നിഷ്കളങ്ക ജീവന്റെ കാപാലികരായി കൂടാ! ജീവനു കാവൽനിന്ന് സംരക്ഷിക്കുന്നിടത്താണ് മനുഷ്യമഹത്വം – സ്ത്രീ യുടെയും പുരുഷന്റെയും – ഏറ്റം വ്യക്തമായി പ്രശോഭിക്കു ന്നത്. സൂതികർമ്മണികൾ തുടങ്ങിവച്ച ജീവനുവേണ്ടിയുള്ള പോരാട്ടം മറ്റു സ്ത്രീകൾ ഏറ്റെടുത്തു തുടരുന്നു.

# 20

## പാർശ്വവൽക്കരിക്കപ്പെടുന്ന വനിതാനേതൃത്വം –മിരിയാം

**ഇ**മ്റാം-യോക്കെബെദ് ദമ്പതികളുടെ മകളും മോശയുടെയും അഹറോന്റെയും സഹോദരിയുമാണ് മിരിയാം. പേരിന്റെ അർത്ഥത്തെക്കുറിച്ച് ഭിന്നാഭിപ്രായങ്ങളുണ്ട്. 'മാറാ' എന്ന പേരിന്റെ മറ്റൊരു രൂപമായി കണ്ട് 'കയ്പ് നിറഞ്ഞവൾ; ദുഃഖിത' എന്ന് ചിലർ ഈ പേരിനെ വ്യാഖ്യാനിക്കാറുണ്ട്. 'കടൽ' എന്നർത്ഥമുള്ള 'യാം' എന്ന വാക്കുമായി ബന്ധപ്പെടുത്തി 'സമുദ്രതാരം' എന്ന് മറ്റുചിലർ വ്യാഖ്യാനിക്കുന്നു. 'തടിച്ച ശരീരമുള്ളവൾ" എന്നതാണ് മറ്റൊരു വ്യാഖ്യാനം. 'ആഗ്രഹിച്ചുണ്ടായ ശിശു' എന്ന വ്യാഖ്യാനം മറ്റു ചിലർ നല്കുന്നു. എന്നാൽ, ഇതിലെല്ലാം ഉപരി, 'കർത്താവിനെ സ്നേഹിക്കുകയും കർത്താവിനാൽ സ്നേഹിക്കപ്പെടുകയും ചെയ്യുന്നവൾ' എന്ന വ്യാഖ്യാനമാണ് ഏറ്റം സ്വീകാര്യമായി തോന്നുന്നത്. കർത്താവ് എന്നർത്ഥമുള്ള 'മാർ' എന്ന വാക്കുമായി ബന്ധപ്പെടുത്തിയാണ് ഈ വ്യാഖ്യാനം. 'പ്രിയപ്പെട്ടവൾ' എന്നു ചുരുക്കിപ്പറയാം. 'മറിയം' എന്നത് ഈ പേരിന്റെതന്നെ മറ്റൊരു രൂപമാണ്. ഗ്രീക്കിലും മറിയം എന്നത്രേ എഴുതുക. 'മറിയാമ്മെ' എന്നും ഗ്രീക്കിൽ എഴുതാറുണ്ട്; മരിയാ എന്ന് ലത്തീനിലും. ഇതിൽ നിന്നാണല്ലോ ഇംഗ്ലീഷിലെ 'മേരി'യുടെ വരവ്.

പഴയനിയമത്തിൽ 15 തവണ മിരിയാമിനെക്കുറിച്ചു പരാമർശിക്കുന്നുണ്ട്; പുതിയ നിയമത്തിൽ ഒരിക്കൽപ്പോലും ഈ പേര് പ്രത്യക്ഷപ്പെടുന്നില്ല. രാജകല്പന ധിക്കരിച്ച് തന്റെ

ആൺകുഞ്ഞിനെ മൂന്നുമാസം രഹസ്യമായി സൂക്ഷിച്ച യോക്കെബെദിന്റെ മകളാണ് മിരിയാം. താറുപൂശി ഭദ്രമാക്കിയ പേടകത്തിൽ കിടത്തിയ ശിശുവിനെ നൈൽനദീതീരത്തുള്ള ഞാങ്ങണച്ചെടികൾക്കിടയിൽ ഒളിപ്പിച്ചുവച്ചിട്ട് കാവൽനിന്ന, ശിശുവിന്റെ സഹോദരിയാണവൾ. ശിശുവിനെ കണ്ടെത്തിയ രാജപുത്രിയുടെ മുമ്പിൽ കടന്നുചെല്ലാനും ശിശുവിനെ മുലയൂട്ടി വളർത്താനായി അമ്മയെത്തന്നെ വിളിച്ചുകൊണ്ടുവരാനും തയ്യാറായ അവൾ ബാല്യത്തിൽത്തന്നെ ധീരതയും നേതൃത്വവാസനയും പ്രകടമാക്കുന്നു. അവളില്ലായിരുന്നെങ്കിൽ മോശ എന്ന നേതാവു ജീവിക്കുമായിരുന്നോ എന്നു സംശയിക്കണം.

ഈ നേതൃത്വവാസനയാണ് മിരിയാമിൽ നിറഞ്ഞുനിൽക്കുന്ന ഏറ്റം പ്രധാനപ്പെട്ട സവിശേഷത. മോശയുടെ നേതൃത്വത്തിൽ ജനം ചെങ്കടൽ കടന്ന് മറുകരെ എത്തിയപ്പോൾ സ്ത്രീകളുടെ മുൻനിരയിൽനിന്ന് തപ്പുകൊട്ടി, പാട്ടുപാടി ദൈവത്തെ സ്തുതിക്കാൻ നേതൃത്വം നല്കിയത് മിരിയാമായിരുന്നു, ഗോലിയാത്തിനെ വധിച്ചിട്ടുവന്ന ദാവീദിനെ സ്ത്രീകൾ പാട്ടുപാടി സ്വീകരിച്ചതുപോലെ. അവൾ പാടിക്കൊടുത്തത് ഹെബ്രായ സ്ത്രീകൾ ഏറ്റുപാടി:"കർത്താവിനു സ്തോത്രം പാടുവിൻ. എന്തെന്നാൽ അവിടുന്ന് മഹത്വപൂർണ്ണമായ വിജയം നേടി. കുതിരയെയും കുതിരക്കാരനെയും അവിടുന്ന് കടലിലേക്കെറിഞ്ഞു" (പുറ 15,21).

ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഏറ്റം പുരാതനമായ ഗാനമാണിതെന്ന് വ്യാഖ്യാതാക്കൾ കരുതുന്നു. മിരിയാമിന്റെ കീർത്തനം ഹ്രസ്വമാണ്; അതേസമയം ശക്തവും സമഗ്രവുമാണ്. പുറപ്പാടു സംഭവത്തിന്റെ സന്ദേശം വളരെ ചുരുക്കി അവതരിപ്പിക്കുന്ന ഈ ഈരടി വിമോചകനായ ദൈവത്തിന്റെ ശക്തമായ പ്രവർത്തനത്തെ വർണിക്കുന്നു. ഒരുപറ്റം അടിമകളെ കടലിൻ നടുവിലൂടെ സുരക്ഷിതരായി നയിക്കുകയും അവരെ വീണ്ടും അടിമകളാക്കാൻ വന്ന ഫറവോയുടെ സൈന്യത്തെ കടലിൽ താഴ്ത്തുകയും ചെയ്ത ദൈവമാണ് ഇസ്രയേൽ ആദ്യമായി അടുത്തറിഞ്ഞ ദൈവം-ചൂഷകരും മർദ്ദകരുമായ ഉടമകൾക്കെതിരെ അടിമകളുടെ പക്ഷംചേരുന്ന ദൈവം (പുറ 14,25). ഈ ഗാനശകലത്തിന്റെ സുദീർഘമായ വിശദീകരണമാണ് മോശയുടെ കീർത്തനം (പുറ 15,1-18). മറ്റ് അനേകം സങ്കീർത്ത

നങ്ങളും ഈ ഗാനത്തിന്റെ പ്രമേയം അവതരിപ്പിക്കുന്നുണ്ട് (135; 136; 105). മറ്റൊരു മിരിയാം, നസ്രത്തിലെ മറിയം, ഇതിനു സമാനമായൊരു ഗാനം ആലപിച്ചത് വി. ലൂക്കാ രേഖപ്പെടുത്തിയിട്ടുണ്ട്. (ലൂക്കാ 1,46–55). ശക്തന്മാരെ സിംഹാസനത്തിൽ നിന്നു മറിച്ചിടുന്ന ദൈവത്തിന്റെ കരബലത്തെ പ്രകീർത്തിക്കുമ്പോൾ സ്വാഭാവികമായും പുറപ്പാടുസംഭവവും മിരിയാമിന്റെ കീർത്തനവും മനസ്സിൽ തെളിയും. പുത്രലബ്ധിയിൽ സന്തോഷിച്ച് ദൈവത്തെ സ്തുതിച്ച ഹന്നായുടെ കീർത്തനത്തിലും (1 സാമു 2,1–10) ഈ ഗാനശകലത്തിന്റെ മാറ്റൊലി കേൾക്കാം. അങ്ങനെ വിമോചനഗാനം ആലപിച്ച വനിതകളുടെ ഒരു വലിയ നിരയുടെ തുടക്കത്തിലാണ് മിരിയാമിന്റെ സ്ഥാനം; ഒരുപക്ഷേ, മോശയോടും അഹറോനോടും സാമ്യമുള്ള ഒരു സ്ഥാനം.

ഈ നേതൃസ്ഥാനം, പക്ഷേ, പൂർണമായും അംഗീകരിക്കപ്പെടുന്നില്ല; തന്നെയുമല്ല, നേതൃത്വത്തിന്റെ പേരിൽ ഉണ്ടായ സംഘർഷങ്ങളിൽ മിരിയാമും ഒരു ബലിയാടായി തീരുന്നതും കാണാം. മരുഭൂമിയിലൂടെയുള്ള യാത്രാമദ്ധ്യേ മോശയുടെ നേതൃത്വത്തിനെതിരേ പല വെല്ലുവിളികളും ഉയർന്നതായി സംഖ്യാപുസ്തകം രേഖപ്പെടുത്തുന്നുണ്ട് (സംഖ്യ16;20, 1–6). ജനത്തെ നയിക്കുക എന്ന ദൗത്യം തനിച്ചു നിർവ്വഹിക്കാൻ തനിക്കാവില്ല എന്നു മോശതന്നെ പരാതി പറയുന്നു (സംഖ്യ 11,10 –15). എഴുപതുപേരെ തിരഞ്ഞെടുത്ത് ദൗത്യം വീതിച്ചുകൊടുത്തപ്പോൾ ആ തിരഞ്ഞെടുക്കപ്പെട്ടവരിൽ ഉൾപ്പെടാത്ത രണ്ടു പേർ പ്രവചനം നടത്തിയത് മോശയുടെ അധികാരത്തിന് ഒരു വെല്ലുവിളിയായി ചിലരെങ്കിലും കണ്ടു (സംഖ്യ 11, 26–30). ഈ സംഭവത്തിനുശേഷമാണ് മിരിയാമും അഹറോനും പോലും മോശയുടെ നേതൃത്വത്തെ ചോദ്യം ചെയ്യുകയും അധികാര പ്രയോഗത്തിനെതിരെ പ്രതിഷേധിക്കുകയും ചെയ്തതായി പറയുന്നത്.

മോശയുടെ ഭാര്യയായ കുഷ്യസ്ത്രീയെപ്രതി മിരിയാമും അഹറോനും അവനെതിരെ സംസാരിച്ചു (സംഖ്യ 12,1) എന്ന ആമുഖത്തിനുശേഷം അവതരിപ്പിക്കുന്ന പ്രതിഷേധം ഭാര്യയുമായി ബന്ധപ്പെട്ടതല്ല, നേതൃസ്ഥാനത്തെ ചൊല്ലിയുള്ളതാണ്: “കർത്താവു മോശവഴി മാത്രമാണോ സംസാരിച്ചിട്ടുള്ളത്? ഞങ്ങളിലൂടെയും സംസാരിച്ചിട്ടില്ലേ?” (സംഖ്യ12,2). കടൽത്തീ

രത്തുവച്ച് പാടിയ ഗാനം ഈ പ്രവാചക ദൗത്യത്തിന്റെ ഉദാഹരമാണമായി കാണാം. ദൈവത്തിന്റെ വക്താവ് എന്ന നിലയിലാണ് മോശയ്ക്കു ജനമധ്യത്തിൽ അധികാരവും സ്വാധീനവുമുള്ളത്. അതേ ദൗത്യത്തിൽ തങ്ങളും പങ്കുകാരാണെന്നത്രേ മിരിയാമും അഹറോനും വാദിക്കുന്നത്. എന്നാൽ, മോശയുടെ സ്ഥാനം മറ്റെല്ലാവരുടേതിലുംനിന്ന് വ്യത്യസ്തമാണെന്ന് ദൈവംതന്നെ പ്രഖ്യാപിക്കുന്നു. അതിന്റെ അടയാളമാണ് മിരിയാമിനു ലഭിക്കുന്ന ശിക്ഷ (സംഖ്യ 12,9-16).

ഇവിടെ ന്യായമായും ഉയരുന്ന ഒരു ചോദ്യമുണ്ട്: മിരിയാമും അഹറോനും കുറ്റക്കാരാണെങ്കിൽ എന്തേ മിരിയാം മാത്രം ശിക്ഷിക്കപ്പെടുന്നു? അതും ഏറ്റം ഭയാനകമായ കുഷ്ഠരോഗം അയച്ചുകൊണ്ട്? കുഷ്ഠം ബാധിച്ച മിരിയാം പാളയത്തിൽനിന്നു പുറംതള്ളപ്പെടുകയാണ്. മോശയുടെ മധ്യസ്ഥപ്രാർത്ഥനവഴി അവളുടെ ശിക്ഷ ഇളച്ചുകൊടുക്കുകയും ഏഴു ദിവസത്തിനുശേഷം സൗഖ്യം പ്രാപിച്ച് പാളയത്തിൽ പ്രവേശിക്കാൻ കഴിയുകയും ചെയ്തു. എന്നാൽ, അഹറോൻ ഈ പ്രതിഷേധത്തിന്റെ പേരിൽ ഒരു ശിക്ഷയും ഏറ്റുവാങ്ങുന്നില്ല. ഒരേ കുറ്റത്തിനു രണ്ടു ശിക്ഷയോ എന്ന ചോദ്യം അവശേഷിക്കുന്നു. ദൈവത്തിന്റെ പുരോഹിതനായിരുന്നതിനാൽ അഹറോൻ ശിക്ഷയിൽനിന്ന് ഒഴിവാക്കപ്പെട്ടതാണ് എന്ന വിശദീകരണത്തിനു ന്യായീകരണമില്ല. സമൂഹത്തിൽ വളർന്നുവരുന്ന സ്ത്രീകളുടെ നേതൃത്വത്തെയും അധികാരത്തെയും നിയന്ത്രിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ഇതിനെ കാണാനാകുമോ? സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യമായ നീതി ഇവിടെ നല്കപ്പെടുന്നില്ല എന്ന് അംഗീകരിച്ചേ മതിയാകൂ.

രക്ഷാചരിത്രം കടന്നുപോന്ന വഴിയിലെ ഒരു നാഴികക്കല്ലായി ഈ സംഭവത്തെ കാണാവുന്നതാണ്. യേശുവിന്റെ കാലംവരെ കാത്തിരിക്കേണ്ടിവന്നു, സ്ത്രീകൾക്ക് അർഹവും നീതിയുക്തവും തുല്യവുമായ സ്ഥാനവും ആദരവും ലഭിക്കാൻ. അതോടൊപ്പം മറ്റൊരു കാര്യം കൂടി ശ്രദ്ധിക്കേണ്ടതുണ്ട്. സമൂഹത്തിൽ ഒരു അധികാര സംവിധാനം ആവശ്യമുണ്ട്. ഏതെങ്കിലും സ്വാർത്ഥതാത്പര്യത്തിന്റെ പേരിൽ മോശ സ്വയം ഏറ്റെടുത്തതായിരുന്നില്ല ജനത്തിന്റെ നേതൃത്വം; ദൈവം നേരിട്ട് ഏല്പിച്ചുകൊടുത്തതാണ്. അതിനാൽ മോശയെ ചോദ്യം

ചെയ്തവർ അദ്ദേഹത്തെ നേതാവാക്കിയ ദൈവത്തെത്തന്നെയാണ് ചോദ്യംചെയ്തത്. ഈ പശ്ചാത്തലത്തിലാണ് വി. ഗ്രന്ഥം മരിയാമിന്റെ തെറ്റിനെ കാണുന്നത്.

മിരിയാമിനുവേണ്ടി മോശ പ്രാർത്ഥിച്ചു; കുറ്റം ക്ഷമിക്കാനും ശിക്ഷ ഇളവുചെയ്യാനുമായി യാചിച്ചു. അവൾ സൗഖ്യം പ്രാപിക്കുന്നതുവരെ ജനം പാളയത്തിൽനിന്നു പുറപ്പെട്ടില്ല. അങ്ങനെ അവളോടുള്ള ആദരവും പ്രകടിപ്പിച്ചു. മിരിയാമിന്റെ മരണം മാത്രമാണ് ഇനി ബൈബിൾ രേഖപ്പെടുത്തുന്നത്. മിരിയാം വിവാഹിതയായിരുന്നോ, അവൾക്കു മക്കളുണ്ടായിരുന്നോ, ഒന്നും ബൈബിൾ പറയുന്നില്ല. കാലെബിന്റെ ഭാര്യയായിരുന്നു അവൾ എന്നത് പില്ക്കാലത്ത് യഹൂദ റബ്ബിമാർ പഠിപ്പിച്ചതാണ്. സിൻ മരുഭൂമിയിലെ കാദെശിൽ വച്ച് മിരിയാം മരിച്ചു, അവിടെ അവളെ സംസ്കരിച്ചു" (സംഖ്യ 20,1). മിരിയാം മാത്രമല്ല, അഹറോനും പ്രതിഷേധിച്ച ജനം മുഴുവനും അവസാനം മോശയും വാഗ്ദത്തഭൂമിക്ക് പുറത്തുവച്ച് മരിച്ച് മണ്ണടിഞ്ഞു. അങ്ങനെ അവസാനം എല്ലാവരും തുല്യരായി. അധികാരവും സ്ഥാനവും എല്ലാം ദൈവം ഏല്പ്പിക്കുന്ന ദൗത്യം നിർവ്വഹിക്കാൻ ആവശ്യമായിടത്തോളം കാലമേ നിലനിൽക്കുന്നുള്ളൂ; അത്രയുമേ അവയ്ക്കെല്ലാം അർത്ഥവുമുള്ളൂ.

# 21

## നേതാവിനെ നയിച്ച ഇടയസ്ത്രീ –സിപ്പോറാ

രക്ഷാചരിത്രത്തിൽ അധികമൊന്നും അറിയപ്പെടാത്ത ഒരു സ്ത്രീയാണ് സിപ്പോറാ. മിദിയാനിലെ പുരോഹിതനായ ജെത്രോയുടെ ഏഴു പുത്രിമാരിൽ ഒരാളും മോശയുടെ ഭാര്യയുമായ അവളെക്കുറിച്ചു ബൈബിൾ നാലുതവണ പരാമർശിക്കുന്നുണ്ട്. അതു നാലും പുറപ്പാടു പുസ്തകത്തിലാണ്. മൂന്നുതവണ പുറപ്പാടു സംഭവത്തിനു മുൻപും ഒരു തവണ മരുഭൂമിയിലൂടെയുള്ള യാത്രാമധ്യത്തിലും. സംഖ്യാപുസ്തകത്തിലെ ഒരു പരാമർശം (സംഖ്യ 12,1) അവളെക്കുറിച്ചാണോ എന്നു തർക്കമുണ്ട്. ചുരുക്കമായേ പരാമർശ വിഷയമാകുന്നുള്ളു എങ്കിലും എടുത്തുപറയുന്ന കാര്യങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്.

പക്ഷിക്കുഞ്ഞ്, കുരുവി എന്നൊക്കെയാണ് സിപ്പോറാ എന്ന പേരിന്റെ അർത്ഥം. പേരു സൂചിപ്പിക്കുന്നതുപോലെ സ്വതന്ത്രയായി പറന്നുനടന്നവളാണ് സിപ്പോറാ. മിദിയാനിലെ പുരോഹിതനായ ജെത്രോയുടെ ഏഴു പെൺമക്കളിൽ പേരെടുത്തു പറയുന്നത് അവളുടെ മാത്രമാണ് (പുറ 2,16-22). അവളെയാണ് പിതാവ് മോശയ്ക്ക് ഭാര്യയായി നല്കിയത്. അതിനാൽത്തന്നെ മൂത്തമകളായിരുന്നു സിപ്പോറാ എന്നു ന്യായമായും അനുമാനിക്കാം. വിരട്ടിയോടിക്കുന്ന ഇടയന്മാരുടെ മധ്യേ (പുറ 2,17) സഹോദരികൾക്കും ആടുകൾക്കും സംരക്ഷണം നല്കി വളർന്നുവന്ന സിപ്പോറാ നേതൃത്വത്തിന്റെ ബാലപാഠങ്ങൾ ചെറുപ്പത്തിലേ അഭ്യസിച്ചിരുന്നു.

ഈജിപ്തുകാരനെ കൊന്നതിന്റെ പേരിൽ വധശിക്ഷ ഭയന്ന് മരുഭൂമിയിൽ ഓടിയൊളിച്ച മോശയ്ക്ക് അഭയം നല്കുകയും അയാളെ ഭർത്താവായി സ്വീകരിക്കുകയും ചെയ്യുമ്പോൾ ഭീഷണികളെ നേരിടാനും അപകടങ്ങളെ തരണം ചെയ്യാനുമുള്ള ധീരതയും അവൾ പ്രകടമാക്കുന്നുണ്ട്. ഫറവോയുടെ സൈന്യം വേട്ടയാടുന്ന ഒരഭയാർത്ഥിയാണ് താൻ എന്ന മോശയുടെ അവബോധം വെളിവാക്കുന്നതാണ് ആദ്യജാതനു നല്കിയ ഗെർഷോം എന്ന പേര്. 'പ്രവാസി' എന്നാണ് പേരിന്റെ അർത്ഥം (പുറ 2,22). നിരന്തരമായ കുറ്റബോധവും ഭയവും ഏകാന്തതയും വേട്ടയാടിയിരുന്ന ഭർത്താവിന് സ്വസ്ഥതയും സമാധാനവും പകരാൻ സിപ്പോറായ്ക്കു സാധിച്ചു എന്നതിന്റെ സൂചന രണ്ടാമത്തെ പുത്രന്റെ പേരിൽ കാണാം. "എന്റെ ദൈവം സഹായിക്കുന്നു" എന്നാണ് 'എലിയേസർ' എന്ന പേരിന്റെ അർത്ഥം (പുറ 18,4).

സിപ്പോറായെക്കുറിച്ചുള്ള ചുരുക്കമായ പ്രതിപാദനത്തിൽ നിന്നു രണ്ടുകാര്യങ്ങൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. മാരകമായ ഒരു വിപത്തിൽനിന്ന് അവൾ മോശയെ രക്ഷിച്ചതാണ് ആദ്യത്തേത് (പുറ 4,24-26). ഭാര്യയെയും രണ്ടു പുത്രന്മാരെയും കൂട്ടി അമ്മായിയപ്പന്റെ അനുവാദത്തോടെ ഈജിപ്തിലേക്കു യാത്ര തിരിച്ച മോശയെ വഴിക്കുവച്ച് ദൈവം വധിക്കാൻ ഉദ്യമിച്ചു. "ഉടനെ സിപ്പോറാ കല്ക്കത്തിയെടുത്ത് പുത്രന്റെ അഗ്രചർമ്മം ഛേദിച്ചു. അതുകൊണ്ട് മോശയുടെ പാദങ്ങളിൽ സ്പർശിച്ചിട്ട് അവൾ പറഞ്ഞു: നീ എനിക്കു രക്തഭർത്താവാകുന്നു. അപ്പോൾ അവിടുന്ന് അവനെ വിട്ടുപോയി" (പുറ 4,25).

ഏറെ ദുരൂഹതകൾ നിറഞ്ഞുനില്ക്കുന്ന ഒരു വിവരണമാണിത്. തന്റെ വക്താവും ജനത്തിന്റെ വിമോചകനുമായി തിരഞ്ഞെടുത്ത് ഈജിപ്തിലേക്കയച്ചവനെ ദൈവംതന്നെ വധിക്കാൻ ശ്രമിക്കുന്നതു മനസ്സിലാക്കുക എളുപ്പമല്ല. എന്നാൽ, സിപ്പോറായുടെ സമയോചിതവും വിവേകപൂർണ്ണവുമായ പെരുമാറ്റം ഈ സംഭവത്തിന് ഒരു വിശദീകരണം നല്കുന്നുണ്ട്. ഇസ്രായേൽ സമൂഹത്തിലെ പുരുഷന്മാരെല്ലാം പരിഛേദനം സ്വീകരിക്കണം എന്നത് ദൈവം അബ്രാഹവുമായി ചെയ്ത ഉടമ്പടിയുടെ നിയമമായിരുന്നു (ഉൽപ 17, 9-11). ജനത്തിനു മോചകനും നായകനുമായി പ്രവർത്തിക്കുന്നവൻ കുറ്റമറ്റവനായിരി

ക്കണം. ജനം അനുസരിക്കണമെന്ന് ദൈവം കല്പിച്ചിട്ടുള്ള നിയമങ്ങളെല്ലാം നേതാവ് ആദ്യമേ അനുസരിക്കണം. അനുസരണക്കേട് ഉടമ്പടിലംഘനത്തിന് തുല്യമാണ്. ഉടമ്പടിലംഘനമാകട്ടെ വധശിക്ഷയ്ക്കു കാരണമാകും. മോശയെ വധിക്കാൻ ഉദ്യമിക്കുന്നതിലൂടെ ഈ സത്യമാണ് വെളിപ്പെടുന്നത്. ഇതു മനസ്സിലാക്കിയ സിപ്പോറാ മക്കൾക്കു ഛേദനാചാരം നല്കി, അഗ്രചർമ്മംകൊണ്ട് ഭർതൃപാദങ്ങളിൽ സ്പർശിച്ച് ഭർത്താവിനുവേണ്ടി പരിഹാരം അനുഷ്ഠിച്ചു. അങ്ങനെ മോശയെ മരണശിക്ഷയിൽനിന്നും മോചിപ്പിച്ചു. അതോടൊപ്പം മറ്റൊരു കാര്യം കൂടി ഈ സംഭവത്തിൽനിന്നു വ്യക്തമാകുന്നുണ്ട്.

കുഞ്ഞുങ്ങൾക്കു പരിഛേദനം നല്കുക എന്നത് ഇസ്രായേൽ ജനത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ള മതപരമായ ഒരു കർമ്മമാണ്. മക്കൾക്കു വിശ്വാസപരിശീലനം നല്കുന്നതിന്റെ തുടക്കമാണിത്. പിതാവ് അവഗണിച്ച ദൗത്യം മാതാവ് നിർവ്വഹിക്കുകയാണിവിടെ. മാതാപിതാക്കൾക്ക്, പ്രത്യേകിച്ചും അമ്മമാർക്ക് മക്കളുടെ വിശ്വാസപരിശീലനത്തിനുള്ള കടമയുടെ ഉത്തമ മാതൃകയാണ് സിപ്പോറാ. മിദിയാൻകാരും അബ്രാഹത്തിന്റെ മക്കളായിരുന്നു. അബ്രാഹത്തിനു ദൈവം നല്കിയ കല്പന അവരും അനുസരിച്ചിരുന്നു. പൈതൃകമായി കൈമാറിക്കിട്ടിയ വിശ്വാസവും ആചാരങ്ങളും കുടുംബങ്ങളിൽ കാത്തുപാലിക്കപ്പെടണം. അതിൽ ഏറ്റം വലിയ പങ്കു വഹിക്കുന്നത് അമ്മമാരാണെന്ന് സിപ്പോറാ തന്റെ പ്രവൃത്തിയിലൂടെ തെളിയിക്കുന്നു.

ഈജിപ്തിലേക്കു പോകാൻ പുറപ്പെട്ടെങ്കിലും കൂടെക്കൊണ്ടുപോയ ഭാര്യയെയും മക്കളെയും മോശ വഴിയിൽ എവിടെയോവച്ച് തിരിച്ചയച്ചു (പുറ 18,2). കർത്താവിന്റെ മലയുടെ അടിവാരത്തിൽ വച്ച് സഹോദരൻ അഹറോനെ കണ്ടുമുട്ടിയതിനു ശേഷമാകാം ഇത് (പുറ 4,27). കർത്താവ് മോശയെ വധിക്കാൻ ഉദ്യമിച്ചതിന് തൊട്ടുപിന്നാലെയാണ് ഈ കണ്ടുമുട്ടൽ വിവരിക്കുന്നത്. ഭാര്യയെയും മക്കളെയും തിരിച്ചയയ്ക്കാൻ കാരണം എന്തെന്ന് വി. ഗ്രന്ഥം പറയുന്നില്ല. അവർക്കു സുരക്ഷിതത്വം നല്കാൻ വേണ്ടിയായിരിക്കാം; അല്ലെങ്കിൽ സുദീർഘവും അപകടം നിറഞ്ഞതുമായ വിമോചനസമരത്തിൽ അവർ തനിക്ക് ഒരു ഭാരവും തടസ്സവുമാകാതിരിക്കാൻ വേണ്ടിയാവാം. കാരണം

എന്തുതന്നെ ആയാലും ഇവിടെയും സിപ്പോറയുടെ ഒരു സവിശേഷത പ്രകടമാകുന്നുണ്ട്.

ദൈവത്തിന്റെ പ്രത്യേക വിളി സ്വീകരിച്ച്, ജനത്തിന്റെ വിമോചനം എന്ന ദൗത്യവുമായി ഈജിപ്തിലേക്കുപോകുന്ന ഭർത്താവിനെ സ്വതന്ത്രമായി പോകാൻ അനുവദിച്ചിട്ട് മക്കളെയും കൂട്ടി സ്വപിതാവിന്റെ ഭവനത്തിലേക്കു തിരിച്ചുവരുന്ന സിപ്പോറാ സഹധർമ്മിണിയും മാതാവും എന്ന നിലകളിലുള്ള ഒരു സ്ത്രീയുടെ ഉദാത്തമാതൃകയാണ്. യുദ്ധം ചെയ്യുന്നവരെപ്പോലെതന്നെ പ്രധാനപ്പെട്ടവരാണ് ഭാണ്ഡം സൂക്ഷിക്കുന്നവരും എന്ന നിയമം (1 സാമു 30,24-25) ഇവിടെ അനുവർത്തിക്കപ്പെടുന്നു. ഭർത്താവിനോടൊപ്പം കുഞ്ഞുമക്കളെയും കൊണ്ട് വിമോചനസമരത്തിന്റെ പടക്കളത്തിലേക്കു പോകാതെ പിന്നണിയിൽനിന്ന സിപ്പോറാ വഹിച്ച പങ്കും സുപ്രധാനം തന്നെ. പോരാട്ടങ്ങൾ കഴിഞ്ഞ് മരുഭൂമിയിലേക്കുവന്ന ഭർത്താവിന്റെയടുക്കലേക്ക് അവൾ മടങ്ങിവന്നു, മക്കളെയും കൂട്ടി. അതുവരെ മക്കളുടെ സംരക്ഷണവും പരിശീലനവും ഒറ്റയ്ക്ക് അവൾതന്നെ നിർവ്വഹിച്ചു. സ്ത്രീത്വത്തിന്റെ ഒരു സവിശേഷത ഇവിടെ ദൃശ്യമാവുന്നില്ലേ?

പുരുഷൻ ചെയ്യുന്നതെല്ലാം അതുപോലെ ചെയ്യുന്നതുകൊണ്ടു മാത്രം സ്ത്രീ വിമോചനവും ശാക്തീകരണവും ആകുന്നില്ല. സമൂഹത്തിൽ സ്ത്രീക്കും പുരുഷനും തുല്യപ്രാധാന്യമുണ്ട്; പങ്കുമുണ്ട്. എന്നാൽ, ഓരോരുത്തരുടെയും സ്വഭാവത്തിലും കഴിവിലും പ്രത്യേകതകളുണ്ട്. പരസ്പര പൂരകങ്ങളാണ് ആ സവിശേഷതകൾ. വീട്ടിലിരുന്ന് മക്കളെ വളർത്തുന്നത് ഒരു കുറവായി സിപ്പോറാ കണ്ടില്ല, മറിച്ച് ദൈവം തന്നെ ഏല്പിച്ചിരിക്കുന്ന സുപ്രധാനമായ കടമയായിട്ടാണ് അവൾ അതിനെ സ്വീകരിച്ചത്. ഒളിച്ചോടിവന്നവന് അഭയം നല്കി; അഗതിയെന്ന് കരുതിയവന് അവൾ ആശ്രയമായി; ഏകാന്തദുഖത്തിൽ ആണ്ടുപോയവന് ദൈവത്തിന്റെ സാന്ത്വനമായി. വിമോചകനേതാവിന് പിന്നണിയിലെ കൂട്ടാളിയായി. സർവ്വോപരി, മക്കൾക്കു സംരക്ഷകയും അധ്യാപികയും വിശ്വാസപരിശീലകയുമായി സിപ്പോറാ- അതൊക്കെയാണ് അവളുടെ മഹത്വം.

മരുഭൂമിയിൽ ഭർത്താവിന്റെ അടുക്കലേക്കു മടങ്ങിവന്ന സിപ്പോറായ്ക്ക് എന്തു സംഭവിച്ചു എന്ന് ബൈബിൾ പറയുന്നില്ല. മോശയ്ക്കെതിരെ മിരിയാം ഉന്നയിക്കുന്ന ഒരു കുറ്റാരോ

പണത്തിൽ സിപ്പോറായാണോ പരാമർശ വിഷയം എന്നുവ്യക്ത മല്ല. “മോശയുടെ ഭാര്യയായ കുഷ്യസത്രീയെപ്രതി മിരിയാമും അഹറോനും അവനെതിരായി സംസാരിച്ചു”(സംഖ്യ12,1). സിപ്പോറാ മരിച്ചതായോ മോശ വേറെ വിവാഹം കഴിച്ചതായോ ബൈബിൾ പറയുന്നില്ല. എന്നാൽ, ‘കുഷ്യസ്ത്രീ’ എന്ന വിശേഷണം ഒരു എത്യോപ്യാക്കാരിയെയാണ് സൂചിപ്പിക്കുന്നത് എന്നും അതിനാൽ സിപ്പോറാ മടങ്ങിപ്പോയതിനുശേഷം മോശ രണ്ടാമതൊരു വിവാഹം കഴിച്ചു എന്നും കരുതുന്ന വ്യാഖ്യാതാക്കളുണ്ട്. ‘കുഷ്’ ബൈബിളിൽ പൊതുവേ എത്യോപ്യയുടെ പര്യായമാണ്. സിപ്പോറയാകട്ടെ മിദിയാൻകാരിയും. എന്നാൽ, “കുഷ്യസ്ത്രീ” എന്നത് വിദേശീയരോടുള്ള അവജ്ഞയും പുച്ഛരവും പ്രകടമാക്കുന്ന ഒരു വിശേഷണമായും കരുതാൻ കഴിയും. സിപ്പോറായുടെ മടങ്ങിവരവിനുശേഷമാണ് ഈ ആരോപണം ഉന്നയിക്കപ്പെടുന്നത്. “നാത്തൂൻപോരിന്റെ” ഭാഗമാകാം ഈ ആരോപണം. അതിലുപരി സിപ്പോറായ്ക്ക് ഒരു വിദേശിയും വിജാതിയും എന്ന അവഹേളനം പേറേണ്ടിവന്നു എന്ന സൂചനയും ഇവിടെ കാണാം. പക്ഷേ, ഇസ്രായേല്യരെക്കാളും വിജാതീയരാണ് പലപ്പോഴും മെച്ചം എന്ന ധ്വനിയും ഈ ആരോപണത്തിനു പിന്നിലുണ്ടാവാം, താമാറിനെയും റൂത്തിനെയുംപോലെ.

# 22

## കുടുംബത്തെ രക്ഷിച്ച വേശ്യ -റാഹാബ്

**ബൈബ**ബിളിൽ വളരെക്കുറച്ചു മാത്രമേ പ്രതിപാദിക്കപ്പെടുന്നു ള്ളുവെങ്കിലും ശ്രദ്ധേയമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് റാഹാബ്. ജോഷ്വായുടെ പുസ്തകത്തിൽ അഞ്ചുതവണ; പുതിയ നിയമത്തിൽ മത്തായി, ഹെബ്രായ ലേഖനം, യാക്കോബിന്റെ ലേഖനം എന്നീ ഗ്രന്ഥങ്ങളിൽ ഓരോ തവണ, ഇത്രയും ബൈബിൾ ഭാഗങ്ങളിൽ മാത്രമേ റാഹാബ് പ്രത്യക്ഷപ്പെടു ന്നുള്ളൂ. ചാരന്മാർക്ക് അഭയം നല്കിയ വേശ്യ എന്ന നിലയി ലാണ് റാഹാബ് അറിയപ്പെടുന്നത്. എന്നാൽ, ആഴമേറിയ ചില ബോധ്യങ്ങളും ഉൾക്കാഴ്ചകളും നല്കാൻ പര്യാപ്തമാണ് ബൈബിൾ അനാവരണം ചെയ്യുന്ന ഒരു വിജാതീയ സ്ത്രീ ആയ റാഹാബിന്റെ വ്യക്തിത്വം.

'വിസ്തൃതം,' 'വിശാലം' എന്നൊക്കെയാണ് റാഹാബ് എന്ന ഹീബ്രുവാക്കിന്റെ അർത്ഥം. ഇതും റാഹാബിന്റെ വ്യക്തി ത്വവും തമ്മിലു ള്ള ബന്ധം അത്ര വ്യക്തമല്ല. ഒരു പക്ഷേ, എല്ലാ വരെയും സ്വീകരിക്കാനും മനസ്സിലാക്കാനും കഴിയുന്ന ഒരു വ്യക്തിത്വമായിരുന്നു അവളുടേത് എന്ന സൂചന ഈ പേരിനു പിന്നിലുണ്ടാവാം.

ജോഷ്വ 2,6 അധ്യായങ്ങളിലാണ് റാഹാബിനെക്കുറിച്ച് പ്രതിപാദിക്കുന്നത്. കാനാൻദേശം, പ്രത്യേകിച്ചും ജെറീക്കോ പട്ടണം, ഒറ്റുനോക്കാനായി ജോഷ്വ അയച്ച രണ്ടു ചാരന്മാർ ജെറീക്കോയിൽ റാഹാബിന്റെ അടുക്കൽ വന്നു. ചാരന്മാരെ ക്കുറിച്ച് അറിവുകിട്ടിയ ജെറീക്കോ രാജാവ് പടയാളികളെ അയച്ച്, ചാരന്മാരെ വിട്ടുകൊടുക്കാൻ ആവശ്യപ്പെട്ടു. എന്നാൽ,

ഈ സാഹചര്യം മുൻകൂട്ടി കണ്ട റാഹാബ് ചാരന്മാരെ വീടിന്റെ മുകളിൽ (ടെറസിൽ) ഉണങ്ങാനിട്ടിരുന്ന ഞാങ്ങണത്തണ്ടുകൾക്കിടയിൽ ഒളിപ്പിച്ചിരുന്നു. ചാരന്മാർ പട്ടണം വിട്ടുപോയി എന്നും വേഗം ചെന്നാൽ ജോർദ്ദാൻ കടവിൽ വച്ച് അവരെ പിടികൂടാമെന്നും പറഞ്ഞ് പടയാളികളെ തെറ്റിദ്ധരിപ്പിച്ച് ഒഴിവാക്കി. രാത്രിയായപ്പോൾ ചാരന്മാരെ വീടിന്റെ ജനാലയിലൂടെ പട്ടണ മതിലിനു പുറത്തു കടത്തി വിട്ടു. കടവിലേക്കു പോകാതെ മല മുകളിൽ ഒളിച്ചിരിക്കാനും പടയാളികൾ മടങ്ങിയെത്തിയതിനു ശേഷം ജോർദ്ദാൻ കടക്കാനും നിർദ്ദേശവും നല്കി.

ചാരന്മാരെ പറഞ്ഞയയ്ക്കുമ്പോൾ അവൾ ഒരു അഭ്യർത്ഥന നടത്തി: നഗരം ഇസ്രായേൽക്കാർ കീഴടക്കുമ്പോൾ തന്നെയും കുടുംബത്തെയും രക്ഷിക്കണം. അവർ അഭ്യർത്ഥന സ്വീകരിച്ച് വാക്കുകൊടുത്തു. വീടിന്റെ അടയാളമായി ഒരു ചുവന്നചരട് ജാലകത്തിൽ കെട്ടിയിടാനും ആവശ്യപ്പെട്ടു. ചാരന്മാർ നല്കിയ വാക്ക് ജോഷ്വ പാലിച്ചു. പട്ടണം നശിപ്പിക്കുന്നതിനുമുമ്പേ റാഹാബിനെയും കുടുംബത്തെയും പുറത്തുകൊണ്ടുവന്നു. അവരെ പാളയത്തിനുപുറത്ത് താമസിപ്പിച്ചു. ഇത്രയുമാണ് ജോഷ്വായുടെ പുസ്തകത്തിൽ നിന്നു കിട്ടുന്ന വിവരങ്ങൾ.

യേശുവിന്റെ വംശാവലിയിൽ സൽമോന്റെ ഭാര്യയും ബൊവാസിന്റെ അമ്മയുമായി വി. മത്തായി റാഹാബിനെ അവതരിപ്പിച്ചിട്ടുണ്ട്. ചുരുക്കം ചില ബൈബിൾ പണ്ഡിതന്മാർ ഇത് മറ്റേതോ വ്യക്തിയാണ് എന്ന്, പേരിലെ ഒരക്ഷരത്തിന്റെ വ്യത്യാസത്തെ അടിസ്ഥാനമാക്കി, വാദിക്കുന്നുണ്ടെങ്കിലും ഈ വാദത്തിന് വലിയ പിന്തുണ ലഭിച്ചിട്ടില്ല. ഹെബ്രാ, 11,31 ൽ വിശ്വാസത്തിന്റെയും യാക്കോ 2:25 ൽ നീതിയുക്തവും വിശ്വാസപ്രേരിതവുമായ പ്രവൃത്തിയുടെയുംമാതൃകയായി റാഹാബിനെ ചിത്രീകരിച്ചിരിക്കുന്നു. ഈ വസ്തുതകളിൽ നിന്ന് എന്തു പാഠമാണ് നമുക്ക് ലഭിക്കുന്നത്?

തന്റെ പട്ടണത്തെ ഒറ്റിക്കൊടുത്ത വഞ്ചകിയും സ്വന്തം കുടുംബത്തിന്റെ മാത്രം സുരക്ഷിതത്വം തേടിയ സ്വാർത്ഥമതിയും, സർവ്വോപരി നികൃഷ്ടമായ വേശ്യാവൃത്തി തൊഴിലായി സ്വീകരിച്ചവളുമായി റാഹാബിനെ കാണാൻ കഴിയും. എന്നാൽ, അതല്ല ബൈബിൾ ഊന്നൽ കൊടുക്കുന്ന ചിത്രം. 'വേശ്യ' എന്ന വിശേഷണം തന്നെ പല വ്യാഖ്യാന സാധ്യതകൾ

ഉൾക്കൊള്ളുന്നു. ഒരു സത്രത്തിന്റെ അഥവാ വഴിയമ്പലത്തിന്റെ ഉടമയും നടത്തിപ്പുകാരിയുമായും ഈ വ്യക്തിയെ കാണാവുന്ന താണ്. അന്തിയുറങ്ങാൻ ഇടം തേടി വരുന്ന ആരെയും സ്വീക രിക്കുന്ന സത്രം സൂക്ഷിപ്പുകാരിയായിരുന്നോ അവൾ? അതോ അഷേറാദേവതയുടെ പുരോഹിതയോ? അതോ ദേവ ശുശ്രൂഷ യ്ക്കായി നിയോഗിക്കപ്പെട്ടിരുന്ന ദേവദാസിയോ? ഈ നാലു സാധ്യതകളും തള്ളിക്കളയാനാവില്ല. ശരീരം വിറ്റ് ഉപജീവനം കഴിക്കാൻ വിധിക്കപ്പെട്ട ഒരു ഹതഭാഗ്യയായിട്ടല്ല റാഹാബ് ബൈബിളിൽ പ്രത്യക്ഷപ്പെടുന്നത്.

അവളുടെ ഭവനം പട്ടണത്തിന്റെ മതിലിൽ ആയിരുന്നു എന്ന പരാമർശം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. പട്ടണത്തി ലേക്കു വരുകയും പട്ടണത്തിൽ നിന്നു പോവുകയും ചെയ്യുന്ന യാത്രക്കാർക്ക് എളുപ്പം വന്നു കയറാവുന്ന ഒരിടമായി ഇതിനെ കാണാം– സത്രത്തിന്റെ പ്രത്യേകതയും ഇതാണല്ലോ. എന്നാൽ, ഇതുമാത്രമല്ല ഈ വിശദാംശത്തിനു പിന്നിലുള്ളത്. നഗര മദ്ധ്യ ത്തിൽ നിന്നകലെയാണ് റാഹാബിന്റെ ഭവനം. അതു പുറമ്പോ ക്കിലാണ്. പട്ടണവാസികൾ അവളെ പുറന്തള്ളിയതാണോ? വേലിയിറമ്പിലേക്ക് വലിച്ചെറിഞ്ഞതോ? ഏതായാലും നഗര ത്തിന്റെ മുഖ്യധാരയിൽ നിന്നു മാറ്റി നിർത്തപ്പെട്ടവളായിരുന്നു അവളും കുടുംബവും എന്ന സൂചന വിവരണത്തിൽ കാണാം. അതേ സമയം പുറം ലോകത്തോടു തുറവിയും അന്യ നാട്ടുകാ രുമായി സംസർഗ്ഗവും പാലിക്കുന്നുണ്ട്, റാഹാബ്. അതിനാൽ ത്തന്നെ ആയിരിക്കണം രഹസ്യ പോലീസിന്റെ നിരന്തര നിരീ ക്ഷണത്തിന് കീഴിൽ അവൾക്കു കഴിയേണ്ടി വന്നത്. രണ്ട് അപ രിചിതർ അവളുടെ വീട്ടിൽ വന്ന ഉടനെ വിവരം രാജാവറിഞ്ഞത് ഈ നിരീക്ഷണം മൂലമാകണമല്ലോ.

റാഹാബ് നഗരത്തെ ഒറ്റിക്കൊടുത്തു എന്നു പറയാനാ വില്ല. അവൾ ചാരന്മാരെ സംരക്ഷിച്ചില്ലായിരുന്നെങ്കിലും ജോഷ ജെറീക്കോ പിടിച്ചടക്കുകതന്നെ ചെയ്യുമായിരുന്നു. എന്നാൽ, യാഹ്വേയിലുള്ള റാഹാബിന്റെ വിശ്വാസവും അവസരത്തി നൊത്ത് പ്രവർത്തിക്കുന്നതിൽ കാട്ടിയ വിവേകവും പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. ചാരന്മാർ വരുന്നതിനുമുമ്പു തന്നെ അടിമകൾക്കു വിടുതൽ നല്കുന്ന യാഹ്വേയെക്കുറിച്ച് അവൾ കേട്ടിരുന്നു; മാത്രമല്ല, ആ ദൈവത്തെ അവൾ സ്വന്തം

ദൈവമായി സ്വീകരിക്കുകയും ചെയ്തിരുന്നു. യാഹ്വേയിലുള്ള വിശ്വാസമാണ് അവളുടെ എല്ലാ പ്രവൃത്തികൾക്കും പിന്നിലുണ്ടായിരുന്നത്. നഗരത്തെ രക്ഷിക്കാൻ കഴിയില്ല എന്ന് അവൾക്കു വ്യക്തമായി അറിയാമായിരുന്നു. എന്നാലും തന്റെ കുടുംബത്തെ അവൾക്കു രക്ഷിക്കാൻ കഴിഞ്ഞു, യാഹ്വേയെ തങ്ങളുടെ ദൈവമായി സ്വീകരിച്ചതിലൂടെ; കർത്താവായ യേശുവിൽ വിശ്വസിച്ച് രക്ഷ പ്രാപിച്ച കാരാഗൃഹാധിപനും കുടുംബവും പോലെ (അപ്പ 16,31).

യാതൊരു ന്യായീകരണവും വിശദീകരണവും കൂടാതെയാണ് ബൈബിൾ റാഹാബിന്റെ ചെയ്തികളെ അവതരിപ്പിച്ചിരിക്കുന്നത്. അതിന്റെ നന്മതിന്മകളെക്കുറിച്ച് വി. ഗ്രന്ഥം വിലയിരുത്തുന്നില്ല, വിധിപറയുന്നുമില്ല. അത്യന്തം ആപല്ക്കരമായ ഒരു സാഹചര്യത്തിലാണ് അവൾ നില്ക്കുന്നത്. കൊടുങ്കാറ്റു പോലെ മരുഭൂമിയിൽനിന്ന് ആഞ്ഞടിക്കാൻ ഒരുങ്ങി നില്ക്കുന്ന ഇസ്രായേൽ സൈന്യം ഒരു വശത്ത്; അവരുടെ ദിഗ്വിജയങ്ങളെക്കുറിച്ചു കേട്ട് ഭയചകിതരായി വാതിലടച്ചു കഴിയുന്ന ജെറിക്കോ രാജാവും നിവാസികളും മറുവശത്ത്. നഗരത്തിന്റെ നാശം ആസന്നമായിരിക്കുന്നു എന്നു വ്യക്തമായി മനസ്സിലാക്കിയ റാഹാബ്, കൊള്ളയും കൊള്ളിവയ്പും കൂട്ടക്കൊലയും തുടങ്ങുന്നതിനു മുമ്പേ തന്റെ കുടുംബത്തെയെങ്കിലും രക്ഷിക്കാൻ കഴിഞ്ഞതിൽ അവളെ അഭിനന്ദിക്കുകയല്ലേ വേണ്ടത്? എന്നാൽ, ഇസ്രായേൽക്കാർ പോലും അതു ചെയ്തില്ല എന്ന സൂചനയാണ് ബൈബിൾ നല്കുന്നത്.

“റാഹാബിനെയും അവളുടെ മാതാപിതാക്കളെയും സഹോദരന്മാരെയും ബന്ധുജനങ്ങളെയുംകൊണ്ടുവന്ന് ഇസ്രായേൽ പാളയത്തിനു പുറത്ത് താമസിപ്പിച്ചു” (ജോഷ 6: 23). ജെറീക്കോ പട്ടണത്തിന്റെ മതിലിൽ വീടുവച്ചു കഴിഞ്ഞവർ ഇസ്രയേൽ പാളയത്തിനുപുറത്ത് അഭയാർത്ഥികളായി. ഇന്നും അവർ ഇസ്രയേലിനിടയിലുണ്ട് എന്ന് തുടർന്ന് പറയുന്നുണ്ടെങ്കിലും പിന്നീട് റാഹാബിന് എന്തു സംഭവിച്ചു എന്നു പഴയ നിയമം പറയുന്നില്ല. മനുഷ്യൻ പ്രതീക്ഷിക്കുന്നതു പോലെയല്ലല്ലോ ചരിത്രം നീങ്ങുന്നത്. വിശുദ്ധൻമാരുടെ ജീവചരിത്രം വിവരിക്കുന്ന ഗ്രന്ഥമല്ല ബൈബിൾ. പാപിയായ മനുഷ്യനു ദൈവം നല്കുന്ന രക്ഷയുടെ ചരിത്രമാണത്. അതിനാൽത്തന്നെ അക്രമവും അനീ

തിയും രക്തച്ചൊരിച്ചിലും എല്ലാം അതിൽകാണും. റാഹാബിന്റെ കഥയും അതിൽപ്പെടുന്നു.

ഇതു ശരിയല്ല എന്നു തോന്നിയ യഹൂദ റബ്ബിമാർ റാഹാബിന്റെ ചരിത്രം രചിച്ചു. അവൾ ജോഷ്വയുടെ ഭാര്യയായി എന്നും ജെറെമിയായും ഹൂൾദായും അടങ്ങുന്ന അനേകം പ്രവാചകരുടെ മുത്തശ്ശിയായി എന്നും അവർ പഠിപ്പിച്ചു. പുതിയ നിയമത്തിലാകട്ടെ, ലോകരക്ഷകനായ മിശിഹായുടെ വംശാവലിയിൽ അവൾക്കു സ്ഥാനം ലഭിച്ചിരിക്കുന്നു. അഗതികൾക്ക് അഭയം നല്കുന്ന ദൈവത്തിൽ വിശ്വസിക്കുക മാത്രമല്ല, അഗതികളെ ഭവനത്തിൽ സ്വീകരിക്കുകയും സ്വന്തം ജീവൻ അപകടപ്പെടുത്തിക്കൊണ്ടുപോലും അഭയാർത്ഥികളെ സംരക്ഷിക്കുകയും ചെയ്യുന്ന, വിശ്വാസത്തിൽനിന്നുരൂപം കൊള്ളുന്ന സാഹസികതയുടെ മാതൃകയാണ് റാഹാബ്; ഒപ്പം വിവേകത്തിന്റെയും. സമൂഹത്തിന്റെ പുറമ്പോക്കിൽ കഴിയേണ്ടിവരുമ്പോഴും പ്രത്യാശയും ധൈര്യവും കാത്തുസൂക്ഷിക്കുന്ന റാഹാബ് സ്ത്രീത്വത്തിന്റെ അഗാധമായ മറ്റൊരു തലം അനാവരണം ചെയ്യുന്നു.

ജാലകത്തിൽ കെട്ടിയ ചുവന്നചരട് റാഹാബിന്റെ വീടിന്റെ അടയാളമായിരുന്നു. സമൂലനാശത്തിൽ നിന്ന് ഒഴിവാക്കപ്പെട്ട ഒറ്റ വീടായിരുന്നു അത്. അങ്ങനെ ചുവന്നചരട് രക്ഷയുടെ അടയാളമായി. വേശ്യാഗൃഹത്തിന്റെ അടയാളം രക്ഷയുടെ പ്രതീകമായി മാറുന്നതിൽ വൈരുദ്ധ്യം തോന്നാം. ചുവന്ന തെരുവുകളിലേക്ക് രക്ഷാ സന്ദേശവുമായി കടന്നു ചെല്ലുന്നവർക്ക് ഈ പ്രതീകം വലിയ പ്രത്യാശയും പ്രചോദനവും നല്കും എന്നതിൽ സംശയമില്ല. ദൈവം ആരെയും കൈവിടുന്നില്ല. സമൂഹം മുദ്രകുത്തി പുറത്താക്കിയവരുടെ അടുക്കലേക്കാണ് രക്ഷകൻ കടന്നു വരുന്നത്; അവരാണ് രക്ഷ സ്വീകരിക്കാൻ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട കൃപ ലഭിച്ചവർ (മത്താ 21, 31).

# 23

## കരുണ പകരുന്ന മാതൃത്വം
## –ദെബോറാ

**ബി.**സി പന്ത്രണ്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ജീവിച്ചിരുന്ന ഒരു അസാധാരണ വനിതയാണ് ഇസ്രായേൽക്കാരിയായ ദെബോറാ. ന്യായാധിപന്മാരുടെ പുസ്തകത്തിൽ രണ്ട് അദ്ധ്യായങ്ങൾ (ന്യായാ 4-5) അവളുടെ ചെയ്തികൾ വിവരിക്കുന്നു, ആദ്യത്തെ അദ്ധ്യായത്തിൽ ഗദ്യമായും രണ്ടാമത്തെ അദ്ധ്യായത്തിൽ ഗാനമായും. ബൈബിളിൽ കാണുന്ന ഏറ്റം പുരാതനമായ ഗാനങ്ങളിൽ ഒന്നാണിത്. വർണ്ണിക്കുന്ന കാര്യങ്ങളോളം തന്നെ പഴക്കമുണ്ട് ഈ ഗാനത്തിന് എന്ന് ബൈബിൾ പഠിതാക്കൾ കരുതുന്നു.

'തേനീച്ച' എന്നാണ് ദെബോറാ എന്ന ഹീബ്രു വാക്കിന്റെ അർത്ഥം. ദെബോറായുടെ വ്യക്തിത്വത്തെ അവതരിപ്പിക്കാൻ ഏറ്റം ഉചിതമായ ഒരു പേരു തന്നെയാണിത്. പൂക്കളിൽനിന്ന് തേൻ ശേഖരിച്ച് മറ്റുള്ളവർക്ക് നല്കുകയാണല്ലോ തേനീച്ച ചെയ്യുന്നത്. അന്യരുടെ ജീവിതം മധുരമാക്കുന്നതിനുവേണ്ടി അദ്ധ്വാനിക്കുന്ന തേനീച്ച, അപകടം നേരിടുമ്പോൾ അക്രമാസക്തമാകും. മധുരിക്കുന്ന തേൻ മാത്രമല്ല, മാരകമായ വിഷവും തേനീച്ചയിൽ നിന്നു പ്രവഹിക്കും. തേനീച്ചയുടെ ഈ രണ്ടു ഗുണങ്ങളും ദെബോറായിൽ കാണാം.

ഇസ്രായേലിലെ ന്യായാധിപന്മാരുടെ ഇടയിലാണ് ദെബോറാ പ്രത്യക്ഷപ്പെടുന്നത്. ജോഷ്വായുടെ മരണത്തിനുശേഷം ഇസ്രായേൽ ഗോത്രങ്ങൾ കാനാൻ ദേശത്തിന്റെ പല ഭാഗങ്ങളിലായി ചിതറി പാർക്കുകയും തദ്ദേശവാസികളുടെയും ഫിലിസ്ത്യരു

ടെയും നിരന്തരമായ ആക്രമണങ്ങൾ നേരിടുകയും ചെയ്തിരുന്ന കാലഘട്ടമാണ് ബൈബിളിൽ ന്യായാധിപന്മാരുടെ കാലമായി അറിയപ്പെടുന്നത് (ബി.സി. 1200-1030). ശത്രുക്കളുടെ ആക്രമണം മൂലം ഉണ്ടാകുന്ന വലിയ പ്രതിസന്ധികളിൽ ഇസ്രായേൽ ജന ത്തിനു സംരക്ഷണം നല്കാനായി ദൈവം അയച്ച നേതാക്ക ന്മാരാണ് ഈ ന്യായാധിപന്മാർ. അവർ പൊതുവെ യുദ്ധവീര ന്മാരായിരുന്നു. ജനത്തിന്റെ പരാതികൾ കേട്ട്, വിചാരണചെയ്ത്, ന്യായം വിധിക്കുക ആയിരുന്നില്ല ഈ ന്യായധിപന്മാരുടെ മുഖ്യ ദൗത്യം. എന്നാൽ, ദെബോറാ ഈ രണ്ടു ദൗത്യങ്ങളും നിർവ്വ ഹിച്ചിരുന്നതായി കാണാം.

ലപ്പിദോത്തിന്റെ ഭാര്യയാണ് ദെബോറാ. "അവൾ എഫ്രേം മലനാട്ടിൽ, റാമായ്ക്കും ബെഥേലിനും ഇടയ്ക്കുള്ള ദെബോറാ യുടെ ഈന്തപ്പനയുടെ കീഴിൽ ഇരിക്കുക പതിവായിരുന്നു. ഇസ്ര യേൽ ജനം വിധിതീർപ്പിനുവേണ്ടി അവളെ സമീപിച്ചിരുന്നു' (ന്യായാ 4,5). എഫ്രേം മലനാട്ടിൽ വളരെ വിരളമായേ ഈന്ത പ്പന വളരാറുള്ളു. അതിനാൽത്തന്നെ ദെബോറായുടെ ഈന്ത പ്പന പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. എന്നും പച്ചയില ചൂടി നില്ക്കുന്ന ഈന്തപ്പന പറുദീസായുടെയും അമർത്യതയുടെയും നിത്യജീവന്റെയും പ്രതീകമായിട്ടാണ് കരുതപ്പെട്ടിരുന്നത്. അത് നീതി നിർവ്വഹണത്തിലൂടെ ജീവൻ നല്കുന്ന ദെബോറായുടെ പ്രതീകമായി മാറുന്നു. മാത്രമല്ല, അവളെ ഇസ്രായേലിന്റെ മാതാ വായി തുടർന്ന് വരുന്ന ഗാനത്തിൽ ചിത്രീകരിക്കുമ്പോൾ (ന്യായാ 5,7) ദെബോറാ ജീവന്റെ ഉറവിടവും പ്രതീകവുമായി ത്തീരുന്നു. മാതൃത്വത്തിന്റെ യഥാർത്ഥ രൂപം അവളിൽ പ്രകടമാ കുന്നു. ജീവൻ പരിപോഷിപ്പിക്കുകയും അപകടങ്ങളിൽനിന്നും ശത്രുക്കളിൽനിന്നും സംരക്ഷിക്കുകയും ചെയ്യുക എന്ന മാതാ വിന്റെ ദൗത്യം 'തേനീച്ച' എന്ന അവളുടെ പേരിനെ അന്വർത്ഥ മാക്കുകയും ചെയ്യുന്നു.

നീതിനിർവ്വഹണത്തിലൂടെ ജീവൻ നിലനിർത്തുക മാത്ര മല്ല, ശത്രുവിന്റെ ആക്രമണത്തിൽനിന്ന് ഇസ്രായേലിനെ രക്ഷി ക്കുകയും ചെയ്ത ന്യായാധിപയാണ് ദെബോറാ. ഇരുപത് വർഷം ദീർഘിച്ച കാനാൻ രാജാവായ യാബീന്റെ അടിമത്തത്തിൽനിന്ന് അവൾ ജനത്തിനു മോചനം നല്കി. തൊള്ളായിരം ഇരുമ്പുരഥ ങ്ങൾ അടങ്ങുന്ന വലിയൊരു സൈന്യവുമായി വന്ന സീസേ

റായ്ക്കെതിരേ അവൾ ഇസ്രായേൽ സൈന്യത്തെ നയിച്ചു. ബാറാക്കിനെ ഇസ്രായേലിന്റെ സൈന്യാധിപനായി നിയമിച്ചെങ്കിലും തനിച്ചു യുദ്ധത്തിനു പോകാൻ മടിച്ച അയാൾക്ക് ദെബോറാ പിന്തുണ മാത്രമല്ല, യുദ്ധത്തിനുവേണ്ട നിർദ്ദേശങ്ങളും നല്കി. അങ്ങനെ ദെബോറാ-ബാറാക്ക് എന്ന രണ്ടുപേരുടെ സംയുക്ത നേതൃത്വത്തിൽ ഇസ്രായേലിന് വൻവിജയം നേടാൻ കഴിഞ്ഞു.

താബോർ മലയാണ് ദെബോറാ യുദ്ധത്തിനായി തിരഞ്ഞെടുത്ത സ്ഥലം. രഥങ്ങൾക്ക് എളുപ്പത്തിൽ നീങ്ങാൻ പറ്റാത്തതായിരുന്നു ആ യുദ്ധഭൂമി. തന്നെയുമല്ല, കൊടുങ്കാറ്റും കൊള്ളിയാനും പേമാരിയും വഴി ദൈവം ഇസ്രായേലിന്റെ സഹായത്തിന് എത്തുകയും ചെയ്തു. ഫറവോയുടെ രഥങ്ങൾ ചെങ്കടലിൽ എന്നതുപോലെ സിസേറായുടെ രഥങ്ങൾ താബോർ താഴ്‌വരയിൽ ഉപയോഗശൂന്യങ്ങളായി. കാനാൻ ദേശത്തിന്റെ മധ്യഭാഗം ഇസ്രായേൽജനം പിടിച്ചടക്കിയതിന്റെ ഒരു സമകാലികവിവരണം ഇവിടെ കാണാം. ആറു ഗോത്രങ്ങൾ ഈ യുദ്ധത്തിൽ പങ്കെടുത്തു. വളരെ ചുരുക്കമായിട്ടാണ് ആ കാലഘട്ടത്തിൽ ഇത്രയും ഗോത്രങ്ങൾ ഒരുമിച്ച് ഒരു യുദ്ധത്തിൽ പങ്കുചേരുന്നത്. അവരെ വിജയത്തിലേക്കു നയിച്ച ധീരനായികയാണ് ദെബബോറാ.

ദെബോറായെ പ്രവാചികയെന്നും ബൈബിൾ വിശേഷിപ്പിക്കുന്നുണ്ട് (ന്യായാ 4,4). ദൈവഹിതം ജനത്തെ അറിയിക്കുക, തിരുഹിതം അനുസരിച്ച് ജീവിക്കാൻ പ്രേരിപ്പിക്കുക, ഇതാണ് പ്രവാചകന്റെ മുഖ്യദൗത്യം. ദൈവവചനം പ്രഘോഷിക്കുന്നവനാണ് പ്രവാചകൻ. ആ വചനം തകർന്ന ജീവിതങ്ങൾക്ക് ആശ്വാസവും പ്രത്യാശയും പകരുന്നതാകാം; വഴി തെറ്റിയവരെ ശാസിച്ച് നേർവഴിയിലേക്കു നയിക്കുന്നതും ആകാം. വരാൻ പോകുന്ന ശിക്ഷയെക്കുറിച്ചുള്ള മുന്നറിയിപ്പും ദൈവം നല്കുന്ന രക്ഷയുടെ വാഗ്ദാനവും പ്രവാചക വചനം തന്നെ. ഇങ്ങനെ ജനത്തെ ദൈവോന്മുഖമായി ജീവിക്കാൻ സഹായിക്കുക എന്ന ദൗത്യവും പ്രവാചികയായ ദെബോറായിൽ നിക്ഷിപ്തമായിരുന്നു.

സ്ത്രീത്വത്തിന്റെ അതിധന്യമായ വിവിധ ഭാവങ്ങൾ ദെബോറായിൽ ദൃശ്യമാകുന്നുണ്ട്. ചിതറിപ്പോയ ജനത്തെ അവൾ ഒരുമിച്ചുകൂട്ടി; നിരാശയിൽപ്പെട്ടു പോയവർക്കു പ്രത്യാശയും ധൈര്യവും നല്കി. സൈന്യത്തെ നയിച്ച ബാറാക്കിന്റെ കരങ്ങൾക്കു കരുത്തുപകർന്നു. സർവ്വോപരി, ദൈവോന്മുഖമായ ഒരു

ജീവിതം നയിക്കാൻ ജനത്തിനു വഴികാട്ടിയും പ്രേരകശക്തിയുമായി. അവൾ ഇസ്രായേൽ ജനത്തിന് അമ്മയായി. ഇതൊക്കെത്തന്നെ ആയിരിക്കണം ആധുനിക വനിതാ വിമോചന മുന്നേറ്റങ്ങളിൽ ദെബോറായെ ഒരു മാതൃകയായി സ്വീകരിക്കാൻ മുഖ്യകാരണം. മുവായിരം വർഷങ്ങൾക്കുശേഷവും, ഇസ്രായേലിന്റെ മാതാവായ ദെബോറാ, തേനീച്ചയും ഈന്തപ്പനയും പോലെ, പ്രചോദനമായി നിലകൊള്ളുന്നു. ബാറാക്കിനോടുള്ള ദെബോറായുടെ മനോഭാവം മത്സരത്തിന്റേതോ, ശത്രുതയോടേതോ ആയിരുന്നില്ല. മറിച്ച് സഹകരണവും പിന്തുണയും നല്കി പ്രോത്സാഹിക്കുന്നതായിരുന്നു. സമൂഹത്തിൽ സ്ത്രീ-പുരുഷന്മാർ തമ്മിൽ നിലനിൽക്കേണ്ട ബന്ധത്തിന്റെ ഉത്തമമാതൃക ഇവിടെ കാണാം. പുരുഷൻ ചെയ്യുന്ന ജോലികൾ ചെയ്യുകയും പുരഷനോട് മത്സരിച്ച് തുല്യതയോ മേന്മയോ സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതിലൂടെ വനിതാ വിമോചനം സാധ്യമാവില്ല; വനിതയുടെ സ്വത്വം വികലമാക്കപ്പെടുകയേ ഉള്ളൂ. മറിച്ച് ദെബോറായെപ്പോലെ ജനത്തിനു മാതാവും നേതാക്കൾക്കു സഹകാരിണിയും പ്രോത്സാഹനവും ആകുമ്പോൾ എല്ലാവരുടെയും ജീവിതം കൂടുതൽ ധന്യവും അർത്ഥവത്തും ആകും.

# 24

## സേനാധിപനെ വധിച്ച വീട്ടമ്മ
## –ജായേൽ

**ദെ**ബോറ – ബാറാക്ക് ന്യായാധിപർ നയിച്ച യുദ്ധത്തിന്റെ പശ്ചാത്തലത്തിലാണ് ജായേൽ പ്രത്യക്ഷപ്പെടുന്നത്. ന്യായാധിപന്മാരുടെ പുസ്തകത്തിൽ മാത്രമേ ജായേലിനെക്കുറിച്ച് പ്രതിപാദിക്കുന്നുള്ളു. ന്യായാ 4,17–24 ൽ ഗദ്യമായും 5, 24–27 ൽ പദ്യമായും അവളുടെ ചെയ്തികൾ വിവരിക്കുന്നു. പദ്യരൂപത്തിലുള്ള വിവരണമാണ് ആദ്യം രൂപപ്പെട്ടതെന്നും ഗദ്യത്തിലുള്ള വിവരണം പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടതാണെന്നും ബൈബിൾ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

ബൈബിളിലെ 12 വാക്യങ്ങൾ ജായേലിന്റെ ഒരേ ഒരു ചെയ്തി വിവരിക്കാനായി മാറ്റിവച്ചിരിക്കുന്നു. ആ പ്രവൃത്തിയാകട്ടെ, ഇന്നത്തെ കാഴ്ചപ്പാടിൽ, അത്ര പ്രശംസനീയമല്ലെന്നു മാത്രമല്ല, തികച്ചും അപലപനീയവും അനുകരണാർഹമല്ലാത്തതും ആയി തോന്നാവുന്നതുമാണ്. അതിനാൽത്തന്നെ ജായേലും അവളുടെ പ്രവൃത്തിയും പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

'കാട്ടാട്' അഥവാ 'മലയാട്' എന്നാണ് ജായേൽ എന്ന വാക്കിന്റെ അർത്ഥം. പേര് അന്വർത്ഥമാക്കുന്നത്ര വന്യവും പ്രാകൃതവുമായ ഒരു പ്രവൃത്തിയാണ് അവൾ ചെയ്തത്. "കേന്യനായ ഹേബെറിന്റെ ഭാര്യ" (ന്യായാ 4, 17) എന്നാണ് ബൈബിൾ ജായേലിനെ വിശേഷിപ്പിക്കുന്നത്. ചെമ്പുപണിക്കാരായ നാടോടികളായിരുന്നു കേന്യർ. ഇരുമ്പുപണിയിലും അവർ വിദഗ്ധരായിരുന്നു. കായേന്റെ സന്തതിപരമ്പരയിലാണ് ബൈബിൾ

അവരെ ഉൾപ്പെടുത്തിയിരിക്കുന്നത് (ഉൽപ 4,22). കാനാൻദേശത്തിന്റെ പലഭാഗത്തും അവർ ചുറ്റി നടന്നിരുന്നു (ഉൽപ 15,19). മോശയുടെ അമ്മായിയപ്പനായ ഹോബാബിന്റെ വംശജരായിരുന്നു കേന്യർ എന്ന് ന്യായാ. 4,11 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ജെത്രോ (പുറ 3,1)എന്നും റവുവേൽ (സംഖ്യ 10,29) എന്നുമുള്ള പേരുകൾക്കു പുറമേയാണ് ഹോബാബ് എന്ന പേരു നല്കിയിരിക്കുന്നത്. വ്യത്യസ്ത പാരമ്പര്യങ്ങളിൽ നിന്നു വരുന്നതിനാലാവാം പേരിലുള്ള ഈ വൈവിധ്യം.

തെക്ക് മിദിയാൻ ദേശത്തുനിന്നു വന്ന് ഗലീലിയിൽ വാസമുറപ്പിച്ചതായിരുന്നു ഹേബെറും കുടുംബവും. അവർ കാനാൻകാരുമായി സൗഹൃദത്തിലായിരുന്നു. അതേസമയം പരമ്പരാഗതമായി ഇസ്രയേൽക്കാരുടെ സുഹൃത്തുക്കളും സഖ്യകക്ഷികളുമായിരുന്നു കേന്യർ. മോശയും ഹൊബാബുമായുള്ള ബന്ധം ഈ സൗഹൃദത്തിന് അടിസ്ഥാനമായി എടുത്തുകാട്ടുന്നുണ്ട്. എന്നാലും കേന്യർ ഇസ്രയേൽക്കാരല്ല, വിജാതീയരായിരുന്നു.

യുദ്ധത്തിൽ തോറ്റോടിയ സൈന്യത്തെ ഉപേക്ഷിച്ച് സേനാധിപൻ സിസേറാ വടക്കോട്ടു പലായനം ചെയ്തത് തലസ്ഥാനമായ ഹാസോറിൽ തിരിച്ചെത്തി, വീണ്ടും ഒരു സൈന്യത്തെ ശേഖരിച്ച് ഇസ്രായേലിനെ നേരിടാം എന്ന പ്രതീക്ഷയോടെ ആയിരിക്കാം. വഴിമദ്ധ്യേ, തങ്ങളുടെ സുഹൃത്തുക്കൾ എന്നു കരുതിയ കേന്യരുടെ അടുത്ത് അല്പം വിശ്രമിക്കാം എന്ന വിചാരത്തോടെയാവാം കടന്നുചെന്നത്. കൂടാര വാതില്ക്കൽ വച്ച് ജായേൽ അയാളെ ഉപചാരപൂർവ്വം സ്വീകരിച്ച് കൂടാരത്തിനുള്ളിലേക്കു ക്ഷണിച്ചു. ദാഹജലം ചോദിച്ചപ്പോൾ കൂടുതൽ മെച്ചമായ പാൽ നല്കി. കൂടാരത്തിനുള്ളിൽ അയാളെ കിടത്തി, കമ്പിളികൊണ്ടു പുതപ്പിച്ചു. അനുധാവനം ചെയ്തുവരുന്ന ശത്രുവിൽ നിന്ന് സംരക്ഷണം നല്കാനായി കൂടാരവാതില്ക്കൽ കാവൽനിന്നു. പലായനം ചെയ്യുന്ന പരാജിതന് അഭയവും ശത്രുവിൽനിന്നു സംരക്ഷണവും നല്കുന്ന ആതിഥ്യത്തിന്റെ മകുടോദാഹരണമാണ് ജായേൽ, ഇതുവരെ. എന്നാൽ ഇതെല്ലാം വെറും ഒരു അഭിനയം മാത്രമായിരുന്നെന്നും അവളുടെ യഥാർത്ഥ സ്വഭാവവും ലക്ഷ്യവും തികച്ചും വ്യത്യസ്തമായിരുന്നുവെന്നും തുടർന്നുള്ള അവളുടെ പ്രവൃത്തി തെളിയിക്കുന്നു.

ആതിഥേയ തനിക്കു കാവൽ നില്ക്കുന്നുണ്ട് എന്ന ഉറ

പ്പിൽ സിസേറാ ഉറങ്ങി. കൂടാരം നിലത്തുറപ്പിക്കാൻ ഉപയോഗിക്കുന്ന മരയാണിയും ചുറ്റികയുമായി സാവധാനം കടന്നുവന്ന ജായേൽ ഉറങ്ങിക്കിടന്ന സേനാധിപന്റെ ചെന്നിയിൽ ആണി അടിച്ചിറക്കി. തലയോടു തകർത്ത് ആണി നിലത്തുറച്ചു. തീർന്നില്ല അവളുടെ ധീരകൃത്യം- സിസേറായെ തേടി വന്ന ബാറാക്കിനെ വഴിയിൽവച്ച് സ്വീകരിച്ച്, കൂടാരത്തിനുള്ളിലേക്ക് വിളിച്ചുകയറ്റി, തകർന്ന തലയോട്ടിയിൽ ആണിയുമായി ചത്തു കിടന്ന ശത്രുവിനെ കാണിച്ചു കൊടുത്തുകൊണ്ടാണ് അവൾ രംഗത്തുനിന്ന് പിൻവാങ്ങുന്നത്.

ഇസ്രായേൽ ജനത്തെ ദീർഘകാലം പീഡിപ്പിച്ച ഒരു ശത്രുവിനെ വകവരുത്തി, ജനത്തിന് സ്വാതന്ത്ര്യവും സുരക്ഷിതത്വവും നല്കിയ ഒരു ധീരവനിതയായിട്ടാണ് ബൈബിൾ വിവരണം ജായേലിനെ അവതരിപ്പിക്കുന്നത്. അതിനാൽ ദെബോറായോടൊപ്പം അവൾക്കും ഇസ്രായേൽ ചരിത്രത്തിൽ വലിയ പ്രാധാന്യമുണ്ട്. ഉപരോധിക്കപ്പെട്ട ഗോപുരത്തിന്റെ മുകളിൽനിന്ന് തിരികല്ലിൻപിള്ള വലിച്ചെറിഞ്ഞ് അബിമലെക്കിന്റെ തല ഉടച്ച സ്ത്രീയും (ന്യായാ 9,53), ഉറങ്ങിക്കിടന്ന ഹോളോഫർണസിന്റെ തലയറുത്ത് ഭക്ഷണസഞ്ചിയിലാക്കിക്കൊണ്ടുപോയ യൂദിത്തും (യൂദി 13) പോലെ ജായേലും ഒരു പ്രത്യേകവിധം ധീരതയുടെയും സാഹസികതയുടെയും പ്രതീകമാണ്. ജായേൽ ഇസ്രായേൽക്കാരി ആയിരുന്നില്ല. എന്നിട്ടും അവൾ ഇസ്രയേൽജനത്തിനുവേണ്ടി ഈ വലിയ സാഹസത്തിനു മുതിർന്നു. ഉറങ്ങിക്കിടന്ന സൈന്യാധിപൻ ഉണർന്നെങ്കിൽ അവളുടെ ജീവൻ നഷ്ടപ്പെടുമായിരുന്നു. സ്വന്തം ജീവൻ കൈയിലെടുത്തു കൊണ്ട് അവൾ ഈ സാഹസത്തിന് മുതിർന്നത് എന്തിനുവേണ്ടി എന്ന് ന്യായമായും ചോദിക്കാം. അഥവാ എന്താണ് ഈ വിവരണത്തിലൂടെ ബൈബിൾ നല്കുന്ന സന്ദേശം എന്നു ചോദിക്കയാവും കൂടുതൽ മെച്ചം.

ബി.സി. 11-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നടന്ന ഒരു സംഭവമാണിത്. അഭയാർത്ഥികളായി കടന്നുവന്ന ഇസ്രായേൽക്കാർക്ക് ഒരു പാർപ്പിടം കിട്ടാൻ യുദ്ധം ചെയ്യേണ്ടിവന്നു. കാനാൻ ദേശത്തു വാസമുറപ്പിച്ചെങ്കിലും ശത്രുക്കളുടെ നിരന്തരമായ ആക്രമണവും ശക്തരുടെ ചൂഷണവും പീഡനവും ഏൽക്കേണ്ടി വന്നു. സ്വന്തം നിലനില്പിനുവേണ്ടി യുദ്ധം ചെയ്യുന്ന ഇസ്രാ

യേൽക്കാരെ സഹായിക്കുകയാണ് ജായേൽ ചെയ്തത്. അതോടൊപ്പം തന്റെയും കുടുംബത്തിന്റെയും നില ഭദ്രമാക്കാനും ഇതു വഴി അവൾ ശ്രമിച്ചു. തോറ്റോടുന്ന സൈന്യാധിപനാണ് സിസേറ. വിജയം നേടിയ ഇസ്രായേൽ സൈന്യാധിപൻ പിന്നാലെയുണ്ട്. ഈ സാഹചര്യത്തിൽ ഏറ്റം ഉചിതവും പ്രയോജനപ്രദവുമായി തോന്നിയ കൃത്യമാണ് ജായേൽ ചെയ്തത്. ചാരന്മാർക്ക് അഭയവും സംരക്ഷണവും നല്കി സ്വന്തം കുടുംബത്തിന്റെ നില ഭദ്രമാക്കിയ റാഹാബിനെപ്പോലെ. സിസേറായെ വധിച്ചതു വഴി ഇസ്രായേലുമായുള്ള സൗഹൃദം ഒന്നുകൂടി ഉറപ്പിക്കാനും ജേതാക്കളായ അവരുടെ പ്രീതി നേടാനും തനിക്കും കുടുംബത്തിനും കഴിയും എന്ന കണക്കുകൂട്ടലും ഇതിനു പിന്നിലുണ്ടാവാം.

ഇതിനെല്ലാം ഉപരി ഒരു ദൈവിക പദ്ധതിയുടെ പൂർത്തീകരണമാണ് ജായേലിലൂടെ സംഭവിച്ചത് എന്നും വിശുദ്ധ ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നുണ്ട്. സിസേറായ്ക്കെതിരേ യുദ്ധം നയിക്കാൻ നിയുക്തനായ ബാറാക്ക് അതിനു വിസമ്മതിച്ച്, ദെബോറായുടെ സാന്നിദ്ധ്യവും സഹായവും ആവശ്യപ്പെട്ടതുവഴി ന്യായമായും അയാൾക്ക് അവകാശമായിരുന്ന ബഹുമതി നഷ്ടപ്പെടുത്തി. അങ്ങനെ "നിന്റെ ഈ വഴി നിന്നെ മഹത്വത്തിലെത്തിക്കുകയില്ല. കർത്താവ് സിസേറായെ ഒരു സ്ത്രീയുടെ കയ്യിൽ ഏല്പിക്കും" (ന്യായാ 4,9) എന്ന ദെബോറായുടെ പ്രവചനം ഇവിടെ നിറവേറുകയായിരുന്നു. ദുർബ്ബലരും അവഗണിക്കപ്പെട്ടവരും വഴിയാണ് കർത്താവ് വലിയ കാര്യങ്ങൾ ചെയ്യുന്നത് എന്ന പൊതുതത്വത്തിന്റെ ഭാഗമായും ഇതിനെ കാണാവുന്നതാണ്.

സിസേറായെ വധിക്കാൻ ജായേൽ തിരഞ്ഞെടുത്ത പദ്ധതി പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. പുരാതനകാലത്തെ നാടോടികളുടെ ഇടയിൽ സ്ത്രീകളാണ് കൂടാരം ഉറപ്പിക്കുന്നത്. അതിനാൽ മരയാണിയും ചുറ്റികയും അവൾക്ക് എളുപ്പത്തിൽ കൈകാര്യം ചെയ്യാവുന്ന ഉപകരണങ്ങളായി. അതോടൊപ്പം പ്രതീകാത്മകമായ ചില അർത്ഥസൂചനകളും ഈ ഉപകരണങ്ങളുടെയും പ്രവൃത്തിയുടെയും പിന്നിൽ കാണാം.

മരയാണിയും ചുറ്റികയും വാസസ്ഥലം ഉറപ്പിക്കാൻ ഉപയോഗിക്കുന്ന ഉപകരണങ്ങളായിരുന്നു, മനുഷ്യന് സംരക്ഷണവും സുരക്ഷിതത്വവും നല്കുന്ന ഉപകരണങ്ങൾ. അവയാണ്

മാരകോപകരണങ്ങളായി മാറിയത്. നന്മയുടെ ഉപകരണങ്ങൾ തിന്മയ്ക്കുവേണ്ടിയും ഉപയോഗിക്കാം. ജീവൻ നിലനിർത്താൻ സഹായിക്കുന്ന ഉപകരണങ്ങൾതന്നെ കൊല്ലാനും ഉപയോഗിക്കാം. ഉപകരണമല്ല, അത് ഉപയോഗിക്കുന്ന വ്യക്തിയും അയാളുടെ ലക്ഷ്യവും ഉപയോഗിക്കുന്ന വിധവും ആണ് പ്രധാനം.

സിസേറായുടെ ചെന്നിയിൽ അടിച്ചിറക്കിയ മരയാണി നിലത്തുറച്ചു, കൂടാരത്തിനു കുറ്റിയടിച്ചതുപോലെ. കാനാൻ സൈന്യാധിപനായ സിസേറായുടെ തലയിലാണ് കൂടാരക്കുറ്റി ഉറപ്പിച്ചത്. കാനാനിലേക്കു കടന്നുവന്ന ഇസ്രായേൽക്കാർ സാവകാശം ചെയ്തതും ഇതുതന്നെയാണ്. തദ്ദേശവാസികളെ ഉന്മൂലനം ചെയ്തുകൊണ്ടാണ് അവർ ദേശം സ്വന്തമാക്കിയത്. ഈ പ്രക്രിയയിൽ ഇതര ജനതകളും അവരെ സഹായിച്ചു. എതിർത്തുനിന്നവരെ ഏതുമാർഗ്ഗം ഉപയോഗിച്ചും ഉന്മൂലനം ചെയ്യുകയും സഹകരിക്കുന്നവരെ സഖ്യകക്ഷികളായി സ്വീകരിക്കുകയും ചെയ്യുന്ന ഒരു നയമാണ് ഇസ്രായേൽ സ്വീകരിച്ചത്, ഏതു ജനതയും ചെയ്യുന്നതുപോലെതന്നെ.

ജായേലിന്റെ പ്രവൃത്തി ഇന്നു പരിചിതമായ ധാർമ്മിക നിയമങ്ങളുടെ വെളിച്ചത്തിൽ വിലയിരുത്തിയാൽ ന്യായീകരിക്കാനാവില്ല. ഒരുതരത്തിലും അനുകരിക്കാവുന്ന ഒരു പ്രവൃത്തിയുമല്ല അത്. മൂവായിരം വർഷം മുമ്പ് നിലവിലിരുന്ന പൊതു മനോഭാവത്തിന്റെ പശ്ചാത്തലത്തിൽ വേണം അതിനെ വിലയിരുത്താൻ. ധാർമ്മികമായ ഒരു വിധി പ്രഖ്യാപനവും കൂടാതെ സംഭവങ്ങൾ യഥാതഥം വിവരിക്കുകയാണ് ബൈബിൾ ചെയ്യുന്നത്. അന്നത്തെ സാഹചര്യത്തിൽ സാഹസികവും വീരോചിതവുമായ ഒരു ചെയ്തിയിലൂടെ ഇസ്രായേലിനെ സഹായിച്ച ഒരു ധീരവനിതയായി ജായേലിനെ ചിത്രീകരിക്കുന്നു. അറിയാതെ തന്നെ അവൾ ഒരു ദൈവിക പദ്ധതിയുടെ പൂർത്തീകരണത്തിനു സഹായിക്കുകയും ചെയ്തു.

ദെബോറായുടെയും ജായേലിന്റെയും കഥയുടെ അനുബന്ധമെന്നപോലെ മൂന്നാമതൊരു സ്ത്രീകൂടി ഈ വിവരണത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. സിസേറായുടെ മാതാവ് (ന്യായാ 5,28-30). യുദ്ധം ജയിച്ച് കൊള്ളവസ്തുക്കളുമായി മടങ്ങിവരുന്ന മകന്റെ വരവു കാണാൻ കിളിവാതിലിലൂടെ നോക്കിനില്ക്കുന്ന ആ

അമ്മയുടെ ദിവാസ്വപ്നങ്ങൾ ദെബോറായുടെയും ജായേലിന്റെയും ചെയ്തികളുമായി താരതമ്യം ചെയ്യണം. ഓരോരുത്തരും താന്താങ്ങളുടെ കാഴ്ചപ്പാടിൽ നിന്നാണ് സംഭവങ്ങളെ വിലയിരുത്തുന്നത്. യുദ്ധം എന്നും ക്രൂരമാണ്. അത് അക്രമവും നാശവും വിതയ്ക്കുന്നു; ചോരയും കണ്ണീരും ഒഴുകാൻ കാരണമാകുന്നു. മകൻ ചെന്നിയിൽ കൂടാരക്കുറ്റി തറഞ്ഞ് ചോരപ്പുഴയിൽ മരിച്ചുകിടക്കുന്നതറിയാതെയാണ്, അവൻ ഇസ്രായേൽ കന്യകകളെ തടവുകാരും അവരുടെ വിലപിടിപ്പുള്ള വസ്തുവകകൾ കൊള്ളമുതലുമായി കൊണ്ടുവരുന്നതും സ്വപ്നം കണ്ട് അമ്മ സന്തോഷത്തോടെ കാത്തിരിക്കുന്നത്. ഈ വിവരണങ്ങൾ അവസാനിക്കുന്നത് ഒരു പ്രാർത്ഥനയോടെയാണ്. “കർത്താവേ, നിന്റെ ശത്രുക്കൾ അങ്ങനെ നശിക്കുന്നു. എന്നാൽ, നിന്റെ സ്നേഹിതർ ശക്തിയുള്ള ഉദയ സൂര്യനെപ്പോലെയാകട്ടെ!” (ന്യായാ 5,31). കർത്താവിനോടുള്ള ബന്ധത്തിന്റെ വെളിച്ചത്തിൽ ചരിത്രത്തെ വിശകലനം ചെയ്യുന്ന വി. ഗ്രന്ഥകാരൻ നല്കുന്ന ഈ പാഠം എന്നും പ്രസക്തമാണ്. ജയാപജയങ്ങളും അനുഗ്രഹശാപങ്ങളും അനശ്വരമായ നിത്യജീവിതത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തണം എന്നുമാത്രം.

# 25

## അവിവേകത്തിന്റെ ബലിയാട് –ജെഫ്തായുടെ മകൾ

ന്യായാധിപന്മാരുടെ പുസ്തകത്തിൽ പരാമർശവിഷയമാകുന്ന മറ്റൊരു പ്രധാന കഥാപാത്രമാണ് ജെഫ്തായുടെ മകൾ. പിതാവു ചെയ്ത നേർച്ച നിറവേറ്റാൻ വേണ്ടി ബലി കഴിക്കപ്പെട്ട ആ പെൺകുട്ടി സ്ത്രീകൾ നേരിടുന്ന അവഗണനയുടെയും പീഡനത്തിന്റെയും ഉദാഹരണവും മനുഷ്യമനഃസാക്ഷിയെ എന്നും വെല്ലുവിളിക്കുന്ന ഒരു ചോദ്യചിഹ്നവുമായി നിലകൊള്ളുന്നു. ന്യായാ 10,6–12,7 ൽ ഈ വിവരണം കാണാം.

അമ്മോന്യരുടെ ആക്രമണത്തിൽനിന്ന് രക്ഷനേടാൻ വേണ്ടിയാണ് ഗിലയാദുകാർ ജെഫ്തായെ നേതാവായി സ്വീകരിച്ചത്. യുദ്ധം ജയിക്കാൻ കർത്താവിന്റെ സഹായം ഉറപ്പുവരുത്തുന്നതിനുവേണ്ടി ജെഫ്താ ഒരു നേർച്ച നേർന്നു. യുദ്ധം ജയിച്ചു വീട്ടിലേക്ക് മടങ്ങിവരുമ്പോൾ തന്റെ മുമ്പിലേക്ക് ആദ്യം കടന്നുവരുന്നത് ആരായാലും അയാളെ കർത്താവിനു നല്കും എന്നായിരുന്നു നേർച്ച.

യുദ്ധം ജയിച്ചു മടങ്ങിവന്ന പിതാവിനെ സ്വീകരിക്കാനായി ജെഫ്തായുടെ ഏകമകൾ സന്തോഷത്തോടെ തപ്പുകൊട്ടി നൃത്തച്ചുവടുകൾ വച്ച് വീട്ടിൽനിന്ന് ഇറങ്ങി വന്നു, ചെങ്കടൽ കടന്നപ്പോൾ മിരിയാംപോലെ (പുറ 15,20). തികച്ചും അപ്രതീക്ഷിതമായ ഈ സംഭവത്തിൽ ദുഃഖാർത്തനായ പിതാവ് തന്റെ നേർച്ചയെക്കുറിച്ച് മകളോടു പറഞ്ഞു. യാതൊരു സങ്കോചവും കൂടാതെ നേർച്ച നിറവേറ്റാൻ മകൾ പിതാവിനെ പ്രോത്സാഹിപ്പിച്ചു. ഒരപേക്ഷ മാത്രമേ അവൾക്കുള്ളൂ, ബലിയർപ്പണത്തിനുമുമ്പ് രണ്ടുമാസം വനത്തിൽ പോയി വിലപിക്കാൻ അനുവാദം.

വിലാപം കഴിഞ്ഞു മടങ്ങിവന്ന മകളെ നേർച്ചയനുസരിച്ച് ജെഫ്താ കർത്താവിനു സമർപ്പിച്ചു.

ഭീകരമായ ഒരു നരബലിയുടെ ഈ വിവരണം അനേകം ചോദ്യങ്ങൾ ഉയർത്തിവിടുന്നുണ്ട്. കർത്താവ് നരബലി ആവശ്യപ്പെടുമോ? എങ്കിൽ അവിടുന്ന് എങ്ങനെ ദൈവമാകും? ജെഫ്തായോട് ആരാണ് നരബലി ആവശ്യപ്പെട്ടത്? അപ്രകാരം ഒരു നേർച്ച നേരാനും നിറവേറ്റാനും അയാൾക്ക് ബാധ്യതയും അവകാശവും ഉണ്ടായിരുന്നോ? ഈ ചോദ്യങ്ങൾക്ക് ഉത്തരം തേടുന്നതോടൊപ്പം ജെഫ്തായുടെയും മകളുടെയും സ്വഭാവസവിശേഷതകളും അവയിലൂടെ ബൈബിൾ അവതരിപ്പിക്കുന്ന സന്ദേശവും കണ്ടെത്താൻ ശ്രമിക്കുകയും വേണം.

യുദ്ധം അനിവാര്യമായിത്തീർന്ന സാഹചര്യത്തിൽ "കർത്താവിന്റെ ആത്മാവ് ജെഫ്തായുടെമേൽ ആവസിച്ചു" (ന്യായാ 11, 29) എന്ന് ബൈബിൾ എടുത്തുപറയുന്നുണ്ട്. തന്നിൽ ആവസിച്ച ദൈവാത്മാവിന്റെ ശക്തിയിൽ ആശ്രയിച്ച് യുദ്ധത്തിനു പുറപ്പെട്ടാൽ മതിയായിരുന്നു. എന്നാൽ, അതിനു പകരം ഒരു നേർച്ച നേർന്നുകൊണ്ട് ജെഫ്താ ദൈവസഹായം ഉറപ്പുവരുത്താൻ ശ്രമിക്കുകയാണ്. ഇവിടെ വിശ്വാസത്തിനും വിധേയത്വത്തിനും പകരം തനതായ മാർഗങ്ങളിലൂടെ ദൈവത്തെ തനിക്കനുകൂലമായി പ്രവർത്തിക്കാൻ പ്രേരിപ്പിക്കാം എന്ന് ജെഫ്താ കരുതുന്നു.

അയാൾ നേർന്ന നേർച്ച ഒരിക്കലും ചെയ്യാൻ പാടില്ലാത്തതായിരുന്നു. നരബലി പാടില്ല എന്ന് അബ്രാഹത്തിന്റെ കാലം മുതൽ ഇസ്രായേൽജനത്തെ പഠിപ്പിച്ചിട്ടുള്ളതാണ്. ഇസഹാക്കിനെ ബലികഴിക്കാൻ ഒരുങ്ങിയ അബ്രാഹത്തെ ദൈവദൂതൻ തടയുകയും പകരം മുട്ടാടിനെ നല്കുകയും ചെയ്തതിലൂടെ ഇതു വ്യക്തമാകുന്നു (ഉൽപ്പ 22, 12-18). ബലിയല്ല, വിശ്വാസവും അനുസരണവുമാണ് ദൈവം ആവശ്യപ്പെടുന്നത് എന്ന് ജെഫ്താ മനസ്സിലാക്കിയില്ല. മറിച്ച്, കാനാനിൽ വസിച്ചിരുന്ന മറ്റു ജനതകളെപ്പോലെ, നരബലിയിലൂടെ കർത്താവിന്റെ സഹായം ഉറപ്പുവരുത്താൻ കഴിയും എന്ന് അയാൾ കരുതി.

വീട്ടിൽനിന്ന് ആദ്യമേ തന്റെ മുമ്പിലേക്കു വന്നത് ഏകമകൾ ആണ് എന്ന വസ്തുത അയാളെ ധർമ്മസങ്കടത്തിലാഴ്ത്തി. അപ്പോഴും ബലികഴിക്കപ്പെടാൻ പോകുന്ന വ്യക്തിയുടെ ദുരന്തവും ദുഃഖവുമല്ല, തന്റെതന്നെ നഷ്ടമാണ് ജെഫ്തായുടെ

വിലാപവിഷയം: "മകളേ, നീ എന്നെ ദുഃഖത്തിലാഴ്ത്തിയല്ലോ. നീ എന്നെ വല്ലാത്ത വിഷമത്തിലാക്കിയിരിക്കുന്നു" (ന്യായാ 11:35). വേറെ മകനോ മകളോ അയാൾക്കില്ലായിരുന്നു എന്നതാണ് ദുഃഖത്തിന്റെ മുഖ്യകാരണം എന്ന ധ്വനിയാണ് വിവരണത്തിൽ നിന്ന് ലഭിക്കുക.

തനിക്ക് ചെയ്യാൻ അവകാശവും അധികാരവും ഇല്ലാത്ത ഒരു പ്രവൃത്തി ചെയ്യാം എന്ന് കർത്താവിനു വാക്കുകൊടുത്തതു തന്നെ തെറ്റായി; അത് നിറവേറ്റിയതു കൂടുതൽ ഗൗരവമായ തെറ്റും. എന്നാൽ, കർത്താവിനു നല്കിയ വാക്ക് പാലിച്ചേ മതിയാകു എന്ന് കരുതിയ ജെഫ്താ വഴിപിഴച്ച ഒരു മതാത്മകതയുടെ ഉദാഹരണമാണ്. അയാളുടെ മകളാകട്ടെ, മതഭ്രാന്തിന്റെ ബലിയാടും. എന്നാൽ, പിതാവിനെക്കാൾ പതിന്മടങ്ങ് മെച്ചപ്പെട്ട ഒരു വ്യക്തിത്വത്തിന്റെ ഉടമയായിട്ടാണ് മകൾ പ്രത്യക്ഷപ്പെടുന്നത്.

പിതാവിന്റെ നേർച്ചയുടെ സാധുതയോ പ്രവൃത്തിയുടെ ധാർമ്മികതയോ അവൾ ചോദ്യം ചെയ്യുന്നില്ല. ബലിയർപ്പണം ഒരു കടമയായി പിതാവു കരുതുന്നതിനാൽ അതു നിറവേറ്റാൻ അവൾ സർവാത്മനാ സഹകരിക്കുന്നു; മാത്രമല്ല, പകച്ചു നിൽക്കുന്ന പിതാവിനെ അതിനായി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. വനത്തിൽ പോയി വിലപിക്കാൻ അനുവാദം ചോദിക്കുന്നത് ശ്രദ്ധേയമാണ്. "എന്റെ കന്യാത്വത്തെ പ്രതി വിലപിക്കാൻ" എന്നാണ് അവൾ പറയുന്നത് (ന്യായാ 11: 37). പുനരുത്ഥാനത്തെയും നിത്യജീവിതത്തെയുംകുറിച്ച് അറിവില്ലാതിരുന്ന ആ കാലഘട്ടത്തിൽ ഓരോരുത്തരും മക്കളിലൂടെ തുടർന്ന് ജീവിക്കുന്നു എന്ന് വിശ്വസിച്ചിരുന്നു. തന്റെ ഓർമയും ജീവനും നിലനിർത്താനായി ആരെയും അവശേഷിപ്പിക്കാതെ കടന്നുപോകേണ്ടിവരുന്നതാണ് അവളുടെ വിലാപത്തിന്റെ വിഷയം. മക്കളില്ലെങ്കിലും, അവളുടെ ഓർമ ഇസ്രായേൽ മലകളിലും വനാന്തരങ്ങളിലും മാറ്റൊലി കൊള്ളുന്നു എന്ന് ആണ്ടുതോറുമുള്ള വിലാപം (ന്യായാ 11:40) സൂചിപ്പിക്കുന്നു.

മനസ്സിലാക്കാനും അംഗീകരിക്കാനും ഏറെ വിഷമമുള്ള ഒരു കഥയാണ് ഈ പെൺകുട്ടിയുടേത്. അവൾക്ക് പേരില്ല; സ്വന്തമായി ഒരു തീരുമാനമില്ല, ജീവിക്കാൻ പോലും അവകാശവുമില്ല. എല്ലാം അവളുടെ പിതാവുമായി ബന്ധപ്പെട്ടിരിക്കുന്നു. ആ പിതാ

വാകട്ടെ, ഏതോ ഒരു മതവിഭ്രാന്തിയിൽപ്പെട്ട് അവളെ കഴുത്തറുത്ത് ചുട്ടുചാമ്പലാക്കാൻ വ്രതം ചെയ്തു കഴിഞ്ഞു. ഇത് അംഗീകരിക്കാൻ കഴിയാത്തതിനാൽ യഹൂദ മതപണ്ഡിതന്മാർ പല വിശദീകരണങ്ങൾ നല്കാൻ ശ്രമിച്ചിട്ടുണ്ട്. ആദ്യമേ ചെയ്തത് പെൺകുട്ടിക്ക് ഒരു പേരു നല്കുകയാണ്. 'ഷൈല' എന്ന് അവളെ വിളിച്ചു. 'നിർബന്ധിത' എന്നാണ് പേരിനർത്ഥം. പിതാവു ചെയ്ത നേർച്ചയാൽ അവൾ നിർബന്ധിക്കപ്പെട്ടു എന്ന് സൂചന. ജെഫ്താ ഇപ്രകാരം ഒരു നേർച്ച നേരരുതായിരുന്നെന്നും അഥവാ അറിവില്ലായ്മയും അമിത തീക്ഷ്ണതയും മൂലം നേർന്നാലും അത് നിറവേറ്റാൻ കടമയോ അവകാശമോ ഇല്ലായിരുന്നു എന്നും റബ്ബിമാർ വാദിച്ചു.

ബൈബിളിനെ ദൈവവചനമായി സ്വീകരിക്കുന്ന ക്രിസ്ത്യാനികൾക്കും ഈ പെൺകുട്ടി ചോദ്യചിഹ്നമാണ്. ജെഫ്താ നേർന്ന നേർച്ചയുടെ സാധുതയിലാണ് പ്രൊട്ടസ്റ്റന്റ് വ്യാഖ്യാതാക്കൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. റബ്ബിമാരുടെ തീരുമാനം ഇവിടെ ആവർത്തിക്കപ്പെടുന്നു. പെൺകുട്ടിയുടെ മനോഭാവത്തിലും ആത്മസമർപ്പണത്തിലുമാണ് കത്തോലിക്കാ പാരമ്പര്യം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അവളെ ദേവാലയ ശുശ്രൂഷയ്ക്കായി സമർപ്പിച്ചതേയുള്ളൂ എന്ന് ചില പുരാതന വ്യാഖ്യാതാക്കൾ വാദിച്ചു. യേശുവിന്റെ ബലിയുടെ ഒരു മുന്നോടിയായി അവളുടെ ബലി വ്യാഖ്യാനിച്ചവരും ഉണ്ട്.

എന്തു വ്യാഖ്യാനം നല്കിയാലും മനുഷ്യമനഃസാക്ഷിയെ കുത്തി മുറിപ്പെടുത്തിക്കൊണ്ട് ജെഫ്തായുടെ മകളും അവളുടെ വിലാപവും ചരിത്രത്തിന്റെ ഇടനാഴികകളിൽ മുഴങ്ങിക്കൊണ്ടേയിരിക്കും. പാരമ്പര്യം അവൾക്കു പേരുകൊടുത്തു. പക്ഷേ, അവിടെയും വ്യക്തിത്വം നിഷേധിക്കപ്പെട്ടു. ഇസഹാക്കിനുമീതെ കത്തി ഉയർന്നപ്പോൾ ദൈവദൂതൻ തടഞ്ഞു-പകരം ആടിനെ കൊടുത്തു. എന്നാൽ, അവൾക്ക് ദൂതനുമില്ല, പകരംവയ്ക്കാൻ ആടുമില്ല. എന്നാലും വിധിയെ പഴിക്കാതെ, പിതാവിനെ ശപിക്കാതെ, അവൾ സ്വയം ബലിയായി. അതിലൂടെ വിധിയെയും മരണത്തെയും അതിജീവിച്ച് അവൾ ഇന്നും പ്രശോഭിക്കുന്നു, വിവേകമറ്റ മതഭ്രാന്തിനും നിഷ്കരുണമായ പുരുഷമേധാവിത്വത്തിനും എതിരെ ഒരു വെല്ലുവിളിയായി.

ബലിയർപ്പിക്കപ്പെട്ട മകളുടെ കഥപറഞ്ഞു നിർത്തുന്നതി

നുമുമ്പേ അവളുടെ പിതാവിനെക്കുറിച്ച് ഒരു വാക്കുകൂടി പറയാനുണ്ട്. നേതൃത്വം തലയിൽ വച്ചുകൊടുക്കുന്നതിനുമുമ്പേ സ്വന്തം കുടുംബവും സമൂഹവും അയാളെ പുറന്തള്ളിയതായിരുന്നു. 'വേശ്യാപുത്രൻ' എന്ന നിന്ദനവും പേറി സമൂഹത്തിന്റെ പുറമ്പോക്കിൽ വളർന്നവനാണ് ജെഫ്താ (ന്യായാ 11:1–3). അവഗണനയും അവഹേളനവും മാത്രം അനുഭവിച്ചു ശീലിച്ച അയാൾ നീചസംഘത്തിൽ ചേർന്ന്, കർത്താവിനെ അറിയാതെ വളർന്നു. സ്വന്തം പിതാവും സഹോദരങ്ങളും വെറുത്തു പുറന്തള്ളിയ അയാളുടെ അമ്മയെക്കുറിച്ച് 'വേശ്യ' എന്ന ഒറ്റ വാക്കേ പറയുന്നുള്ളൂ. ഈ സാഹചര്യത്തിൽ തനിക്കു യുക്തമെന്ന് തോന്നിയത് അയാൾ ചെയ്തു; ലഭിക്കുന്ന അനുഗ്രഹത്തിന് നന്ദി രേഖപ്പെടുത്താൻ തീരുമാനിച്ചു. വലിയ ദുഃഖത്തോടെയാണെങ്കിലും നേർച്ച നിറവേറ്റുകയും ചെയ്തു.

ജെഫ്‌തായെ ക്രിസ്തീയ ധാർമികതയുടെയും സ്ത്രീവിമോചനത്തിന്റെയും കോടതിയിൽ കയറ്റി വിചാരണ ചെയ്ത് ശിക്ഷ വിധിക്കുന്നതിനുമുമ്പേ മേൽപറഞ്ഞ സാഹചര്യങ്ങളും കണക്കിലെടുക്കണം. "ഓരോരുത്തരും തനിക്കു യുക്തമെന്ന് തോന്നിയതു ചെയ്തിരുന്നു" (ന്യായാ 21:25) എന്ന ന്യായാധിപ ഗ്രന്ഥത്തിന്റെ അവസാന വാക്യം ഇവിടെയും പ്രസക്തമാണ്. തന്റെ ഏകജാതനെ നല്കാൻ മാത്രം ലോകത്തെ അത്രയേറെ സ്നേഹിച്ച (യോഹ 3:16) ദൈവത്തിന്റെ യഥാർത്ഥ ചിത്രം അനാവരണം ചെയ്യപ്പെട്ട രക്ഷാചരിത്രത്തിന്റെ വഴിയിലെ ഒരു നാഴികക്കല്ലാണ് ജെഫ്‌തായുടെ മകളും. ചരിത്രത്തിന്റെ ഒരു അനിവാര്യതയും അതേ സമയം അവശ്യം പിന്തള്ളേണ്ട ഒരു മനോഭാവവും ഈ വിവരണങ്ങളിൽ പ്രതിഫലിക്കുന്നു.

# 26

## കരുത്തന്റെ അമ്മ
## –മനോവായുടെ ഭാര്യ

**ന്യാ**യാധിപന്മാരുടെ പുസ്തകത്തിൽ പ്രതിപാദിക്കപ്പെടുന്ന മറ്റൊരു സ്ത്രീ കഥാപാത്രമാണ് ഇവിടെ പഠനവിഷയം. ബൈബിളിലെ മറ്റു പല സ്ത്രീകളെയുംപോലെ അവൾക്കും പേരില്ല. മനോവായുടെ ഭാര്യ എന്നാണ് അവൾ അറിയപ്പെടുന്നത്. ഇരുപതുവർഷം ഇസ്രായേലിൽ ന്യായപാലനം നടത്തുകയും (ന്യായാ 16,31) ഇസ്രായേൽ ജനത്തെ ഫിലിസ്ത്യരുടെ കൈകളിൽ നിന്ന് മോചിപ്പിക്കാൻ തുടങ്ങുകയും (ന്യായാ 13, 5) ചെയ്ത കരുത്തനായ സാംസന്റെ അമ്മയാവുക എന്ന ദൗത്യമാണ് അവൾക്ക് ഏല്പിക്കപ്പെട്ടത്. സ്വന്തമായി ഒരു പേരില്ലെങ്കിലും ശക്തമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയാണവൾ. സ്ത്രീത്വത്തെയും പ്രത്യേകിച്ച്, മാതൃത്വത്തെയും സംബന്ധിച്ച വിലപ്പെട്ട ഉൾക്കാഴ്ചകൾ അവളുടെ ജീവിതത്തിൽനിന്നു ലഭിക്കുന്നു. മകനോടും ഭർത്താവിനോടും ബന്ധപ്പെടുത്തിയാണ് വിവരണങ്ങൾ നല്കിയിരിക്കുന്നത്. ന്യായാ 13–14 അധ്യായങ്ങളിൽ ഈ വിവരണങ്ങൾ കാണാം.

ഇസ്രായേൽ ജനം കർത്താവിനോടുള്ള അവിശ്വസ്തത മൂലം നാല്പതുവർഷത്തേക്ക് ഫിലിസ്ത്യരുടെ പീഡനത്തിന് ഇരയായി എന്ന ആമുഖത്തോടെ വിവരണം ആരംഭിക്കുന്നു: "സോറായിൽ ദാൻ ഗോത്രക്കാരനായ മനോവ എന്നൊരാൾ ഉണ്ടായിരുന്നു. അവന്റെ ഭാര്യ വന്ധ്യയായിരുന്നു. അവർക്കു മക്കളില്ലായിരുന്നു" (ന്യായാ 13,2). ജറുസലേമിൽനിന്ന് ഏകദേശം 25 കി. മീ പടിഞ്ഞാറ് ഫിലിസ്ത്യരുടെ അതിർത്തിയിലാണ് സോറാ. പഠനവിഷയമായ കഥാപാത്രത്തിന് രണ്ടു വിശേഷണങ്ങൾ നല്കിയിരിക്കുന്നു. അവൾ ദാൻഗോത്രജനായ മനോവായുടെ

ഭാര്യയാണ്; വന്ധ്യയുമാണ്. മക്കളില്ലാത്തതിന്റെ കാരണം അവളുടെ വന്ധ്യത്വമത്രേ. മക്കളിലൂടെ തലമുറകളുടെ പിൻതുടർച്ചയും വാഗ്ദത്തഭൂമിയിലുള്ള അവകാശവും ഉറപ്പിച്ചിരുന്ന സമൂഹത്തിൽ വന്ധ്യത്വം ഒരു ശാപമായി പരിഗണിക്കപ്പെട്ടിരുന്നു. എന്നാൽ, വലിയൊരു അനുഗ്രഹത്തിന്റെ തുടക്കമായി വന്ധ്യത്വത്തെ കാണുന്ന അനേകം ബൈബിൾ വിവരണങ്ങളുണ്ട്. സാറായും റബേക്കായും ഹന്നായും എലിസബത്തും ഉദാഹരണങ്ങളാണല്ലോ. വലിയ പ്രാധാന്യമുള്ള ഒരു നേതാവിന്റെ ജനനത്തെക്കുറിച്ച് മുൻകൂട്ടി അറിയിക്കുന്ന രീതിയിലാണ് വിവരണം തുടരുന്നത്.

ദൈവം തന്റെ ദൂതനിലൂടെ കഥാനായികയെ ഒരു പ്രത്യേക ദൗത്യം ഏല്പിക്കുകയും അതിന്റെ പൂർത്തീകരണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നു. "നീ വന്ധ്യയാണ്, നിനക്കു മക്കളില്ല. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും" (ന്യായാ 13,3). ഇതാണ് കർത്താവിന്റെ ദൂതൻ അറിയിക്കുന്ന സന്ദേശം. വന്ധ്യത്വം അവസാനിച്ച് ഒരു പുത്രന്റെ അമ്മയാവുക എന്ന സദ്വാർത്ത തീർച്ചയായും അവൾക്കു സന്തോഷം നല്കും. ജനിക്കാൻ പോകുന്ന ശിശുവിന്റെ പ്രത്യേക ദൗത്യവും അമ്മയെ മുൻകൂട്ടി അറിയിക്കുന്നു: "അവൻ ജനനം മുതൽ ദൈവത്തിന് നാസീർവ്രതക്കാരനായിരിക്കും. അവൻ ഫിലിസ്ത്യരുടെ കൈയിൽനിന്ന് ഇസ്രായേലിനെ വിടുവിക്കാൻ ആരംഭിക്കും" (ന്യായാ 3,5). വിമോചനത്തിനു തുടക്കം കുറിക്കാൻപോകുന്ന ഈ മകൻ ആരംഭം മുതലേ വിശുദ്ധമായ ഒരു ജീവിതം നയിക്കണം.

കർത്താവിന് സ്വയം പ്രതിഷ്ഠിക്കുന്നതാണ് നാസീർ വ്രതം. സംഖ്യ 6, 1-21 ൽ നാസീർ വ്രതത്തെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഒരു നിശ്ചിത കാലയളവിലേക്കാണ് പൊതുവേ ഒരാൾ നാസീർവ്രതം എടുക്കുക. എന്നാൽ, ഇവിടെ ആയുഷ്ക്കാലം മുഴുവൻ നീണ്ടുനില്ക്കുന്ന ഒരു വ്രതമാണ് ജനിക്കാൻ പോകുന്ന ശിശുവിൽനിന്ന് പ്രതീക്ഷിക്കുന്നത്. തങ്ങളെ അടക്കി ഭരിക്കുന്ന ഫിലിസ്ത്യരിൽനിന്ന് ഇസ്രായേൽജനത്തെ മോചിപ്പിക്കാൻ പോകുന്നവൻ ജീവിതകാലം മുഴുവൻ വ്രതശുദ്ധി പാലിക്കണം. കാരണം, അവൻ നടത്തുന്നത് കർത്താവിന്റെ യുദ്ധങ്ങളാണ്; യുദ്ധം നയിക്കുന്നതും യോദ്ധാക്കൾക്കു

കരുത്തു പകരുന്നതും വിജയം നല്കുന്നതും കർത്താവത്രേ. ഈ പശ്ചാത്തലത്തിൽ വേണം ശിശുവിന്റെ അമ്മയാകാൻ പോകുന്നവൾ ശ്രദ്ധിക്കേണ്ട നിർദേശങ്ങൾ മനസ്സിലാക്കാൻ.

"അതുകൊണ്ട് നീ ശ്രദ്ധിക്കണം. വീഞ്ഞോ വീര്യമുള്ള പാനീയങ്ങളോ കുടിക്കരുത്. അശുദ്ധമായതൊന്നും ഭക്ഷിക്കുകയുമരുത്" (ന്യായാ 13,4). മാതാവിന്റെ ജീവിതശൈലിയും മനോഭാവങ്ങളും മാനസികാവസ്ഥകളും എപ്രകാരം ഗർഭസ്ഥശിശുവിനെ സ്വാധീനിക്കുന്നുവെന്ന് വളരെ വ്യക്തമായ അറിവുകൾ ഇന്നു ലഭ്യമാണ്. എന്നാൽ, ബി. സി. 12-ാം നൂറ്റാണ്ടിലെ ഈ സംഭവത്തിലൂടെ ഇക്കാര്യങ്ങൾ ദൈവം വെളിപ്പെടുത്തിത്തരുന്നു. നാസീർവ്രതക്കാരനായി ജീവിക്കേണ്ട മകനെ ഗർഭം ധരിക്കുന്ന മാതാവും ആ വ്രതം അനുഷ്ഠിക്കണം; തന്നെത്തന്നെ ശുദ്ധയായി കാത്തുസൂക്ഷിക്കുകയും വേണം. എല്ലാ മാതാക്കൾക്കും എക്കാലവും പ്രസക്തമായൊരു ഉപദേശമാണിത്; അനുകരണീയമായ മാതൃകയുമാണ്.

ശിശു ദൈവത്തിന്റെ ദാനമാണെന്നും ശിശുവിനെ ഉദരത്തിൽ സ്വീകരിച്ച്, സ്വന്തം രക്തവും മജ്ജയും നല്കി വളർത്തുന്ന അമ്മ തന്റെ വികാരവിചാരങ്ങളും ദുഃഖസന്തോഷങ്ങളും, പ്രത്യാശയും നിരാശയും എല്ലാം ഗർഭസ്ഥ ശിശുവിലേക്കും പകരുന്നു എന്നും ഈ തിരുവചനങ്ങൾ പഠിപ്പിക്കുന്നു. കുഞ്ഞുങ്ങളെ സ്വന്തം ശരീരത്തിൽ സ്വീകരിച്ചു വളർത്തുന്ന അമ്മയുടെ വലിയ ഭാഗ്യവും ഭാരിച്ച ഉത്തരവാദിത്വവും വ്യക്തമാക്കുന്ന ഉദാഹരണമാണ് കഥാനായികയും അവൾക്കു ലഭിക്കുന്ന ദൈവിക നിർദേശങ്ങളും.

തനിക്കുണ്ടായ ദർശനം ഭർത്താവുമായി പങ്കുവയ്ക്കുമ്പോൾ (ന്യായാ 13, 6-7) ദർശനത്തിന്റെ അർത്ഥവും ആഴവും അവൾ ഗ്രഹിച്ചില്ല എന്നു വ്യക്തമാകുന്നു. 'ദൈവപുരുഷൻ' എന്ന വിശേഷണം പൊതുവെ പ്രവാചകന്മാരെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നതാണ്. തന്നോടു സംസാരിച്ചത് ആരെന്ന് അവൾക്കറിയില്ല. എന്നാലും ഭീതിദമായ ഒരു അസാധാരണത്വം അവൾക്ക് അനുഭവപ്പെട്ടു: "അവന്റെ മുഖം ദൈവദൂതന്റേതുപോലെ പേടിപ്പെടുത്തുന്നതാണ്" ബുദ്ധികൊണ്ട് ഗ്രഹിക്കാൻ കഴിയാത്ത സത്യങ്ങളിലേക്ക് കടന്നുചെല്ലുന്ന ഹൃദയത്തിന്റെ ഉൾക്കാഴ്ചയാണിത്.

ഭാര്യയുടെ വാക്കുകൾക്ക് കൂടുതൽ തെളിവുകളും വിശദീകരണവും ആവശ്യപ്പെടുന്ന മനോവ തന്റെ വിശ്വാസത്തിന്റെ ദൗർബല്യം പ്രകടമാക്കുന്നു, ദൈവദൂതനോട് അടയാളം ആവശ്യപ്പെട്ട സഖറിയായെപ്പോലെ (ലൂക്ക 1,18). മനോവായുടെ പ്രാർത്ഥന കേട്ട ദൈവം തന്റെ ദൂതനെ വീണ്ടും അയച്ചു; എന്നാൽ, അതും അയാളുടെ ഭാര്യയുടെ അടുത്തേക്കാണ്. ദർശനം ലഭിച്ചവൾ ഉടനെ ഭർത്താവിനെയും കൂട്ടിവന്നു; മനോവ തന്റെ പ്രാർത്ഥന ആവർത്തിച്ചു. പക്ഷേ, പുതുതായ അറിവൊന്നും അയാൾക്കു ലഭിച്ചില്ല (ന്യായാ 13,14). ഇവിടെയും ശ്രദ്ധ മുഴുവൻ അമ്മയാകാൻ പോകുന്നവളിലാണ് കേന്ദ്രീകരിക്കുന്നത്.

വിരുന്നുകാരനായി കരുതിയ അപരിചിതനെ മനോവാ സാമാന്യമര്യാദയനുസരിച്ച് ഭക്ഷണത്തിനു ക്ഷണിച്ചു, അബ്രാഹവും (ഉൽപ്പ 18,3-8) ഗിദയോനും (ന്യായാ 6,17-21) ചെയ്തതുപോലെ. താൻ അർപ്പിച്ച ഭക്ഷണം ബലിവസ്തുവായി സ്വീകരിക്കപ്പെടുകയും അതിനെ ദഹിപ്പിച്ച അഗ്നിയിൽ ദർശനം അപ്രത്യക്ഷമാവുകയും ചെയ്തപ്പോഴാണ് അതു കർത്താവിന്റെ ദൂതനായിരുന്നുവെന്ന് മനോവ ഗ്രഹിക്കുന്നത്. അതോടെ തന്റെ ജീവൻ നഷ്ടപ്പെട്ടേക്കും എന്നു ഭയമായി. ഭാര്യയാണ് സമാധാനിപ്പിക്കുന്നത്: "നമ്മെ കൊല്ലണമെന്ന് ഉദ്ദേശിച്ചിരുന്നെങ്കിൽ, കർത്താവ് നമ്മുടെ കയ്യിൽനിന്ന് ദഹനബലിയും ധാന്യബലിയും സ്വീകരിക്കുകയോ ഇക്കാര്യങ്ങൾ കാണിച്ചുതരുകയോ അറിയിക്കുകയോ ചെയ്യുമായിരുന്നില്ല" (ന്യായാ 13, 23).

യഥാർത്ഥമായ വിശ്വാസത്തിന്റെയും വിവേകപൂർണമായ ഭക്തിയുടെയും മാതൃകയാണവൾ. തനിക്കു പ്രത്യക്ഷപ്പെട്ട അപരിചിതനിൽ ദൈവികസാന്നിദ്ധ്യം അവൾ തിരിച്ചറിഞ്ഞു. ദൈവദൂതനുമായി സംഭാഷണത്തിൽ ഏർപ്പെടാൻ ധൈര്യപ്പെട്ടു. പേരു ചോദിക്കാനും മടിച്ചില്ല. ദൈവിക സാന്നിദ്ധ്യത്തെക്കുറിച്ച് അവബോധമുണ്ടായപ്പോൾ ഭയപ്പെടാതെ വിവേകപൂർവ്വം, യുക്തിബദ്ധമായി ചിന്തിച്ച് നിഗമനങ്ങളിൽ എത്താൻ അവൾക്കു കഴിഞ്ഞു. ഇക്കാര്യങ്ങളിലെല്ലാം ഭർത്താവിലും മകനിലും നിന്ന് അവൾ തികച്ചും വേറിട്ടു നില്ക്കുന്നു.

ഗർഭസ്ഥശിശുവിനുവേണ്ടി വ്രതം അനുഷ്ഠിച്ച അമ്മ, ഭയചകിതനായ ഭർത്താവിന് വിവേകപൂർണമായ വിചിന്തനവും

ഉപദേശവുംവഴി ധൈര്യം പകരുന്ന ഭാര്യ, തനിക്കു ലഭിച്ച ദർശനങ്ങളും വിളിയും ഉൾക്കാഴ്ചയും എല്ലാം വിശ്വസ്തതയോടെ ഭർത്താവുമായി പങ്കുവയ്ക്കുന്ന ജീവിതപങ്കാളി എന്നീ തലങ്ങളിലെല്ലാം തികച്ചുംആദരണീയവും അനുകരണാർഹവുമായ മാതൃകയാണ് മനോവായുടെ ഭാര്യ. ജനിക്കാൻ പോകുന്ന ശിശുവിനുവേണ്ടി തന്നെത്തന്നെ ശുദ്ധമായി കാത്തുസൂക്ഷിക്കുകമാത്രമല്ല അവൾ ചെയ്തത്. പ്രായമായ മകന്റെ വഴിതെറ്റിയ ജീവിതരീതിയിൽ അയാളെ തിരുത്താൻ ശ്രമിക്കുകയും ചെയ്തു(ന്യായാ 14, 3). അതുകൊണ്ട് ഫലമുണ്ടായില്ല എന്നത് സാംസൺ എന്ന ദുരന്ത കഥാപാത്രത്തിന്റെ ജീവിതത്തിലെ ഉത്തരം കിട്ടാത്ത ചോദ്യങ്ങളിൽ ഒന്നായി അവശേഷിക്കുന്നു.

മക്കളെ ദൈവവിശ്വാസത്തിലൂടെ നേർവഴിക്കു നടത്താൻ കഴിയുന്നത്ര ശ്രമിച്ചിട്ടും പരാജയപ്പെടുകയും അവരുടെ ദുർന്നടപ്പിലും ദുരന്തങ്ങളിലും വിലപിക്കുകയും ചെയ്യുന്ന മാതാപിതാക്കൾക്ക് ഒരു മുന്നോടിയും മാതൃകയുമായി അവൾ നിലകൊള്ളുന്നു. ഏല്പിച്ചിരിക്കുന്ന ദൗത്യം വിശ്വസ്തതയോടെ നിറവേറ്റുക; മക്കൾ സ്വന്തമായ വ്യക്തിത്വത്തിന്റെ ഉടമകളാണ്. അവരെ ഒരു പരിധിയിൽ കൂടുതൽ സ്വാധീനിക്കാനോ നിയന്ത്രിക്കാനോ മാതാപിതാക്കൾക്കു കഴിയില്ല എന്നും മനോവാ ദമ്പതികളുടെ അനുഭവം പഠിപ്പിക്കുന്നു.

# 27

## കരുത്തനെ വീഴ്ത്തിയ കാമിനി

## –ദലീലാ

**ക**ഴുതയുടെ താടിയെല്ലുകൊണ്ട് ആയിരം ഫിലിസ്ത്യരെ അടിച്ചുവീഴ്ത്തുകയും ഗാസാ നഗരത്തിന്റെ കോട്ടവാതിൽ പറിച്ചെടുത്ത് ചുമന്നു കൊണ്ടുപോവുകയും ചെയ്ത കരുത്തനായ സാംസനെ വീഴ്ത്തിയ സ്ത്രീയാണ് ദലീല. അതിശക്തനായ ഒരു ദൈവദാസന്റെ ദാരുണമായ പതനത്തിന് കാരണക്കാരിയായ പ്രലോഭികയായി ദലീലാ അറിയപ്പെടുന്നു. ന്യായാ 16,4–22 ൽ അവളെക്കുറിച്ചുള്ള വിവരണം കാണാം.

ഫിലിസ്ത്യരിൽനിന്ന് ഇസ്രായേൽ ജനത്തിനു മോചനം നല്കാൻ ദൈവം പ്രത്യേകം ഒരുക്കിയ വ്യക്തിയായിരുന്നു സാംസൺ. ജനനം മുതലേ നാസീർവ്രതക്കാരനായി, കർത്താവിന്റെ ശുശ്രൂഷയ്ക്കുവേണ്ടി വിളിക്കപ്പെട്ട അയാളുടെ ജീവിതം ഉന്നതമായ വിളിക്ക് അനുയോജ്യമായിരുന്നില്ല. സ്ത്രീകളുമായി ബന്ധപ്പെടുത്തിയാണ് ബൈബിൾ സാംസന്റെ ജീവിതത്തെ വിവരിക്കുന്നത്. വിശുദ്ധമായ ജീവിതചര്യയിലൂടെ സ്വയം ഒരുങ്ങിയ ഒരു സ്ത്രീയാണ് സാംസന്റെ മാതാവ്. എന്നാൽ, പ്രായമായപ്പോൾ അയാൾ ബന്ധപ്പെട്ട സ്ത്രീകൾ അത്രതന്നെ ജീവിതവിശുദ്ധിയുള്ളവരോ ദൈവശുശ്രൂഷയ്ക്കു സഹായിക്കുന്നവരോ ആയിരുന്നില്ല. എന്നാലും തങ്ങളുടേതായ രീതിയിൽ അവരും സാംസനെ ദൗത്യനിർവ്വഹണത്തിനു സഹായിച്ചു.

തിമ്നായിൽവച്ചു കണ്ടുമുട്ടിയ ഫിലിസ്ത്യ യുവതിയാണ് സാംസന്റെ ജീവിതത്തിലേക്കു കടന്നുവന്ന ആദ്യ സ്ത്രീ. അവളുമായുള്ള വിവാഹം ഫിലിസ്ത്യരുടെ പരാജയത്തിലേക്കു നയിച്ച സംഭവപരമ്പര കൾക്കു തുടക്കം കുറിച്ചു (ന്യായാ 14–15). നാട്ടുകാരുടെ ഭീഷണിയെ ഭയന്നും നിർബന്ധത്തിനു വഴങ്ങിയും

അവൾ സാംസണിൽനിന്ന് കടങ്കഥയുടെ രഹസ്യം ചോർത്തിക്കൊടുത്തു. അത് സാംസന്റെ രോഷത്തിനും അവസാനം അവളുടെയും പിതാവിന്റെയും മരണത്തിനും കാരണമായി. പുരുഷന്മാരുടെ വിനോദങ്ങൾക്ക് ബലിയാടായിത്തീർന്ന ഒരു നിഷ്കളങ്കയാണ് സാംസന്റെ ഭാര്യയായ തിമ്നാക്കാരി.

ഗാസായിലെ സ്വൈരിണിയാണ് രണ്ടാമത്തെ സ്ത്രീ (ന്യായാ 16,1-3). അവളുമായുള്ളസാംസന്റെ ബന്ധം സ്നേഹത്തിന്റേതല്ല; വിവാഹ ത്തിലേക്കു നയിക്കുന്നുമില്ല. ഭാര്യ നഷ്ടപ്പെട്ട സാംസൺ തത്ക്കാലാ ശ്വാസത്തിനായി സന്ദർശിച്ചിരുന്ന ഒരു വേശ്യയാണ് അവൾ. കോട്ടവാതിൽ പിഴുതെടുത്തു കൊണ്ടുപോകാൻ മാത്രം കരുത്തനായിരുന്നു സാംസൺ എന്ന അറിവു മാത്രമേ ഈ വിവരണത്തിൽനിന്ന് ലഭിക്കുന്നുള്ളൂ; ഒപ്പം സ്ത്രീ വിഷയത്തിലുള്ള അയാളുടെ ബലഹീനതയും.

ഇവരിൽനിന്നൊക്കെ വ്യത്യസ്തയാണ് മൂന്നാമത്തേതും അവസാനത്തേതുമായ സ്ത്രീ. 'ഭക്ത', 'ആരാധിക' എന്നു വിവർത്തനം ചെയ്യാവുന്നതാണ് ദലീലാ എന്ന അവളുടെ പേര്. ആരോടായിരുന്നു അവൾക്ക് ഭക്തി, ആരെയാണ് അവൾ ആരാധിച്ചത് എന്നൊന്നും ബൈബിൾ പറയുന്നില്ല. എന്നാൽ, മനുഷ്യസ്വഭാവത്തിന്റെ ചില നിഗൂഢമാനങ്ങളിലേക്കു വെളിച്ചം വീശുന്നതാണ് അവളെക്കുറിച്ചുള്ള വിവരണം. "സോറെക് താഴ്വരയിലുള്ള ദലീലാ എന്ന സ്ത്രീയെ അവൻ സ്നേഹിച്ചു" (ന്യായാ 16,4) എന്ന ആമുഖ വാക്യത്തോടെയാണ് ദലീലയെക്കുറിച്ചുള്ള വിവരണം ആരംഭിക്കുന്നത്. 'വിശിഷ്ട മുന്തിരി' എന്നാണ് 'സോറെക്ക്' എന്ന വാക്കിന്റെ അർത്ഥം. ലഹരിയുടെ താഴ്വരയിൽ വസിക്കുന്ന ഭക്തയെ ആണ് സാംസൺ പ്രേമിക്കുന്നത് എന്ന ആമുഖവാക്യംതന്നെ ആ പ്രേമബന്ധത്തിന്റെ ദുരന്തത്തിലേക്കുള്ള ഒരു സൂചനയായി കാണാം.

ദലീലായെക്കുറിച്ച് മറ്റൊന്നുകൂടി വിശുദ്ധ ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നുണ്ട്. തന്നെ ഗാഢമായി സ്നേഹിക്കുന്ന വ്യക്തിയെ പണത്തിനുവേണ്ടി ചതിക്കാനും ഒറ്റിക്കൊടുക്കാനും മടിക്കാത്തവളാണ് അവൾ. സാംസന്റെ അസാധാരണമായ ശക്തിയുടെ ഉറവിടം എന്തെന്നും എങ്ങനെ അയാളെ കീഴ്പ്പെടുത്താൻ കഴിയുമെന്നും കണ്ടെത്താൻവേണ്ടി ഫിലിസ്ത്യ പ്രഭുക്കന്മാർ അവൾക്കു വലിയ തുക വാഗ്ദാനം ചെയ്യുന്നു (ന്യായാ 16,5). അഞ്ചുപ്രഭുക്കന്മാർ (ന്യായാ 3,3) ഓരോരുത്തരും ആയി

രത്തിഒരുനൂറു വെള്ളിനാണയമാണ് വാഗ്ദാനം ചെയ്യുന്നത്. യേശുവിനെ ഒറ്റിക്കൊടുത്ത യൂദാസിനു കിട്ടിയത് വെറും മുപ്പത് വെള്ളി നാണയമാണെന്ന് ഓർക്കുമ്പോൾ ദലീലായ്ക്കു ലഭിക്കുന്ന വാഗ്ദാനത്തിന്റെ വലിപ്പം ഊഹിക്കാനാവും. തങ്ങളുടെ ലക്ഷ്യം ഫിലിസ്ത്യർ മറച്ചുവയ്ക്കുന്നില്ല. സാംസനെ ബന്ധിച്ചു കീഴടക്കാൻവേണ്ടിയാണ് ഇത്രയും വലിയ തുക അവർ വച്ചു നീട്ടുന്നത്. രാഷ്ട്രീയശക്തികൾ ഇന്നും നടത്തുന്ന ചാരപ്പണിയുടെ പുരാതനമായൊരു പതിപ്പ് ഇവിടെ കാണാം.

എടുത്തു പറയുന്നില്ലെങ്കിലും ദലീലാ ഫിലിസ്ത്യ വംശജയായിരുന്നു എന്ന സൂചനയാണ് ബൈബിൾ നല്കുന്നത്. വർഗശത്രുവും തന്റെ ജനത്തിന്റെ അന്തകനുമായിട്ടാവണം അവൾ സാംസനെ വീക്ഷിച്ചത്. എന്നാൽ, അവന് തന്നോടുള്ള സ്നേഹത്തിന്റെ ആഴവും ബലവും അവൾ മനസ്സിലാക്കിയിരുന്നു. രാഷ്ട്രം നേരിടുന്ന വലിയ വിപത്തിനെ ഒഴിവാക്കാൻ ഫിലിസ്ത്യ പ്രഭുക്കന്മാർ കൗശലപൂർവ്വം പെരുമാറി. ദലീലായോട് സാംസനുള്ള അടുപ്പം മനസ്സിലാക്കിയ അവർ ആ സ്നേഹബന്ധത്തെ തങ്ങളുടെ പദ്ധതിയുടെ പൂർത്തീകരണത്തിനായി ഉപയോഗിച്ചു. ശാക്തികചേരികളുടെ ചതുരംഗക്കളത്തിൽ ഉപയോഗപ്രദമായ ഒരു കരുവായിത്തീർന്നു ദലീലാ.

മേധാശക്തിയും പേശീബലവും തമ്മിലുള്ള ഒരു ബലപരീക്ഷ ണമാണ് തുടർന്ന് സംഭവിക്കുന്നത്. തന്റെ കരുത്തിന്റെ ഉറവിടത്തെക്കുറിച്ച് നിർബന്ധബുദ്ധിയോടെ ആരായുന്ന ദലീലായെ മൂന്നുതവണ അവൻ കബളിപ്പിച്ചു. മൂന്നുതവണയും ദലീലാ അവന്റെ വാക്കു വിശ്വസിക്കുകയും ഫിലിസ്ത്യരുടെ മുമ്പിൽ പരിഹാസപാത്രമാവുകയും ചെയ്തു. എന്നാൽ, അതുകൊണ്ട് അവൾ തോൽവി സമ്മതിക്കുന്നില്ല; തന്റെ ഉദ്യമത്തിൽനിന്ന് പിന്മാറുന്നതുമില്ല. നിരന്തരമായ തന്റെ ശ്രമം ഫലമണിയുന്നില്ല എന്നു മനസ്സിലാക്കിയ ദലീലാ അവസാനം അടവു മാറ്റി. സാംസണ് തന്നോടുള്ള സ്നേഹത്തെക്കുറിച്ച് ബോധ്യമുണ്ടായിരുന്ന അവൾ ആ സ്നേഹംതന്നെ തന്റെ ഉദ്ദേശ്യസാഫല്യത്തിന് ഉപകരണമാക്കി.

"നിന്റെ ഹൃദയം എന്നോടുകൂടെയല്ലെങ്കിൽ എന്നെ സ്നേഹിക്കുന്നെന്ന് നിനക്കെങ്ങനെ പറയാൻ കഴിയും?" (ന്യായാ 16,15) മരണതുല്യം അസഹ്യമായ അലട്ടൽ (ന്യായാ 16, 17) കൊണ്ടു പൊറുതിമുട്ടിയ സാംസൺ തന്റെ രഹസ്യം അവളോടു തുറന്നു

പറഞ്ഞു. പേശീബലത്തിൽ അജയ്യനായ സാംസൺ ദലീലായുടെ മനോബലത്തിനു മുമ്പിൽ തകർന്നുവീണു. നിശ്ചയദാർഢ്യത്തിന്റെയും നിരന്തരമായ പരിശ്രമത്തിന്റെയും പരാജയം സമ്മതിക്കാത്ത സ്ഥിരോത്സാഹത്തിന്റെയും മാതൃകയാണ് ഇവിടെ ദലീലാ. തന്റെ ലക്ഷ്യം നേടാൻവേണ്ടി ഏതു മാർഗവും ഉപയോഗിക്കാൻ അവൾ മടിക്കുന്നില്ല. പരിപാവനമായ പ്രേമത്തെയും അവൾ ആയുധമാക്കുന്നു. അതേസമയം പ്രേമം കാമമായി, കാമം സാംസനെ അന്ധനാക്കി; അവൻ മറ്റെല്ലാംമറന്നു. അവൻ തന്റെ വ്രതശുദ്ധി മറന്നു. കുടുംബബന്ധങ്ങൾ മറന്നു; ശത്രു-മിത്ര വിവേചനം മറന്നു; ഒടുവിൽ സ്വന്തം സുരക്ഷിതത്വവും മറന്നു. "നിനക്ക് എന്നോടു സ്നേഹമില്ല" എന്നു പരാതിപറയുന്ന കാമുകിയുടെ സ്നേഹത്തെക്കുറിച്ച് അവൻ ചിന്തിച്ചില്ല. എന്തിനുവേണ്ടിയാണ് തന്റെ രഹസ്യം ചോർത്താൻ അവൾ ശ്രമിക്കുന്നതെന്ന് ചോദിച്ചതുമില്ല. മനഃശക്തിക്കു മുമ്പിൽ പേശീബലം അടിയറവു പറഞ്ഞു. കരുത്തനായ സാംസൺ കാമിനിയായ ദലീലായുടെ മടിയിൽ ഉറങ്ങി; കർത്താവു തന്നെ വിട്ടുപോയതറിയാതെ ഉണർന്നെണീറ്റ അവന് എല്ലാം നഷ്ടപ്പെട്ടു. വികാരത്താൽ അന്ധനായി ത്തീർന്ന അവന് ശാരീരികമായ കാഴ്ചയും നഷ്ടപ്പെട്ടു. "ഫിലിസ്ത്യർ അവനെ പിടിച്ച് കണ്ണ് ചൂഴ്ന്നെടുത്ത് ഗാസായിലേക്കു കൊണ്ടുപോയി. ഓട്ടുചങ്ങലകൊണ്ട് ബന്ധിച്ച് കാരാഗൃഹത്തിലാക്കി" (ന്യായാ 16,21).

"കർത്താവു തന്നെ വിട്ടുപോയ കാര്യം അവൻ അറിഞ്ഞില്ല" (ന്യായാ 16.20) എന്ന പ്രസ്താവന സാംസൺ നിപതിച്ച നാശഗർത്തത്തിന്റെ ആഴം വ്യക്തമാക്കുന്നു. ജനനത്തിനുമുമ്പേ വിളിക്കപ്പെടുകയും ആത്മാവിന്റെ ബലത്താൽ അഭിഷിക്തനാവുകയും ദിവ്യമായ ദൗത്യത്തിനുവേണ്ടി തിരഞ്ഞെടുക്കപ്പെടുകയും ചെയ്ത സാംസൺ വലിയൊരു മാതൃകയും പ്രതീകവുമാണ്-അനുകരിക്കരുതാത്ത മാതൃകയും വ്രതഭംഗത്തിൽ വീണുപോകുന്ന ദൈവദാസരുടെ പ്രതീകവും.

അതുപോലെതന്നെ ദലീലായും വലിയൊരു പ്രതീകമാണ്. ധനം മോഹിച്ച് കാമുകനെ ഒറ്റിക്കൊടുത്ത ഒരു വഞ്ചകി മാത്രമല്ല അവൾ. സത്യദൈവത്തിൽനിന്നു വിശ്വാസികളെ വ്യതിചലിപ്പിക്കുന്ന സകല പ്രസ്ഥാനങ്ങളുടെയും പ്രതീകമായി അവൾ നിലകൊള്ളുന്നു. ഇസ്രായേൽചരിത്രത്തിൽനിന്ന് ഈ പ്രതീകാത്മകത കൂടുതൽ വ്യക്തമാകും. കർത്താവിനെ മറന്ന്

വിഗ്രഹാരാധനയിലേക്കു വഴുതിവീഴാൻ ഇസ്രായേൽക്കാരെ പ്രേരിപ്പിച്ചത് കാനാൻകാരികളായിരുന്നു. അവരുമായുള്ള വേഴ്ച ഇസ്രായേൽജനത്തിനു വലിയൊരു കെണിയായി: ആ കെണി യുടെ ഒരു ഉദാഹരണമാണ് സാംസൺ-ദലീല ബന്ധം.

സ്ത്രീകളെ അവഹേളിക്കുകയോ പുരുഷന്റെ പതനത്തി നുള്ള ഉത്തരവാദിത്വം അവളുടെമേൽ കെട്ടിവയ്ക്കുകയോ അല്ല ദലീലായുടെ ചിത്രീകരണത്തിലൂടെ വിശുദ്ധ ഗ്രന്ഥകാരൻ ചെയ്യു ന്നത്. ജാഗ്രത പാലിക്കാത്തവർക്ക് നാശം സംഭവിക്കും. ചെറിയ കാര്യങ്ങളിൽ വീഴ്ച വരുത്തുന്നവർ വലിയ കുഴിയിൽ വീഴും എന്ന പൊതുവായ പാഠമാണ് ഇവിടെ നല്കുന്നത്. സാംസൺ എന്ന ന്യായാധിപന്റെ കഥയിലെ ഒരു ഉപകഥാപാത്രം മാത്രമാണ് ദലീലാ. സാഹചര്യങ്ങളെ തനിക്ക് അനുകൂലമായി അവൾ ഉപ യോഗിച്ചു. അവൾ നുണ പറഞ്ഞില്ല; വഞ്ചിച്ചു എന്നും പറയാനാ വില്ല. സാംസൺ തന്നെ സ്നേഹിക്കുന്നില്ല എന്നു കുറ്റപ്പെടുത്തിയ പ്പോഴും താൻ അവനെ സ്നേഹിക്കുന്നുവെന്ന് അവൾ പറഞ്ഞില്ല. കണിശമായ കണക്കുകൂട്ടലിലൂടെ, സൂക്ഷ്മമായ നിരീക്ഷണ ത്തി ലൂടെ, അസ്തമിക്കാത്ത ശുഭാപ്തിവിശ്വാസത്തോടെ, കൗശല പൂർവ്വം അവൾ പെരുമാറി. “ഈ യുഗത്തിന്റെ മക്കൾ തങ്ങളുടെ തലമുറയിൽ വെളിച്ചത്തിന്റെ മക്കളെക്കാൾ ബുദ്ധിശാലികളാണ്” (ലൂക്ക16,8) എന്ന യേശുവചനത്തെ അനുസ്മരിപ്പിക്കുന്നതാണ് ദലീലായെക്കുറിച്ചുള്ള വിവരണം.

അനുകരണാർഹമല്ലാത്ത രണ്ടു കഥാപാത്രങ്ങളെക്കുറി ച്ചുള്ള ചിത്രീകരണം മനുഷ്യവ്യക്തിത്വത്തിന്റെ ചില നിഗൂഢ വശങ്ങൾ അനാവരണം ചെയ്യുന്നു. വ്രതത്തിന്റെ പുറന്തോടു പോലെ മുറിക്കാത്ത മുടി സംരക്ഷിച്ച സാംസൺ അന്ത:സത്ത നഷ്ടപ്പെട്ട വ്രതത്തിന്റെ പ്രതീകമാണ്; ബാഹ്യാനുഷ്ഠാനങ്ങളിൽ മാത്രം വ്രതത്തെ ഒതുക്കി നിർത്തുന്ന വ്രതസ്ഥരുടെയും. സ്നേഹവും സൗന്ദര്യവും ലാഭം കൊയ്യാൻ ഉതകുന്ന വില്പന വസ്തുവാക്കി മാറ്റുന്നവരുടെ പ്രതീകമാണ് ദലീലാ; ഉല്പന്ന ങ്ങൾ വിറ്റഴിക്കാൻ ശ്രമിക്കുന്ന വ്യാപാരി - വ്യവസായികളും പരസ്യക്കമ്പനികളും നിർല്ലോഭം ഉപയോഗിക്കുന്ന ഒരു പ്രതീകം. അതിൽ ഒളിഞ്ഞിരിക്കുന്ന അപകടം അറിയാതെ ചെന്നുവീഴുന്ന സാംസൺമാർ മുടിയും ശക്തിയും നഷ്ടപ്പെട്ട്, തകർക്കാനാ വാത്ത ഓട്ടുചങ്ങലയുടെ ബന്ധനത്തിലാകുന്നു. അങ്ങനെ ദലീലായുടെ കഥ ഒരു മുന്നറിയിപ്പും താക്കീതും ഉൾക്കൊള്ളുന്നു.

# 28

## പതറാത്ത മാതൃത്വം

## – നവോമി

**നാ**ലധ്യായം മാത്രമുള്ള റൂത്ത് എന്ന ബൈബിൾ ഗ്രന്ഥത്തിൽ നിറഞ്ഞു നില്ക്കുന്ന ഒരു വ്യക്തിത്വമാണ് നവോമി. ബേത്‌ലെഹം നിവാസിയായ എലിമെലെക്കിന്റെ ഭാര്യയാണവൾ. സ്വന്തം നാട്ടിലുണ്ടായ രൂക്ഷമായ ക്ഷാമത്തിൽനിന്ന് രക്ഷതേടി ഭർത്താവിനോടും മഹലോൻ, കീലിയോൻ എന്ന ഇരുപുത്രന്മാരോടുമൊപ്പം അവൾ അയൽരാജ്യമായ മൊവാബിൽ അഭയം പ്രാപിച്ചു. അവിടെവച്ച് ഭർത്താവു മരിച്ചു; മൊവാബ്യസ്ത്രീകളെ വിവാഹം ചെയ്ത പുത്രന്മാരും മരിച്ചു. പത്തുവർഷത്തിനുശേഷം എല്ലാം നഷ്ടപ്പെട്ട നവോമി സ്വന്തം നാട്ടിലേക്കു തിരിച്ചുപോകാൻ തീരുമാനിച്ചപ്പോൾ പുത്രഭാര്യമാരായ ഓർഫായും റൂത്തും അവളെ അനുഗമിച്ചു. എന്നാൽ, രാജ്യാതിർത്തി കടക്കുന്നതിനു മുമ്പേ സ്വന്തം നാട്ടിലേക്കു തിരിച്ചുപോയി, വിവാഹം ചെയ്ത് അമ്മമാരായി, സന്തുഷ്ട കുടുംബജീവിതം നയിക്കാൻ അമ്മ മരുമക്കളെ പ്രേരിപ്പിച്ചു. അതനുസരിച്ച് ഓർഫാ മടങ്ങി. എന്നാൽ, റൂത്ത് നിർബന്ധപൂർവ്വം അമ്മയെ അനുഗമിച്ചു.

ബേത്‌ലെഹെമിൽ മടങ്ങിയെത്തിയ നവോമിയെയും റൂത്തിനെയും ദൈവം പ്രത്യേകം കടാക്ഷിച്ചു. എല്ലാം നഷ്ടപ്പെട്ട് മടങ്ങിവന്ന അവരെ എല്ലാം തികഞ്ഞവരാക്കി മാറ്റി. അകന്ന ഒരു ബന്ധുവായ ബൊവാസിന്റെ വയലിൽ കാലാ പെറുക്കാനും അത് ബൊവാസുമായുള്ള വിവാഹത്തിലേക്കു നയിക്കാനും അങ്ങനെ ദാവീദിന്റെ മുത്തശ്ശിയാകാനും ദൈവം റൂത്തിനെ അനുഗ്രഹിച്ചു; ഈ പ്രക്രിയയിലുടനീളം വിവേകപൂർവ്വം അവളെ നയിച്ച സ്നേഹസമ്പന്നയായ മാതാവാണ് നവോമി. ദാവീദിന്റെയും ദാവീദിന്റെ പുത്രനായ മിശിഹായുടെയും പൂർവ്വമാതാക്കളിൽ ഒരുവ

ളാണ് അവൾ. അവളെക്കുറിച്ചുള്ള ബൈബിൾ വിവരണത്തിൽ നിന്ന് ശ്രദ്ധേയമായ ചില ഉൾക്കാഴ്ചകൾ ലഭിക്കുന്നുണ്ട്.

'സന്തുഷ്ട' എന്നാണ് നവോമി എന്ന പേരിന്റെ അർത്ഥം. എന്നാൽ, പേരു സൂചിപ്പിക്കുന്നതിന് കടകവിരുദ്ധമായ അനുഭവങ്ങളിലൂടെ അവൾ കടന്നു പോകുന്നു. "കർത്താവിന്റെ കരം എനിക്കെതിരായി ഉയർന്നിരിക്കുന്നു" (റൂത്ത് 1,13). "സർവ്വശക്തൻ എന്നോടു കഠിനമായിട്ടാണ് പ്രവർത്തിച്ചത്... ഒന്നുമില്ലാത്തവളായി എന്നെ തിരിച്ചയച്ചു..." (റൂത്ത് 1,20-21) എന്നിങ്ങനെ പരാതി പറയാൻ മാത്രം തിക്തമായിരുന്നു അവളുടെ ജീവിതം. അതിനാൽ "എന്നെ നവോമി എന്നല്ല മാറാ എന്നാണ് വിളിക്കേണ്ടത്" എന്ന് അവൾ വിലപിച്ചു. പരാജയത്തിന്റെയും പരിത്യക്തതയുടെയും ഏകാന്തതയുടെയും ദാരിദ്ര്യത്തിന്റെയും കയ്പുനീർ മട്ടുവരെ കുടിച്ചവളാണ് നവോമി. 'കയ്പുള്ളത്' എന്നാണ് അവൾ തനിക്കുതന്നെ നല്കിയ 'മാറാ' എന്ന പേരിന്റെ അർത്ഥം. എന്നാൽ, അതികഠിനമായ പരീക്ഷണങ്ങൾക്കും ജീവിതക്ലേശങ്ങൾക്കും മധ്യത്തിലും അവൾ പതറിയില്ല; കർത്താവിന്റെ മുമ്പിൽ പരാതികൾ നിരത്തിയപ്പോഴും പ്രത്യാശ കൈവെടിഞ്ഞില്ല.

തനിക്കുചുറ്റും കൊടുങ്കാറ്റിരമ്പുകയും ജീവിതകൂടാരം തകർന്നടിയുകയും ചെയ്യുമ്പോഴും അടിപതറാതെ, കർത്താവിലുള്ള പ്രത്യാശ കൈവെടിയാതെ, ഉറച്ചുനിന്നവളാണ് നവോമി. തന്റെ പുത്രന്മാരുടെ അകാലമരണത്തിൽ ദു:ഖിച്ചപ്പോഴും അതിന്റെ കുറ്റവും ഉത്തരവാദിത്വവും അവരുടെ ഭാര്യമാരിൽ ആരോപിച്ചില്ല. തന്നെയുമല്ല, അവർ സ്വഭവനങ്ങളിലേക്ക് മടങ്ങി, സന്തുഷ്ടമായ കുടുംബജീവിതം നയിക്കണം എന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചു; അതിനായി അവരെ പ്രേരിപ്പിച്ചു. സ്വാർത്ഥം എന്തെന്നറിയാത്ത മാതൃത്വത്തിന്റെ ഉത്തമമാതൃകയാണ് നവോമി.

തന്നെ വിട്ടുപിരിയാതെ അനുഗമിച്ച റൂത്തിനോടുള്ള അവളുടെ സമീപനം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. അനുഭവ സമ്പന്നയായ അവൾ വിദേശിയും വിജാതിയയുമായ മരുമകളെ സ്വന്തം മകളായി കരുതി. അവളുടെ ഭാവി സുരക്ഷിതവും സന്തോഷപ്രദവുമാക്കാൻ വേണ്ട ഉപദേശങ്ങളും നിർദേശങ്ങളും നല്കി. മകളുടെ വിജയത്തിൽ സന്തോഷിച്ചു; മകളുടെ സുരക്ഷിതത്വത്തിൽ തന്റെ ഭാവിയും സുരക്ഷിതത്വവും അവൾ ദർശിച്ചു. പരസ്പരമത്സരമില്ല; അസൂയയില്ല; പരാതിയോ പരിഭവമോ ഇല്ല. പൂർണ

മായ മാനസികഐക്യം നിറഞ്ഞുനില്ക്കുന്ന ഒരു മാതൃ-പുത്രി ബന്ധമാണ് അവരുടേത്. ആ ബന്ധത്തിന്റെ നിലനില്പിനും വളർച്ചയ്ക്കും ഇരുവരും ഒരുപോലെ പരിശ്രമിക്കുന്നു.

ഈ കഥയിൽ പ്രത്യക്ഷപ്പെടുന്ന പേരുകളെല്ലാം പ്രതീകാത്മകമായ അർത്ഥമുള്ളവയാണ്. നവോമി = സന്തുഷ്ട; മാറാ = ദു:ഖിത, കയ്പു നിറഞ്ഞവൾ; എലിമെലെക്ക് = എന്റെ ദൈവം രാജാവ്; മഹ്ലോൻ = രോഗി; കീലിയോൻ = അന്ത്യം; ഓർഫാ = പുറംതിരിയുന്നവൾ; റൂത്ത് = സഖി; ബൊവാസ് = വേഗത, ശക്തി; ഓബെദ് = കർത്താവിന്റെ ദാസൻ; ബേത്‌ലെഹം = അപ്പത്തിന്റെ വീട്; മൊവാബ് = എന്റെ പിതാവിൽനിന്ന് ജനിച്ചവൻ.

അപ്പത്തിന്റെ വീട്ടിൽ ക്ഷാമമുണ്ടായി എന്ന പ്രസ്താവനയിൽ വൈരുദ്ധ്യമുണ്ട്. താൽക്കാലികമായ ക്ലേശത്തിൽനിന്ന് രക്ഷ നേടാൻ അപ്പത്തിന്റെ വീടും ദൈവത്തിന്റെ നാടും വിട്ട് വിദേശത്തു ചേക്കേറിയവർക്ക് നഷ്ടവും ദുഃഖവുമത്രേ ലഭിച്ചത്. 'എന്റെ ദൈവം കർത്താവ്' എന്ന പേരു വഹിച്ചവൻ കർത്താവിൽ വേണ്ടത്ര വിശ്വസിച്ചില്ല എന്ന സൂചനയാണ് നാടുവിട്ടു പോകുന്നതിലൂടെ നല്കുന്നത്. വിശ്വസ്ത ഭാര്യ എന്ന നിലയിൽ നവോമി അയാളെ അനുഗമിച്ചു. അവരുടെ മക്കൾ, പേരിനെ അന്വർത്ഥമാക്കിക്കൊണ്ട്, അകാലമരണം പ്രാപിച്ചു.

കർത്താവിന്റെ നാടായ വാഗ്ദത്തഭൂമി ഉപേക്ഷിച്ച് വിദേശത്തു വാസമുറപ്പിച്ച നവോമി മാറാ ആയി മാറി; സന്തോഷവതിയായി പോയവൾ ദുഃഖാർത്തയായിത്തീർന്നു. എന്നാൽ, ദുഃഖത്തോടെ മടങ്ങി വന്നവൾക്ക് സന്തോഷം വീണ്ടുകിട്ടി. മാത്രമല്ല, എല്ലാം നഷ്ടപ്പെട്ടു എന്നു കരുതിയിടത്ത് സ്വപ്നം കാണാൻ പോലും കഴിയാത്ത മഹാഭാഗ്യം ഉദയം ചെയ്തു. ഇസ്രായേൽ രാജാവായ ദാവീദിന്റെയും ലോകരക്ഷകനായ മിശിഹായുടെയും മുത്തശ്ശിയാവാനുള്ള ഭാഗ്യം. താൽക്കാലിക ലാഭംതേടി കർത്താവിൽനിന്നകലുന്നത് വലിയ ദുഃഖത്തിനു കാരണമാകും. എന്നാൽ, മടങ്ങി വരുമ്പോൾ ദുഃഖം സന്തോഷമായി മാറും എന്ന അടിസ്ഥാന സത്യവും നവോമിയുടെ ജീവിതം നല്കുന്ന പാഠമാണ്, മരുമക്കളോട് അമ്മായിയമ്മയ്ക്ക് ഉണ്ടായിരിക്കേണ്ട മനോഭാവത്തിനു പുറമേ.

# 29

## മാതൃഭക്തിയുടെ മാതൃക –റൂത്ത്

**സ്വ**ന്തം പേരിൽ ഒരു ബൈബിൾ ഗ്രന്ഥമുള്ള മൂന്നു സ്ത്രീകളിൽ ആദ്യത്തെ ആളാണ് റൂത്ത്. ബേത്‌ലെഹെമിൽ നിന്ന് ക്ഷാമകാലത്ത് അഭയാർത്ഥിയായിവന്ന ഒരു ഇസ്രായേൽക്കാരന്റെ ഭാര്യയായ അവൾ ഭർത്താവിന്റെ അകാലമരണത്തിനുശേഷം സ്വന്തം നാട്ടിലേക്കു മടങ്ങിയ ഭർത്തൃമാതാവിനെ അനുഗമിച്ച് ബേത്‌ലെഹെമിലെത്തി. അവിടെവച്ച് ദൈവം അവളെ സമൃദ്ധമായി അനുഗ്രഹിച്ചു; മിശിഹായുടെ വംശാവലിയിൽ വി. മത്തായി പേരെടുത്തു പറയുന്ന നാലു വിജാതീയ സ്ത്രീകളിൽ ഒരുവളായി. ലളിതവും ആകർഷകവും മാതൃകാപരവുമാണ് വിശുദ്ധഗ്രന്ഥകാരൻ വരച്ചുകാട്ടുന്ന റൂത്തിന്റെ ചിത്രം.

സഖി, സ്നേഹിക്കുന്നവൾ എന്നൊക്കെയാണ് റൂത്ത് എന്ന പേരിന്റെ അർത്ഥം. അവളുടെ ജീവിതത്തെ പൂർണമായും പ്രതിഫലിപ്പിക്കുകയും നിർവചിക്കുകയും ചെയ്യുന്നതാണ് ഈ പേര്. ഭർത്തൃമാതാവിനോടുള്ള സ്നേഹവും കരുതലും ഈ പേരിനെ അന്വർത്ഥമാക്കുന്നു. മാതൃഭക്തിയാണ് റൂത്തിൽ പ്രകടമാകുന്ന ഒരു സവിശേഷത.

ഭർത്താവിന്റെയും ഇരുപുത്രന്മാരുടെയും മരണത്തോടെ എല്ലാം നഷ്ടപ്പെട്ട നവോമി വെറുംകയ്യോടെ സ്വന്തം ഗ്രാമത്തിലേക്കു മടങ്ങിപ്പോകാൻ തീരുമാനിച്ചപ്പോൾ പുത്രഭാര്യമാർക്ക് സ്വാതന്ത്ര്യം നല്കി; മാത്രമല്ല, സ്വഭവനങ്ങളിലേക്കു മടങ്ങി കുടുംബജീവിതം നയിക്കാൻ നിർബന്ധിക്കുകയും ചെയ്തു. സഹോദരപത്നിയായ ഓർഫാ ഉപദേശം സ്വീകരിച്ച് തിരിച്ചുപോയപ്പോൾ, അമ്മായിയമ്മയുടെ കൂടെ ഉറച്ചുനിന്നവളാണ് റൂത്ത്.

‘‘അമ്മയെ ഉപേക്ഷിക്കാനോ കൂടെ പോരാതിരിക്കാനോ എന്നോടു പറയരുത്. അമ്മ പോകുന്നിടത്ത് ഞാനും വരും; വസിക്കുന്നിടത്ത് ഞാനും വസിക്കും. അമ്മയുടെ ചാർച്ചക്കാർ എന്റെ ചാർച്ചക്കാരും അമ്മയുടെ ദൈവം എന്റെ ദൈവവും ആയിരിക്കും. അമ്മ മരിക്കുന്നിടത്ത് ഞാനും മരിച്ച് അടക്കപ്പെടും. മരണംതന്നെ എന്നെ അമ്മയിൽനിന്ന് വേർപെടുത്തിയാൽ കർത്താവ് എന്തു ശിക്ഷയും എനിക്കു തന്നുകൊള്ളട്ടെ” (റൂത്ത് 1,16-17). ഭർത്തൃമാതാവിനോടുള്ള നിസ്സീമമായ സ്നേഹത്തിന്റെയും ഭക്തിയുടെയും ഏറ്റം ഉദാത്തമായ പ്രകടനമാണ് ഈ വാക്കുകൾ.

തനിക്ക് എന്തെങ്കിലും നേട്ടം ഉണ്ടാകും എന്നു കരുതിയല്ല റൂത്ത് അമ്മായിയമ്മയെ അനുഗമിച്ചത്. നവോമി അതു തന്റെ ഉപദേശത്തിൽ വ്യക്തമാക്കുകയും ചെയ്തു. ഇരുവരും വിധവകളാണ്. നിലവിലിരുന്ന ഭർത്തൃസഹോദരധർമത്തിന്റെ നിയമമനുസരിച്ച് റൂത്തിനെ വിവാഹം ചെയ്യാൻ നവോമിക്കു വേറെ പുത്രന്മാരില്ല. മക്കളില്ലാത്ത വിധവയായി അവൾ ശിഷ്ടജീവിതം മുഴുവൻ ചെലവഴിക്കേണ്ടിവരും. തന്നെയുമല്ല, നവോമി പോകുന്നത് റൂത്തിനെ സംബന്ധിച്ചിടത്തോളം വിദേശത്തേക്കാണ്. ഇസ്രായേൽക്കാർക്ക് വിജാതീയരോടും വിദേശികളോടുമുള്ള മനോഭാവം അവൾക്ക് അപരിചിതമല്ല. ഇങ്ങനെ എല്ലാവിധത്തിലും പ്രതികൂലമായ സാഹചര്യങ്ങളാണ് മുന്നിൽ. സ്വന്തം വീട്ടിലേക്കു മടങ്ങിയാൽ സ്വജനത്തിനിടയിൽ സന്തോഷപ്രദമായൊരു ജീവിതം കരുപ്പിടിപ്പിക്കാൻ കഴിയും. ഈ വഴിത്തിരിവിൽ റൂത്ത് തീരുമാനിച്ചത് അമ്മായിയമ്മയെ അനുഗമിക്കാനാണ്. നിസ്വാർത്ഥവും പരമവുമായ മാതൃഭക്തി എന്നേ ഇതിനെ വിശേഷിപ്പിക്കാനാവൂ.

വൃദ്ധരായ മാതാപിതാക്കന്മാരെ, പ്രത്യേകിച്ചും ഭർത്താവിന്റെ മാതാപിതാക്കളെ, കഴിയുന്നതുംവേഗം ഇറക്കിവയ്ക്കേണ്ട ഭാരമായി കരുതുന്ന മരുമക്കൾക്കും, ‘കെട്ടിവന്നവളെ’ മകനെ തന്നിൽ നിന്നു കവർന്നെടുക്കുന്ന എതിരാളിയും ശത്രുവുമായി കാണുന്ന അമ്മായിയമ്മമാർക്കും മുന്നിൽ അനുകരണീയ മാതൃകകളായി പ്രശോഭിക്കുന്നു റൂത്തും നവോമിയും. എനിക്ക് എന്തു നേട്ടമുണ്ടാകും എന്നല്ല, എങ്ങനെ സേവനവും സഹായവും നല്കാം എന്നാണ് ഇരുവരും ചിന്തിക്കുന്നത്. ഇതിൽ യുവതിയായ റൂത്തിന്റെ മനോഭാവം വൃദ്ധയായ നവോമിയുടേതിനെക്കാൾ അസാധാരണവും ത്യാഗോജ്വലവുമാണ്.

മാതൃഭക്തിയോടൊപ്പം റൂത്തിൽ പ്രകടമാകുന്ന മറ്റൊരു സവിശേഷതയാണ് അവളുടെ വിശ്വാസം. മൊവാബ്യസ്ത്രീ ആയ അവൾ ഇസ്രായേലിനു സ്വയം വെളിപ്പെടുത്തിയ യാഹ്‌വേയെ ദൈവമായി സ്വീകരിച്ചു. "അമ്മയുടെ ദൈവമായിരിക്കും എന്റെ ദൈവം" എന്നത് ധീരമായ ഒരു വിശ്വാസപ്രഖ്യാപനമാണ്. വലിയ പ്രതിബന്ധങ്ങളെ തരണംചെയ്യാൻ മാത്രം ശക്തമായിരുന്നു അവളുടെ വിശ്വാസം. വിശ്വാസികളുടെ പിതാവെന്നു വിശേഷിപ്പിക്കപ്പെടുന്ന അബ്രാഹത്തിന്റെ വിശ്വാസത്തോട് ഇതിനെ ഉപമിക്കാം. ഒരുപക്ഷേ, അബ്രാഹത്തിന്റേതിലും വലുതായിരുന്നു റൂത്തിന്റെ വിശ്വാസം എന്ന് താരതമ്യപഠനം തെളിയിച്ചേക്കും.

വ്യക്തമായ ഒരു വിളി ലഭിച്ചതിനുശേഷമാണ് അബ്രാഹം ഹാരാനിൽ നിന്നു യാത്ര തിരിച്ചത്. സ്വന്തം സന്തതികളായ ഒരു വലിയ ജനത, അവർക്കു സ്വന്തമായി ഒരു രാജ്യം, ദൈവത്തിന്റെ നിസ്സീമമായ അനുഗ്രഹം എന്നിങ്ങനെ വലിയ വാഗ്ദാനങ്ങളും അബ്രാഹത്തിനു ലഭിച്ചിരുന്നു. എന്നാൽ, റൂത്തിന് ഇതൊന്നുമില്ല. ആരും അവളെ വിളിച്ചില്ല, ഒരു വാഗ്ദാനവും നല്കിയതുമില്ല. ഇരുളടഞ്ഞ ഭാവിയാണ് മുന്നിൽ. ഭർത്താവും മക്കളുമില്ലാതെ, വിജാതിയയെന്ന പരിഹാസവും പേറി വിദേശത്ത് കിടന്നു മരിക്കുക മാത്രമാണ് അവളെ കാത്തിരിക്കുന്നത്. എന്നാലും നവോമിയുടെ ദൈവത്തെ സ്വന്തം ദൈവമായി സ്വീകരിച്ച അവൾ തികച്ചും സാഹസികമായ യാത്രയ്ക്കു തീരുമാനിച്ചു, അത് ഒരു ഇതിഹാസത്തിന്റെ തുടക്കമായിരുന്നു എന്നറിയാതെ.

ഒന്നും പ്രതീക്ഷിക്കാതെ ഇറങ്ങിത്തിരിച്ച റൂത്ത് വിശ്വാസത്തിന്റെ ഉത്തമമാതൃകയാണ്. കർത്താവു നല്കുന്ന ദാനങ്ങൾക്കുവേണ്ടി വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിലുള്ള സ്വാർത്ഥത അവളിലില്ല. സ്വന്തം ജീവിതത്തെയോ ഭാവിയെയോകുറിച്ച് അവൾ ചിന്തിക്കുന്നതേയില്ല. അമ്മയോടുകൂടെ ആയിരിക്കണം, അമ്മയ്ക്കു സേവനം അനുഷ്ഠിക്കണം എന്ന ഏകചിന്തയേ അവൾക്കുള്ളൂ. ആ ചിന്തയ്ക്ക് അടിസ്ഥാനമായി നില്ക്കുന്നതാകട്ടെ ഇസ്രായേലിന്റെ ദൈവത്തിലുള്ള വിശ്വാസവും നിസ്വാർത്ഥമായ മാതൃഭക്തിയും. എന്നാൽ, ഔദാര്യത്തിൽ തന്നെ മറികടക്കാൻ ആരെയും അനുവദിക്കുന്നവനല്ല, അവൾ വിശ്വാസം അർപ്പിച്ച ദൈവം എന്ന് സാവധാനം തെളിഞ്ഞു.

വി. ഗ്രന്ഥകാരൻ എടുത്തുപറയുന്നില്ലെങ്കിലും ദൈവം അവളുടെ ഓരോ ചുവടുകളെയും നയിച്ചു; കൂടെ നിന്നു സംരക്ഷിച്ചു. ഊഹിക്കാൻ പോലും കഴിയാത്ത ഔന്നത്യത്തിലേക്കു നയിച്ചു. ഭർത്താവിന്റെ ചാർച്ചക്കാരൻ ബൊവാസിന്റെ വയലിലേക്ക് കാലാ പെറുക്കാൻ അവളെ കൊണ്ടുപോയതും ബൊവാസിന് അവളോട് താത്പര്യവും സ്നേഹവും തോന്നാൻ കാരണമാക്കിയതും അവരെ വിവാഹജീവിതത്തിലേക്കു നയിച്ചതും പുത്രനെ നല്കി അനുഗ്രഹിച്ചതും എല്ലാം ദൈവത്തിന്റെ അദൃശ്യകരങ്ങളായിരുന്നു.

അദൃശ്യമായ ഈ ദൈവികപരിപാലനയാണ് റൂത്തിന്റെ ജീവിതത്തിലെ സുപ്രധാനമായ മറ്റൊരു പ്രമേയം. അത്യാഹിതങ്ങളുടെയും ക്ലേശങ്ങളുടെയും നീർച്ചുഴിയിൽ മുങ്ങിത്താഴുമ്പോൾ ദൈവത്തിന്റെ രൂപം കാണാനും സ്വരം കേൾക്കാനുള്ള ഭാഗ്യം എല്ലാവർക്കും ലഭിച്ചെന്നുവരില്ല. എന്നാൽ, ബുദ്ധിക്കും യുക്തിക്കും അതീതമാംവിധം ദൈവം സമീപസ്ഥനാണ് (ഏശ 43,2); തന്നെ സ്നേഹിക്കുന്നവർക്ക് എല്ലാം നന്മയ്ക്കായി ഭവിക്കാൻ ദൈവം ഇടയാക്കുന്നു (റോമാ 8,28) എന്ന സത്യത്തിന്റെ മനോഹരമായ ആവിഷ്ക്കാരമാണ് റൂത്തിന്റെ കഥ.

സ്ത്രീത്വത്തിന്റെയും സ്ത്രൈണമൂല്യങ്ങളുടെയും ഉത്തമോദാഹരണമാണ് റൂത്ത്. ലാഭം, പ്രശസ്തി, ആധിപത്യം മുതലായ മൂല്യങ്ങൾക്കു മുൻഗണന നല്കുന്ന ആധുനികസമൂഹത്തിൽ സ്നേഹം, ത്യാഗം, സേവനം, സഹനം, സൗമ്യത, ശാന്തത മുതലായ മൂല്യങ്ങൾ അവഗണിക്കപ്പെടുന്നു; മാത്രമല്ല ഇവയൊക്കെ ബലഹീനതയുടെയും ഭീരുത്വത്തിന്റെയും അടയാളങ്ങളായി പരിഹസിക്കപ്പെടുകയും ചെയ്യുന്നു. സ്ത്രൈണമൂല്യങ്ങൾ എന്നു മുദ്രകുത്തി പുറംതള്ളുന്ന ഇവയൊക്കെയാണ് വ്യക്തികൾക്കും സമൂഹത്തിനും ജീവനും നിലനില്പും ഉറപ്പുവരുത്തുന്നത് എന്ന കാര്യം വിസ്മരിക്കപ്പെടുന്നു. സ്ത്രീ ആയിരിക്കുന്നതിൽ സന്തോഷിക്കാനും സ്ത്രീത്വത്തിന്റെ മഹത്ത്വത്തിൽ അഭിമാനിക്കാനും പ്രേരിപ്പിക്കുന്നതാണ് റൂത്തിന്റെയും നവോമിയുടെയും ജീവിതവും വ്യക്തിത്വവും. ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത തുടങ്ങിയ പരിശുദ്ധാത്മ ഫലങ്ങൾ (ഗലാ 5,22) ആണ് സ്ത്രൈണമൂല്യങ്ങൾ എന്നു വിശേഷിപ്പിച്ച് അവഗണിക്കുന്നത്. ആ മൂല്യങ്ങളുടെ മൂർത്തീമത്ഭാവമാണ് റൂത്ത്.

# 30

## മകനെ ദൈവത്തിനു പ്രതിഷ്ഠിച്ച മാതാവ്
## – ഹന്നാ

ഒരേ സമയം പുരോഹിതനും പ്രവാചകനും ന്യായാധിപനുമായി അറിയപ്പെടുന്ന സാമുവേലിന്റെ മാതാവാണ് ഹന്നാ. 'കൃപ' എന്നാണ് പേരിന്റെ അത്ഥം. പേരിനെ അന്വർത്ഥമാക്കുംവിധം കൃപാപൂർണമായിരുന്നു അവളുടെ ജീവിതം. ഇസ്രായേൽജനത്തെ നിർണായകമായ പ്രതിസന്ധിയിൽ നയിച്ച സാമുവേൽ ആ കൃപയുടെ വ്യക്തമായ ഉദാഹരണമാണ്. എന്നാൽ, എപ്പോഴും സന്തോഷപൂരിതമായിരുന്നില്ല അവളുടെ ജീവിതം. അതികഠിനമായ പരീക്ഷണത്തിലൂടെ കടന്നാണ് അവൾ കൃപ സ്വീകരിച്ചതും കൃപയുടെ നീർച്ചാൽ ആയതും. 1 സാമു 1–2 അദ്ധ്യായങ്ങളിൽ അവളുടെ വ്യക്തിത്വം നിറഞ്ഞുനില്ക്കുന്നു.

എഫ്രേം മലനാട്ടിൽ വസിച്ചിരുന്ന എൽക്കാനായുടെ രണ്ടു ഭാര്യമാരിൽ ഒരുവളാണ് ഹന്നാ. സപത്നിയായ പെനീന്നായ്ക്ക് മക്കളുണ്ടായിരുന്നു. എന്നാൽ, ഹന്നാ വന്ധ്യയായിരുന്നു. സാറാ, റബേക്കാ, റാഹേൽ എന്നിങ്ങനെ പല പൂർവ്വമാതാക്കളെയും പോലെ ഹന്നായ്ക്കും മക്കളില്ലായിരുന്നു. ആൺകുട്ടികളെ പ്രസവിച്ച് ഭർത്താവിന് അവകാശികളെ നല്കുക എന്നത് സ്ത്രീയുടെ പരമപ്രധാനമായ കടമയായി കരുതിയിരുന്ന ഗോത്രപിതാക്കന്മാരുടെ കാലത്ത് വന്ധ്യത്വം വലിയൊരു ശാപമായി പരിഗണിക്കപ്പെട്ടിരുന്നു. സ്രഷ്ടാവായ ദൈവം മനുഷ്യനു നല്കിയ ഏറ്റവും ആദ്യത്തേതും ഏറ്റവും വലുതുമായ അനുഗ്രഹമായി സന്താനപുഷ്ടി പരിഗണിക്കപ്പെട്ടിരുന്ന ഒരു സംസ്കാരത്തിൽ മക്കളില്ലാതിരിക്കുക എന്നത് ദൈവാനുഗ്രഹത്തിന്റെ അഭാവത്തെ മാത്ര

മല്ല, ദൈവശാപത്തെയും സൂചിപ്പിക്കുന്നതായി കരുതപ്പെട്ടു. വന്ധ്യത്വത്തിന്റെ പേരിൽ സപത്നിയുടെ നിരന്തരമായ പരിഹാസവും അവൾ ഏല്ക്കേണ്ടിവന്നു. ഇങ്ങനെ മനം തകർന്ന ഒരുവളായിട്ടാണ് ഹന്നാ രംഗത്തു വരുന്നത്.

ഉടമ്പടിയുടെ പേടകം സ്ഥാപിച്ചിരുന്ന ഷീലോയിലേക്ക് വർഷംതോറും കുടുംബസമേതം തീർത്ഥാടനം നടത്തുക എൽക്കാനായ്ക്ക് പതിവായിരുന്നു. വലിയ ആഘോഷത്തിന്റെയും ആഹ്ളാദപ്രകടനങ്ങളുടെയും അവസരമാണ് തീർത്ഥാടനം. എന്നാൽ, ഹന്നായ്ക്ക് അത് വലിയ വേദനയ്ക്കും കണ്ണീരിനും മാത്രമേ കാരണമായുള്ളൂ. ഭക്ഷണമദ്ധ്യേയുള്ള പെനീന്നായുടെ പരിഹാസം ശവത്തിൽ കുത്തുന്നതിനു തുല്യമായിരുന്നു. "പത്തു മക്കളെക്കാൾ മെച്ചമല്ലേ ഞാൻ നിനക്ക്" (1 സാമു 1,8) എന്ന ഭർത്താവിന്റെ ആശ്വാസവാക്ക് അവളുടെ ദുഃഖം ശമിപ്പിച്ചില്ല. മറ്റുള്ളവർ ഭക്ഷിച്ച് ആനന്ദിച്ചപ്പോൾ അവൾ കണ്ണീർ കുടിക്കുകയായിരുന്നു. പ്രത്യാശയ്ക്കു വകയില്ലാത്ത ഒരു സാഹചര്യമാണവളുടേത്. എന്നാൽ, സാഹചര്യങ്ങളും സഹജീവികളുടെ പരിഹാസവും സമൂഹത്തിന്റെ അന്ധവിശ്വാസങ്ങളും മാമൂലുകളും തന്നെ തളർത്താൻ അവൾ അനുവദിച്ചില്ല.

"അവൾ എഴുന്നേറ്റ് കർത്താവിന്റെ സന്നിധിയിൽ വന്നു"(1 സാമു 1,9). ഹന്നായുടെ സ്വഭാവസവിശേഷതയും നിശ്ചയദാർഢ്യവും വ്യക്തമാക്കുന്ന ഒരു പ്രസ്താവനയാണിത്. സാധാരണ ഏതൊരു വ്യക്തിയും തളർന്ന്, തകർന്ന് പോകുമായിരുന്ന ഒരു സാഹചര്യത്തിൽനിന്ന് ഹന്നാ എഴുന്നേറ്റു. കർത്താവിന്റെ സന്നിധിയിൽ അവൾ തന്റെ ഹൃദയം തുറന്നുവച്ചു. ദൈവം തന്നെ ശപിച്ചുതള്ളിയിരിക്കുന്നു എന്ന് അവൾ കരുതിയില്ല. അപ്രകാരം ഒരു മനോഭാവം വച്ചുപുലർത്തിയിരുന്ന സമൂഹത്തിന്റെ വിശ്വാസത്തെ അവൾ അംഗീകരിച്ചതുമില്ല. ഹൃദയം കരകവിഞ്ഞൊഴുകിയ തന്റെ ദുഃഖങ്ങൾ ദൈവത്തോട് അവൾ പങ്കുവച്ചു. വാക്കുകൾ പുറത്തുവരാതെ ചുണ്ടുകൾ ചലിപ്പിക്കുകമാത്രം ചെയ്തുള്ള പ്രാർത്ഥന. ആത്മാർത്ഥമായ പ്രാർത്ഥനയുടെ ഉത്തമോദാഹരണമാണ് ഹന്നാ.

അവളുടെ പ്രാർത്ഥനപോലും തെറ്റുദ്ധാരണയ്ക്കും പരിഹാസത്തിനും കാരണമായി, അതും പുരോഹിതന്റെ. മദ്യപിച്ച് ലക്കുകെട്ട് പുലമ്പുകയാണവൾ എന്നു തെറ്റിദ്ധരിച്ച ഹേലി

അവളെ ശാസിക്കുകയും ചെയ്തു(1 സാമു 1,14). എന്നാൽ, സത്യാവസ്ഥ മനസ്സിലാക്കിയ ആ വൃദ്ധ പുരോഹിതൻ അവളെ ആശ്വസിപ്പിച്ച് അനുഗ്രഹിച്ചു.

പ്രാർത്ഥനയുടെ അവസാനം ഹന്നാ ഒരു നേർച്ച നേർന്നു, "എനിക്കൊരു പുത്രനെ നല്കിയാൽ അവന്റെ ജീവിതകാലം മുഴുവൻ ഞാൻ അവനെ അങ്ങേക്കു പ്രതിഷ്ഠിക്കും" (1 സാമു 1,11). ഭർത്താവിനോട് ആലോചിക്കുകയോ അനുവാദം വാങ്ങുകയോ ചെയ്യാതെയാണ് ഹന്നാ ഈ നേർച്ച നേരുന്നത്. സ്വതന്ത്രമായി ചിന്തിക്കുകയും സ്വന്തമായി തീരുമാനമെടുത്തു നടപ്പിലാക്കുകയും ചെയ്യുന്ന ശക്തമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയാണവൾ. എന്തെങ്കിലും സ്വാർത്ഥലാഭം മോഹിച്ചല്ല അവൾ ഒരു പുത്രനുവേണ്ടി യാചിക്കുന്നത്. തന്റെ ഏറ്റം വലിയ ആഗ്രഹവും സമ്പത്തുമായ പുത്രനെ പൂർണമായും ദൈവത്തിനു തന്നെ പ്രതിഷ്ഠിക്കാൻ തയ്യാറാകുമ്പോൾ അബ്രാഹത്തോളം എത്തിനില്ക്കുന്നു അവളുടെ ഔന്നത്യം. യുദ്ധം ജയിക്കാൻ വേണ്ടി കർത്താവിനു ബലി നേർന്ന ജെഫ്തായെക്കാൾ എത്ര ഉന്നതമാണ് ഹന്നായുടെ വ്യക്തിത്വം!

പ്രാർത്ഥന സമാപിപ്പിച്ച് നേർച്ചയും നേർന്ന്, പുരോഹിതന്റെ ആശീർവാദവും വാങ്ങിയ ഹന്നാ പോയി ഭക്ഷണം കഴിച്ചു. "പിന്നീട് ഒരിക്കലും അവളുടെ മുഖം മ്ലാനമായിട്ടില്ല" (1 സാമു 1,18). ഹൃദയം തുറന്നുള്ള പ്രാർത്ഥന അവളെ പുതിയൊരു വ്യക്തിയാക്കി മാറ്റി. സാഹചര്യങ്ങൾക്ക് അടിമയാകാതെ, സാഹചര്യങ്ങളെ അതിജീവിക്കാൻ കഴിഞ്ഞ ഹന്നാ വിശ്വാസത്തിൽനിന്നുളവാകുന്ന ധീരതയുടെയും മാതൃകയാണ്.

ദൈവം പ്രാർത്ഥന കേട്ടു. ഹന്നാ വാക്കു പാലിക്കുകയും ചെയ്തു. ദൈവത്തോട് ചോദിച്ചുവാങ്ങിയ മകനെ ദൈവശുശ്രൂഷയ്ക്കായി പ്രതിഷ്ഠിച്ചു. അമ്മയുടെ പ്രാർത്ഥനയും ത്യാഗവും ആ മകനെ വലിയവനാക്കി. ആദ്യജാതനെ സമർപ്പിച്ച ഹന്നായെ ദൈവം വീണ്ടും മൂന്നു പുത്രന്മാരെയും രണ്ടു പുത്രിമാരെയും നല്കി അനുഗ്രഹിച്ചു (1 സാമു 2,21).

പുത്രനെ ദൈവത്തിനു സമർപ്പിച്ചുകൊണ്ട് ഹന്നാ ആലപിച്ച കീർത്തനം (1 സാമു 2,1-10) സകല വിമോചനഗാനങ്ങളുടെയും തുടക്കം കുറിക്കുന്നു. ചെങ്കടൽ തീരത്തുവച്ച് മിരിയാം ആലപിച്ച ഈരടികളിൽ അന്തർലീനമായിരുന്ന വിമോചന

സന്ദേശം ഇവിടെ തെളിഞ്ഞൊഴുകുന്നു. ഈ ഗാനത്തിന്റെ ചുവടു പിടിച്ചാണ് നസ്രത്തിലെ കന്യക സ്തോത്രഗീതം ആലപിച്ചത്. ശാപഗ്രസ്തയെന്നു മുദ്രകുത്തി സമൂഹം പരിഹസിച്ച തനിക്ക് ദൈവം ചെയ്തുതന്ന വലിയ കൃപയെ പ്രകീർത്തിക്കുന്ന ഹന്നാ അതിലൂടെ രക്ഷാചരിത്രത്തിന്റെ മുഴുവൻ സ്വഭാവം ഏറ്റുപറയുകയാണ്. വീരന്മാരുടെ വില്ലുകൾ തകർത്ത് ബലഹീനരെ ശക്തിപ്പെടുത്തുന്ന, ദരിദ്രരെ ഉയർത്തുന്ന, ധനികരെ വെറുംകയ്യോടെ പറഞ്ഞയയ്ക്കുന്ന ദൈവത്തിന്റെ രക്ഷാകരപ്രവൃത്തിയാണ് സ്വന്തം അനുഭവമായി അവൾ ഏറ്റുപറയുന്നത്. ഈ കീർത്തനം പില്ക്കാലത്ത് സ്വതന്ത്രമായി രചിക്കപ്പെട്ട ഒരു സങ്കീർത്തനമാണെന്ന് ബൈബിൾ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ടെങ്കിലും ഗാനത്തിന്റെ ഉള്ളടക്കം ഹന്നായുടെ വ്യക്തി മാഹാത്മ്യവും സ്വഭാവസവിശേഷതകളും പ്രകടമാക്കുന്നു എന്നതിൽ സംശയമില്ല.

എളിയവർക്കു ദൈവം നല്കുന്ന കൃപയുടെ മാതൃകയാണ് ഹന്നാ; പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുന്ന വിശ്വാസത്തിന്റെയും ധീരതയുടെയും ഉദാഹരണമാണവൾ. യാഹ്‌വേയുടെ കരുത്തരായ പുത്രിമാരുടെ നിരയിൽ മുൻപന്തിയിൽത്തന്നെയാണ് അവളുടെ സ്ഥാനം. യഥാർത്ഥസ്ത്രീവിമോചനത്തിന്റെ മുന്നണിപ്പോരാളിയാണവൾ. എന്നാൽ, അവളുടെ സപത്നിയായ പെനീന്നായാകട്ടെ മർദ്ദകരായി മാറുന്ന മർദ്ദിതരുടെ ഉദാഹരണമാണ്. സ്ത്രീയുടെ ശത്രു പുരുഷനെക്കാളേറെ സ്ത്രീ തന്നെയാണ് എന്ന് അവളുടെ ഉദാഹരണം വ്യക്തമാക്കുന്നു. ദൈവവും ഭർത്താവുമല്ല, പെനീന്നായും സമൂഹവുമാണ് ഹന്നായ്ക്ക് ദുഃഖകാരണമായത്. എന്നാൽ, അവിടെയും തളരാതെ കർത്താവിൽ ആശ്രയിച്ച് അവൾ തല ഉയർത്തിനിന്നു. “പിന്നീടൊരിക്കലും അവളുടെ മുഖം മ്ലാനമായിട്ടില്ല.”

# 31

## രാഷ്ട്രീയ ചതുരംഗക്കരു
## –മിഖാൽ

**അ**സാധാരണമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് സാവൂളിന്റെ ഇളയ മകളായ മിഖാൽ. "ദൈവതുല്യൻ ആര്?" എന്നർത്ഥമുള്ള മിഖായേൽ എന്ന പേരിന്റെ ഹ്രസ്വരൂപമാണിത് എന്നു പാതുവെ കരുതപ്പെടുന്നു. ദൈവമല്ലാത്ത ആർക്കും മുമ്പിൽ തല കുനിക്കുകയോ ആരാധനയർപ്പിക്കുകയോ ചെയ്യില്ല എന്ന നിശ്ചയദാർഢ്യമാണല്ലോ മിഖായേൽ എന്നപേരിന്റെ ധ്വനി. അതേ സ്വഭാവസവിശേഷത ഈ രാജപുത്രിയിലും കാണാം. (1 സാമു 18, 20–30; 19, 1–17; 25, 44; 2 സാമു 3, 14–16; 6, 12–23 എന്നീ ബൈബിൾ ഭാഗങ്ങൾ മിഖാലിനെക്കുറിച്ച് പ്രതിപാദിക്കുന്നു.

പിതാവിന്റെ അംഗരക്ഷകനായി കൊട്ടാരത്തിൽ വസിക്കുന്ന ദാവീദിനെ സ്നേഹിച്ചു എന്നതാണ് മിഖാലിനെക്കുറിച്ച് ബൈബിൾ നല്കുന്ന ആദ്യത്തെ അറിവ് (1 സാമു 18,20). ആ സ്നേഹം പിതാവിന്റെ അംഗീകാരത്തോടും ആശിർവാദത്തോടും കൂടെത്തന്നെ വിവാഹത്തിലേക്കു നയിച്ചു. എന്നാൽ, തന്നെയും തന്റെ സ്നേഹത്തെയും അധികാരത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ പിതാവ് ഒരായുധമാക്കുകയായിരുന്നുവെന്ന് അവൾ സാവധാനമാണ് മനസ്സിലാക്കിയത്.

സ്ത്രീധനത്തുകയായി സാവൂൾ ആവശ്യപ്പെട്ടത് നൂറു ഫിലിസ്ത്യരുടെ ജഡമായിരുന്നു. ഫിലിസ്ത്യരുമായുള്ള യുദ്ധത്തിൽ ദാവീദ് കൊല്ലപ്പെടും എന്ന് അയാൾ പ്രതീക്ഷിച്ചു. എന്നാൽ, ദാവീദ് ഇരുനൂറ് ഫിലിസ്ത്യരെ വധിച്ച് ഇരട്ടിത്തുക നല്കിയപ്പോൾ സാവൂളിന്റെ പദ്ധതി പാളി; ജനമദ്ധ്യത്തിൽ ദാവീദിന്റെ പ്രശസ്തി ഉയർന്നു. അതിക്രൂരമായ മറ്റൊരു പദ്ധതിയാണ് അപ്പോൾ സാവൂൾ വിഭാവനം ചെയ്തത്. മകളുടെ മണിയറയിൽ വച്ച് മരുമകനെ വധിക്കുക.

വിവരമറിഞ്ഞ മിഖാൽ ധർമ്മസങ്കടത്തിലായി. പിതാവിനും ഭർത്താവിനും ഇടയിൽ ഒരു തിരഞ്ഞെടുപ്പ് നടത്തേണ്ടിവന്നു. തനിക്കു സംഭവിക്കാവുന്ന സകല അപകടങ്ങളെയും മുന്നിൽ കണ്ടുകൊണ്ടുതന്നെ നീതിക്കും സ്നേഹത്തിനും അനുയോജ്യമായ ഒരു നിലപാട് അവൾ സ്വീകരിച്ചു. കൊലയാളികൾ വരുന്നതിനു മുമ്പേ ഭർത്താവിനെ ജനലിലൂടെ ഇറക്കിവിട്ടു. സ്വന്തം ജീവൻ കൈയ്യിലെടുത്തുകൊണ്ടാണ് മിഖാൽ ഭർത്താവിനെ രക്ഷപ്പെടുത്തിയത്. പിതാവിന്റെ കോപവും ശിക്ഷയും മാത്രമേ അന്ന് അവൾ മുന്നിൽ കണ്ടുള്ളൂ. പ്രാണനെക്കാൾ താൻ സ്നേഹിച്ച ഭർത്താവും തന്നെ രാജസിംഹാസനത്തിലേക്കുള്ള ചവിട്ടുപടി മാത്രമായി കരുതും എന്ന് അവൾക്ക് ഊഹിക്കാൻ പോലും കഴിയുമായിരുന്നില്ല.

ഒളിച്ചോടിയ ദാവീദിനെ വേട്ടയാടി പിടിക്കാൻ കഴിയാതെ വന്ന സാവൂൾ മിഖാലിനെ പൽത്തിയേൽ എന്നൊരുവനു ഭാര്യയായി നല്കി. എപ്രകാരമാണ് അവൾ ആ വിവാഹിത്തെ കണ്ടത്, പുതിയ ഭർത്താവിനോടുള്ള അവളുടെ നിലപാട് എന്തായിരുന്നു എന്നൊന്നും ബൈബിൾ പറയുന്നില്ല. അവൾക്കു ശബ്ദമില്ല. ശക്തന്മാരുടെ ചതുരംഗക്കളത്തിലെ ഒരു കരു മാത്രമാണവൾ. തന്റെ ഒളിച്ചോട്ടത്തിനിടയിൽ ദാവീദിന് മറ്റനേകം സ്ത്രീകളെ ലഭിച്ചു. പലരിൽനിന്നും മക്കളുമുണ്ടായി. ആറുപേരുടെ പട്ടിക പേരുസഹിതം ബൈബിൾ നിരത്തുന്നുന്നുണ്ട് (2 സാമു 3,2-5). അപ്പോഴൊന്നും ദാവീദ് തന്റെ ആദ്യ ഭാര്യയായ മിഖാലിനെക്കുറിച്ച് ചിന്തിച്ചതായി കാണുന്നില്ല. ഇസ്രായേൽ ഗോത്രങ്ങളെ മുഴുവൻ ഒരുമിപ്പിച്ച് അവരുടെമേൽ രാജാവാകാനുള്ള സാധ്യത തെളിഞ്ഞപ്പോഴാണ് മിഖാൽ വീണ്ടും ചർച്ചാവിഷയമാകുന്നത്. ലയനചർച്ചക്കു വന്ന സാവൂളിന്റെ സൈന്യാധിപൻ അബ്നേറിനോട് ദാവീദ് ആവശ്യപ്പെടുന്ന ഒന്നേയുള്ളൂ: മിഖാൽ. അത് സ്നേഹത്താൽ പ്രചോദിതമായിരുന്നോ എന്നു സംശയിക്കണം. സാവൂൾ കുടുംബവുമായുള്ള തന്റെ ബന്ധത്തിന്റെ കണ്ണിയാണ് ആ രാജപുത്രി. അവൾ ഇന്ന് മറ്റൊരുവന്റെ ഭാര്യയാണെന്ന കാര്യം പരിഗണിക്കുന്നതേയില്ല. പട്ടാളക്കാർ വീട്ടിൽക്കയറി ബലമായി അവളെ പിടിച്ചുകൊണ്ടുപോരുമ്പോൾ നിലവിളിച്ചുകൊണ്ട് പിന്നാലെ വരുന്ന തന്റെ ഭർത്താവിനെ വിരട്ടിയോടിക്കുന്നതും അവൾ കണ്ടു, നിശ്ശബ്ദയായി. മിഖാലിന്റെ ജീവി

ത്തിലേക്കു കടന്നുവന്ന മൂന്നു പുരുഷന്മാരിൽ, ഒരു പക്ഷേ, പെൽത്തിയേൽ മാത്രമാണ് അവളെ ആത്മാർത്ഥമായി സ്നേഹി ച്ചത്. ഗോത്രങ്ങളെ ഒരുമിപ്പിച്ച കരാറിലെ ബന്ദിയായി മിഖാൽ. മറ്റ് അനേകം ഭാര്യമാരുള്ള ദാവീദിന്റെ അന്തഃപുരത്തിൽ അവളും ചേർന്നു. ദാവീദ് അവൾക്ക് എന്തു സ്ഥാനം നല്കിയെന്ന് ബൈബിൾ പറയുന്നില്ല.

ഉടമ്പടിയുടെ പേടകത്തിനു മുമ്പിൽ ദാവീദു നടത്തിയ നഗ്നനൃത്തവുമായി ബന്ധപ്പെടുത്തിയാണ് മിഖാൽ അവസാന മായി ബൈബിളിൽ പ്രത്യക്ഷപ്പെടുന്നത്(2 സാമു 6,16). "മഹാ രാജാവ് നഗ്നനാണ്" എന്നു വിളിച്ചു പറയാൻ ധൈര്യം കാട്ടു കയും അതിനുവേണ്ടി കനത്ത വില നല്കുകയും ചെയ്ത ധീര യാണ് മിഖാൽ. നേർത്ത ചണവസ്ത്രംകൊണ്ടുള്ള അരക്കച്ച മാത്രം ചുറ്റി പേടകത്തിനു മുമ്പിൽ ദാവീദ് തുള്ളിച്ചാടിയതിന് പല വിശദീകരണങ്ങളും നല്കാനാവും. ദൈവത്തിന്റെ മുമ്പിൽ ശിശുസഹജമായ ആഹ്ലാദം പ്രകടിപ്പിക്കുകയായിരുന്നു എന്ന താണ് ഒരു വ്യാഖ്യാനം. എന്നാൽ, എല്ലാറ്റിലും കണക്കു കൂട്ടുന്ന കുശാഗ്രബുദ്ധിയായ ദാവീദ് ഇവിടെയും വലിയൊരു രാഷ്ട്രീയ ക്കളി നടത്തുകയായിരുന്നു എന്നു കരുതാനും ന്യായമുണ്ട്.

ഉടമ്പടിയുടെ പേടകം ഇസ്രായേൽ ജനത്തിന്റെ ഹൃദയം പോലെയാണ്. അതു തന്റെ നഗരത്തിൽ പ്രതിഷ്ഠിക്കുന്നത് രാഷ്ട്രീയമായും വലിയ നേട്ടമുണ്ടാക്കും എന്നതിൽ സംശയ മില്ല. ജറുസലേം ദൈവത്തിന്റെ നഗരം എന്നറിയപ്പെടുന്നതിനു മുമ്പ് ദാവീദിന്റെ നഗരമായി. പേടകം കൊണ്ടുവരാനുള്ള ആദ്യ ശ്രമം ഉസ്സായുടെ മരണത്തോടെ പരാജയപ്പെട്ടു (2 സാമു 6,6–10). രണ്ടാമത്തെ ഘോഷയാത്രാ മധ്യേയാണ് ദാവീദ് ഉറഞ്ഞു തുള്ളി യത്. ഇതു ഭക്തിലഹരിയാവാം; സന്തോഷമാവാം; ജനത്തിന്റെ ഭയമകറ്റാൻ ഉപയോഗിച്ച തന്ത്രവും ആവാം. എല്ലാം ദൂരെനിന്നു നോക്കിക്കണ്ട മിഖാൽ ദാവീദിന്റെ നൃത്തത്തെ അപഹാസ്യമായ ഒരു രാഷ്ട്രീയകളി മാത്രമായിട്ടാണ് കണ്ടത്. അവൾക്കു നിന്ദ തോന്നി! (2 സാമു 6,17). അത് നേരിട്ട് പറയാനുള്ള ധൈര്യവും അവൾക്കുണ്ടായി.

പിതൃകോപത്തെ ഭയപ്പെടാതെ ഭർത്താവിന്റെ ജീവൻ രക്ഷിച്ച അവൾ ഇപ്പോൾ രാജകോപം ഭയക്കാതെ തനിക്കു ബോധ്യമായ സത്യം തുറന്നു പറഞ്ഞു. "സാവൂളിന്റെ പുത്രി

മിഖാൽ മരണംവരെയും സന്താനരഹിതയായിരുന്നു" (2 സാമു 6,23) എന്ന അർത്ഥഗർഭമായ പ്രസ്താവനയോടെയാണ് ബൈബിൾ അവളെക്കുറിച്ചുള്ള വിവരണം അവസാനിപ്പിക്കുന്നത്. അവൾ വന്ധ്യയായിരുന്നു എന്നല്ല പറയുന്നത്. സന്താനഭാഗ്യം നിഷേധിച്ചത് ദൈവമല്ല, താൻ ജീവനെക്കാൾ സ്നേഹിച്ച ഭർത്താവാണ്. അന്തഃപുരത്തിൽ ഏകയായി, പരിഹാസം ഏറ്റു വാങ്ങി, മരണം കാത്തുകഴിയുന്ന മിഖാൽ എടുക്കുന്ന തീരുമാനങ്ങൾക്ക് വേണ്ട വില കൊടുക്കാൻ തയ്യാറായ ധീരതയുടെ മാതൃകയല്ലേ?

ദാവീദിന്റെ ഭക്തിയുടെയും വ്യക്തിപ്രഭാവത്തിന്റെയും മധ്യത്തിൽ മിഖാലിന്റെ പ്രവൃത്തി ധിക്കാരവും ദൈവനിന്ദയുമായി പരിഗണിക്കപ്പെടാൻ സാധ്യതയുണ്ട്. എന്നാൽ, അപ്രകാരം ഒരു വിധിതീർപ്പ് ബൈബിൾ കല്പിക്കുന്നില്ല. സാഹചര്യങ്ങൾ എല്ലാം പ്രതികൂലവും ഭീഷണവും ആയിരുന്നപ്പോഴും ഉത്തമബോധ്യങ്ങളിൽ ഉറച്ചുനില്ക്കാനും രാജാവിന്റെ മുമ്പിലും നിവർന്നുനിന്ന് തന്റെ ബോധ്യങ്ങൾ ഉറക്കെപ്പറയാനും അവൾ കാട്ടിയ ധീരത, യാതൊരു വിശദീകരണവും വിധിയും കൂടാതെ രേഖപ്പെടുത്തിയിരിക്കുന്നു. ഇവിടെ മിഖാൽ നട്ടെല്ലു നഷ്ടപ്പെടാത്ത സ്ത്രീത്വത്തിന്റെ ഉത്തമോദാഹരണമായി പ്രശോഭിക്കുന്നു. പിതാവിന്റെ അംഗരക്ഷകനോട് മിഖാലിനു തോന്നിയ സ്നേഹത്തിന് എന്തു സംഭവിച്ചു? ആ സ്നേഹം അവൾക്കു നഷ്ടപ്പെട്ടു എന്ന് ബൈബിൾ പറയുന്നില്ല. ഒരു പക്ഷേ, ആ സ്നേഹം തന്നെയല്ലേ, ഇപ്പോൾ മഹാരാജാവായിരിക്കുന്ന തന്റെ ഭർത്താവ് ഇപ്രകാരം അപഹാസ്യമായി തുള്ളിച്ചാടിയതിനെ നേരിട്ട് കുറ്റപ്പെടുത്താൻ പ്രേരിപ്പിച്ചത്? ദാവീദ് മിഖാലിനെ സ്നേഹിച്ചിരുന്നു എന്ന് വി. ഗ്രന്ഥകാരൻ പറയുന്നില്ല എന്നതും ശ്രദ്ധേയമത്രേ. മണിയറയിൽനിന്ന് ജനൽ ചാടിയപ്പോൾ ആ ബന്ധവും അവസാനിച്ചതായി കരുതിയോ? എങ്കിൽ ആരാണ് മെച്ചം? ഭർത്താവിനോടുള്ള സ്നേഹത്തെപ്രതി ജീവൻ പണയപ്പെടുത്തിയ ഭാര്യയോ, അതോ രാജസിംഹാസനത്തിലേക്കുള്ള ചവിട്ടുപടിയായി ഭാര്യയെ ഉപയോഗിച്ച ഭർത്താവോ?

# 32

## പാതാളത്തിൽനിന്നൊരു ദൂത്

## –എൻദോറിലെ മന്ത്രവാദിനി

**ബൈ**ബിളിലെ മറ്റ് അനേകം സ്ത്രീകളെപ്പോലെ പേരില്ലാത്ത ഒരു കഥാപാത്രമാണ് പഠനവിഷയം. ദുരന്തകഥാനായകനായ സാവൂളിന്റെ ജീവിതാന്ത്യവുമായി ബന്ധപ്പെട്ടാണ് അവൾ ബൈബിളിൽ പ്രത്യക്ഷപ്പെടുന്നത്. 1 സാമുവേൽ 28–ാം അധ്യായത്തിൽ വിവരണം കാണാം. സ്വന്തം വാളിൽവീണ് ജീവൻ ഒടുക്കുന്നതിന്റെ തലേ രാത്രി, ഉപദേശം തേടിയാണ് ഇസ്രായേലിന്റെ ആദ്യ രാജാവ് അവളുടെ അടുക്കലെത്തിയത്. തനിക്കെതിരേ അണിനിരന്നിരിക്കുന്ന ഫിലിസ്ത്യ സൈന്യത്തെക്കണ്ട് ഭയവിഹ്വലനായ സാവൂൾ ദൈവഹിതമറിയാൻ തനിക്കു പരിചിതമായ സകല മാർഗങ്ങളും ഉപയോഗിച്ച് പരാജയപ്പെട്ടു. അരുളപ്പാടുകൾ ലഭിച്ചില്ല; തിരുഹിതം അറിയിക്കുന്ന സ്വപ്നമുണ്ടായില്ല. ഉറീംവഴി ഉപദേശം കിട്ടിയില്ല, പ്രവാചകന്മാർ ആരും വഴി പറഞ്ഞുകൊടുത്തില്ല. തന്നെ രാജാവായി അഭിഷേകം ചെയ്ത സാമുവേൽ മരിച്ചു. അദ്ദേഹത്തെത്തന്നെ വിളിച്ചുവരുത്തി ഉപദേശം തേടാൻ വേണ്ടിയാണ് സാവൂൾ എൻദോറിൽ എത്തിയത്.

മനാസ്സെ ഗോത്രത്തിനായി നീക്കിവച്ചെങ്കിലും ജോഷ്വായുടെ കാലത്തു കീഴടക്കാൻ കഴിയാതിരുന്ന കാനാൻകാരുടെ ഒരു പട്ടണമാണ് എൻദോർ (ജോഷ്വ 17:11–12). താബോർ മലയിൽനിന്ന് ഏകദേശം ഏഴുകിലോമീറ്റർ തെക്ക് സ്ഥിതി ചെയ്യുന്ന ഈ പട്ടണത്തിൽ വച്ചാണ് യാബീനും സൈന്യാധിപൻ സിസേറയും ഉന്മൂലനം ചെയ്യപ്പെട്ടത് (സങ്കീ 83,9–10). ഉപദേശം തേടി സാവൂൾ സമീപിച്ച സ്ത്രീ ഒരു കാനാൻകാരി ആയിരുന്നു എന്ന് ഊഹിക്കാൻ മതിയായ ന്യായമുണ്ട്.

‘മന്ത്രവാദിനി’ എന്നാണ് അവൾക്കു നല്കുന്ന വിശേഷണം. മരിച്ചുപോയവരുടെ ആത്മാക്കളുമായി ബന്ധപ്പെട്ട് അവരിൽനിന്ന് സന്ദേശം സ്വീകരിക്കാൻ കഴിവുള്ള ഒരു വ്യക്തിയായി, അഥവാ മൃതസന്ദേശവാഹക (medium) ആയി അവൾ ചിത്രീകരിക്കപ്പെടുന്നു. മരിച്ചവരുടെ ആത്മാക്കൾക്ക് ഭാവിയെ സംബന്ധിച്ച രഹസ്യങ്ങൾ അറിയാമെന്നും ചില പ്രത്യേക സിദ്ധികൾ ഉള്ളവർക്ക് ആത്മാക്കളെ വിളിച്ചുവരുത്തി രഹസ്യം ചോർത്തിയെടുക്കാൻ കഴിയുമെന്നും ഉള്ള വിശ്വാസം അന്ന് കാനാൻകാരുടെ ഇടയിൽ നിലവിലിരുന്നു. ഈ വിശ്വാസം ഇസ്രായേൽക്കാരെയും സ്വാധീനിക്കുകയും അങ്ങനെ ഒരു കെണിയായിത്തീരുകയും ചെയ്യാതിരിക്കാൻവേണ്ടി മൃതരുടെ സന്ദേശം സ്വീകരിക്കുന്നതു വിലക്കുകയും മൃതസന്ദേശവാഹകരെ വധിക്കാൻ നിർദേശിക്കുകയും ചെയ്യുന്ന ബൈബിൾ ഭാഗങ്ങളുണ്ട് (നിയ 18,10-11). ഈ നിയമത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട സാവൂൾ മന്ത്രവാദിനികളെയും മൃതസന്ദേശ വാഹകരെയും ദേശത്തുനിന്ന് ഉന്മൂലനം ചെയ്തിരുന്നു (1 സാമു 28,3). നിഷിദ്ധമെന്ന് വിശ്വസിച്ച് നശിപ്പിക്കാൻ ശ്രമിച്ചവരുടെ അടുത്തേക്കാണ് സാവൂൾ അവസാനം തിരിയുന്നത്.

മന്ത്രവാദിനിയെന്ന വിശേഷണത്തോടെ ബൈബിൾ അവതരിപ്പിക്കുന്ന സ്ത്രീയുടെ ചില സവിശേഷതകൾ ശ്രദ്ധയർഹിക്കുന്നു. മറ്റു മന്ത്രവാദികൾ ഉന്മൂലനം ചെയ്യപ്പെട്ടപ്പോൾ വധശിക്ഷയിൽനിന്ന് ഒഴിഞ്ഞുനില്ക്കാൻ അവൾക്കു കഴിഞ്ഞു. അവൾ ഭയന്ന് ഒളിവിൽ കഴിയുകയായിരുന്നു എന്ന സൂചന അവളുടെ തന്നെ വാക്കുകളിലുണ്ട് (1 സാമു 28,9).

വേഷപ്രച്ഛന്നനായി തന്നെ സമീപിച്ച സാവൂളിനെ അവൾ ആദ്യം തിരിച്ചറിഞ്ഞില്ല. തന്റെ സേവനം തേടി വന്നിരിക്കുന്നയാൾ തനിക്കു കെണിയൊരുക്കുകയാണോ എന്ന് അവൾ ന്യായമായും സംശയിച്ചു. തനിക്കൊരാപത്തും വരുകയില്ലെന്ന് കർത്താവിന്റെ നാമത്തിൽ ഉറപ്പുവരുത്തിയതിനുശേഷമാണ് അവൾ സാവൂളിന്റെ അഭ്യർത്ഥനയ്ക്കു വഴങ്ങുന്നത്. തികഞ്ഞ വിവേകത്തോടെ തീരുമാനങ്ങൾ എടുക്കുന്ന ഒരു വ്യക്തിയാണവൾ.

മരിച്ചവർ പാതാളത്തിൽ ഉറങ്ങുകയാണെന്നും ചില പ്രത്യേക സിദ്ധികളും തന്ത്രങ്ങളും വഴി അവരെ ഉണർത്തി തിരി

ച്ചുകൊണ്ടുവരാൻ കഴിയുമെന്നുമുള്ള വിശ്വാസം ഇവിടെ പ്രതിഫലിക്കുന്നുണ്ട്. അതിനെ ബൈബിൾ ഗ്രന്ഥകാരൻ നിരാകരിക്കുന്നില്ല. എന്നാൽ, ഇസ്രായേലിന് നിഷിദ്ധമായൊരു പ്രവൃത്തിയാണിത് എന്ന് ഊന്നിപ്പറയുന്നുണ്ട്.

പാതാളത്തിൽ നിന്നുയർന്നുവന്ന സാമുവേലിനെ കണ്ട് ഭയചകിതയായ മന്ത്രവാദിനി സാവൂളിനെയും തിരിച്ചറിഞ്ഞു. തന്റെ വ്യക്തിത്വം ഒളിച്ചുവയ്ക്കാൻ കഴിയാതിരുന്ന സാവൂൾ സാമുവേലിൽനിന്ന് നേരിട്ടുതന്നെയാണ് സന്ദേശം സ്വീകരിക്കുന്നത്. അത് പിറ്റേന്ന് നിറവേറാനിരുന്ന മരണശിക്ഷയുടെ വിധിവാചകമായിരുന്നു. മരിച്ചവരെ വിളിച്ചുവരുത്താൻ ശ്രമിക്കുന്നത് മൗഢ്യം മാത്രമല്ല, മാരകവുമായിരിക്കും എന്ന ഒരു ധ്വനിയും ഈ വിവരണത്തിലുണ്ട്.

സാമുവേലിനെ കണ്ടും ശിക്ഷാവിധി കേട്ടും ഭയന്ന് നിലത്തുവീണ സാവൂളിന് ശക്തിയും ധൈര്യവും പകരുന്നതിലൂടെ എൻദോറിലെ മന്ത്രവാദിനിയുടെ വ്യക്തിത്വത്തിന്റെ മറ്റൊരു ഭാവാത്മകവശം പ്രകടമാകുന്നു. "അവൻ പരിഭ്രാന്തനാണെന്നു കണ്ട് അവൾ പറഞ്ഞു: ഇതാ, അങ്ങയുടെ ദാസി അങ്ങയെ അനുസരിച്ചു. ജീവൻ ഉപേക്ഷിച്ചുപോലും അങ്ങെന്നോടാവശ്യപ്പെട്ടത് അനുസരിച്ചു. ഇപ്പോൾ അങ്ങ് ഈ ദാസിയുടെ വാക്ക് കേൾക്കണമേ. ഞാൻ ഒരു കഷണം അപ്പം അങ്ങേക്കു തരട്ടെ? യാത്രയ്ക്കു ശക്തി ലഭിക്കാൻ അങ്ങ് അതു ഭക്ഷിക്കണം" (1 സാമു 28,21-22). അവളുടെയും ഭൃത്യന്മാരുടെയും നിർബന്ധത്തിനു വഴങ്ങി സാവൂൾ ഭക്ഷണം കഴിച്ചു. അത് മെഴുത്ത പശുക്കിടാവിനെക്കൊന്ന് ഒരുക്കിയ വിരുന്നായിരുന്നു, സാവൂളിന്റെ അന്ത്യ അത്താഴം!

മന്ത്രവാദിനിയെന്ന് മുദ്രകുത്തി കൊലയ്ക്ക് ഉഴിഞ്ഞിട്ടിരുന്ന അവളിൽ കനിവിന്റെ ഉറവകൾ വറ്റാതെ കിടന്നു. തന്നെപ്പോലുള്ളവരെ നശിപ്പിക്കാൻ കല്പന നല്കിയ ഇസ്രായേൽ രാജാവിനെ, സ്വന്തം ജീവൻ അപകടപ്പെടുത്തിക്കൊണ്ടുപോലും സഹായിക്കാൻ അവൾ തയ്യാറായി. ശിക്ഷാവിധി കേട്ടു ഭയന്ന അയാൾക്കു അവൾ ധൈര്യം പകർന്നു; യാത്രയ്ക്കു വേണ്ട ശക്തി നല്കാനായി ആഹാരവും. "ശത്രുവിന് വിശക്കുമ്പോൾ ആഹാരവും ദാഹത്തിനു ജലവും കൊടുക്കുക" (സുഭാ 25, 21). എന്ന സുവർണനിയമം അവൾ അനുസരിച്ചു. സുനിശ്ചിതമായ

മരണത്തിലേക്കു നടന്നുനീങ്ങുന്ന അയാളിൽനിന്ന് തനിക്ക് യാതൊരു പ്രതിഫലവും പ്രതീക്ഷിക്കാനില്ല എന്ന് വ്യക്തമായി അറിഞ്ഞുകൊണ്ടുതന്നെയാണ് അവൾ സുഭിക്ഷമായൊരു വിരുന്നൊരുക്കിയത്.

സമൂഹം അയിത്തം കല്പിച്ചും രാജാവ് വധശിക്ഷ വിധിച്ചും മാറ്റി നിർത്തിയ അവൾക്കും ബൈബിളിൽ ഇടം നല്കിയിരിക്കുന്നു! ത്യാഗോജ്ജ്വലവുംനിസ്വാർത്ഥവുമായ സ്നേഹത്തിന്റെ മാതൃക അവളിൽ കാണാം. എനിക്ക് എന്തു നേട്ടമുണ്ടാകും എന്നു കണക്കു കൂട്ടുന്ന കച്ചവടക്കണ്ണിലൂടെ സേവനംപോലും വിലയിരുത്തുന്ന ആധുനിക സമൂഹത്തിനും സാമൂഹികസേവകർക്കും എൻദോറിലെ മന്ത്രവാദിനിയിൽ നിന്ന് ഏറെ പഠിക്കാനുണ്ട്.

അവളുടെ തൊഴിലിനെ ന്യായീകരിക്കുകയോ, കഴിവുകളെ വിലയിരുത്തുകയോ, പ്രേതത്തെ വിളിച്ചുണർത്തുന്ന പ്രവൃത്തിയെ വിധിക്കുകയോ ചെയ്യാതെ, ഭയവിഹ്വലനായ ഒരു ഹതഭാഗ്യന് അവൾ നല്കിയ നിസ്വാർത്ഥസേവനവും അതിനായി പ്രകടിപ്പിച്ച ധൈര്യവും ബൈബിൾ എടുത്തു കാട്ടുന്നു. അതുതന്നെ ആയിരിക്കും എൻദോറിലെ മന്ത്രവാദിനിയിലൂടെ ദൈവം നല്കാൻ ആഗ്രഹിക്കുന്ന സന്ദേശവും. കപടഭക്തർക്കു മുമ്പേ സ്വർഗരാജ്യത്തിലേക്കു പോകുന്ന ചുങ്കക്കാരെയും വേശ്യകളെയും കുറിച്ചുള്ള ഗുരുമൊഴി (മത്താ 21, 31) അന്വർത്ഥമാക്കുന്നതാണ് അവളുടെ വ്യക്തിത്വം.

# 33

## ഭോഷന്റെ ഭാര്യ, വിവേകവതി
## – അബിഗായിൽ

ധനികനായ നാബാലിന്റെ ഭാര്യയായിരുന്നു അബിഗായിൽ. യൂദയായിൽ, ഹെബ്രോൺ നഗരത്തിന് ഏകദേശം 12 കി.മീ. തെക്കു കിഴക്കായി സ്ഥിതി ചെയ്യുന്ന കാർമൽ പട്ടണത്തിലാണ് അവർ വസിച്ചിരുന്നത്. (പാലസ്തീനായുടെ വടക്കു പടിഞ്ഞാറുള്ള കാർമൽ മലയല്ല ഇവിടെ വിവക്ഷിക്കുന്നത്.) ധാരാളം ആടുമാടുകളും കൃഷി സ്ഥലവും സ്വന്തമായുണ്ടായിരുന്ന, അതീവ സമ്പന്നനായ നാബാലിന്റെ ഭാര്യ എങ്ങനെ ദാവീദിന്റെ ഭാര്യയായിത്തീർന്നു എന്ന കഥ 1സാമു 25 ൽ വിശദമായി വിവരിക്കുന്നുണ്ട്. ആ വിവരണത്തിൽനിന്ന് അബിഗായിലിന്റെ അസാധാരണ വ്യക്തിത്വം വെളിവാകുന്നു.

മൂവായിരം ചെമ്മരിയാടുകളും ആയിരം കോലാടുകളും സ്വന്തമായുണ്ടായിരുന്ന നാബാൽ ഒരിക്കൽ വിരുന്നാഘോഷിക്കുകയായിരുന്നു. ആണ്ടിലൊരിക്കൽ ആടുകളുടെ രോമം കത്രിക്കും. അത് വലിയ ആഘോഷത്തിന്റെ അവസരമാണ്. ധാരാളം വിരുന്നുകാരുണ്ടാവും. വരുന്നവർക്കെല്ലാം സമൃദ്ധമായ ഭക്ഷണവും മതിവരുവോളം വീഞ്ഞും വിളമ്പും. ഈ ആഘോഷത്തെക്കുറിച്ച് അറിഞ്ഞ ദാവീദ് തന്റെ അനുചരന്മാരിൽ പത്തു പേരെ നാബാലിന്റെ അടുക്കലേക്കയച്ചു, വിരുന്നിന്റെ പങ്ക് തന്റെ അനുയായികൾക്കും നല്കണമെന്ന അപേക്ഷയുമായി.

തന്നെ വേട്ടയാടുന്ന സാവൂൾ രാജാവിനെ ഭയന്ന് ദാവീദ് മരുഭൂമിയിലും ഗുഹകളിലും ഒളിച്ചു കഴിയുന്ന കാലമായിരുന്നു അത്. അതു നന്നായി അറിയാമായിരുന്ന നാബാൽ ദൂതന്മാർക്ക് ഒന്നും കൊടുത്തില്ല എന്നുമാത്രവുമല്ല, യജമാനനിൽനിന്ന്

ഒളിച്ചോടിയ അടിമയെന്ന് ദാവീദിനെ പരിഹസിക്കുകയും ദൂതന്മാരെ അവഹേളിച്ച് അയയ്ക്കുകയും ചെയ്തു. ക്രുദ്ധനായ ദാവീദ് നാബാലിന്റെ കുടുംബത്തെ ഉന്മൂലനം ചെയ്യാൻ ശപഥം ചെയ്ത് നാനൂറ് പടയാളികളുമായി പുറപ്പെട്ടു.

ഒളിവിലായിരുന്നെങ്കിലും ദാവീദ് ഒരു വലിയ സംഘത്തിന്റെ തലവനായിരുന്നു. അസംതൃപ്തരായ സകലരും അവനോടു ചേർന്നിരുന്നു. ഫിലിസ്ത്യഗ്രാമങ്ങൾ കൊള്ളയടിച്ചും ആളുകളെ ഭീഷണിപ്പെടുത്തിയുമാണ് അവർ ഉപജീവനം കഴിച്ചിരുന്നത്. തന്നെ അംഗീകരിക്കുകയും സഹായിക്കുകയും ചെയ്യുന്നവരെ ഉപദ്രവിക്കുകയില്ല; അവരെ മറ്റു തസ്കരസംഘങ്ങളിൽ നിന്ന് രക്ഷിക്കുകയും ചെയ്യും. ഇപ്രകാരം ഒരു സംരക്ഷണം നാബാലിനും നല്കിയിരുന്നു എന്ന അവകാശവാദവുമായിട്ടാണ് ദാവീദ് ദൂതന്മാരെ അയച്ചതെങ്കിലും ദാവീദിനെ ഒരു കൊള്ളത്തലവനായിട്ടേ നാബാൽ കണ്ടുള്ളൂ.

ഈ സാഹചര്യത്തിലാണ് അബിഗായിൽ രംഗത്തു വരുന്നത്. ഭർത്താവിന്റെ വിവേകശൂന്യമായ പ്രവൃത്തി വരുത്തിവച്ചിരിക്കുന്ന ദുരന്തത്തെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കിയ അവൾ അതിവേഗം തീരുമാനങ്ങൾ എടുത്തു. ഭർത്താവ് അറിയാതെ വിരുന്നിന് ആവശ്യമായ വിഭവങ്ങൾ കഴുതകളുടെ പുറത്തുകയറ്റി സേവകരെയും കൂട്ടി അവൾ ദാവീദിന്റെ അടുക്കലേക്ക് ഒരു നിവേദനവുമായി പുറപ്പെട്ടു. തന്റെയും കുടുംബത്തിന്റെയും ജീവനും സമ്പത്തും സംരക്ഷിക്കുക എന്നതായിരുന്നു മുഖ്യലക്ഷ്യം. വിവേകപൂർണവും തന്ത്രപരവുമായ നീക്കങ്ങളും വാക്കുകളും വഴി അവൾ ലക്ഷ്യംനേടി. ദാവീദിനെ വിനാശകരമായ ഉദ്യമത്തിൽനിന്ന് പിന്തിരിപ്പിക്കാൻ അവൾക്കു കഴിഞ്ഞു.

ഇതെല്ലാം നടക്കുമ്പോൾ നാബാൽ വീഞ്ഞിന്റെ ലഹരിയിൽ മയങ്ങി അബോധാവസ്ഥയിലായിരുന്നു. പിറ്റേന്ന് ലഹരി വിട്ട് ഉണർന്നപ്പോൾ അബിഗായിൽ കാര്യങ്ങൾ വിശദമായി പറഞ്ഞു. താൻ നേരിട്ട അപകടത്തിന്റെ ഗൗരവം ഒരു വെള്ളിടി പോലെ അയാളുടെ ബോധമണ്ഡലത്തിൽ പതിച്ചു. അതിന്റെ ആഘാതം അയാളെ തളർത്തി; ഏതാനും ദിവസങ്ങൾക്കുള്ളിൽ അയാൾ മരിച്ചു.

നാബാലിന്റെ മരണത്തെക്കുറിച്ച് അറിഞ്ഞ ദാവീദ് ദൂതന്മാരെ അയച്ച് അബിഗായിലിന്റെ അടുക്കൽ വിവാഹാഭ്യർത്ഥന

നടത്തി. സന്തോഷത്തോടെ, ഒപ്പം വലിയ വിനയത്തോടെ, അവൾ അഭ്യർത്ഥന സ്വീകരിച്ചു. അങ്ങനെ അബിഗായിൽ ദാവീദിന്റെ രണ്ടാമത്തെ ഭാര്യയായി. അവൾ അയാളെ ആദ്യം ഗത്തിലേക്കും പിന്നീട് ഹെബ്രോണിലേക്കും അനുഗമിച്ചു. ഹെബ്രോണിൽവച്ച് ഒരു പുത്രനെ പ്രസവിച്ചു. ആ ശിശുവിനെ 2 സാമു 3,3 ൽ ഖിലെയാബ് എന്നും, 1 ദിന 3,1 ൽ ദാനിയേൽ എന്നും വിളിക്കുന്നു.

ബൈബിൾ നല്കുന്ന വിവരണങ്ങൾ അബിഗായിലിന്റെ അസാധാരണ വ്യക്തിത്വത്തിന് ഊന്നൽ നല്കുന്നതാണ്. അവൾക്ക് ഒരു പേരുണ്ട് എന്നതാണ് ആദ്യമേ നാം കാണുന്നത്. "എന്റെ പിതാവ് സന്തോഷിക്കുന്നു" എന്നാണ് പേരിന്റെ അർത്ഥം. ഇതുപോലെ ഒരു മകൾ ഉണ്ടാകുന്ന ഏതു പിതാവും സന്തോഷിക്കും; ഏതു ഭർത്താവും അഭിമാനിക്കും. "അവൾ വിവേകവതിയും സുന്ദരിയുമായിരുന്നു" (1 സാമു 25,3) എന്ന് ബൈബിൾ എടുത്തു പറയുന്നുണ്ട്. ഈ രണ്ടു ഗുണങ്ങളും തുടർന്നുള്ള അവളുടെ പ്രവർത്തനങ്ങളിൽ നിർണായക പ്രാധാന്യം വഹിക്കുന്നു.

ഭർത്താവിനോട് അനുവാദം വാങ്ങുകയോ ആലോചിക്കുകയോ ചെയ്യാതെ സ്വന്തമായി തീരുമാനങ്ങളെടുത്തു നടപ്പിലാക്കാൻ കഴിവും അധികാരവും അവൾക്കുണ്ട്. സേവകന്മാർ ഭർത്താവിനെക്കാൾ അവളെയാണ് വിശ്വസിക്കുന്നതും അനുസരിക്കുന്നതും. ലാഘവബുദ്ധിയോടെ, വിവേകശൂന്യമായി അപകടം വിളിച്ചുവരുത്തുകയും അതറിയാതെ മദ്യപിച്ച് ഉന്മത്തനാവുകയും ചെയ്യുന്ന വിഡ്ഢി നാബാൽ ഒരുവശത്ത്. അവഹേളിക്കപ്പെട്ടതിന്റെ പേരിൽ ഒരു വംശത്തെമുഴുവൻ ഉന്മൂലനം ചെയ്യാൻ തീരുമാനിച്ച് സൈന്യവുമായി പുറപ്പെട്ടിരിക്കുന്ന ക്രുദ്ധനായ ദാവീദു മറുവശത്ത്. ഈ രണ്ടു പുരുഷന്മാർക്കിടയിലാണ് അബിഗായിൽ നില്ക്കുന്നത്. അവളുടെ ഓരോ നീക്കവും വാക്കും തികഞ്ഞ വിവേകവും നയതന്ത്രചാതുരിയും പ്രകടമാക്കുന്നു.

താൻ നല്കുന്ന കാഴ്ചവസ്തുക്കൾകൊണ്ട് ദാവീദിന്റെ മനസ്സു തിരിക്കാം എന്ന് അവൾ കരുതുന്നില്ല. സംഭാഷണത്തിനുള്ള ഒരുക്കം മാത്രമാണ് മുൻപേ അയയ്ക്കുന്ന സമ്മാനങ്ങൾ. "അവന്റെയാളുകളിൽ ഒരുവനെയെങ്കിലും പുലരുന്നതുവരെ ജീവനോടെയിരിക്കാൻ ഞാൻ അനുവദിച്ചാൽ ദൈവം ദാവീ

ദിന്റെ ജീവൻ എടുത്തുകൊള്ളട്ടെ" (1 സാമു 25, 22) എന്ന ഉഗ്ര ശപഥവുമായി വരുന്ന ദാവീദിനെ എങ്ങനെയാണ് നേരിടുക? ആയുധധാരികളായ 400 പടയാളികളെ നയിക്കുന്ന കോപാവിഷ്ഠനായ ദാവീദിന്റെ മുമ്പിൽ, നിരായുധയായി, എന്നാൽ, ആയിരംപേർക്കാവശ്യമായ ഭക്ഷണചുമടുകളെടുത്ത കഴുതകളെ അനുഗമിക്കുന്ന അബിഗായിൽ. രണ്ടു സംഘങ്ങൾ തമ്മിലുള്ള വ്യത്യാസം ശ്രദ്ധേയമാണ്. നശിപ്പിക്കാൻ കച്ചകെട്ടി യിറങ്ങിയിരിക്കുന്ന പുരുഷന്റെ കരുത്തും ജീവൻ പരിപോഷിപ്പിക്കാൻ ആഹാരവുമായി വരുന്ന സ്ത്രീയുടെ വിവേകവും ഇവിടെ മുഖാഭിമുഖം നിന്നു.

അബിഗായിൽ തിടുക്കത്തിൽ കഴുതപ്പുറത്തു നിന്നിറങ്ങി ദാവീദിന്റെ മുമ്പിൽ സാഷ്ടാംഗം നമസ്ക്കരിച്ചു. ഏറ്റുമുട്ടലില്ല; സ്വയം ന്യായീകരിക്കാൻ ശ്രമവുമില്ല. എല്ലാം അടിയറവയ്ക്കുന്ന മനോഭാവമാണ് മണ്ണിൽ കമിഴ്ന്നുവീണുകിടക്കുന്ന അബിഗായിൽ പ്രകടമാക്കുന്നത്. അതുതന്നെ ദാവീദിന്റെ പ്രതികാരചിന്തയ്ക്കു കടിഞ്ഞാണിടാൻ പര്യാപ്തമായിരുന്നു. തുടർന്നുള്ള സംഭാഷണത്തിൽ ശ്രദ്ധാപൂർവ്വം തെരഞ്ഞെടുത്ത വാക്കുകളാണ് അവൾ ഉപയോഗിക്കുന്നത്. ഭർത്താവിന്റെ ഭോഷത്വവും അവിവേകവും അംഗീകരിച്ച്, അതിന്റെ ഉത്തരവാദിത്വവും അതർഹിക്കുന്ന ശിക്ഷയും ഏറ്റെടുക്കാൻ അവൾ സന്നദ്ധയാണ്. നാബാലിനെ ശപിച്ചുതള്ളിപ്പറയാനും അവൾ മടിക്കുന്നില്ല. താൻ കൊണ്ടു വന്നിരിക്കുന്ന കാഴ്ചകളെക്കുറിച്ച് സൂചിപ്പിച്ചതിനുശേഷം തികച്ചും ദൈവശാസ്ത്രപരമായ ഒരു വിചിന്തനത്തിലേക്കാണ് അബിഗായിൽ കടക്കുന്നത്.

ദൈവത്തിന്റെ പ്രത്യേക സംരക്ഷണം അനുഭവിക്കുന്ന തെര ഞ്ഞെടുക്കപ്പെട്ടവനാണ് ദാവീദ്. അയാളുടെ ശത്രുക്കളെയെല്ലാം ദൈവംതന്നെ പരാജയപ്പെടുത്തും. ദാവീദിനെ ദൈവം ഇസ്രായേലിന്റെ മുഴുവൻ രാജാവാക്കും. ഇവിടെ അബിഗായിൽ ഒരു പ്രവാചകിയായി മാറുന്നു. തുടർന്നുള്ള വിചിന്തനം കൂടുതൽ ശ്രദ്ധേയമാണ്. "കാരണമില്ലാതെ രക്തം ചിന്തിയെന്നോ, സ്വന്തം കൈകൊണ്ട് പ്രതികാരം ചെയ്തെന്നോ ഉള്ള വ്യഥയും മനഃസാക്ഷിക്കുത്തും അങ്ങേക്കുണ്ടാവില്ല" (1 സാമു 25:31). താൻ പ്രതികാരം ചെയ്യുകയില്ല എന്ന് ദാവീദ് പലതവണ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട് (1 സാമു 24:12). പ്രതികാരം ദൈവത്തിനു വിട്ടുകൊടുക്കാൻ ഇപ്പോൾ അബിഗായിൽ അയാളെ പ്രേരിപ്പിക്കുന്നു.

അതോടൊപ്പം അയാൾ ചെയ്യാൻ പോകുന്നത് വലിയൊരപരാധമാണെന്ന് സൂചിപ്പിക്കുകയും ചെയ്യുന്നു. "അകാരണമായി രക്തം ചിന്തി" എന്ന പ്രയോഗത്തിന്റെ ധ്വനി അതാണല്ലോ. പ്രവചനം പൂർത്തിയായി കഴിയുമ്പോൾ തന്നെയും അനുസ്മരിക്കണം എന്ന യാചനയോടെയാണ് അബിഗായിൽ പ്രഭാഷണം അവസാനിപ്പിക്കുന്നത്.

ഇത് ദാവീദിന്റെ ക്രോധം ശമിപ്പിച്ചു; മാത്രമല്ല ഇരുവർക്കുമിടയിൽ ഒരു സമാധാന ഉടമ്പടി രൂപംകൊള്ളുകയും ചെയ്തു. അബിഗായിലിന്റെ ദൈവശാസ്ത്ര വിചിന്തനം ആവർത്തിക്കാനേ ദാവീദിന് കഴിയുന്നുള്ളൂ (സാമു 25, 32-34). അവളുടെ വിവേകത്തെ പുകഴ്ത്തുന്ന ദാവീദ് വലിയൊരു വിപത്തിൽനിന്ന് രക്ഷപ്പെട്ടതിന്റെ പേരിൽ ദൈവത്തെ സ്തുതിച്ചു. എന്നാൽ, ഇത് ഒരു തുടക്കം മാത്രമായിരുന്നു.

കഥ തുടരുമ്പോൾ അബിഗായിൽ വിധവയായിത്തീരുന്നു, വലിയ സമ്പത്തിന്റെ ഉടമയും. അവളെ സ്വീകരിക്കുന്നതിലൂടെ ദാവീദിന് വിവേകവതിയും വിധവയെങ്കിലും സുന്ദരിയുമായ ഒരു ഭാര്യയെ മാത്രമല്ല, വലിയ സമ്പത്തും ഒരു പ്രദേശത്തു മുഴുവൻ രാഷ്ട്രീയ സ്വാധീനവും ലഭ്യമാകുന്നു. അഭയാർത്ഥിയായി അലഞ്ഞുനടന്ന ആട്ടിടയനെ സംബന്ധിച്ചിടത്തോളം അത് നിസ്സാരമായൊരു കാര്യമല്ല.

ദാവീദുമായുള്ള കണ്ടുമുട്ടലിൽ അബിഗായിൽ പ്രകടമാക്കിയ നയതന്ത്രചാതുരിയും വിവേകവും മറ്റൊന്നുകൂടി വ്യക്തമാക്കുന്നുണ്ട്. നിലനില്പിനും വളർച്ചയ്ക്കുമുള്ള അവളുടെ കഴിവും ദീർഘവീക്ഷണവും. ലക്കുകെട്ട് മദ്യപിച്ച് തന്റെയും കുടുംബത്തിന്റെയും ജീവൻതന്നെ അപകടത്തിലാക്കുന്ന ഭോഷനായ ഭർത്താവിനെക്കാൾ ധീരസേനാനിയും ഭാവി രാജാവുമായ ദാവീദിനോടു പക്ഷംചേരാൻ അവൾ തീരുമാനിച്ചു. അത് പുതിയൊരു സഖ്യത്തിനു വഴിതെളിച്ചു. അതിലൂടെ കുടുംബത്തെ രക്ഷിക്കാനും സുസ്ഥിതി ഉറപ്പുവരുത്താനും അവൾക്കു കഴിഞ്ഞു. ഭോഷനായ ഭർത്താവിന്റെ അകാലമരണം അവളെ ഒട്ടും ദുഃഖിപ്പിച്ചില്ല. മറിച്ച്, ദൈവം നല്കിയ ഒരു അവസരമായിട്ടാണ് കണ്ടത്. ദാവീദിന്റെ ഭൃത്യന്മാരെ അവൾ സന്തോഷത്തോടെ അനുഗമിച്ചു. വീണ്ടും ദാവീദിനെ നിലംപറ്റെ താണുതൊഴുത് തന്റെ ദാസി ഭാവം ഏറ്റുപറയുന്ന അവൾ വിവേകവും വിനയവും നയതന്ത്രപാടവവും പ്രകടമാക്കുന്നു.

# 34

## സൗന്ദര്യം ഒരുക്കിയ കെണി
## – ബത്ഷേബാ

**ഊ**റിയായുടെ ഭാര്യയും സോളമൻ രാജാവിന്റെ മാതാവുമാണ് ബത്ഷേബാ. സമൃദ്ധിയുടെ പുത്രി എന്നാണ് പേരിന്റെ അർത്ഥം. രണ്ടുതവണ ബൈബിളിൽ പ്രത്യക്ഷപ്പെടുന്ന ശക്തമായ ഒരു സ്ത്രീ കഥാപാത്രമാണ് ബത്ഷേബാ. ദാവീദു രാജാവിന്റെ പതനത്തിനു തുടക്കം കുറിച്ചുകൊണ്ടാണ് അവൾ ആദ്യം പ്രത്യക്ഷപ്പെടുന്നത് (2 സാമു 11-12); സോളമന്റെ സിംഹാസനാരോഹണവുമായി ബന്ധപ്പെട്ട് രണ്ടാം തവണയും (1 രാജാ 12-2). ആദ്യത്തെതവണ ശക്തനായ രാജാവിന്റെ കാമാഗ്നിയിൽ എരിയുന്ന നിസ്സഹായയായി കാണപ്പെടുന്ന ബത്ഷേബാ രണ്ടാം തവണ അന്തഃപുരത്തിലെ ഉപജാപങ്ങളിലൂടെ മകൻ സോളമനെ സിംഹാസനത്തിൽ ഇരുത്തുകയും അവന്റെ ശത്രുക്കളുടെ ഉന്മൂലനത്തിനു വഴിയൊരുക്കുകയും ചെയ്യുന്ന അതിസമർത്ഥയായ ഒരു നയതന്ത്രജ്ഞയായി പ്രത്യക്ഷപ്പെടുന്നു.

ശത്രുക്കളെയെല്ലാം കീഴടക്കി, നാടിനു സ്വസ്ഥതയും സമാധാനവും ഉറപ്പുവരുത്തിയ ദാവീദ് അയൽരാജ്യങ്ങൾ പിടിച്ചടക്കി ദേശത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കാനുള്ള ഉദ്യമത്തിലാണ്. എന്നാൽ, പതിവിനു വിരുദ്ധമായി പടയാളികളെ പടവെട്ടാൻ വിട്ടിട്ട് ദാവീദ് തന്റെ കൊട്ടാരത്തിൽ സുഖാലസനായി കഴിയുന്നു. മധ്യാഹ്നനിദ്രയ്ക്കുശേഷം മട്ടുപ്പാവിൽ ഉലാത്തുന്ന രാജാവ് അകലെ കുളിക്കുന്ന ബത്ഷേബായുടെ സൗന്ദര്യത്തിൽ അകൃഷ്ടനാകുന്നതോടെ കഥയുടെ ഗതിമാറുന്നു; അതോടെ ദാവീദിന്റെ ജീവിതഗതി മാത്രമല്ല, ഇസ്രായേൽ ചരിത്രത്തിന്റെതന്നെ വഴി മാറുകയായി.

തനിക്കുവേണ്ടി ജീവൻ അപകടത്തിലാക്കി പടപൊരുതുന്ന സൈന്യാധിപന്റെ ഭാര്യയാണെന്നറിഞ്ഞിട്ടും ദാവീദ് അവളെ അന്തഃപുരത്തിലേക്കു വരുത്തി. താൻ ഗർഭിണിയാണ് എന്ന ഒറ്റ വാക്കുമാത്രമേ ഈ സംഭവപരമ്പരയിൽ ബത്ഷേബായുടേതായി രേഖപ്പെടുത്തിയിട്ടുള്ളൂ; അതും സേവകർവഴി രാജാവിനെ അറിയിക്കുന്ന ഒരു സന്ദേശമായി. ജനിക്കാൻ പോകുന്ന ശിശുവിന്റെ പിതൃത്വം അവളുടെ ഭർത്താവിന്റെമേൽ കെട്ടിവയ്ക്കാനുള്ള ദാവീദിന്റെ ശ്രമം പരാജയപ്പെട്ടു. അടുത്തപടി ഊറിയായെ വധിക്കാനും എന്നാൽ, അതിൽ തന്റെ ഉത്തരവാദിത്വം പരസ്യമാകാതിരിക്കാനുള്ള തന്ത്രങ്ങൾ മെനയുകയാണ്. രാജാവിന്റെ ഹിതം അറിഞ്ഞ സർവ്വസൈന്യാധിപൻ യോവാബ് ഊറിയായുടെ മരണം ഉറപ്പുവരുത്തി; അത് യുദ്ധത്തിൽ സംഭവിച്ച ഒരു സ്വാഭാവിക മരണമായി ചിത്രീകരിക്കുകയും ചെയ്തു.

ദാവീദിന്റെ വിശ്വസ്ത ഉപദേഷ്ടാവായ അഹിത്തോഫലിന്റെ മകൻ ഏലിയാമായിരുന്നു ഊറിയായുടെ പിതാവ്. ഏലിയാമാകട്ടെ ദാവീദിന്റെ വിശ്വസ്തനും വീരപരാക്രമികളുമായ മുപ്പതു സൈന്യാധിപന്മാരിൽ ഒരുവനായിരുന്നു (2സാമു 15,12;23,35). ഇങ്ങനെ മൂന്നു തലമുറകളായി തനിക്കു വിശ്വസ്തതയോടെ സേവനമനുഷ്ഠിക്കുന്ന ഒരു കുടുംബത്തെയാണ് ദാവീദിന്റെ കാമാസക്തി തകർത്തത്. അതിലെ നിശ്ശബ്ദയായ ബലിയാടാണ് ബത്ഷേബാ. ഭർത്താവിന്റെ മരണത്തിൽ അവൾ വിലപിച്ചു. അത് നാട്ടുനടപ്പനുസരിച്ചുള്ള ഒരു ചടങ്ങുമാത്രമായിരുന്നോ, അതോ അവളുടെ ദുഃഖവും വിലാപവും യഥാർത്ഥമായിരുന്നോ എന്നൊന്നും ബൈബിൾ പറയുന്നില്ല. വിലാപദിവസങ്ങൾ കഴിഞ്ഞപ്പോൾ അവൾ ദാവീദിന്റെ ഭാര്യയായി. അനേകം ഭാര്യമാരുള്ള അന്തഃപുരത്തിലെ ഏറ്റം ശക്തമായ സാന്നിദ്ധ്യമായി അവൾ.

വ്യഭിചാരവും അതു മറച്ചുവയ്ക്കാൻ വേണ്ടി നടത്തിയ ഹീനമായ കൊലപാതകവും ശിക്ഷിക്കപ്പെടാതെ പോയില്ല. പ്രവാചകൻ നാഥാൻ വഴി ദൈവം ശിക്ഷാവിധി അറിയിച്ചു. അതു ദാവീദിനെ മാത്രമല്ല കുടുംബത്തെയും ഇസ്രയേൽ ജനം മുഴുവനെയും ബാധിക്കുന്നതായിരുന്നു. "നിന്റെ ഭവനത്തിൽ നിന്ന് വാൾ ഒഴിയുകയില്ല... നിന്റെ കൺമുമ്പിൽ വച്ച് ഞാൻ നിന്റെ ഭാര്യമാരെ അന്യർക്കു കൊടുക്കും..." (2സാമു 12, 11). അവിശുദ്ധ ബന്ധത്തിൽ നിന്നു ജനിച്ച ശിശു മരിച്ചതുകൊണ്ട് ശിക്ഷാവിധി തീർന്നില്ല. കുടുംബത്തിൽ കലഹമുണ്ടായി; സഹോദരൻ സഹോ

ദരിയെ മാനഭംഗപ്പെടുത്തി. അമ്നോൻ, അബ്ശലോം, അദോനിയ, എന്നീ മൂന്നു പുത്രന്മാർ വാളിന്നിരയായി. സ്വന്തം പുത്രനെ ഭയന്ന് ദാവീദിന് ഒളിച്ചോടേണ്ടിവന്നു. എത്രയെത്ര ദുരന്തങ്ങൾ, കലാപങ്ങൾ! എല്ലാം ബത്ഷേബായുടെ സൗന്ദര്യത്തിൽ വീണുപോയ രാജാവിന്റെ പരാജയങ്ങൾ.

ദാവീദിനെതിരെ കലാപത്തിനു മുതിർന്ന അബ്ശലോമിന് കൂട്ടുനിന്ന് ഉപദേശം നല്കിയത് ബത്ഷേബായുടെ മുത്തശ്ശൻ അഹിത്തോഫേലായിരുന്നു (2 സാമു 15,12; 16, 20–23). തന്റെ കുടുംബത്തോടു ദാവീദു ചെയ്ത അതിക്രമമായിരിക്കാം കൂറുമാറാൻ അയാളെ പ്രേരിപ്പിച്ചത്.

ദാവീദിന്റെ വാർദ്ധക്യത്തിലാണ് ബത്ഷേബാ വീണ്ടും പ്രത്യക്ഷപ്പെടുന്നത്. അവശേഷിച്ചിരിക്കുന്ന മക്കളിൽ മൂത്തവനായ അദോനിയാ സ്വയം രാജാവായി പ്രഖ്യാപിച്ചതാണ് സാഹചര്യം (1 രാജാ 1–2). നാഥാൻ പ്രവാചകന്റെ ഉപദേശം സ്വീകരിച്ച ബത്ഷേബാ വിദഗ്ദ്ധമായി കരുക്കൾ നീക്കി. പണ്ടെങ്ങോ നല്കിയിരുന്ന ഒരു വാഗ്ദാനത്തെ അനുസ്മരിപ്പിച്ചുകൊണ്ട് സോളമനെ രാജാവാക്കാൻ അവൾ ദാവീദിനെ പ്രേരിപ്പിച്ചു. രാജാവിന്റെ വാർദ്ധക്യ സഹജമായ ബലഹീനതയെ ചൂഷണം ചെയ്ത് അദോനിയാ രാജസ്ഥാനം സ്വന്തമാക്കിയിരിക്കുന്നു എന്ന ആരോപണം ദാവീദിനെ കർമ്മോത്സുകനാക്കി. തീരുമാനം ഉടനെ ഉണ്ടായി. സോളമനെ അഭിഷേകം ചെയ്യാനും രാജാവിന്റെ കോവർ കഴുതപ്പുറത്ത് എഴുന്നള്ളിക്കാനും സിംഹാസനത്തിൽ ഇരുത്താനും ദാവീദുതന്നെ നിർദ്ദേശങ്ങൾ നല്കി.

രാജകൊട്ടാരത്തിലെ ജീവിതത്തിലൂടെ ബത്ഷേബാ ഏറെ വളർന്നു കഴിഞ്ഞു. അധികാരസ്ഥാനത്തിന്റെ മർമ്മങ്ങൾ അവൾക്കറിയാം. വേണ്ടപ്പെട്ടവരുടെ പിന്തുണയും അവൾക്കുണ്ട്. സാഹചര്യത്തിന്റെ ഗൗരവം മനസ്സിലാക്കി വിവേകപൂർവ്വം തീരുമാനമെടുത്ത് നടപ്പിലാക്കാൻ അവൾക്കു കഴിയും. മകൻ രാജാവാകുന്നതിലൂടെ രാജാവു കഴിഞ്ഞാൽ ഏറ്റം വലിയ അധികാരം കയ്യാളുന്ന രാജമാതാവിന്റ സ്ഥാനം അവൾക്കു ലഭിച്ചു.

രാജാവാകാനുള്ള ശ്രമത്തിൽ പാളിപ്പോയ അദോനിയായ്ക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നതാണ് ബത്ഷേബായുടേതായി ബൈബിൾ വിവരിക്കുന്ന അവസാനത്തെ പ്രവൃത്തി. ദാവീദിന് വാർദ്ധക്യത്തിൽ സേവനം ചെയ്യാനായി നിയോഗിച്ചിരുന്ന

അബിഷാഗിനെ തനിക്കു ഭാര്യയായി ലഭിക്കണം എന്ന അദോനിയായുടെ ആഗ്രഹമാണ് അവൾ സോളമന്റെ അടുക്കൽ ശിപാർശ ചെയ്തത്. അതിന്റെ പ്രത്യാഘാതങ്ങൾ അവൾ മനസ്സിലാക്കിയിരുന്നോ എന്നു ബൈബിൾ പറയുന്നില്ല. എന്നാൽ, മഹാജ്ഞാനിയായ സോളമൻ അദോനിയായുടെ ഗൂഢലക്ഷ്യം മനസ്സിലാക്കി. അന്തരിച്ച രാജാവിന്റെ ഭാര്യയെ ഭാര്യയായി കിട്ടിയാൽ അത് രാജത്വത്തിനുള്ള അവകാശമായി പരിഗണിക്കപ്പെടുമായിരുന്നു. "രാജ്യവും അവനു വേണ്ടി ചോദിക്കാമല്ലോ. അവൻ എന്റെ ജ്യേഷ്ഠനല്ലേ?" (1 രാജാ 2,22) എന്ന സോളമന്റെ പ്രത്യുത്തരത്തിൽ അദോനിയായുടെ ദുരുദ്ദേശ്യം വ്യക്തമാകുന്നു. അന്തഃപുരത്തിലെ ഉപജാപങ്ങളും പിൻതുടർച്ചാനിയമങ്ങളും എല്ലാം നന്നായി അറിയാവുന്ന ബത്ഷേബാ എന്തേ ഇങ്ങനെയൊരു അഭ്യർത്ഥനയുമായി സിംഹസനത്തെ സമീപിച്ചു എന്ന ചോദ്യം നിലനില്ക്കുന്നു. അറിഞ്ഞോ അറിയാതെയോ ഈ മാദ്ധ്യസ്ഥ്യം അദോനിയായുടെ മരണത്തിനു കാരണമായി; എതിരാളികളെ ഉന്മൂലനം ചെയ്തു സോളമന്റെ സിംഹസനം ഉറപ്പിക്കുന്നതിന് സഹായിക്കുകയും ചെയ്തു.

ആദ്യ ശിശുവിന്റെ മരണത്തിനു ശേഷം ദാവീദിന് ബത്ഷേബായിൽ ഷിമെയാ, ശോബാബ്, നാഥാൻ, സോളമൻ എന്നിങ്ങനെ നാലു പുത്രന്മാർ കൂടി ജനിച്ചു. അവരിൽ നാലാമനാണ് സോളമൻ (1 ദിന 3,5). അവനിലൂടെ മിശിഹായുടെ മുത്തശ്ശിയാകാനുള്ള ഭാഗ്യം ബത്ഷേബായ്ക്കു ലഭിച്ചു. യേശുവിന്റെ വംശാവലിയിൽ അമ്മയായ മറിയത്തിനു പുറമേ എടുത്തു പറയുന്ന നാലു സ്ത്രീകളിൽ ഒരുവളാണ് ബത്ഷേബാ. അവളുടെ മാത്രം പേര് സുവിശേഷകൻ രേഖപ്പെടുത്തിയിട്ടില്ല എന്നതു ശ്രദ്ധേയമത്രേ. "ഊറിയായുടെ ഭാര്യയിൽ നിന്നു ജനിച്ച സോളമന്റെ പിതാവായിരുന്നു ദാവീദ്" (മാത്താ 1,7) എന്ന വിവരണത്തിൽ മൂന്നു പുരുഷന്മാരുടെ പേരു എടുത്തുപറയുന്നു; സ്ത്രീക്കു പേരില്ല. എന്നാൽ, പേരില്ലാത്ത അവളാണ് ഈ വാക്യത്തിലെ മുഖ്യകഥാപാത്രം. സാറാ, റബേക്കാ, റാഹേൽ തുടങ്ങിയ ഗോത്ര മാതാക്കൾക്കല്ല, വിജാതിയരും അവഹേളനത്തിനും അവഗണനയ്ക്കും ഇരയായിത്തീർന്നവരുമായ സ്ത്രീകൾക്കാണ് മത്തായിയുടെ പട്ടികയിൽ സ്ഥാനം ലഭിച്ചിരിക്കുന്നത്. അവരിൽ അഗ്രഗണ്യയാണ് ബത്ഷേബാ. ഈ സമൃദ്ധിയുടെ പുത്രിയിലൂടെ സമൃദ്ധമായ രക്ഷ ലോകത്തിനു ലഭിച്ചു.

# 35

## ശവം കാത്ത മാതാവ്
## –റിസ്പാ

*"അയ്യായുടെ മകൾ റിസ്പാ പാറമേൽ ചാക്കുവിരിച്ച് കൊയ്ത്തുകാലത്തിന്റെ ആരംഭം മുതൽ മഴക്കാലം വരെ അവിടെ കിടന്നു. പകൽ പക്ഷികളെയും രാത്രി കാട്ടുമൃഗങ്ങളെയും മൃതദേഹത്തിൽനിന്ന് ആട്ടിയോടിച്ചു" (2സാമു 21,10).*

ഒട്ടുംതന്നെ അറിയപ്പെടാത്ത ഒരു സ്ത്രീ കഥാപാത്രമാണ് റിസ്പാ. "കനൽ", "ചുട്കല്ല്", "ചൂടുചാരത്തിൽ ചുട്ടെടുത്ത അപ്പം" എന്നൊക്കെ അർത്ഥമുണ്ട് റിസ്പാ എന്ന ഹീബ്രൂനാമത്തിന്. പേര് അന്വർത്ഥമാക്കുന്നതായിരുന്നു അവളുടെ ജീവിതം. ചുട്ടുപൊള്ളിക്കുന്ന കനൽപോലെ കഠിനദുഃഖം ഹൃദയത്തിൽ കാത്തുസൂക്ഷിച്ച ഒരു മാതാവാണ് ബൈബിളിൽ രണ്ടുപ്രാവശ്യം മാത്രം പ്രത്യക്ഷപ്പെടുന്ന റിസ്പാ. സിംഹാസനപ്പോരിൽ ഇരയായിട്ടാണ് അവൾ ആദ്യം പ്രത്യക്ഷപ്പെടുന്നത്. ആരോ ചെയ്ത കുറ്റത്തിൽ ശിക്ഷിക്കപ്പെട്ട ഒരു വിധവ-മാതാവായി രണ്ടാംതവണ.

ഇസ്രായേൽ രാജാവായ സാവൂൾ ഫിലിസ്ത്യർക്കെതിരെയുള്ള യുദ്ധത്തിൽ കൊല്ലപ്പെട്ടതിനെ തുടർന്ന് അതുവരെ ഒളുവിലായിരുന്ന ദാവീദ് പിതാക്കന്മാരുടെ ശവകൂടീരം സ്ഥിതി ചെയ്തിരുന്ന ഹെബ്രോണിലേക്ക് തിരിച്ചുവന്നു. യൂദാഗോത്രം മാത്രമാണ് ദാവീദിനെ രാജാവായി സ്വീകരിച്ചത്. മറ്റുപതിനൊന്നു ഗോത്രങ്ങൾ സാവൂളിന്റെ മകൻ ഇഷ്ബോഷെത്തിനെ രാജാവായി അംഗീകരിച്ചു. അങ്ങനെ രണ്ടുരാജ്യങ്ങൾ നിലവിൽ വന്നു. ഇരുരാജ്യങ്ങൾ തമ്മിൽ യുദ്ധം തുടർന്നു. സാവൂളിന്റെ മകനായിരുന്നു രാജാവെങ്കിലും പ്രയോഗത്തിൽ അധികാരം സേനാധിപനായ അബ്നേറിന്റെ കൈകളിലായിരുന്നു. രാജധികാരം ഔദ്യോഗികവും നൈയാമികവുമായി സ്ഥിരീകരിച്ചെടുക്കാൻ അബ്നേർ ശ്രമിച്ചു. ഇവിടെയാണ് നമ്മുടെ കഥാപാത്രമായ റിസ്പാ ബൈബിളിൽ പ്രത്യക്ഷപ്പെടുന്നത്.

‘സാവൂളിന് ഒരു ഉപനാരിയുണ്ടായിരുന്നു, അയ്യായുടെ മകൾ റിസ്പാ. ഇഷ്ബോഷെത്ത് അബ്നേറിനോട് ചോദിച്ചു: നീ എന്റെ പിതാവിന്റെ ഉപനാരിയുമായി ശയിച്ചതെന്തിന്?” (2സാമൂ 3,7). റിസ്പാ സാവൂളിന്റെ നിയമാനുസൃതമായുള്ള ഭാര്യയല്ല. ഉപ നാരിയെന്ന ഓമനപ്പേരിൽ അറിയുന്ന ഒരു വെപ്പാട്ടി! അയ്യായുടെ മകൾ എന്നു മാത്രമാണ് അവളെക്കുറിച്ച് ബൈബിളിൽ നല്കുന്ന അറിവ്. അവൾക്ക് സ്വന്തമായി ഒന്നുമില്ല, തീരുമാനം എടുക്കാൻ അധികാരമില്ല. ആർ തന്റെ ഭർത്താവായിരിക്കണമെന്ന് നിശ്ചയി ക്കാൻ അവകാശവുമില്ല. രാജാവിന്റെ ആഗ്രഹപൂർത്തിക്കായി ഉപയോഗിക്കപ്പെട്ട ഒരു ഉപകരണം. അവൾക്ക് രണ്ട് പുത്രന്മാർ ഉണ്ടായിരുന്നു എന്ന് പിന്നീടാണ് നാം അറിയുന്നത്.

സാവൂളിന്റെ ഉപനാരിയായ റിസ്പായോടൊത്ത് അബ്നേർ ശയിച്ചത് വെറും ഒരു താല്ക്കാലിക സന്തോഷത്തിനുവേണ്ടി യായിരുന്നില്ല, മറിച്ച് കൃത്യമായി കണക്കുകൂട്ടി രാജാസിംഹാ സനത്തിലേക്ക് വച്ച ഒരു ചുവടായിരുന്നുവെന്ന് അന്നത്തെ സാംസ്കാരികപശ്ചാത്തലിൽ നിന്ന് വായിച്ചെടുക്കാം. ദാവീദിന്റെ മരണശേഷം മകൻ അമ്നോൻ ദാവീദിന്റെ ഉപനാരിയായിരുന്ന ഷൂനേംകാരി അബിഷാഗിനെ ഭാര്യയാക്കാൻ ആഗ്രഹിച്ചത് രാജാധികാരം സ്വന്തമാക്കാനുള്ള ശ്രമമായി സോളമൻ വ്യഖ്യാ നിക്കുമ്പോൾ (1രാജാ 2, 13–25) ഇതു വ്യക്തമാകുന്നു. ഇതുതന്നെ യാണ് ഒളിച്ചോടിയ ദാവീദിന്റെ ഉപനാരിമാരോടൊത്ത് മകൻ അബ്ശലോം കൊട്ടാരത്തിന്റെ മട്ടുപ്പാവിൽ പരസ്യമായി ശയിച്ച തിലൂടെ പ്രകടമാക്കിയത്. സൂത്രശാലിയായ ഉപദേഷ്ടാവ് അഹി ത്തോഫെൽ നല്കിയ ഉപദേശം അനുസരിച്ചാണ് അബ്ശലോം ഇതു ചെയ്തത് (2സാമൂ 16,21–23). ഇവിടെ റിസ്പാ നിസ്സഹാ യയാണ്, രാജാധികാരത്തിനുവേണ്ടിയുള്ള ചൂതുകളിയിൽ ശക്ത രുടെ കരങ്ങളിൽ ഒരു ഉപകരണം മാത്രം. അവൾക്ക് എതിർ ക്കാനോ, ചെറുത്തുനില്ക്കാനോ കഴിവില്ല. ഉപയോഗിക്കപ്പെടുന്ന; ഉപയോഗിച്ചുകഴിയുമ്പോൾ വലിച്ചെറിയപ്പെടുന്ന കളിപ്പാട്ടം പോലെ. എന്നാൽ അടുത്തരംഗത്തിൽ അവൾ പ്രതികരിക്കു ന്നുണ്ട്; അതും ശക്തമായി, ജീവൻതന്നെ കയ്യിലെടുത്തുകൊണ്ട്.

ദാവീദിന്റെ ഭരണത്തിന്റെ അന്ത്യനാളുകളോടടുത്താണ് ഇതു സംഭവിച്ചത്. 2സാമൂ 21,1–14 ൽ സംഭവം വിശദമായി ചിത്രീകരിച്ചിരി ക്കുന്നു. രാജ്യത്ത് മൂന്നുവർഷം തുടർച്ചയായ ക്ഷാമമുണ്ടായത് മുൻ രാജാവായ സാവൂൾ ചെയ്ത ഒരു തെറ്റിന്റെ ഫലമാണെന്ന്

അരുളപ്പാടുവഴി അറിഞ്ഞ ദാവീദ് പരിഹാരം അനുഷ്ഠിക്കാൻ തീരുമാനിച്ചു. ജോഷ്വായുടെ നേതൃത്വത്തിൽ ഇസ്രായേൽജനം കാനാൻദേശം കീഴടക്കുന്നകാലത്ത് ഗിബയോൻകാർക്ക് സംരക്ഷണം വാഗ്ദാനം ചെയ്തിരുന്നു (ജോഷ്വാ 9,14). എന്നാൽ ഈ ഉടമ്പടി മാനിക്കാതെ സാവൂൾ ഗിബയോൻകാരെ ഉന്മൂലനം ചെയ്യാൻ ശ്രമിച്ചതാണ് രാജ്യത്തെ ക്ഷാമത്തിനു കാരണം എന്ന് മനസിലാക്കിയ ദാവീദ് ഗിബയോൻകാരുമായി ആലോചിച്ചു. അവർ ആവശ്യപ്പെട്ടത് സാവൂളിന്റെ ഏഴുപുത്രന്മാരെയാണ്. യാതൊരു മടിയും കൂടാതെ ദാവീദ് ഏഴുപേരെ ഏല്പിച്ചുകൊടുത്തു. അവരിൽ രണ്ടുപേർ റിസ്പായുടെ മക്കളായിരുന്നു.

ഗിബയോൻകാർ ആ ഏഴുപേരെ തൂക്കിക്കൊന്നു. "കർത്താവിന്റെ മലയിൽ തൂക്കിലിട്ടു" (2സാമൂ21,9) എന്ന വിശദാംശം ഈ കൊലപാതകം ഒരു നരബലിയായി എന്ന് സൂചിപ്പിക്കുന്നു. നരബലിയുടെ ധാർമികതയും അതിനു കാരണമായി എടുത്തുകാട്ടുന്ന കർത്താവിന്റെ കോപവും ബലിക്കുശേഷമുണ്ടാകുന്ന അനുഗ്രഹവും ഒന്നും ഇവിടെ വിശദമായ ചർച്ചക്കു വിഷയമാക്കാൻ ആഗ്രഹിക്കന്നില്ല.

ബൈബിളിൽ കാണുന്ന ആരോചകവും കിരാതവുമായ മറ്റു പല ക്രൂരതകളെയുംപോലെ മാത്രം ഇതിനെയും കാണണം. അന്ന് നിലവിലിരുന്ന ചിന്താഗതിയുടെ ഒരു പ്രതിഫലനം ഇവിടെ കാണാം. കുറ്റംചെയ്താൽ ശിക്ഷയുണ്ടാകും; കർത്താവുതന്നെയാണ് കുറ്റവാളിയെ ശിക്ഷിച്ച് നീതിനടപ്പിലാക്കുന്നത്. ശിക്ഷ ഭീതികൂടാതെ ആരും കുറ്റകൃത്യങ്ങൾ ചെയ്യരുത് എന്ന ഒരു താക്കീതും ഈ പ്രവൃത്തികളുടെ പിന്നിൽ കാണാം. എന്നാൽ പ്രവാചകന്മാർ ഈ കാഴ്ചപ്പാടിനെ അടിമുടി വിമർശിക്കുകയും തിരുത്തുകയും ചെയ്തിട്ടുണ്ട് (ഉദാ മിക്കാ 6,6-8). യേശുവിന്റെ പ്രബോധനമാണ് നമുക്ക് നിയമം. അതിനാൽ പിതാവിന്റെ കുറ്റത്തിനുവേണ്ടി മകനെ കൊല്ലാൻ അനുവദിച്ച ദാവീദിന്റെ പ്രവർത്തിയെ പുതിയനിയമത്തിന്റെ വെളിച്ചത്തിൽ വിധിക്കാനാവില്ല, ന്യായീകരിക്കാനുമാവില്ല.

തൂക്കികൊന്നവരുടെ ശവശരീരങ്ങൾ മറവുചെയ്യരുത്. വെയിലും മഴയും കൊണ്ട് അഴുകി തീരണം. അല്ലെങ്കിൽ പക്ഷികൾക്കും കാട്ടുമൃഗങ്ങൾക്കും ഇരയാകണം. ഇതാണ് ശിക്ഷയുടെ രണ്ടാംഭാഗം; കൂടുതൽ ഭീകരവും. ശിക്ഷവിധിയെ എതിർക്കുന്നത് കുറ്റകരമാണ്. മറവുചെയ്യപ്പെടാതെ കിടക്കാൻ വിധിക്കപ്പെട്ട

വരുടെ ശരീരം മറവുചെയ്യുന്നത് മരണശിക്ഷയർഹിക്കുന്ന കുറ്റ മായി പരിഗണിക്കപ്പെടും. ഈ പശ്ചാത്തലത്തിൽ വേണം റിസ്പായുടെ പ്രവൃത്തിയെ വിലയിരുത്താൻ.

നിരപരാധരായ മക്കളുടെ വധശിക്ഷയെ തടുക്കാൻ അവൾക്കു കഴിഞ്ഞില്ല. എന്നാൽ തന്റെ മക്കളുടെ ശരീരം കഴുകനും കുറുക്കനും വിട്ടുകൊടുക്കുകയില്ല എന്ന് അവൾ ശപഥം ചെയ്തു. കൊയ്ത്തു കാലം മുതൽ മഴക്കാലം വരെ, എത്ര ദിവസം എന്നറിയില്ല, ഏതാനും മാസങ്ങൾതന്നെ അവൾ കാവലിരുന്നു, അനീതിക്കും അക്രമത്തിനും എതിരേയുള്ള നിശ്ശബ്ദ പ്രതിഷേധമായി. തനിച്ച്, രാവും പകലും പാറപ്പുറത്ത് ചാക്കുവിരിച്ച്, ശവശരീരങ്ങൾക്ക് കാവൽകിടക്കുന്ന അമ്മയുടെ ചിത്രം ബൈബിളിന്റെ താളുകളിൽ നിന്ന് ജീവൻ പ്രാപിച്ച് പുറത്തുവന്ന് മനുഷ്യമനസ്സാക്ഷിയെ വേട്ട യാടുന്നു, ഇന്നും. ആരും അവളെ സഹായിച്ചില്ല; ആരും കൂട്ടിനി രുന്നില്ല. ശവംതീനികഴുകന്മാരും കാട്ടുമൃഗങ്ങളും തന്നെയും കടന്നാ ക്രമിച്ചേക്കും എന്ന് അവൾ ഭയന്നില്ല.

പാവപ്പെട്ടവരെ നിഷ്കരുണം നശിപ്പിക്കുന്ന നിർലജ്ജമായ അധികാരപ്രയോഗത്തിനെതിരേ, വിധവയായ ഒരു മാതാവിന്റെ പ്രതികരണം. അതിനെ നിയമനിഷേധമായി കരുതാം; രാജശാസ നത്തിനെതിരെയുള്ള വെല്ലുവിളിയായി വ്യഖ്യാനിക്കാം, അവൾക്ക് ഒന്നിനെയും ഭയമില്ല; ഇനി ഒന്നും നഷ്ടപ്പെടാനുമില്ല. ജീവിതകാലം മുഴുവൻ വെപ്പാട്ടിയായി ദുരുപയോഗിക്കപ്പെട്ട അവൾക്ക് ആകെ യുണ്ടായിരുന്ന സമ്പത്തായിരുന്നു ആ രണ്ടു പുത്രന്മാർ.

മരിച്ചെങ്കിലും അവർ തന്റെ മക്കളാണ്. മൃതശരീരം പിതാക്ക ന്മാരുടെ കല്ലറയിൽ സംസ്കരിക്കണം എന്നായിരുന്നു പരമ്പരാഗത നിയമം. മരണാനന്തരജീവിതത്തെയും പുനരുത്ഥാനത്തെയും കറിച്ച് അറിവില്ലാതിരുന്ന ആ കാലഘട്ടത്തിൽ മനഷ്യർ തലമുറ തലമുറകളായി ഒരേ ശവകുടീരത്തിൽ സംസ്കരിക്കപ്പെടുന്നു, പിൻതലമുറയിലൂടെ ജീവിതം തുടരുന്നു. ഈ കാഴ്ചപ്പാടാണ് മൃത ശരീരം സംസ്കരിക്കാൻ പ്രേരകമായിരുന്നത്. മൃതശരീരം യഥാ വിധി സംസ്കരിക്കപ്പെടാത്തവരുടെ പ്രേതങ്ങൾ അലഞ്ഞുനടക്കും എന്ന ഒരു ചിന്തയും ഇതിനുപിന്നിലുണ്ടായിരുന്നു.

ഭയന്നു മാറാത്ത അമ്മയുടെ വീരോചിതമായ സാഹസം ഫലമുളവാക്കി. വിവരമറിഞ്ഞ ദാവീദ് പടയാളികളെ അയച്ച് മൃതരുടെ അസ്ഥികൾ ശേഖരിച്ചു. തൂക്കിക്കൊന്ന ഏഴുപേരുടെ

മാത്രമല്ല, യുദ്ധത്തിൽ കൊല്ലപ്പെട്ട സാവൂളിന്റെയും മകൻ ജോനാഥന്റെയും അസ്ഥികളും ശേഖരിച്ച് 'സാവൂളിന്റെ പിതാവായ കിഷിന്റെ കല്ലറയിൽ സംസ്കരിച്ചു. പിന്നെ രാജ്യത്തിനുവേണ്ടിയുള്ള അവരുടെ പ്രാർത്ഥന ദൈവം കേട്ടു" (2സമൂ 1,14). കൊല്ലപ്പെട്ടവരുടെ ഭൗതികവശിഷ്ടങ്ങൾ യഥാവിധി സംസ്കരിച്ചതിനു ശേഷം മാത്രമാണ് അവരുടെ പ്രാർത്ഥന കർത്താവു സ്വീകരിച്ച് മഴപെയ്തത് എന്ന ഉപസംഹാരം പ്രത്യേകശ്രദ്ധയർഹിക്കുന്നു.

എല്ലാവർക്കും നീതിനടത്തികൊടുക്കുന്നവനാണ് ദൈവം. അനീതിക്ക് ഇരയായവരുടെ കണ്ണുനീരും നിലവിളിയും പ്രാർത്ഥനയായി അവിടുന്ന് സ്വീകരിക്കും എന്നതിന്റെ ഒരു തെളിവായും ഈ സംഭവത്തെ കാണാനാവും. നിരപരാധരായ മക്കളുടെനിസ്സഹായ മാതാവ് റിസ്പാ. പേരു സൂചിപ്പിക്കന്നതുപോലെ കത്തിജ്വലിക്കുന്ന ഒരു കനലായി അവൾ പാറപ്പുറത്ത് തനിച്ച് രാപകൽ തപസിരുന്നു, നിർഭയ, നിർവികാര, നിശ്ചല. നീതിലഭിക്കന്നതുവരെ അവൾ തന്റെ ഉപവാസം തുടർന്നു. അരികെ വസിക്കുക എന്നാണല്ലോ ഉപവാസം എന്നവാക്കിനർത്ഥം. കൊല്ലപ്പെട്ട മക്കളുടെ ശവത്തിനരുകിൽ, നിലവിളികേൾക്കുന്ന ദൈവത്തിനുമുമ്പിൽ അവൾ ഇരുന്നു. ദൈവം പ്രാർത്ഥനകേട്ടു; രാജാവ് തീരുമാനം മാറ്റി, മക്കൾക്ക് മരണാനന്തരം നീതിലഭിച്ചു.

അനീതി നിറഞ്ഞ രാജശാസനങ്ങളെ നിശ്ശബ്ദം എതിർത്ത, തന്റെ സാഹസികമായ എതിർപ്പിലൂടെ നീതിനേടിയെടുത്ത റിസ്പാ ഇന്നും എന്നും ഒരു മാതൃകയാണ്; ഒരു സാക്ഷ്യവും വെല്ലുവിളിയും. അനീതിക്കെതിരേ തീക്കട്ടപോലെ ജ്വലിക്കാൻ, നീതിലഭിക്കുന്നതുവരെ തപിക്കാൻ പ്രേരിപ്പിക്കുന്ന ഒരു അടയാളം. കോടിക്കണക്കിന് നിരപരാധരായ ഗർഭസ്ഥശിശുക്കൾ മാതൃഗർഭത്തിൽത്തന്നെ സമ്പത്തും സുഖസൗകര്യങ്ങളും വാഗ്ദാനം ചെയ്യുന്ന മാമ്മോൻ എന്ന ദേവന് ബലിയർപ്പിക്കപ്പെടുമ്പോൾ റിസ്പാ ഒരു വെല്ലുവിളിയായി സമൂഹമനസിന്റെ ചക്രവാളത്തിൽ തെളിയണം. ജീവന്റെ സംരക്ഷകയാണ് സ്ത്രീ, മാതാവ്, എന്ന് റിസ്പാ അനസ്മരിപ്പിക്കുന്നു. അവളെ വിസ്മൃതിയിൽ ആണ്ടുപോകാൻ അനുവദിക്കരുത് എന്ന് വി. ഗ്രന്ഥകാരൻ ഉദ്ബോധിപ്പിക്കുന്നു.

# 36

## മാരകമായ മോഹം
## – അബിഷാഗ്

**സോ**ളമന്റെ സ്ഥാനാരോഹണവുമായി ബന്ധപ്പെട്ടാണ് അബിഷാഗ് ബൈബിളിൽ പരാമർശവിഷയമാകുന്നത്. 'എന്റെ പിതാവ് ഒരു സഞ്ചാരി' എന്നാണ് പേരിന്റെ അർത്ഥം. വൃദ്ധനായ ദാവീദുരാജാവിനെ പരിചരിക്കാനായി രാജസേവകർ കാനാൻ ദേശം മുഴുവൻ പരതി കണ്ടെത്തിയ സൗന്ദര്യധാമമാണവൾ. പ്രതീക്ഷിച്ച സേവനം നല്കാൻ അവൾക്കു കഴിഞ്ഞില്ല. അഥവാ സേവനം സ്വീകരിക്കാൻ ദാവീദിനു സാധിച്ചില്ല. രാജാവ് വൃദ്ധനായെന്നും ഉത്തരവാദിത്വങ്ങൾ പിൻഗാമിയെ ഏൽപിച്ച് സ്ഥാനം ഒഴിയാൻ കാലമായെന്നും ബോധ്യപ്പെടുത്തിയത് അബിഷാഗാണ്. ഇത് സോളമന്റെ രാജാഭിഷേകത്തിനുള്ള തുടക്കമായി.

സ്വയം രാജാവായി പ്രഖ്യാപിച്ച അദോനിയായെ തിരസ്കരിച്ച് ദാവീദുതന്നെ സോളമനെ തന്റെ പിൻഗാമിയായി നിശ്ചയിച്ചു; രാജാഭിഷേകത്തിനുവേണ്ട നിർദ്ദേശങ്ങൾ നല്കി; സിംഹാസനം സുസ്ഥിരമാക്കാൻ വേണ്ട തന്ത്രങ്ങളും മഹാജ്ഞാനിയായ മകന് പറഞ്ഞു കൊടുത്തു. അവശേഷിക്കുന്ന മക്കളിൽ മൂത്തവൻ എന്ന നിലയിൽ തനിക്ക് അവകാശപ്പെട്ടതെന്നു കരുതിയ സിംഹാസനം നഷ്ടപ്പെട്ടതിൽ കുണ്ഠിതനായ അദോനിയാ ദാവീദിന്റെ മരണശേഷം അബിഷാഗിനെ ഭാര്യയാക്കാൻ ആഗ്രഹിച്ചു. അതിനുവേണ്ടിയുള്ള ശ്രമങ്ങൾ അയാളുടെ ജീവനൊടുക്കി. അങ്ങനെ വൃദ്ധനായ രാജാവിന്റെ ജീവൻ നിലനിർത്താൻ സഹായിച്ചില്ല എന്നു മാത്രമല്ല, യുവരാജാവിന്റെ ജീവൻ അപഹരിക്കുന്നതിനുകൂടി കാരണമായ സൗന്ദര്യത്തിന് ഉടമയാണ് ഷൂനേംകാരിയായ അബിഷാഗ്.

അവൾക്ക് ഒരു പേരുണ്ട്; പക്ഷേ, മറ്റു പലസ്ത്രീകളെയും പോലെ അധികാരത്തിനുവേണ്ടിയുള്ള മത്സരത്തിൽ ഒരു കരുവായിത്തീരുകയാണ് അവളും. ഷൂനേംകാരി എന്നത് അവളുടെ വാസസ്ഥലത്തെ സൂചിപ്പിക്കുന്ന പേരാണ്. സാവൂളും പുത്രൻമാരും ഫിലിസ്ത്യരോടുള്ള അവസാനയുദ്ധത്തിൽ മരിച്ചുവീണ ഗിൽബോവാ മലയുടെ (1 സാമു 31,1) താഴ്വരയിലെ ഒരു ഗ്രാമമാണ് ഷൂനേം. മുന്തിരിത്തോട്ടം കൈവശപ്പെടുത്താൻവേണ്ടി ജെസബെൽ രാജ്ഞിയുടെ കല്പനപ്രകാരം കർഷകനായ നാബോത്തിനെ കല്ലെറിഞ്ഞുകൊന്ന (1 രാജാ 21) ജെസ്രേലിനടുത്താണ് ഈ ഗ്രാമം. എലിഷാ പ്രവാചകൻ പ്രാർത്ഥിച്ച് കർത്താവിൽനിന്ന് ഒരു പുത്രനെ വാങ്ങിക്കൊടുക്കുകയും പെട്ടെന്ന് മരിച്ചുപോയ ആ മകനെ പുനരുജ്ജീവിപ്പിച്ചു നല്കുകയും ചെയ്ത ധനിക ജീവിച്ചിരുന്നത് ഈ ഷൂനേമിലാണ് (2 രാജാ 4). ഉത്തമഗീതത്തിലെ മണവാട്ടിയെ ഷുലാം കന്യക (ഉത്ത 6,13) എന്നു വിശേഷിപ്പിക്കുമ്പോൾ സുന്ദരിയായ അബിഷാഗിന്റെ ചിത്രം പിന്നണിയിൽ തെളിയുന്നു. 1 രാജാ 1-2 അധ്യായങ്ങളിൽ അവളെക്കുറിച്ചുള്ള വിവരണങ്ങൾ കാണാം.

വൃദ്ധനായ രാജാവിന്റെ കൂടെ കിടന്നു ചൂടു പകരുകയെന്ന ലക്ഷ്യത്തോടെയാണ് രാജസേവകർ അബിഷാഗിനെ തിരഞ്ഞെടുത്ത് കൊട്ടാരത്തിലേക്ക് കൊണ്ടുവന്നത്. പുരാതനകാലത്തെ ഒരു ചികിത്സാരീതിയായിരുന്നു ഇത്. എന്നാൽ, “ദാവീദ് അവളെ അറിഞ്ഞില്ല” എന്ന മൂന്നു വാക്കുകൾക്ക് പല അർത്ഥസൂചനകളുണ്ട്. ബൗദ്ധികമായ ഒരറിവ് എന്നതിനെക്കാൾ ലൈംഗികബന്ധം എന്നതാണ് ആദ്യത്തെ സൂചന. അനേകം ഭാര്യമാരുണ്ടായിരുന്ന ദാവീദിന്റെ ദുർബലാവസ്ഥയിലേക്ക് വിരൽ ചൂണ്ടുന്നതാണ് ഈ പ്രയോഗം. അതോടൊപ്പം അദോനിയായുടെ മാരകമായ മോഹത്തിന് ഇത് കളമൊരുക്കുകയും ചെയ്യുന്നു.

അബിഷാഗ് ദാവീദിന്റെ ഭാര്യയോ ഉപനാരിയോ ആയിരുന്നില്ല; ഒരു പരിചാരിക മാത്രമായിരുന്നു. എന്നാലും അന്തഃപുരത്തിലേക്ക് ആനയിക്കപ്പെട്ട അവൾ രാജാവിന്റെ മരണശേഷവും അവിടെത്തന്നെ തുടർന്നു. ഇതാണ് അദോനിയായുടെ അഭ്യർത്ഥനയ്ക്ക് സാഹചര്യമൊരുക്കിയത്. അതീവസുന്ദരിയായ അവളെ തനിക്കു ഭാര്യയായി ലഭിക്കണമെന്ന ആഗ്രഹം മാത്രമാണ് അയാൾക്കുള്ളതെന്നു തോന്നാം. എന്നാൽ, അന്നു പ്രചാരത്തി

ലിരുന്ന ആചാരങ്ങളും രാജാവാകാൻ അദോനിയാ നടത്തിയ വിഫലശ്രമവും പരിഗണിക്കുമ്പോൾ അത്ര നിഷ്കളങ്കമായൊരു വിവാഹാഭ്യർത്ഥനയായിരുന്നില്ല അത് എന്നു കരുതാൻ ന്യായമുണ്ട്.

ബത്ഷേബായുടെ അടുക്കൽ യാചനയുമായി ചെന്നത് ഏറ്റം കുറഞ്ഞത് ബുദ്ധിശൂന്യതയും അവിവേകവും എന്നേ വിശേഷിപ്പിക്കാനാവൂ. അന്ത:പുരത്തിലെ ആചാരങ്ങളും ഉപജാപങ്ങളും അറിയാത്ത ഒരാളല്ല ബത്ഷേബാ. അദോനിയായ്ക്കെതിരേ തന്റെ മകനെ രാജാവാക്കാൻ അടവുകൾ പയറ്റി വിജയിച്ച ആ രാജമാതാവിന്റെയടുക്കലാണ് അബിഷാഗിനെ ഭാര്യയായി കിട്ടുന്നതിനുവേണ്ടി രാജാവിനോടു ശിപാർശ ചെയ്യാൻ അയാൾ യാചിക്കുന്നത്. യാചന അതേപടി രാജാവിന്റെയടുക്കൽ എത്തിക്കുന്നതിലൂടെ തന്റെ എതിരാളിയെ വകവരുത്താൻ സോളമന് അവസരം നല്കുകയാണ് രാജമാതാവ് ചെയ്തത്.

അദോനിയായുടെ യാചനയുടെ പിന്നിലെ ദുരുദ്ദേശ്യം മനസ്സിലാക്കാൻ അന്നു നിലവിലിരുന്ന നാട്ടുനടപ്പ് അറിയണം. മരിച്ച രാജാവിന്റെ സിംഹാസനം മാത്രമല്ല, ഭാര്യമാരും ഉപനാരിമാരും, ഹാരം മുഴുവനും പിൻഗാമിക്ക് അവകാശപ്പെട്ടതാണ്. "നിന്റെ യജമാനന്റെ ഭവനം നിനക്കു നല്കി, അവന്റെ ഭാര്യമാരെയും നിനക്കു തന്നു" (2 സാമു 12, 8) എന്ന് നാഥാൻ പ്രവാചകൻ ദാവീദിനോടു പറയുമ്പോൾ ഈ ആചാരത്തിലേക്കാണ് ശ്രദ്ധ ക്ഷണിക്കുന്നത്. മരിച്ച സാവൂളിന്റെ ഉപനാരിയായിരുന്ന റിസ്പായെ സൈന്യാധിപൻ അബ്നേർ സ്വന്തമാക്കിയത് രാജാധികാരം കൈവശപ്പെടുത്താനുള്ള ആദ്യപടിയായിട്ടാണ് സാവൂളിന്റെ മകൻ ഇഷ്ബോഷെത്ത് വ്യാഖ്യാനിച്ചത് (2 സാമു 3, 7-8). തന്റെ പിതാവിന്റെ ഉപനാരികളോടൊത്തു പരസ്യമായി ശയിക്കുന്നതിലൂടെ അബ്ശലോം തന്റെ അധികാരം ഉറപ്പിക്കുകയായിരുന്നു (2 സാമു 16, 20 - 23). അബിഷാഗിനെ മാത്രമല്ല, രാജ്യവും അവനുവേണ്ടി ചോദിക്കാമല്ലോ എന്ന സോളമന്റെ പ്രതികരണം (1 രാജാ 2,22) ഈ പശ്ചാത്തലത്തിൽ മനസ്സിലാക്കാൻ എളുപ്പമുണ്ട്.

"കർത്താവാണേ, അദോനിയാ ഇന്നുതന്നെ മരിക്കണം" (1 രാജാ, 2, 25). സോളമന്റെ വിധിക്കു ന്യായീകരണമുണ്ട്. അദോനിയായുടെ മരണത്തിന് അയാൾതന്നെ ഉത്തരവാദിയായി. അതീ

വസുന്ദരിയായ അബിഷാഗിനെ ഭാര്യയാക്കാനുള്ള ആഗ്രഹം അധികാരമോഹത്തോടു ചേർന്ന് മാരകമായ കെണിയായി ത്തീർന്നു. ഇവിടെയെല്ലാം അബിഷാഗ് വെറും ഒരു ഉപകരണവും കരുവും മാത്രമാണ്. അവൾക്ക് വാക്കില്ല; പ്രതികരണമില്ല. അവ ളുടെ താത്പര്യം ആരും ചോദിക്കുന്നുമില്ല, പരിഗണിക്കുന്നുമില്ല. പിന്നീട് അവൾക്കെന്തു സംഭവിച്ചു എന്ന് ബൈബിൾ പറയുന്ന തുമില്ല. മിക്കാളിനെപ്പോലെ അവളും അന്തഃപുരത്തിന്റെ മൂലയിൽ ജീവിതാന്ത്യം കാത്തു കഴിഞ്ഞിട്ടുണ്ടാവും. അധികാരത്തിന്റെ തേരോട്ടത്തിൽ രഥചക്രത്തിനടിയിൽ അരഞ്ഞുതീർന്ന മറ്റൊരു ജീവിതം! കെണിയായിത്തീർന്ന അവളുടെ സൗന്ദര്യം കാലത്തെ അതിജീവിച്ച്, അതിമോഹത്തിനെതിരേ താക്കീതായി തുടരുന്നു.

# 37

## മഹാജ്ഞാനിയെതേടിവന്ന സുഗന്ധറാണി
## – ഷേബാരാജ്ഞി

**ബൈ**ബിൾ എടുത്തു പറയുന്ന ചുരുക്കം വിജാതീയവനിതകളിൽ അഗ്രഗണ്യയാണ് ഷേബാരാജ്ഞി. മഹാജ്ഞാനിയായ സോളമന്റെ ജ്ഞാനത്തെക്കുറിച്ച് കേട്ട കാര്യങ്ങൾ നേരിൽക്കണ്ട് മനസ്സിലാക്കാൻവേണ്ടി വിദൂരസ്ഥമായ ഷേബാ രാജ്യത്തുനിന്ന് രാജ്ഞി നടത്തിയ സന്ദർശനത്തെക്കുറിച്ച് 1 രാജാ 10, 1–13, 2ദിന 9, 1–12 ൽ ഒരേ വിവരണം ആവർത്തിച്ചിരിക്കുന്നു. സോളമന്റെ മഹത്വത്തെ പ്രകീർത്തിക്കുന്നതിന്റെ ഭാഗമായിട്ടാണ് ബൈബിൾ ഈ സന്ദർശനം അവതരിപ്പിക്കുന്നത്. വിദൂരദേശങ്ങളിലും സോളമന്റെ കീർത്തി വ്യാപിച്ചിരുന്നുവെന്നും കേട്ടുകേൾവിയെക്കാൾ പതിന്മടങ്ങ് വലുതായിരുന്നു അദ്ദേഹത്തിന്റെ ജ്ഞാനമെന്നും വി. ഗ്രന്ഥകാരൻ എടുത്തു പറയുന്നു. വിവരണത്തിന്റെ ശ്രദ്ധാകേന്ദ്രം ഷേബാരാജ്ഞിയല്ല, സോളമനാണ്.

കടങ്കഥകളും കുടുക്കുചോദ്യങ്ങളുമായിവന്ന രാജ്ഞിയുടെ എല്ലാ ചോദ്യങ്ങൾക്കും തൃപ്തികരമായ ഉത്തരം നല്കുമ്പോൾ സോളമന്റെ ജ്ഞാനത്തിന്റെ ആഴവും പരപ്പും വ്യക്തമാകുന്നു. അതേസമയം രാജ്ഞി നല്കിയ സമ്മാനങ്ങളുടെ ബാഹുല്യം അവളുടെ സമ്പത്തിനെക്കുറിച്ചുള്ള ഒരു സൂചനയും നല്കുന്നു. 120 താലന്ത് സ്വർണം (ഏകദേശം മൂന്നു ടൺ) ഒരു വലിയ സമ്മാനം തന്നെ! അതിനുപുറമെ വിലപിടിച്ച രത്നങ്ങളും മറ്റാരും കണ്ടിട്ടില്ലാത്തത്ര വിശിഷ്ടസുഗന്ധങ്ങളും സമ്മാനമായി നല്കാൻ അനേകം ഒട്ടകങ്ങളും പരിവാരങ്ങളുമായി വന്ന രാജ്ഞിയുടെ സമ്പൽസമൃദ്ധി ഊഹാതീതമാണ്.

സോളമന്റെ ജ്ഞാനം ശ്രവിക്കാൻ ഭൂമിയുടെ അതിർത്തികളിൽ നിന്നു വന്ന തെക്കിന്റെ രാജ്ഞിയെ മാനസാന്തരത്തിന്റെ മാതൃകയായി യേശുനാഥൻ എടുത്തുകാട്ടുന്നുണ്ട്. സോളമനെക്കാളും വലിയവന്റെ വാക്കുകേട്ടു മനസ്സുതിരിയാൻ തയ്യാറാകാത്തവർക്കെതിരേയാണ് ഈ മാതൃക അവതരിപ്പിക്കുന്നത് (ലൂക്കാ 11,31, മത്താ 12,42). യഥാർത്ഥജ്ഞാനം മറ്റെല്ലാ സമ്പത്തിനെക്കാളും അമൂല്യമാണെന്ന ബോധ്യം ഷേബാരാജ്ഞിയെക്കുറിച്ചുള്ള വിവരണത്തിലൂടെ ലഭിക്കുന്നു. നിത്യജീവനിലേക്കു നയിക്കുന്ന ദൈവികജ്ഞാനം നേടാനായി ഏതുക്ലേശവും എന്തു നഷ്ടവും സഹിക്കാൻ തയ്യാറാകണം എന്നും ഈ വിവരണത്തിലൂടെ പഠിപ്പിക്കുന്നു. എന്നാൽ, ഷേബാരാജ്ഞിയുടെ സന്ദർശനത്തിന് തികച്ചും ആത്മീയമായ ഈ ലക്ഷ്യം മാത്രമായിരുന്നില്ല ഉണ്ടായിരുന്നത് എന്ന് ചരിത്രവസ്തുതകൾ വിശകലനം ചെയ്താൽ മനസ്സിലാക്കാൻ കഴിയും. അതിനെക്കുറിച്ച് ബൈബിൾതന്നെ ചില സൂചനകൾ നല്കുന്നുമുണ്ട്.

ആപ്തവാക്യങ്ങൾ ഉരുവിടുന്നതിലും കടങ്കഥയുടെ പൊരുൾ തിരിക്കുന്നതിലും ഒതുങ്ങിനിന്നില്ല സോളമന്റെ ജ്ഞാനം. രാഷ്ട്രമീമാംസയിലും വാസ്തുശില്പങ്ങളിലും നിർമാണപ്രവർത്തനങ്ങളിലും സൈന്യസന്നാഹങ്ങളിലും വാണിജ്യത്തിലും എല്ലാം ഈ ജ്ഞാനം പ്രകടമായിരുന്നു. ടയിർ രാജാവായ ഹീരാമിന്റെ സഹായത്തോടെ ചെങ്കടൽതീരത്തെ ഏലാത്തിനു സമീപം എസിയോൺ ഗേബർ തുറമുഖവും വലിയ കപ്പലുകളും നിർമ്മിച്ചതും വിദൂരദേശങ്ങളുമായി കടൽമാർഗം വ്യാപാരം തുടങ്ങിയതും സോളമന്റെ നേട്ടങ്ങളായി ബൈബിൾ എടുത്തു പറയുന്നുണ്ട് (1 രാജാ 9,26-27). ചെങ്കടൽ വഴിയുള്ള കപ്പൽ വ്യാപാരത്തെയും ഓഫീറിൽനിന്നും കൊണ്ടുവന്ന സ്വർണത്തെയും രക്തചന്ദനത്തെയും കുറിച്ചു പ്രതിപാദിക്കുന്നതിനു മധ്യത്തിലാണ് ഷേബാരാജ്ഞിയുടെ സന്ദർശനം രേഖപ്പെടുത്തിയിരിക്കുന്നത് എന്നത് ആകസ്മികമല്ല. വികസിച്ചുവരുന്ന സോളമന്റെ കടൽ വ്യാപാരവുമായി ബന്ധപ്പെടുത്തി ഈ സന്ദർശനത്തെ കാണണം.

ചെങ്കടലും അറബിക്കടലും സന്ധിക്കുന്ന അറേബ്യായുടെ തെക്കുപടിഞ്ഞാറെ കോണിലുള്ള ഒരു രാജ്യമാണ് ഷേബാ. "സാബാ" എന്നും ഇത് അറിയപ്പെട്ടിരുന്നു. ഇന്ന് യമൻ

എന്നപേരിൽ അറിയപ്പെടുന്ന രാജ്യം തന്നെയാണിതെന്ന് ചരിത്രകാരന്മാർ കരുതുന്നു. അന്തർദ്ദേശീയ വാണിജ്യം വഴി ഏറെ സമ്പന്നമായ രാജ്യമായിരുന്നു ഷേബാ. കിഴക്ക് ഇന്ത്യയിൽനിന്ന് വടക്കു പടിഞ്ഞാറ് മധ്യധരണ്യാഴിതീരത്തേക്കും യൂറോപ്പിലേക്കും വടക്ക്കിഴക്ക് ഡമാസ്കസിലേക്കും തുടർന്ന് മെസൊപ്പൊട്ടാമിയായിലേക്കുമുള്ള ചരക്കു വ്യാപാരത്തിൽ ഷേബായ്ക്കു നിർണായക സ്വാധീനമുണ്ടായിരുന്നു. അവരുടെ കാരവൻ സംഘങ്ങളാണ് ഈ വാണിജ്യത്തിൽ മുഖ്യപങ്കു വഹിച്ചിരുന്നത്.

അതുപോലെ ചെങ്കടലിനു പടിഞ്ഞാറുള്ള ഈജിപ്ത്, എത്യോപ്യാ തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളുമായും വ്യാപാരബന്ധങ്ങൾ നിലനിന്നു. ഇങ്ങനെ വലിയൊരു വാണിജ്യശൃംഖലയുടെ കേന്ദ്രമായിരുന്നു ഷേബാ. കാരവൻ സംഘങ്ങളുടെയും വാണിജ്യപാതകളുടെയും നിയന്ത്രണം അവർക്കായിരുന്നു.

സോളമന്റെ നാവികസേനയും വിദേശവാണിജ്യസംരഭങ്ങളും ഷേബാരാജ്യത്തിന് വലിയൊരു ഭീഷണിയായി. ഈ സാഹചര്യത്തിൽ സന്ധിസംഭാഷണങ്ങളിലൂടെ ഒരു വ്യാപാരക്കരാർ ഉറപ്പിക്കുക എന്ന മുഖ്യലക്ഷ്യത്തോടെയാണ് ഷേബാ രാജ്ഞി രണ്ടായിരത്തിൽപരം കിലോമീറ്റർ യാത്രചെയ്ത് ജറുസലേമിൽ എത്തിയത് എന്ന് ന്യായമായും അനുമാനിക്കാം. അവർ കൊണ്ടുവന്ന സ്വർണ്ണം, രത്നങ്ങൾ, സുഗന്ധദ്രവ്യങ്ങൾ മുതലായവയെല്ലാം ഷേബായുടെ പ്രധാന കച്ചവടവസ്തുക്കളായിരുന്നു. അവർ നല്കിയതിനേക്കാൾ കൂടുതൽ സമ്മാനങ്ങൾ സോളമൻ നല്കി എന്നതിന്റെ കൂടെ "അവൾ ആഗ്രഹിച്ചതും ചോദിച്ചതും എല്ലാം നല്കി. അവൾ സേവകരോടൊത്ത് സ്വദേശത്തേക്ക് മടങ്ങി" (1 രാജ 10:13) എന്ന പ്രസ്താവനയിൽ ഒരു കരാർ ഉറപ്പിച്ചതിന്റെ ധ്വനി കേൾക്കാനാവും.

അതിവേഗം വളർന്നു വ്യാപിക്കുന്ന സോളമന്റെ വാണിജ്യസാമ്രാജ്യത്തെ ശത്രുവായിക്കണ്ട് ഭയന്നു മാറുകയോ എതിർക്കാൻ ശ്രമിക്കുകയോ ചെയ്യാതെ, സംഭാഷണവും സഹകരണവും വഴി തന്റെ രാജ്യത്തിന് അനുകൂലമാക്കിയെടുക്കാൻ നടത്തിയ ഒരു നയതന്ത്രസന്ദർശനമായിരുന്നു ഷേബാരാജ്ഞിയുടേത്. ആഗോളവൽക്കരണത്തിന്റെയും വിവരസാങ്കേതികവിദ്യയുടെ വിസ്ഫോടനത്തിന്റെയും ഇന്നത്തെ സാഹചര്യത്തിൽ ഷേബാരാജ്ഞിയിൽനിന്നു പലപാഠങ്ങളും പഠിക്കാനാകും.

വിദേശരാജ്യങ്ങളുമായുള്ള സുഹൃദ്ബന്ധങ്ങളിലൂടെ എല്ലാവർക്കും സമാധാനവും ക്ഷേമവും സമൃദ്ധിയും ഉറപ്പുവരുത്താൻ സാധിക്കും എന്നതിന്റെ ഒരുദാഹരണമാണ് അവൾ. ഭൗതികാവകാശനിയമങ്ങളിലൂടെ അറിവിന്റെ താക്കോൽ കരസ്ഥമാക്കി അന്യരുടെമേൽ ആധിപത്യം സ്ഥാപിക്കുന്നതിനുപകരം സൗജന്യമായി പങ്കുവയ്ക്കുന്നത് എല്ലാവർക്കും നേട്ടം ഉണ്ടാക്കുമെന്നും ഈ സന്ദർശനം വ്യക്തമാക്കുന്നു.

ഷേബാരാജ്ഞിയെക്കുറിച്ച് ബൈബിളിൽ പറയാത്ത പല കാര്യങ്ങളും പില്കാല പാരമ്പര്യങ്ങൾ വിവരിക്കുന്നുണ്ട്. അതിൽ ഒന്ന് എത്യോപ്യാക്കാരുമായി ബന്ധപ്പെട്ടതാണ്. ഷേബാരാജ്ഞി എത്യോപ്യാക്കാരി ആയിരുന്നെന്നും സന്ദർശനവേളയിൽ സോളമനിൽ നിന്നു ഗർഭം ധരിച്ചുവെന്നും നാട്ടിൽ തിരിച്ചെത്തിയ അവൾ പ്രസവിച്ച ആൺകുഞ്ഞ് എത്യോപ്യായുടെ ആദ്യരാജാവായി എന്നുമാണ് ഒരു ഐതിഹ്യം. ഇങ്ങനെ അനേകം ഐതിഹ്യങ്ങൾ മധ്യപൗരസ്ത്യദേശത്ത് നിലവിലുണ്ട്. സോളമനുമായുള്ള സംഭാഷണത്തിലൂടെ സത്യദൈവമായ യാഹ്‌വേയെ അറിയാൻ ഇടയായ ഷേബാരാജ്ഞി ഇസ്രായേൽക്കാരുടെ വിശ്വാസവും മതാചാരങ്ങളും സ്വീകരിച്ചു എന്നു പറയുന്ന ഐതിഹ്യങ്ങളുമുണ്ട്.

"കർത്താവ് ഇസ്രായേലിനെ അനന്തമായി സ്നേഹിച്ചതിനാൽ, നീതിയും ന്യായവും നടത്താൻ അങ്ങയെ രാജാവാക്കി" (1രാജാ 9,9) എന്ന അവളുടെ പ്രസ്താവന ഒരു വിശ്വാസപ്രഖ്യാപനം തന്നെയാണ്. തുറന്ന ഹൃദയത്തോടെ സത്യം അന്വേഷിക്കാനും വിവേകപൂർണമായ സമീപനങ്ങളിലൂടെ പരസ്പരവിശ്വാസവും സൗഹൃദവും ആർജിച്ചെടുക്കാനും ഷേബാരാജ്ഞിയുടെ മാതൃക ആഹ്വാനം ചെയ്യുന്നു.

# 38

## ശാപഗ്രസ്ഥമായ അധികാരം

## –ജെസബെൽ

**ഇ**സ്രായേൽ ചരിത്രത്തിൽ നിർണായകമായ സ്വാധീനം ചെലുത്തിയ ഒരു വിജാതീയ വനിതയാണ് ജെസബെൽ. 'ഉന്നതനായ പ്രഭു', 'രാജകുമാരൻ എവിടെ'? എന്നൊക്കെ വിവർത്തനസാധ്യതയുള്ളതാണ് പേര്. എന്നാൽ, വിഗ്രഹാരാധനയുടെയും നിഷ്കരുണമായ അധികാര പ്രയോഗത്തിന്റെയും പ്രതീകമായിട്ടാണ് ബൈബിൾ ജെസബെലിനെ അവതരിപ്പിക്കുന്നത്. 1 രാജാ 16 –21, 2രാജാ 9 എന്നീ ബൈബിൾ ഭാഗങ്ങളിൽ അവളെക്കുറിച്ചുള്ള വിവരണങ്ങൾ കാണാം.

സീദോൻ രാജാവായ എത്ബാലിന്റെ മകളായിരുന്നു ജെസബെൽ. ആഭ്യന്തരകലാപങ്ങൾ അവസാനിപ്പിച്ച് ഇസ്രായേലിനെ ശക്തമായ ഒരു രാജ്യമായി പടുത്തുയർത്തുകയും സമറിയാമല വിലയ്ക്കുവാങ്ങി തലസ്ഥാനം അങ്ങോട്ടുമാറ്റുകയും ചെയ്ത ഓമ്രിരാജാവ് തന്റെ മകൻ ആഹാബിന് ഭാര്യയായി കണ്ടെത്തിയത് ജെസബെലിനെ ആയിരുന്നു. ടയിറും സീദോനും ഉൾപ്പെടുന്ന ശക്തമായ ആ ഫെനീഷ്യൻ രാജ്യത്തോട് വിവാഹോടമ്പടിയിലൂടെ സഖ്യം സ്ഥാപിക്കുന്നത് തന്റെ രാജ്യത്തിന് സമാധാനവും സമൃദ്ധിയും ഉറപ്പുവരുത്തും എന്ന രാഷ്ട്രീയ കണക്കുകൂട്ടലായിരുന്നു ഈ വിവാഹത്തിനു പിന്നിൽ. എന്നാൽ, ഈ വിവാഹം ആഹാബിനും കുടുംബത്തിനും മാത്രമല്ല, ഇസ്രായേൽ ജനത്തിനുതന്നെ വലിയൊരു വിനയായിത്തീർന്നു.

ഫെനീഷ്യൻ ആചാരപ്രകാരം രാജാവുതന്നെ ആയിരുന്നു പ്രധാന പുരോഹിതൻ; രാജാവിന്റെ പുത്രി പ്രധാനപുരോഹി

തയും. ഫലപുഷ്ടിയുടെ ദേവനായ ബാലിനെയും അഷേറാ, അസ്താർത്തെ, അനാത്ത് എന്നീ പലപേരുകളിൽ അറിയപ്പെടുന്ന മാതൃദേവതയെയും അവർ ആരാധിച്ചുപോന്നു. രാജത്വവും പൗരോഹിത്യവും ഒരേ കൈകളിൽ നിക്ഷിപ്തമായിരുന്നു. രാജാവിന്റെ ഇഷ്ടമായിരുന്നു ജനങ്ങൾക്കു നിയമം. അതിലുപരി ഒരു ശക്തിയുമില്ല; രാജഹിതത്തെ ചോദ്യം ചെയ്യാൻ ആർക്കും അവകാശവുമില്ല. ലൈംഗികവേഴ്ചകളുമായി ബന്ധപ്പെട്ടതായിരുന്നു ഫലപുഷ്ടിക്കുവേണ്ടിയുള്ള അവരുടെ ആരാധനകളും ആഘോഷങ്ങളും. തന്റെ നാട്ടിൽ പരിചയിച്ച വിശ്വാസങ്ങളും ആചാരങ്ങളും ഇസ്രായേലിലും നടപ്പിലാക്കാൻ ജെസബെൽ ശ്രമിച്ചു; അത് വലിയ സംഘട്ടനങ്ങൾക്കു വഴിതെളിച്ചു.

പുറപ്പാടു നയിച്ച, അടിമകൾക്കു വിടുതൽ നല്കുന്ന യാഹ്‌വേയെ മാത്രമേ ഇസ്രയേൽക്കാർ ദൈവമായി ആരാധിക്കൂ. വിഗ്രഹാരാധന അവർക്കു നിഷിദ്ധമാണ്. സീനായ് ഉടമ്പടിയിലൂടെ നല്കപ്പെട്ട ദൈവിക നിയമങ്ങൾക്കു കീഴാണ് രാജാവും. ആ നിയമങ്ങളാകട്ടെ സകല പൗരന്മാർക്കും സ്വാതന്ത്ര്യവും സംരക്ഷണവും ഉറപ്പുവരുത്തുന്നതായിരുന്നു. ഈ പശ്ചാത്തലത്തിൽ ജെസബെലിന്റെ സംരംഭങ്ങൾ വലിയ എതിർപ്പിനു കാരണമായി.

എതിർപ്പുകളെ ഭയന്നു പിന്മാറുന്ന ഭീരുവായിരുന്നില്ല സ്വന്തം നാട്ടിൽ അഷേറായുടെ പ്രധാനപുരോഹിതയായി വളർന്ന ആ രാജകുമാരി. പൗരോഹിത്യവും രാജത്വവും ഒരുമിച്ചു കയ്യടക്കിയിരുന്ന സ്വന്തം പിതാവിന്റെ പാരമ്പര്യം അവൾ പിന്തുടർന്നു. ഭർത്താവ് അവളെ എതിർത്തില്ല എന്നു മാത്രമല്ല, ഒരു പക്ഷേ, അയൽരാജ്യത്തു ഭരിക്കുന്ന ശക്തരായ അവളുടെ ബന്ധുക്കളെ ഭയന്നിട്ടാവാം, അവളെ നിരുപാധികം അനുസരിക്കുകയും ആശ്രയിക്കുകയും ചെയ്തു. ബാൽ-അഷേറാദേവതകളുടെ പുരോഹിതരും പ്രവാചകരുമായി 850 പേരെ ജെസബെൽ പോറ്റുന്നുണ്ടായിരുന്നു (1 രാജാ 18,19) എന്ന പ്രസ്താവന അവൾക്കുണ്ടായിരുന്ന മതസ്വാധീനത്തിനു തെളിവാണ്. ബാൽ ആരാധന ഒരു രാജകീയ നയമായി അവൾ ഇസ്രായേലിൽ നടപ്പാക്കി. എതിർത്തുനിന്നവർ ശിക്ഷിക്കപ്പെട്ടു. അനേകം പേർക്കു ജീവൻ നഷ്ടപ്പെട്ടു; ശേഷിച്ചവർ ഒളിവിൽപോയി (1 രാജാ 18,10-15). പ്രവാചകധീരതയുടെ പര്യായമായ ഏലിയാപോലും അവളെ ഭയന്ന് ഒളിച്ചു; ജെസബെൽ തന്നെ കൊല്ലാൻ ശപഥം ചെയ്തി

രിക്കുന്നു എന്നറിഞ്ഞ ആ പ്രവാചകശ്രേഷ്ഠൻ ഭയന്ന് നാടുവിട്ടോടി; അവസാനം മരുഭൂമിയിൽകിടന്ന് മരണത്തിനായി പ്രാർത്ഥിച്ചു (രാജാ 19,1-4) അത്ര ശക്തവും ഭീകരവുമായിരുന്നു ഇസ്രായേലിൽ ജെസബെലിന്റെ അധികാരം. അത് ആരാധനയുടെ തലത്തിൽ മാത്രം ഒതുങ്ങിനിന്നില്ല.

ജെസ്രേൽക്കാരനായ നാബോത്തിന്റെ കാര്യത്തിൽ ജെസബെൽ നടത്തിയ ഇടപെടൽ (1 രാജാ 21) അവളുടെ അധികാരപ്രയോഗത്തിന്റെ ഉദാഹരണമാണ്. തന്റെ വേനൽക്കാലവസതിയോടടുത്തുള്ള നാബോത്തിന്റെ മുന്തിരിത്തോട്ടം സ്വന്തമാക്കാൻ ആഗ്രഹിച്ച ആഹാബ് എന്തു വിലയും കൊടുക്കാൻ തയ്യാറായിരുന്നു; പകരം കൂടുതൽ മെച്ചപ്പെട്ട ഭൂമി വച്ചുമാറാനും ഒരുക്കമായിരുന്നു. എന്നാൽ, പിതാക്കന്മാരുടെ ശവകുടീരം സ്ഥിതിചെയ്യുന്നതും പൈതൃകമായി കിട്ടിയതുമായ ഭൂമി വില്ക്കാൻ നാബോത്ത് വിസമ്മതിച്ചു. ഇസ്രായേൽക്കാരനെ സംബന്ധിച്ച് ഭൂമി വില്ക്കുകയും വാങ്ങുകയും ചെയ്യാവുന്ന ഒരു വസ്തുവല്ല; ദൈവാനുഗ്രഹത്തിന്റെയും ദൈവവുമായുള്ള ബന്ധത്തിന്റെയും പ്രതീകമായ ദാനമാണ്. അതു നഷ്ടപ്പെടുന്നത് ദൈവികസാന്നിധ്യത്തിൽനിന്നു പുറന്തള്ളപ്പെടുന്നതിനു തുല്യമാണ്. സീനായ് ഉടമ്പടിയുടെ നിയമങ്ങളെ മാനിച്ച ആഹാബിനു തന്റെ ആഗ്രഹം നടപ്പിലാക്കാൻ കഴിഞ്ഞില്ല. അമർഷവും നിരാശയും വീട്ടിലിരുന്ന് പ്രകടിപ്പിക്കാനേ കഴിഞ്ഞുള്ളു. അപ്പോഴാണ് ജെസബെലിലെ അധികാരി ഉണർന്നത്.

ജെസ്രേലിലെ ശ്രേഷ്ഠന്മാർക്ക് അവൾ കല്പനയെഴുതി, ആഹാബിന്റെ മുദ്രമോതിരംകൊണ്ട് മുദ്രവച്ച് സേവകൻവശം കൊടുത്തയച്ചു. കല്പനപ്രകാരം ശ്രേഷ്ഠന്മാർ പൊതുസമ്മേളനം വിളിച്ചുകൂട്ടി. നാബോത്തിനെതിരേ കള്ളസാക്ഷികൾ രാജദ്രോഹവും ദൈവദൂഷണവും ആരോപിച്ചു. ന്യായാധിപന്മാർ വധശിക്ഷ വിധിച്ചു. നാബോത്തിനെയും കുടുംബാംഗങ്ങളെയും (2 രാജാ 9,26) അയാളുടെ മുന്തിരിത്തോട്ടത്തലിട്ട് കല്ലെറിഞ്ഞു കൊന്നു. അങ്ങനെ ഭർത്താവ് ആഗ്രഹിച്ച മുന്തിരിത്തോട്ടം മുതൽ മുടക്കില്ലാതെ അവൾ നേടിക്കൊടുത്തു. ഇത് ഫെനീഷ്യൻ രാജനിയമം. ഇസ്രായേലിന്റെ ദൈവവും നിയമങ്ങളും തനിക്കു ബാധകമല്ല എന്നു കരുതിയ ആ രാജ്ഞി തന്നെ തന്റെ കുടുംബത്തിന്റെ വേരറ്റുപോകാൻ കാരണമായി.

നാബോത്തിന്റെ കൊലപാതകം ഒരു ഉദാഹരണം മാത്ര മാണ്. വിഗ്രഹാരാധനയും അനീതിയും അക്രമങ്ങളും നാട്ടിൽ നടമാടുന്നതിന് ജെസബെൽ മുഖ്യ ഉത്തരവാദിയായിരുന്നു. അവൾക്കെതിരേയുള്ള പ്രതിഷേധങ്ങൾക്കു നേതൃത്വം നല്കി യത് യാഹ്‌വേയുടെ പ്രവാചകന്മാരാണ്. ഏലിയാ ആയിരുന്നു അവരുടെ നേതാവ്. ആഹാബിനെയും കുടുംബത്തെയും കർത്താ വുതന്നെ ഉന്മൂലനം ചെയ്യുമെന്ന് ദൈവനാമത്തിൽ രാജാവിന്റെ മുഖത്തുനോക്കി പ്രവചിക്കാൻ ഏലിയാ മടിച്ചില്ല. "കർത്താവ് അരുളിച്ചെയ്യുന്നു: നാബോത്തിന്റെ രക്തം നായ്ക്കൾ നക്കിക്കു ടിച്ച സ്ഥലത്തു വച്ചുതന്നെ നിന്റെ രക്തം നായ്ക്കൾ നക്കിക്കുടി ക്കും.......ജെസ്രേലിന്റെ അതിർത്തിക്കുള്ളിൽവച്ച് ജെസബെലിനെ നായ്ക്കൾ തിന്നും" (1 രാജാ 2:19-23).

പ്രവചനം നിറവേറി. ഏലിയായുടെ പിൻഗാമി എലീഷാ അയച്ച പ്രവാചകശിഷ്യൻ രാജാവായി അഭിഷേകം ചെയ്ത യേഹു ആഹാബിന്റെ കുടുംബത്തെ കൂട്ടക്കുരുതി നടത്തി. കൊട്ടാരത്തിലേക്കു പാഞ്ഞുവന്ന അയാളെ തികഞ്ഞ അവജ്ഞ യോടെയാണ് ജെസബെൽ നേരിട്ടത്. "അവൾ കണ്ണെഴുതി, മുടി യലങ്കരിച്ച്, കിളിവാതിലിലൂടെ നോക്കി. യേഹു പടി കടന്നപ്പോൾ അവൾ ചോദിച്ചു; യജമാനഘാതകാ, സിമ്രീ, നീ സമാധാന ത്തിലോ വന്നിരിക്കുന്നത്?" (2 രാജാ 9,30-31). ആഹാബിന്റെ പിതാവ് ഓമ്രിക്കുമുമ്പ് രാജാവിനെ വധിച്ച് സ്വയം രാജാവായി പ്രഖ്യാപിച്ച സൈന്യാധിപനായിരുന്നു സിമ്രി. ഭരണത്തിന്റെ ആറാം ദിവസം ഓമ്രിയെ ഭയന്ന് അയാൾ ആത്മഹത്യ ചെയ്തു (1 രാജാ 16,16-20). യേഹുവിനെ സിമ്രി എന്നു വിശേഷിപ്പിക്കു മ്പോൾ ജെസബെൽ ഈ ചരിത്രം അനുസ്മരിപ്പിക്കുകയാണ്.

ഭർത്താവും മക്കളും കൊല്ലപ്പെട്ടു. ശത്രു മുന്നിൽ നില്ക്കു ന്നു. തന്റെ അന്ത്യം ആസന്നമായിരിക്കുന്നു എന്നു വ്യക്തമായ പ്പോഴും അവൾ പതറിയില്ല. ഒരു രാജ്ഞിയുടെ പ്രൗഢിയും ഗാംഭീര്യവും അവൾ കാത്തു സൂക്ഷിച്ചു. പുച്ഛത്തോടെ മരണ ത്തിന്റെ മുഖത്തു നോക്കി വെല്ലുവിളിച്ച അസാധാരണ വ്യക്തി ത്വത്തിനുടമയാണ് ജെസബെൽ.

യേഹുവിന്റെ കല്പനയനുസരിച്ച് പരിചാരകർ അവളെ ജാലകത്തിലൂടെ താഴേക്കു വലിച്ചെറിഞ്ഞു. പ്രവാചകവചനം പൂർത്തിയാകുമാറ് അവൾ നായ്ക്കൾക്കു ഭക്ഷണമായി. വിശ്രമ

ത്തിനുശേഷം അവളെ സംസ്കരിക്കാൻ വന്ന യേഹുവിന്റെ സേവകർ കണ്ടത് തലയോട്ടിയും കൈപ്പത്തിയും പാദങ്ങളും മാത്രം. ദൈവനിഷേധത്തിനും രക്തച്ചൊരിച്ചിലിനും പദ്ധതികൾ മെനഞ്ഞ മസ്തിഷ്കവും നിഷ്കളങ്കരക്തം ചിന്താൻ കല്പനയെഴുതിയ കൈപ്പത്തിയും അധർമത്തിന്റെ മാർഗത്തിൽ ചരിച്ച പാദങ്ങളും നായ്ക്കൾക്കുപോലും വേണ്ടിയായിരുന്നു എന്നാവുമോ വിശുദ്ധഗ്രന്ഥകാരൻ വിവക്ഷിക്കുക!

പരമ്പരാഗതമായി ശീലിച്ചുവന്ന വിജാതീയ വിശ്വാസങ്ങളും ആചാരങ്ങളും യാഹ്‌വേ വിശ്വാസവുമായി സമന്വയിപ്പിക്കാൻ ശ്രമിച്ച് പരാജയപ്പെട്ട ഒരു ഹതഭാഗ്യയാണ് ജെസബെൽ. ഇസ്രായേലിന്റെ ദൈവത്തെയും അവിടുത്തെ നിയമങ്ങളെയും അവൾക്കു മനസ്സിലായില്ല. രാജാധികാരത്തിനു പരിധി നിർണയിക്കുന്ന മതവിശ്വാസത്തെ സ്വീകരിക്കാനും അവൾക്കു കഴിഞ്ഞില്ല. അവസാനം അവൾ കയ്യടക്കിയ അധികാരംതന്നെ അവളുടെ അന്ത്യംകുറിച്ചു.

സത്യദൈവത്തെ നിഷേധിക്കുന്നവർ സാമൂഹ്യനീതിയും നിഷേധിക്കും. ഈ നിഷേധികൾക്കു സംഭവിക്കുന്ന ദുരന്തത്തിന്റെ ശാശ്വതസ്മാരകമാണ് ജെസബെൽ. വെളിപാടു പുസ്തകത്തിൽ ദൈവനിഷേധത്തിന്റെയും വിഗ്രഹാരാധനയുടെയും പ്രതീകമായി അവളുടെ പേര് പ്രത്യക്ഷപ്പെടുന്നുണ്ട് (വെളി 2,20-23). കാർമ്മൽ മലയും ജെസ്രേലും അഭിശപ്തമായ അധികാരത്തിന്റെ പരാജയം ഇന്നും വിളിച്ചറിയിക്കുന്നു. കാർമ്മലിൽ ബാലിന്റെ 850 പുരോഹിതർക്കു ജീവൻ നഷ്ടപ്പെട്ടു, അവരെ പോറ്റിയ ജെസബെലിന് ജെസ്രേലിലും.

# 39

## വംശനാശത്തിനുദ്യമിച്ച രാജമാതാവ്

## – അത്താലിയാ

**ദാ**വീദിന്റെ സിംഹാസനത്തിൽ ഉപവിഷ്ടയായ ഏക രാജ്ഞിയാണ് അത്താലിയാ. ബി. 1020 മുതൽ 587 വരെ, 433 വർഷം ദീർഘിച്ച ഇസ്രായേലിലെ രാജവാഴ്ചയുടെ കാലത്ത്,യൂദായിലും ഇസ്രായേലിലുമായി 41 രാജാക്കന്മാർ ഭരിച്ചു. അവരിൽ പലരുടെയും മാതാക്കളും ഭാര്യമാരും വലിയ ശക്തിയും സ്വാധീനവുമുള്ളവരായിരുന്നു. എന്നാൽ അത്താലിയാ മാത്രമാണ് രാജ്ഞിയായി നാടു ഭരിച്ചത്. അതിനാൽത്തന്നെ അവൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. 2 രാജാ 8,18-29, 11,1-21, 2 ദിന 22, 10-24,7 എന്നീ ബൈബിൾ ഭാഗങ്ങളിൽ അത്താലിയായെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു.

"യാഹവേ അത്യുന്നതൻ" എന്നാണ് അത്താലിയാ എന്ന പേരിന്റെ അർത്ഥം. എന്നാൽ, പേരിനു കടകവിരുദ്ധമായിരുന്നു അവളുടെ ചിന്താഗതിയും പ്രവർത്തനരീതിയും. ഇസ്രായേൽ രാജവായ ആഹാബിന്റെ മകളാണ് അത്താലിയാ എന്നു ബൈബിൾ രേഖപ്പെടുത്തിയിട്ടുണ്ട് (2രാജാ 8,18). ഓമ്രിയുടെ പൗത്രിയായിരുന്നു എന്ന 2 രാജാ 8,26 ലെ പരാമർശം ഓമ്രിയുടെ പുത്രിയായിരുന്നു എന്ന് ബൈബിളിന്റെ ചില പുരാതന കയ്യെഴുത്തു പ്രതികളിൽ കാണുന്നതിനാൽ അത്താലിയാ ആഹാബിന്റെ സഹോദരിയായിരുന്നു എന്ന് കരുതുന്നവരുണ്ട്. ഈ അഭിപ്രായത്തിന് പൊതുവേ അംഗീകാരമില്ല. അത്താലിയായുടെ മാതാവ് ആരായിരുന്നു എന്ന് ബൈബിൾ വ്യക്തമായി പറയുന്നില്ല. ടയിർ രാജാവിന്റെ പുത്രിയും ആഹാബിന്റെ ഭാര്യയു

മായ ജെസെബൽ ആയിരുന്നു മാതാവ് എന്നാണ് പൊതു അഭിപ്രായം. സ്വഭാവവും പ്രവൃത്തികളും പരിശോധിക്കുമ്പോൾ ജെസബലിന്റെ മകളായിരുന്നു അത്താലിയാ എന്നതിൽ സംശയമുണ്ടാവില്ല.

പരസ്പരം ശത്രുതയിൽ കഴിഞ്ഞിരുന്ന സഹോദര രാജ്യങ്ങളായ ഇസ്രായേലും യൂദായും തമ്മിൽ സമാധാനവും സഹകരണവും പുനഃസ്ഥാപിക്കുന്നതിനുവേണ്ടി ദീർഘവീക്ഷണത്തോടു കൂടെ നടത്തിയ ഉടമ്പടിയുടെ ഭാഗമായിരുന്നു അത്താലിയായുടെ വിവാഹം. യൂദാരാജാവായ യഹോഷാഫാത്തിന്റെ മകൻ യഹോറാമിന് തന്റെ മകൾ അത്താലിയായെ ഭാര്യയായി നല്കുന്നതിലൂടെ ആഹാബ് രാജ്യത്ത് സാമാധനവും സമൃദ്ധിയും ഉറപ്പുവരുത്തുകയും ഒപ്പം രാഷ്ട്രീയ സ്വാധീനം വികസിപ്പിക്കുകയും ആയിരുന്നു ലക്ഷ്യം വച്ചത്, ടയിർ രാജ്യവുമായി ചെയ്ത ഉടമ്പടിയിലൂടെ തന്റെ പിതാവായ ഓമ്രി ചെയ്തതുപോലെ. എന്നാൽ, ആ വിവാഹം ആത്യന്തികായി യൂദായ്ക്കും അത്താലിയായ്ക്കു തന്നെയും വലിയ നാശത്തിനു കാരണമായി.

നീതിനിഷ്ഠനും തികഞ്ഞ യാഹ്‌വേ ഭക്തനുമായിരുന്ന യഹോഷാ ഫാത്തിന്റെ മരണത്തെ തുടർന്ന് രാജവായ യഹോറാം തികച്ചും വ്യത്യസ്തനായിരുന്നു. കർത്താവിനോടുള്ള ഭക്തിയിൽ അവൻ ഉറച്ചു നിന്നില്ല. നാട്ടിൽ വിഗ്രഹാരാധന പ്രചരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. ബാൽദേവനെ ആരാധിക്കുകയും ബാൽ ഭക്തി പ്രചരിപ്പിക്കുകയും ചെയ്തിരുന്ന ജെസെബലിന്റെ മകൾ അത്താലിയയാണ് ഇതിനു മുഖ്യകാരണം എന്നു ബൈബിൾ എടുത്തു പറയുന്നു. “ആഹാബിന്റെ ഭവനം ചെയ്തതുപോലെ അവൻ ഇസ്രായേൽ രാജാക്കന്മാരുടെ വഴികളിൽ നടന്നു. കാരണം ആഹാബിന്റെ പുത്രിയായിരുന്നു അവന്റെ ഭാര്യ” (2രാജാ 8,18).

അത്താലിയായുടെ സ്വാധീനം വിഗ്രഹാരാധന പ്രചരിപ്പിക്കുന്നതിൽ ഒതുങ്ങി നിന്നില്ല. “തന്റെ നില ഭദ്രേമാക്കിയപ്പോൾ അവൻ എല്ലാ സഹോദരന്മാരെയും ഇസ്രായേലിലെ ചില പ്രമാണിമാരെയും വാളിനിരയാക്കി (2ദിന 21,4). തന്റെ അധികാരത്തിനു ഭീഷണിയായേക്കും എന്നു കരുതിയ സകലരെയും കൊന്നൊടുക്കിക്കൊണ്ട് സിംഹാസനം ഉറപ്പിക്കാനുള്ള തന്ത്ര

പരമായ ഉപദേശങ്ങളും പിന്തുണയും നല്കി പ്രേരിപ്പിച്ചത് ഭാര്യ അത്താലിയാ ആയിരുന്നു. എന്നു വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. വടക്കൻ രാജ്യമായ ഇസ്രായേലിൽ ഇതു പതിവായിരുന്നു.

ദുർബലനായ യഹോറാമിന്റെ ഏട്ടു വർഷം നീണ്ട ഭരണം വലിയ നഷ്ടങ്ങൾക്ക് കാരണമായി. തെക്ക് ഏദോമും തെക്കുപടിഞ്ഞാറ് ലിബ്നായും യൂദായുടെ നുകം വലിച്ചെറിഞ്ഞ് സ്വതന്ത്രരായി. "ഏത്യോപ്യരുടെ സമീപത്തു വസിച്ചിരുന്ന ഫിലിസ്ത്യരും അറബികളും ചേർന്ന് യൂദായെ അക്രമച്ചു; ജെറുസലെം കൊള്ളയടിച്ചു. രാജാവിന്റെ ഭാര്യമാരെയും മക്കളെയും തടവുകാരാക്കി" (2ദിന 21,17). അവസാനം മാരകമായ കുടൽ രോഗം ബാധിച്ച് യഹോറാം മരിച്ചു. നാട്ടിൽ വിഗ്രഹാരാധന പ്രചരിപ്പിക്കുകയും അക്രമം അഴിച്ചുവിടുകയും ചെയ്തതാണ് ഈ അത്യാഹിതങ്ങൾക്കെല്ലാം കാരണം എന്ന് ബൈബിൾ വിലയിരുത്തുന്നു. ഇതിന്റെയെല്ലാം മുഖ്യ ഉത്തരവാദി അത്താലിയാ ആയിരുന്നു.

യഹോറാമിന്റെ മറ്റു മക്കളെല്ലാം കൊല്ലപ്പെട്ടതിനാൽ അവശേഷിച്ച ഏറ്റം ഇളയമകൻ അഹസിയ 22-ാം വയസ്സിൽ രാജാവായി. അത്താലിയായ്ക്ക് ഭർത്താവിന്റെമേൽ ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ സ്വാധീനം രാജമാതാവെന്ന നിലയിൽ മകന്റെ മേലുണ്ടായിരുന്നു. "മാതാവിന്റെ ദുഷ്പ്രേരണ നിമിത്തം അഹസിയ ആഹാബ് ഭവനത്തിന്റെ മാർഗത്തിൽ ചരിച്ചു"(2ദിന 22,3). അഹസിയായടെ ആലോചനക്കാരെല്ലാം അമ്മയുടെ ആൾക്കാരായിരുന്നു. അവരുടെ ഉപദേശത്തിനും പ്രേരണയ്ക്കും വഴങ്ങി, ഇസ്രായേലിന്റെ സഖ്യകക്ഷി എന്ന നിലയിൽ സിറിയായ്ക്കെതിരേ യുദ്ധത്തിനുപോയ ആയാൾ യുദ്ധത്തിൽ തോറ്റു. മാത്രമല്ല, പട്ടാള വിപ്ലവത്തിലൂടെ ഇസ്രായേലിൽ അധികാരം പിടിച്ചെടുത്ത യേഹു അഹസിയായുടെ ചാർച്ചക്കാരായ യുദാപ്രഭുക്കന്മാരെയും രാജസേവകരെയും വധിച്ചു (2രാജാ 22,7-9). ഓടിയൊളിക്കാൻ ശ്രമിച്ച അഹസിയായ്ക്കു മരകമായ മുറിവേറ്റു; മെഗിദോയിൽവച്ച് അയാളും മരിച്ചു (2രാജാ 9,27-29).

മകൻ മരിച്ച വിവരം അറിഞ്ഞ അത്താലിയാ രാജകുടുംബത്തെ സമൂലം നശിപ്പിച്ചു. കൂട്ടക്കൊലയിലൂടെ എതിരാളികളെയെല്ലാം തുടച്ചു നീക്കി ദാവീദിന്റെ സിംഹാസനത്തിൽ ഉപവി

ഷ്ടനായി. ആറുവർഷം ദീർഘിച്ച അത്താലിയായുടെ ഭരണത്തെക്കുറിച്ച് ബൈബിൾ ഒന്നും തന്നെ പറയുന്നില്ല. ഏഴാം വർഷം വലിയൊരു അട്ടിമറിയിലൂടെ അവൾ ക്ക് അധികാരവും ജീവനും നഷ്ടപ്പെട്ടതിന്റെ ചിത്രം വിശദമായി വിവരിച്ചു കാട്ടുന്നുണ്ട് (2 രാജാ 11,3-21, 2ദിന 22,11-23,20).

അഹാസിയാ രാജാവിന്റെ മകൻ യോവാഷിനെ അത്താലിയായുടെ വാളിൽ നിന്ന് ദൈവം അത്ഭുതകരമായി രക്ഷപ്പെടുത്തി. ഒരു വയസ്സുപോലും പ്രായമാകാതിരുന്ന കൈക്കുഞ്ഞിനെ രാജപുരോഹിതൻ യഹോയാദായുടെ ഭാര്യയും രാജകുമാരിയുമായ യഹോഷേബാ ദേവാലയത്തിൽ ഒളിപ്പിച്ചു വച്ചു; ആറുവർഷം ഒളിവിൽ അവനെ വളർത്തി. കുമാരനു ഏഴു വയസ്സായപ്പോൾ യഹോയാദാ പുരോഹിതൻ കാവൽ സേനയുടെ സഹായത്തോടെ ദേവാലയത്തിൽ വച്ച് രാജാവായി അഭിഷേകം ചെയ്തു. പുരോഹിതന്മാരും കാവൽ സൈന്യവും രാജാവിന് ജയ് വിളിച്ചു. ജനം ദേവാലയത്തിൽ ഓടിക്കൂടി, രാജാവിനെ ക്കണ്ട് ആഹ്ളാദിച്ച് ആർപ്പുവിളിച്ചു. ആരവും കേട്ട് പാഞ്ഞുവന്ന അത്താലിയാ "രാജദ്രോഹം" എന്നു വിളച്ചു പറഞ്ഞുവെങ്കിലും അവളെ തുണയ്ക്കാൻ ആരുമുണ്ടായില്ല. പുരോഹിതന്റെ കല്പനപ്രകാരം സേവകന്മാർ അവളെ ദേവാലയത്തിനുപുറത്ത് കൊണ്ടുവന്ന് കൊന്നുകളഞ്ഞു. "അത്താലിയാ വധിക്കപ്പെട്ടപ്പോൾ നഗരം ശാന്തമായി" (2രാജാ 11,20, 2ദിന 23, 21) എന്ന പ്രസ്താവനയോടെയാണ് സുദീർഘമായ വിവരണം സമാപിക്കുന്നത്. അവളുടെ ഭരണം എത്ര ദുർവ്വമായിരുന്നു എന്ന് ഈ വിലയിരുത്തൽ വ്യക്തമാക്കുന്നു.

സംഭ്രമജനകമായ ഒരു ദുരന്ത നാടകം അതിഭീകരമായ അന്ത്യംവരെ അഭിനയിച്ചു തീർത്ത അഭിശപ്ത കഥാനായികയാണ് അത്താലിയാ. അവളെക്കുറിച്ച് ഒരു നല്ല വാക്കുപോലും ബൈബിളിൽ കാണുന്നില്ല. മറിച്ച്, ഭർത്താവിനെയും മകനെയും ദുഷ്പ്രേരണയിലൂടെ വഴിതെറ്റിച്ചവൾ, ജനത്തെ ഒന്നടങ്കം കർത്താവിൽ നിന്നകറ്റി വിഗ്രഹാരാധനയ്ക്ക് പ്രേരിപ്പിച്ചവൾ, രാജകുടുംബത്തെ മുഴുവൻ ഉന്മൂലനം ചെയ്യാൻ ശ്രമിച്ചവൾ എന്നിങ്ങനെ അനേകം കുറ്റങ്ങൾ അവളുടെ മേൽ ആരോപിക്കുന്നുണ്ട്. ദാവീദിനു ദൈവം നല്കിയ വാഗ്ദാനങ്ങൾക്കു വിലങ്ങുതടിയായി അവൾ സിംഹാസനത്തിൽ ഇരുന്നതു തന്നെ വലി

യൊരപരാധമായി. കർത്താവിന്റെ അരുളപ്പാടോ അഭിഷേകമോ കൂടാതെ, അക്രമത്തിലൂടെ അധികാരം പിടിച്ചെടുത്താണ് അവൾ യൂദായുടെ ഭരണാധികാരിയായത്.

ഇതൊക്കെയാണെങ്കിലും അത്താലിയാ കടന്നുപോന്നവഴികളും അവളെ രൂപപ്പെടുത്തിയ സാഹചര്യങ്ങളും ബൈബിളിൽ മറച്ചുവയ്ക്കുന്നില്ല. പ്രത്യക്ഷമായ ചിത്രത്തിനു പിന്നിൽ അത്താലിയായുടെ മറ്റൊരു ചിത്രം ഒളിച്ചു വച്ചിരുക്കുന്നതായി തോന്നും. മറ്റു രാജകീയ വിവാഹങ്ങൾപോലെ അത്താലിയായുടെ വിവാഹവും ഒരു രാഷ്ട്രീയ പദ്ധതിയുടെ ഭാഗമായിരുന്നു. വടക്കൻ രാജമായ ഇസ്രായേലിന്റെ സ്വാധീനം യൂദായിലേക്കും വ്യാപിപ്പിക്കാൻ അതു വഴി സാധിച്ചു. എന്നാൽ, തുടക്കം മുതലേ ഈ വിവാഹത്തെയും അത്താലിയായെയും സംശയത്തോടെ വീക്ഷിക്കുക മാത്രമല്ല, എതിർക്കുകയും ചെയ്ത ഒരു മതനേതൃത്വം യൂദായിലുണ്ടായിരുന്നു. അതിനാൽ, ജറുസലെമിലെ അവളുടെ വാസം ഒട്ടും എളുപ്പമായിരുന്നില്ല.

രണ്ടു സംസ്കാരങ്ങൾ തമ്മിലുള്ള ഏറ്റു മുട്ടലിന്റെ ദുഃഖകരമായ ബാക്കി പത്രമാണ് അത്താലിയാ. അമ്മ ജെസബെലിൽ നിന്ന് ആർജിച്ച, ബാൽ ആരാധനയിൽ ഊന്നിയ, പരിധികളില്ലാത്ത രാജാധികാര ചിന്തയായിരുന്നു അവളുടെ സിരകളിൽ ഓടിയത്. എന്നാൽ, വിട്ടു വീഴ്ചയില്ലാത്ത യാഹ്വേ വിശ്വാസികളുടെ നാട്ടിൽ രാജാവും പുരോഹിതനും ദൈവിക നിയമത്തിനു കീഴിലാണെന്ന സങ്കല്പം നിലനിന്നു. കർമ്മല മലയിൽ ഏലിയാ അവതരിപ്പിച്ച പക്ഷം ചേരൽ യൂദായിൽ കൂടുതൽ രൂക്ഷമായിരുന്നു. യാഹവേ വിശ്വാസവും ബാൽ ആരാധനയും സമന്വയിപ്പിക്കാൻ കഴിയാതെ വന്നപ്പോൾ സംഭവിച്ചത് അതിശക്തമായ സംഘട്ടനമാണ്.

ഇവിടെ അത്താലിയാ സർവ്വശക്തിയും ഉപയോഗിച്ച് പൊരുതി. തന്നെ സ്നേഹിക്കാനോ സ്വീകരിക്കാനോ അംഗീകരിക്കാനോ തയ്യാറാകാത്ത ശത്രുത നിറഞ്ഞ തലസ്ഥാന നഗരിയിൽ അവൾ ചുവടുറപ്പിച്ചത് വാൾ മുനയാലാണ്. അതിനായി ഭർത്താവിനെയും പുത്രനെയും അവൾ പ്രേരിപ്പിച്ചു. തന്റെ പിതൃഭവനവുമായുള്ള മൈത്രി നിലനിർത്താൻ ആവതു ശ്രമിച്ചു. കാരണം അവളുടെ തന്നെ നിലനില്പ് ആ സംഖ്യത്തെ ആശ്രയിച്ചിരുന്നു. യേഹുവിന്റെ പ്രതികാരാഗ്നിയിൽ അവളുടേതായ

തെല്ലാം കത്തി ചാമ്പലായി. പിതാവ് യുദ്ധത്തിൽ മരിച്ചു. അംഗ രക്ഷകർ അന്തഃപുരത്തിൽനിന്ന് വലിച്ചു താഴേക്കെറിഞ്ഞ മാതാവ് നായ്ക്കൾക്കു ഭക്ഷണമായി. സഹോദരങ്ങളും ബന്ധു ജനങ്ങളും എല്ലാം വധിക്കപ്പെട്ടു. ഏക ആശ്രയവും പ്രതീക്ഷയു മായിരുന്ന മകനും ക്രൂരമായി കൊല്ലപ്പെട്ടു. ഈ നഷ്ടമെല്ലാം ഒറ്റയ്ക്കു സഹിക്കുമ്പോഴും അവളെ മനസ്സിലാക്കാനോ ആശ്വ സിപ്പിക്കാനോ ആരും ഉണ്ടായിരുന്നില്ല. കുറ്റാരോപണങ്ങളും ശിക്ഷാവിധികളും ചുറ്റിലും ഉയർന്നു. അപ്പോഴാണ് അവൾ ഒരു സംഹാരമൂർത്തിയായി ദാവീദു വംശത്തെ ഉന്മൂലനം ചെയ്യാൻ ശ്രമിച്ചത്.

അത്താലിയായുടെ ക്രൂരതകൾക്ക് ന്യായീകരണമില്ല. എന്നാൽ, അവൾ കടന്നു പോന്ന വഴികൾ ചില പാഠങ്ങൾ നല്കുന്നുണ്ട്. മതവും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തെ സംബ ന്ധിക്കുന്നതാണ് മുഖ്യ പാഠം. കർത്താവിന്റെ നിയമങ്ങൾ കാറ്റിൽ പറത്തുന്നവർ ജനത്തെ വലിയ നാശത്തിലേക്കു നയിക്കും; അവസാനം സ്വന്തം ശവകുഴി തോണ്ടുകയും ചെയ്യും. മനുഷ്യന്റെ കണക്കു കൂട്ടലുകൾക്കപ്പുറത്താണ് ദൈവത്തിന്റെ പദ്ധതി. ആത്യന്തികമായി ദൈവികപദ്ധതിയേ നിറവേറൂ.

# 40

## ഭക്തന്റെ ഭാര്യ
## –നിനെവേയിലെ അന്ന

**തോ**ബിത്തിന്റെ ഭാര്യയും തോബിയാസിന്റെ അമ്മയുമായ അന്ന ശ്രദ്ധേയമായൊരു കഥാപാത്രമാണ്. അന്ധനായിത്തീർന്ന ഭർത്താവിനെ പരിചരിക്കുകയും ദൂരയാത്രയ്ക്കുപോയ മകന്റെ തിരിച്ചുവരവിനുവേണ്ടി കണ്ണീരോടെ കാത്തിരിക്കുകയും ചെയ്യുന്ന അവളുടെ ചിത്രം അനുവാചകരുടെ മനസ്സിൽ തങ്ങിനില്ക്കും.

പ്രോട്ടസ്റ്റന്റുസഭകൾ അപ്രാമണികം (apocrypha) എന്നും കത്തോലിക്കർ ഉത്തര കാനോനികം (deutero-canonical) എന്നും വിശേഷിപ്പിക്കുന്ന 'തോബിത്' എന്ന ബൈബിൾ ഗ്രന്ഥത്തിലാണ് അന്ന പ്രത്യക്ഷപ്പെടുന്നത്. ബി.സി. മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ രചിക്കപ്പെട്ട, ചരിത്രാഖ്യായിക എന്നു വിശേഷിപ്പിക്കാവുന്ന, ഒരു ഗ്രന്ഥമാണ് തോബിത്. ദൈവിക നിയമങ്ങൾ പൂർണ്ണമായി അനുസരിച്ചുകൊണ്ട് ദൈവത്തോട് വിശ്വസ്തത പാലിക്കാൻ ഉത്തേജനം നൽകുകയാണ് ഗ്രന്ഥത്തിന്റെ മുഖ്യ ലക്ഷ്യം. എത്ര വലിയ പ്രതിസന്ധിയിലൂടെ കടന്നുപോയാലും, ഒരു രക്ഷാമാർഗ്ഗവും അവശേഷിക്കുന്നില്ല എന്നു തോന്നിയാലും, കർത്താവിൽ ആശ്രയിച്ച് പ്രാർത്ഥിക്കുകയും നിയമങ്ങളെല്ലാം വിശ്വസ്തതയോടെ പാലിക്കുകയും ചെയ്യുന്നവരെ ദൈവം അനുഗ്രഹിക്കും; എല്ലാ ക്ലേശങ്ങളിലുംനിന്ന് അവരെ വിടുവിക്കും. പൊതുവായ ഈ സന്ദേശത്തോടൊപ്പം കുടുംബജീവിതത്തിന്റെ ധന്യതയും, ഭാര്യാഭർതൃബന്ധത്തിന്റെ പവിത്രതയും, പിതൃപുത്ര സ്നേഹത്തിന്റെ ഊഷ്മളതയും ഈ ഗ്രന്ഥത്തിൽ നിറഞ്ഞുനിൽക്കുന്നു.

'കൃപ' എന്നാണ് 'അന്ന' എന്ന പേരിന്റെ അർത്ഥം. പേര് അന്വർത്ഥമാക്കുന്നതായിരുന്നു അവളുടെ ജീവിതം. ഏറെ ക്ലേശ

ങ്ങളും ദുരിതങ്ങളും അനുഭവിക്കേണ്ടി വന്നെങ്കിലും കാഴ്ച നഷ്ടപ്പെട്ട ഭർത്താവിനും യുവാവായ മകനും മാത്രമല്ല, പല തലമുറകൾ ഉൾക്കൊള്ളുന്ന കുടുംബത്തിനും മുഴുവൻ കൃപയുടെ ഉറവിടമായി ആ മാതാവ്.

യുദ്ധത്തിൽ തോറ്റ് നാടുകടത്തപ്പെട്ട നഫ്ത്താലി ഗോത്രജനായ ഒരു ഇസ്രായേൽക്കാരനായിരുന്നു അവളുടെ ഭർത്താവ് തോബിത്. യുദ്ധത്തടവുകാരായിട്ടാണ് അവർ അസീറിയായുടെ തലസ്ഥാനമായ നിനെവേയിൽ എത്തിയത്. മാറിവന്ന രാഷ്ട്രീയ സാഹചര്യങ്ങൾ തോബിത്തിന് അനുകൂലമായി; രാജാവിന്റെ വിശ്വസ്ത സേവകനായി ഉയരാൻ അയാൾക്കു കഴിഞ്ഞു. എന്നാലും ദൈവിക നിയമങ്ങളോടും തന്റെ ജനത്തോടുമുള്ള പ്രതിബദ്ധത അയാൾ കൈവെടിഞ്ഞില്ല. രാജകല്പനപ്രകാരം കൊല്ലപ്പെട്ട ഇസ്രായേൽക്കാരുടെ ശവശരീരങ്ങൾ രഹസ്യത്തിൽ മറവു ചെയ്ത് അയാൾ തന്റെ വിശ്വാസവും വിശ്വസ്തതയും കാത്തു സൂക്ഷിച്ചു. പക്ഷേ, അത് രാജകോപത്തിനു കാരണമായി. സ്വജീവൻ രക്ഷിക്കാൻ തോബിത്തിന് ഒളിവിൽ പോകേണ്ടിവന്നു. വീണ്ടും അനുകൂലമായ രാഷ്ട്രീയ സാഹചര്യമുണ്ടായപ്പോൾ തിരിച്ചുവന്നെങ്കിലും പൊതുസ്ഥലത്ത് ഉപേക്ഷിക്കപ്പെടുന്ന കുറ്റവാളികളുടെ ശവശരീരങ്ങൾ മറവു ചെയ്യുന്നതിൽ നിന്ന് അയാൾ പിന്മാറിയില്ല. ശരീരശുദ്ധിയെ സംബന്ധിച്ച നിയമം ലംഘിക്കാതിരിക്കുന്നതിനുവേണ്ടി വീട്ടിൽ പ്രവേശിക്കാതെ മരച്ചുവട്ടിൽ കിടന്നുറങ്ങിയത് തോബിത്തിന് വീണ്ടും വിനയായി. കുരുവിയുടെ കാഷ്ടം കണ്ണിൽ വീണ് അയാൾക്കു കാഴ്ച നഷ്ടപ്പെട്ടു.

ദൈവിക നിയമത്തോടുള്ള ഭർത്താവിന്റെ വിശ്വസ്തത അന്നയ്ക്കും മകനും വലിയ ഭാരമാണ് സമ്മാനിച്ചത്. രാജകല്പന ലംഘിച്ചതിന്റെ പേരിൽ സ്വത്തുമുഴുവൻ നഷ്ടപ്പെട്ടു. ഇപ്പോൾ കാഴ്ചയും പോയി. കൂലിവേലചെയ്ത് കുടുംബം പോറ്റേണ്ട ചുമതല അവൾക്കായി. തന്നാലാവുംവിധം അവൾ അതു നിർവ്വഹിച്ചു. എന്നാൽ, അവിടെയും അവൾക്കു സമാധാനം നല്കാത്തതായിരുന്നു ഭർത്താവിന്റെ ഭക്തി ഭ്രാന്ത്! ചെയ്ത വേലയ്ക്കുള്ള കൂലിക്കു പുറമെ സമ്മാനമായി കിട്ടിയ ആട്ടിൻകുട്ടിയെ വീട്ടിൽ കൊണ്ടുവന്നത് ഭർത്താവിനെ കുപിതനാക്കി. മോഷ്ടിച്ചതല്ല എന്ന് ആണയിട്ടു പറഞ്ഞിട്ടും സമ്മതിക്കാതെ ആട്ടിൻകുട്ടിയെ ഉടമയ്ക്കു തിരിച്ചുകൊടുക്കാൻ നിർബന്ധിച്ച ഭർത്താവിന്റെ

ദുഃശ്ശാഠ്യം അവളെ വല്ലാതെ വേദനിപ്പിച്ചു. വേദനയും ദുഃഖവും വിലാപവും പ്രതിഷേധവുമായി ഹൃദയത്തിൽനിന്നു കവിഞ്ഞൊഴുകി: "നിന്റെ ദാനധർമ്മങ്ങളും സൽപ്രവൃത്തികളും എവിടെ? എല്ലാം അറിയാമെന്നല്ലേ ഭാവം?" (തോബിത് 2,14).

ഭർത്താവിന്റെ പല ചെയ്തികളും മനസ്സിലാക്കാനും സ്വീകരിക്കാനും അന്നായ്ക്കു പ്രയാസമായിരുന്നു. വിദൂരസ്ഥമായ റാഗെസിൽ സൂക്ഷിക്കാൻ ഏല്പിച്ചിരുന്ന പണം (പത്തു താലന്ത് വെള്ളി: 1 താലന്ത് = 34.250കിലോഗ്രാം. ഇന്നത്തെ വിലയനുസരിച്ച് ഏകദേശം എട്ടുലക്ഷം രൂപ) വാങ്ങാൻ യുവാവായ മകനെ പറഞ്ഞയച്ചത് അവൾക്കു സഹിക്കാനായില്ല. അറിവും വിവേകവുമുള്ള വിശ്വസ്തനായ ഒരു സഹയാത്രികനോടുകൂടെയാണെങ്കിലും തന്റെ മകന് അപകടം സംഭവിച്ചേക്കും എന്ന് അവൾ ഭയന്നു. അത് അവൾ തുറന്നു പറയുകയും ചെയ്തു. "പണമല്ല പ്രധാനം; അതു നമ്മുടെ മകനെക്കാൾ വിലപ്പെട്ടതുമല്ല. കർത്താവുതന്ന ജീവിതസൗകര്യങ്ങൾ കൊണ്ടു തൃപ്തിപ്പെട്ടുകൂടേ?" (തോബിത് 5,18-19). പുത്രവാത്സല്യം നിറഞ്ഞൊഴുകുന്ന മാതൃഹൃദയം ഇവിടെ അനാവൃതമാകുന്നു. മകൻ വരാൻ വൈകുമ്പോൾ ആ ഹൃദയം ദുഃഖത്താൽ വിങ്ങുന്നു. മകന് അപകടം സംഭവിച്ചു എന്ന് അവൾ ഭയന്നു. "കുഞ്ഞേ, എന്റെ കണ്ണുകളുടെ വെളിച്ചമായ നിന്നെ പോകാൻ അനുവദിച്ചത് കഷ്ടമായിപ്പോയി... എല്ലാദിവസവും അവൾ അവർപോയ വഴിയിലേക്കുചെല്ലും. പകൽ ഒന്നും ഭക്ഷിക്കുകയില്ല. രാത്രി മുഴുവൻ മകൻ തോബിയാസിനെ ഓർത്തു വിലപിക്കും" (തോബിത് 10,5-7).

കാത്തിരുന്ന അമ്മയുടെ പ്രാർത്ഥനയും കണ്ണീരും യാത്രയിലായിരുന്ന മകന് അനുഗ്രഹമായി. തിരിച്ചു വങ്ങാൻപോയ തുക മാത്രമല്ല, അനുയോജ്യയായ ഭാര്യയെയും കൊണ്ടു മടങ്ങിവന്ന മകനെക്കണ്ട് അവളുടെ ഹൃദയം സംതൃപ്തമായി. ഭർത്താവിനു കാഴ്ച തിരിച്ചുകിട്ടാൻ അവളുടെ കണ്ണീരും സഹായിച്ചിട്ടുണ്ടാവും. ദീർഘായുസ്സു നല്കി ദൈവം അവളെ അനുഗ്രഹിച്ചു. "നിന്റെ അമ്മയെ എന്റെയടുത്തുതന്നെ സംസ്ക്കരിക്കണം" (തോബി 14,10) എന്ന പിതാവിന്റെ ഉപദേശപ്രകാരം, "അന്ന മരിച്ചപ്പോൾ തോബിയാസ് അവളെ പിതാവിന്റെ സമീപത്തു സംസ്കരിച്ചു" (തോബി 14,12).

ഭർത്താവിന്റെ അകാരണമായ ശകാരത്തിനും അതിരുക

ടന്ന മതതീക്ഷ്ണതയ്ക്കും എതിരേ പ്രതിഷേധിക്കുകയും വില പിക്കുകയും ചെയ്യുമ്പോഴും സ്നേഹബന്ധത്തിന് ഉലച്ചിൽ തട്ടു ന്നില്ല. വികാരങ്ങൾ മറച്ചുവയ്ക്കാതെ സ്വതന്ത്രമായി അവൾ പ്രക ടിപ്പിക്കുന്നു. മകനോടുള്ള വാത്സല്യവും കരുതലും അവന്റെ സുര ക്ഷിതത്വത്തെക്കുറിച്ചുള്ള ഉത്കണ്ഠയായി അവളെ അലട്ടുന്നു. വഴിക്കണ്ണുമായി കാത്തിരിക്കുന്ന അന്ന യേശു പറഞ്ഞ ധൂർത്ത പുത്രന്റെ കഥയിലെ പിതാവിനെ അനുസ്മരിപ്പിക്കുന്നതാണ്.

വലിയ സാഹസികതയോ ധീരതയോ ഒന്നും അവകാശ പ്പെടാനില്ലാത്ത ഒരു സാധാരണക്കാരിയാണ് നിനെവേയിലെ അന്ന. അതേസമയം കുടുംബനാഥയും മാതാവും എന്ന നില യിൽ ഏവർക്കും അനുകരണാർഹമായ മാതൃകയാണവൾ. ശത്രു ക്കളുടെ ആക്രമണത്തിൽ വീടും നാടും നഷ്ടപ്പെടുകയും വിദേ ശത്ത് അടിമയായി കഴിയേണ്ടിവരുകയും ചെയ്യുമ്പോഴും അവൾ പതറുന്നില്ല. അധ്വാനിച്ച് കുടുംബത്തെ പോറ്റേണ്ടിവരുമ്പോഴും അവൾക്കു പരാതിയില്ല. അവളുടെ ഉത്കണ്ഠയും വ്യഗ്രതയു മെല്ലാം കുടുംബത്തിന്റെ, പ്രത്യേകിച്ചും മക്കളുടെ, സുരക്ഷിത ത്വത്തെക്കുറിച്ചാണ്. ഏതുവിധേനയും കൂടുതൽ പണം സമ്പാ ദിക്കാനായി ഭർത്താവിനെയും മക്കളെയും വിദേശത്തേക്കു പറ ഞ്ഞയ്ക്കാനും എത്ര കിട്ടിയാലും തൃപ്തിയാവാതെ വീണ്ടും വീണ്ടും സമ്പാദിക്കാനും കൂടുതൽ കൂടുതൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കനാനും തത്രപ്പെടുന്നവരുടെ മുന്നിൽ "കർത്താവു തന്ന ജീവിത സൗകര്യങ്ങൾകൊണ്ട് തൃപ്തിപ്പെട്ടുകൂടേ?" എന്ന അന്നയുടെ നിലപാട് ഉത്തമ മാതൃകയും ഒപ്പം ഒരു വെല്ലുവിളി യുമായി നിലകൊള്ളുന്നു.

# 41

## പിശാച് പ്രേമിച്ച ദുഃഖപുത്രി
## –എക്ബത്താനായിലെ സാറാ

**പ**രിശുദ്ധമായ ദാമ്പത്യബന്ധത്തിന്റെ പ്രകീർത്തനമായ തോബിത് എന്ന ബൈബിൾ ഗ്രന്ഥത്തിൽ പ്രത്യക്ഷപ്പെടുന്ന ഒരു കഥാപാത്രമാണ് എക്ബത്താനായിലെ സാറാ. മേദിയാ രാജ്യത്തിന്റെ തലസ്ഥാന നഗരിയായിരുന്നു എക്ബത്താനാ. പിന്നീട് അത് പേർഷ്യൻ രാജാക്കന്മാരുടെ വേനൽക്കാല തലസ്ഥാനമായി. അതീവ സമ്പന്നമായ ഒരു നഗരമായിരുന്നു എക്ബത്താനാ. അസീറിയായുടെ തലസ്ഥാനമായിരുന്ന നിനെവേയിൽ നിന്ന് ഏകദേശം 300 കി.മീ. തെക്കുകിഴക്കായി സ്ഥിതിചെയ്തിരുന്ന ആ പട്ടണം ഇന്ന് 'ഹമാദാൻ' എന്ന പേരിൽ അറിയപ്പെടുന്നു. ബാഗ്ദാദിൽനിന്ന് ടെഹറാനിലേക്കുള്ള വഴിയിൽ, ഇന്നത്തെ ഇറാനിലാണ് ഹമാദാൻ.

തോബിത്തിന്റെ ചാർച്ചക്കാരിയായിരുന്നു സാറായുടെ മാതാപിതാക്കളായ എദ്നായും റഗുവേലും. അവർ എങ്ങനെ വിദേശത്തു വന്നു വാസമുറപ്പിച്ചു എന്ന് ബൈബിൾ പറയുന്നില്ല, തോബിത്തിനെപ്പോലെ നാടു കടത്തപ്പെട്ടതാകാം. എന്നാൽ, തോബിത്തിന്റേതിനു സമാനമായ തിക്താനുഭവങ്ങൾ റഗുവേലിനുണ്ടായില്ല. ആ കുടുംബത്തിന്റെ ദുഃഖകാരണം മറ്റൊന്നായിരുന്നു.

"സുന്ദരിയും വിവേകവതിയും" (തോബി 6:12) എന്നു ദൈവദൂതൻ തന്നെ വിശേഷിപ്പിക്കുന്ന അവരുടെ മകൾ സാറാ ആയിരുന്നു കുടുംബത്തെ മുഴുവൻ ദുഃഖത്തിൽ ആഴ്ത്തിയത്. വിശുദ്ധ ഗ്രന്ഥകാരൻ നല്കുന്ന വിവരണം അനുസരിച്ച് ഏഴുതവണ വിവാഹിതയായവളാണ് സാറാ. എന്നാൽ, വിവാഹത്തിന്റെ

ആദ്യരാത്രിയിൽത്തന്നെ ഏഴുപേരും ഒരുപോലെ കൊല്ലപ്പെട്ടു. അവളിൽ അനുരക്തനായിരുന്ന അസ്മോദേവൂസ് എന്ന ദുർഭൂതമാണത്രേ ഈ കൊലപാതകം നടത്തിയത്. ഏഴു ഭർത്താക്കന്മാരെ ലഭിച്ചെങ്കിലും അവർ ആരുടെയും കൂടെ വസിക്കാനോ, അവരുടെ നാമം നിലനിർത്താനായി ഒരു സന്താനത്തിനു ജന്മം നല്കാനോ കഴിയാത്തതിന്റെ പേരിൽ നാട്ടുകാരുടെ മാത്രമല്ല, സ്വന്തം വീട്ടിലെ വേലക്കാരുടെപോലും നിരന്തരമായ പരിഹാസത്തിനും അവഹേളനത്തിനും ഇരയായവളാണ് സാറാ. രാജ്ഞി, രാജകുമാരി, സ്വാമിനി എന്നൊക്കെയാണ് സാറാ എന്ന പേരിന് അർത്ഥമെങ്കിലും അവളുടെ ജീവിതാനുഭവം പേരിനു കടകവിരുദ്ധമായിരുന്നു.

സ്വന്തം തിക്താനുഭവങ്ങളും ഏല്ക്കേണ്ടിവന്ന പരിഹാസങ്ങളും മൂലം ജീവിക്കാനുള്ള ആശപോലും നഷ്ടപ്പെട്ട ഹതഭാഗ്യയായ ആ ദുഃഖപുത്രി മരിക്കാൻ ആഗ്രഹിച്ചു. മാതാപിതാക്കന്മാരെക്കുറിച്ചുള്ള ചിന്തയൊന്നുമാത്രമാണ് അവളെ ആത്മഹത്യയിൽനിന്ന് പിന്തിരിപ്പിച്ചത് (തോബി 3:10). നിരാശയുടെ നീർച്ചുഴിയിൽ താഴുമ്പോഴും അവളുടെ ഹൃദയത്തിൽനിന്ന് ഉയരുന്ന പ്രാർത്ഥന സ്തുതിയുടേതും പ്രത്യാശയുടേതുമാണ്. മരണത്തിനുവേണ്ടി പ്രാർത്ഥിക്കുമ്പോഴും ദൈവത്തെ സ്തുതിക്കുക മാത്രമാണ് അവൾ ചെയ്യുന്നത്. “എന്റെ ദൈവമായ കർത്താവേ, അങ്ങ് വാഴ്ത്തപ്പെടട്ടെ....എല്ലാ സൃഷ്ടികളും അവിടുത്തെ എന്നെന്നും വാഴ്ത്തട്ടെ” (തോബി 3:11). അവമാനം സഹിച്ചു മടുത്ത അവൾ തന്റെ ദയനീയാവസ്ഥ കർത്താവിന്റെ മുമ്പിൽ തുറന്നുവച്ചു. തനിക്കു ലഭിച്ച ഭർത്താക്കന്മാർ ഏഴുപേരും കൊല്ലപ്പെട്ടു. മാതാപിതാക്കൾക്ക് ഏകസന്താനമായ തന്നെ വിവാഹം കഴിക്കാൻ കടപ്പെട്ട ഒറ്റ വ്യക്തിയും അവശേഷിച്ചിട്ടില്ല. അവമാനവും അധിക്ഷേപങ്ങളും സഹിക്കാൻ മാത്രമായി ഇനി എന്തിനു ജീവിക്കണം? ഇതൊക്കെയാണെങ്കിലും കണ്ണീരിൽ കുതിർന്ന അവളുടെ പ്രാർത്ഥന പ്രത്യാശ കൈവെടിയുന്നില്ല. “ഞാൻ ജീവിക്കണമെന്നാണ് അവിടുത്തെ ഹിതമെങ്കിൽ എന്നെ കാരുണ്യപൂർവ്വം കടാക്ഷിക്കണമേ. ഇനി അധിക്ഷേപങ്ങൾ കേൾക്കാൻ ഇടവരാത്തവിധം എനിക്കു മാന്യത നല്കണമേ” (തോബി 3:15)

“ഉരുകിയ മനസ്സാണ് ദൈവത്തിനു സ്വീകാര്യമായ ബലി; ദൈവമേ നുറുങ്ങിയ ഹൃദയത്തെ അങ്ങ് നിരസിക്കുകയില്ല”

(സങ്കീ 51:17) എന്ന സങ്കീർത്തകന്റെ ദൃഢവിശ്വാസത്തെ സ്ഥിരീകരിക്കുമാറ് ദൈവം സാറായുടെ ജീവിതത്തിൽ ഇടപെട്ടു. സൗഖ്യദായകനായ മുഖ്യദൂതൻ റഫായേലിനെ അയച്ച് അസ്മോദേവൂസിനെ ബന്ധിച്ചു; സന്തോഷപ്രദമായ ദാമ്പത്യ ജീവിതത്തിനുള്ള തടസ്സങ്ങൾ നീക്കി. കണ്ണീർ വാർത്തിരുന്ന തോബിത്തിന്റെ അന്ധതനീക്കി. രണ്ടു കുടുംബങ്ങളെയും സന്തോഷവും സമാധാനവും നല്കി സമൃദ്ധമായി അനുഗ്രഹിച്ചു. നിലവിളി കേൾക്കുകയും കണ്ണീരൊപ്പുകയും ചെയ്യുന്ന ദൈവത്തിന്റെ നിസ്സീമവും അഗ്രാഹ്യവുമായ കാരുണ്യത്തെ പാടിപ്പുകഴ്ത്താൻ അവർക്ക് ഇടയാക്കി. അനപത്യതയുടെ പേരിൽ അവഹേളിതയായ അവൾക്ക് ധാരാളം മക്കളെ നല്കി. അവളുടെ ജീവിതത്തെ ധന്യമാക്കി. ഭർത്താവായ തോബിയാസിന്റെ കൂടെ നിനെവേയിലേക്കുവന്ന സാറാ ഭർത്താവിന്റെ മാതാപിതാക്കന്മാരുടെ മരണശേഷം കുടുംബസമേതം പിതൃഭവനത്തിലേക്കു മടങ്ങി. സ്വന്തം മാതാപിതാക്കന്മാരുടെ വാർദ്ധക്യത്തിൽ അവരെയും ശുശ്രൂഷിച്ചു. അങ്ങനെ ഏറ്റം മാതൃകാപരവും അനുഗ്രഹസമ്പന്നവുമായ അവളുടെ ജീവിതം പൂർവ്വമാതാവായ സാറായുടേതിനു സമാനമായി നിലകൊള്ളുന്നു.

സാറായുടെ ജീവിതത്തെക്കുറിച്ച് വി.ഗ്രന്ഥകാരൻ നല്കുന്ന ചില വിവരണങ്ങൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ഏഴു ഭർത്താക്കന്മാരുടെ മരണത്തിനു കാരണമായ അസ്മോദേവൂസ് ആരാണ്, അഥവാ എന്താണ്? അവളിൽ അനുരക്തനായ ഒരു പിശാച് അഥവാ ദുർഭൂതം എന്നാണ് ബൈബിൾ അതിനെ വിശേഷിപ്പിക്കുന്നത്. ഈ വിവരണത്തിൽ ഇതരമത സങ്കല്പങ്ങളിൽ, പ്രത്യേകിച്ചും പേർഷ്യക്കാരുടെ ഇടയിൽ, നിലവിലിരുന്ന ചില വിശ്വാസങ്ങളുടെ സ്വാധീനം ദൃശ്യമാണ്. പിശാചുക്കളുടെ തലവൻ എന്ന് സുവിശേഷങ്ങളിൽ വിശേഷിപ്പിക്കുന്ന ബേൽസെബൂൽ സങ്കല്പവുമായി ഇതിനു ബന്ധമുണ്ട്. നോഹയുടെ കാലത്തെ പ്രളയത്തിനു തൊട്ടുമുമ്പ് മനുഷ്യപുത്രിമാരെ പ്രേമിച്ച ദൈവപുത്രന്മാരെക്കുറിച്ചുള്ള ബൈബിൾ വിവരണത്തിന് (ഉൽപ 6:1) അപ്രമാണികഗ്രന്ഥമായ ഏനോക്കിന്റെ പുസ്തകത്തിൽ നല്കിയിരിക്കുന്ന ഭാഷ്യവുമായും ഇതിനു സാമ്യമുണ്ട്. മനുഷ്യപുത്രിമാരെ പ്രേമിച്ച ദൂതന്മാരുടെ തലവൻ അസാസേൽ ആയിരുന്നു. അസാസേലിനെയും കൂട്ടരെയും ബന്ധിച്ചത് മിഖായേലാണ്. അതുപോലുള്ള സങ്കല്പം ഈ വിവരണത്തിനു പിന്നിൽ ദൃശ്യമാണ്.

ഇതിനെ ചരിത്രപരമായ വിവരണമായി കാണാതെ, മനുഷ്യനെ പീഡിപ്പിക്കുന്ന തിന്മയുടെ ശക്തിയിൽനിന്ന് ദൈവം തന്റെ ദൂതനെ അയച്ച് രക്ഷിക്കുന്നു എന്ന വിശ്വാസത്തിന്റെ ആലങ്കാരികമായ ഒരു അവതരണമായി കാണുന്നത് അർത്ഥം ഗ്രഹിക്കാൻ സഹായിക്കും.

സാറായുടെ ദാസിമാർ അവൾക്കെതിരേ ചൊരിയുന്ന പരിഹാസം ആധുനിക മനഃശാസ്ത്രവിശദീകരണത്തിനു സമാനമാണ്. കന്യകാത്വത്തോടു വിടപറഞ്ഞ്, ഒരു കുടുംബജീവിതം നയിക്കാനും മക്കൾക്കു ജന്മം നല്കി പുതുജീവനെ വളർത്തിയെടുക്കാനുമുള്ള അബോധമനസ്സിന്റെ വൈമുഖ്യവും ഭയവും ഭീകരരൂപംപൂണ്ട്, ഉറങ്ങിക്കിടന്ന ഭർത്താക്കന്മാരെ കഴുത്തുഞെരിച്ചു കൊല്ലാൻ പ്രേരിപ്പിച്ചതാണ് എന്ന വ്യാഖ്യാനം നല്കുന്നവരുണ്ട്. വൈവാഹിക ജീവിതത്തിലാണെങ്കിലും ജഡികാസക്തി നാശത്തിലേക്കും മരണത്തിലേക്കും നയിക്കും എന്ന ധാർമിക പ്രബോധനം നല്കാൻ വേണ്ടി രചിക്കപ്പെട്ട ഒരു കഥയായി ഇതിനെ കരുതുന്നവരുമുണ്ട്.

വിശദീകരണം എന്തുതന്നെ ആയാലും താൻ ചെയ്യാത്ത കുറ്റത്തിനു ശിക്ഷിക്കപ്പെടുന്ന ഒരു ഹതഭാഗ്യയായിട്ടാണ് സാറായെ അവതരിപ്പിച്ചിരിക്കുന്നത്. ജീവിതത്തിൽ സംഭവിക്കുന്ന പല അത്യാഹിതങ്ങൾക്കും ദുരന്തങ്ങൾക്കും കാരണം കണ്ടെത്താനോ വിശദീകരണം നല്കാനോ കഴിയുകയില്ല എന്ന ഉൾക്കാഴ്ചയാണ് ഇതിൽനിന്ന് ആത്യന്തികമായി ലഭിക്കുക. നീതിമാന്റെ സഹനം എന്ന പ്രമേയമാണ് സറായുടെയും തോബിത്തിന്റെയും ജീവിതാനുഭവങ്ങളിലൂടെ ചർച്ച ചെയ്യപ്പെടുന്നത്, ജോബിന്റെ പുസ്തകത്തിൽ എന്നതുപോലെ. ജോബിനെപ്പോലെതന്നെ ഈ കഥാപാത്രങ്ങളും അവസാനം വരെ പതറാതെ വിശ്വസ്തരായി നിന്നു.

ദാമ്പത്യബന്ധത്തിന്റെ ലക്ഷ്യവും സ്വഭാവവും എടുത്തുകാട്ടുന്നതാണ് സാറായുടെ അനുഭവം, പ്രത്യേകിച്ചും ആദ്യരാത്രിയിലെ സംഭവങ്ങൾ. വിവാഹാലോചന കൊണ്ടുവരുന്ന ദൈവദൂതൻ റഫായേൽ നല്കുന്ന നിർദ്ദേശങ്ങൾ ഇവിടെ വളരെ വിലപ്പെട്ടതാണ്. “നീ അവളെ സമീപിക്കുമ്പോൾ നിങ്ങൾ ഇരുവരും എഴുന്നേറ്റിരുന്ന് കാരുണ്യവാനായ ദൈവത്തെ വിളിച്ചപേക്ഷിക്കണം; അവിടുന്ന് നിങ്ങളെ രക്ഷിക്കുകയും നിങ്ങളോട് കരുണ

കാണിക്കുകയും ചെയ്യും. നീ പേടിക്കേണ്ടാ, അനാദി മുതലേ അവൾ നിനക്കായി നിശ്ചയിക്കപ്പെട്ടവളാണ്. നീ അവളെ രക്ഷിക്കും. അവൾ നിന്നോടു കൂടെ പോരുകയും ചെയ്യും" (തോബി 6:17).

വിവാഹവും സന്താനോല്പ്പാദനവും ദൈവിക പദ്ധതി യുടെ ഭാഗമാമെന്ന് ഏറ്റുപറഞ്ഞുകൊണ്ട് ദൈവത്തിന്റെ അനു ഗ്രഹത്തിനും സംരക്ഷണത്തിനുംവേണ്ടി പ്രാർത്ഥിക്കുന്ന തോബിയാസ് ദൂതന്റെ നിർദ്ദേശങ്ങൾ പൂർണമായും അനുസ രിച്ചു. ആദിമാതാപിതാക്കന്മാരുടെ സൃഷ്ടിയെയും അതിന്റെ ഉദ്ദേ ശ്യലക്ഷ്യങ്ങളെയും അനുസ്മരിച്ചശേഷം തോബിയാസ് ഹൃദയം തുറന്ന് പ്രാർത്ഥിച്ചു: "കർത്താവേ, ഞാൻ ഇവളെ സ്വീകരിക്കു ന്നത് ജഡികമായ അഭിലാഷത്താലല്ല, നിഷ്കളങ്കമായ പ്രേമത്താ ലാണ്. അങ്ങയുടെ കാരുണ്യം എനിക്കുണ്ടാകണമേ! ഇവളോ ടൊത്ത് വാർദ്ധക്യത്തിലെത്തുന്നതിന് അവിടുന്ന് അനുഗ്രഹി ച്ചാലും" (തോബി 8,7). ഭർത്താവിന്റെ പ്രാർത്ഥനയ്ക്ക് ആമേൻ പറയുമ്പോൾ സാറാ അതിനോട് പൂർണമായും യോജിക്കുന്നു. ജഡികാഭിലാഷങ്ങൾ മരണത്തിലേക്കു നയിക്കും (റോമ 8,13, ഗലാ 5,16-17) എന്ന വി.പൗലോസ് നല്കുന്ന ഉൾക്കാഴ്ചയാണ് സാറായുടെ കഥയിലൂടെ വി. ഗ്രന്ഥകാരൻ നല്കുന്നത്.

ആത്മാവിന്റെ ചൈതന്യത്താലും പ്രാർത്ഥനയാലും ജഡ മോഹത്തെ കീഴടക്കുമ്പോൾ മരണം വിതയ്ക്കുന്ന തിന്മയുടെ ശക്തി തോറ്റോടും. ഉപവാസവും പ്രാർത്ഥനയും കൊണ്ടു മാത്രം ബഹിഷ്ക്കരിക്കാൻ കഴിയുന്ന പൈശാചിക ശക്തിയെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനവും (മർക്കോ 9,29) സാറായുടെ ആദ്യ ഭർത്താക്കന്മാരുടെ മരണത്തിന് വിശദീകരണം നല്കുന്നുണ്ട്. പുനരുത്ഥാനത്തെക്കുറിച്ചുള്ള യേശുവിന്റെ പഠനത്തെ അപഹാ സ്യമായി ചിത്രീകരിക്കാൻ ശ്രമിച്ച സദ്ദുക്കായർ ഉദ്ധരിച്ച ഏഴു ഭർത്താക്കന്മാർ മരിച്ച സ്ത്രീയുടെ കഥയ്ക്കു പിന്നിൽ സാറാ യുടെ ചിത്രം തെളിയുന്നതു കാണാം.

ഭർതൃഗൃഹത്തിലേക്കു പറഞ്ഞയയ്ക്കുമ്പോൾ മകൾക്കു പിതാവും മകളുടെ ഭർത്താവിന് മാതാവും നല്കുന്ന ഉപദേശ ങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്. "നിന്റെ ഭർത്താവിന്റെ മാതാപി താക്കന്മാരെ ബഹുമാനിക്കുക. അവരാണ് ഇനി നിനക്കു മാതാ പിതാക്കൾ. നിന്നെപ്പറ്റി നല്ലതുമാത്രം കേൾക്കാൻ എനിക്കിടവ

രട്ടെ" (തോബി 10,12). രണ്ടായിരത്തഞ്ഞുറോളം വർഷങ്ങൾക്കുമുമ്പ് നല്കപ്പെട്ട ഈ ഉപദേശം എന്നത്തെക്കാളേറെ ഇന്ന് പ്രസക്തമായിരിക്കുന്നു. അതുപോലെ തന്നെ പ്രസക്തമാണ് എദ്നായുടെ ഉപദേശം "ഇതാ, എന്റെ പുത്രിയെ ഞാൻ നിന്നെ ഭരമേല്പിക്കുന്നു. അവളെ ദുഃഖിപ്പിക്കരുത്" (തോബി 10:12). ഈ ഉപദേശങ്ങൾ സ്വീകരിച്ചിരുന്നെങ്കിൽ ദാമ്പത്യജീവിതം എത്ര സന്തോഷപ്രദമാകുമായിരുന്നു. എത്രയെത്ര കലഹങ്ങളും കേസുകളും വിവാഹമോചനങ്ങളും ഒഴിവാകുമായിരുന്നു!

പരിശുദ്ധവും ആഴമേറിയതുമായ സ്നേഹമാണ് പാപത്തിന്റെ പൈശാചികശക്തിയിൽനിന്ന് മോചനം നല്കുന്നത്. ഈ സത്യം ഗ്രഹിക്കാത്തതുകൊണ്ടല്ലേ ആധുനിക സമൂഹം നാശത്തിലേക്കു കൂപ്പുകുത്തുന്നത്? ഭർത്താക്കന്മാരെ വധിച്ച അസ്മോദേവൂസ് ഇന്ന് കൂടുതൽ ശക്തമാണ്. വിവാഹബന്ധത്തെ ജഡികാസക്തിയുടെ പൂർത്തീകരണത്തിനുള്ള ഉപാധിമാത്രമായി കാണുന്നിടത്തും, അതിലുപരി, സന്താനങ്ങളും വിവാഹം തന്നെയും വേണ്ടെന്നു വച്ച് ഇണചേരുന്നതിൽ മാത്രം സംതൃപ്തി കണ്ടെത്താൻ ശ്രമിക്കുന്നിടത്തും വിഹരിക്കുന്നത് അസ്മേദേവൂസ് തന്നെ! ഏതു മത്സ്യത്തിന്റെ ചങ്കും കരളും പുകച്ചാലാണീ ദുർഭൂതം വിട്ടുപോവുക? രാത്രിയുടെ യാമങ്ങളിൽ ഉണർന്നിരുന്നു പ്രാർത്ഥിച്ച സാറായും തോബിയാസും ഉത്തരം നല്കുന്നുണ്ട്.

# 42

## രാജ്യത്തെ രക്ഷിച്ച വിധവ
## – യൂദിത്ത്

സമൂലനാശം നേരിട്ട ഇസ്രായേൽ ജനത്തെ അതിസാഹസികമായ ഇടപെടലിലൂടെ ശത്രുകരങ്ങളിൽനിന്ന് രക്ഷിച്ച വിധവയാണ് യൂദിത്ത്. ഒരു സ്ത്രീയുടെപേരിൽ അറിയപ്പെടുന്ന മൂന്നു ബൈബിൾ ഗ്രന്ഥങ്ങളിൽ ഒന്നായ യൂദിത്ത് എന്ന പുസ്തകത്തിൽ അവളുടെ അസാധാരണ വ്യക്തിത്വവും അസാമാന്യ ധീരതയും വിവരിക്കുന്നു. 16 അധ്യായങ്ങളുള്ള പുസ്തകത്തിന്റെ ആദ്യത്തെ ഏഴ് അധ്യായങ്ങളിൽ ഇസ്രായേൽജനം നേരിട്ട വലിയ പ്രതിസന്ധിയെ അവതരിപ്പിച്ചതിനുശേഷം തുടർന്നുള്ള ഒമ്പതധ്യായങ്ങളിൽ യൂദിത്തിലൂടെ ദൈവം നല്കിയ വിമോചനത്തെ പ്രകീർത്തിക്കുന്നു.

അസീറിയൻ രാജാവായ നബുക്കദ്നേസർ, മേദിയാക്കാർക്കെതിരേയുള്ള യുദ്ധത്തിൽ സൈന്യങ്ങളെ അയച്ച് തന്നെ സഹായിക്കാതിരുന്ന സാമന്ത രാജാക്കന്മാർക്കേതിരേ യുദ്ധം പ്രഖ്യാപിച്ചു. ശിക്ഷാനടപടികൾക്കായി സർവ്വസൈന്യാധിപൻ ഹോളോഫർണസ്സിനെ ഒരു ലക്ഷത്തി ഇരുപതിനായിരം കാലാളും പന്തീരായിരം കുതിരപ്പടയാളികളും ഉൾക്കൊള്ളുന്ന വലിയൊരു സൈന്യവുമായി അയച്ചു. അസീറിയൻ സൈന്യത്തിനു മുമ്പിൽ രാജ്യങ്ങളെല്ലാം ഭയന്നു വിറച്ചു; നിരുപാധികം കീഴടങ്ങി; കരുണയ്ക്കായി യാചിച്ചു. എന്നാൽ ഇസ്രായേൽ മാത്രം ചെറുത്തുനിന്നു.

കുപിതനായ സൈന്യാധിപൻ ഇസ്രായേൽജനത്തെ ഭൂമുഖത്തുനിന്ന് തുടച്ചുമാറ്റാൻ ശപഥം ചെയ്ത് ജറുസലെമിനെ ലക്ഷ്യംവച്ച് പടനയിച്ചു. വഴിമധ്യേ സ്ഥിതിചെയ്യുന്ന ബെത്തു

ലിയാ എന്ന ചെറിയ പട്ടണം കോട്ടയടച്ച് വഴി തടഞ്ഞു. മലമുകളിൽ പണിയപ്പെട്ട പട്ടണം ആക്രമിച്ചുകീഴടക്കുക എളുപ്പമല്ല എന്നു മനസ്സിലാക്കിയ അസീറിയൻ സൈന്യം പട്ടണത്തിന് ഉപരോധം ഏർപ്പെടുത്തി. ഉറവകൾ പിടിച്ചടക്കി. മലയ്ക്കുചുറ്റും പട്ടാളം പാളയമടിച്ചു.

ഉപരോധിക്കപ്പെട്ട പട്ടണത്തിൽ ക്ഷാമം രൂക്ഷമായി. ദാഹിച്ചു വലഞ്ഞ ജനം ശത്രുക്കൾക്ക് കീഴടക്കാൻ തീരുമാനിച്ചു. ഈ നിർണ്ണായക മുഹൂർത്തത്തിലാണ് യൂദിത്ത് രംഗത്തു വരുന്നത്. നഗരാധിപന്മാരെയും ജനപ്രമാണികളെയും അവൾ തന്റെ വീട്ടിലേക്കു വിളിച്ചുവരുത്തി. കീഴടങ്ങാനുള്ള അവരുടെ തീരുമാനത്തെ വിശ്വാസരാഹിത്യമായി വിമർശിച്ചു. പൂർണ്ണമായും ദൈവകരങ്ങളിൽ സ്വയം സമർപ്പിക്കാൻ അവരെ പ്രേരിപ്പിച്ചു. അവർ കീഴടങ്ങാൻ നിശ്ചയിച്ചിരുന്ന ദിവസത്തിനുമുമ്പ് കർത്താവ് തങ്ങളുടെ ജീവിതത്തിൽ ശക്തമായി ഇടപെടും എന്ന് ഉറപ്പു നല്കി ധൈര്യപ്പെടുത്തി.

സുദീർഘമായ പ്രാർത്ഥനയിലൂടെ ആത്മാവിൽ ശക്തിയാർജ്ജിച്ച അവൾ ആരെയും ആകർഷിക്കത്തക്കവിധം വശ്യമായി സ്വയം അലങ്കരിച്ച്, ഒരു ദാസിയുടെ അകമ്പടിയോടെ രാത്രിയിൽ ശത്രുപാളയത്തിലേക്ക് ഇറങ്ങിച്ചെന്നു. അവളുടെ സൗന്ദര്യത്തിൽ മതിമറന്ന പടയാളികൾ അവൾ പറഞ്ഞ നുണകൾ വിശ്വസിച്ച് അവരെ സൈന്യാധിപന്റെ കൂടാരത്തിലെത്തിച്ചു. അവിടെയും സൗന്ദര്യവും നുണകളും അവൾക്കു കൂട്ടായി. പട്ടണം നിഷ്പ്രയാസം കീഴടക്കാനുള്ള വഴി പറഞ്ഞുകൊടുക്കാം എന്ന അവളുടെ വാഗ്ദാനത്തിൽ വിശ്വസിച്ച സൈന്യാധിപൻ അവൾക്കു പാളയത്തിൽ സ്വാതന്ത്ര്യവും സുരക്ഷിതത്വവും നല്കി; രാത്രിയാമങ്ങളിൽ ഇഷ്ടാനുസരണം പാളയത്തിനു പുറത്തു പോയി ദേഹശുദ്ധി വരുത്താനും പ്രാർത്ഥിക്കാനും അനുവാദവും നല്കി.

നാലാംദിവസം ഹോളോഫർണസ് നല്കിയ വിരുന്നിൽ തന്റെ നിഗൂഢ പദ്ധതി നടപ്പിലാക്കാൻ അവൾക്ക് അവസരം ലഭിച്ചു. രാത്രി വിരുന്നു കഴിഞ്ഞപ്പോൾ സേവകരെല്ലാം പുറത്തു പോയി. കൂടാരത്തിൽ യൂദിത്തും മദ്യപിച്ച് ലക്കുകെട്ടുറങ്ങുന്ന സൈന്യാധിപനും മാത്രം അവശേഷിച്ചു. സൈന്യാധിപന്റെ തന്നെ വാൾ കൊണ്ട് അയാളുടെ തല അറുത്തെടുത്ത് മേല്ക്കട്ടി

യിൽ പൊതിഞ്ഞ്, ഭക്ഷണസഞ്ചിയിലാക്കി ദാസിയോടൊപ്പം യൂദിത്ത് പാളയത്തിലൂടെ പുറത്തുകടന്ന് മലമുകളിൽ പട്ടണവാതി ല്ക്കലെത്തി. ജനം ഒന്നടങ്കം ആർത്തട്ടഹസിച്ചു; ദൈവത്തിന് നന്ദി പറഞ്ഞു. ഹോളൊഫർണസിന്റെ തല കോട്ടമതിലിൽ തൂക്കി യിട്ടു.

പിറ്റേന്നു പ്രഭാതത്തിൽ ബെത്തുലിയാക്കർ അസീറിയൻ പാളയത്തിനെതിരേ നീങ്ങി. തലപോയ സൈന്യം ചിതറിയോടി. അങ്ങനെ ഒരു വിധവയുടെ കൈകൾ വഴി ദൈവം ഇസ്രായേൽ ജനത്തിനു സംരക്ഷണം നല്കി. അഭിനന്ദനവുമായി ജനനേതാ ക്കന്മാർ ജറുസലെമിൽ നിന്നു വന്നു. "അവർ ഏകസ്വരത്തിൽ അനുഗ്രഹാശിസ്സുകൾ വർഷിച്ചു. ജറുസലെമിന്റെ ഉന്നതിയും ഇസ്രായേലിന്റെ മഹിമയും ദേശത്തിന്റെ അഭിമാനവുമാണ് നീ....... സർവ്വശക്തനായ കർത്താവ് നിന്നെ എന്നേക്കും അനുഗ്രഹി ക്കട്ടെ" (യൂദി 15,9-10). "യൂദിത്തിന്റെ കാലത്തോ അവളുടെ മര ണശേഷം ദീർഘകാലത്തേക്കോ ആരും ഒരിക്കലും ഇസ്രായേൽ ജനതയെ ഭീഷണിപ്പെടുത്തിയില്ല" (യൂദി 16,25) എന്ന നിരീക്ഷ ണത്തോടെ പുസ്തകം ഉപസംഹരിക്കുന്ന വി. ഗ്രന്ഥകാരൻ യൂദിത്തിനെ ഇസ്രായേലിലെ പിതാക്കന്മാരോടും നേതാക്കന്മാ രോടും രാജാക്കന്മാരോടും തുലനം ചെയ്യുകയാണ്.

അബ്രാഹത്തിന്റെ വിശ്വാസവും ദെബോറായുടെ വിവേ കവും ജായേലിന്റെ കൗശലവും ദാവീദിന്റെ ധീരതയും ഒന്നിച്ച ഒരു വ്യക്തിത്വമാണ് യൂദിത്ത്. "യൂദാ" എന്ന പേരിന്റെ സ്ത്രീരൂ പമാണത്. യഹൂദജനത്തിന്റെ മുഴുവൻ പ്രതിനിധിയും പ്രതിരൂപ വുമായി അവൾ നിലകൊള്ളുന്നു. 'സ്തുതി' എന്നാണ് യൂദാ എന്ന വാക്കിനർത്ഥം. യൂദിത്തിന്റെ ജീവിതം മുഴുവൻ ദൈവ സ്തുതി നിറഞ്ഞു നിന്നു. പുസ്തകത്തിൽ അനേകം സ്തുതി കീർത്തനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, അവളിലൂടെ പ്രകടമായ ദൈവത്തിന്റെ കരുത്തും കരുതലും വലിയ സ്തുതി കീർത്തനങ്ങൾക്കു കാരണമാവുകയും ചെയ്യുന്നു.

വിശുദ്ധ ഗ്രന്ഥകാരൻ അവതരിപ്പിക്കുന്ന യൂദിത്തിന്റെ ചിത്ര ത്തിലെ ചില വശങ്ങൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. കഠിന മായ തപശ്ചര്യയുടെയും തീവ്രമായ പ്രാർത്ഥനയുടെയും, സർവ്വോപരി, അടിപതറാത്ത വിശ്വാസത്തിന്റെയും മാതൃകയാ ണവൾ. യൗവ്വനത്തിലേ ഭർത്താവു നഷ്ടപ്പെട്ട ധനികയായ

അവൾക്കു വീണ്ടും വിവാഹം കഴിച്ച് മക്കളുടെ അമ്മയും കുടും ബിനിയുമായി സസന്തോഷം ജീവിക്കാമായിരുന്നു. അനേകം വിവാഹാഭ്യർത്ഥനകൾ ലഭിച്ചെങ്കിലും മരണം വരെ വിധവയായി തുടരാനാണ് അവൾ തീരുമാനിച്ചത്. 105-ാം വയസിൽ മരിച്ച പ്പോൾ അവളെ ഭർത്താവിന്റെ കല്ലറയിൽ സംസ്കരിച്ചു. അങ്ങനെ മരണത്തെയും അതിജീവിക്കുന്ന ദാമ്പത്യബന്ധത്തിന്റെയും മാതൃകയായി അവൾ.

ഭീകരനായ ശത്രുവിന്റെ മുമ്പിൽ തന്റെ ജനം സമൂലനാശം നേരിടുകയും, ഭയന്ന് വിറച്ച അവർ സ്വയം അടിയറ വയ്ക്കാൻ ഒരുങ്ങുകയും ചെയ്തപ്പോൾ കർത്താവിലുള്ള വിശ്വാസത്തിൽ നിന്നാർജ്ജിച്ച ധീരതയോടെ അവൾ ജനത്തിനു മുഴുവൻ കരുത്തു പകർന്നു. സാഹചര്യങ്ങൾ തികച്ചും പ്രതികൂലമായി രുന്നു. മാനുഷികമായ കാഴ്ചപ്പാടിൽ മോചനത്തിനുള്ള ഒരു മാർഗ്ഗവും അവശേഷിച്ചിരുന്നില്ല. കോട്ടയ്ക്കുള്ളിൽ ഭക്ഷണമില്ല, കുടിനീരും വറ്റി. ജനം വിശന്നും ഭയന്നും തളർന്നു. താഴ്വര യിൽ പാളയമടിച്ചിരിക്കുന്ന ശത്രുസൈന്യം ഒരുമിച്ച് ഒന്നട്ടഹ സിച്ചാൽ മതി, ബെത്തുലിയായുടെ കോട്ട തകർന്നു വീഴും. അവർക്കെതിരേ ചെറുത്തുനില്ക്കുന്നത് വിഡ്ഢിത്തം എന്നേ വിശേഷിപ്പിക്കാനാവൂ. സമൂലനാശം വിളിച്ചുവരുത്തുന്ന ഭോഷത്വം. പക്ഷേ, കർത്താവിൽ ആശ്രയം അർപ്പിച്ച യൂദിത്തിന് വിശ്വാസം വിഡ്ഢിത്വമായിരുന്നില്ല.

“അവിടുത്തെ ശക്തി സംഖ്യയേയോ പ്രതാപം ശക്തന്മാ രേയോ ആശ്രയിക്കുന്നില്ല. അവിടുന്ന് എളിയവരുടെ ദൈവവും മർദ്ദിതരുടെ സഹായകനുമാണ്. അവശരെ താങ്ങുന്നവനും നിരാധാരരെ പരിപാലിക്കുന്നവനും തുണയറ്റവർക്ക് രക്ഷകനു മാണ്” (യൂദി 9,11) എന്നു പ്രാർത്ഥിക്കുമ്പോൾ തന്റെ ജനത്തിന്റെ ചരിത്രം മുഴുവൻ അവൾ അനുസ്മരിക്കുന്നു. ഏതാനും തൊഴി ലാളികളുമായി അഞ്ചു രാജാക്കന്മാരെ അനുധാവനം ചെയ്ത് തോൽപിച്ച അബ്രാഹവും (ഉൽപ 14,1-16), ഫറവോയിൽ നിന്ന് ഇസ്രായേൽജനത്തെ മോചിപ്പിച്ച മോശയും, ശക്തനായ സിസേ റായെ മരയാണിയും ചുറ്റികയും കൊണ്ട് വധിച്ച ജായേലും, അതി ശക്തനായ ഗോലിയാത്തിനെ കവണയും കല്ലുംകൊണ്ട് വീഴ്ത്തിയ ആട്ടിടയൻ ദാവീദും എല്ലാം ഈ ചരിത്രത്തിന്റെ ഭാഗമാണ്. മർദ്ദി തരുടെ നിലവിളികേട്ട് ഇറങ്ങി വരുന്ന ദൈവം എളിയവരിലൂടെ

നേടിയ വിജയത്തിന്റേതാണ് ആ ചരിത്രം. താൻ ദൈവത്തിന്റെ കരങ്ങളിലെ വെറും ഒരു ഉപകരണം മാത്രമാണെന്ന് യൂദിത്ത് ഏറ്റു പറഞ്ഞു. അതേസമയം, തന്നെ യഥേഷ്ടം ഉപയോഗിക്കാൻ ദൈവത്തിന് അവൾ സ്വയം വിട്ടുകൊടുക്കുയും ചെയ്തു.

താൻ ഏറ്റെടുത്ത ദൗത്യത്തിന്റെ വലുപ്പവും അതുൾക്കൊള്ളുന്ന അപകടത്തിന്റെ ഭീകരതയും അവൾക്ക് നന്നായി അറിയാം. സ്വന്തം കരുത്തിലും കൗശലത്തിലും മാത്രം ആശ്രയിച്ചുള്ള ഒരു എടുത്തു ചാട്ടമായിരുന്നില്ല അവളുടേത്. തീവ്രവും തീക്ഷ്ണവുമായ പ്രാർത്ഥനയിലൂടെ അവൾ ഒരുങ്ങി. തനിക്കു ലഭ്യമായ സകലമാർഗ്ഗങ്ങളും അവൾ ഉപയോഗിച്ചു. നിസ്സഹായരെപോലെ നിലവിളിക്കുകയും അനിവാര്യമെന്നു തോന്നിയ അന്ത്യത്തിനുവേണ്ടി നിഷ്ക്രിയമായി കാത്തിരിക്കുകയും ചെയ്യാതെ, സധൈര്യം ശത്രുപാളയത്തിലേക്ക് കടന്നുചെല്ലുന്ന യൂദിത്ത് തിന്മക്ക് എതിരേയുള്ള പോരാട്ടത്തിന്റെ ഉദാത്ത മാതൃകയാണ്.

പടയാളികളോടു നുണ പറയുകയും, സൈന്യാധിപനെ തന്റെ സൗന്ദര്യവും വാക്ചാതുര്യവുംകൊണ്ട് വശീകരിച്ച് വഞ്ചിക്കുകയും, ഉറങ്ങിക്കിടന്നവന്റെ തല അറുത്തെടുക്കുകയും ചെയ്തത് ധാർമ്മികമായി ന്യായീകരിക്കാൻ തീർച്ചയായും വിഷമം തോന്നാം, പ്രത്യേകിച്ച്, നിരുപാധികം ക്ഷമിക്കാനും ശത്രുക്കളെ സ്നേഹിക്കാനും പഠിപ്പിച്ച യേശുനാഥന്റെ പ്രബോധനത്തിന്റെ വെളിച്ചത്തിൽ. എന്തു വിശദീകരണമാണ് ഈ സംഭവങ്ങൾക്ക് നൽകാനാവുക? എന്ത് ന്യായീകരണമാണ് നമുക്ക് കണ്ടെത്തുവാൻ കഴിയുക?

പഴയ നിയമത്തിലെ മറ്റു ചില സംഭവങ്ങളെപ്പോലെ ധാർമ്മികതയുടെ കടന്നുപോന്ന വഴികളിൽ പിന്നിട്ട ഒരു നാഴികക്കല്ലായി മാത്രം ഇതിനെ കരുതിയാൽ മതിയാവും. നുണയും വഞ്ചനയും ഒന്നും അനുകരണാർഹമായ മാതൃകയല്ല. നിയമത്തെ ഇല്ലാതാക്കാനല്ല, പൂർത്തീയാക്കാനാണ് താൻ വന്നത് എന്നു പ്രഖ്യാപിക്കുമ്പോൾ ഇതാണല്ലോ യേശു പഠിപ്പിക്കുന്നത്. പഴയ നിയമ കഥാപാത്രങ്ങളിലും നിയമങ്ങളിലും നിന്ന് യേശുനാഥന്റെ ചൈതന്യത്തിനുയോജിച്ചതുമാത്രം സ്വീകരിക്കുക.

ഒരു ജനത മുഴുവൻ സമൂലനാശം നേരിട്ട അതിരൂക്ഷമായ പ്രതിസന്ധിയിലാണ് യൂദിത്ത് പ്രവർത്തനനിരതയായത് എന്ന

സത്യം മറക്കരുത്. സംഹാര താണ്ഡവത്തിനൊരുങ്ങുന്ന അസീറിയൻ സൈന്യത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് ഒരു ന്യായീകരണവും ഇല്ല. അപകടത്തിൽപ്പെട്ട ഒരു പറ്റം മനുഷ്യർ അതിജീവനത്തിനായി തങ്ങൾക്ക് ലഭ്യമായ മാർഗ്ഗങ്ങൾ ഉപയോഗിച്ചു. അത് സ്വയം രക്ഷയ്ക്കുവേണ്ടി മാത്രമായിരുന്നു. വാളും കുന്തവും, തേരും കുതിരയുമായി വരുന്ന ലക്ഷത്തിൽപരം സൈനികർക്കു മുമ്പിൽ ഒരു സാധു വിധവയ്ക്കുണ്ടായിരുന്ന ഏക ആയുധം - തന്റെ സൗന്ദര്യം - അവൾ വിവേകപൂർവ്വം ഉപയോഗിച്ചു. ഒരു സ്ത്രീയുടെ സൗന്ദര്യത്തിൽ മതിമറന്ന്, അവളുടെ നുണകളെ വിശ്വസിച്ച് ദുഷ്ടലാക്കോടെ സ്വന്തം കൂടാരത്തിലേക്കു കൊണ്ടുവരികയും ആഘോഷത്തിനൊരുക്കമായി കുടിച്ചു മദിക്കുകയും ചെയ്ത സൈന്യാധിപന് സുബോധം മാത്രമല്ല, ജീവിക്കാനുള്ള അവകാശവും നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു. അധർമ്മത്തിന്റെ പേരിൽ അയാളുടെമേൽ ദൈവം പ്രഖ്യാപിച്ച വിധി നടപ്പിലാക്കുക മാത്രമാണ് യൂദിത്ത് ചെയ്തത്. അക്രമത്തെ ന്യായീകരിക്കുകയോ ധാർമ്മികതയെ പൂർണ്ണമായും സാഹചര്യാധിഷ്ഠിതമാക്കുകയോ അല്ല, പ്രവർത്തനങ്ങളെ ധാർമ്മികമായി വിലയിരുത്തുമ്പോൾ എല്ലാ വശങ്ങളും പരിഗണിക്കണം എന്ന് അനുസ്മരിപ്പിക്കുക മാത്രമാണ് വി. ഗ്രന്ഥകാരൻ ചെയ്യുന്നത്.

യൂദിത്തിന്റെ കഥ ഒരു ചരിത്ര സംഭവമല്ല, ചരിത്ര വസ്തുതകളെ അടിസ്ഥാനമാക്കി രചിച്ച ഒരു നോവലാണ് എന്ന് ഗ്രന്ഥകാരൻ തന്നെ സൂചിപ്പിക്കുന്നുണ്ട്. എളുപ്പം ശ്രദ്ധിക്കപ്പെടാവുന്ന വിവരണത്തിലെ അനേകം തെറ്റുകൾ ഇതിനു തെളിവാണ്. ഉദാഹരണത്തിന് നബുക്കദ്നേസർ അസീറിയൻ രാജാവല്ല, ബാബിലോൺ രാജാവാണ്. ജറുസലെമിലേക്കുള്ള വഴിയിലെ ബെത്തുലിയാ പട്ടണം എവിടെയെന്ന് ആർക്കും നിശ്ചയമില്ല. നബുക്കദ്നേസറിന്റെ സൈന്യം തോറ്റോടിയില്ല, രണ്ടു തവണ ജറുസലെം കീഴടക്കി; രണ്ടാംതവണ പട്ടണവും ദേവാലയവും അഗ്നിക്കിരയാക്കി, ജനത്തെ ബാബിലോണിലേക്ക് പ്രവാസികളായി കൊണ്ടുപോവുകയും ചെയ്തു. ഇതുപോലെ ചരിത്രവസ്തുതകൾക്ക് നിരക്കാത്ത അനേകം വിവരണങ്ങൾ ഈ കഥയിലുണ്ട്. അതിനാൽ എന്താണ് വി.ഗ്രന്ഥകാരൻ ഈ കഥയും കഥാപാത്രവും വഴി അവതരിപ്പിക്കാൻ ശ്രമിക്കുന്നത് എന്ന് അന്വേഷിക്കണം.

സ്വയം ദൈവമായി പ്രഖ്യാപിച്ച്, ആരാധന ആവശ്യപ്പെടു

കയും ദേവാലയം അശുദ്ധമാക്കുകയും ചെയ്തത് നബുക്കദ്നേസറല്ല, സിറിയൻ രാജാവായ അന്തിയോക്കസ് നാലാമനാണ്. “പ്രത്യക്ഷദൈവം” എന്നർത്ഥമുള്ള എപ്പിഫാനസ് എന്ന പേര് അയാൾ സ്വയം സ്വീകരിച്ചു. അയാളാണ് യഹൂദ ജനത്തെ മതനിയമങ്ങളുടെ പേരിൽ പീഡിപ്പിച്ചത്. അയാൾക്കെതിരേയാണ് യഹൂദജനം മക്കബേയൂസിന്റെ നേതൃത്വത്തിൽ ഐതിഹാസികമായ പോരാട്ടം നടത്തി വിജയം വരിച്ചത്. ബി.സി. രണ്ടാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ നടന്ന സംഭവപരമ്പരകളുടെ വെളിച്ചത്തിൽ യൂദിത്തിന്റെ കഥ കൂടുതൽ അർത്ഥവത്താകുന്നു.

തോബിത്, എസ്തേർ, മക്കബായർ, ദാനിയേൽ എന്നീ പുസ്തകങ്ങളുടെ ചരിത്ര പശ്ചാത്തലം തന്നെയാണ് യൂദിത്തിന്റേതും. യൂദാ എന്ന പേരിന്റെ സ്ത്രീരൂപമാണ് യൂദിത്ത്. യൂദിത്ത് എന്ന കഥാപാത്രത്തിനു പിന്നിൽ ധീര പോരാളിയായ യൂദാസ് മക്കബേയൂസിന്റെ ചരിത്രം തെളിയുന്നത് കാണാം. ഒരു വലിയ സൈന്യത്തെ തുരത്താൻ ഒരു വിധവയെ ദൈവം ഉപയോഗിച്ചു എന്നു പറയുന്ന വി. ഗ്രന്ഥകാരൻ കർത്താവിന്റെ കരുണാർദ്രവും കരുത്തുറ്റതുമായ സ്നേഹത്തെയും കരുതലിനെയും പ്രകീർത്തിക്കുന്നു. പുറപ്പാട് സംഭവത്തിൽ വെളിവായ ദൈവത്തിന്റെ അതേ സ്വഭാവം ഈ കഥയിലും പ്രതിഫലിക്കുന്നു. ഭീഷണിക്കു വഴങ്ങി വിശ്വാസം ത്യജിക്കാതെ, കർത്താവിൽ ആശ്രയിച്ചുകൊണ്ട് ധീരമായി ചെറുത്തുനില്ക്കാൻ ഗ്രന്ഥവും കഥാനായികയും ആഹ്വാനം ചെയ്യുന്നു. ഒരു വിധവയുടെ വിശ്വാസവും ധൈര്യവും ത്യാഗസന്നദ്ധതയും ഇവിടെ മാതൃകയായി പ്രശോഭിക്കുന്നു. കർത്താവിൽ വിശ്വാസം അർപ്പിക്കുന്നവർ ആരെയും ഭയപ്പെടുകയില്ല. ആർക്കും അവരെ ഭീക്ഷണിപ്പെടുത്തുവാനാവില്ല.

# 43

## നട്ടെല്ലു നഷ്ടപ്പെടാത്ത സ്ത്രീത്വം –വാഷ്തി

**എ**സ്തേറിന്റെ പുസ്തകത്തിന്റെ തുടക്കത്തിൽ വളരെ ചുരുക്കമായി പരാമർശിക്കപ്പെടുന്ന കഥാപാത്രമാണ് വാഷ്തി. ഇന്ത്യ മുതൽ എത്യോപ്യ വരെ മൂന്നു ഭൂഖണ്ഡങ്ങളിലായി വ്യാപിച്ചു കിടന്ന പേർഷ്യാ മഹാരാജ്യത്തിന്റെ ചക്രവർത്തിക്കുമുമ്പിൽ തല ഉയർത്തിനിന്ന ഒരു മഹാറാണിയാണവൾ. ഏഴു ദിവസം നീണ്ടു നിന്ന മഹാവിരുന്നിന്റെ സമാപനചടങ്ങായി രാജ്ഞിയെ പൊതു സദസ്സിൽ പ്രദർശിപ്പിക്കാൻ ചക്രവർത്തി ആഗ്രഹിച്ചു. അതിനായി ഷണ്ഡന്മാരെ അന്ത:പുരത്തിലേക്ക് അയച്ചു. കുടിച്ച് ഉന്മത്തമായ ഒരു രാജസദസിൽ പ്രദർശനവസ്തുവായി നില്ക്കാൻ താൻ തയ്യാറല്ല എന്ന് അവൾ ദൂതന്മാർക്ക് മറുപടി നൽകി. കുപിതനായ ചക്രവർത്തി പ്രഭുക്കന്മാരുടെ ഉപദേശപ്രകാരം വാഷ്തിയെ രാജ്ഞീപദത്തിൽനിന്നും താഴെയിറക്കി. ഇനിയൊരിക്കലും രാജസന്നിധിയിൽ പ്രവേശിക്കരുതെന്ന കൽപനയും ഇറക്കി. അവൾക്കുപകരം ഒരു വിശ്വസുന്ദരിയെ കണ്ടെത്താൻ തന്റെ അധികാരസീമയിൽപ്പെട്ട ലോകം മുഴുവൻ ദൂതന്മാരെ അയച്ചു. അങ്ങനെയാണ് യഹൂദ കന്യകയായ എസ്തേർ പേർഷ്യാ രാജാവിന്റെ രാജ്ഞീപദത്തിലെത്തിയത്.

വളരെ ചുരുക്കം കാര്യങ്ങളേ വി.ഗ്രന്ഥകാരൻ വാഷ്തി രാജ്ഞിയെക്കുറിച്ചു പറയുന്നുള്ളൂ. അവളുടേതായ ഒറ്റ വാക്കു മാത്രമേ കേൾക്കുന്നുള്ളു. അത് ഉറച്ച ഒരു തീരുമാനമായിരുന്നു: “മനസ്സില്ല”. രാജകല്പനയനുസരിച്ച് വിരുന്നുകാരുടെ മുൻപിൽ സൗന്ദര്യപ്രകടനത്തിനു മനസ്സില്ലായെന്ന അവളുടെ തീരുമാനം സുപ്രധാനമായ ചില പാഠങ്ങൾ ഉൾക്കൊള്ളുന്നുണ്ട്.

രാജ്ഞിയെങ്കിലും രാജകല്പന അനുസരിക്കാൻ കടപ്പെട്ട ഒരു പ്രജയാണ് വാഷ്തി. പ്രിയ, പ്രീത, കാമ്യ എന്നൊക്കെ അവളുടെ പേര് വിവർത്തനം ചെയ്യാം. അവളുടെ സൗന്ദര്യത്തിൽ സംപ്രീതനായിരുന്നു രാജാവ്. തന്റെ ഭാര്യ എത്ര സുന്ദരിയാണെന്ന് ലോകം മുഴുവൻ അറിയട്ടെ എന്നു കരുതിയാണ് അവളെ സദസിലേക്ക് ക്ഷണിച്ചത്. ഒരു പക്ഷേ, വിരുന്നിന്റെ ലഹരിയിൽ ബോധംമങ്ങിയ ചക്രവർത്തി തന്റെ രാജ്ഞിയുടെ സൗന്ദര്യത്തെ പ്രകീർത്തിക്കുകയും ഉന്മത്തരായ അതിഥികൾ അതിനെ വെല്ലുവിളിക്കുകയും ചെയ്തിരിക്കാം. തന്റെ ഭാര്യ മറ്റെല്ലാ സ്ത്രീകളെയുംക്കാൾ സുന്ദരിയാണെന്ന് തെളിയിക്കുക ഒരഭിമാന പ്രശ്നമായി അയാൾക്കു തോന്നിയിട്ടുണ്ടാവാം. നഗ്നമായി പ്രകടിപ്പിച്ച് സൗന്ദര്യം തെളിയിക്കുക പുരാതനകാലത്തും അസാധാരണമായിരുന്നില്ല എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു.

എന്നാൽ ഇപ്രകാരം ഒരു സൗന്ദര്യപ്രകടനം തനിക്കു ബഹുമതിയല്ല, തന്റെ സ്ത്രീത്വത്തെ അവഹേളിക്കലാണെന്ന് അവൾ തിരിച്ചറിഞ്ഞു. രാജകല്പന ധിക്കരിക്കുന്നതുമൂലം ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് അറിയാതെയല്ല അവൾ ദൂതന്മാരെ മടക്കി അയച്ചത്. രാജ്ഞീപദം മാത്രമല്ല, ജീവൻ തന്നെ നഷ്ടപ്പെടുത്താവുന്ന ഒരു തീരുമാനമായിരുന്നു അത്. സ്ത്രീ എന്ന നിലയിലുള്ള തന്റെ ആത്മാഭിമാനത്തെ ജനത്തിന്റെ പ്രശംസയേക്കാൾ എന്നല്ല, സ്വന്തം ജീവനെക്കാൾ അവൾ വിലമതിച്ചു.

അധാർമ്മികമായ അധികാരത്തിനു മുമ്പിൽ ഭയന്ന് വഴങ്ങാത്ത ധീരമായൊരു വ്യക്തിത്വത്തിന് ഉടമയാണ് വാഷ്തി. രാജാവ് സാമന്തർക്കും പ്രഭുക്കൾക്കുമായി വിരുന്നൊരുക്കിയപ്പോൾ അന്തഃപുരത്തിൽ സമാനമായ മറ്റൊരു വിരുന്നൊരുക്കി തുല്ല്യത തെളിച്ചവളാണവൾ. തന്റെ സന്ദര്യം ഒരു പ്രദർശനവസ്തുവല്ല, വില്പന ചരക്കുമല്ലായെന്ന് കൂസലില്ലാതെ അവൾ വെട്ടിതുറന്നു പറഞ്ഞു. അവളുടെ ഈ തീരുമാനത്തിനു മുമ്പിൽ ചക്രവർത്തിയുടെ സിംഹാസനം ഇളകി. രാജാക്കന്മാർ ഭയന്നു, പ്രഭുക്കന്മാർ സംഭീതരായി. “മനസ്സില്ല” എന്നു തറപ്പിച്ചു പറയാൻ തന്റേടം കാട്ടിയ വാഷ്തിയുടെ മുമ്പിൽ പുരുഷമേധാവിത്വത്തിന് കാല് ഇടറി. രാജാവിന്റെ ജ്ഞാനികളായ ഉപദേഷാടക്കളുടെ വാക്കുകളിൽ ഈ ഭയം പ്രതിധ്വനിക്കുന്നുണ്ട്. രാജ്ഞിയുടെ പ്രവൃത്തി എല്ലാ സ്ത്രീകളും അറിയുകയും ഭർത്താക്കന്മാരെ

അവർ അവജ്ഞയോടെ വീക്ഷിക്കുന്നതിന് ഇടയാകുകയും ചെയ്യും (എസ്തേർ 1,17). ഭാര്യമാരുടെ മുമ്പിൽ തങ്ങൾ അവജ്ഞാപാത്രങ്ങളായേക്കും എന്ന് ഭയപ്പെട്ട നേതാക്കന്മാർ രാജകല്പനയിലൂടെ തങ്ങളുടെ അധികാരവും അധീശത്വവും ഉറപ്പാക്കാൻ ശ്രമിക്കുകയാണ്. വാഷ്തിയെ രാജ്ഞീപദത്തിൽ നിന്നു മാത്രമല്ലാ രാജസന്നിധിയിൽ നിന്നും ബഹിഷ്കരിച്ചുകൊണ്ട് രാജാവ് കല്പനയിറക്കി. തന്റെ സാമ്രാജ്യത്തിലുടനീളം ബാധകമായ ഒരു പുതിയ നിയമത്തിലൂടെ പുരുഷാധിപത്യം ഉറപ്പുവരുത്തുകയും ചെയ്തു. “പുരുഷന്മാർ വീടുകളിൽ നാഥന്മാരായിരിക്കണമെന്ന് രാജാവ് തന്റെ സകല പ്രവശ്യകളിലേക്കും എഴുത്തുകൾ അയച്ചു” (എസ്തേർ 1,22).

എന്നും അടിമകളെപ്പോലെ വഴങ്ങുകയും ഏത് ധിക്കാരത്തിനും തലകുനിക്കുകയും ചെയ്യും എന്നു കരുതിയിരുന്ന സ്ത്രീകളിൽ ഒരുവൾ തല കുനിക്കാതെ നിവർന്നു നിന്നത് ഒരു സാംസ്കാരിക വിപ്ലവത്തിന്റെ തുടക്കമായിട്ടാണ് വി.ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. ഇഷ്ടംപോലെ കൈകാര്യം ചെയ്യാവുന്ന ഒരു വസ്തുവാണ് സ്ത്രീ എന്നു കരുതിയിരുന്ന പുരുഷമേധാവിത്വ സംസ്കാരത്തിന് വാഷ്ത്തിയുടെ മറുപടി ഒരു വെല്ലുവിളിയായി. നിലനില്ക്കുന്ന അധികാരസംവിധാനങ്ങളും മൂല്യശ്രേണികളും തകർന്ന് വീഴുമെന്നും അത് വലിയ അരാജകത്വത്തിനും അരക്ഷിതാവസ്ഥയ്ക്കും ഇടയാക്കുമെന്നും അവർ കരുതി. സ്വയം പ്രദർശിപ്പിച്ച് അവഹേളിതയാകാൻ മനസ്സില്ല എന്ന സ്ത്രീയുടെ ഒറ്റ വാക്കിൽ അധികാരികൾ മുഴുവൻ പരിഭ്രമിച്ചെങ്കിൽ എത്ര ബലഹീനമായിരുന്നു അവരുടെ അധികാരത്തിന്റെ അടിത്തറ എന്ന വ്യക്തമാകുന്നു. വിശുദ്ധഗ്രന്ഥകാരൻ വാഷ്തിയുടെ പ്രവൃത്തിയെ പ്രശംസിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യാതെ, വിലയിരുത്താൻ അനുവാചകർക്കു വിട്ടു കൊടുത്തിരിക്കുകയാണ്. സ്വന്തം അഭിമാനത്തിന് ക്ഷതമേല്ക്കാതിരിക്കാൻ വാഷ്തി വലിച്ചെറിഞ്ഞ കിരീടത്തിനായി ആയിരക്കണക്കിന് കന്യകമാർ മത്സരക്കളത്തിലിറങ്ങി. ഒരു വർഷത്തെ സൗന്ദര്യവർദ്ധക ശുശ്രൂഷകൾക്കുശേഷം രാജ്ഞീപദം കാംക്ഷിച്ച് രാജാവിന്റെ മണിയറയിലേക്കു വരാൻ കന്യമാരുടെ തിരക്കായിരുന്നു. അവർക്കു മുന്നിൽ വാഷ്തി വേറിട്ടു നില്ക്കുന്നു, ദാവീദിനെ ശാസിച്ച മിക്കാളിനെപ്പോലെ.

ഒരു കൊള്ളിയാൻപോലെ മിന്നിപ്പൊലിഞ്ഞ വാഷ്തി ആധുനിക സമൂഹത്തിനു മുന്നിലും ഒരു വെല്ലുവിളി ഉയർത്തുന്നുണ്ട്. വിശ്വസുന്ദരിപ്പട്ടം കെട്ടാനായി ഉടൽ പ്രദർശിപ്പിച്ച് മത്സരിക്കുന്നവരും സ്ത്രീശരീരത്തെ പരസ്യപലകയായി ഉപയോഗിക്കുന്നവരുമെല്ലാം വാഷ്തിയുടെ മുന്നിൽ ഒരു ആത്മശോധനയ്ക്കു പ്രേരിതരാകുന്നു. പുരുഷനോടു തുല്യതയ്ക്കായി എല്ലാ തലങ്ങളിലും മത്സരിക്കുന്നതിനുപകരം "മനസ്സില്ല" എന്നു തുറന്നു പറഞ്ഞ് വേറിട്ടുനില്ക്കാൻ സ്ത്രീകൾക്ക് പ്രചോദനവും മാതൃകയുമായി നിലകൊള്ളുന്നു നട്ടെല്ലു നഷ്ടപ്പെടുത്താത്ത വാഷ്തി.

# 44

## സ്വജനത്തെ രക്ഷിച്ച കണ്ണീരിന്റെ പുത്രി
## –എസ്തേർ

*"**അ**പ്പോൾ അവർ ദൈവത്തെ വിളിച്ചു. അവരുടെ കരച്ചിലിൽ നിന്ന്, ചെറിയ ഉറവയിൽ നിന്നപ്പോലെ ധാരാളം ജലമുള്ള ഒരു മഹാനദിയുണ്ടായി. ........നദിയായി മാറിയ കൊച്ചരുവി.... ആ നദി യാണ് രാജാവ് പരിഗ്രഹിച്ച് രാജ്ഞിയാക്കിയ എസ്തേർ"* (എസ്തേ 11,10;10,6).

പേർഷ്യാ രാജാവായ അഹസ്വേരൂസിന്റെ ഭരണകാലത്ത്, അതിവിശാലമായ സാമ്രാജ്യത്തെങ്ങുമുള്ള ഇസ്രായേൽക്കാർ സമൂലനാശം നേരിട്ട സാഹചര്യത്തിൽ, നിർണ്ണായകമായി ഇട പെട്ട് അവരെ രക്ഷിച്ച രാജ്ഞിയാണ് എസ്തേർ. അവളുടെ തന്നെ പേരിൽ അറിയപ്പെടുന്ന ബൈബിൾ ഗ്രന്ഥത്തിൽനിന്ന് എസ്തേറിന്റെ സ്വഭാവസവിശേഷതകളും ജനത്തിനുവേണ്ടി അവൾ നടത്തിയ സാഹസികമായ ഇടപെടലുകളും ഗ്രഹിക്കാം.

രാജകല്പന ധിക്കരിച്ചതിന്റെ പേരിൽ സ്ഥാനഭ്രഷ്ടയാക്ക പ്പെട്ട വാഷ്തി രാജ്ഞിക്കുപകരം രാജ്ഞീപദത്തിലേക്കു തിര ഞ്ഞെടുക്കപ്പെട്ടവളാണ് എസ്തേർ. നക്ഷത്രം എന്നർത്ഥമുള്ള സ്താറാ എന്ന പേർഷ്യൻ വാക്കിൽ നിന്നാണ് എസ്തേർ എന്ന പേരിന്റെ ഉത്ഭവം. ഭയത്തിന്റെയും നിരാശയുടെയും അന്ധകാര ത്തിൽ ആണ്ടുപോയ ഒരു ജനത്തിന് പ്രത്യാശയുടെയും രക്ഷ യുടെയും പ്രകാശം ചൊരിഞ്ഞ പൊൻതാരമാണ് എസ്തേർ.

ശൈശവത്തിലേ മാതാക്കൾ നഷ്ടപ്പെട്ട് അനാഥയായി ത്തീർന്ന അവളെ ഒരു ബന്ധുവായ മൊർദെക്കായ് ആണ് മകളെ പ്പോലെ വളർത്തിയത്. അവളുടെ യഹൂദനാമം ഹദാസ്സാ എന്നാ

യിരുന്നു (എസ്തേർ 2,7). സുഗന്ധവൃക്ഷം, കൊളുന്ത് എന്നൊക്കെയാണ് ഈ പേരിനർത്ഥം. പേർഷ്യായുടെ തലസ്ഥാനനഗരിയായ സൂസായിൽ പ്രവാസിയായി വസിച്ചിരുന്ന അവളുടെ യഹൂദവ്യക്തിത്വം മറച്ചു വയ്ക്കുന്നതിനുവേണ്ടിയാണ് എസ്തേർ എന്ന പേര് നൽകിയത്.

രാജസേവകരിൽ ഒരുവനായിരുന്നു എസ്തേറിന്റെ അമ്മാവനും വളർത്തച്ഛനുമായ മൊർദെക്കായ്. അയാളുടെ ചില പ്രവർത്തനങ്ങൾ പ്രധാനമന്ത്രി ഹാമാന്റെ അനിഷ്ടത്തിനും ശത്രുതയ്ക്കും കാരണമായി. പ്രതികാരമായി പേർഷ്യാ രാജത്തിലുള്ള സകല ഇസ്രായേല്യരെയും ഒന്നടങ്കം വധിക്കാൻ ഹാമാൻ തീരുമാനിച്ചു. ഈ തീരുമാനത്തിന് രാജാവിന്റെ അംഗീകരം നേടി; പദ്ധതി നടപ്പിലാക്കാൻ അനുയോജ്യമായ ദിവസം കുറിയിട്ട് നിശ്ചയിക്കുകയും ചെയ്തു. വിവരമറിഞ്ഞ ഇസ്രായേല്യരെല്ലാം വലിയ ദുഃഖത്തിലാണ്ടു. പ്രാർത്ഥനയും പ്രായശ്ചിത്തപ്രവൃത്തികളും വിലാപവുമായി കർത്താവിന്റെ അടുക്കലേക്ക് തിരിഞ്ഞു.

തന്റെ ജനത്തെ സമൂലനാശത്തിൽ നിന്ന് രക്ഷിക്കാൻ രാജാവിന്റെ അടുക്കൽ മാധ്യസ്ഥ്യം വഹിക്കണമെന്ന് മൊർദെക്കായ് എസ്തേറിനോടാവശ്യപ്പെട്ടു. ക്ഷണിക്കപ്പെടാതെ രാജസന്നിധിയിൽ പ്രവേശിക്കുന്നത് വധശിക്ഷ അർഹിക്കുന്ന കുറ്റമായി പരിഗണിക്കപ്പെടുമെന്നു ഭയന്ന എസ്തേർ ഇടപെടാൻ മടിച്ചു. എന്നാൽ സാഹചര്യങ്ങളുടെ ഗൗരവം മനസ്സിലാക്കുകയും തന്റെ തന്നെ ജീവനും അപകടത്തിലാണെന്ന് തിരിച്ചറിയുകയും ചെയ്തപ്പോൾ അവൾ പ്രാർത്ഥനയും പരിഹാരപ്രവൃത്തികളും വഴി ഒരുങ്ങി, രാജസന്നിധിയിലെത്തി, വിവേകപൂർവ്വം, സാവധാനം രാജാവിനെ കാര്യങ്ങൾ ധരിപ്പിച്ചു.

താൻ ഏറ്റവും അധികം ആദരിക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്ന പ്രധാനമന്ത്രി ഹാമാന്റെ വഞ്ചന മനസ്സിലാക്കിയ രാജാവ് കല്പന തിരുത്തി. മൊർദെക്കായ്ക്കുവേണ്ടി ഹാമാൻ ഒരുക്കിയ കഴുമരത്തിൽ ത്തന്നെ ഹാമാനെ തൂക്കി. ഹാമാനു പകരം മൊർദെക്കായെ പ്രധാനമന്ത്രിയായി നിയമിച്ചു. ഇസ്രായേല്യർക്ക് സംരക്ഷണം ഉറപ്പുവരുത്തി. തങ്ങളെ വധിക്കാൻ പദ്ധതിയിട്ടിരുന്നവർക്കെതിരേ പ്രതികാരം ചെയ്യാൻ അവർക്ക് രണ്ടു ദിവസത്തേക്ക് അനുവാദവും നല്കി. അങ്ങനെ ദുഃഖത്തിന്റെയും വലിയ വിലാപത്തിന്റെയുമാകാനിരിന്ന ദിനം ഇസ്രായേല്യർക്ക്

എസ്തേർ രാജ്ഞിവഴി വലിയ ആഹ്ലാദത്തിന്റെ അവസരമായി മാറി. നറുക്കിട്ട് നിശ്ചയിച്ച ദിനമാകയാൽ നറുക്ക് അഥവാ കുറി എന്നർത്ഥമുള്ള 'പുരിം' എന്ന പേരിൽ ആ ദിവസത്തിന്റെ ഓർമ്മ ആണ്ടുതോറും ആഘോഷിക്കാൻ തീരുമാനിച്ചു.

പീഡിതരും മർദ്ദിതരും വംശനാശത്തിന് വിധിക്കപ്പെട്ടവരുമായ ഒരു ജനത്തിന്റെ കണ്ണീരിനു ദൈവം നല്കിയ മറുപടിയാണ് എസ്തേർ. പുസ്തകത്തിന്റെ തുടക്കത്തിൽ അവതരിപ്പിച്ചിരിക്കുന്ന മൊർദെക്കായുടെ സ്വപ്നവും പുസ്തകത്തിന്റെ അവസാനത്തിൽ കൊടുത്തിരിക്കുന്ന സ്വപ്ന വ്യാഖ്യാനവും ഈ സത്യം വിളിച്ചറിയിക്കുന്നു. ജനങ്ങളുടെ കണ്ണീർ പ്രവാഹം മഹാനദിയായി മാറിയതാണ് എസ്തേർ. കണ്ണീരിന്റെ പുത്രിയായ അവൾ പ്രത്യാശയുടെ പ്രഭാതനക്ഷത്രമായി മാറി.

എസ്തേറിന്റെ പുസ്തകവും അതിലെ വിവരണങ്ങളും പ്രശ്നസങ്കീർണ്ണമാണ്. വ്യക്തമായ ഒരു അടക്കും ചിട്ടയുമില്ലാതെയാണ് പുസ്തകം അവതരിപ്പിച്ചിരിക്കുന്നത്. തുടങ്ങുന്നതു തന്നെ 11-ാം അദ്ധ്യായത്തിലാണ്. അതിനുശേഷം കണിശമായ ക്രമമൊന്നുമില്ലാതെ അദ്ധ്യായങ്ങളും വാക്യങ്ങളും അവതരിപ്പിച്ചിരിക്കുന്നു. പുസ്തകത്തിന്റെ ഹിബ്രുമൂലവും ഗ്രീക്കുവിവർത്തനവും തമ്മിലുള്ള അന്തരമാണ് ഇതിനു കാരണം. ഹീബ്രുഭാഷയിലുള്ള മൂലകൃതിയേക്കാൾ നൂറ്റിയെട്ട് വാക്യങ്ങൾ കൂടുതലുണ്ട് ഗ്രീക്കു വിവർത്തനത്തിൽ. ഒരേ പുസ്തകത്തിന്റെ രണ്ടു വ്യത്യസ്ത പതിപ്പുകളായി ഇവയെ പരിഗണിക്കാം. ഗ്രീക്കുഭാഷയിൽ കൂടുതലായി കാണുന്ന വാക്യങ്ങൾ കാലക്രമമനുസരിച്ച് ഹീബ്രുമൂലഗ്രന്ഥത്തിനിടയിൽ ചേർത്തതിനാലാണ് അദ്ധ്യായങ്ങളുടെയും വാക്യങ്ങളുടെയും ക്രമത്തിൽ അപാകതകൾ ഉണ്ടായത്.

ഇതിനുപുറമേ ചരിത്രപരമായ പല പൊരുത്തക്കേടുകളും ഈ പുസ്തകത്തിലെ വിവരണങ്ങളിൽ കാണാം. നബുക്കദ്നേസർ രാജാവ് യൂദാരാജാവായ യക്കോണിയായോടൊപ്പം തടവുകാരനായി കൊണ്ടുവന്നവരുടെ കൂട്ടത്തിൽ ഒരാളാണ് മൊർദെക്കായ് എന്ന പ്രസ്താവന (എസ്തേർ 2,6) ചരിത്രവസ്തുതകൾക്കു നിരക്കുന്നതല്ല. പരാമർശവിഷയമായ സംഭവം നടന്നത് ബി.സി. 598ലാണ്. എസ്തേറിനെ രാജ്ഞിയാക്കിയ അഹസേരൂസ് ബി.സി. 486-465ൽ പേർഷ്യാ ഭരിച്ച ക്ഷയാർഷ (Xerxes) ആണെന്ന് ചരിത്രകാരന്മാർ കരുതുന്നു. ഇതുരണ്ടും തമ്മിൽ

പൊരുത്തപ്പെടില്ല. അതിനാൽ നാടുകടത്തിയത് മൊർദെക്കായുടെ പിതാമഹനെ ആയിരുന്നുവെന്ന് ചിലർ വ്യാഖ്യാനിക്കുന്നു. അഹസ്വേരൂസിന്റെ ഭാര്യ വാഷ്ത്തിയല്ല "അമാസ്ത്രിസ്" ആയിരുന്നു എന്ന് ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നു. എസ്തേർ എന്ന രാജ്ഞിയെപ്പറ്റി ഒരു രേഖയും കണ്ടുകിട്ടിയിട്ടുമില്ല.

ഇതിനെല്ലാം ഉപരി, വലിയ ആഹ്ലാദത്തിന്റെ പ്രകടനമായി പുസ്തകം എടുത്തുകാട്ടുന്ന ഇസ്രായേല്യരുടെ പ്രതികാരപ്രവൃത്തി പുതിയ നിയമ കാഴ്ചപ്പാടിൽ സ്വീകാര്യമല്ലെന്ന് മാത്രമല്ല, തികച്ചും അരോചകമായും അനുഭവപ്പെടും. രണ്ടു ദിവസം നീണ്ട കൂട്ടക്കൊലയിൽ 75000 പേർ വധിക്കപ്പെട്ടു (എസ്തേർ 9,16). സാമ്രാജ്യത്തിലുടനീളമുള്ള തന്റെ പ്രജകളെ ഇഷ്ടാനുസരണം കൊന്നൊടുക്കാൻ രാജ്യത്തെ ഒരു ചെറു സമൂഹത്തിന് രാജാവു തന്നെ അനുവാദവും സഹായവും നൽകിയെന്ന് പറയുന്നത് ഏറ്റവും കുറഞ്ഞപക്ഷം അതിശയോക്തിയായേ കാണാൻ കഴിയൂ. സ്വന്തമായി ഒരു തീരുമാനമോ തീരുമാനം എടുക്കാൻ കഴിവോ എടുത്ത തീരുമാനത്തിൽ ഉറച്ചുനില്ക്കാനുള്ള ഇച്ഛാശക്തിയോ ഇല്ലാത്ത ഒരു പാവയായിട്ടാണ് അഹസ്വേരുസ് ഇവിടെ പ്രത്യക്ഷപ്പെടുന്നത്. ഇന്ത്യ മുതൽ എതോപ്യ വരെ വ്യാപിച്ചു കിടന്ന പേർഷ്യാ സാമ്രാജ്യത്തിന്റെ അതിശക്തനായ അഹസ്വേരുസ് എന്ന ചരിത്രപുരുഷന്റെ ഒരു യഥാർത്ഥ ചിത്രമല്ല ഇത്. മറ്റേതോ ലക്ഷ്യത്തിനുവേണ്ടി രൂപപ്പെടുത്തിയ ഈ വിവരണം ചരിത്രമല്ല, ചില ചരിത്രപുരുഷന്മാരെ കഥാപാത്രങ്ങളാക്കിയ ഒരു നോവലാണെന്നു ബൈബിൾ വ്യാഖ്യാതാക്കൾ കരുതുന്നു. ഈ വിലയിരുത്തൽ പുസ്തകത്തെ മുഴുവൻ എന്നതുപോലെ മുഖ്യകഥാപാത്രങ്ങളായ വാഷ്ത്തിയെയും എസ്തേറിനെയും സംബന്ധിച്ചും പ്രസക്തമാണ്.

ബി.സി. അഞ്ചാംനൂറ്റാണ്ടിലാണ് സംഭവങ്ങൾ അവതരിപ്പിക്കുന്നതെങ്കിലും മക്കബായരുടെ കാലത്തെ ചരിത്രസംഭവങ്ങളോടാണ് വിവരണങ്ങൾക്കു കൂടുതൽ അടുപ്പം. ഇസ്രായേൽ ജനത്തെ ഉന്മൂലനം ചെയ്യാൻ അഹസ്വേരൂസ് നല്കിയ കല്പനയ്ക്കു പിന്നിൽ സിറിയൻ രാജാവായ അന്തിയോക്കസ് നാലാമന്റെ മതപീഢനം കാണാൻ കഴിയും. അതിനെതിരേ മക്കബായർ നടത്തിയ ചെറുത്തുനില്പും അവർ നേടിയ വിജയവുമെല്ലാം എസ്തേറിന്റെ കഥയുടെ പശ്ചാത്തലമായി കരുതാനാവും.

തോബിത്തും യൂദിത്തും പോലെ എസ്തേറും കർത്താവിനോടും അവിടുത്തെ നിയമങ്ങളോടും വിശ്വസ്തത പുലർത്താൻ പ്രേരിപ്പിക്കുന്ന കഥാപാത്രമാണ്.

ഭയമറിയാത്ത ധീരതയുടെയും ജീവൻ ഹോമിക്കാൻ മടിക്കാത്ത സാഹസികതയുടെയും മാതൃകയായ ഒരു വീരകഥാപാത്രമല്ല എസ്തേർ. അവൾക്കു ഭയമുണ്ട്; അപകടത്തിനു മുമ്പിൽ അവൾ പതറിനില്ക്കുന്നു. അമ്മാവന്റെ ഭീഷണിയും തന്റെ തന്നെ വഴിമുട്ടിയ അവസ്ഥയുമാണ് അവളെ സാഹസത്തിന് പ്രേരിപ്പിക്കുന്നത്. സ്വന്തം യഹൂദ വ്യക്തിത്വം ഒളിച്ചുവയ്ക്കാൻ അവൾ മടിക്കുന്നില്ല. സുന്ദരിപ്പട്ട മത്സരത്തിൽ അവൾ പങ്കെടുക്കുന്നു. എല്ലാതരത്തിലും ഒരു സാധാരണ സ്ത്രീയാണ് എസ്തേർ.

എളിയവരിലൂടെയും ദൈവം വലിയ കാര്യങ്ങൾ ചെയ്യുന്നതിന്റെ ഉദാഹരണമാണ് എസ്തേർ. അനാഥയും പരദേശിയും പ്രവാസിയുമായ അവളെ ദൈവം ഉയർത്തി. തന്റെ ജനനത്തിന്റെ കണ്ണീരിൽ നിന്നു ജനിച്ച അവളെ അവരുടെ കണ്ണീർ തുടയ്ക്കാൻ ദൈവം ഉപയോഗിച്ചു. തന്റെ തന്നെ കഴിവു കേടുകളും ഭയവും അവൾ ഏറ്റുപറഞ്ഞു; സഹായത്തിനായി പ്രാർത്ഥിക്കാൻ തന്റെ ജനത്തോട് യാചിച്ചു. "അങ്ങല്ലാതെ മറ്റൊരു തുണയില്ലാത്ത ഏകയായ എന്നെ സഹായിക്കണേ..... എല്ലാറ്റിനെയും ഭരിക്കുന്ന ദൈവമേ, ആശയറ്റവരുടെ ശബ്ദം കേൾക്കണമേ...." (എസ്തേർ 14,3.19) എന്നിങ്ങനെയുള്ള യാചനകൾ അവളുടെ നിസ്സഹായതയും അതേസമയം വിശ്വാസത്തിന്റെ ആഴവും വ്യക്തമാക്കുന്നു. "അനാഥർക്കു പിതാവും വിധവകൾക്കു സംരക്ഷകനും" (സങ്കീ 68,5) ആയ ദൈവത്തെക്കുറിച്ചുള്ള ഒരു പ്രകീർത്തനമാണ് എസ്തേർ. അതുതന്നെയാണ് പുസ്തകത്തിന്റെ മുഖ്യലക്ഷ്യം.

യഹൂദർ ആണ്ടുതോറും ആഘോഷിച്ചിരുന്ന പൂരിം തിരുനാളിന്റെ ഉത്ഭവത്തെക്കുറിച്ച് കഥാരൂപത്തിൽ നല്കുന്ന ഒരു വിശദീകരണമാണ് എസ്തേർ എന്ന് ബൈബിൾ വ്യാഖ്യാതാക്കൾ കരുതുന്നു. ആഹ്ലാദത്തിന്റെയും ഉല്ലാസത്തിന്റെയും അവസരമായ ഈ ഉത്സവദിനത്തിലും ദൈവം നല്കിയ രക്ഷയെയും അതിനു വേണ്ടി തിരഞ്ഞെടുത്തുയർത്തിയ ഒരനാഥ ബാലികയെയും അവർ അനുസ്മരിച്ചു. ഏതു വലിയ പ്രതിസന്ധിയിലും പ്രത്യാശ നഷ്ടപ്പെടാതെ കർത്താവിൽ ആശ്രയിക്കാനും ക്ഷമയോടെ കാത്തിരിക്കാനും എസ്തേർ പ്രചോദനം നല്കുന്നു.

# 45

## പാപത്തേക്കാൾ മരണം
## –സൂസന്ന

**ക**ർത്താവിന്റെ കല്പന ലംഘിച്ച് പാപം ചെയ്യാതിരിക്കാൻ വേണ്ടി ജീവൻ വെടിയാൻ സന്നദ്ധയായ ധീരവനിതയാണ് സൂസന്ന. നൈർമ്മല്യത്തിന്റെ പ്രതീകമായ “ലില്ലി” എന്നാണ് “സൂസന്ന” എന്നും “ശോശന്ന” എന്നും ഉച്ചരിക്കുന്ന ഗ്രീക്കുപേരിന്റെ അർത്ഥം. ദാനിയേലിന്റെ പുസ്തകം പതിമൂന്നാം അധ്യായതിലാണ് സൂസന്നയുടെ കഥ വിവരിക്കുന്നത്. ഗ്രീക്കു ഭാഷയിൽ മാത്രം ലഭ്യമായതിനാൽ ഇതിനെ യഹൂദരും പ്രോട്ടസ്റ്റന്റു സഭകളും അപ്രമാണിക (apocrypha) ഗ്രന്ഥങ്ങളുടെ കൂടെയാണ് പെടുത്തുന്നത്. കത്തോലിക്കരാകട്ടെ ഉത്തര കാനോനിക ഗ്രന്ഥങ്ങളുടെ (deuterocanonical) ഭാഗമായി കരുതുന്നു.

യുദ്ധത്തടവുകാരായി ബാബിലോണിലേക്കു നാടു കടത്തപ്പെട്ട യഹൂദരുടെ പിൻതലമുറകളിൽ ഒരുവനാണ് യൊവാക്കിം. വലിയ സമ്പന്നനായ അയാളുടെ സുന്ദരിയും ദൈവഭക്തയുമായ ഭാര്യയാണ് സൂസന്ന. ജനപ്രമാണിയായ യൊവാക്കിമിന്റെ ഭവനം പൊതു ജനങ്ങളുടെ ഒരു സമ്മേളന സ്ഥലവുമായിരുന്നു. തർക്കങ്ങൾക്കു തീർപ്പു കല്പിക്കുന്ന ന്യായാധിപന്മാർ ആ വീട്ടിൽ വച്ചാണ് വിചാരണകൾ നടത്തി വിധി പ്രസ്താവിച്ചിരുന്നത്.

പുതുതായി നിയമിതരായ രണ്ടു ന്യായാധിപന്മാർ ദൈവഭയമില്ലാത്ത ദുഷ്ടരും ദുരാഗ്രഹങ്ങൾക്ക് അടിമകളായിരുന്നു. സൂസന്നയുടെ സൗന്ദര്യത്തിൽ മതിമറന്ന അവർ ഏതു വിധേനയും അവളെ വശീകരിക്കാൻ ശ്രമിച്ചു. ഉച്ചയ്ക്ക് ഉദ്യാനത്തിലെ നീന്തൽകുളത്തിൽ അവൾ കുളിക്കാൻ വന്നത് അവർക്ക് അനുകൂലമായ അവസരം ഒരുക്കി. ഉദ്യാനത്തിൽ ഒളിച്ചിരുന്ന അവർ അവളെ ലൈംഗികവേഴ്ചയ്ക്കു നിർബ്ബന്ധിച്ചു. വഴങ്ങിയില്ലെങ്കിൽ

അവൾക്കെതിരേ വ്യഭിചാരകുറ്റം ചുമത്തി വിധി പ്രസ്താവിക്കും എന്നു ഭീഷണിപ്പെടുത്തി. ദാസികൾ വീട്ടിലേക്കു തിരിച്ചുപോയിരുന്നതിനാൽ അവൾക്ക് സഹായത്തിനോ സാക്ഷികളായോ ആരും ഉണ്ടായിരുന്നില്ല. പാപത്തിനു പ്രേരിപ്പിക്കുന്നവർ തന്നെ തനിക്കെതിരേ സാക്ഷികളും വധശിക്ഷ വിധിക്കുവാൻ അധികാരമുള്ള ന്യായാധിപന്മാരുമാണെന്ന തിരിച്ചറിവ് അവളെ വലിയൊരു പ്രതിസന്ധിയിലാക്കി.

"എല്ലാത്തരത്തിലും ഞാൻ അകപ്പെട്ടു. ഞാൻ സമ്മതിച്ചാൽ അതെന്റെ മരണമാണ്. സമ്മതിച്ചില്ലെങ്കിൽ നിങ്ങളുടെ കയ്യിൽ നിന്നു രക്ഷപ്പെടുകയില്ല. കർത്താവിന്റെ മുമ്പിൽ പാപം ചെയ്യുന്നതിനേക്കാൾ നിങ്ങൾക്കു വഴങ്ങാതെ നിങ്ങളുടെ പിടിയിൽപ്പെടുന്നതാണ് ഞാൻ ഇഷ്ടപ്പെടുന്നത്" (ദാനി 13,22-23). രക്ഷപ്പെടാൻ പഴുതില്ലാതെ കെണിയിൽപ്പെട്ട സൂസന്ന പാപത്തിനു സമ്മതിക്കുന്നതിനേക്കാൾ മരിക്കാൻ സന്നദ്ധയായി. അതൊരു ഉറച്ച തീരുമാനമായിരുന്നു. അവൾ ഉച്ചത്തിൽ നിലവിളിച്ചു. ആളുകൾ ഓടിക്കൂടി. ന്യായാധിപന്മാർ അവൾക്കെതിരേ നുണ പറഞ്ഞു. കേട്ടവരെല്ലാം അത്യന്തം ദുഃഖിച്ചു; ലജ്ജിച്ചു. സൂസന്നയ്ക്ക് ഒന്നും പറയാൻ ആരും അവസരം നല്കിയില്ല.

അടുത്തദിവസം അവളുടെ വീട്ടിൽ വച്ചുതന്നെ വിചാരണ നടന്നു. ഉദ്യാനത്തിൽവച്ച് ഒരു യുവാവിനോടൊത്ത് അവൾ ശയിക്കുന്നത് തങ്ങൾ കണ്ടുവെന്ന് അവർ കള്ളസാക്ഷ്യം പറഞ്ഞു. സാക്ഷികൾ തന്നെ വധശിക്ഷയും വിധിച്ചു. ജനം നോക്കി നിന്നു. ആരും എതിർത്തില്ല, പ്രതികരിച്ചതുമില്ല. പക്ഷേ സൂസന്ന നിശ്ശബ്ദയായിരുന്നില്ല. അവൾ അത്യുച്ചത്തിൽ നിലവിളിച്ചു. അത്യുന്നതനായ ദൈവത്തിന്റെ മുമ്പിൽ തന്റെ നിഷ്കളങ്കത ഏറ്റുപറഞ്ഞു; നിസ്സഹായതയെക്കുറിച്ചു വിലപിച്ചു. "നിത്യനായ ദൈവമേ, രഹസ്യങ്ങളെ വിവേചിക്കുന്നവനേ, വസ്തുക്കൾ ഉണ്ടാകുന്നതിനു മുമ്പുതന്നെ അവയെ അറിയുന്നവനേ, ഇവർ എനിക്കെതിരേ കള്ളസ്സാക്ഷ്യം പറഞ്ഞെന്ന് അങ്ങറിയുന്നുവല്ലോ. ഞാനിതാ മരിക്കാൻ പോകുന്നു. എങ്കിലും എനിക്കെതിരേ ദുഷ്ടതയോടെ ആരോപിച്ചിരിക്കുന്ന കാര്യങ്ങളൊന്നും ഞാൻ ചെയ്തിട്ടില്ല" (ദാനി 13,42-43).

നിസ്സഹായരുടെ നിലവിളി കേൾക്കുന്ന ദൈവം അവളുടെ സഹായത്തിനെത്തി. അവളുടെ ജീവൻ രക്ഷിക്കാനായി ദാനിയേൽ എന്ന ബാലനെ പ്രചോദിപ്പിച്ചു. ന്യായാധിപന്മാർ തന്നെ സാക്ഷി

കളാവുകയും സ്വതന്ത്രമായ വിചാരണ കൂടാതെ വിധി പ്രസ്താവിക്കുകയും ചെയ്തതിലെ അനീതിയും, അതിനെ നിരുപാധികം നടപ്പിലാക്കാൻ ഒരുങ്ങുന്ന ജനത്തിന്റെ അവിവേകവും എടുത്തുകാട്ടി വിമർശിച്ചതിനുശേഷം ദാനിയേൽ ന്യായാധിപന്മാരെ വിചാരണ ചെയ്തു. അവരുടെ തന്നെ വാക്കുകളിലൂടെ അവരുടെ നുണ തെളിയിച്ചു. കള്ളസാക്ഷ്യം പറയുന്നവന് ബൈബിൾ വിധിച്ചിരുന്ന ശിക്ഷ (നിയ 19,18-21) വിധിച്ചു. അതുവരെ നിശബ്ദരായിരുന്ന ജനം ഒന്നടങ്കം അത്യുച്ചത്തിൽ ആഹ്ലാദാരവം മുഴക്കി, "തന്നിൽ പ്രത്യാശവയ്ക്കുന്നവരെ രക്ഷിക്കുന്ന ദൈവത്തെ സ്തുതിക്കുകയും ചെയ്തു" (ദാനിയേൽ 13,60). സൂസന്നയ്ക്കു വിധിച്ച ശിക്ഷ ന്യായാധിപന്മാർക്കെതിരേ ജനം നടപ്പിലാക്കി.

ജീവൻ നഷ്ടപ്പെട്ടാലും ദൈവത്തിന്റെ നിയമം ലംഘിക്കരുത് എന്നു പഠിപ്പിക്കുകയാണ് സൂസന്നയുടെ കഥയിലൂടെ വി. ഗ്രന്ഥകാരൻ ഉന്നം വയ്ക്കുന്ന ഒരു ലക്ഷ്യം. അതോടൊപ്പം തന്നിൽ ആശ്രയിക്കുന്നവരെ കർത്താവ് ഒരിക്കലും കൈവിടുകയില്ല എന്ന ബോധ്യം നല്കുകയും ഈ വിവരണത്തിന്റെ ലക്ഷ്യമാണ്. യൂദിത്ത്, എസ്തേർ മുതലായ കഥാപാത്രങ്ങൾപോലെ തന്നെയാണ് സൂസന്നയും. ഒരു ചരിത്രവ്യക്തിയായി സൂസന്ന പരിഗണിക്കപ്പെടുന്നില്ല. ബി.സി. രണ്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലാണ് ഇതു രചിക്കപ്പെട്ടതെന്ന് കരുതപ്പെടുന്നു. ത്യാഗം സഹിച്ചും ഉടമ്പടിയുടെ നിയമങ്ങളോട് വിശ്വസ്തത പുലർത്താൻ പ്രേരിപ്പിക്കുന്ന ഒരു സാരോപദേശ കഥയായിട്ടാണ് ബൈബിൾ വ്യാഖ്യാതാക്കൾ ഇതിനെ കാണുന്നത്. വിശ്വസാഹിത്യത്തിലെ ഏറ്റവും ആദ്യത്തെ കുറ്റാന്വേഷണകഥ, അഥവാ ഡിക്റ്റക്ടീവ് നോവൽ, എന്ന് ഇതിനെ വിശേഷിപ്പിക്കാറുണ്ട്.

ദൈവിക നിയമങ്ങളനുസരിച്ച് നീതി നടപ്പിലാക്കാൻ നിയുക്തരായ ന്യായാധിപന്മാർതന്നെ അക്രമത്തിനു മുതിരുന്നതും വിശുദ്ധിയിലേക്ക് നയിക്കേണ്ടവർ പാപത്തിനു പ്രേരിപ്പിക്കുന്നതും വലിയൊരു വിരോധാഭാസമാണ്. ഭരണകൂടത്തിനും ന്യായപീഠത്തിനുപോലും സംഭവിക്കാവുന്ന അപചയത്തെക്കുറിച്ചുള്ള സൂചന കഥയുടെ പശ്ചാത്തലമായി നിലകൊള്ളുന്നു. എന്നാൽ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത് കഥാനായികയിലാണ്.

തന്നെ സംരക്ഷിക്കേണ്ടവർ തന്നെ തനിയ്ക്കെതിരേ തിരിയുകയും സാഹചര്യങ്ങളെല്ലാം പ്രതികൂലമായിത്തീരുകയും ചെയ്തിട്ടും തിന്മയുടെ പ്രേരണയ്ക്കു വഴങ്ങാതെ ചെറുത്തു നിന്ന

സൂസന്ന വലിയൊരു പ്രകാശഗോപുരമാണ്. എതിർക്കുന്നത് അപകടകരമാണെന്നു കരുതി നിരുപാധികം കീഴടങ്ങാൻ അവൾ തയ്യാറായില്ല. അപ്രകാരമൊരു കീഴടങ്ങൽ, ജീവൻ രക്ഷിക്കാൻ വേണ്ടിയാണെങ്കിൽപോലും, കർത്താവിനെതിരേ ചെയ്യുന്ന പാപമായി അവൾ കരുതി. തനിക്ക് അവശേഷിച്ച ഏക ആയുധം അവൾ പ്രയോഗിച്ചു - അവൾ ഉച്ചത്തിൽ നിലവിളിച്ചു. പീഡനത്തിനും ചൂഷണത്തിനും ഇരയാകുന്നവരുടെ ആയുധമാണ് നിലവിളി. മറ്റാരിലും ആശ്രയമില്ലാത്തവരുടെ നിലവിളി ഉയരുമ്പോൾ മറുപടി നൽകാൻ ദൈവമുണ്ടെന്ന് സൂസന്ന ഉറച്ചു വിശ്വസിച്ചു. ഈ വിശ്വാസം വ്യർത്ഥമല്ലായെന്ന് തെളിയിക്കുന്നതാണ് സൂസന്നയുടെ അനുഭവം. ബൈബിളിൽ മുഴുവൻ നിറഞ്ഞുനിൽക്കുന്നതും നിലവിളി കേൾക്കുന്ന ദൈവത്തിന്റെ ചിത്രമാണല്ലോ.

ജീവിതവിശുദ്ധിയുടെയും ദാമ്പത്യ വിശ്വസ്തതയുടെയും ഉദാത്തമായ മാതൃകയാണ് സൂസന്ന. രണ്ടും ലാഘവബുദ്ധിയോടെ വീക്ഷിക്കുന്ന ആധുനിക സമൂഹത്തിനു മുമ്പിൽ വലിയൊരു വെല്ലുവിളിയുമാണവൾ. ഏതു പ്രലോഭനത്തിന്റെയും ഭീഷണിയുടെയും മുമ്പിൽ പതറാതെ, കർത്താവിനോടും അവിടുത്തെ നിയമങ്ങളോടുമുള്ള വിശ്വസ്തതയിൽ ഉറച്ചുനില്ക്കാൻ സൂസന്ന പ്രചോദനം നൽകുന്നു. ഇപ്രകാരം ഒരു ജീവിതത്തിന് സൂസന്നയെ പ്രാപ്തിയാക്കിയത് ചെറുപ്പം മുതലേ അവൾക്ക് വിശ്വാസപരിശീലനവും ശിക്ഷണവും നൽകിയ മാതാപിതാക്കളാണെന്ന കാര്യം വി. ഗ്രന്ഥകാരൻ എടുത്തു പറയുന്നുണ്ട് (ദാനി 13,3).

നിലവിളി നിസ്സഹായതയുടെ മാത്രം അടയാളമല്ല. അത് വലിയൊരു പ്രതിഷേധ പ്രകടനവുമാണ്. പ്രേരണയ്ക്കു വഴങ്ങാനും ഭീഷണിക്കു മുന്നിൽ കീഴടങ്ങാനും മനസ്സില്ലായെന്ന് ഉറക്കെ പ്രഖ്യാപിക്കുകയാണ് നിലവിളിക്കുന്നവൻ ചെയ്യുന്നത്. താൻ ആക്രമിക്കപ്പെടാം, അടിച്ചമർത്തപ്പെടാം. വധിക്കപ്പെടുകയും ചെയ്യാം. എന്നാലും തന്റെ ഇച്ഛാശക്തിയെ അടിയറ വയ്ക്കില്ലായെന്ന് നിലവിളിക്കുന്നവൻ ഉറക്കെ ഉദ്ഘോഷിക്കുന്നു. നീതി നിഷേധിക്കപ്പെട്ടവരുടെ നിലവിളിയാണല്ലോ പലപ്പോഴും വലിയ വിപ്ലവങ്ങളും കലാപങ്ങളും അട്ടിമറികളുമായി രൂപപ്പെടുന്നത്. ഇപ്രകാരമുള്ള നിലവിളി ഉയരുമ്പോൾ പ്രപഞ്ചസ്രഷ്ടാവും ജീവന്റെ നാഥനുമായവൻ ഇടപെടും. ആബേലിന്റെ നിലവിളി മുതൽ വി. ഗ്രന്ഥം സാക്ഷിപ്പെടുത്തുന്ന ഈ സത്യത്തിന്റെ ഒരു ഉത്തമസാക്ഷിയാണ് സൂസന്ന.

# 46

## രക്തസാക്ഷികളുടെ മാതാവ്

**വി**ശ്വാസം സംരക്ഷിക്കാൻവേണ്ടി ജീവൻ ത്യജിക്കാൻ തന്റെ ഏഴു പുത്രന്മാരെയും പ്രേരിപ്പിച്ചതിനുശേഷം സ്വയം രക്തസാക്ഷിയായി മരിച്ച ഒരു ധീരമാതാവാണ് പഴയ നിയമത്തിൽ പ്രത്യക്ഷപ്പെടുന്ന അവസാനത്തെ സ്ത്രീ. അവൾക്ക് പേരില്ല, നാടും വീടുമില്ല, അറിയാൻ സ്വഭാവികമായി അനുവാചകർ ആഗ്രഹിക്കുന്ന ഒരു വിവരണവും അവളെക്കുറിച്ച് വി. ഗ്രന്ഥകാരൻ നല്കുന്നില്ല. ഒരേ ഒരു കാര്യത്തിൽ മാത്രമാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത് – എന്തു ത്യാഗം സഹിച്ചും കാത്തുസൂക്ഷിക്കേണ്ട അമൂല്യനിധിയായ വിശ്വാസം.

മക്കബായരുടെ രണ്ടാംപുസ്തകം ഏഴാം അദ്ധ്യായത്തിലെ നാല്പത്തിരണ്ട് വാക്യങ്ങളിൽ നിറഞ്ഞുനില്ക്കുന്നത് ഈ മാതാവും അവളുടെ ഏഴു പുത്രന്മാരുമാണ്. തങ്ങളുടെമേൽ യവന സംസ്കാരം അടിച്ചേൽപിക്കാൻ ശ്രമിച്ച സിറിയൻ രാജാവ് അന്തിയോക്കസ് നാലാമൻ അഴിച്ചുവിട്ട ഭീകരമായ മതമർദ്ദനത്തിനെതിരേ യഹൂദജനം നടത്തിയ ഐതിഹാസികമായ ചെറുത്തുനില്പ്പിന്റെ ചരിത്രമാണ് മക്കബായർ എന്ന പേരിൽ അറിയപ്പെടുന്ന രണ്ട് ബൈബിൾ ഗ്രന്ഥങ്ങളുടെ മുഖ്യപ്രമേയം. യഹൂദരും പ്രോട്ടസ്റ്റന്റു സഭകളും അപ്രാമാണികം എന്നു വിശേഷിപ്പിക്കുന്ന ഈ പുസ്തകങ്ങളെ കത്തോലിക്കാസഭ ഉത്തര കാനാനോകഗ്രന്ഥങ്ങളായി കരുതുന്നു.

ഒന്നാം പുസ്തകത്തിൽ സംഭവങ്ങൾ ക്രമമായി വിവരിക്കുന്ന ചരിത്രത്തിനു പ്രാധാന്യം നൽകുമ്പോൾ രണ്ടാം പുസ്തകം ആ ചരിത്രത്തിലെ ചില സംഭവങ്ങൾ തിരഞ്ഞെടുത്ത് അവയുടെ ദൈവശാസ്ത്രപരമായ സവിശേഷതകൾ അനാവ

രണം ചെയ്യാൻ ശ്രമിക്കുന്നു. പ്രായേണ അതിശയോക്തി കലർന്ന താണ് ഈ വിവരണം. കർത്താവിനോടും അവിടുത്തെ നിയമ ങ്ങളോടും വിശ്വസ്തത പാലിക്കാൻ ജനത്തെ പ്രേരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നൽകുന്ന വിശകലനങ്ങളും വിശദീകര ണങ്ങളുമാണ് രണ്ടാം പുസ്തകത്തിൽ മുന്നിട്ട് നില്ക്കുന്നത്. 6–7 അദ്ധ്യായങ്ങൾ മതപീഡനത്തെക്കുറിച്ചുള്ള വിവരണമാണ്.

എന്തെങ്കിലും ധാർമ്മികമായ തെറ്റു ചെയ്തതിന്റെ പേരി ലല്ല യഹൂദജനത പീഡിപ്പിക്കപ്പെട്ടത്. തങ്ങളുടെ പരമ്പരാഗത മായ വിശ്വാസങ്ങളും ആചാരങ്ങളും കാത്തു പാലിച്ചു എന്നതാണ് അവരുടെ തെറ്റ്. രാജാവിനെ ദൈവമായി അംഗീകരിക്കാൻ അവർ വിസമ്മതിച്ചു. തങ്ങളുടെ മതവിശ്വാസപ്രകാരം നിഷിദ്ധമായ ഭക്ഷ ണവും ആചാരങ്ങളും സ്വീകരിക്കാൻ അവർ തയ്യാറായില്ല. ഇതാണ് മതപീഡനത്തിന് കാരണമായത്. യഹൂദർക്ക് നിഷിദ്ധ മായ പന്നിമാംസം ഭക്ഷിക്കുന്നത് രാജകല്പന അനുസരിക്കുന്ന തിന്റെ അടയാളമായി കരുതപ്പെട്ടു, ഭക്ഷിക്കാതിരിക്കുന്നത് രാജ ദ്രോഹമായും.

പന്നിമാംസത്തിന്റെ ഗുണദോഷങ്ങളോ അത് ഭക്ഷിക്കുന്ന തുകൊണ്ട് ഉണ്ടാകാവുന്ന നന്മതിന്മകളോ ഒന്നുമല്ല പരാമർശ വിഷയം. ഇത് ഒരു അടയാളം മാത്രമാണ്. താൻ ആരോടാണ് പരമമായ വിശ്വസ്തത പുലർത്തുന്നത് എന്നതിന്റെ അടയാളം. ഇവിടെ വ്യക്തമായ ഒരു തിരഞ്ഞെടുപ്പ് ആവശ്യമായി വരുന്നു. സീസറിനുള്ള നികുതിയെക്കുറിച്ച് യേശു നൽകിയ ഉത്തരത്തിന് സമാനമായ ഒരു തിരഞ്ഞെടുപ്പ്. രാഷ്ട്രീയാധികാരത്തിന് പരി ധികളുണ്ടെന്നും പരമമായ വിധേയത്വം ദൈവത്തിനു മാത്രമേ നൽകാവൂ എന്നും ഉറച്ചു വിശ്വസിക്കുന്ന ഒരു ജനത്തിന്റെ പ്രതീ കമാണ് മക്കളെ മരണത്തിന് പ്രേരിപ്പിക്കുന്ന മാതാവ്.

അതികഠിനമായ പീഡനത്തിനു മുമ്പിലും ആ മക്കൾ ഏഴുപേരും പതറാതെ നിന്നു. "പിതാക്കന്മാരുടെ നിയമങ്ങൾ ലംഘിക്കുന്നതിനേക്കാൾ മരിക്കാൻ ഞങ്ങൾ ഒരുക്കമാണ്" (2 മക്കാ 7,2). ആദ്യമേ പീഡനത്തിനിരയായ മൂത്തമകന്റെ ഈ ഉറച്ച തീരുമാനത്തിനു പിന്നിൽ മാതാവിന്റെ പരിശീലനവും സഹോ ദരങ്ങളുടെ പ്രോത്സാഹനവുമുണ്ടായിരുന്നു. ആറു മക്കളും അതിദാരുണമാംവിധം കൊല്ലപ്പെടുന്നത് കണ്ട അമ്മ അവസാ നത്തെ മകനെയെങ്കിലും മരണത്തിൽനിന്ന് പിൻതിരിപ്പിക്കുമെന്ന്

കരുതിയ ഭരണാധിപൻ അതിനായി അവളെ നിർബ്ബന്ധിപ്പിച്ചു. എന്നാൽ ഐഹികജീവിതത്തിന്റെ ക്ഷണികതയെക്കുറിച്ചുള്ള ബോദ്ധ്യവും പുനരുത്ഥാനത്തിലുള്ള വിശ്വാസവും നിത്യജീവ നിലുള്ള പ്രത്യാശയും പകർന്നുകൊടുത്തുകൊണ്ട് ധൈര്യപൂർവ്വം മരണം വരിക്കാൻ പ്രേരിപ്പിക്കുകയാണ് അമ്മ ചെയ്തത്.

"ശ്രേഷ്ഠമായ വിശ്വാസദാർഢ്യത്തോടെ, സ്ത്രീസഹജ മായ വിവേചനാശക്തിയെ പുരുഷോചിതമായ ധീരതകൊണ്ട് ബലപ്പെടുത്തി അവൾ പറഞ്ഞു. നിങ്ങൾ എങ്ങനെ എന്റെ ഉദര ത്തിൽ രൂപം കൊണ്ടു എന്നനിക്കറിവില്ല. നിങ്ങളുടെ അവയവ ങ്ങൾ വാർത്തെടുത്തത് ഞാനല്ല. മനുഷ്യനെ ഉരുവാക്കുകയും എല്ലാറ്റിന്റെയും ആരംഭം ഒരുക്കുകയും ചെയ്ത ലോകസ്രഷ്ടാവ് തന്റെ നിയമത്തെപ്രതി നിങ്ങൾ നിങ്ങളെത്തന്നെ വിസ്മരിക്കു ന്നതിനാൽ കാരുണ്യപൂർവ്വം നിങ്ങൾക്ക് ജീവനും ശ്വാസവും വീണ്ടും നൽകും" (2 മക്ക 7,21-23). "മകനേ എന്നോട് കരുണ കാണിക്കുക........ സഹോദരന്മാർക്ക് യോജിച്ചവനാണ് നീയെന്ന് തെളിക്കുക. മരണം വരിക്കുക. ദൈവകൃപയാൽ നിന്റെ സഹോ ദരന്മാരോടൊത്ത് എനിക്ക് നിന്നെ വീണ്ടും ലഭിക്കാൻ ഇടയാ കട്ടെ" (2 മക്ക 7,27-29). വിശ്വാസത്തിന്റ ആഴവും പ്രത്യാശയുടെ ഉറപ്പും പ്രകടമാക്കുന്ന ഈ വാക്കുകൾ ആ മാതാവിന്റെ വ്യക്തി ത്വത്തിലേക്ക് വെളിച്ചം വീശുന്നു.

ജീവൻ ദൈവത്തിന്റെ ദാനമാണെന്നും മാതാപിതാക്കൾ ജീവന്റെ ദാതാക്കളോ ഉടമകളോ അല്ല, സൂക്ഷിപ്പുക്കാരും പരി പാലകരും മാത്രമാണെന്നുമുള്ള ബോദ്ധ്യമാണ് ഈ അമ്മയുടെ വാക്കുകളിൽ പ്രതിധ്വനിക്കുന്നത്. ഏതു വില കൊടുത്തും നില നിർത്തേണ്ട ഒന്നല്ല ഐഹികജീവൻ. ശാരീരിക ജീവനേക്കാൾ വിലയേറിയ മൂല്യങ്ങളുണ്ട്. ദൈവത്തോടും ദൈവിക നിയമങ്ങ ളോടും വിശ്വസ്തത പാലിക്കാൻവേണ്ടി ശാരീരികജീവൻ നഷ്ട പ്പെടുത്തേണ്ട സാഹചര്യമുണ്ടാകാം. ഇങ്ങനെ ജീവൻ നഷ്ടപ്പെ ടുത്തുന്നവർക്ക് ജീവന്റെ നാഥനായ ദൈവം നിത്യജീവൻ പ്രദാനം ചെയ്യുമെന്ന ഉറച്ച പ്രത്യാശയും ആ മാതാവിനുണ്ട്. ഇവ രണ്ടു മാണ്, വിശ്വാസവും പ്രത്യാശയും, അമ്മ മക്കൾക്ക് നൽകിയ ഏറ്റവും വലിയ സമ്പത്ത്.

ശരീരങ്ങളുടെ പുനരുത്ഥാനം, അന്ത്യവിധി, നിത്യജീവൻ, നിത്യശിക്ഷ എന്നിവയെക്കുറിച്ച് പഴയ നിയമത്തിലെ ഏറ്റം വ്യക്ത

മായ വെളിപ്പെടുത്തലുകൾ ഈ അമ്മയുടെ വാക്കുകളിലാണ് നാം കേൾക്കുന്നത്. യേശുവിലൂടെ ലഭിച്ച വെളിപ്പെടുത്തലുക ളോട് ഏറ്റം അടുത്ത് നില്ക്കുന്നു ഇവ. ശരീരത്തെ കൊല്ലുന്ന വനെ ഭയപ്പെടേണ്ടാ, കൊന്നതിനുശേഷം നരകത്തിൽ തള്ളാൻ അധികാരം ഉള്ളവനെ ഭയപ്പെടുവിൻ (ലൂക്കാ 16,4-5) എന്ന ഗുരു മൊഴി മുൻകൂറായി സ്വീകരിച്ച് ജീവിച്ചവളാണ് ഈ മാതാവ്.

ജീവിതത്തിൽ പാലിക്കേണ്ട മൂല്യങ്ങളോട് വ്യക്തമായ ഒരു മുൻഗണനാക്രമം അവൾക്കുണ്ടായിരുന്നു. എന്താണ് വിലപ്പെട്ട തെന്നും എന്താണ് വിലകെട്ടതെന്നും അവൾ തന്റെ മക്കളെ പഠി പ്പിച്ചു. പരമമായ മൂല്യം ഏതാണെന്നും ജീവിതത്തിന്റെ ആത്യന്തി കമായ ഉറവിടവും ലക്ഷ്യവും എന്തെന്നും വ്യക്തമായ ബോദ്ധ്യ വും അവൾ തന്റെ മക്കൾക്കു നൽകി. ലോലമായ മാതൃവികാര ങ്ങൾക്കുപരി വിശ്വാസബോധ്യങ്ങൾക്ക് പ്രാധാന്യം നൽകിയ ആ മാതാവ് ഒറ്റ ദിവസം തന്നെ ഏഴുമക്കളുടെയും മരണം കണ്ടിട്ടും പതറിയില്ല. നേരെമറിച്ച്, ദൈവം തന്നെ ഏല്പിച്ച ദൗത്യം പൂർണ്ണ മായും നിറവേറ്റി എന്ന ബോദ്ധ്യത്തോടെ സംതൃപ്തിയായിട്ടാണ് സ്വന്തം ജീവനും മക്കളുടേതുപോലെ ബലിയായി അർപ്പിച്ചത്. മക്കളെ എപ്രകാരം വളർത്തണമെന്നും അവർക്ക് കൊടുക്കേണ്ട യഥാർത്ഥ സമ്പത്ത് എന്താണെന്നും പഠിപ്പിക്കുന്നു, പഴയ നിയ മത്തിന്റെ അവസാനം നില്ക്കുന്നു ഈ മാതാവ്.